**Uncorrected/Not for Publication**

## നിയമനിർമ്മാണകാര്യം

### <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

### 1. <u>2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: സർ, ഞാൻ വിശദമായി പറയുന്നില്ല. ബിൽ അവതരണ വേളയിൽ പറഞ്ഞ കാര്യങ്ങളും സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളുടെ അഭിപ്രായങ്ങളും പരിഗണിച്ചുകൊണ്ട് ചില മാറ്റങ്ങൾ ബില്ലിൽ വരുത്തിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ വിശദമായി ചർച്ചയ്ക്കുശേഷം പറയാം.

മി. സ്പീക്കർ: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളത് രണ്ടുപേരാണ്. ഭേദഗതി നൽകിയിട്ടുള്ളത് നാലുപേരുമാണ്. അങ്ങനെ 6 പേരുടെ പ്രസംഗമാണുള്ളത്. ഈ ബില്ലിന് ആയിരത്തിലധികം ഭേദഗതികളുണ്ട്. ഇതുകൂടാതെ രണ്ട് ബില്ലുകൾ കൂടിയുണ്ട്. ബില്ലുകൾ ചെറുതാണെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. അതിലും ഇത്രയും അധികം ആളുകൾ സംസാരിക്കാനുണ്ട്. ഞാൻ ഇവിടെ പറഞ്ഞന്നേയുള്ളു. ബില്ലുകളുടെ ചർച്ചയ്ക്ക് സമയനിയന്ത്രണമില്ലെന്നുള്ള കാര്യം എപ്പോഴും പറയുന്നതുപോലെ ആവർത്തിക്കുകയാണ്.

സമയനിയന്ത്രണമില്ലെന്നുള്ള ധാരണ തെറ്റാണ്. സഭ മുഴുവൻ സമയവുമുണ്ട്. ആ സമയത്തിനുള്ളിൽ തീർക്കണമെന്ന് ചെയർ പറയുന്നില്ല; അത് സാദ്ധ്യമല്ല. പക്ഷേ, ഒരു നിയന്ത്രണം നിർബന്ധമായും വേണം. ചെയറിലിരിക്കുന്നവരെ ക്കൊണ്ട് ആ ഒരവസ്ഥ ഉണ്ടാക്കരുത്.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവത രിപ്പിക്കുകയാണ്. മലയാളികൾ ഭാഷാഭ്രാന്തന്മാരല്ല, മാതൃഭാഷാ സ്നേഹിക ളാണ്. എല്ലാ ഭാഷകളേയും സംസ്കാരങ്ങളേയും ദർശനങ്ങളേയും നെഞ്ചേറ്റാനുള്ള മനസ്സാണ് കേരളത്തെ ഇൻഡ്യയിലെ മറ്റിതര സംസ്ഥാ നങ്ങളിൽ നിന്നും വ്യത്യസ്തരാക്കി നിറുത്തിയിട്ടുള്ളത്. സംസ്കൃത ഭാഷയു ടെയും വിവിധ സംസ്കാരങ്ങളുടെയും പരിപോഷണത്തിനാണ് സംസ്കൃത സർവ്വകലാശാല നാം സ്ഥാപിച്ചത്. അവിടെ സംസ്കൃത ഭാഷാപഠനം മാത്രമല്ല നടക്കുന്നത്. അറബി–മലയാളം ഭാഷകളുടെ പഠനവും ഗവേഷ ണവും അവിടെ നടക്കുന്നുവെന്നുള്ളത് അപൂർവ്വമായ ഒരു കാഴ്ചയാകും. എം.എസ്.ഡബ്ല്യു. ഉൾപ്പെടെയുള്ള കോഴ്സുകളും അവിടെ നടന്നുവരുന്നു. അറബി ഭാഷാ പഠനം സർക്കാർ ചെലവിൽ കേരളത്തിലേതുപോലെ മറ്റെവി ടെയും നടക്കുന്നതായി അറിവില്ല. ഒരുപക്ഷേ, ഇൻഡ്യയിൽ ആദ്യത്തെ അറബിക് സർവ്വകലാശാല കേരളത്തിലാകാം നാളെ സ്ഥാപിതമാവുക. ഇതിവിടെ സൂചിപ്പിച്ചത് മലയാളത്തിന്റെയും മലയാളികളുടെയും കാഴ്ചപ്പാടു കളുടെ വിശാലത വ്യക്തമാക്കാനാണ്. ദേശഭാഷാ വിശ്വാസ സീമകൾക്കപ്പുറം കേരളം സ്വീകരിച്ചുപോരുന്ന സ്വഭാവത്തിനുവിരുദ്ധമായ ഒന്ന് നമ്മുടെ മാതൃ ഭാഷാ സർവ്വകലാശാലയുടെ നിയമങ്ങളിൽ ഉണ്ടാവാൻ പാടില്ല. ഭാഷാ യാഥാസ്ഥിതികത്വമാണ് ഭാഷാഭ്രാന്തിന് വഴിവച്ചിട്ടുള്ളത്. മഹാരാഷ്ട്രയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഭാഷാസ്നേഹം ഭാഷാഭ്രാന്തിന് വഴിമാറിയ

തിന്റെ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. എല്ലാ യാഥാസ്ഥിതികത്വ ങ്ങൾക്കും എതിരായി വലിയ വിപ്ലവങ്ങളും നവോത്ഥാന സംരംഭങ്ങളും നടന്ന മണ്ണാണ് നമ്മുടേത്. ആ ഒരു പാരമ്പര്യത്തിന്റെ ശക്തമായ തുടർച്ച യ്ക്കാവണം നമ്മുടെ മലയാളം സർവ്വകലാശാല. സർവ്വ അറിവുകളുടെയും അവയുടെ വികാസത്തിന്റെയും കേന്ദ്രമെന്ന അർത്ഥത്തിലാണ് സർവ്വകലാ ശാലയെന്ന വാക്ക് നാം ഉപയോഗിക്കുന്നത്. ആ ഒരു വിശാലമായ താൽപ്പര്യം മലയാള സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച ബില്ലിൽ ഉണ്ടോയെന്നുള്ളത് നാം പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തമിഴ് സർവ്വകലാശാലയുടെ മറ്റൊരു വേർഷനാക്കി മലയാളം സർവ്വകലാശാലയുടെ നിയമങ്ങളെ മാറ്റാൻ പാടില്ല. മലയാള സർവ്വ കലാശാല മലയാള ഭാഷയുടെ പരിപോഷണത്തിന് ആകണമെന്നുള്ള കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. പക്ഷേ, ഇതര ഭാഷകളും സംസ്കാര ങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള പഠനരീതിയാകണം മലയാളം സർവ്വകലാ ശാലയിൽ ഉണ്ടാകേണ്ടത്. സർവ്വകലാശാലയുടെ പേരിനെ സംബന്ധിച്ചു തന്നെ ബന്ധപ്പെട്ട ആളുകൾക്ക് അവ്യക്തതയുണ്ടെന്നുള്ളതാണ് ബില്ലിലെ പേരും സർവ്വകലാശാലയുടെ ഇടക്കാല ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാ പനം വെളിപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിച്ച നോട്ടീസിലെ പേരും സൂചിപ്പി ക്കുന്നത്. ബില്ലിൽ പറയുന്നത് '2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ' എന്നാണ്. ഇതിന്റെ ഇടക്കാല ആസ്ഥാന മന്ദിര ത്തിന്റെ ശിലാസ്ഥാപനവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് തന്നെ പുറത്തിറക്കിയിട്ടുള്ള പ്രോഗ്രാം നോട്ടീസിൽ പറയുന്നത് 'തുഞ്ചത്തെഴുത്ത ച്ഛൻ മലയാള സർവ്വകലാശാല' എന്നാണ്. 'മലയാളം' സർവ്വകലാശാല

യാണോ 'മലയാള' സർവ്വകലാശാലയാണോ എന്ന കാര്യത്തിൽ നമുക്ക് വ്യക്തതയില്ലെന്നുള്ളതാണ് ഈ ബില്ലും നോട്ടീസും രണ്ടായി വന്നതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കാര്യത്തിൽ ഒരു വ്യക്തത നമുക്കുണ്ടാകണം. ഭാഷാ തുടർച്ചയുടെ സൗന്ദര്യമെന്നുള്ള നിലയിൽ മലയാള സർവ്വകലാശാല എന്നതിൽ വാക്കുകളുടെ തുടർച്ചാസൗന്ദര്യമുണ്ട്. ആ തുടർച്ചാസൗന്ദര്യത്തിന്റെ അടിസ്ഥാനത്തിൽ മലയാളം സർവ്വകലാശാല എന്നുപറയുന്നതിനെക്കാളും അഭികാമ്യം ഈ നോട്ടീസിൽ പറയുന്നതു പോലെ മലയാള സർവ്വകലാശാല എന്നാക്കലായിരിക്കില്ലേ; അതൊരു ചിന്ത യ്ക്കായി, ചർച്ചയ്ക്കായി ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, കഴിഞ്ഞ നിയമസഭാ സമ്മേളന ത്തിൽ ഞനൊരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. നമ്മുടെ രാജ്യത്തുള്ള എല്ലാ സംസ്ഥാനങ്ങളും അവരുടെ തനതായ രീതിയിലുള്ള പേരുകളി ലേയ്ക്ക് മാറി. എന്നാൽ കേരളം മാത്രം മാറിയില്ല. 'കേരള' എന്നാണ് ഇപ്പോഴും നമ്മൾ അറിയപ്പെടുന്നത്. 'കേരളം' ആണ് ശരി. ആ കേരളമാ കണം നമ്മുടെ പേരെന്ന് ഞാൻ രണ്ടുപ്രാവശ്യം സബ്മിഷനിലൂടെ അവതരി പ്പിച്ചിട്ടും വ്യക്തമായ ഒരു മറുപടി ലഭിച്ചില്ല. ഇതിനെപ്പറ്റി അങ്ങയുടെ അഭി പ്രായമെന്താണ്?

ഡോ. കെ. ടി. ജലീൽ: സർ, 'കേരള യൂണിവേഴ്സിറ്റി' എന്നാണല്ലോ നമ്മുടെ യൂണിവേഴ്സിറ്റിയുടെ പേര്. 'കേരളം യൂണിവേഴ്സിറ്റി' എന്നാകു മ്പോൾ വ്യാകരണാടിസ്ഥാനത്തിൽ തെറ്റൊന്നുമില്ല. പക്ഷേ ഞാൻ പറഞ്ഞതു പോലെ വാക്കുകളുടെ തുടർച്ചാസൗന്ദര്യത്തിന്റെ അളവുകോൽ വച്ചുനോക്കു

മ്പോൾ അതിലൊരു ചെറിയ അപാകത നമുക്കനുഭവപ്പെടില്ലേ എന്നുള്ളതാണ് എന്റെ അഭിപ്രായം. ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിന്റെ നേരത്തെയുള്ള ചർച്ചയിൽ ഞാൻ പങ്കെടുത്ത് സംസാരിച്ചിരുന്നു. അന്ന് ഞാൻ ചില കാര്യ ങ്ങൾ മുന്നോട്ടുവച്ചിരുന്നു. അതിൽ ചില കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ നിന്നും തിരിച്ചുവന്നപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം നല്ലതാണ്. പക്ഷേ, അത് വേണ്ടത്ര രീതിയിലായിട്ടില്ലെന്നുള്ള അഭിപ്രായവും ഞാൻ രേഖപ്പെടുത്തുകയാണ്.

അദ്ധ്യായം 3-ൽ അഞ്ചാമതായി ഫാക്കൽറ്റി ഉപദേശക സമിതികൾ എന്ന് പറയുന്നുണ്ട്. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ എന്നുള്ള തിലാണ് അഞ്ചാമതായി ഫാക്കൽറ്റി ഉപദേശക സമിതികൾ എന്നുപറയുന്നത്. ഈ ഫാക്കൽറ്റി ഉപദേശക സമിതികൾ മറ്റുള്ള സർവ്വകലാശാലകളിലൊന്നുമില്ല. ഫാക്കൽറ്റി ഉപദേശക സമിതികൾക്ക് പകരം ഫാക്കൽറ്റികളിലും പഠന ബോർഡുകളിലും പ്രഗത്ഭരായവരെ ക്ഷണിക്കുവാനുള്ള വകുപ്പ് ചേർത്താൽ മതി. ഈ ഉപദേശക സമിതികൾ ഉണ്ടാക്കിയാൽ ഫാക്കൽറ്റി ബോർഡുകൾക്ക് മുകളിൽ ഉപദേശക സമിതികളുടെ ഒരു ഖഡ്ഗം തൂങ്ങുന്ന സാഹചര്യമുണ്ടാകും. ഇത് പലപ്പോഴും നമ്മുടെ സിലബസ്സുകളും ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും തീരുമാനി ക്കുമ്പോൾ വലിയ കീറാമുട്ടിയായി വരുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. കാരണം, ആരുമത്ര മോശക്കാരാവുകയില്ല. ഞങ്ങളാണിതിന്റെ അതോറിറ്റിയെന്ന് ഫാക്കൽറ്റി അല്ലെങ്കിൽ അക്കാദമിക് ബോർഡുകൾ പറയും, ഉപദേശക സമിതികൾ സ്വാഭാവികമായും അവർക്ക് മുകളിൽ വരു മ്പോൾ ഞങ്ങളാണ് ഇതിന്റെ അവസാന വാക്കെന്ന് അവരും പറയും. ഇതുവ

ലിയ ഒരു തർക്കത്തിലേയ്ക്ക് പോകുകയും അവസാനം സിലബസിന്റെ നിർണ്ണയം പോലുള്ള അക്കാദമികമായ വിഷയങ്ങളിൽവരെ കാര്യങ്ങൾ യഥാ വിധി തീരുമാനിക്കാൻ കഴിയാത്ത ഒരു സ്ഥിതി ഉണ്ടാകുകയും ചെയ്യും. അതു കൊണ്ട് ഫാക്കൽറ്റി ഉപദേശക സമിതികൾക്കുപകരം ഫാക്കൽറ്റികളിലും പഠന ബോർഡുകളിലും പ്രഗത്ഭരായവരെ ക്ഷണിക്കുവാനുള്ള വകുപ്പ് ചേർക്കുന്നതായിരിക്കും ഉചിതമെന്നാണ് തോന്നുന്നത്. അതുപോലെ 9 (ബി) വകുപ്പിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ– "വിവിധ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എഴുത്തുകാർ, പണ്ഡിതർ, അവ തരണ കലാകാരന്മാർ തുടങ്ങി ശ്രേഷ്ഠരായ എട്ട് പേർ അവരിൽ ഒരാൾ വനി തയും ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട ആളും ആയിരിക്കേണ്ടതാണ്." ഇതിൽ വനിതയെന്നുള്ളത് നേരത്തെ അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്നില്ല. വനിതകൾക്ക് പ്രാതിനിധ്യം വേണം, ഏറ്റവും ചുരു ങ്ങിയത് രണ്ട് വനിതകൾ വേണമെന്നുള്ള നിർദ്ദേശമാണ് മുന്നോട്ടുവച്ചത്. ഒരു വനിതയെയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. വനിതകൾക്ക് 33% സംവരണം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. പക്ഷെ, ഒരു വനിതയെ യാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർവ്വകലാശാലകളുടെ ഭരണ ബോഡികളിൽ വനിതകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ആരും വനിത കളെ അതിലേയ്ക്ക് നോമിനേറ്റ് ചെയ്യാറില്ല. ആ ഒരു സ്ഥിതി മാറ്റുന്നതിന് നിർബന്ധമായും രണ്ട് വനിതകളുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ നമ്മുടെ വകുപ്പിൽതന്നെ ചേർത്താൽ അത് സർവ്വകലാശാലാ ഭരണത്തിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഏറെ സഹായകമാകുമെന്നാണ് തോന്നുന്നത്. 10–ാം വകുപ്പിൽ ജനറൽ കൗൺസിലിന്റെ കാലാവധി മൂന്ന് വർഷം ആയിരി

ക്കുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. മറ്റെല്ലാ സർവ്വകലാശാലകളിലും ഇത് 4 വർഷമാണ്. ജനറൽ കൗൺസിലിന്റെ കാലാവധി 4 വർഷമാക്കി മറ്റ് സർവ്വകലാശാലകളെപ്പോലെ നിജപ്പെടുത്തണം. അല്ലെങ്കിൽ മറ്റ് സർവ്വകലാ ശാലകളുടേത് 3 വർഷമാക്കി ചുരുക്കണം. മറ്റ് 12 സർവ്വകലാശാലകളുടേത് 3 വർഷമാക്കി ചുരുക്കി ഭേദഗതി അവതരിപ്പിക്കുന്നതിലും നമുക്ക് ഇപ്പോൾ ചെയ്യാൻ സാധിക്കുന്നത് ഈ വരാൻ പോകുന്ന സർവ്വകലാശാലയുടെ ജന റൽ കൗൺസിലിന്റെ കാലാവധി 4 വർഷമായി ഉയർത്തുകയെന്നുള്ളതല്ലേ?

<u>ശ്രീമതി ജമീലാ പ്രകാശം:</u> സർ, ഇവിടെ ചർച്ചയിൽ പങ്കെടുക്കുന്നതി നിടയിൽ മലയാള സർവ്വകലാശാലയിലെ ഭരണ നിർവ്വഹണ സമിതികളിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിൽ രണ്ട് വനിത അംഗങ്ങളെ ഉൾപ്പെടുത്തണ മെന്നുപറഞ്ഞു. എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത് മല യാളക്കര ഇൻഡ്യയുടെ മാത്രമല്ല ലോകത്തിൽ ധാരാളം വികസിച്ചിട്ടുള്ള രാജ്യങ്ങളെ ആകമാനം ചേർത്തുവച്ച് നോക്കുമ്പോൾപോലും പരമ്പരാഗതമായി ത്തന്നെ സ്ത്രീകളുടെ ഭാഗത്ത് വളരെയധികം പുരോഗതി രേഖപ്പെടുത്തിയി ട്ടുള്ള ഒരു പ്രദേശമാണ്. അത് അഭിപ്രായം പ്രകടിപ്പിക്കുന്ന രീതിയിലായാലും സ്വത്തവകാശങ്ങളുടെ രീതിയിലായാലും വിദ്യാഭ്യാസം ലഭിച്ചുകൊണ്ട് ജീവിത ത്തിന്റെ വിവിധ തുറകളിലേയ്ക്ക് പ്രത്യേകിച്ച് ഒന്നാം ലോക മഹായുദ്ധ ത്തിന്റെ കാലത്തുപ്പോലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെയധികം അപകടം നേരിട്ടുകൊണ്ട് നഴ്സുമാരായും പിന്നീട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ടീച്ചർമാരായിട്ടുമെല്ലാം സേവന രംഗങ്ങളിൽവരെ മുദ്ര പതിപ്പിച്ചി ട്ടുള്ളവരാണ് നമ്മുടെ നാട്ടിലുള്ള വനിതകൾ. സ്വാതന്ത്ര്യ സമരത്തിലായാലും കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങളിലായാലുമൊക്കെ പുരുഷന്മാരോടൊപ്പം തോളോട്

തോളുരുമ്മി നിന്നവരാണ്. നീതി ഉറപ്പാക്കുന്ന രീതിയിൽ നമ്മുടെ പൂർവ്വിക രായ സ്ത്രീകളെപ്പറ്റിയും ഭാവിതലമുറയിലുള്ള സ്ത്രീവിഭാഗങ്ങളെപ്പ റ്റിയുമുള്ള പഠനങ്ങൾ മാത്രമല്ല വികസനത്തിനുള്ള ധാരാളം പ്രോഗ്രാമുകളു മൊക്കെ മലയാള സർവ്വകലാശാലയുടെ പഠനങ്ങളിലും പ്രവർത്തി പരിപാടി കളിലുമൊക്കെ ഉൾക്കൊള്ളിക്കുന്ന രീതിയിൽ അതായത് Gender Justice ഉറപ്പുവരുത്തുന്ന രീതിയിൽ വനിതാ പ്രാതിനിധ്യം വേണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചിട്ടുണ്ടോ; അതിനുള്ള നടപടികൾ വേണമെന്നാവശ്യപ്പെടുമോ എന്ന് ഞാൻ ചോദിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, സ്ത്രീ പ്രാതിനിധ്യം തീരെയില്ലാതിരുന്ന സ്ഥാനത്തുനിന്ന് ഒരു വനിതയെ ഉൾപ്പെടുത്തണം എന്ന നിലയിലേയ്ക്ക് മാറി. രണ്ടുപേരെ ഉൾപ്പെടുത്തണമെന്നാണ് പറഞ്ഞിരുന്നത്. സബ്ജക്ട് കമ്മിറ്റിക്കുപോകുന്നതിനുമുമ്പ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ഒറ്റ വനിതകൾക്കും ഇതിൽ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. പക്ഷെ ഒരു വനി തയ്ക്ക് പ്രാതിനിധ്യം കൊടുത്താൽ പോരാ, ഏറ്റവും ചുരുങ്ങിയത് 2 വനിത കൾക്കെങ്കിലും സംവരണം എന്നുള്ള രൂപത്തിൽ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ജനറൽ കൗൺസിലിന്റെ കാലാവധി 4 വർഷമാക്കുക എന്നുള്ള നിർദ്ദേശം ഞാൻ വച്ചു. ബില്ലിലെ 11-ാമത്തെ വകുപ്പ് ജനറൽ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ആണ്. വളരെ അപകടക രമായിട്ടുള്ള ഒരു വകുപ്പാണ് അത്. സെനറ്റാണല്ലോ ജനറൽ കൗൺസിൽ. "ജനറൽ കൗൺസിൽ സർവ്വകാലശാലയുടെ പരാമാധികാര സ്ഥാനം ആയിരി ക്കുന്നതും നിർവ്വാഹക സമിതിയുടെയും അക്കാഡമിക് കൗൺസിലിന്റേയും ഏതെങ്കിലും നടപടി ഈ ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസു

കളിലെയും അല്ലെങ്കിൽ റഗുലേഷനുകളിലെയും വ്യവസ്ഥകൾ അനുസരിച്ച ല്ലാതെയാണെങ്കിൽ അപ്രകാരമുള്ള അധികാര സ്ഥാനങ്ങൾ സ്വീകരിച്ച ഏതൊരു നടപടിയും പുനഃപരിശോധിക്കാൻ ജനറൽ കൗൺസിലിന് അധി കാരമുണ്ടായിരിക്കുന്നതാണ്". 11-ാം വകുപ്പിന്റെ പാരാഗ്രാഫ് 1-ൽ പറയുന്ന ഈ കാര്യം പുനഃപരിശോധിക്കാൻ എന്നതുമാറ്റി പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട സമിതികളുടെ പരിഗണ നയ്ക്ക് സമർപ്പിക്കുവാൻ എന്നാക്കി ഭേദഗതി ചെയ്യണം. അക്കാദമിക സമിതി കളുടെ തീരുമാനം റദ്ദാക്കാൻ ഒരു കാരണവശാലും സെനറ്റിന് അധികാരം കൊടുത്തുകൂടാ. മറ്റു സർവ്വകലാശാലകളിലൊന്നും ഇതില്ല. അക്കാദമിക് കാര്യങ്ങളിൽ സെനറ്റ് ഇടപെടുന്ന സാഹചര്യമുണ്ടായാൽ നമ്മുടെ സംസ്ഥാ നത്ത് അത് വലിയ പ്രത്യാഘാതങ്ങൾക്ക് ഹേതുവാകും.

ശ്രീ. കെ. രാജു: സർ, ജനറൽ കൗൺസിലിനെ സംബന്ധിച്ചാണ് പറയുന്നത്. ജനറൽ കൗൺസിലിലെ അംഗങ്ങളെ സംബന്ധിച്ച് പറയുന്ന കൂട്ടത്തിൽ സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ എം.എൽ.എ. ഇതിലെ അംഗമാണ്. എന്നാൽ നിയമസഭയിലെ എം.എൽ.എ.മാ രുടെ പ്രതിനിധികൾ എന്നുള്ള നിലയിൽ ആരെയും ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാലിപ്പോൾ കേരളാ യൂണിവേഴ്സിറ്റി അല്ലെങ്കിൽ കൊച്ചിൻ ലീഗൽ യൂണിവേഴ്സിറ്റി അങ്ങനെയുള്ള മറ്റ് യൂണിവേഴ്സിറ്റികളെ ടുത്താൽ എം.എൽ.എ.മാരുടെ പ്രതിനിധികൾ അതിനകത്ത് ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ അങ്ങനെ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, concerned എം.എൽ.എ.യാണ് ഇപ്പോൾ ഇതിന്റെ പ്രതിനിധി. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലും concerned എം. എൽ.എ.യാണ് അതിന്റെ പ്രതിനിധിയെന്നാണ് എനിക്കുതോന്നുന്നത്. വ്യക്തമായിട്ട് എനിക്കറിയില്ല. ജനറൽ കൗൺസിലിൽ എം.എൽ.എ.മാരുടെ കൂട്ടത്തിൽനിന്ന് തെരെഞ്ഞെടുക്കപ്പെടുന്ന ഒരാളുണ്ടാകുന്നത് നല്ലതാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ആ പ്രദേശത്തെ എം.എൽ.എ.യുണ്ട്. നേരത്തെ പറഞ്ഞതുപോലെ നിയമസഭയുടെ മൊത്തം പ്രാതിനിധ്യം അവകാശപ്പെടാൻവേണ്ടി രണ്ടുമൂന്നു പേർ വേറെയുമുണ്ട്. എന്നാൽ ഈ സർവ്വകലാശാലയിൽ അത് സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലെ എം.എൽ.എ. മാത്രമേയുള്ളൂ. നിയമസഭയ്ക്ക് മൊത്തമായി പ്രതിനിധികൾ വേണം. എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, തീർച്ചയായും. മറ്റെല്ലാ സർവ്വകലാശാലകളിലും അതുണ്ട്. കാർഷിക സർവ്വകലാശാലയിലും മറ്റ് എം.എൽ.എ.മാരുടെ പ്രാതിനിധ്യവുമുണ്ട്. അതുപോലെതന്നെ ആക്കണം. എം.എൽ.എ.മാരുടെ പ്രതിനിധികളും ഈ ജനറൽ കൗൺസിലിൽ അംഗങ്ങളാകണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അപ്പോൾ ആ കാര്യം കൂടി ഇതിൽ കൂട്ടിച്ചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, സർവ്വകലാശാലയിൽ എക്സിക്യൂട്ടീവ് കൗൺസിലിലാണ് ആ പ്രദേശത്തെ എം.എൽ.എ. വരുന്നത്. ജനറൽ കൗൺസിലിൽ നമ്മുടെ പ്രതിനിധികൾ വേറെയുമുണ്ട്.

<u>ഡോ. കെ.ടി. ജലീൽ</u> : സർ, അങ്ങനെ തന്നെയാണ്. ജനറൽ കൗൺസിലിൽ മറ്റ് എം.എൽ.എ. മാരാരും പുതിയ ബില്ലിലില്ല. എം.എൽ.എ.മാരുടെ രണ്ടോ മൂന്നോ പ്രതിനിധികൾ നിർബന്ധമായും ജനറൽ കൗൺസിലിൽ ഉണ്ടായിരിക്കണം. അതിനുള്ള വ്യവസ്ഥയും ഉണ്ടാകണം. 11 (ഡി) –ൽ "നിർവ്വാഹക സമിതി പാസ്സാക്കിയ ഏതെങ്കിലും റെഗുലേഷനോ ഉത്തരവോ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമാണെങ്കിൽ ആയത് ബന്ധപ്പെട്ട സമിതികളുടെ പുനഃപരിശോധനയ്ക്കും പരിഗണനയ്ക്കും ഭേദഗതി നിർദ്ദേശത്തോടെ തിരിച്ചയയ്ക്കുക" എന്നാക്കി അത് മാറ്റണം. 11 (ഡി) ൽ ഇപ്പോൾ നിലവിലുള്ളത് "നിർവ്വാഹക സമിതി പാസ്സാക്കിയ ഏതെങ്കിലും ഉത്തരവോ അക്കാദമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റെഗുലേഷനോ റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുക" എന്നുള്ളതാണ് ജനറൽ കൗൺസിലിന്റെ അധികാരമായി വിവക്ഷിച്ചിട്ടുള്ളത്. അത് നിർവ്വാഹക സമിതി പാസ്സാക്കിയ ഏതെങ്കിലും റെഗുലേഷനോ ഉത്തരവോ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമാണെങ്കിൽ ആയത് ബന്ധപ്പെട്ട സമിതികളുടെ പുനഃപരിശോധനയ്ക്കും പരിഗണനയ്ക്കും ഭേദഗതി നിർദ്ദേശത്തോടെ തിരിച്ചയയ്ക്കുക എന്നാക്കി മാറ്റിയാൽ പ്രയോജനപ്രദമാകും. അതല്ലെങ്കിൽ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ജനറൽ കൗൺസിൽ വല്ലാത്തൊരു അപ്രമാദിത്വം നേടുന്ന സ്ഥിതി ഉണ്ടാകും. അക്കാദമിക് രംഗത്ത് അത് ആരോഗ്യകരമായിട്ടുള്ള ഒരു സ്ഥിതി വിശേഷമായിരിക്കുകയല്ല ഉണ്ടാക്കുക.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ഈ ആക്ടിനകത്ത് പറഞ്ഞിട്ടുള്ളത് ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡി

നൻസ്, അക്കാദമിക് കൗൺസിൽ, ജനറൽ കൗൺസിൽ എന്നൊക്കെയാണ്. മലയാളം സർവ്വകലാശാലയുടെ നിയമത്തിലെങ്കിലും ഇതിന് ഒരു പദാനുപദ തർജ്ജിമ നടത്തി മലയാള ഭാഷയിലാക്കാൻ ഒരു പരിശ്രമം നടത്തിക്കൂടേ? ഇപ്പോൾ ജനറൽ കൗൺസിലിന് പൊതു സഭ എന്നുപറയാം. അതുപോലെ ബാക്കിയെല്ലാം അങ്ങനെയാണ്. ചില പദങ്ങൾ നമുക്ക് അതുപോലെ സ്വീക രിക്കേണ്ടിവന്നാലും മലയാളം സർവ്വകലാശാലയിലെങ്കിലും ആ വാക്കു കൾക്കൊരു ഭേദഗതി വരുത്തണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ഡോ. കെ.ടി. ജലീൽ: സർ, ഭേദഗതികൾ കൊടുത്തിട്ടുണ്ട്. പക്ഷെ അത് അംഗീകരിച്ചിട്ടില്ല. എന്നാലും മൊത്തത്തിൽ നോക്കിയാൽ നമ്മൾ ഭാഷാ ഭ്രാന്തന്മാരല്ല, ഭാഷാ സ്നേഹികളാണ്. നമുക്കൊരു യാഥാസ്ഥിതികത്വം അക്കാര്യത്തിലില്ല. അതുകൊണ്ട് ഇതൊക്കെ പൊറുക്കപ്പെടാവുന്നതാണ് എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, മലയാള ഭാഷയിൽ പൊതുവായി ഉപ യോഗിക്കുന്ന വാക്കുകൾ മലയാളികളെന്നുള്ള നിലയിൽ നമ്മൾ നിരന്തരമായി ഉപയോഗിച്ചുവരുന്ന വാക്കുകളാണ്. അതിന് ഭാഷാന്തരീക രണം വരുത്തി മലയാളത്തിൽ ആക്കേണ്ട കാര്യമുണ്ടോ?

ഡോ. കെ.ടി. ജലീൽ: സർ, അതിന്റെ കാര്യമില്ല. കാരണം സാധാരണ ക്കാരായിട്ടുള്ള ആളുകൾ വരെ ഉപയോഗിക്കുന്ന വാക്കുകൾ നമ്മൾ മലയാള ത്തിലേയ്ക്ക് മൊഴിമാറ്റം നടത്തണമെന്ന് വാശിപിടിക്കേണ്ട കാര്യമില്ല. ഭാഷാമൗലീകത നമ്മളെ സംബന്ധിച്ചിടത്തോളം ഇല്ലല്ലോ. ജനറൽ കൗൺസി ലൊക്കെ സാധാരണയായി യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട്........ അങ്ങ നെയാണെങ്കിൽ സംസ്കൃത സർവ്വകലാശാലയുടെ ജനറൽ കൗൺസിലിന് സംസ്കൃതം പേരിടണം എന്നുള്ള ഒരു അഭിപ്രായവും ഉണ്ടാവുമല്ലോ. ഞാൻ

പറയുന്നത് അത്രമാത്രം യാഥാസ്ഥിതികരാകേണ്ട എന്നാണ്. സാധാരണ ഉപയോഗിക്കുന്ന വാക്കുകൾ ഏതിലായാലും ഉപയോഗിക്കാം.

ഡോ. എൻ. ജയരാജ്: സർ, സർവ്വകലാശാലയുടെ അക്കാദമിക് കാര്യങ്ങൾ നോക്കാനാണല്ലോ അക്കാദമിക് കൗൺസിൽ. അവരെടുക്കുന്ന അക്കാദമിക് തീരുമാനങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ ജനറൽ കൗൺസിലിന്റെ അധികാരങ്ങൾ വച്ചുകൊണ്ട് അത് ശിക്ഷിക്കപ്പെടുക എന്നു പറയുന്നത് അക്കാദമിക് തലങ്ങളിൽ ചിന്തിക്കുമ്പോൾ വളരെയേറെ അപകടകരമായ കാര്യമാണ്.

ഡോ.കെ.ടി. ജലീൽ: ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി, അദ്ദേഹം മലയാളം പ്രൊഫസറും കൂടിയാണ്. ഡോ. എൻ. ജയരാജിന്റെ അഭിപ്രായവും കൂടി......

മി. സ്പീക്കർ: മലയാളമാണോ? മലയാളമല്ലല്ലോ. എക്കണോമിക്സാണ്.

ഡോ.കെ.ടി ജലീൽ: മലയാളമല്ലെങ്കിലും ഭാഷയുടെ ഒരു സൗന്ദര്യശാസ്ത്രം വളരെ ഗ്രാഹ്യമായിട്ട് ഉൾക്കൊണ്ടിട്ടുള്ള ആളാണ്.

മി. സ്പീക്കർ: അതുണ്ട്. അത് ഏതു പഠിച്ചാലും വരും.

ഡോ. കെ.ടി. ജലീൽ: സർ, വകുപ്പ് 11 (എഫ്)-ൽ "ജനറൽ കൗൺസിൽ ആവശ്യമെന്ന് കരുതുന്ന പ്രൊഫസർമാർ, റീഡർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ എന്നീ സ്ഥാനങ്ങളും അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ അപ്രകാരമുള്ള മറ്റ് തസ്തികകളും ഏർപ്പെടുത്തുക" എന്നുള്ളത് ജനറൽ കൗൺസിലിന്റെ അധികാരങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ "അക്കാദമിക് കൗൺസിലിന്റെ ഉപദേശമനുസരിച്ച് ഏർപ്പെടുത്തുക" എന്നുള്ള ഭേദഗതി ഉണ്ടാകുന്നത് കരണീയമാകും. ഏതൊക്കെ തസ്തിക

കളാണ് വേണ്ടത് എന്ന് അറിയുന്നത് സെനറ്റിനോ ജനറൽ കൗൺസിലിനോ അല്ലല്ലോ. അത് അറിയുന്നത് ബന്ധപ്പെട്ട അക്കാദമിക് കൗൺസിലുകൾക്കാണ്. ഈ അധികാരം ജനറൽ കൗൺസിലിനു കൊടുത്താലുള്ള ഏറ്റവും വലിയ ഒരു ദുരന്തമെന്നുപറയുന്നത് വേണ്ടാത്ത പോസ്റ്റുകൾ ജനറൽ കൗൺസിലിന്റെ താല്പര്യങ്ങൾക്കും രാഷ്ട്രീയമായിട്ടുള്ള പരിഗണനകൾക്കും അനുസരിച്ച് സൃഷ്ടിക്കപ്പെടും. അത് സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബാധ്യതയായിരിക്കും ഉണ്ടാക്കുക. അതുകൊണ്ട് ഒരു ചെറിയ ഭേദഗതി ആവശ്യമാണ്. "അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ അപ്രകാരമുള്ള മറ്റു തസ്തികകളും ഏർപ്പെടുത്തുക" എന്നതിനു പകരം "അക്കാദമിക് കൗൺസിലിന്റെ ഉപദേശം അനുസരിച്ച് ഏർപ്പെടുത്തുക" എന്നാക്കിയാൽ ദുരുപയോഗം ചെയ്യുന്നത് തടയാൻ സാധിക്കും. വകുപ്പ് 11(ജി) –ൽ "കാലാകാലങ്ങളിൽ ആവശ്യമെന്ന് കരുതുന്ന വിസിറ്റർ, എമിറേറ്റ്സ് പ്രൊഫസർ, വിസിറ്റിംഗ് പ്രൊഫസർ, റൈറ്റർ–ഇൻ–റസിഡൻസ്, ആർട്ടിസ്റ്റ്–ഇൻ–റസിഡൻസ്, സ്കോളർ–ഇൻ–റസിഡൻസ്, ഗുരുക്കന്മാർ എന്നീ സ്ഥാനങ്ങൾ ഏർപ്പെടുത്തുക" എന്നുള്ളതിന്റെ അനുബന്ധമായി "എന്നീ സ്ഥാനങ്ങൾ ഏർപ്പെടുത്തുക" എന്നുള്ളതിനു പകരമായി "ബന്ധപ്പെട്ട പഠന വിഭാഗങ്ങളുടെ അല്ലെങ്കിൽ പഠന ബോർഡുകളുടെ അല്ലെങ്കിൽ അക്കാദമിക് കൗൺസിലിന്റെ ശുപാർശ അനുസരിച്ച് ഏർപ്പെടുത്തുക" എന്നാക്കി മാറ്റണം. യഥേഷ്ടം ജനറൽ കൗൺസിലിന് നിയമനങ്ങൾ നടത്തുവാനുള്ള അമിതാധികാരമാണ് നിലവിൽ പറയപ്പെടുന്ന ഈ നിയമത്തിലൂടെ ഉണ്ടാക്കുവാൻ സാധിക്കുക. ആ കാര്യം പ്രത്യേമായി ശ്രദ്ധിക്ക

ണം. ജനറൽ കൗൺസിലിന്റെ അധികാരത്തിൽ ഏറ്റവും അവസാനമായി പറയുന്ന (ഒ) –ൽ പറയുന്നത് "ഈ ആക്ടിനാലും സ്റ്റാറ്റ്യൂട്ടുകളാലും അതിന് ഏൽപിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക" എന്നാണ്. വളരെ അവ്യക്തത ഈ വാചകത്തിൽനിന്നുതന്നെ നമുക്ക് വായിച്ചെടുക്കാവുന്നതാണ്. ഇത് കുറച്ചുകൂടി വ്യക്തവും ക്ലിപ്തവുമാകണം. ഇതിനൊരു ഭേദഗതി ഞാൻ നിർദ്ദേശിക്കുകയാണ്. "സർവ്വകലാശാലയുടെ ഫണ്ട് വിനിയോഗിക്കുന്നതിനും സർവ്വകലാശാലയ്ക്ക് പുറമേ നിന്നുള്ള ഗവേഷണ സ്ഥാപനങ്ങൾ, മറ്റു സർവ്വകലാശാലകൾ, സർക്കാരുകൾ, ഫണ്ടിംഗ് ഏജൻസികൾ എന്നിവയിൽ നിന്ന് ഗവേഷണം പ്രോജക്ടുകൾ എന്നിവ നടത്തുന്നതിനും കെട്ടിടം വസ്തുവകകൾ എന്നിവ സ്വീകരിക്കുന്നതിനും വാങ്ങുന്നതിനും അവ ഓഡിറ്റു ചെയ്യുന്നതിനുമുള്ള പ്രത്യേക നിയമാവലികൾ ഉണ്ടാക്കുകയും അംഗീകരിക്കുകയും ചെയ്യുക" എന്നാക്കി (ഒ) വകുപ്പ് ഭേദഗതി ചെയ്യണം. ഇതിൽ ഇപ്പോൾ പറഞ്ഞിരിക്കുന്നത് വളരെ വേഗ് ആയി ആർക്കും എങ്ങനേയും വ്യാഖ്യാനിക്കുവാൻ സാധിക്കുന്ന രൂപത്തിലുമാണ്. സർവ്വകലാശാലയുടെ ഭൂമി മറ്റുള്ളവർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച്........ അതൊക്കെ ജനറൽ കൗൺസിലിന് അന്തിമമായിട്ടുള്ള ഒരു അധികാരം നൽകുന്നു.

<u>മി. സ്പീക്കർ</u>: അങ്ങ് ഇപ്പോൾ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ഭേദഗതികളിലുണ്ടല്ലോ. ഭേദഗതി കൊടുത്തിട്ടുണ്ടെങ്കിൽ സ്വാഭാവികമായും അതൊക്കെ അനന്തരഘട്ടത്തിൽ വരേണ്ട കാര്യങ്ങളാണ്. അങ്ങേയ്ക്ക്

സംസാരിക്കാനുള്ളത് സംസാരിക്കാം. ഇതിന്റെ ഭേദഗതി കൊടുത്തിട്ടുണ്ടാകുമല്ലോ, അല്ലേ?

ഡോ. കെ.ടി. ജലീൽ: സർ, കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അത് സ്വീകരിക്കണമോ വേണ്ടയോ എന്നുള്ളത് മന്ത്രി തീരുമാനിക്കും.

ഡോ.കെ.ടി. ജലീൽ: സർ, വകുപ്പ് 12 – ൽ ജനറൽ കൗൺസിലിന്റെ യോഗങ്ങളാണ് പറഞ്ഞിരിക്കുന്നത്. ജനറൽ കൗൺസിലിന്റെ യോഗങ്ങളിൽ ഉപവകുപ്പ് 4–ൽ നിലവിലുള്ളത് "ചാൻസലറുടെയും പ്രോ–ചാൻസലറുടെയും അഭാവത്തിൽ വൈസ് ചാൻസലർ ജനറൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്". അതിനു പകരം ചാൻസലറുടെയും പ്രോ–ചാൻസലറുടെയും അഭാവത്തിൽ എന്നതൊഴിവാക്കി "യോഗത്തിൽ വൈസ് ചാൻസലർ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്, എന്നാൽ യോഗത്തിൽ ചാൻസലറോ പ്രോ–ചാൻസലറോ പങ്കെടുക്കുന്നുണ്ടെങ്കിൽ അവരായിരിക്കും യോഗത്തിലെ അദ്ധ്യക്ഷൻ" എന്നാക്കി മാറ്റുന്നതായിരിക്കും ഉചിതം. വൈസ് ചാൻസലറുടെ പദവിയുടെ ഒരു ഡിഗ്നിറ്റി അംഗീകരിച്ചുകൊണ്ടുള്ള ഒരു നിയമമാകും അങ്ങനെ സംഭവിക്കുകയാണെങ്കിൽ ഉണ്ടാവുക. സാധാരണ സെനറ്റ് യോഗത്തിലൊന്നും ചാൻസലറും പ്രോ–ചാൻസലറൊന്നും വരാറില്ല. അപൂർവ്വമായി ചിലപ്പോൾ അവർ വന്നേയ്ക്കാം. അവർ വരികയാണെങ്കിൽ അവരായിരിക്കും അദ്ധ്യക്ഷൻ എന്ന് ചേർക്കലായിരിക്കും കുറച്ചുകൂടി ഉചിതം. വകുപ്പ് 13 നിർവ്വാഹക സമിതി – അതിൽ vi–ാമതായി ബില്ലിൽ ചേർത്തിരിക്കുന്നത് 'ഒരു വർഷ കാലയളവിലേക്ക് വൈസ് ചാൻസിലർ നാമ

നിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റി ഉപദേശക സമിതിയുടെ രണ്ട് ചെയർമാൻമാർ' എന്നാണ്. ഈ ബില്ലിലുടനീളം 'നാമനിർദ്ദേശം ചെയ്യുന്ന' എന്ന വാക്ക് വളരെ കൂടുതലായി കടന്നുകൂടിയിട്ടുണ്ട്. ഈ ബോഡികളെ ല്ലാംതന്നെ ജനാധിപത്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടുവരുന്നതാണ്. അതുകൊണ്ട്, 'വൈസ് ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്നത്' എന്നത് ഒഴി വാക്കി 'നിർവ്വാഹക സമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട ഒരംഗം' അല്ലെങ്കിൽ 'ഫാക്കൽറ്റി ഉപദേശക സമിതികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം' എന്നാക്കി ഭേദഗതി ചെയ്യണം.

14-ാമത്തെ വകുപ്പ് നിർവ്വാഹക സമിതിയുടെ കാലാവധി സംബന്ധിച്ചാണ് – 'നിർവ്വാഹക സമിതിയുടെ തെരഞ്ഞെടുക്കപ്പെട്ട ഒരംഗം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോ ഗിക സ്ഥാനം വഹിക്കേണ്ടതാണ്' എന്നാണ് 14(1)-ൽ പറഞ്ഞിരിക്കുന്നത്. ഈ കാലാവധി നാലുവർഷമാക്കണം. മറ്റെല്ലാ സർവ്വകലാശാലയിലും തെര ഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി നാല് വർഷമാണ്. ഓരോ വർഷം കഴി യുമ്പോൾ എങ്ങനെയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്? തെരഞ്ഞെടുപ്പ് പ്രോസസ്സ് ഭംഗിയായി നടത്താൻ സാധിക്കാത്ത സ്ഥിതി ഇതുമൂലമുണ്ടാ കുന്നു. അതുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ബോഡിയുടെ കാലാവധി മറ്റുള്ള സർവ്വകലാശാലകളിലെന്നപോലെ നാലുവർഷമാക്കി മാറ്റണം. അസം ബ്ലിയുടെ കാലാവധി അഞ്ച് വർഷമാണ്, സഹകരണ സ്ഥാപനങ്ങളിൽ മുമ്പു ണ്ടായിരുന്ന കാലദൈർഘ്യം വർദ്ധിപ്പിച്ചു. വളരെ പ്രധാനപ്പെട്ട ഒരു സർവ്വക ലാശാലയുടെ ഭരണവിഭാഗത്തിലേക്കുള്ള തെരഞ്ഞെടുപ്പ് കോളേജ്

യൂണിയൻ തെരഞ്ഞെടുപ്പുപോലെ വർഷം തോറും നടത്തേണ്ട സാഹചര്യം ഇതുമൂലമുണ്ടാകും.

ശ്രീ. എം. എ. ബേബി: സർ, വൈസ്ചാൻസിലറുടെ ഡിഗ്നിറ്റിയെ സംബന്ധിച്ച് അങ്ങ് പരാമർശിക്കുകയുണ്ടായി. വൈസ് ചാൻസിലറുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ബില്ലിൽ അദ്ധ്യായം 5-ൽ 29-ാം ഭാഗത്ത് 2-ാം അനുച്ഛേദമായി പരാമർശിക്കുന്നുണ്ട്, 'ചാൻസിലറുടെ ഒരു നോമിനി, സർക്കാരിന്റെ ഒരു പ്രതിനിധി, യു.ജി.സി.-യുടെ ഒരു പ്രതിനിധി എന്നിവർ ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പ് സമിതിയുടെ ഉപദേശത്തിന്മേൽ വൈസ് ചാൻസിലറെ നിയമിക്കേണ്ടതാണ്'. യഥാർത്ഥത്തിൽ ഈ സഭതന്നെ ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുള്ളത്, എല്ലാ സർവ്വകലാശാലകളുടെയും വൈസ് ചാൻസിലർമാരെ നിയോഗിക്കുന്ന സമിതിയിൽ ആ സർവ്വകലാശാലയുടെ സെനറ്റിന്റെ ഒരു പ്രതിനിധി അംഗമായിരിക്കണം എന്നതാണ്. കാരണം, ആ സർവ്വകലാശാലയുടെ അക്കാദമിക സമൂഹത്തിന്റെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധി കൂടിയാണ് വൈസ്ചാൻസിലറെ തെരഞ്ഞെടുക്കുന്നത് എന്നത് ആ വൈസ് ചാൻസിലറുടെ ഡിഗ്നിറ്റിക്ക് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. സർക്കാരിന്റെ നോമിനികൾ ചേർന്നാണ് വൈസ് ചാൻസിലറെ തീരുമാനിക്കുന്നത് എന്നാണ് ഇതിൽ പറയുന്നത്. കേന്ദ്ര മാനവവിഭവശേഷി വകുപ്പുമായി ആലോചിച്ചാണ് യു.ജി.സി. പ്രതിനിധിയെ തീരുമാനിക്കുന്നത്. ഗവൺമെന്റുമായി ആലോചിച്ചാണ് ചാൻസിലറുടെ നോമിനിയെ തീരുമാനിക്കുന്നത്. പിന്നെ ഗവൺമെന്റിന്റെ തന്നെ പ്രതിനിധി. ഈ നിയമത്തിൽ ഏറ്റവും ജനാധിപത്യ രഹിതമായ, ജനാധിപത്യവിരുദ്ധമെന്ന് ഞാൻ പറയുന്നില്ല, ജനാധിപത്യരഹിതമായ ഭാഗം വൈസ് ചാൻസിലറുടെ തെരഞ്ഞെടുപ്പ് സർക്കാർ

നാമനിർദ്ദേശം ചെയ്യുന്നവരെല്ലാംകൂടി തെരഞ്ഞെടുക്കുന്ന ഒരു സമ്പ്രദായ മായി ചുരുക്കിയിരിക്കുന്നതാണ് എന്ന് അങ്ങ് കരുതുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും ജനറൽ കൗൺസിലിന്റെ ഒരു പ്രതിനിധി വൈസ് ചാൻസിലറെ തെരഞ്ഞെടുക്കുന്ന ബോഡിയിൽ അംഗമാകണം. മറ്റെല്ലാ സർവ്വകലാശാലയിലും ആ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം നിലനി റുത്തുന്നതിന് അത് വളരെ അനിവാര്യമാണ്.

15-ാം വകുപ്പ്, നിർവ്വാഹക സമിതിയുടെ അധികാരങ്ങൾ - അതിൽ (യു) വരെ വകുപ്പുകൾ ചേർത്തിട്ടുണ്ട്. എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം (യു) വരെ ഉൾപ്പെടുത്തിയിട്ടുള്ള ഉപവകുപ്പുകളിൽ ഉൾപ്പെട്ടുകാണുന്നില്ല. അതിനാൽ 15-ാം വകുപ്പിൽ (വി) എന്നുപറഞ്ഞ് മറ്റൊരു ഉപവകുപ്പുകൂടി ചേർക്കണമെന്നതാണ് എന്റെ നിർദ്ദേശം. അതിൽ ഇങ്ങനെയാണ് ചേർക്കേണ്ടത്, 'എന്നാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന തരത്തിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കലും ശമ്പള നിർണ്ണയവും നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടി യിരിക്കണം. കൂടാതെ, ഓർഡിനൻസുകളും സ്റ്റാറ്റ്യൂട്ടുകളും നിയമങ്ങളും സർവ്വകലാശാലയിലെ മറ്റു സ്റ്റാറ്റ്യൂട്ടറി സമിതികളുടെ അധികാരാവകാശങ്ങ ളിൽ ഇടപെടുന്നതോ കവരുന്നതോ ആണെങ്കിൽ ബന്ധപ്പെട്ട സമിതിയുടെ അഭിപ്രായം തേടിയശേഷമേ തീരുമാനമെടുക്കാൻ പാടുള്ളൂ'. യഥേഷ്ടം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനും ആളുകളെ നിയമിക്കാനുമുള്ള അധികാരം സെനറ്റിന് കൊടുക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെതന്നെ ജനറൽ കൗൺസിലുകൾക്ക് അത് ചെയ്യാം.

അങ്ങനെയൊരു അധികാരം ഒരു സർവ്വകലാശാലയ്ക്കും കൊടുത്തിട്ടില്ല. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്ന വ്യവസ്ഥ നിർബന്ധമായും ജനറൽ കൗൺസിലിന്റെ അധികാര പരിധികൾ വിശദീകരിക്കുമ്പോൾ വ്യക്തമാക്കേണ്ടതാണ്. അതുകൊണ്ടാണ് 15-ാം വകുപ്പിൽ (യു) കഴിഞ്ഞതിനുശേഷം (വി) എന്നൊരു ഉപവകുപ്പ് ചേർത്തുകൊണ്ട് ഇക്കാര്യം വ്യക്തമാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

വകുപ്പ് 16, അക്കാദമിക് കൗൺസിൽ - വകുപ്പ് 16(2) വിവിധ കലാരൂപങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരും അത് അഭ്യസിപ്പിക്കുന്നവരുമായ പത്തിൽ കുറയാതെയുള്ളവരെ അംഗങ്ങളായി അക്കാദമിക് കൗൺസിലിന് കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്. 'വിവിധ കലാരൂപങ്ങൾ' എന്നാണ് പറഞ്ഞിരിക്കുന്നത്. വിവിധ കലാരൂപങ്ങൾ എന്നുപറഞ്ഞാൽ ഏതെങ്കിലുമൊരു മേഖലയിൽ നിന്നുമാത്രം അഞ്ചുപേർ വീതം വരും. അല്ലെങ്കിൽ എട്ടുപേരും രണ്ടുപേരും വീതം വരും. നമുക്ക് താൽപ്പര്യമുള്ള മേഖലകളിൽ നിന്നുള്ള ആളുകളെ കൂടുതലായി കോ-ഓപ്റ്റ് ചെയ്യാൻവേണ്ടിയുള്ള ഒരു സാഹചര്യം ഇത് ഉണ്ടാക്കും. അതുകൊണ്ട് വിവിധ കലാരൂപങ്ങൾ എന്നുപറയുന്നതിനുപകരം കലാരൂപങ്ങളുടെ പേരുകൾ വ്യക്തമായി പറഞ്ഞാൽ ആ മേഖലയിൽ നിന്നെല്ലാമുള്ള ഓരോരുത്തരെവീതം ഇതിലേക്ക് കോ-ഓപ്റ്റ് ചെയ്യാൻ സാധിക്കും. ഉദാഹരണത്തിന് തെയ്യം, കഥകളി, നാടൻ കലകൾ, സംഗീതം എന്നിങ്ങനെ പ്രത്യേകം പ്രത്യേകമായി കലാരൂപങ്ങളെ പരാമർശിച്ചാൽ ഈ മേഖലയിൽ നിന്നെല്ലാം ഓരോ ആളുകൾവീതം വരും. നേരെമറിച്ച് വിവിധ കലാരൂപങ്ങൾ എന്ന് വളരെ വിശാലമായ അർത്ഥത്തിൽ ഉപയോഗിച്ചാൽ സംഭവിക്കാൻ പോകുന്നത് ഏതെങ്കിലുമൊരു മേഖലയിൽ നിന്നുമാത്രം നാലും

അഞ്ചും ആളുകൾ വരും, മറ്റു പല മേഖലകളിൽ നിന്നും ആരുംതന്നെ കോ–ഓപ്റ്റ് ചെയ്യപ്പെടാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് വിവിധ കലാരൂപങ്ങൾ എന്നുള്ളത് കുറച്ചുകൂടി വ്യക്തമാക്കിക്കൊണ്ട് കലാരൂപങ്ങളുടെ പേരുകൾ പറയുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. രാജു: സർ, മലയാള സർവ്വകലാശാലാ ബിൽ പാസ്സാക്കുന്നതിൽ ഭരണപക്ഷത്തിന് ഒരു താൽപ്പര്യവുമില്ല. മന്ത്രി കഴിഞ്ഞാൽ പിന്നെ നാല് ഭരണകക്ഷി അംഗങ്ങൾ മാത്രമാണ് സഭയിലുള്ളത്. അവർക്ക് ഇതിൽ യാതൊരു താൽപ്പര്യവുമില്ല. ഭരണപക്ഷം പേരിന് ഈ ബിൽ കൊണ്ടുവന്നുവെന്നേയുള്ളൂ. യഥാർത്ഥത്തിൽ ആത്മാർത്ഥതയോടുകൂടിയല്ല ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഈ സർവ്വകലാശാല സ്ഥാപിക്കാൻ പോകുന്ന സ്ഥലത്തെ എം.എൽ.എ. ശ്രീ. സി. മമ്മൂട്ടി ഇവിടെയിരിക്കുന്നതു തന്നെ വലിയ ഭാഗ്യമെന്നാണ് ഞാൻ കരുതുന്നത്. അതുതന്നെ ഒരു വലിയ കാര്യമാണ്.

ശ്രീ. ജി. സുധാകരൻ: സർ, ശാപ്പാടിന്റെ കാര്യം കേട്ടാൽ മലയാള ഭാഷയെ മറക്കുന്നവരാണ് അവർ എന്നകാര്യം അവർതന്നെ ഇപ്പോൾ സമ്മതിച്ചുകഴിഞ്ഞു. ഞാൻ അത് ചോദ്യം ചെയ്യുന്നില്ല. ഞാൻ അങ്ങയോട് ഒരു ചോദ്യം ചോദിക്കുകയാണ്. ഇതൊരു സാധാരണ സർവ്വകലാശാലാ നിയമമല്ല. ഇത് സാധാരണ സാമ്പ്രദായിക രീതിയുള്ള എല്ലാ സർവ്വകലാശാലകളിലുമുള്ള നിയമമാണ്. ബേസിക്കായിത്തന്നെ ഈ നിയമത്തിന്റെ അടിത്തറ ഇവിടെ പറയുന്ന ഒരു ലക്ഷ്യവും നേടാൻ പറ്റിയതല്ലെന്ന് അങ്ങ് വിയോജനം രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ പരാമർശിച്ചു. ഇതിന്റെ മൊത്തം സംവിധാനം ഇങ്ങനെ കണ്ടുകൊണ്ട് ഒരു സാധാരണ സർവ്വകലാശാ

ലപോലെ ഇത് ഭരിക്കുവാൻ കഴിയുമോ? ഒ.എൻ.വി. കുറിപ്പിന്റെ നേതൃത്വ ത്തിൽ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖ എല്ലാവർക്കും ലഭിച്ചിട്ടുണ്ട്, എനിക്കും ലഭിച്ചു. പുതുശ്ശേരി രാമചന്ദ്രനും ഒ.എൻ.വി. കുറുപ്പും മറ്റുചിലരും ചേർന്നാണ് ഇത് തയ്യാറാക്കിയത്. ഇതിൽ പറഞ്ഞിരിക്കുന്നതു പോലെ ചെയ്യണമെന്നല്ല ഞാൻ പറയുന്നത്. പക്ഷെ, നല്ല ചില കാര്യങ്ങ ളെല്ലാം ഇതിലുണ്ട്. ഇതൊന്നും ആരും പരിഗണിച്ചിട്ടേയില്ല. ഒരു പക്ഷെ ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തതിനുശേഷം ഇറക്കിയ ലഘുലേഖയായിരിക്കാം. എന്തായാലും ഒരു ദർശനം ഇക്കാര്യത്തിലില്ല. അതുകൊണ്ട്, ഒരു സംവി ധാനം ഉണ്ടാക്കുന്ന ഒരു ബിൽ അവതരിപ്പിക്കുന്നതിനുപകരം ഇതിന്റെ ഒരു സൂക്ഷ്മരൂപം അവതരിപ്പിച്ചശേഷം, ഒരു വൈസ് ചാൻസിലറെയും സിൻഡി ക്കേറ്റിനെയുമെല്ലാം വച്ച് അവതരിപ്പിച്ചശേഷം ഒന്നുരണ്ട് വർഷം കഴിഞ്ഞ് ലോകത്തെമ്പാടുമുള്ള ഭാഷകൾക്കുവേണ്ടിയുള്ള തനത് സർവ്വകലാശാലകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നുനോക്കി പടിപടിയായി കെട്ടിപ്പടുത്ത് പൂർണ്ണരൂപത്തിൽ എത്തിക്കുന്നതിനുപകരം ഭരണകക്ഷിക്ക് കുറേ ആളുകളെ യെല്ലാം സിൻഡിക്കേറ്റിലും സെനറ്റിലുമെല്ലാം കുത്തിത്തിരുകിവച്ച് അടിയും പിടിയും ബഹളവുമായി മലയാള ഭാഷയ്ക്ക് അപമാനകരമാകാൻപോകുന്ന ഒന്നല്ലേ ഈ ബിൽ; അതിനെപ്പറ്റി എന്തെങ്കിലും ബേസിക്കായി അങ്ങ് പറയു മെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഡോ. കെ.ടി ജലീൽ: 16 (2)–ൽ പറഞ്ഞിരിക്കുന്ന കാര്യം ശ്രീ. സുധാകരൻ സാർ പറഞ്ഞതുപോലെ ഏറെ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. പത്ത് പേരെ സർക്കാർ നാമനിർദ്ദേശം ചെയ്യുമ്പോൾ അല്ലെങ്കിൽ ബന്ധപ്പെട്ടവർ നാമനിർദ്ദേശം അക്കാഡമിക് കൗൺസിലിലേയ്ക്ക്

കോ–ഓപ്റ്റ് ചെയ്യുമ്പോൾ അതിൽ പട്ടികജാതി പ്രാതിനിധ്യവും സ്ത്രീ പ്രാതിനിധ്യവും വേണം എന്നുള്ള നിഷ്ക്കർഷത ഉൾപ്പെടുത്തിയിട്ടില്ല. പട്ടികജാതി പ്രാതിനിധ്യവും സ്ത്രീ പ്രാതിനിധ്യവും വിവിധ കലാരൂപങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ളവരെ കോ–ഓപ്റ്റ് ചെയ്യുക എന്ന് പറയുമ്പോൾ ആവശ്യമില്ലേ? പ്രൊഫസർക്ക് ഇത് സംബന്ധിച്ച് എന്താണ് അഭിപ്രായം.

ഡോ. എൻ. ജയരാജ്: സർ, ആശയത്തിന്റെ ഒരു കുഴപ്പമാണ്. പത്ത് പേരെ കോ–ഓപ്റ്റ് ചെയ്യുമ്പോൾ ആ പത്തുപേർ ഏതൊക്കെ മേഖലയിലാണെന്ന് നേരത്തെ തന്നെ നിഷ്ക്കർഷിച്ചാലുണ്ടാകുന്ന അപകടം അവർക്ക് മാത്രമേ ഇതിലേക്ക് കടന്നു വരാൻ കഴിയുകയുള്ളൂ എന്നതാണ്. തെയ്യം, കൂടിയാട്ടം ഇവയുടെ കാര്യം വരുമ്പോൾ പ്രശ്നം വരും. അതുകൊണ്ട് ആ ഒരു നിഷ്ക്കർഷ വളരെ പ്രായോഗികമാണെന്ന് എനിക്ക് തോന്നുന്നില്ല. ഇതിനകത്ത് സംവരണത്തിന്റെ കാഴ്ചപ്പാട് കൊണ്ടുവരേണ്ട കാര്യമുണ്ടോ. അത്തരം ഒരു രീതിയിലേക്ക് അല്ലെങ്കിൽ ആ രൂപത്തിലതിനെ കാണണമോ യെന്ന് തീർച്ചയായും ചർച്ച ചെയ്യേണ്ട കാര്യമാണ്. കാരണം സ്ത്രീപക്ഷത്തുള്ള ഒട്ടേറെ കലാകാരൻമാർ മലയാളത്തിലുണ്ട് അവരെ അംഗീകരിച്ച് പോകണമെന്ന മാനസികമായ ഒരു ഭാവമായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

ഡോ. കെ.ടി ജലീൽ: നമ്മൾ അതിനനുസരിച്ച് ഉയരുകയാണെങ്കിൽ കുഴപ്പമൊന്നുമില്ല. പക്ഷെ, നമ്മൾ ഇതുവരെ ഉയർന്നിട്ടില്ലല്ലോ. നിയമസഭയിലെ സ്ത്രീകളുടെ പ്രാതിനിധ്യം നോക്കിയാൽ തന്നെ അത് വ്യക്തമാകുമല്ലോ. നിങ്ങൾ പറഞ്ഞതാണ് ശരി. അങ്ങനെ പ്രത്യേകമായൊരു റിസർവേഷനൊന്നും ആർക്കും കൽപ്പിച്ചുകൊടുക്കേണ്ട കാര്യമില്ല. എന്നാൽ അത്തരം

ഒരു റിസർവേഷന്റെ അഭാവത്തിൽ അവരെ മുഴുവൻ ഉൾക്കൊള്ളാൻ ഉള്ള വിശാല മനസ്സ് നമുക്കിതുവരെ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സംവരണം നിലനിൽക്കുന്നിടത്തോളം അങ്ങനെ വേണമെന്നതാണ് എന്റെ അഭിപ്രായം  പട്ടിക ജാതി/പട്ടിക വർഗ്ഗം കൂട്ടിച്ചേർക്കലല്ല. പട്ടിക ജാതിക്കു വേറെ, പട്ടിക വർഗ്ഗത്തിന് വേറെ, കാരണം അടിസ്ഥാനപരമായി മലയാള ഭാഷയുടെ ഗവേഷണം നടത്തിയാൽ കലാകാരൻമാരും കലാകാരികളും അതിന്റെ സർഗ്ഗാത്മകഭാവങ്ങളും ഉറഞ്ഞുകൂടി നിൽക്കുന്നത് അടിസ്ഥാന വർഗ്ഗത്തിലാണ്.  ആ അടിസ്ഥാന വർഗ്ഗങ്ങളെ കൂട്ടിച്ചേർത്ത് പേരിന് പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നൊരാൾ എന്നാകാതെ പട്ടിക ജാതിക്കാരന്റെ പ്രതിനിധിയും വേണം പട്ടിക വർഗ്ഗക്കാരന്റെ പ്രതിനിധിയും വേണമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ.

ഡോ. കെ.ടി ജലീൽ: തീർച്ചയായും. അദ്ദേഹം പറഞ്ഞ കാര്യം പരിഗണിക്കാവുന്നതാണ്.

മി. ചെയർമാൻ: അങ്ങയോട് സമയം നിർബന്ധിക്കുന്നില്ല  പക്ഷെ, 40 മിനിട്ടായി.

ഡോ. കെ.ടി ജലീൽ: ശരി സർ, അക്കാദമിക് കൗൺസിലിന്റെ അധികാരങ്ങളും, ചുമതലകളും കർത്തവ്യങ്ങളും എന്ന 17–ാം വകുപ്പിലെ ഉപവകുപ്പ് (ഡി) യിൽ പറയുന്നത് ഗവേഷണ കൗൺസിൽ ശുപാർശ ചെയ്ത പ്രകാരം ഗവേഷണ പ്രോജക്ടുകളും  ഗവേഷണ വിഷയങ്ങളും അംഗീകരിക്കുകയെന്നുള്ളതാണ്.  ഈ ബില്ലിന്റെ മൊത്തത്തിലുള്ള ന്യൂനതയായി എനിക്ക് തോന്നിയിട്ടുള്ളത് യു. ജി. സി നിബന്ധനകൾ അനുസരിച്ചുള്ള എന്ന വാക്ക് ഈ ബില്ലിൽ ഇല്ല എന്നുതന്നെ പറയാം. എല്ലാം യു.ജി.സി. നിർണ്ണയി

ച്ചിരിക്കുന്ന യോഗ്യതകൾ എന്ന് പറയുന്നതിൽ എന്താണ് ഒരു ഭയപ്പാട്. യു. ജി.സി യോഗ്യതയില്ലാത്ത ആരെയൊക്കെയോ കണ്ടു വച്ചതിന് ശേഷം ഉണ്ടാക്കിയിട്ടുള്ള നിയമമാണോ ഇത് എന്ന് ആരെങ്കിലും സംശയിച്ചാൽ, വരാൻ പോകുന്ന പല പോസ്റ്റുകളിലേക്കും, യു.ജി.സി. യോഗ്യതയില്ലാത്ത ആളുകളെ കണ്ടു വച്ചതിന് ശേഷം നിയമമുണ്ടാക്കിയതുപോലെയാണ് ഈ നിയമം വായിച്ചാൽ തോന്നുക. അങ്ങനെയൊരാൾ സംശയിച്ചാൽ അയാളെ കുറ്റപ്പെടുത്താൻ കഴിയില്ല. 17 (ഡി) യിൽ പറയുന്ന വാക്കിന് പുറമേ ഈ ഒരു വാചകവും കൂടി കൂട്ടിച്ചേർക്കുന്നത് നന്നായിരിക്കും. യു.ജി.സി. നിബന്ധനകൾക്കനുസരിച്ച് ഗവേഷണത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അംഗീകരിക്കുകയും ചെയ്യുക. ഗവേഷണ പുരോഗതി സംബന്ധിച്ച് ഗവേഷണ കൗൺസിലിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും പരിശോധിക്കുകയും വിലയിരുത്തുകയും ശുപാർശകൾ നൽകുകയും ചെയ്യുക. യു.ജി.സി. ഗവേഷണത്തിന് ചില നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗവേഷണത്തിന് 55% മാർക്ക് വേണം. നമ്മുടെ സർവ്വകലാശാലയിൽ നിലവിലുള്ള വകുപ്പാണ് ഉൾപ്പെടുത്തുന്നതെങ്കിൽ 55% മാർക്കില്ലാത്തവർക്കും ഇവിടെ ഗവേഷണം നടത്താം. ഇത്യാദി കാര്യങ്ങളിൽ യു.ജി.സി. നിബന്ധന എന്ന് പ്രത്യേകമായി പരാമർശിക്കണം. യു.ജി.സി.യുടെ നിബന്ധന ഇല്ലാത്ത ആളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ ഉദ്ദേശിച്ച് നിയമമുണ്ടാക്കുന്നത് ഉചിതമാവില്ല. അത് നമ്മുടെ അക്കാദമിക് നിലവാരത്തെ പ്രതികൂലമായി ബാധിക്കും. എഞ്ചിനീയറിംഗ് എൻട്രൻസുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിൽ മിനിമം പാസ്സാണ് യോഗ്യത. അത് നമ്മുടെ സംസ്ഥാനത്തും ഏർപ്പെടുത്തണമെന്ന് പറഞ്ഞ്

ഖാദർ സാഹിബ് ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചിരുന്നു. ബഹുമാന പ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്ന് അതിന് ശക്തമായ വിയോജിപ്പാണ് പ്രകടിപ്പിച്ചത്. നിലവിലുളള രീതി തുടരാനാണ് ആഗ്രഹക്കുന്നതെന്നാണ് അന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടിയിൽ പറഞ്ഞത്. അങ്ങയുടെ ആ സ്പിരിറ്റിനെ ഞാൻ അംഗീകരിക്കുന്നു. അങ്ങ് അതുകൊണ്ട് ഈ സർവ്വകലാശാല നിയമത്തിലും ആ ഒരു സ്പിരിറ്റ് ഉൾക്കൊണ്ടുകൊ ണ്ടുളള വ്യവസ്ഥകൾ ഉൾപ്പെടുത്തണം. അതല്ലെങ്കിൽ യു.ജി.സി നിബന്ധന കൾക്ക് വിരുദ്ധമായി ഗവേഷണം നടക്കുന്ന സ്ഥിതി ഈ സർവ്വകലാശാലയി ലുണ്ടാവുകയും ആത്യന്തികമായി യു.ജി.സി-യുടെ പല ഗ്രാന്റുകളും നമ്മുടെ സർവ്വകലാശാലയ്ക്ക് കിട്ടാതെ പോകുന്ന സാഹചര്യം ഉടലെടുക്കു കയും ചെയ്യും. അത് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനു ളളത്. വകുപ്പ് 17 (എൽ)-ൽ പറയുന്നത് സർവ്വകലാശാലയിലെ പാഠ്യപദ്ധ തിക്കും വിവിധ പഠന കോഴ്സുകൾക്കുളള അദ്ധ്യയന ക്രമരീതിക്കും വേണ്ട ശുപാർശ ചെയ്യുക എന്നതാണ്. അതിന്റെ കൂടെ വിവിധ പഠനവകുപ്പു കൾക്കാവശ്യമായ അദ്ധ്യാപക, ഗവേഷക, വിസിറ്റിംഗ് പ്രൊഫസർ തുടങ്ങിയ തസ്തികകൾക്ക് ശുപാർശ ചെയ്യുക എന്ന് കൂടി ചേർക്കണം. കേവലം പഠന ത്തിനുളള സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ എണ്ണം ഇതൊക്കെ ശുപാർശ ചെയ്യാനുളള അധികാരം കൊടുക്കുമ്പോൾ അത്രയും വിദ്യാർത്ഥികൾ വന്നാൽ, ഗവേഷകർ വന്നാൽ അവരെ പഠിപ്പിക്കാൻ, അവർക്ക് വേണ്ട സൗക ര്യങ്ങൾ അക്കാദമിക് രംഗത്ത് ഒരുക്കിക്കൊടുക്കാനുളള സൗകര്യം കൂടി ശുപാർശ ചെയ്യാനുളള അധികാരം ഇവർക്കുണ്ടായിരിക്കുമെന്ന് കൂട്ടിചേർക്ക ണം. വകുപ്പ് 20 ഫാക്കൽറ്റി ഉപദേശക സമിതികൾ എന്നതാണ്. അതാണ്

ഞാൻ നേരത്തെ സൂചിപ്പിച്ചത്, ഫാക്കൽറ്റി ഉപദേശക സമിതികൾ വേണ്ട; പകരം പഠന ബോർഡുകളിലും ഫാക്കൽറ്റികളിലും പ്രഗത്ഭരെ ക്ഷണിതാക്കളായി വിളിച്ചു വരുത്താനുള്ള അധികാരം വൈസ് ചാൻസിലർമാരുടെ അനുവാദത്തോടെ ബോർഡ് ചെയർമാനും ഡീനിനും നൽകിയാൽ മതി. ഉപദേശക സമിതിക്ക് പകരം ഈ മേഖലകളിൽ പ്രഗത്ഭരായിട്ടുള്ള ആളുകളെ ഉൾപ്പെടുത്തുവാൻ പ്രത്യേക ക്ഷണിതാക്കളായി വിളിച്ചു വരുത്താനുള്ള അധികാരം വൈസ് ചാൻസിലറുടെ അനുവാദത്തോടെ ബോർഡ് ചെയർമാനും ഡീനിനും നൽകിയാൽ മതി. വകുപ്പ് 22 –ൽ മലയാളം സർവ്വകലാശാലയിൽ തുടങ്ങാൻ പോകുന്ന ഫാക്കൽറ്റികളെക്കുറിച്ചാണ് പറയുന്നത്. അതിൽ വ്യക്തമായി ഉൾപ്പെടുത്തേണ്ടത് മാധ്യമ പഠനമാണ്. അത് ഉൾപ്പെടുത്തി കണ്ടില്ല. നിർബന്ധമായും അത് ഒരു ഫാക്കൽറ്റിയായി തന്നെ ഈ സർവ്വകലാശാലയിൽ ഉണ്ടാകണം. ഒന്ന് – മലയാള ഭാഷാ പഠന ഫാക്കൽറ്റി, രണ്ട് – സാഹിത്യ ഫാക്കൽറ്റി, മൂന്ന് – കലാ ഫാക്കൽറ്റി, നാല് – പൈതൃക പഠന ഫാക്കൽറ്റി, അഞ്ച് – പാരമ്പര്യ വിജ്ഞാന സമ്പ്രദായ ഫാക്കൽറ്റിയും ആറ് – നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഫാക്കൽറ്റികളും. സകല ഗുലാബിയിൽപ്പെടുത്താതെ ആറാമത്തെ ഫാക്കൽറ്റിയായി മാധ്യമ ഫാക്കൽറ്റി ഉൾപ്പെടുത്തുന്നത് വളരെ വളരെ ഉചിതമാണ്. മലയാളത്തിൽ ജേണലിസം പഠനം അതുപോലെ തന്നെ മാധ്യമ പഠന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഏതൊരു സർവ്വകലാശാലയിലും നമ്മൾ ഒരു കോഴ്സ് തുടങ്ങുമ്പോൾ അതിന്റെ ജോലി സാധ്യത വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആ ജോലി സാധ്യത ഇത്തരം സർവ്വകലാശാലയിൽ നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്കു

ണ്ടാകുന്നതിന് ഈ മാധ്യമ പഠന ഫാക്കൽറ്റി കൂടി പ്രത്യേകം വ്യക്തമാക്കി ഉൾപ്പെടുത്തിയാൽ അത് പ്രയോജനപ്രദമാകും.

26–ാമത്തെ വകുപ്പിൽ ചാൻസലറുടെ അധികാരം പറഞ്ഞ കൂട്ടത്തിൽ യാതൊരു വ്യക്തതയുമില്ല. വൈസ് ചാൻസലറെ നിയമിക്കേണ്ടത് ചാൻസലറാണ്. അത് ഈ നിയമത്തിൽ പരാമർശിക്കുന്നതേയില്ല. ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ എന്നിവ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടത് ചാൻസലറാണ്. ചാൻസലർ അപ്പലേറ്റ് അതോറിറ്റിയാണ്. വൈസ് ചാൻസലർ, പ്രോ–വൈസ് ചാൻസലർ എന്നിവർക്കെതിരെ നടപടിയെടുക്കാനുള്ള അധികാരം ചാൻസലർക്കാണ്. ഇതൊന്നും ഈ ബില്ലിലെ ചാൻസലറുടെ അധികാരത്തിൽ പരാമർശിച്ചിട്ടില്ല. ഈ നിയമം പാസ്സാക്കപ്പെടുമ്പോൾ മലയാളം സർവ്വകലാശാലയുടെ വൈസ് ചാൻസലറെ തീരുമാനിക്കേണ്ടത് ആരാണ് എന്ന് ചോദിച്ചാൽ.., സാധാരണ എല്ലാ സർവ്വകലാശാലകളിലും വൈസ് ചാൻസലർമാരെയും ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ എന്നിവ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുമുള്ള അധികാരവും ചാൻസലർക്കാണ്. പക്ഷേ ചാൻസലർക്ക് ആ അധികാരം ഈ വകുപ്പിൽ നൽകുന്നില്ല. മലയാളം സർവ്വകലാശാലയിൽ ആരാണ് അത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുക? എല്ലാ സർവ്വകലാശാലകളിലും ചാൻസലറാണ് അപ്പലേറ്റ് അതോറിറ്റി. പക്ഷേ മലയാള സർവ്വകലാശാലയിൽ ചാൻസലറാണ് അപ്പലേറ്റ് അതോറിറ്റിയെന്ന് പരാമർശിച്ചിട്ടില്ല. വൈസ് ചാൻസലർ, പ്രോ–വൈസ് ചാൻസലർ എന്നിവർക്കെതിരെ നടപടിയെടുക്കാൻ മറ്റു സർവ്വകലാശാലകളിൽ ചാൻസലർക്ക് അധികാരമുണ്ട്. ഇത്തരം വകുപ്പുകൾ ഈ നിയമത്തിലില്ല. നിർബന്ധമായും അത് ഉൾപ്പെടു

ത്തണ്ടേ? ചാൻസലറുടെ അധികാരം പറയുന്ന കൂട്ടത്തിൽ ഈ പ്രധാനപ്പെട്ട കാര്യങ്ങൾ വിട്ടുപോയത് എങ്ങനെയാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 29-ാം വകുപ്പിൽ ചാൻസലറാണ് വൈസ് ചാൻസലറെ നിയമിക്കേണ്ടതെന്ന് അവിടെ പറഞ്ഞിട്ടുണ്ട്. പക്ഷേ ആ ഭാഗം ചാൻസലറുടെ അധികാരത്തിന്റെ സ്ഥലത്തുവേണം, അത് അവിടെയില്ല എന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നതെന്ന് തോന്നുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ചാൻസലറുടെ അധികാരം പറഞ്ഞ ഭാഗത്ത് ഇത് പറഞ്ഞിട്ടില്ല. ആ ഭാഗമാണ് ഇപ്പോൾ വായിച്ചത്. വൈസ് ചാൻസലറെ നിയമിക്കേണ്ടത് ചാൻസലർ എന്നത് മാത്രമല്ല വരേണ്ടത്, അതിനുപുറമെ ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ എന്നിവ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടതും ചാൻസലറാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ജനറൽ കൗൺസിലിൽ കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ വൈസ് ചാൻസലറെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു യൂണിവേഴ്സിറ്റിയിലെ ജനറൽ കൗൺസിലിൽ മറ്റൊരു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ പോയി ഇരിക്കുന്നത് ശരിയാണോ? അതേ സമയത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറെ ഇതിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതിലെന്താണ് അങ്ങയുടെ അഭിപ്രായം?

ഡോ. കെ. ടി. ജലീൽ: സർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറെ നിർബന്ധമായും ഉൾപ്പെടുത്തണം. കലാമണ്ഡലം സർവ്വകലാശാലയുടെ വൈസ് ചാൻസലറെ......, മറ്റെല്ലാ സർവ്വകലാശാലകളുടെയും വൈസ്

ചാൻസലർമാരെയും ഉൾപ്പെടുത്താം. അതിൽ തെറ്റില്ല. ജനറൽ കൗൺസി ലാണല്ലോ.

ശ്രീ. ജി. സുധാകരൻ: സർ, ഈ തന്നിരിക്കുന്ന നിയമത്തിനുള്ളിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി അങ്ങ് പറഞ്ഞതിനോട് യോജിക്കുകയാണ്. പക്ഷേ അതോടൊപ്പം എനിക്ക് ചോദിക്കുവാനുള്ളത്. 1500 വർഷമെങ്കിലും പഴക്കമുള്ളതും......., 500 വർഷം പഴക്കമുള്ള ആധുനിക മലയാളം, തമിഴ് ഭാഷയിൽ നിന്നാണുണ്ടായത്. അതുകൊണ്ടാണ് ക്ലാസിക് പദവിക്കുവേണ്ടി നമ്മൾ ആവശ്യപ്പെടുന്നത്. ഈ നിയമം നോക്കിയാൽ വൈസ് ചാൻസലർ, ചാൻസലർ, പ്രോ-ചാൻസലർ, സിൻഡിക്കേറ്റ്, ജനറൽ കൗൺസിൽ, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, സ്റ്റാറ്റ്യൂട്ട്സ്, റൂൾസ്, റഗുലേഷൻസ്. ഇതിനൊന്നും മലയാളത്തിൽ പദങ്ങളില്ലേ? ഇത് എന്തുബില്ലാണ്? ഇത് അരമുറി ഇംഗ്ലീഷ് ബില്ലല്ലേ? ഈ നാട്ടിലെന്തെങ്കിലും നടക്കുമോ? മലയാളത്തിന്റെ സർവ്വകലാശാല വരുമ്പോൾ ലഭ്യമായ മലയാള വാക്കുകൾ ഉപയോഗിക്കുകയും യു.എസ്-ൽനിന്നും മറ്റുഭാഷകളിൽനിന്നും കടമെടുത്ത് മലയാളവത്ക്കരിക്കേണ്ട പദങ്ങൾ ഉപയോഗിക്കുന്നത് മര്യാദയല്ല. ഇങ്ങനെയാണോ തമിഴ് സർവ്വകലാശാല നിയമം? ഇതിനെപ്പറ്റിയൊക്കെ ഞങ്ങളെ ആഴത്തിലൊന്ന് ഉദ്ബുദ്ധരാക്കൂ സർ.

ഡോ. എൻ. ജയരാജ്: സർ, ലീലാതിലകത്തിൽ കൂന്തൽവാദം എന്നു പറയുന്ന ഒരു കൺസെപ്റ്റുണ്ട്. കൂന്തൽ എന്നുള്ള വാക്ക് മലയാള പദമല്ല. പക്ഷേ കൂന്തൽ എന്ന പദം നമ്മൾ പ്രയോഗിക്കുന്നതിനനുസരിച്ചാണ്, ഒരു ഭാഷയുടെ വ്യാകരണത്തിനകത്ത് നിന്നുകൊണ്ട് അത് ഉൾക്കൊള്ളുന്നു വെങ്കിൽ ആ പദം ഉൾക്കൊള്ളാം എന്നാണ് ലീലാതിലകത്തിൽ പറഞ്ഞിരിക്കു

ന്നത്. ഉദാഹരണത്തിന് റിസ്റ്റ് വാച്ച്, റിസ്റ്റിലുള്ള വാച്ച് എന്നതിന് നമ്മൾ വേറൊരു മലയാളപദം കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കും. മലയാളത്തിൽ ഉപയോഗിക്കുന്ന ഒട്ടേറെ വാക്കുകൾ മലയാള ഭാഷയിൽപ്പെട്ടതല്ല, അതിൽ അറബിയുണ്ട്, പോർച്ചുഗീസുണ്ട് ഒട്ടേറെ ഭാഷകളുണ്ട്. അതെല്ലാം കൺവെർട്ട് ചെയ്തുപോകുക എന്നുപറയുന്നത് പ്രായോഗികമായി വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും. നമ്മൾ അത്രമാത്രം ഭാഷാമൗലികവാദത്തിലേയ്ക്ക് പോകണോ എന്ന് ചിന്തിക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങയിൽനിന്ന് ഞാൻ ഇത് പ്രതീക്ഷിച്ചതല്ല, കാരണം അങ്ങ് ഒരു മലയാളം പ്രൊഫസറാണ്. ഞാൻ ഉന്നയിച്ച വാദത്തിന് മറുവാദമാണെന്ന് എനിക്ക് തോന്നിയതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അല്ലെങ്കിൽ...., ഞാനിവിടെ പറഞ്ഞു, ഞങ്ങളും ഭാഷയും സാഹിത്യവും എട്ടുപത്തുവർഷക്കാലമായി നന്നായി പഠിച്ചതാണ്. ഇംഗ്ലീഷ് ഭാഷയിൽ നിന്നും ഉണ്ടായതൊന്നുമല്ല......., ആധുനിക ഇംഗ്ലീഷ് ഭാഷയ്ക്ക് 500 വർഷത്തിന്റെ പഴക്കമുള്ളൂ.. അതിലെ ഭൂരിപക്ഷം വാക്കുകളും ലാറ്റിനും ഗ്രീക്കും പോർച്ചുഗലും സ്പാനിഷും ഫ്രഞ്ചും ജർമ്മനുമാണ്. ആ വാക്കുകൾ നൂറ്റാണ്ടുകളായി ഇംഗ്ലീഷുവൽക്കരിക്കപ്പെട്ടതുപ്പോലെ പതിറ്റാണ്ടുകളോളം മലയാളവൽക്കരിക്കപ്പെട്ട മറ്റു അന്യഭാഷ പദങ്ങൾ ഉപയോഗിക്കുകയും അത്തരത്തിൽ നിരന്തരം ഇംഗ്ലീഷ് പദങ്ങൾ അതേപോലെ നിലനിർത്തുകയും ചെയ്താൽ......, മലയാള സർവ്വകലാശാല എന്നു പറയുന്നത് എന്താണ്......, എന്താണോ തമിഴിലും മറ്റുമുണ്ടായത് എന്നുപഠിച്ച് അങ്ങ് ഒന്നുപറയണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ ഒരു പിടിവാശി

ക്കാരനല്ല. പക്ഷേ മലയാളികൾക്ക് മലയാളഭാഷയെപ്പറ്റി എന്തെങ്കിലും പറയാൻ വേണം. മലയാളത്തിൽ വാക്കുകളില്ലേ? ബോർഡ് ഓഫ് സ്റ്റഡീസിന് മലയാളത്തിൽ വാക്കുകളില്ലേ? സർവ്വകലാശാലകളിൽ വരുന്നവർക്കല്ലേ ബോർഡ് ഓഫ് സ്റ്റഡീസിനെക്കുറിച്ച് അറിയുകയുള്ളൂ, നാട്ടുകാർക്കുബോർഡ് ഓഫ് സ്റ്റഡീസിനെക്കുറിച്ച് വല്ലതുമറിയുമോ? അങ്ങ് ഇതിനെപ്പറ്റി ഒരു പ്രഭാഷണം നടത്തണം.

ശ്രീ. വി. റ്റി. ബൽറാം: സർ, പരമാവധി മലയാളം വാക്കുകൾ ഉപയോഗിക്കണമെന്ന വാദം എനിക്കുമുണ്ട്. ഈ ജനറൽ കൗൺസിലിൽ ധാരാളം ആളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തപ്പെടേണ്ടതാണ് എന്നുള്ള അഭിപ്രായം താങ്കൾക്കുണ്ടോ? അതുപോലെ തന്നെ ബാക്കി സംഗീത-നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, സാഹിത്യ അക്കാദമി തുടങ്ങിയ എല്ലാ അക്കാദമികളുടെ ചെയർമാൻമാരുമൊക്കെ ജനറൽ കൗൺസിലിൽ വരുന്നുണ്ട്. മലയാളഭാഷപോലെതന്നെ നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ടതാണ് മലയാള ചലച്ചിത്രങ്ങൾ. വളരെ ആഴത്തിലുള്ള ഒരു സാമൂഹ്യപഠനത്തിന് മലയാള ചലച്ചിത്രങ്ങളെ നമുക്ക് വിധേയമാക്കേണ്ടതുണ്ട്. മലയാള ചലച്ചിത്രത്തെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ചലച്ചിത്ര അക്കാദമി യുടെ ചെയർമാനെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, അത് നല്ലൊരു നിർദ്ദേശമാണ്. അത് പരിഗണിക്കാവുന്നതാണ്. മലയാള ഭാഷയുടെയും സംസ്ക്കാരത്തിന്റെയും

സമഗ്രമായ പുരോഗതിയാണല്ലോ......., നമ്മുടെ ഈ സർവ്വകലാശാലയിൽ......, മലയാള സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഒരു ബില്ലായതുകൊണ്ട് പരമാവധി മലയാളപദങ്ങൾ ഉപയോഗിക്കുന്നത് നന്നായിരിക്കും. ബഹുമാന പ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം. അദ്ദേഹം ബിൽ അവതരിപ്പിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റിയിൽ പോയി ബില്ല് വരുമ്പോൾ പരമാവധി സൂക്ഷ്മത പുലർത്തേണ്ടതായിരുന്നു. അതങ്ങ് പുലർത്താത്ത തിലാണ് ശ്രീ. ജി. സുധാകരനും ശ്രീ. കെ. എൻ. എ. ഖാദറും അവരുടെ.......,

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സബ്ജക്ട് കമ്മിറ്റിക്ക് വിഷയ നിർണ്ണ യസമിതി എന്നു പറയാം. അത് ഉണ്ടെന്നിരിക്കെ പിന്നെ സബ്ജക്ട് കമ്മിറ്റി എന്ന് പ്രയോഗിക്കണോ? ജലീൽ എന്നതിന്റെ മലയാള അർത്ഥം വേറെയുണ്ട്. ജലീൽ എന്നുള്ളത് അറബി പദമാണ്. അപ്പോൾ ശ്രീ. ജി. സുധാകരൻ പറഞ്ഞതിനോട് യോജിക്കുന്നു. ഞാനാദ്യം പറഞ്ഞതുതന്നെ യാണ് അദ്ദേഹം വിശദമായി പറഞ്ഞത്. അവയലബിളായിട്ടുള്ള, അപ്പോൾ ഞാൻ ഇംഗ്ലീഷാണ് പറഞ്ഞത്, ലഭ്യമായിട്ടുള്ള അത്രയും പദങ്ങൾ മലയാള സർവ്വകലാശാല നിയമത്തിലെങ്കിലും പ്രയോജനപ്പെടുത്തണം. മറ്റു കാര്യ ങ്ങൾ നമുക്ക് വേറെ വഴി നോക്കാം. അത് ചെയ്യുന്നതിനോട് യോജിപ്പില്ലേ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായിട്ടും അത് അങ്ങനെ വേണം.

ശ്രീ. പാലോട് രവി: സർ, ശ്രീ. ജി. സുധാകരൻ പറഞ്ഞതിനോട് യോജിക്കുകയാണ്. ഞാൻ ശബ്ദതാരാവലിയൊക്കെ നോക്കി ഇതിനകത്ത് 400 ഭേദഗതികൾ (മലയാളം വാക്കുകൾ) കൊടുത്തിട്ടുണ്ട്. ഇത് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല നിയമമാണ്. ഇത് ധാരാളം കോളേജു കൾ അഫിലിയേറ്റ് ചെയ്തുള്ള നിയമമല്ല. ഭരണഭാഷയെക്കുറിച്ച് ഗവേഷണം

നടത്തുന്നതിനും പ്രസിദ്ധീകരണത്തിനുമുള്ള......, നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളം ക്യാമ്പസിലിരിക്കുന്ന ഒരു പരീക്ഷണമാണ്. ഇത്രയും ഇംഗ്ലീഷ് പദങ്ങൾ ഇതിനകത്ത് ഉപയോഗിക്കണമായിരുന്നോ? മലയാളം സംരക്ഷിക്കാൻ കൊണ്ടുവന്ന നിയമത്തിനകത്ത്......., ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നതിനുപകരം നിയമം, നിയമാവലി എന്ന് എഴുതുന്നതിൽ എന്താണ് തടസ്സം.

ഡോ. കെ. ടി. ജലീൽ: 29-ാമത്തെ വകുപ്പിൽ വൈസ്-ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് വരുംകാലങ്ങളിൽ വ്യാപകമായി വലിയ ഒച്ചപ്പാടുകൾക്കിടയാക്കാൻ ഉതകുന്ന രീതിയിലുള്ള വകുപ്പാണ് ഇപ്പോൾ ചേർത്തിരിക്കുന്നത്. അതിനൊരു വ്യക്തതയും അതുപോലെത്തന്നെ ഒരു ക്ലിപ്തതയുമൊക്കെ വേണം. 29 (3)-ൽ വൈസ്-ചാൻസലറെ തെരെഞ്ഞെടുക്കുന്ന രീതിയാണ് പറയുന്നത്. “നിലവിലുള്ള രീതി അനുസരിച്ച് തെരഞ്ഞെടുപ്പ് സമിതി, പരിഗണിക്കുവാൻ സാദ്ധ്യതയുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ വ്യക്തികളിൽനിന്നും നികായങ്ങളിൽനിന്നും ലഭിക്കുന്നതിനുവേണ്ടി അനുയോജ്യമെന്നുകരുതുന്ന അതിന്റേതായ നടപടിക്രമം ഉണ്ടാക്കേണ്ടതാണ്.” അതിനുപകരമായി ഇക്കാര്യത്തിലൊരു വ്യക്തത വരുത്തണം. തെരഞ്ഞെടുപ്പ് സമിതി വൈസ്-ചാൻസലറാകാൻ യു.ജി.സി. അനുശാസിക്കുന്ന യോഗ്യതകളുള്ള മൂന്നിൽ കവിയാത്ത വ്യക്തികളുടെ പേരടങ്ങുന്ന ഒരു പാനലോ ഏകകണ്ഠമായി ഒരാളുടെ പേരോ നിർദ്ദേശിക്കാവുന്നതും അതിൽനിന്നും ചാൻസലർ യു.ജി.സി. നിബന്ധനകൾക്കനുസൃതമായ യോഗ്യതകളുള്ള ഒരാളെ വൈസ്-ചാൻസലറായി നിയമിക്കേണ്ട

താണെന്ന് വ്യക്തമായി പറയണം. നമ്മുടെ സർവ്വകലാശാലകളിൽ യോഗ്യത യില്ലാത്ത ആളുകൾ കുഞ്ചിക സ്ഥാനത്തുവരുന്നു. അത് സർവ്വകലാശാലക ളുടെ അക്കാദമിക് നിലവാരത്തെയും ഭരണനിർവ്വഹണത്തെയും പ്രതികൂല മായി ബാധിക്കുന്നുവെന്ന ശക്തമായ അഭിപ്രായമുണ്ട്. കാലിക്കറ്റ് സർവ്വകലാ ശാലയുടെ വൈസ്-ചാൻസലർ നിയമനവുമായി ബന്ധപ്പെട്ടും അതിനു ശേഷവും ഉണ്ടായിട്ടുള്ള വിവാദങ്ങൾ അതിനിയും മലയാളം സർവ്വകലാശാല യുടെ കാര്യത്തിലും തുടരാതിരിക്കാൻ വ്യക്തമായിട്ടുള്ള നിബന്ധന അതിലുൾപ്പെടുത്തണം. മറ്റെല്ലാം സർവ്വകലാശാലയുടെയും വൈസ്-ചാൻസലർമാരെ നിയമിക്കുമ്പോൾ അവർ യു.ജി.സി.യുടെ മാന ദണ്ഡങ്ങൾക്കും യോഗ്യതകൾക്കും അർഹരായിരിക്കണമെന്ന് വ്യക്തമായി പറയുന്നുണ്ട്. പക്ഷേ മലയാളം സർവ്വകലാശാലയുടെ കാര്യത്തിൽ മാത്രം........

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിൽ വിവാദവിഷയമായ എല്ലാ വൈസ്-ചാൻസലർമാരെയും യു.ജി.സി. പ്രതിനിധിയെ ഇതിൽനിന്ന് എടുത്തതുകൊണ്ട്, മലയാളം സർവ്വകലാശാല രക്ഷപ്പെടട്ടേയെന്ന് വിചാരിച്ചാ യിരിക്കും അത് വേണ്ടായെന്നുവച്ചത് എന്നുള്ളതിനെപ്പറ്റി അങ്ങ് എന്തു പറയുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഏതോ ഒരാളെ കണ്ടുവച്ചുകൊണ്ട് നിയമം ഉണ്ടാക്കിയതുപോലെയാണ് തോന്നുന്നത്. 29-ാം വകുപ്പിലെ (4) (2)-ാം ഉപ വകുപ്പിൽ "എന്തുതന്നെ അടങ്ങിയിരുന്നാലും, ആദ്യ വൈസ്-ചാൻസലറെ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം, അഞ്ചുവർഷത്തിൽ കവിയാതെയുള്ള ഒരു കാലാവധിയിലേക്ക് ചാൻസലർക്ക് തീരുമാനിക്കാവുന്ന അങ്ങനെയുള്ള

നിബന്ധനകളിലും ഉപാധികളിന്മേലും ചാൻസലർ നിയമിക്കേണ്ടതാണ്.'' ആദ്യ വൈസ് ചാൻസലറുടെ കാലാവധി അഞ്ച് വർഷമായി ഇതിൽ നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ..........

മി. ചെയർമാൻ: അങ്ങ് സംസാരിച്ചിട്ട് ഒരുമണിക്കൂറാകാൻ പോകുന്നു.

ഡോ. കെ. ടി. ജലീൽ: സർ, പല മെമ്പർമാരും ഇതിൽ ഇടപെട്ടതു കൊണ്ടാണ്. മലയാള ഭാഷയുടെ പരിപോഷണത്തിനായതുകൊണ്ട് എല്ലാ ആളുകൾക്കും ഇതിൽ ഇടപെടാനുള്ള സൗകര്യം ഒരുക്കികൊടുക്കണ്ടേ. 29 (4)–ൽ ഇങ്ങനെകൂടി കൂട്ടിച്ചേർക്കണം. ''ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം, പുതിയ വൈസ്–ചാൻസലർ നിയമിതനാകുന്നതുവരെയുള്ള കാലയളവിലേക്ക് എന്നാക്കുകയല്ലേ'' അഞ്ച് വർഷം എന്ന് പ്രത്യേകം തീരുമാനിക്കുന്നതിനേക്കാൾ നല്ലത് കുറച്ചുകൂടി ഡെമോക്രാറ്റിക്. ഇപ്പോൾ വൈസ്–ചാൻസലറായിട്ടുള്ള ആൾ മോശക്കാരനാണെന്ന രീതിയിലല്ല ഞാൻ പറയുന്നത്. നമ്മൾ ഒരു നിയമം ഉണ്ടാക്കുമ്പോൾ ആ നിയമത്തിന് കുറച്ചു കൂടി ക്രെഡിബിലിറ്റി വേണം, അതൊരു ജനാധിപത്യ സ്വഭാവത്തോടുകൂടിയാണെന്നുള്ളത് നാലാൾ നോക്കിയാൽ പറയണം. ആ ഒരു സാഹചര്യം ഉണ്ടാക്കാൻ വേണ്ടിയാണ്. 30–ാത്തെ വകുപ്പിൽ (3)–ൽ പറയുന്നത് ''വൈസ്–ചാൻസലർ ജനറൽ കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അക്കാദമിക് കൗൺസിലിന്റെയും യോഗങ്ങൾ വിളിച്ചു കൂട്ടേണ്ടതാണ്.'' വൈസ്–ചാൻസലർ സെനറ്റ് യോഗങ്ങൾ വിളിച്ചുകൂട്ടണം. നിലവിലുള്ള നിയമം അനുസരിച്ച് വൈസ്–ചാൻസലറിന് ഇഷ്ടമുള്ള സമയത്ത് വിളിച്ചുകൂട്ടിയാൽ മതി എന്നാണ്. പുതിയ നിയമത്തിൽ നിശ്ചിത

സമയപരിധിക്കുള്ളിൽ വിളിച്ചുചേർക്കേണ്ടതാണെന്ന് നിർബന്ധമായും ഉൾപ്പെടുത്തണം. അല്ലെങ്കിൽ വൈസ്-ചാൻസലർക്ക് അനന്തമായി ജനറൽ കൗൺസിൽ വിളിക്കാതെ മുന്നോട്ട് പോകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കും. 30-ാമത്തെ വകുപ്പിൽ (15)-ാമത് ഒരു ഉപവകുപ്പുകൂടി കൂട്ടി ച്ചേർക്കണം. വൈസ്-ചാൻസലറുടെ പദവികളെക്കുറിച്ച് പറയുന്ന 14 കാര്യങ്ങളുണ്ട്. പക്ഷേ അതിൽ വളരെ പ്രധാനപ്പെട്ടൊരു കാര്യം ഉൾപ്പെട്ടു കണ്ടില്ല. അതുകൊണ്ടാണ് 15-ാമത്തെ ഉപവകുപ്പ് ചേർക്കണമെന്ന് പറയുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: അങ്ങ് സംസാരിച്ചപ്പോൾ യോഗം വിളിച്ചുചേർക്കുന്ന കാര്യം പറഞ്ഞില്ലായെന്ന് പറഞ്ഞു. 12-ാംത്തെ വകുപ്പിൽ (1)-ൽ ജനറൽ കൗൺസിൽ യോഗങ്ങൾ എന്ന തലക്കെട്ടിൽ "കുറഞ്ഞത് നാല് മാസത്തിലൊരിക്കലെങ്കിലും വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ, ജനറൽ കൗൺസിൽ യോഗം ചേരേണ്ടതും ഒരു സാമ്പത്തിക വർഷത്തിലെ ആദ്യയോഗത്തിൽ മുൻവർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും സമർപ്പിക്കേണ്ടതും ഒരു സാമ്പത്തിക വർഷത്തിലെ അവസാന യോഗത്തിൽ വരുംവർഷത്തെ ബഡ്ജറ്റ് അംഗീകാരത്തിനായി വയ്ക്കേണ്ടതു മാണെന്ന്" കൃത്യമായി നിർവ്വചിക്കുന്നുണ്ട്. യോഗം വിളിച്ചുകൂട്ടേണ്ടത് എപ്പോഴാണെന്ന് പറഞ്ഞിട്ടില്ലെങ്കിലും ഏതൊക്കെ ദിവസങ്ങളിലാണ് യോഗം വിളിച്ചുകൂട്ടേണ്ടതെന്ന് കൃത്യമായി പറയുന്നുണ്ട്. വൈസ്-ചാൻസലറാണ് തീയതി നിശ്ചയിക്കേണ്ടതെന്നും നാലുമാസത്തിലൊരിക്കൽ യോഗം വിളിച്ചുകൂട്ടണമെന്നും കൃത്യമായി ഈ ബില്ലിൽ പറയുന്നുണ്ട്.

ഡോ. കെ. ടി. ജലീൽ: മൂപ്പതാമത്തെ വകുപ്പിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എന്നുചേർക്കുന്നതുകൊണ്ട് ആർക്കും പ്രത്യേകമായി ഒന്നും നഷ്ടപ്പെടാനില്ലല്ലോ. 15–ാമത്തെ ഒരു ഉപവകുപ്പുകൂടി ചേർക്കേണ്ടത്, സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ, ഓർഡിനൻസ് എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, പെരുമാറുകയോ ചെയ്യുക, സ്വഭാവദൂഷ്യം, ധനദുർവിനിയോഗം എന്നിവ ചെയ്യുക എന്നീ കുറ്റങ്ങൾക്ക് വൈസ്–ചാൻസലർക്കും പ്രോ–വൈസ്ചാൻസലർക്കും എതിരെ നടപടി എടുക്കാവുന്നതും അതിനായി ഹൈക്കോടതി ജഡ്ജിയുടെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ അന്വേഷണ കമ്മീഷനായി നിയമിക്കാവുന്നതും ആ ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകേണ്ടതും വൈസ്–ചാൻസലർ, പ്രോ–വൈസ്–ചാൻസലർ എന്നിവർക്കെതിരെ കുറ്റം ശരിയാണെന്ന് കണ്ടാൽ പിരിച്ചുവിടൽ അടക്കമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മറ്റെല്ലാ സർവ്വകലാശാലകളിലും ചാൻസലർക്ക് അവിടത്തെ വൈസ്–ചാൻസലറെയും പ്രോ–വൈസ്–ചാൻസലറെയുമെല്ലാം ഇക്കാരണങ്ങളാൽ പിരിച്ചുവിടാനുള്ള അധികാരമുണ്ട്. എന്നാൽ മലയാളം സർവ്വകലാശാലയുടെ വൈസ്–ചാൻസലറെ മാത്രം അതിൽനിന്ന് ഒഴിവാക്കപ്പെടാൻ പാടില്ല. അത് ശ്രദ്ധിക്കണം. (15)–ാമത്തെ ഒരു ഉപവകുപ്പായി ചാൻസലറുടെ അധികാരം നമ്മൾ പറയുന്ന സമയത്ത് വൈസ്–ചാൻസലർ, പ്രോ–വൈസ്–ചാൻസലർ, രജിസ്ട്രാർ ഇവർക്കെതിരെയുള്ള അച്ചടക്ക നടപടി സ്വീകരിക്കുവാനുള്ള അധികാരം ചാൻസലർക്കുണ്ട്. ഒരുപ്രാവശ്യം വൈസ്–ചാൻസലറായിയെന്ന് കരുതുക, അയാൾ ഇക്കാര്യങ്ങളെല്ലാം ചെയ്തു. അയാളെ ആര് പുറത്താക്കും. സർക്കാരിന് പുറത്താ

ക്കാൻ പറ്റുമോ? ആർക്കാണ് അയാളെ പുറത്താക്കാൻ സാധിക്കുന്നത്; ആർക്കാണ് അയാളെ നീക്കം ചെയ്യാൻ സാധിക്കുന്നത്. അതിന് വ്യക്തമായ ഒരു വ്യവസ്ഥ വേണം. അതുകൊണ്ടാണ് അതിൽ 15–ാമത്തെ ഒരു ഉപവകുപ്പു കൂടി ചേർക്കണമെന്ന് പറഞ്ഞത്. 32–ാമത്തെ വകുപ്പിൽ (3)–ൽ പറയുന്നത് "രജിസ്ട്രാർ, ജനറൽ കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അക്കാദമിക് കൗൺസിലിന്റെയും എക്സ്–ഒഫിഷ്യോ സെക്രട്ടറി ആയിരിക്കുന്നതും അവയുടെ നടപടിക്രമങ്ങളുടെ ശരിയായ രേഖപ്പെടുത്തലിനും അവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ അങ്ങനെയുള്ള എല്ലാ കാര്യങ്ങളും അങ്ങനെയുള്ള അധികാരികളുടെ മുമ്പാകെ വയ്ക്കുന്നതിനും ഉത്തരവാദിയായിരിക്കുന്നതാണ്". യോഗത്തിൽ യൂണിവേഴ്സിറ്റി നിയമങ്ങളുടെ അതോറിറ്റിയെന്ന് പറയുന്നത് രജിസ്ട്രാർ ആണ്. രജിസ്ട്രാർക്ക് സ്റ്റാറ്റ്യൂട്ട്, ആക്റ്റ്, റെഗുലേഷൻ തുടങ്ങിയവയിലെ ബന്ധപ്പെട്ട പ്രസക്ത നിയമങ്ങൾ ഭരണസമിതിയുടെയും വൈസ്–ചാൻസലർ തുടങ്ങിയ അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് അദ്ദേഹം ബാധ്യസ്ഥനാണ്. അക്കാര്യം പ്രത്യേകമായി ഇതിൽ ഉൾപ്പെടുത്തണം. 32(3)–ൽ ഉൾപ്പെടുത്തേണ്ട കാര്യം രജിസ്ട്രാർ, ജനറൽ കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അക്കാദമിക് കൗൺസിലിന്റെയും എക്സ്–ഒഫിഷ്യോ സെക്രട്ടറി ആയിരിക്കുന്നതും എന്നുകഴിഞ്ഞ് "സ്റ്റാറ്റ്യൂട്ട്, ആക്റ്റ്, റെഗുലേഷൻ തുടങ്ങിയവയിലെ ബന്ധപ്പെട്ട പ്രസക്ത നിയമങ്ങൾ ഭരണസമിതികളുടെയും വൈസ്–ചാൻസലർ തുടങ്ങിയ അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് രജിസ്ട്രാർ ബാധ്യസ്ഥനാണ്". മറ്റുള്ള സർവ്വകലാശാലകളിലെ രജിസ്ട്രാറുടെ

ബാധ്യതകൾ, അവരുടെ ഉത്തരവാദിത്വങ്ങൾ പറഞ്ഞ സന്ദർഭത്തിൽ ഇക്കാര്യം വളരെ വ്യക്തമായും പറഞ്ഞിട്ടുണ്ട്. അത് നമ്മുടെ പുതിയ സർവ്വ കലാശാല നിയമത്തിൽ വന്നുകണ്ടില്ല.

7-ാമത്തെ ഉപവകുപ്പ് കൂട്ടിച്ചേർക്കാമെന്നുപറഞ്ഞു. രജിസ്ട്രാർക്കെതിരെ വല്ല നടപടിയും കൈക്കൊള്ളാൻ ചാൻസലർക്ക് അധികാരം നൽകുന്ന 7-ാമത്തെ ഉപവകുപ്പായി കൂട്ടിച്ചേർക്കേണ്ടത് 'സ്വഭാവദൂഷ്യം, ധനദുർവിനിയോഗം, ഭരണരംഗത്തെ കാര്യക്ഷമതയില്ലായ്മ, ആക്റ്റ്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ, ഓർഡിനൻസ് എന്നിവയിലെ നിയമങ്ങൾ അനുസരിക്കാതെയുള്ള ഭരണനിർവ്വഹണം എന്നിവയ്ക്ക് രജിസ്ട്രാർക്കെതിരെ കേരള സർവ്വീസ് റൂൾസിലെ ഡിസിപ്ലിനറി പ്രൊസീഡ്യുവർ അനുസരിച്ച് നടപടിയെടുക്കാവുന്നതും പിരിച്ചുവിടൽ അടക്കമുള്ള അച്ചടക്ക നടപടികൾക്ക് രജിസ്ട്രാർ വിധേയനായിരിക്കുന്നതുമാണ്' എന്നുകൂടി 7-ാമത്തെ ഒരു ഉപവകുപ്പായി 32-ാം വകുപ്പിൽ കൂട്ടിച്ചേർക്കണം. കാരണം മലയാള സർവ്വകലാശാലയുടെ രജിസ്ട്രാറായി വരുന്ന ആൾക്ക് എന്തും ചെയ്യാം. ധനദുർവിനിയോഗം നടത്താം. സ്റ്റാറ്റ്യൂട്ടും ആക്ടും ലംഘിച്ചുകൊണ്ട് മുന്നോട്ടുപോകാം. അയാൾക്കെതിരെ ആര് നടപടിയെടുക്കും. കോടതിയിലൊക്കെ പോയാൽ നടപടി എടുത്തു എന്നുതന്നെ സങ്കൽപ്പിക്കുക. കോടതിയിൽ പോയാൽ നിലവിലുള്ള നിയമമനുസരിച്ച് രജിസ്ട്രാർക്കെതിരെ നടപടിയെടുക്കാൻ ആർക്കും അധികാരമില്ലെന്ന് വാദിക്കപ്പെടും. അതുകൊണ്ട് ഇത്തരത്തിലുള്ള

സന്ദർഭങ്ങളിൽ രജിസ്ട്രാർക്കെതിരായി ശിക്ഷാനടപടികൾ കൈക്കൊള്ളുവാനുള്ള വ്യവസ്ഥ നമ്മുടെ വകുപ്പിൽ ഉണ്ടായിരിക്കണം.

<u>മി. ചെയർമാൻ</u>: അങ്ങേക്ക് ഈ ഭേദഗതികളൊക്കെ അവതരിപ്പിക്കാനുള്ള അവസരം ഇനിയും ഉണ്ടാകും. അതുകൊണ്ട് അങ്ങ് പൊതുവായിട്ടുള്ള കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കുന്നതായിരിക്കും ഭംഗി.

<u>ഡോ. കെ.ടി. ജലീൽ</u>: സർ, 39-ാമത്തെ വകുപ്പിൽ പറയുന്ന ഒരു കാര്യവും കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇതിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും നിയമനവുമായി ബന്ധപ്പെട്ട് ഒരു സർവ്വകലാശാലയുടെ നിയമാവലികളിലുമില്ലാത്ത ചില വാക്കുകൾ ഇതിൽ കടന്നുകൂടിയിട്ടുണ്ട്. വിദ്യാഭ്യാസം കമ്പോളവത്ക്കരിക്കപ്പെടുന്ന കാലത്ത് അതിനോട് അനുസൃതമായി നിൽക്കാൻ വേണ്ടിയാണോ ആ വാക്ക് ഉപയോഗിച്ചതെന്ന് മനസ്സിലായില്ല. ബിസിനസ്സിലാണ് സാധാരണ 'കരാർ' എന്നുള്ള വാക്ക് വ്യാപകമായി ഉപയോഗിക്കുന്നത്. സാധാരണ അദ്ധ്യാപകനെ നിയമിക്കുമ്പോൾ യൂണിവേഴ്സിറ്റിയും അദ്ധ്യാപകനും തമ്മിൽ ഉണ്ടാക്കപ്പെടുന്നത് ഒരു കരാറല്ല. 'രേഖാമൂലമുള്ള കരാർ' എന്നാണ് ഈ നിയമാവലിയിൽ പറയുന്നത്. പകരം 'യു.ജി.സി. അനുശാസിക്കുന്ന സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കേണ്ടതാണ്' എന്ന ഒരു കൂട്ടിച്ചേർക്കൽ വേണം. 'യു.ജി.സി. അനുശാസിക്കുന്ന സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കേണ്ടതാണ്' എന്നാക്കണം. 'രേഖാമൂലമുള്ള കരാർ' എന്നതിനുപകരം 'നിയമനോത്തരവ്' എന്നാക്കണം.

സാധാരണ ഒരു അദ്ധ്യാപകന് അല്ലെങ്കിൽ ഒരു ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവാണ് കിട്ടുന്നത്. അല്ലാതെ ഒരു കരാറല്ല. നിയമന ഉത്തരവിൽ നമുക്ക് വ്യവസ്ഥകൾ വയ്ക്കാം. അങ്ങനെ വ്യവസ്ഥകൾ വച്ചുകൊണ്ട് 'കരാറിന്റെ ഒരു കോപ്പി' എന്നതിനുപകരം 'നിയമന ഉത്തരവിന്റെ ഒരു കോപ്പി' എന്നാക്കി മാറ്റണം. അതിനുപകരം 'കരാർ' എന്നുള്ള വാക്ക് മാറ്റി 'നിയമനോത്തരവ്' എന്ന് ചേർക്കുന്നതായിരിക്കും ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് മലയാള സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം അഭികാമ്യം.

**(അദ്ധ്യക്ഷ വേദിയിൽ ശ്രീ. എം. ഉമ്മർ)**

42-ാമത്തെ വകുപ്പിൽ പെൻഷൻ, പ്രോവിഡന്റ് ഫണ്ട് മുതലായവ:- സർക്കാരിന്റെ ഒരു നയത്തിന്റെ ഭാഗമായിട്ടാണോ എന്നെനിക്ക് അറിയില്ല. ഇങ്ങനെ ഒരു വകുപ്പുണ്ട്. ഇപ്പോൾ പറഞ്ഞിട്ടുള്ളത് 'എന്നാൽ, സർവ്വകലാശാലയ്ക്ക് 42-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ധനകാര്യ കമ്മിറ്റിയുമായി ആലോചിച്ച് അത് തീരുമാനിക്കുന്ന രീതിയിൽ പ്രോവിഡന്റ് ഫണ്ട് തുക നിക്ഷേപിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്'. സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളിൽ മലയാള സർവ്വകലാശാലയുടെ പ്രോവിഡന്റ് ഫണ്ടും പെൻഷനും നിക്ഷേപിക്കുവാനുള്ള വലിയൊരു വാതിലാണ് ഈ നിയമം മൂലം തുറന്നുകൊടുക്കുന്നത്. അതിനുപകരമായി 'പ്രോവിഡണ്ട് ഫണ്ട്, പെൻഷൻ ഫണ്ട് എന്നിവ ട്രഷറികളിലോ പൊതുമേഖലാ ബാങ്കുകളിലോ സർക്കാർ ഗ്യാരണ്ടിയുള്ള ധനകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതാണ്' എന്ന്

വ്യക്തമായി ഉൾപ്പെടുത്തണം. ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ഏത് സ്വകാര്യ ധനകാര്യ സ്ഥാപനത്തിലും ഇത് നിക്ഷേപിക്കാവുന്നതാണ്.

49-ാമത്തെ വകുപ്പിൽ റെഗുലേഷനുകൾ എന്ന തലക്കെട്ടിൽ (എ) ഉപവകുപ്പിൽ പറയുന്ന 'പഠന കോഴ്സുകളും പരീക്ഷകളുടെ നടത്തിപ്പും' എന്നുള്ളത് അപൂർണ്ണമാണ്. 'പഠന കോഴ്സുകളും അവയുടെ കരിക്കുലവും സിലബസ്സും പരീക്ഷാ നടത്തിപ്പും' എന്നാക്കണം. (ബി) ഉപവകുപ്പിൽ പറയുന്ന 'വിവിധ പഠന കോഴ്സുകളിലേയ്ക്കും പരീക്ഷകൾക്കും വിദ്യാർത്ഥികളുടെ പ്രവേശനം' എന്നതിനുപകരം 'വിദ്യാർത്ഥികളുടെ പ്രവേശനത്തിനാവശ്യമായ യോഗ്യതകൾ' എന്നാക്കി മാറ്റണം. (സി) ഉപവകുപ്പിൽ പറയുന്ന 'അദ്ധ്യാപകരുടെ യോഗ്യതകൾ' എന്നതിനുപകരം 'യു.ജി.സി. നിബന്ധനകൾക്ക് അനുസൃതമായി അദ്ധ്യാപകരുടെ യോഗ്യതകൾ' എന്നാക്കി മാറ്റണം. യു.ജി.സി.യുടെ നിബന്ധനകൾ ക്കനുസൃതമായ യോഗ്യതകളെക്കുറിച്ച് ഇതിൽ പറയുന്നില്ല. അതാണ് ഈ സർവ്വകലാശാലാ നിമയത്തിന്റെ ഏറ്റവും വലിയ ന്യൂനതയെന്ന് എനിക്ക് തോന്നുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, യു.ജി.സി. യോഗ്യത കോമണായിട്ടുള്ളതാണ്. അത് പ്രത്യേകമായി പറയേണ്ട കാര്യമില്ല, അണ്ടർസ്റ്റുഡാണ്. പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ല.

ഡോ. കെ.ടി. ജലീൽ: സർ, മറ്റുള്ള സർവ്വകലാശാലാ ആക്ടുകളിലൊക്കെ യു.ജി.സി. യോഗ്യതയെന്ന് പ്രത്യേകം പറയുന്നുണ്ട്.

അത് പറഞ്ഞില്ലെങ്കിൽ സ്വാഭാവികമായും അത് ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്. അങ്ങനെ ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യത എന്തിനാണ് നമ്മൾ കൊടുക്കുന്നത്; അത് അടയ്ക്കുകയല്ലേ നല്ലത്? അങ്ങേയ്ക്ക് അങ്ങനെ ദുരുദ്ദേശമുണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഈ അധികാരം കിട്ടുന്ന ആളുകൾ അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. അപ്പോൾ അങ്ങയുടെ ഒരു ക്രെഡിബിലിറ്റി കൂടി ഉയർത്തിപ്പിടിക്കാൻവേണ്ടി യു.ജി.സി. യോഗ്യതയ്ക്കനുസൃതമായി ആയിരിക്കും അദ്ധ്യാപകരുടെ യോഗ്യതകൾ എന്ന് ചേർക്കുന്നതിൽ എന്താണ് തെറ്റ്. (ഡി) ഉപവകുപ്പിൽ പറയുന്ന 'പഠന ബോർഡുകളുടെയും പരീക്ഷകരുടെയും നിയമനവും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കലും' എന്നതിനുപകരം 'പഠന ബോർഡുകളുടെയും പരീക്ഷാ ബോർഡുകളുടെയും രൂപീകരണവും അവരുടെ ചുമതലയും കർത്തവ്യങ്ങളും നിർണ്ണയിക്കുകയും' എന്നാക്കി മാറ്റണം. കൂടാതെ ഇതിൽ വരേണ്ട ഒരു കാര്യം യൂണിവേഴ്സിറ്റി അപ്പ്ലെറ്റ് ട്രിബ്യൂണൽ സ്ഥാപിക്കാനുള്ള ഒരു വകുപ്പും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. യൂണിവേഴ്സിറ്റി അപ്പ്ലെറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനുള്ള ഒരു വകുപ്പ് നിർബന്ധമായും ഈ നിമയത്തിലുണ്ടാകണം. നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങളിൽ പലതും കാലഹരണപ്പെട്ടതാണ്. 20 വർഷം കഴിഞ്ഞിട്ടുപോലും മുമ്പ് പാസ്സാക്കിയ നിയമത്തിൽ ഭേദഗതി വരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആ ഒരു സ്ഥിതി മലയാള സർവ്വകലാശാലാ ബില്ലിലുണ്ടാകാതിരിക്കാൻ കാലോചിതമായി എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത്; ആ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അത് അവതരിപ്പിക്കലായിരിക്കും ഏറ്റവും നല്ലത്.

പി.എസ്.സി. നിയമനങ്ങളായിരിക്കണം നമ്മുടെ സർവ്വകലാശാലകളിലെ അദ്ധ്യാപകേതര നിയമനത്തിന് എന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു തീരുമാനമെടുത്തിരുന്നു. പക്ഷേ പിന്നീട് അതുസംബന്ധമായ യാതൊരു ഫോളോ-അപ്-ഉം നടന്നില്ല. ഈ മലയാള സർവ്വകലാശാലയുടെ ബില്ലിലെങ്കിലും അദ്ധ്യാപകേതര ജീവനക്കാരെ പി.എസ്.സി. മുഖേനയാകും നിയമിക്കുക എന്നുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കണം. കേരളത്തിലെ മൊത്തം ജനങ്ങളുടെ ഒരു ആവശ്യമാണത്. അദ്ധ്യാപക നിയമനവും നമുക്ക് അതിലേയ്ക്ക് മാറ്റാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പിന്നീട് ആലോചിക്കാം. അതിന്റെ ഒരു ഫസ്റ്റ് സ്റ്റെപ് എന്നുള്ള രീതിയിലാണ് അദ്ധ്യാപകേതര നിയമനങ്ങൾ. അദ്ധ്യാപകരുടെ നിയമനത്തിന് യു.ജി.സി. യുടെ യോഗ്യത നിഷ്കർഷിക്കുന്നതുകൊണ്ട് അക്കാര്യത്തിൽ ഒരു പരിധിവരെ ന്യായവും നീതിയുമൊക്കെ നടക്കും. പക്ഷേ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടാണ് വ്യാപകമായിട്ടുള്ള ക്രമക്കേടുകളും അന്യായവും സ്വജനപക്ഷപാതവും നടത്തുന്നതെന്നുള്ള ആക്ഷേപം വന്നുകൊണ്ടിരിക്കുന്നത്. അത് ഇല്ലാതാക്കാൻ 'മലയാള സർവ്വകലാശാലയിൽ നടക്കുന്ന അദ്ധ്യാപകേതര നിയമനങ്ങൾ പി.എസ്.സി. മുഖേനയാകും' എന്നുള്ള ഒരു വകുപ്പുകൂടി ചേർത്തുകൊണ്ട് ഈ മലയാള സർവ്വകലാശാല ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ട് ഇങ്ങനെ ഒരു നിയമം കൊണ്ടുവരണം. കാലോചിതമായി സർവ്വകലാശാലാ നിയമങ്ങൾ പരിഷ്കരിക്കണം. നമ്മുടെ ഭാഷയുടെ പരിപോഷണത്തിനും സംസ്കാരത്തിന്റെ പരിപോഷണത്തിനുമൊക്കെ ഈ സർവ്വകലാശാല നിലവിൽവരുന്നത് വളരെ പ്രയോജനപ്രദമാകും. ഇത്തരം ഒരു

സർവ്വകലാശാല സ്ഥാപിക്കുന്നതിന് താൽപ്പര്യമെടുത്ത അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു എന്നുള്ള കാര്യം ഞാൻ പറയാതെ പോകുന്നില്ല. പക്ഷേ കുറ്റമറ്റരീതിയിൽ ഒരു നിയമം കൊണ്ടുവന്ന് ആ അഭിനന്ദനത്തിന്റെ വ്യാപ്തി കുറച്ചുകൂടി വർദ്ധിപ്പിച്ച്, മറ്റുള്ളവരിൽ നിന്ന് ആ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുന്ന സാഹചര്യം ഉണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പുകൾ ഇവിടെ രേഖപ്പെടുത്തുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച മലയാള സർവ്വകലാശാല ബിൽ സംബന്ധിച്ച് എന്റെ വിയോജനം രേഖപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ദക്ഷിണേന്ത്യയിൽത്തന്നെ ഏറ്റവും വൈകിയാണ് നാം നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും ഉന്നതിക്കും പുരോഗതിക്കുംവേണ്ടി ഒരു സർവ്വകലാശാല കൊണ്ടുവരുന്നത്. ലോകത്തെ മലയാളത്തിലൂടെ അറിയാനും മലയാളത്തെ ലോകത്തിന് അറിയിച്ചുകൊടുക്കാനുമുള്ള ഒരു ജാലകമായി ഈ സർവ്വകലാശാല മാറേണ്ടതായിട്ടുണ്ട്. അതോടൊപ്പം ശാസ്ത്ര സാങ്കേതിക വിഷയങ്ങൾകൂടി മലയാളത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കുംവിധം ഭാവി വിജ്ഞാനത്തിന്റെ ഭാഷയായി മലയാളത്തെ മാറ്റാനും ഈ സർവ്വകലാശാലയ്ക്ക് കഴിയേണ്ടതുണ്ട്. ഈ ബിൽ ഇപ്പറഞ്ഞ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധിതമാക്കാൻ ഉതകുന്നതല്ല എന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ് നമ്മുടെ മാതൃഭാഷയെ ഭാവിയുടെ ഭാഷയാക്കി മാറ്റാൻ, വിജ്ഞാന രൂപീകരണത്തിന്റെ ഭാഷയാക്കി മാറ്റാൻ ഉതകുന്നതായ നിർദ്ദേശങ്ങളൊന്നും ഇതിനകത്തില്ല. മാതൃഭാഷ സംസാരിക്കുന്ന ആളുകളുടെ എണ്ണമെടുത്താൽ ലോകത്ത് മലയാളത്തിന്റെ സ്ഥാനം 26-ാമത്തേതാണ്. യൂറോപ്പിലെ പല ഭാഷകളും ഇക്കാര്യത്തിൽ മലയാളത്തേക്കാൾ പിന്നിലാണ്.

ലോക രാഷ്ട്രങ്ങളിൽ ഔദ്യോഗിക പദവിയുള്ള പല ഭാഷകളേക്കാളും എണ്ണം കൊണ്ട് വളരെ മുമ്പിലാണ് നമ്മുടെ ഭാഷ. എന്നാൽ ആ നിലയിൽ നമ്മുടെ ഭാഷയെ ശക്തിപ്പെടുത്താൻ കഴിയുന്ന വിധത്തിൽ വൈജ്ഞാനിക മാനവിക വിഷയങ്ങൾ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പര്യാപ്തമാക്കാനുതകുന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ ഈ സർവ്വകലാശാല ബില്ലിൽ ലക്ഷ്യമാക്കിയിട്ടില്ല. ഇത് ഈ ബില്ലിന്റെ പോരായ്മ യായി, ദൗർബല്യമായി ചൂണ്ടിക്കാണിക്കുകയാണ്. വൈജ്ഞാനിക വിഷയങ്ങ ളിൽ ഗവേഷണ മേഖല ഇപ്പോഴും ദീർഘവീക്ഷണത്തോടെ വിഭാവന ചെയ്തിട്ടില്ല. ഓരോ വിഷയവും എത്ര ആഴത്തിൽ വിശകലനം ചെയ്ത് ഗവേ ഷണം നടത്തുന്നുവോ അത്രയും നല്ലതാണ്. പക്ഷേ ഇന്ന് നമ്മുടെ സർവ്വക ലാശാലകളിൽ ആ രീതിയിലല്ല ഗവേഷണങ്ങൾ നടക്കുന്നത്. തീർത്തും ശിഥി ലീകൃതമായ ഗവേഷണങ്ങളാണ് ഇന്ന് സർവ്വകലാശാലകളിൽ നടന്നുകൊണ്ടി രിക്കുന്നത്. ദൗർഭാഗ്യവശാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നതും അതാണ്. നമ്മുടെ സംസ്കാരത്തിനും മാനവികതയ്ക്കും ഏറ്റവും കൂടുതൽ വെല്ലു വിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഇത്തരം ഗവേഷണ ങ്ങൾകൊണ്ട് മാനവിക വൈജ്ഞാനിക രംഗത്ത് എന്തെങ്കിലും മുന്നേറ്റമുണ്ടാ ക്കാൻ കഴിയുമെന്ന് കരുതുന്നില്ല. അതുകൊണ്ട് വൈജ്ഞാനിക ഗവേഷണ ത്തിന് പുതിയ മാനം നൽകണം. പ്രത്യേകിച്ച് സർവ്വകലാശാലയുടെ ആസ്ഥാ നത്ത് നടക്കുന്ന ഗവേഷണങ്ങൾ. ഇത് അഫിലിയേറ്റഡ് കോളേജുകളുടെ സർവ്വകലാശാലയല്ല. അതുകൊണ്ടുതന്നെ സർവ്വകലാശാല ആസ്ഥാനത്ത് ഗവേഷണത്തിന് പ്രാമുഖ്യം നൽകേണ്ടതായിട്ടുണ്ട്. നമ്മുടെ ഭാരതം ഇക്കാര്യ ത്തിൽ ലോകത്തിന് മാതൃക കാണിച്ചിട്ടുള്ള ഒരു രാജ്യമാണ്. നളന്ദയും തക്ഷ ശിലയുമൊക്കെ നടത്തിയിരുന്നത് ഈ ദിശയിലുള്ള ഗവേഷണങ്ങളാണ്.

അതുകൊണ്ടുതന്നെ അന്നത്തെ നമ്മുടെ സാംസ്കാരിക മണ്ഡലം – സാഹിത്യവും കലയും സംസ്കാരവുമൊക്കെ – അതിനനുസരിച്ച് പുഷ്കലമായിരുന്നു. എന്നാൽ വർത്തമാനകാലത്ത് സ്ഥാനത്തിനും പണത്തിനുംവേണ്ടി തീർത്തും ഉപരിപ്ലവമായ ഗവേഷണങ്ങളാണ് സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത് നമ്മുടെ സൈദ്ധാന്തിക രംഗത്തെയും സാംസ്കാരിക രംഗത്തെയും കലുഷിതമാക്കുകയാണ്. അതുകൊണ്ട് മാനവികതയുടെ ഉദാത്തമായ മേഖലകൾ അന്വേഷിച്ചുകൊണ്ടുള്ള ഗവേഷണങ്ങൾ ഈ പുതിയ സർവ്വകലാശാലയിൽ ഉയർന്നുവരണം. അത്തരം പഠനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന നിലയുണ്ടാകണം. നമ്മുടെ രാഷ്ട്രശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സർവ്വകലാശാലയെക്കുറിച്ച് നിരീക്ഷിച്ചത് ഇപ്രകാരമാണ് – “മാനവികതയ്ക്കുവേണ്ടിയാണ് സർവ്വകലാശാല നിലകൊള്ളുന്നത്; സഹിഷ്ണുത, ആശയസാഹസികത്വം, സത്യാന്വേഷണം എന്നിവയ്ക്കുവേണ്ടി മനുഷ്യവർഗ്ഗത്തിന്റെ കുതിപ്പിനുവേണ്ടിയാണ്. ഏറ്റവും ഉന്നതമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഈ കടമകൾ സർവ്വകലാശാലകൾ വേണ്ടവിധം നിർവ്വഹിക്കുകയാണെങ്കിൽ ഇത് രാഷ്ട്രത്തിനും ജനങ്ങൾക്കും ഗുണകരമാകും.” മഹാനായ നെഹ്റു വിഭാവനം ചെയ്ത എത്ര സ്ഥാപനങ്ങൾ ഇന്ന് ചൂണ്ടിക്കാണിക്കാൻ നമുക്ക് കഴിയും? നമ്മുടെ മാനവിക മണ്ഡലങ്ങളിൽ എല്ലാ മൂല്യങ്ങളും ചോർന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ മാനവിക വിഷയങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ നമ്മുടെ സർവ്വകലാശാലയിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇവിടെ ഈ ബില്ലിന്റെ ഓരോ വകുപ്പും ഒന്നൊന്നായി അനാവരണം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എനിക്കുമുമ്പേ സംസാരിച്ച ഡോ.

കെ. ടി.ജലീൽ ഇതിനകത്ത് അടങ്ങിയിട്ടുള്ള ജനാധിപത്യവിരുദ്ധമായ, സർവ്വ കലാശാലയുടെ മഹത്തായ ലക്ഷ്യങ്ങൾക്ക് നിരക്കാത്ത കാര്യങ്ങൾ ഇവിടെ പ്രത്യേകമായി സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഓട്ടോണമി എന്നത് ഏറ്റവും ഉദാത്തമായ ഒരു അക്കാദമിക് സങ്കല്പമാണ്. ഓട്ടോണമിയെക്കുറിച്ച് ചർച്ച കൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. കേരളത്തിലെ സർക്കാർ ഓട്ടോ ണമി എന്ന മഹത്തരമായ ആശയത്തെ ഏറ്റവും വികലമായും വികൃതമായും അനുകരിക്കാനാണ് ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ തെര ഞ്ഞെടുക്കപ്പെട്ട കോളേജുകൾക്കും പ്രൊഫഷണൽ കോളേജുകൾക്കും ഓട്ടോണമി കൊടുക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുകയാണ്. ആ ഓട്ടോണമി യഥാർത്ഥ ഓട്ടോണമിയല്ല. യഥാർത്ഥത്തിൽ ഈ കോളേജുകൾക്കുള്ള സാമ്പ ത്തിക സഹായം അവസാനിപ്പിക്കുന്നതിനും അവയ്ക്ക് പ്രവർത്തിക്കാനാവശ്യമായ പണം മുഴുവൻ വിദ്യാർത്ഥികളിൽനിന്ന് സമാഹരിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് ഓട്ടോണമി നൽകിയിരിക്കുന്നത്. അത് സ്വകാര്യവത്കരണ, ഉദാരവത്കരണ നയത്തിന്റെ ഭാഗമാണ്. ഈ ബില്ലിൽ എല്ലാ അധികാരങ്ങളും സർവ്വകലാശാലയുടെ വൈസ് ചാൻസലറിൽ കേന്ദ്രീകരിക്കുകയാണ്. സർവ്വ കലാശാല വൈസ് ചാൻസലറുടെ അപ്രമാദിത്തം ഊട്ടിയുറപ്പിക്കുന്ന ഒരു ബില്ലാണ് ഇതെന്ന് പറയാതിരിക്കാനാകില്ല. സർവ്വകലാശാലയുടെ ഓട്ടോണമി എന്നുപറഞ്ഞാൽ സർവ്വമേഖലകളിലും സർവ്വസ്വതന്ത്രമായി സ്വന്തം മുദ്രകൾ വിരിയിച്ച് വികസിച്ചുവരേണ്ട ഒരു സങ്കല്പമാണ്. നിർദ്ദിഷ്ട സർവ്വകലാശാല ബിൽ പരിശോധിച്ചാൽ സ്വയംഭരണം എന്നുപറഞ്ഞാൽ വൈസ്ചാൻസല റുടെ സ്വന്തം ഭരണമാണ്. അതല്ല സ്വയംഭരണം. ഒട്ടോണമി എന്ന മഹത്തായ അക്കാദമിക് ആശയത്തിന് അന്ത്യകൂദാശ നൽകുന്നതാണ് ഈ ബില്ലെന്ന് പറയാതിരിക്കാനാകില്ല. ഈ സർക്കാരിന് ജനാധിപത്യം അലർജിയാണ്. ജനാ

ധിപത്യത്തിലൂടെയല്ലേ ഈ സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നത്. ജന റൽ കൗൺസിൽ നോക്കൂ, ജനറൽ കൗൺസിൽ മുഴുവൻ എക്സ് ഒഫിഷ്യോ അംഗങ്ങളെ കുത്തിനിറച്ചിരിക്കുകയാണ്. അങ്ങനെ കുത്തിനിറച്ചുകൊണ്ട് ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ട്മെന്റായി ഇതിനെ മാറ്റാൻ പോകുകയാണ്. ഇവിടെ ജനറൽ കൗൺസിലിലുള്ള ആകെ അംഗങ്ങളിൽ ഇരുപത്തെട്ടുപേർ എക്സ് ഒഫിഷ്യോ അംഗങ്ങളാണ്. പത്തുപേർ വിവിധ മണ്ഡലങ്ങളിൽനിന്ന് നാമനിർദ്ദേശം ചെയ്യപ്പെടുന്നവരാണ്. അങ്ങനെ മുപ്പത്തിയെട്ടുപേർ. ഇവർ യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവ രായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ കേവലം പത്തുപേരാണ്. ഇതിൽ ജനാധിപത്യ സ്വഭാവമുണ്ടോ? ജനാധിപത്യ സ്വഭാവമില്ല. അതുപോലെതന്നെ സർവ്വകലാശാല ആസ്ഥാനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരി ക്കുന്ന പാർലമെന്റ് അംഗവും നിയമസഭാംഗവുമുണ്ട്. ഇതെന്താ ഒരു പ്രാദേശിക സർവ്വകലാശാലയാണോ? എന്താണ് ഇതിന്റെ മാനദണ്ഡം; എന്താണ് ഇതിന്റെ ഉദ്ദേശ്യശുദ്ധി? ഇത് കേരളത്തിന് മുഴുവനും വേണ്ടി, മല യാള ഭാഷയ്ക്കുവേണ്ടിയല്ലേ? ഗവൺമെന്റിന് താത്പര്യമുള്ളിടത്ത് അല്ലെ ങ്കിൽ സ്ഥലം കിട്ടുന്നിടത്തായിരിക്കും സർവ്വകലാശാല സ്ഥാപിക്കുന്നത്. അതുകൊണ്ട് സർവ്വകലാശാലാ ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ പാർലമെന്റംഗവും നിയമസഭാംഗവും മതിയോ? ഈ സർവ്വകലാശാല സ്ഥാപിച്ചത് മലയാളത്തിന് വേണ്ടിയല്ല. നിയമസഭാംഗമാകാൻ പറ്റാത്ത, ബോർഡിലും കോർപ്പറേഷനിലും ഡയറക്ടർ ബോർഡ് സ്ഥാനം കൊടു ക്കാൻ കഴിയാതെ ബാക്കിയായ തങ്ങളുടെ പാർശ്വവർത്തികൾക്ക് ഇരിക്കാൻ വേണ്ടിയുള്ള ഒരു സർവ്വകലാശാലയാണിത്. ഇത് കേരള സമൂഹത്തെ പ്രതിഫലിപ്പിക്കുന്ന രീതിയിലായിരിക്കണം. ആയതിനാൽ സർവ്വകലാശാല

യുടെ ജനറൽ കൗൺസിൽ സംബന്ധിച്ച ഒമ്പതാമത്തെ ക്ലോസിലെ എട്ടും ഒൻപതും സബ് ക്ലോസുകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ബില്ലിൽനിന്നും നിന്നും അവ നീക്കംചെയ്യണം. കേരള നിയമസഭയിലെ തെരഞ്ഞെടുക്കപ്പെടുന്ന എം.എൽ.എ.മാർ എന്നും പാർലമെന്റംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പാർലമെന്റംഗം എന്നുമാകട്ടെ. അതാണ് നമ്മുടെ സർവ്വകലാശാലയ്ക്ക് ഏറ്റവും ഉചിതമെന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കാലിക്കട്ട് സർവ്വകലാശാലയിലെ നോമിനേറ്റ് ചെയ്യപ്പെട്ട സിൻഡിക്കേറ്റിന്റെ കാലാവധി ഒരു വർഷമെന്നുള്ളത് രണ്ട് വർഷമായി ദീർഘിപ്പിച്ചിരിക്കുകയാണ്. സർവ്വകലാശാല സിൻഡിക്കേറ്റംഗങ്ങൾ, സിൻഡിക്കേറ്റിന്റെ തീരുമാനത്തോട് എന്തെങ്കിലും ഒരു വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കഴിഞ്ഞാൽ അവരെ ഗളഹസ്തം ചെയ്യുകയാണ്, അവരെ പുറത്താക്കുകയാണ്. ഫ്യൂഡൽ കൊളോണിയൽ സിദ്ധാന്തങ്ങളാണ് ഈ സർക്കാരിനെ നയിച്ചുകൊണ്ടിരിക്കുന്നത്. വ്യത്യസ്ത അഭിപ്രായം പറയുന്നവരെ ഗളഹസ്തം ചെയ്യുന്ന, നമ്മുടെ അക്കാഡമിക് രംഗത്തിന് ഒട്ടും ഗുണം ചെയ്യാത്ത, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നടപടികളും നിലപാടുകളുമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. ശിവൻ കുട്ടി</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ കേരള സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് മെമ്പറായ അഡ്വക്കേറ്റ് ദീപക്കിനെ ഇഷ്ടമില്ലാത്ത അഭിപ്രായം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ അദ്ദേഹത്തെ പുറത്താക്കിയ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, തീർച്ചയായും. അക്കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഇത്തരത്തിലുള്ള കൊളോണിയൽ, ഫ്യൂഡൽ സിദ്ധാന്തങ്ങളാണ് സർക്കാരിനെ നയിച്ചുകൊണ്ടിരിക്കുന്നത്. ജനാധിപത്യം ഈ സർക്കാരിന് അലർജിയാണെന്ന് ഞാൻ നേരത്തെ പറയാനുള്ള കാരണം ഇതാണ്.

ശ്രീ. ജി. സുധാകരൻ: സർ, സർവ്വകലാശാല നിയമങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും കാലോചിതമായി ആധുനിക വിദ്യാഭ്യാസം കൈകാര്യം ചെയ്യാൻകഴിയുംവിധം അവയെ മാറ്റണമെന്നുള്ള വാദം ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റികളിലടക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ യൂണിവേഴ്സിറ്റികൾക്കും കാറ്റ് വീഴ്ച ബാധിച്ചിരിക്കുകയാണ്. ഇതിൽ ബിൽ എന്നുപറയാൻ ഒന്നുമില്ല. ലാ വകുപ്പിലെ ഏതോ ഗുമസ്തൻ തയ്യാറാക്കി, അത് കയ്യൊപ്പിട്ട് ഇവിടെ വന്നിരിക്കുകയാണ്. ഞങ്ങളും ബില്ല് തയ്യാറാക്കിയിട്ടുള്ളവരാണ്. പക്ഷേ ഞങ്ങൾ ഇത് തിരുത്തി എഴുതും. മലയാളം സർവ്വകലാശാലയുടെ താല്ക്കാലിക വൈസ് ചാൻസിലറായി നിയമിച്ച ശ്രീ. കെ. ജയകുമാർ, ഐ. എ.സ്. വളരെ പ്രഗത്ഭനായ ഒരു വ്യക്തിയാണെന്നുള്ള കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. അദ്ദേഹം ചീഫ് സെക്രട്ടറി പദവി വരെ അലങ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശബരിമലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അദ്ദേഹത്തെ നിയമിച്ചപ്പോൾ അദ്ദേഹം പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയുണ്ടായി. അദ്ദേഹം ഒരു കവിയും ഗാന രചയിതാവും പണ്ഡിതനും ബഹുഭാഷാ വിദഗ്ദ്ധനും ജനാധിപത്യവാദിയുമാണ്. ഈ നിയമത്തിന്റെ ഡ്രാഫ്റ്റ് പരിശോധിച്ച് ആവശ്യമായ റെക്കമെന്റേഷനുകൾ നൽകുന്നതിനായി അദ്ദേഹത്തിന് നൽകിയിട്ടില്ലായെന്നുള്ള ഒരു കേട്ടുകേൾവിയുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, തീർച്ചയായും. അദ്ദേഹത്തെപ്പോലെ പണ്ഢിതശ്രേഷ്ഠനായ ഒരാൾ ഈ ബിൽ പരിശോധിച്ചിരുന്നുവെങ്കിൽ ഇതു പോലുള്ള അപാകതകൾ സംഭവിക്കുമായിരുന്നില്ല. യൂണിവേഴ്സിറ്റി ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ എം.എൽ.എ.യും എം.പി.യുമെല്ലാം ജനറൽ കൗൺസിലിൽ വന്നതിലൂടെതന്നെ കാര്യങ്ങൾ വളരെ വ്യക്തമാണല്ലോ? നമ്മളിവിടെ ഒരു സർവ്വകാലാശാല രൂപീകരിക്കാൻ പോകുകയാണ്. യഥാർത്ഥത്തിൽ ഇത് കതിരിന് വളം വെയ്ക്കുന്നതിന് തുല്യമല്ലേ? മലയാളഭാഷയോട് കറകളഞ്ഞ സ്നേഹമുണ്ടെങ്കിൽ, ആത്മാർത്ഥ തയുണ്ടെങ്കിൽ, പ്രതിബദ്ധതയുണ്ടെങ്കിൽ ഈ സർക്കാർ ആദ്യം ചെയ്യേണ്ടത് എന്താണ്? ഇവിടെ ഒരു നിയമനിർമ്മാണം നടത്തുകയല്ലേ അദ്യം ചെയ്യേണ്ട ത്? വിദ്യാഭ്യാസ രംഗത്തും ഭരണ രംഗത്തും കോടതികളിലും മാതൃഭാഷയായ മലയാളം ഒന്നാം ഭാഷയാക്കാനുള്ള അടിയന്തര നിയമനിർമ്മാണം ഈ സർക്കാർ നടത്തേണ്ടതല്ലേ? എന്തുകൊണ്ട് സർക്കാർ അതിന് തയ്യാറാകുന്നില്ല? മലയാളം നിർബന്ധിത ഭാഷയാക്കിക്കൊണ്ട് 2011 സെപ്റ്റംബർ 1–ന് സർക്കാർ ഇറക്കിയ ഉത്തരവിനെതിരായി സി.ബി.എസ്.ഇ. സ്കൂളുകളിലെ മാനേജർമാർ ഹൈക്കോടതി വിധി സമ്പാദിച്ചിരിക്കുകയാണ്. അതിനെ ചോദ്യം ചെയ്തുകൊണ്ട് മേൽ കോടതിയിൽപോകാൻ കേരള ത്തിലെ സർക്കാർ നാളിതുവരെ തയ്യാറായിട്ടില്ല. ഇത്തരത്തിലുള്ള നിലപാട് സ്വീകരിക്കുന്ന ഈ സർക്കാരിന്റെ ഉദ്ദേശശുദ്ധിയെ നമ്മൾ എങ്ങനെ സംശ യിക്കാതിരിക്കും? ഇപ്പോൾ കേരളത്തിൽ മലയാളം പഠിക്കാതെ സ്കൂൾ തല ത്തിൽ വിദ്യാഭ്യസം പൂർത്തിയാക്കാം. ഇത് തെറ്റായ നടപടിയാണ്. സി.ബി. എസ്.ഇ.യിലും മറ്റും മലയാളം പഠിക്കേണ്ടതില്ല എന്ന് നമ്മുടെ കോടതികൾ പറഞ്ഞത് കേരളത്തിൽ ഇതുസംബന്ധിച്ച ഒരു നിയമം

ഇല്ലാത്തതുകൊണ്ടല്ലേ? അതുകൊണ്ട് മലയാളികൾ മലയാളം പഠിക്കണമെന്നുള്ള ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകണം. മലയാളത്തിൽ വിദ്യാഭ്യാസം നിർവ്വഹിക്കാതെ മലയാള സർവ്വകലാശാല തലപ്പത്ത് വരാമെന്നുള്ള ഒരു സാഹചര്യം ഇവിടെ നിലനിൽക്കുകയല്ലേ? ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ എങ്ങനെയാണ് നമ്മുടെ ഭാഷയേയും സംസ്ക്കാരത്തേയും വളർത്താൻ സാധിക്കുന്നത്? ഇവിടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായി വരുന്ന ജനറൽ കൗൺസിലിലെ ഭൂരിപക്ഷം അംഗങ്ങളും മലയാളം പഠിക്കാത്തവരാണ്. മറ്റ് ഭാഷകൾ പഠിച്ചവർ മലയാള ഭാഷയെ വളർത്താൻ ശ്രമിക്കുന്നത് കതിരിന് വളം വയ്ക്കുന്നതിന് തുല്യമല്ലേ? ഇപ്പോൾ കേരളത്തിൽ ഗ്രാമീണ മേഖലയിൽ നല്ല ഡോക്ടർമാരെ ലഭിക്കാനില്ല. ഡോക്ടർമാർ ആ മേഖലയിൽ പോകുന്നതിന് വൈമുഖ്യം കാണിക്കുകയാണ്. അതിനുള്ള കാരണമെന്താണ്? നമ്മുടെ പൊതു വിദ്യാഭ്യാസത്തിന്റെ തകർച്ചയുമായി ബന്ധപ്പെടുത്തി ഇതിനെ കാണാൻ സാധിക്കണം. പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ച മാതൃഭാഷയെ അടിസ്ഥാനപ്പെടുത്തിയ പഠനത്തിന്റെയും സംസ്ക്കാരത്തിന്റെയും തകർച്ചയിലേക്ക് നയിക്കുകയാണ്. അതുമൂലം പ്രാദേശികതയും തനത് സംസ്ക്കാരവും നമ്മുടെ പഠ്യ വിഷയമല്ലാതായി മാറുകയാണ്. അതുകൊണ്ടുതന്നെ കുട്ടികളുടെ മനസ്സിൽ പ്രാദേശിക സംസ്ക്കാരവും ചിന്തയും ഉയർന്നുവരുന്നില്ല. സാമൂഹിക പ്രതിബദ്ധതയില്ലാത്ത ഒരു സമൂഹം വളർന്നുവരുന്നതിന്റെ മൂല കാരണം ഇതാണ്. പഠനവിഷയവും മാധ്യമവും ഏറ്റവും പ്രധാനപ്പെട്ടതാണ്. ഒരു വിഷയം ഇംഗ്ലീഷിൽ പഠിക്കുന്നതും മലയാളത്തിൽ പഠിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഓരോ വിഷയത്തിനും അതിന്റേതായ സാമൂഹിക പശ്ചാത്തലമുണ്ട്. ഈ പശ്ചാത്തലം അതത് പ്രദേശത്തെ ഭാഷയിലൂടെ

മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. നമ്മുടെ ഭക്ഷണശീലം, വസ്ത്രരീതി, അതുപോലുള്ള കാര്യങ്ങൾ നമുക്ക് വേണ്ട വിധത്തിൽ മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ, അതിന്റെ ഗുണമേന്മകൾ തിരിച്ചറിയാൻ സാധിക്കണമെങ്കിൽ നമ്മൾ നമ്മുടെ മാതൃഭാഷ പഠിക്കണം. ഇവിടെ ദാരിദ്ര്യത്തെക്കുറിച്ച് പഠിക്കുമ്പോൾ, അത് മലയാളത്തിലായാൽ മാത്രമേ കേരളത്തിലെ ദാരിദ്ര്യത്തിന്റെ യഥാർത്ഥ വശങ്ങളെക്കുറിച്ച് ബോധ്യം വരികയുള്ളൂ. കേരളത്തിലെ സാമൂഹിക യാഥാർത്ഥ്യത്തെ മനസ്സിലാക്കാത്ത പുതിയ ബ്യൂറോക്രാറ്റുകൾ ഉയർന്നുവരുന്നതിന്റെ കാരണമിതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, നമ്മുടെ ഭാഷയെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണല്ലോ പ്രസ്തുത ബിൽ ഇവിടെ അവതരിപ്പിക്കുകയും ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നത്. ഭാഷയ്ക്കുപുറമേ ഈ സർവ്വകലാശാലകളെയെല്ലാം വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തി എന്ന കാര്യം തങ്കൾക്ക് അറിയുമോ; ഇതു സംബന്ധിച്ച് ഈ ബില്ലിൽ എന്തെങ്കിലും ഉണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, അതാണ് ഞാനിവിടെ സൂചിപ്പിച്ചത്. ആഗോള സമ്പദ്വ്യവസ്ഥയിൽ നോളേജ് ഇക്കോണമിക്ക് വളരെയധികം പ്രധാന്യം കൈവന്നുകൊണ്ടിരിക്കുന്ന ഈ കാലത്ത് അതിനുതകുന്ന വിധത്തിൽ ഭാവി വിജ്ഞാനത്തിന്റെ ഭാഷയാക്കി മലയാളത്തെ മാറ്റിയെടുക്കാൻ കഴിയേണ്ടതാണ്. ഈ ബിൽ അതിന് പര്യാപ്തമല്ല. ഇതാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. കേരളത്തിൽ സാമൂഹിക പ്രതിബദ്ധതയില്ലാത്ത ബ്യൂറോക്രാറ്റുകൾ വളർന്നുവരുന്നതിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. നമ്മുടെ ഭരണത്തെ നയിക്കുന്ന ബ്യൂറോക്രാറ്റുകളിൽ മഹാഭൂരിപക്ഷവും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവരാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാ

രന്റെ പ്രശ്നങ്ങളുടെ ആഴം അവർക്ക് മനസ്സിലാക്കാൻ സാധിക്കാത്തതിന്റെ കാരണമിതാണ്. അതുകൊണ്ട് ഈ വിഷയംകൂടി മലയാള സർവ്വകലാശാല ബില്ലിൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഈ ദിശയിലുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ബില്ലിൽ ഇല്ലായെന്നുള്ളത് ഇതിന്റെ പോരായ്മയായി ചൂണ്ടിക്കാണിക്കുകയാണ്. പഞ്ചാബി സർവ്വകലാശാലയും തമിഴ് സർവ്വകലാശായും തെലുങ്ക് സർവ്വകലാശാലയും കന്നഡ സർവ്വകലാശാലയും ഇന്നുണ്ട്. ഇത്തരം സർവ്വകലാശാലകളുടെ ഒരു തനിപ്പകർപ്പായി നമ്മുടെ സർവ്വകലാശാല മാറാൻ പാടില്ല. ഈ സർവ്വകലാശാലകളുടെയെല്ലാം അനുഭവങ്ങൾ എന്താണെന്ന് നമ്മൾ മനസ്സിലാക്കിയശേഷം അതിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുവേണം മലയാള സർവ്വകലാശാലയെ സംബന്ധിച്ച് നമ്മൾ ചർച്ച നടത്താൻ. എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. വളരെ വൈകിയാണെങ്കിലും മാതൃഭാഷയ്ക്കു വേണ്ടി ഒരു സർവ്വകലാശാല തുടങ്ങുന്നതിനുള്ള സർക്കാരിന്റെ ഈ തീരുമാനം അങ്ങേയറ്റം സ്വാഗതാർഹമാണ്. പക്ഷേ അതിനെ നമുക്ക് ലക്ഷ്യത്തിലെത്തിക്കാൻ സാധിക്കണം. ഇത് വെറുമൊരു അലങ്കാരമായി മാറാൻ പാടില്ല. അതുകൊണ്ട് അതിനുള്ള ഇച്ഛാശക്തിയും രാഷ്ട്രീയ ബോധവും കാണിക്കാൻ ബഹുമാന്യനായ മന്ത്രിയും ഗവൺമെന്റും തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ ബിൽ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഇത്തരത്തിലുള്ള ഒരു രാഷ്ട്രീയ ഇച്ഛാശക്തിയോ രാഷ്ട്രീയ ബോധമോ കാണാത്തതുകൊണ്ടാണ് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത്.

ഡോ. എൻ. ജയരാജ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദീർഘകാലമായുണ്ടായിരുന്ന ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരനിമിഷത്തിലാണ് എല്ലാവരും നിൽക്കുന്നതെന്ന കാര്യത്തിൽ വളരെയേറെ അഭിമാനവും സന്തോഷവുമുണ്ട്. പതിറ്റാണ്ടുകളായി മനസ്സിൽ കൊണ്ടുനടന്ന, മലയാളത്തിന് സ്വന്തമായൊരു സർവ്വകലാശാല എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യമാണ് ഈ ഗവൺമെന്റിനും ഈ ബിൽ കൊണ്ടുവരുന്നതിന് നേതൃത്വം നൽകിയ ബഹു മാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുമുള്ളത്. മാത്രമല്ല, യഥാർത്ഥത്തിൽ മലയാള സർവ്വകലാശാലയുടെ ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞുവെന്നു ള്ളത് വലിയൊരു ഭാഗ്യമായി, അഭിമാനമായി കരുതുന്നു. കുരീപ്പുഴ ശ്രീകു മാറിന്റെ വളരെ പ്രശസ്തമായൊരു കവിതയിലെ ഈരടികൾ ഈ ബില്ലിനെ സംബന്ധിച്ച് വളരെ പ്രസക്തമാണെന്ന് തോന്നുന്നു;-

"ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽ വച്ച് നമിച്ച് തിരിഞ്ഞൊരാൾ
ആദിത്യനേത്രം തുറന്നു ചോദിക്കുന്നു
ഏത് കടലിൽ എറിഞ്ഞുനീ ഭാഷയെ....
ജിഞ്ചിലം നിന്ന് ചിലങ്കൾ ഊരിയിട്ട്
നെഞ്ചത്ത് കൈവച്ച് ചോദിക്കുകയാണയാൾ
ചുട്ടുവോ നീയെന്റെ കേരള ഭാഷയെ........." സത്യത്തിൽ കുരീപ്പുഴ ശ്രീകുമാറിന്റെ ആ വരികൾക്കുള്ള ഉത്തരമായാണ് ഞാൻ ഈ സർവ്വകലാ ശാല ബില്ലിനെ കാണുന്നത്. കാരണം, അത് കവിയുടെ മാത്രമായൊരു ദു:ഖമല്ല. ഒട്ടേറെ മലയാളികൾ കഴിഞ്ഞ കുറേ കാലമായി മനസ്സിൽ കൊണ്ടു

നടന്ന ഒരു വലിയ ആഗ്രഹത്തിന്റെ പൂർത്തീകരണമാണിത്. അതുകൊണ്ടു തന്നെ മലയാൺമയുടെ തായ്‌വഴികളെ ധന്യമാക്കിയ പൂർവ്വസൂരികളുടെ മുമ്പിൽ മനസ്സർപ്പിച്ചുകൊണ്ട് ഈ ബില്ലിനെ പിന്താങ്ങുന്നതോടൊപ്പം എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. കുരീപ്പുഴ ശ്രീകുമാറിന്റെ വരികളിലൂടെ സംവേദിച്ച വേദനയും ദുഃഖവും കവിയുടെ മാത്രം ദുഃഖമല്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. നമ്മുടെ ഭാഷയേയും സംസ്ക്കാരത്തേയും പരിപോഷി പ്പിക്കുവാനും സംരക്ഷിക്കുവാനുമുള്ള സംവിധാനത്തെക്കുറിച്ച് പതിറ്റാണ്ടുക ളായി മലയാളികളുടെ മനസ്സിലുള്ള ചിന്തകളുടെ സാക്ഷാത്കാരമാണ് യഥാർത്ഥത്തിൽ ഇവിടെ നിർവ്വഹിക്കപ്പെടുന്നത്. കേരളീയ സംസ്ക്കാര സൂച കങ്ങളായ സാഹിത്യത്തിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് നഷ്ടപ്പെട്ട ജീവിത പൈതൃകവും കർതൃത്വവും എന്താണെന്ന് നാം തിരിച്ചറിയുന്നു. അതുകൊ ണ്ടുതന്നെ പുതിയ സാംസ്കാരിക അധിനിവേശത്തിന് പകരം വയ്ക്കാൻ നമ്മുടെ മതേതരത്വവും മൗലികവുമായ സാംസ്കാരിക പൈതൃകത്തിനല്ലാതെ മറ്റൊന്നിനുമായില്ലെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ നിയമമെന്ന് പറ യാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. മലയാള കവിതയെക്കുറിച്ച് മല യാള ഭാഷയെക്കുറിച്ചും കവി സച്ചിദാനന്ദൻ പറഞ്ഞ പ്രശസ്തമായ വരിക ളുണ്ട്. യഥാർത്ഥത്തിൽ ഈ ഭാഷയുടെ അനന്തമായ സാധ്യതകൾ അദ്ദേ ഹത്തിന്റെ വരികളിൽ കാണാൻ സാധിക്കും. ഈ ഭാഷ ഇവിടെ തളിർക്കു കയും പൂക്കുകയും സൗരഭ്യം പരത്തുകയും ചെയ്ത എത്രയോ ഋതുഭേദങ്ങ ളുടെ പാരിതോഷികങ്ങൾ ഏറ്റുവാങ്ങിയതാണ് സത്യത്തിൽ മലയാള കവി തയും മലയാള സാഹിത്യവുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കവി സച്ചിദാനന്ദൻ പറയുന്നത്,

*"സ്വരങ്ങളിലൂടെ തേനും*

*വ്യഞ്ജനങ്ങളിലൂടെ ഇരുമ്പുമൊഴുക്കുന്ന,*

*അൻപത്തിയൊന്ന് കമ്പികളുള്ള വീണ.*

*ഞാറ്റുവേലകളിൽ നിന്ന് ഞാറ്റുവേലകളിലേയ്ക്ക് പോകുന്ന*

*കിളിപ്പാട്ടിന്റെ കുലുങ്ങുന്ന തൂക്കുപാലം.*

*അറിവും ആടലോടകവും മണക്കുന്ന*

*പഴമൊഴികളുടെ നറുനിലാവ്.........*" യഥാർത്ഥത്തിൽ മലയാള ഭാഷയിൽ ഏതൊക്കെ ഇല്ല എന്നുള്ളതാണ് ഈ കവിത. കൃഷിയും വ്യവസായവും ഞാറ്റുവേലയും ആയുർവ്വേദവുമെല്ലാം ഈ ഭാഷയുടെ ആത്മാവിലുണ്ടെന്നുള്ള തിരിച്ചറിവാണ് സച്ചിദാനന്ദന്റെ കവിതയെന്ന കാര്യത്തിൽ സംശയമില്ല. വളരെ മഹത്വപൂർണ്ണമായൊരു സാംസ്കാരിക, സാഹിത്യ പൈതൃകത്തിന്റെ ഭാഗമാണ് ഈ ഭാഷയെന്ന് പറയാതിരിക്കാൻ കഴിയില്ല. അനുസ്യൂതമായ പ്രവാഹം സംവേദനത്തിന്റെ എത്രയെത്ര തീരങ്ങളെ തഴുകിക്കൊണ്ടാണ് യഥാർത്ഥത്തിൽ മുന്നോട്ടുപോയിട്ടുള്ളത്. ഇന്നും സംഘകാലത്തിൽ നിന്നും ആര്യ-ദ്രാവിഡ പ്രൗഢിയുടെ സമന്വയം സാധിച്ചെടുത്ത എഴുത്തച്ഛനിലൂടെ, കവിത്രയത്തിൽ പടർന്നുകയറി കാൽപ്പനികതയുടേയും അതിനുശേഷം ആധുനികതയുടേയും ഉത്തരാധുനികതയുടേയുമൊക്കെ തീരത്തുകൂടി അനുസ്യൂതമായൊരു യാത്രയിലൂടെയാണ് ഈ ഭാഷ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ആ യാത്രയിൽ എത്രയെത്ര ആളുകൾ, എത്ര മഹാരഥന്മാരാണ് നമ്മോടൊപ്പമുണ്ടായിരുന്നത്. ഇവിടെ ഈ മലയാള സർവ്വകലാശാല ആരംഭിക്കുന്നത് ആരുടെ പേരിലാണ് – സ്വന്തം ആകാശം സൃഷ്ടിച്ച കാവ്യഗുരുവായ എഴുത്തച്ഛനിലൂടെ, മേധാവിത്വം നിലനിന്നിരുന്ന കാവ്യനീതികളെ

വെല്ലുവിളിക്കാൻ പോന്ന മൗലികതയുടെ പ്രതീകമായി, ബ്രാഹ്മണ്യ മേധാവിത്വത്തെ ചെറുത്തുകൊണ്ട് മലയാളത്തിന്റെ പൂമുഖത്ത് വിശുദ്ധമായ ആസ്വാദനത്തിന്റെ നിലവിളക്ക് തെളിയിക്കാൻ കഴിഞ്ഞ എഴുത്തച്ഛൻ. മലയാളത്തിന്റെ ലാളിത്യം ഭക്തിയുടെ ഗൗരീശങ്കരത്തിലെത്തിച്ച പൂന്താനം..............

ശ്രീ. ജി. സുധാകരൻ: അങ്ങ് ഇവിടെ പറഞ്ഞതെല്ലാം വളരെ ശരിയാണ്. എന്നാൽ അങ്ങയുടെ പ്രതികരണത്തിനുവേണ്ടി ഈ സന്ദർഭത്തിൽ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമുക്ക് ഭാഗവതം, മഹാഭാരതം, രാമായണം തുടങ്ങിയ മഹാകാവ്യങ്ങളുണ്ട്. അതുപോലെ തന്നെ ഗ്രീസിൽ ഒഡീസി, ഇലിയഡ് പോലുള്ള ഗ്രന്ഥങ്ങളുണ്ട്. സ്പാനിഷ് ഭാഷയിൽ സെർവെറ്റസിന്റെ (Michael Servetus) കൃതിയുണ്ട്. പക്ഷേ ഇംഗ്ലീഷിൽ ഇന്നുവരെ ഒരു മഹാകാവ്യമുണ്ടായിട്ടില്ല. ഇങ്ങനെ ഒന്നാന്തരം മഹാകാവ്യങ്ങൾ ആവിഷ്കരിച്ച ഈ മലയാള ഭാഷയ്ക്കുവേണ്ടിയുള്ള ഈ നിയമത്തിൽ അങ്ങിങ്ങായി കച്ചിയും തുരുമ്പുംപോലെ ഇംഗ്ലീഷ് വാക്കുകൾ കുത്തിത്തിരുകിയ ഈ നിയമം പിൻവലിച്ച് സംശുദ്ധമായൊരു നിയമം കൊണ്ടുവരുന്നതിനെപ്പറ്റി എന്താണ് അങ്ങയുടെ അഭിപ്രായം?

ഡോ. എൻ. ജയരാജ്: ആ വിഷയത്തിലേയ്ക്ക് കടന്നുവരുന്നുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചൊരു പ്രശ്നമാണിത്. ഈ നിയമത്തിൽ മാറ്റപ്പെടാവുന്നതായ ഒട്ടേറെ ഇംഗ്ലീഷ് വാക്കുകൾ ഉണ്ട്. ഞാൻ എഴുതിക്കൊടുത്തിരിക്കുന്ന ഭേദഗതികളിൽ, "പഠന ബോർഡ്" എന്നുള്ള വാക്കിന് പകരം "പഠന സമിതി"യെന്ന് വേണമെങ്കിൽ കൊടുക്കാം. അങ്ങനെ മാറ്റാവുന്ന കുറേ വാക്കുകൾ യഥാർത്ഥത്തിൽ ഈ നിയമത്തിലുണ്ട്. അത് മാറ്റണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. മലളയാള ഭാഷയുടെയും

സംസ്കാരത്തിന്റെയും പരിപോഷണത്തിനുള്ള നിയമമെന്നുള്ള നിലയിൽ തിർച്ചയായും ഇത് സ്വാഗതാർഹമാണ്.

ശ്രീ. പാലോട് രവി: സർ, എപ്പിഗ്രാഫി, ആർക്കിയോളജി, മ്യൂസിയോളജി തുടങ്ങിയ ഇംഗ്ലീഷ് വാക്കുകൾ ഈ നിയമത്തിൽ കടന്നുകൂടിയിട്ടുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡോ. എൻ. ജയരാജ്: ഞാൻ അതാണ് സൂചിപ്പിച്ചത്. ഇതിന്റെ മൗലികമായ വിഷയത്തെ ബാധിക്കാതെതന്നെ വളരെ ഭംഗിയായി കുറേക്കൂടി ആസൂത്രണം ചെയ്യാവുന്ന ഒരു നിയമമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ ശ്രദ്ധിക്കുമെന്നാണ് വിശ്വസിക്കുന്നത്. എല്ലാവാക്കുകളും മലയാള ഭാഷയിലേയ്ക്ക് മാറ്റണമെന്നുള്ള ഒരു വാദം പ്രായോഗികമായി പലപ്പോഴും നടക്കാതെ വരും. അതുകൊണ്ട് കേരളീയർ ഉപയോഗിക്കുന്ന മിക്കവാറും വാക്കുകൾ അന്യഭാഷകളിൽനിന്ന് കടമെടുത്തവയാണ്. സത്യത്തിൽ മലയാള സർവ്വകലാശാലയെന്ന ആശയത്തിൽ അന്തർലീനമായിട്ടുള്ള പ്രധാനപ്പെട്ടൊരു കാര്യം മലയാള ഭാഷയെ കുറേക്കൂടി സജ്ജമാക്കുക എന്നുള്ളതാണ്. കാലത്തിന്റെ.......................

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: എല്ലാ വാക്കുകളും മലയാളവത്കരിക്കുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടാകും. പക്ഷേ, സാധ്യമായിടത്തോളം മാതൃഭാഷയുടെ ഉപയോഗം സാർവ്വത്രികമാക്കാൻ, മലയാളത്തിൽതന്നെ പദങ്ങൾ ലഭ്യമായ സാഹചര്യം പരമാവധി ഉപയോഗപ്പെടുത്താൻ നിയമനിർമ്മാണസഭകളും നിയമനിർമ്മാണ പ്രക്രിയകളും ഉപയോഗപ്പെടുത്തേണ്ടതുണ്ട് എന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ; ഉദാഹരണമായി 'regulation' തുടങ്ങിയ കല്ലുകടിയുണ്ടാക്കുന്ന ചില പദങ്ങൾ ഈ നിയമ

നിർമ്മാണത്തിൽ കടന്നുകൂടിയത് ഒഴിവാക്കപ്പെടേണ്ടതല്ലേ? അതിനൊക്കെ സാധാരണ ഉപയോഗിക്കുന്ന പദങ്ങൾ ലഭ്യമാണ്. അതോടൊപ്പംതന്നെ എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, നിയമസഭയിലെ സ്ക്രീനിൽ സഭാ നടപടികൾ എഴുതിക്കാണിക്കുമ്പോൾ, മലയാളികൾ ഇരിക്കുന്ന കേരള നിയമനിർമ്മാണസഭയിൽപോലും ആംഗലേയ പദങ്ങളാണ് ഉപയോഗിക്കുന്നത്. ഒരു ഭാഷയോടും വിരോധമുള്ളതുകൊണ്ട് പറയുകയല്ല. ഒരു ഭാഷയോടും വിരോധം പാടില്ലെന്നാണ് എല്ലാവരുടെയും വിശ്വാസം. പക്ഷേ, മാതൃഭാഷയിലേയ്ക്ക് ഭരണത്തെ തിരിച്ചുകൊണ്ടുവരാനുള്ള മുറവിളി ഉയർത്തുകയും മാതൃഭാഷയ്ക്കുവേണ്ടിയൊരു സർവ്വകലാശാല തന്നെ രൂപീകരിക്കുന്ന പ്രക്രിയയിൽ എത്തുകയും മാതൃഭാഷയിലേയ്ക്കുള്ള തിരിച്ചുപോക്ക് സംസ്കാരത്തിന്റെ അടിവേരുകളിലേയ്ക്കുള്ള തിരിച്ചുപോക്കാണെന്നുള്ള വളരെ പ്രധാനപ്പെട്ട മൗലിക സത്യം തിരിച്ചറിയുകയും ചെയ്യുന്നൊരു ഘട്ടത്തിൽ ഇത്തരം കാര്യങ്ങളിലും മലയാള ഭാഷ ഉപയോഗിക്കുന്നതാണ് നല്ലത്. നിയമനിർമ്മാണ സഭയിലെ സ്ക്രീനുകളിൽ തെളിയുന്ന ഭാഷ മലയാളത്തിലായതുകൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഇത്തരം കാര്യങ്ങളൊക്കെ കൂട്ടായി തീരുമാനിക്കേണ്ടതാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ:

ഡോ. എൻ. ജയരാജ്: തീർച്ചയായിട്ടും അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. കുമാരനാശാൻ വളരെ നേരത്തെതന്നെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്:

‘തന്നതില്ല പരനുള്ളു കാട്ടുവാൻ
ഒന്നുമേ നയം നരനുപായമീശ്വരൻ
ഇന്ന് ഭാഷയിൽ അപൂർണ്ണമിന്നഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ’

എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. ഭാഷയ്ക്ക് അതിന്റേതായ ഒരു പരിമിതിയുണ്ടെന്നുള്ള അർത്ഥത്തിൽ ഞാൻ സൂചിപ്പിച്ചതാണ്. പക്ഷേ ആ പരിമിതി മറികടക്കുക എന്നുള്ളതാണ് യഥാർത്ഥത്തിൽ നമ്മൾ ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട കാര്യം. നിയമത്തിനകത്ത് ഒഴിവാക്കാമായിരുന്ന കുറെ ഇംഗ്ലീഷ് പദങ്ങൾ, സത്യത്തിൽ മാറ്റുന്നത് വളരെ ഭംഗിയാകുമെന്നുള്ള കാരൃത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആ അഭിപ്രായത്തോട് യോജിക്കുകയാണ്. കാരണം, എല്ലാം മലയാള ഭാഷയിലേയ്ക്ക് കൊണ്ടുവരണമെന്ന് പറയുമ്പോൾ അതൊരു വളരെ തീവ്രമായ ശ്രമത്തിന്റെ ഒട്ടേറെ പ്രതിബന്ധങ്ങളും ഭാഷയുടേതായ ഒട്ടേറെ പരിമിതികളുമുണ്ടെന്നുള്ളത് മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. മലയാള ഭാഷയുടെ വളർച്ചയുടെ പടവുകളിലൂടെ കടന്നുപോയ ഒട്ടേറെ ആളുകൾ നമ്മോടൊപ്പമുണ്ട്. മതേതരത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളൊക്കെ ഇവിടെ സംസാരിക്കുന്ന എത്രയോ കാലങ്ങൾക്കുമുമ്പ് അതിനുവേണ്ടി നാട്യവേദി ഒരുക്കിയ ആളാണ് കലക്കത്ത് കുഞ്ചൻ നമ്പ്യാർ. കലയിലൂടെ സാമൂഹിക വിമർശനം കൊണ്ടുവരാൻ കഴിയുമെന്ന് ചൂണ്ടിക്കാണിച്ച യഥാർത്ഥ കവിയാണ് കുഞ്ചൻ നമ്പ്യാർ. ഭാഷ പൂക്കുകയും വിചാരം തളിർക്കുകയും ഭാവനയ്ക്ക് വികാരം കിളിർക്കുകയും ചെയ്യുമെന്ന് നമ്മളെ പഠിപ്പിച്ചിട്ടുള്ള കവികളാണ് ഇടപ്പള്ളി കവികളായ ചങ്ങമ്പുഴയും ഇടപ്പള്ളി രാഘവൻ പിള്ളയും. അതോടൊപ്പംതന്നെയാണ് മാതൃസ്നേഹത്തിന്റെ ഏറ്റവും വലിയ മൂർത്തിമദ്ഭാവമായ ബാലാമണിയമ്മ. ഞാൻ എല്ലാവരിലേയ്ക്കും കടക്കുന്നില്ല. മലയാളത്തിന്റെ ശ്രീയായ വൈലോപ്പിള്ളി ശ്രീധരമേനോൻ കവിതയിലൂടെ സംഗമപുരുഷന്റെ യുഗധർമ്മം കാട്ടിയ കവിയാണ്.

അങ്ങനെ എത്രയോ ആളുകൾ. നീ ഉറങ്ങുമ്പോഴും ഈ കാലഘട്ടത്തിൽ വളരെ പ്രസിദ്ധമായ.............................

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ആചാര്യന്മാരെ ഈ സർവ്വ കലാശാല നിയമത്തിൽ അനുസ്മരിച്ചത്, പരാമർശിക്കുന്നത് വളരെ ഉചിതമാണ്, സാർത്ഥകമാണ്. അങ്ങനെയുള്ള ആചാര്യന്മാരെ എല്ലാവരേയും ഇതിൽ പറയാൻ കഴിയില്ലെങ്കിലും ചില പേരുകൾ ഈ നിയമത്തിൽ കൊണ്ടുവന്നു. ചിലത് കൊണ്ടുവന്ന സ്ഥിതിക്ക് പൂന്താനത്തെ വിട്ടുപോയത് ഒരു അഭംഗിയല്ലേ? സംസ്കൃത ഭാഷയുടെ ആധിപത്യം കൊടികുത്തി വാണൊരു കാലഘട്ടത്തിൽ മലയാളത്തിന്റെ പൂന്തേനരുവി ഈ നാട്ടിലൊഴുക്കിവിട്ട് മലയാളത്തിന്റെ ഭാഷാശുദ്ധി, അതിന്റെ തനിമ, അതിന്റെ സൗന്ദര്യം ......ഭാഷാ പിതാവിന്റെ പേരൊക്കെ പറയുന്നതിന്റെ കൂടെത്തന്നെ പറയേണ്ട മഹാരഥന്മാരിൽപ്പെട്ട കവി മാത്രമല്ല, ധാർശനികമായ സൗരഭ്യം പുലർത്തുന്ന കവിതകളോടൊപ്പം പച്ചമലയാളത്തിന്റെ സൗന്ദര്യവും ആവിഷ്ക്കരിച്ച പൂന്താനത്തിന്റെ പേര് വിട്ടുപോയത് ആചാര്യ സ്ഥാനീയരായ മഹത്തുക്കളെ ഓർക്കുന്ന കൂട്ടത്തിൽ ഈ ബില്ലിൽ ഒരു പരിമിതിയല്ലേ?

ശ്രീ. പാലോട് രവി: സർ, 16–ാം നൂറ്റാണ്ടിലെ എഴുത്തച്ഛന്റെ പേരാണ് ഇട്ടിരിക്കുന്നതെങ്കിൽ സമശീർഷരായ, ഈ ഭാഷയ്ക്ക് എഴുത്തച്ഛനോടൊപ്പം അല്ലെങ്കിൽ അതിനുശേഷവും സംഭാവന നൽകിയ അങ്ങ് പറഞ്ഞതുപോലെയും ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, ഉണ്ണായി വാര്യർ. നിങ്ങൾ ചെയർ തുടങ്ങുകയാണെങ്കിൽ കുഞ്ചൻ നമ്പ്യാരും ചെറുശ്ശേരിയും ഉണ്ണായിവാര്യരുമില്ലാത്ത ഒരു മലയാള ഭാഷയുടെ ചെയർ എന്താണ്; അത് ആലോചിക്കണ്ടേ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ അതുകൊണ്ടാണ് വളരെ ബോധപൂർവ്വം എന്റെ പ്രസംഗത്തിനകത്ത് അവരെയൊക്കെ, അനുസ്മരിച്ചല്ലാതെ കടന്നുപോകാൻ കഴിയുകയില്ലെന്നു ഞാൻ പറഞ്ഞു. ഞാൻ പൂന്താനത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ ഭക്തിയുടെ ഏറ്റവും ഉദാത്തമായ ഭാവത്തെ കാണിച്ചിരുന്ന ഒരാളാണ് പൂന്താനം. ഈ കാലഘട്ടത്തിൽ പൂന്താനം പറഞ്ഞ ഇത്രയും പ്രസക്തമായ വാക്കുകൾ ഒരുപക്ഷേ മറ്റൊരു കവിക്കും ഇത്രമാത്രം ഒരു പ്രവാചകനെപ്പോലെ പറയാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ വർത്തമാനകാല സാഹചര്യങ്ങളിൽ കാണുന്ന ഒട്ടേറെ കാഴ്ചകൾ 16-ാം നൂറ്റാണ്ടിൽ കവി എത്രയോ നേരത്തെ കണ്ടിരുന്നുവെന്നുള്ളത് നമ്മൾ പലപ്പോഴും തിരിച്ചറിയുന്ന ഒരു വലിയ യാഥാർത്ഥ്യമാണ്. തീർച്ചയായും അങ്ങ് പറഞ്ഞ ആശയം വളരെ ശരിയാണ്. ഈ കാലഘട്ടത്തിൽ ഒ.എൻ.വി. കുറുപ്പ് സാറിനെ ഓർക്കാതിരിക്കാൻ കഴിയില്ല. മലയാള സാഹിത്യത്തിന് ഒട്ടേറെ സംഭാവന ചെയ്തയാളാണ്. നീ ഉറങ്ങുമ്പോഴും ഞാൻ കണ്ണിമയ്ക്കാതെ ജാഗരൂകതയോടെ കാത്തിരിക്കാമെന്ന് അല്ലെങ്കിൽ കാവലിരിക്കാമെന്ന് സഹജീവിയോട് പറയാൻ നമ്മളെ പഠിപ്പിച്ച പ്രിയപ്പെട്ട, എന്റെ ഗുരുനാഥൻ കൂടിയായ കവിയാണ് ശ്രീ. ഒ.എൻ.വി. കുറുപ്പ്. പറയുമ്പോൾ ഒട്ടേറെ ആളുകളുടെ പേരുകൾ വിട്ടുപോകാൻ ഇടയുണ്ടെങ്കിലും ഓർക്കാതിരിക്കാൻ കഴിയില്ല. കാർഷിക സംസ്കാരത്തിന്റെ പശിമയുള്ള മണ്ണിൽ ഗ്രാമീണതയുടെ പച്ചത്തുടിപ്പ് കാണിച്ച ഇടശ്ശേരിയും അപചയങ്ങളോട് യുദ്ധം പ്രഖ്യാപിക്കാൻ ധൈഷ്ണികമായ പശ്ചാത്തലവും വാങ്മയ ഭദ്രതയും ഗദ്യാത്മകതയിലൂടെ ഏറ്റുവാങ്ങിയ സ്ഫോടനങ്ങൾ നിർവ്വഹിച്ച എൻ.വി. കൃഷ്ണവാര്യരും ശുഭകാമനകൾക്ക് ഇരുട്ടിന്റെ നന്മ ആശീർവദിച്ച അക്കിത്തവും വാളിനും വീണയ്ക്കുമിടയിൽ ഊഞ്ഞാലാടിയ വിപ്ലവ കവിക

ളായ പി. ഭാസ്ക്കരനും തിരുനെല്ലൂരും ധീരവിപ്ലവത്തിന്റെ രണാങ്കണങ്ങളിലൂടെ ശിരസ്സുയർത്തിപ്പിടിച്ച് കവിതയിൽ അശ്വമേധം നടത്തിയ വയലാറും ഹിമാലയസാനുക്കളുടെ ധാവള്യവും ശീതളിമയും വിശുദ്ധിയും ഹൃദയകമലത്തിൽ ഒരു പൊൻനൂൽ പോലെ സൂക്ഷിച്ച വിഷ്ണുനാരായണൻ നമ്പൂതിരിയും ഭാവനയുടെ ധൂർത്തപുത്രനായി നിളയുടെ നിത്യകാമുകനായി മലയാള കവിതാംഗനയുടെ ശിരസ്സിൽ ആയിരം ശിവമല്ലിപ്പൂക്കൾ ചൂടിച്ച പി. കുഞ്ഞിരാമൻ നായരും പടയണിയുടെ വന്യതാളവും പാവപ്പെട്ടവന്റെ ഹൃദയരോഷവും കാട്ടമൃതിൽ ചാലിച്ച കടമ്മനിട്ടയും ആയിരം ചെന്താമരപ്പൂവിന്റെ സംസ്കാരങ്ങൾ മനുഷ്യജീവിതത്തിന്റെ അനശ്വരതയിലൂടെ നശ്വരതയിലും ഒരുപോലെ ദർശിച്ച ഓടക്കുഴലിന്റെ കവിയായ ജി. ശങ്കരക്കുറുപ്പും വൈലോപ്പിള്ളിക്ക് ശേഷം കാച്ചിക്കുറുക്കിയ വരികളിലൂടെ കാർക്കശ്യത്തിന്റെ പരിമളം ഒരു മധുര നൊമ്പരമായി മലയാള കവിതയിൽ പകർത്തിയ ആറ്റൂർ രവിവർമ്മയും ഭാരതീയ പാരമ്പര്യത്തിന്റെയും സംസ്കൃതിയുടെയും നീർച്ചാലുകളെ ആധുനിക കവിതയിലേയ്ക്ക് വഴിവെട്ടിത്തെളിച്ച മധുസൂദനൻ നായരും സ്വപ്നസന്നിഭമായ ബിംബവരികളിലൂടെ ദന്തഗോപുരത്തിലിരുന്ന് മലയാള കവിതയെ തെരുവിലേയ്ക്കിറക്കി കൊണ്ടുവന്ന മലയാളത്തിന്റെ അവദൂതനായ പാട്ടുകാരൻ അയ്യപ്പനും ആദിമ മനുഷ്യന്റെ വിഹ്വലതകളെയും വികാരങ്ങളെയും വന്യമായ ചുവടുവയ്പ്പുകളിലൂടെ പുതിയ മനുഷ്യരാശിയിലേയ്ക്ക് സംക്രമിപ്പിച്ച കവിതയിലെ വിനയനിലാവായ വിനയചന്ദ്രനുമൊക്കെത്തന്നെ............ അങ്ങനെ എത്രയോ മഹാരഥന്മാർ കടന്നുപോയതാണ് മലയാള ഭാഷയുടെ വഴിത്താരകൾ എന്നുള്ള കാര്യം തീർച്ചയായും വളരെ സന്തോഷകരമായ ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കാൻ കഴിയുകയില്ല. ഞാൻ സൂചിപ്പിച്ചു, ഞാൻ പലരേയും വിട്ടുപോയതാണ്. കാരണം, അത്ര

മാത്രം ധന്യമാണ് സത്യത്തിൽ ഈ ഭാഷ. അത് പറയുമ്പോൾ വളരെ അഭിമാനമുണ്ട്. കാരണം, ആരെയൊക്കെയോ എവിടെയൊക്കെയോ മറന്നുപോകുന്ന ഒട്ടേറെ ആളുകൾ, തീർച്ചയായും ഇടപ്പള്ളി കവികളെന്ന് പറഞ്ഞപ്പോൾ ഞാൻ സൂചിപ്പിച്ചിരുന്നു. കാരണം, ആ ഒരു കാലഘട്ടത്തെ ഞാൻ ഒരുമിച്ച് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ചങ്ങമ്പുഴയെക്കുറിച്ച് പറയാൻ തന്നെ ഒട്ടേറെ സമയം തീർച്ചയായും എടുക്കും. അങ്ങനെ കലയുടെ കനകച്ചിലങ്ക മലയാള കവിതയിലേയ്ക്ക് സന്നിവേശിപ്പിച്ച എത്രയോ ആളുകൾ. ഈ പരമ്പരകൾ ഒരിക്കലും അവിടെ അവസാനിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇന്ദുലേഖ എന്ന ആ നോവലിലൂടെ പാരമ്പര്യ സ്ത്രീ സങ്കല്പങ്ങളെ പൊളിച്ചെഴുതി സ്ത്രീശാക്തീകരണത്തിന്റെ ആദ്യത്തെ വിത്ത് മലയാള മണ്ണിൽ വിതറിയ ഒ. ചന്തുമേനോൻ. അതിരുകളില്ലാത്ത തീക്കടലിനേയും ആകാശത്തേയും തനിക്ക് സ്വപ്നം കാണുവാൻ കഴിയുമെന്നും അത് മലയാള നോവലിലൂടെ സന്നിവേശിപ്പിച്ച സി.വി. രാമൻപിള്ളയും വ്യക്തിനിഷ്ഠയിൽ നിന്നും സാമൂഹ്യസത്തയിലേയ്ക്ക് മലയാള ചെറുകഥയെ പറിച്ചുനടുകയും അദ്ധ്വാനിക്കുന്നവന്റേയും ഭാരം ചുമക്കുന്നവന്റേയും രോദനം ചെറുകഥയിൽ ആദ്യമായി പ്രതിഫലിപ്പിക്കുകയും ചെയ്ത തകഴിയും കേശവദേവും പൊറ്റക്കാടുമൊക്കെ. മനുഷ്യമനസ്സിന്റെ നിഗൂഢലാവണ്യതലങ്ങൾ പച്ചയായി പകർത്തി ഭൂമിയിലെ സുന്ദരികളേയും സുന്ദരന്മാരേയും മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്ത ഉറൂബ് എന്ന പി.സി. കുട്ടിക്കൃഷ്ണൻ, മനുഷ്യർ തമ്മിലുള്ള മതിലുകളെ തകർക്കുകയും അവരുടെ ഗന്ധങ്ങളും സ്വപ്നങ്ങളും കൈക്കുടന്നയിലാക്കി മലയാളിക്ക് ഒരു പുതിയ ഭാഷയുടെ വ്യാകരണം നൽകിയ ബേപ്പൂർ സുൽത്താൻ. കാരിരുമ്പിന്റെ കരുത്തും എല്ലുറപ്പും അസാധാരണമായ പേശീബലത്തോടെ മലയാള നോവലിന്റെ തട്ടകങ്ങളിൽ വന്യചാ

രുതയൊരുക്കി എഴുതിച്ചേർത്ത കോവിലൻ, മഴയെ സ്വപ്നം കണ്ട നന്തനാർ, നീർമാതളത്തിന്റെ പൂക്കളുടെ ചാരുത കഥകളിൽ ഒളിപ്പിച്ച മാധവിക്കുട്ടി, ഏകാന്തതയുടെ സ്വപ്നങ്ങളിലെ ഗന്ധർവ്വനായ പത്മരാജൻ, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വള്ളുവനാടൻ ഗ്രാമീണതയുടെ നിസ്സർഗ്ഗ സൗന്ദര്യം വശ്യതയിലും വാമൊഴിയിലും വരമൊഴിയിലും ഒരുപോലെ വിളക്കിച്ചേർത്ത മലയാളിയുടെ ഏകാന്ത സ്വപ്നങ്ങൾക്ക് അർത്ഥഗൗരവം നൽകിയും ആൾക്കൂട്ടത്തിൽ തനിച്ചുനിൽക്കുന്ന സഹയാത്രികന് പാഥേയം നൽകി വായനയുടെ സ്വച്ഛന്ദതയിലേയ്ക്ക് നയിക്കുകയും ചെയ്ത നിളയുടെ കലാകാരനായ എം.ടി., ഖസാക്കിന്റെ കഥാകാരനായ ഒ.വി. വിജയൻ ആ കണ്ണികൾ അനന്തമായി നീളുകയാണ്. നമ്മുടെ ഭാഷയെയും സാഹിത്യത്തെയും ധന്യമാക്കിയ ഏതാനും പേരുകൾ ഇവിടെ ഓർത്തുവെന്ന് മാത്രം. മലയാള നാടകത്തിന്റെയും ഇതര രംഗ കലകളുടെയുമൊക്കെ തായ് വഴികൾ...............തീർച്ചയായും ഞാൻ സമയക്കുറവുകൊണ്ട് ചുരുക്കുകയാണ്. മലയാളം ഒരു ദേശനാമമാണ്. ഇന്നത്തെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഒറ്റ പ്രദേശമായിരുന്ന കാലത്ത് സംസാരിച്ചിരുന്ന മൂലദ്രാവിഡ ഭാഷയും പിന്നീട് നടന്ന സാമൂഹ്യരാഷ്ട്രീയ പ്രാദേശിക സംഭവ വികാസങ്ങളുടെ ഫലമായി നടന്ന വേർപിരിയലിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചു. ഇന്ന് തമിഴ്നാട്ടിലെ ഉടനാട്, കാർക്കനാട്, പുരനാട് തുടങ്ങിയ ദേശങ്ങളിൽ സംസാരിച്ചിരുന്ന പ്രാദേശിക ഭാഷയും ചേര രാജ്യത്തിലെ കൊടും തമിഴും ചേർന്നാണ് മലയാളത്തിന്റെ ആദിമരൂപം എന്ന ഒരു അഭിപ്രായമുണ്ട്. മലയാള ഭാഷയുടെ ലിപിയെ സംബന്ധിച്ച് ഒട്ടേറെ വ്യത്യസ്തമായ അഭിപ്രായങ്ങൾ തീർച്ചയായും പണ്ഡിതന്മാർക്കിടയിലുണ്ട്. കൂടുതൽ യുക്തിസഹജമായത് അംഗീകരിക്കാം എന്നത് മാത്രമേ പ്രായേണ ചെയ്യാൻ കഴിയുള്ളു.

ഇന്ന് ഉപയോഗിക്കുന്ന മലയാളലിപിയുടെ തൽസ്വരൂപം പല്ലവഗ്രന്ഥ ലിപിയെന്നാണ് പൊതുവെ അഭിപ്രായപ്പെടുന്നത്. ആ ലിപി ഏതാണ്ട് ഏഴാം നൂറ്റാണ്ടിൽ നിലനിന്നിരുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 1500 വർഷം പഴക്കമുള്ള ഒരു ഭാഷയുടെ പരിണാമപ്രക്രിയയുടെ തുടക്കം ഒരുപക്ഷേ അവിടെനിന്നായിരിക്കാം. പതിനാലാം നൂറ്റാണ്ടോടെ പല്ലവഗ്രന്ഥലിപിയിൽ കാര്യമായ മാറ്റങ്ങളുണ്ടാകുകയും..... ഒരു ഭാഷയുണ്ടാകുവാൻ എത്രയോ കാലം വീണ്ടും നാം കാത്തിരിക്കേണ്ടിവന്നു. ഭാഷയുണ്ടായശേഷം എത്രയോ കാലം കഴിഞ്ഞാണ് യഥാർത്ഥത്തിൽ ആ ഭാഷയുടെ ലിപി രൂപാന്തരപ്പെടുന്നത്. സുദീർഘമായ ഒരു പ്രക്രിയയുടെ ഭാഗമായിരുന്നു മലയാള ഭാഷയുടെ ആ ചരിത്രം. മലയാളത്തിന്റെ ആദ്യകൃതിയെന്ന് വിവക്ഷിക്കപ്പെടുന്ന പതിനൊന്നാം നൂറ്റാണ്ടിലെ രാമചരിതം..... പിന്നീട് കണ്ണശകവികളുടെ മണിപ്രവാളത്തിന്റെയുമൊക്കെ കാലഘട്ടം കഴിഞ്ഞ് പതിനാറാം നൂറ്റാണ്ടിലാണ് തമിഴ് സംസ്കൃത സ്വാധീനത്തിൽനിന്ന് എഴുത്തച്ഛൻ മലയാളഭാഷാലിപിക്ക് ഒരു ഭാഷാക്രമം നൽകിയത്. ഹരിനാമകീർത്തനം അതിന്റെ തുടക്കമായിരുന്നു. സുദീർഘമായ 1500 വർഷത്തിന്റെ പാരമ്പര്യവുമായി നിൽക്കുന്ന നമ്മുടെ ഭാഷ അമൂല്യങ്ങളായ ഒട്ടേറെ നിധികുംഭങ്ങളുടെ നിലവറയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ കാലത്തിന്റെ മാറ്റത്തിൽ ഭാഷയെ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനുമുള്ള നിദാന്തമായ ജാഗ്രത നമുക്ക് അന്യമായിയെന്നുള്ളതാണ് ഒരു യാഥാർത്ഥ്യം. മലയാളിയുടെ ജീവിതവുമായി ബന്ധപ്പെട്ട സകല വിജ്ഞാന മണ്ഡലങ്ങളെയും ഉൾക്കൊള്ളുന്ന എല്ലാവിധ ആധുനിക വിജ്ഞാനശാഖകളും മലയാളത്തിൽ പഠിക്കുവാനും അവയെല്ലാം നൂതനമായ അവബോധത്തോടെ, എല്ലാ സൂക്ഷ്മ

തകളോടുംകൂടി ഉൾക്കൊള്ളുവാനുമുള്ളതാണ്. അങ്ങനെ ഉൾക്കൊണ്ടു കൊണ്ട് നമ്മുടെ സംസ്കാരത്തിലേയ്ക്ക് ഉൾച്ചേർക്കുവാൻ കഴിയുകയും നമ്മുടെ ഭാവിയുടെ നേട്ടങ്ങളെ ലോകത്തിന് കാട്ടിക്കൊടുക്കുകയും ലോക ത്തുണ്ടാകുന്ന ഏത് വൈജ്ഞാനികമായ കാഴ്ചപ്പാടുകളേയും അഭിസംബോ ധന ചെയ്യുവാൻ നമ്മുടെ ഭാഷയ്ക്ക് കരുത്തുണ്ടാക്കുകയും ചെയ്യുന്ന തര ത്തിൽ നമ്മുടെ ഭാഷയെ സജ്ജമാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ സുദീർഘമായ ഈ പാരമ്പര്യത്തിന്റെ കണ്ണികളെ തനതായി സൂക്ഷിച്ചു കൊണ്ട് മാറുന്ന കാലത്തിന്റെ ശ്രുതികൾക്കൊപ്പം നമ്മുടെ ഭാഷയേയും നമുക്ക് കരുത്തുള്ളതാക്കേണ്ടതുണ്ട്. ഒരു ഭാഷ പഠിക്കുമ്പോൾ ആ ഭാഷ പ്രതിനിധാനം ചെയ്യുന്ന സംസ്ക്കാരത്തെയാണ് യഥാർത്ഥത്തിൽ ഉൾക്കൊ ള്ളുന്നതെന്ന് ഉള്ളൂർ സൂചിപ്പിച്ചിട്ടുണ്ട്. നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന മാതൃഭാഷയുടെ ശക്തിയും സൗന്ദര്യവും തിരികെപ്പിടിക്കുവാനുള്ള സന്ദർഭ മായി ഈ സർവ്വകലാശാല നിർദ്ദേശത്തെ കാണണം. സാഹിത്യപഠനം കേവലം ഭാഷാപഠനമെന്നതിനപ്പുറം സാംസ്ക്കാരികമായ പഠനമായി മാറണം. നമ്മുടെ നാടിന്റെ വിഭവങ്ങളും സാധ്യതകളും കണ്ടെത്തുവാനുള്ള വേദി യായി സർവ്വകലാശാല മാറണം. സാങ്കേതികമായും സർവ്വകലാശാലയെന്ന കാഴ്ചപ്പാടിനപ്പുറത്തേയ്ക്ക് ആ പുതിയ മാനങ്ങൾ തീർച്ചയായും നമുക്ക് കണ്ടെത്തേണ്ടതുണ്ട്. വിവിധ ജനങ്ങളുടെ സംസ്ക്കാരവും പഠനങ്ങളും അ തോടൊപ്പംതന്നെ അവയുടെ സംരക്ഷണം, വികസനം, ചിത്രകലകൾ, ശിൽപ്പകലകൾ, വാസ്തുവിദ്യ എന്നിവയോടൊപ്പംതന്നെയാണ് ഭാഷയുടെ ഉൽഭവവികാസപരിണാമങ്ങളെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ. പുതിയ വൈജ്ഞാനിക മേഖലകളുമായിട്ടുള്ള നിദാന്തമായ ബന്ധം, പുരാശേഖരങ്ങ ളുടെ സംരക്ഷണം, ലോകവിജ്ഞാന സമാഹരണത്തിന് ഭാഷയെ സജ്ജമാ

ക്കുവാനുള്ള സാഹചര്യം, മറ്റ് സർവ്വകലാശാലകളുടെ മാതൃപഠനം, മറ്റ് സർവ്വ കലാശാലകളെക്കൂടി നമ്മുടെ ഭാഷയുമായി കൂടുതൽ ബന്ധപ്പെടുത്തുവാനുള്ള പ്രവർത്തനം, അങ്ങനെ മലയാളത്തനിമയുടെയും മലയാള ഭാഷയുടെയും സർവ്വതോന്മുഖമായ വഴികൾ കണ്ടെത്തുകയെന്നുള്ള ഏറ്റവും പ്രാഥമികമായ കർത്തവ്യം തീർച്ചയായും നമ്മുടെ ഈ സർവ്വകലാശാലയ്ക്ക് നിർവ്വഹിക്കുവാനുണ്ട്. നമ്മുടെ സർവ്വകലാശാല വിവിധ വൈജ്ഞാനിക മേഖലകളുടെ ശാസ്ത്രവും സാങ്കേതികവുമായ സാമൂഹ്യശാസ്ത്രവുമൊക്കെയുള്ള എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ സർവ്വകലാശാല മാറേണ്ടതുണ്ട്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. പരമ്പരാഗതമായി നമ്മുടെ സർവ്വകലാശാലകളിൽ ചെയ്യുന്ന പ്രവൃത്തികൾപ്പുറത്തേയ്ക്ക് നമ്മുടെ മലയാള സർവ്വകലാശാല മാറേണ്ടതുണ്ട്. കേവലം ഡിഗ്രി കൊടുക്കുവാനുള്ള സർവ്വകലാശാലയായി മലയാള സർവ്വകലാശാല മാറരുത് എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ആ പ്രവൃത്തി കേരളത്തിലെ നാലഞ്ച് സർവ്വകലാശാലകളിൽ നിലവിലുണ്ട്. ആ സർവ്വകലാശാലകളിലൊക്കെത്തന്നെ ബി.എ. മലയാളവും എം.എ. മലയാളവും ഗവേഷണവുമൊക്കെത്തന്നെ നടക്കുന്നുണ്ട്. അങ്ങനെ ഡിഗ്രി കൊടുക്കുവാൻ മാത്രമായി ഒരു പുതിയ സർവ്വകലാശാലയെന്നുള്ള ആശയത്തിനപ്പുറത്തേയ്ക്ക് നമ്മുടെ ഭാഷയെ കുറേക്കൂടി പരിപുഷ്ടമാക്കാൻ കഴിയുന്ന തരത്തിൽ നമ്മുടെ സംസ്ക്കാരത്തെ തിരിച്ചറിയുവാൻ, മാറുന്ന വൈജ്ഞാനിക മേഖലകളെക്കൂടി പൂർണ്ണമായി ഉൾക്കൊണ്ടുപോകാൻ കഴിയുന്ന തരത്തിലേയ്ക്ക് നമ്മുടെ ഈ സർവ്വകലാശാലയെ വളർത്തിക്കൊണ്ട് വന്നെങ്കിൽമാത്രമേ അടിസ്ഥാനപരമായ ആ ലക്ഷ്യത്തിലേയ്ക്ക് നമുക്ക് എത്തിച്ചേരുവാൻ കഴിയുകയുള്ളൂ. അതാണ് ഇക്കാര്യത്തിൽ എന്റെയൊരു

വിനീതമായ അഭിപ്രായം. മലയാള സർവ്വകലാശാല വരുന്നുവെന്ന് പറഞ്ഞപ്പോഴുണ്ടായ ആദ്യത്തെയൊരു പ്രതിരോധം ഇംഗ്ലീഷിനെതിരായ കാഴ്ചപ്പാടായിരുന്നു. ഇംഗ്ലീഷ് സാഹിത്യവും ഇംഗ്ലീഷ് ഭാഷയും നമുക്കറിയാം. സുധാകരൻ സാറിനെപ്പോലെയുള്ള ആളുകൾ ഇവിടെയിരിപ്പുണ്ട്. ഇംഗ്ലീഷ് സാഹിത്യവും ഭാഷയുമൊക്കെ വളർന്നത് മറ്റ് ഭാഷകളുമായിട്ടുള്ള നിരന്തരമായ ഇടപെടലിന്റെ ഭാഗമായിട്ടാണ്. ഒട്ടേറെ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഭാഷ പുതിയ വഴികൾ തേടിയെത്തിയിട്ടുള്ളത്. മലയാള ഭാഷയ്ക്കും എന്തുകൊണ്ട് അത്തരമൊരു ഇടപെടലിലൂടെ നമ്മുടെ ഭാഷയുടേതായ വൈജ്ഞാനികമായ മേഖലകൾ വികസിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ കഴിയുകയില്ലെന്ന ചിന്തയാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. മലയാളീകരിക്കുന്നതിനോട് എതിരല്ലെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലയാള സർവ്വകലാശാലായെന്ന് പറയുമ്പോൾ അത് മലയാളത്തിനുവേണ്ടി മാത്രമുള്ള സർവ്വകലാശാലയല്ല. ആ ഒരു തലത്തിലേയ്ക്ക് പലപ്പോഴും ചർച്ചകൾ പോകുന്നുവെന്ന് എനിക്ക് തോന്നുന്നു. മലയാള സാഹിത്യത്തെക്കുറിച്ചു മാത്രം പഠിക്കാൻവേണ്ടിയുള്ള സർവ്വകലാശാല എന്നതിനപ്പുറത്ത് മലയാള ഭാഷയേയും സംസ്ക്കാരത്തേയും മലയാളിയുമായി ബന്ധപ്പെടുന്ന ഏതിനേയും ഇവിടെ സൂചിപ്പിച്ചതുപോലെ ശിൽപ്പകലകൾ................

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മലയാളഭാഷാ സാഹിത്യത്തിൽ പുതുതായി വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചാണ് അങ്ങ് ഇവിടെ സൂചിപ്പിക്കുന്നത്. എല്ലാ ഭാഷകളും കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഡിജിറ്റൽ ലാംഗ്വേജ് വന്നതോടെ ലോകത്ത് വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസൃതമായി ഭാഷയിലും ഒരുപാട് പരിണാമങ്ങളുണ്ടായിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ

വരുമ്പോൾ, ആ സാങ്കേതികവിദ്യയിൽ ഒരു ഉൽപ്പന്നമുണ്ടാകുമ്പോൾ ആ ഉൽപ്പന്നത്തിനനുസൃതമായ ഒരു മലയാളപദം കണ്ടെത്തേണ്ടിവരുന്നു. ഈ രീതിയിലുള്ള റിസർച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുകയാണ്. ഉദാഹരണമായി ചൈനീസ് ഭാഷയിലെ റിസർച്ച് ബൈഡു നടത്തുകയാണ്. ബൈഡു ഈ രംഗത്ത് വലിയ റിസർച്ച് നടത്തുന്നുവെന്ന് മാത്രമല്ല, അവർ റിസർച്ച് എഞ്ചിൻ ഫോർ വെബ്സൈറ്റ് എന്നുള്ള രീതിയിൽ വളരെ വലിയ റിസർച്ചാണ് ആ രംഗത്ത് നടത്തുന്നത്. പലപ്പോഴും വിദേശരാജ്യത്തുനിന്നെത്തുന്ന ആളുകളുടെ സ്വന്തം പേരുവരെ ചൈനീസ് ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യുന്ന രീതി ബൈഡു ഏറ്റെടുക്കുകയാണ്. ഇങ്ങനെ നമ്മുടെ മലയാളത്തിലും..... അറബി ഭാഷയിലും അങ്ങനെയുണ്ട്. സ്ക്രീൻപോലെയുള്ള പുതിയ രീതികൾ വന്നപ്പോൾ ആ സ്ക്രീൻ അനുസൃതമായിട്ടുള്ള പദപ്രയോഗങ്ങൾ കൊണ്ടുവന്നു. അങ്ങനെ ഓരോ പദപ്രയോഗങ്ങളും എല്ലാ ഭാഷയിലുമുണ്ടാകുകയാണ്. അതുപോലെ മലയാളത്തിലും കാലാനുസൃതമായുണ്ടാകുന്ന പുതിയ പദപ്രയോഗങ്ങൾക്കനുസൃതമായ മലയാളഭാഷാ പദങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണംകൂടി ഈ സർവ്വകലാശാലയോടനുബന്ധമായി ഉണ്ടാകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, വളരെ നല്ലൊരു നിർദ്ദേശമാണ് പറഞ്ഞത്. സത്യത്തിൽ കാലാനുസൃതമായ നമ്മുടെ ഭാഷയെ നവീകരിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ കാര്യത്തിൽ കുറേ പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. ‘അക്ഷരമാല’ എന്ന പേരിൽ സോഫ്റ്റ് വെയർതന്നെ ഡെവലപ് ചെയ്തെടുത്തിട്ടുണ്ട്. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മല

യാളത്തനിമയെന്ന് പറയുന്ന ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. അതോടൊപ്പംത്തന്നെ 'അക്ഷരമാല' എന്ന സോഫ്റ്റ്വെയർ ഡെവലപ് ചെയ്തെടുത്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുമായി മലയാളഭാഷയെ ബന്ധപ്പെടുത്തുന്നതായ ഒട്ടേറെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒന്നുരണ്ട് വർഷക്കാലമായി ഞാൻ മനസ്സിലാക്കുന്നിടത്തോളം കേരളത്തിൽ സജീവമായി നടക്കുന്നുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് ആ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ വരേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ് ലിപിയാന്തരണം. ഒരു ഭാഷയിലെ പദങ്ങൾ മറ്റൊരു ഭാഷയിൽ എങ്ങനെ എഴുതാം. ട്രാൻസിലേഷൻ എന്നുപറയുമ്പോൾ വിവർത്തനമാണ്. ട്രാൻസിലിറ്ററേഷൻ – ലിപിയാന്തരണം. മലയാള പദങ്ങൾ ഇംഗ്ലീഷിലൊക്കെ എങ്ങനെ എഴുതാമെന്നുള്ളത് ഇന്നും നമുക്ക് തർക്കവിഷയമാണ്. നമ്മൾ പല രീതിയിലാണ് എഴുതുന്നത്. അതിന് ശാസ്ത്രീയമായി, ഔദ്യോഗികമായി അംഗീകരിച്ച് ഭാഷാശാസ്ത്രജ്ഞൻമാർ രൂപം നൽകിയ ഒരു രീതിശാസ്ത്രമുണ്ട്. ഈ സർവ്വകലാശാലയിൽ നിർബന്ധമായും പഠിക്കേണ്ട വിഷയമാണ് ലിപിയാന്തരണം. ഇതിൽ നിരവധി വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം തീർത്തും സ്വാഗതാർഹമാണ്. എല്ലാംകൂടി വന്നെന്നുവരില്ല. പക്ഷേ അത് വിട്ടുപോയിട്ടുണ്ട്. തിരുവനന്തപുരം ഇംഗ്ലീഷിൽ എഴുതുമ്പോൾ 'Th' വേണ്ട 'T' മതി. കാരണം സംസ്കൃതത്തിലെ നിയമമനുസരിച്ച് 'T' 'ത'-യ്ക്ക് പകരമാണ്. സംസ്കൃതത്തിലെ 'ത'-യ്ക്ക് ഇംഗ്ലീഷിൽ 'T' മാത്രമേ ഉപയോഗിക്കുക

യുള്ളൂ. നമ്മൾ കാലങ്ങളായി ‘Th’ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ‘Th’ ഒരു തെറ്റായ പ്രയോഗമാണ്. ശരിയായ ലിപിയാന്തരണശാസ്ത്രം വികസിപ്പി ച്ചെടുത്ത് അതിനൊരു ഏകീകരണം നൽകിയാൽ മലയാളികൾക്ക്......... ഇതൊക്കെയാണ് ഈ സർവ്വകലാശാലകൊണ്ട് ഉണ്ടാകേണ്ടത്. പൊതുവായിട്ട് പല കാര്യങ്ങളിലും അഭിപ്രായ സമന്വയമുണ്ടാക്കാൻ കഴിയണം. ലിപിയാന്തര ണംപോലെയുള്ള സംഗതികൾ ഇതിലുൾപ്പെടുത്തണം എന്നുള്ളതിനെക്കുറി ച്ചുള്ള അങ്ങയുടെ അഭിപ്രായം അറിയാൻ താൽപര്യമുണ്ട്.

ഡോ. എൻ. ജയരാജ്: അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തീർച്ചയായും ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ അത് സർവ്വ കലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഭാഷയേയും സാഹിത്യത്തേയുംകുറിച്ചുള്ള പഠനത്തിന് അപ്പുറത്തേയ്ക്ക് തുട ക്കത്തിൽ പറഞ്ഞതുപോലെ പുതിയ വൈജ്ഞാനിക മേഖലയുമായി ഭാഷയെ കുറെക്കൂടി ബന്ധപ്പെടുത്തികൊണ്ട് ശക്തമാക്കാനുള്ള പ്രവർത്തന ത്തിന്റെ ഭാഗമെന്നുള്ള നിലയിൽ അതിന്റെ നവീകരണവും അതോടൊപ്പം അതിനെ കുറെക്കൂടി കരുത്തുറ്റതാക്കി മാറ്റുക എന്നുള്ളതാണ്. കുറെ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട്. അവിടെയാണ് സർവ്വ കലാശാലയുടെ പ്രസക്തി. നമുക്കറിയാം, കേരളത്തിന് കുറെ അക്കാഡമികളുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർവ്വകലാശാല ബില്ലിനെക്കുറിച്ചുള്ള ബഹുമാന്യനായ ഡോ. എൻ. ജയരാജിന്റെ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ ഭാവന വളരെ വിപുലമായ മേഖലകളിലേയ്ക്ക് കടന്നു ചെല്ലുന്നു. അത് നല്ല കാര്യമാണ്. മലയാള ഭാഷയും സാഹിത്യവും പഠിക്കുക എന്നതുമാത്രമല്ല മല

യാള സംസ്കാരം നിലനിറുത്തുക, നല്ല നോവലുകൾ രചിക്കപ്പെടുക, നല്ല കഥകളുണ്ടാവുക, നല്ല നാടകങ്ങളുണ്ടാകുക എന്നൊക്കെ പറയുന്നതുപോലെ കേരളത്തിന്റെ സംഭാവനയായി ഇൻഡ്യാ രാജ്യത്തിന് മാതൃകയായി നല്ല മല യാള സിനിമകളും നിർമ്മിച്ചിട്ടുണ്ട്. അങ്ങനെയുള്ള ചലച്ചിത്രകാരൻമാർ, അതുപോലെ നല്ല സംഗീതജ്ഞൻമാർ, നല്ല ഗാനങ്ങൾ പാടുന്നവർ, കവിത രചിക്കുന്നവർ അങ്ങനെ എല്ലാ അർത്ഥത്തിലും മലയാളഭാഷയെ സമ്പന്നമാ ക്കുന്നവരുണ്ട്. മലയാള ഭാഷയിൽ നല്ല നോവലുണ്ടാകുക, കഥയുണ്ടാകുക, കവിതയുണ്ടാകുക, നാടകങ്ങളുണ്ടാകുക, സിനിമയുണ്ടാവുക, നല്ല പത്ര ഭാഷയുണ്ടാകുക. അതുപോലെയുള്ള കാര്യങ്ങൾക്കുകൂടി വളരെ പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. അങ്ങ് ഒരുപാട് സാഹിത്യ നായകൻമാരുടെയും സാംസ്കാരിക നായകൻമാരുടെയും പേരുകൾ എടുത്തുപറഞ്ഞു. ആ കൂട്ട ത്തിൽ നല്ല പത്രപ്രവർത്തകൻമാരും ചലച്ചിത്ര നിർമ്മാതാക്കളും സംവിധായ കരും ഉൾപ്പെടെയുള്ളവർ, അതുപോലെ നല്ല പ്രാസംഗികർ, നല്ല ഭാഷയിൽ സംസാരിക്കുന്നവർ, എഴുത്ത് മാത്രമല്ല, വാമൊഴിയും വരമൊഴിയും വേണം. നല്ല ഭാഷയിൽ സംസാരിക്കാനും കഴിയണം. നിയമസഭയിൽതന്നെ പലർക്കും ഊറിച്ചിരിക്കാൻ വക നൽകുന്ന രീതിയിൽ നമ്മൾ മലയാളം പറയാറുണ്ട്. നല്ല ഭാഷ സംസാരിക്കുന്ന ജനപ്രതിനിധികളുണ്ടാകുക, നല്ല പ്രസംഗം.... എവിടെ എന്നുള്ളത് എന്റെ വിഷയമല്ല. ഞാൻ പൊതുവായി പറഞ്ഞതാണ്. നല്ല പ്രസംഗകല, അങ്ങനെ എല്ലാംകൂടി വരുമ്പോഴാണ് ഇത് സമ്പന്നമാകുന്നത്. ആ കാര്യങ്ങളെക്കുറിച്ചുകൂടി അങ്ങയുടെ അഭിപ്രായം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ഡോ. എൻ. ജയരാജ്: തീർച്ചയായും നല്ല ഭാഷ കൈകാര്യം ചെയ്യാൻ കഴിയുക എന്നുള്ളത് വലിയ ഭാഗ്യമാണ്, ഒരു വരദാനമാണ്. കഴിഞ്ഞ

ദിവസം പത്രത്തിൽ വന്ന ഒരു വാർത്ത അങ്ങ് കണ്ടുകാണും. പത്താം ക്ലാസ്സിലെ മലയാളം പരീക്ഷയ്ക്കുള്ള പേപ്പറിൽ കഥകളിയിലെ കത്തിവേഷ ത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഒരു കുട്ടി എഴുതിയ ഉത്തരം മലയാള മനോരമ പത്രത്തിൽ വന്നിരുന്നു. സാധാരണ കഥകളിക്കാർ കൂടെ കൊണ്ടു നടക്കുന്ന ഒരുപകരണമാണ് കത്തി എന്നും പുരുഷവേഷക്കാർക്കുള്ളതാണ് താടി എന്നുമൊക്കെ എഴുതുന്ന മലയാളി വിദ്യാർത്ഥികൾ നമ്മുടെ ഇടയിൽ ഇപ്പോ ഴുമുണ്ടെന്ന് പറയുമ്പോൾ മലയാള സർവ്വകലാശാലയെക്കുറിച്ചുള്ള ചർച്ച യ്ക്കിടയിൽ സത്യത്തിൽ ദു:ഖം തോന്നുകയാണ്.

വീണിതല്ലോ കിടക്കുന്നു ധരണിയിൽ

ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ – എന്നതിനു പകരം

വീണിതല്ലോ കിടക്കുന്നു ഭരണിയിൽ

ക്ഷീണിതനായി അയ്യോ ശിവ ശിവ – എന്നെഴുതുന്ന കുട്ടികളുണ്ട്. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എഴുതിയതാണ്. മലയാളഭാഷ യുടെ വികാസ പരിണാമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മൾ എവിടെ പ്പോയി നിൽക്കുന്നു എന്ന് സ്വയം ചിന്തിക്കേണ്ട ഒരു സാഹചര്യം കൂടി സത്യ ത്തിൽ ഇതിന്റെ പിന്നാമ്പുറത്തുണ്ട് എന്നുള്ളത് സാന്ദർഭികമായി സൂചിപ്പിക്കു ന്നു. ഇതിനകത്ത് ഏറ്റവും വലിയ ഒരു അപകടം ടി.വി. അവതാരികമാരാ ണെന്ന് പറയാതിരിക്കാൻ കഴിയില്ല. മലയാളമാണോ ഇംഗ്ലീഷാണോ എത് ഭാഷയിലാണ് അവർ സംസാരിക്കുന്നതെന്ന് കണ്ടുപിടിക്കണമെങ്കിൽ......

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കഥകളിയിലെ കത്തിവേഷം കത്തി കൊണ്ടുനടക്കുന്നതാണ് എന്ന തോന്നൽ വരാൻ കാരണം അദ്ധ്യാപനത്തി ന്റെയോ അല്ലെങ്കിൽ അദ്ധ്യാപകരുടെയോ പിശക് കൊണ്ടു സംഭവിക്കുന്നതാണോ?

<u>ഡോ. എൻ. ജയരാജ്</u>: ഞാൻ അദ്ധ്യാപകനായിരുന്ന കാലത്ത് അന്ന് പേപ്പറിൽ വന്ന ഒരു വാർത്തയാണ്. കുമാരനാശാന്റെ കരുണയെക്കുറിച്ചുള്ള ചോദ്യത്തിന് ഒരു കുട്ടി എഴുതിയ ഉത്തരം, ആ കുട്ടി ക്ലാസ്സിൽ വല്ലപ്പോഴുമായിരിക്കും കയറുന്നത്, അന്ന് പീഡനമെന്ന വാക്ക് മലയാളത്തിൽ വന്ന കാലമാണ്. കുമാരനാശാൻ എന്ന കശ്മലൻ വാസവദത്ത എന്ന സാധുസ്ത്രീയെ പീഡിപ്പിച്ചുകൊണ്ട് ഉപഗുപ്തന് എഴുതിയതാണ് കരുണ എന്ന് എഴുതിയ കാര്യം പത്രത്തിൽ ബോക്സ് വാർത്തയായി വന്നതാണ്. അദ്ധ്യാപകരുടെ ഭാഗത്ത് തെറ്റില്ലെന്ന് ഞാൻ പറയുന്നില്ല. കാരണം അദ്ധ്യാപകരാണെന്നു പറയുമ്പോഴും അങ്ങനെയൊരു ആത്മാർത്ഥത കാണിക്കാത്ത അദ്ധ്യാപക സമൂഹം തീർച്ചയായുമുണ്ട്. പക്ഷേ, ഭാഷയോടുള്ള സ്നേഹമെന്നു പറയുന്നത് ജൈവശാസ്ത്രപരമായ ഒരു മാനസിക അവസ്ഥയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് നമ്മൾ ഭാഷയെ ഉൾക്കൊള്ളുകയും സ്നേഹിക്കുകയും ചെയ്യുന്നത്. മലയാളി എന്നുള്ള ഒരു ബോധമുണ്ടാകണമെങ്കിൽ മലയാള ഭാഷയുണ്ടാകണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ പറഞ്ഞ വിഷയത്തെ സൂചിപ്പിക്കാനാണ്. കേരളത്തിലെ പഴയകാല പാരമ്പര്യമുള്ള അദ്ധ്യാപകരെകൂടി ഇതിൽ ചേർക്കേണ്ടതല്ലേ എന്ന അർത്ഥത്തിലാണ് ചോദിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ്, ഇന്ന് മൂന്ന് ബില്ലുണ്ട്. ഈ ബില്ലിന് മാത്രം അഞ്ച് മണിക്കൂർ ഇനിയും വേണ്ടിവരും. നിയമസഭ തീരാൻ എത്ര സമയമാകുമെന്ന് സ്വയമൊന്നാലോചിച്ചാൽ മതി. ഇപ്പോൾ അങ്ങ് തുടങ്ങിയിട്ട് 33 മിനിട്ടായി.

ഡോ. എൻ. ജയരാജ്: സർ, മലയാള ഭാഷയെക്കുറിച്ച് പറയാൻ 33 ദിവസങ്ങൾ മതിയാകില്ല. കാരണം അത്രമാത്രം.......

മി. ഡെപ്യൂട്ടി സ്പീക്കർ: കുഴപ്പമില്ല. നമുക്ക് നേരം വെളുക്കുന്നത് വരെ ഇരിക്കാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അങ്ങയുടെ പ്രസംഗം കുറെ നേരമായി കേൾക്കുകയാണ്. അങ്ങ് ഇപ്പോൾ ഒരു ഡിസ്ക്കഷനിലേയ്ക്ക് വന്നു. മലയാള ഭാഷയെക്കുറിച്ചും അതിന്റെ വികാസത്തെക്കുറിച്ചുമൊക്കെ വളരെ ഉത്കണ്ഠ യോടുകൂടി ഒരുപാട് കാര്യങ്ങൾ അങ്ങ് പറഞ്ഞു. ഭാഷ അറിയുന്നതിലും ഭാഷാസാഹിത്യം ഉൾക്കൊള്ളുന്നതിലും കുട്ടികൾ കാണിക്കുന്ന ഒരുപാട് അബദ്ധങ്ങളെക്കുറിച്ചും പോരായ്മകളെക്കുറിച്ചും പറഞ്ഞു. അങ്ങ് ശ്രദ്ധിച്ചി ട്ടുണ്ടോ എന്നറിയില്ല. ലോകത്ത് പ്രാഥമിക വിദ്യാഭ്യാസം സ്വന്തം മാതൃഭാഷ യിൽ അല്ലാതെ നടത്തുന്ന ഒരേയൊരു രാജ്യം ഇൻഡ്യയാണ്. ലോകത്ത് പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ അല്ലാതെ നടത്തുന്ന വേറെയേ തെങ്കിലും ഒരു രാജ്യത്തിന്റെ പേര് പറയാൻ കഴിയുമോ. പ്രധാനപ്പെട്ട രാജ്യ ങ്ങളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. വേറെ എവിടെയുമില്ല. അത് ബ്രിട്ടീഷു കാരുടെ കാലം മുതലുള്ള ഒരു അടിമ മനോഭാവത്തിന്റെ ഭാഗമായി തുടരുക യാണ്. ലോകത്തിലെ വിദ്യാഭ്യാസ വിചക്ഷണൻമാരും ഇതേക്കുറിച്ച് റിസർച്ച് ചെയ്ത ആളുകളും പഠിച്ചവരും ആരുംതന്നെ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ അല്ലാതെ മറ്റൊരു ഭാഷയിൽ നടത്തണമെന്ന് ഇന്നുവരെ പറഞ്ഞിട്ടില്ല. അതിനു കാരണം മറ്റൊരു ഭാഷയിലൂടെ ചുറ്റുപാടിനെക്കുറിച്ച്, പ്രകൃതിയെക്കുറിച്ച്, ഇടപഴകുന്ന മേഖലയെക്കുറിച്ചൊക്കെ പറഞ്ഞു കൊടു ക്കുമ്പോൾ ഓരോ കുഞ്ഞിന്റെയും കാര്യത്തിൽ ഒരു വസ്തുവിനെ, ഒരു

മേശയെക്കുറിച്ച് അല്ലെങ്കിൽ മറ്റൊന്നിനെക്കുറിച്ച് പഠിക്കുമ്പോൾ, ആ വസ്തുവിനും മനസ്സിനുമിടയിൽ ഭാഷ എന്നൊരു മാധ്യമമുണ്ടെന്ന തോന്നൽ ആ വസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം അപൂർണ്ണമാക്കും എന്ന് വലിയ വിദ്യാഭ്യാസ വിചക്ഷണൻമാർ നിരീക്ഷിച്ചതൊക്കെ നമ്മൾ വായിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ശാസ്ത്രീയമായി പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ അല്ലാതെ നടത്തുന്നത് തെറ്റാണ് എന്നാണ് എല്ലാവരും പറഞ്ഞത്. എന്നാൽ ഇവിടെ നടക്കുന്നത് അതിൽ നിന്നും വ്യത്യസ്തമായാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്... യെസ്... ചോദ്യം ചോദിച്ചിട്ട് നിറുത്തൂ.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ചോദ്യം ചോദിക്കാനല്ല. ഇവിടെ എല്ലാവരും സംസാരിക്കുകയായിരുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഈ ബില്ലിൽ ഇനിയും നാലു പേർ സംസാരിക്കാനുണ്ട്. ഈ ബില്ലിന് അറുപത് വകുപ്പുകളുണ്ട്, ആയിരത്തിലധികം ഭേദഗതികളുണ്ട്. ഇനി വേറെ രണ്ടു ബില്ലുകൾ എടുക്കാനുണ്ട്. ഇത് ആലോചിച്ചിട്ടാണോ സംസാരിക്കുന്നത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കണം, ഈ ബില്ല് ഡ്രാഫ്റ്റ് ചെയ്തത് അത്രയും കൊള്ളാത്ത നിലയിലായതുകൊണ്ടാണ് ആയിരത്തിലധികം ഭേദഗതികൾ വന്നത്. അതുകൊണ്ടാണ് ഇങ്ങനെയുള്ള ഡിസ്ക്കഷൻ വന്നത്. അത് നേരത്തെ ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം സൂചിപ്പിക്കുകയും ചെയ്തതാണ്. ഇത്രയും പ്രധാനപ്പെട്ട വിഷയത്തിൽ ഇത്ര ദുർബ്ബലമായി ഡ്രാഫ്റ്റ് ചെയ്ത ബില്ല് ഇവിടെ വന്നിട്ടില്ല. ഇതിന്റെയൊക്കെ ഭാഗമായി ഇങ്ങനെയുള്ള ഒരു ഉത്കണ്ഠ നമ്മൾ ഷെയർ ചെയ്യുമ്പോൾ... മലയാള സർവ്വകാലാശാല വരാൻ പോകുകയാണല്ലോ. ഇവിടത്തെ പ്രാഥമിക

വിദ്യാഭ്യാസം മാതൃഭാഷയിൽ മാത്രം നടത്തുന്നതിനും പ്രൈമറിതലത്തിൽ ഇംഗ്ലീഷ് മീഡിയം നിരോധിക്കുന്നതിനുമുള്ള തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എൻ. ജയരാജ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. മാതൃഭാഷയിൽ പഠനം നടത്താൻ കഴിയുന്നില്ല എന്നുള്ള പരിമിതി പ്രധാനപ്പെട്ട ഒരു ഘടകമാണ്. അങ്ങ് പറഞ്ഞതുപോലെ ഏതു കാര്യവും സ്വന്തം ഭാഷയിൽ പഠിക്കുമ്പോഴാണ് തീർച്ചയായും മനസ്സിലാക്കാൻ കഴിയുന്നത്. "ഏതൊരു ഭാഷയും ഏതൊരു കാവ്യവും ഏതൊരു വേദവും ഏതൊരു ശാസ്ത്രവും ഏതൊരാൾക്കും ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ വക്ത്രത്തിൽ നിന്നു ഗ്രഹിക്കവേണം" എന്ന് വള്ളത്തോൾ വളരെ നേരത്തെ പറഞ്ഞു വച്ചതാണ്. മലയാള സർവ്വകലാശാല വരുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ള ഒരു കാര്യം, ഇപ്പോൾ സർവ്വകലാശാലകളുടെ പുസ്തകങ്ങളൊക്കെ സ്വകാര്യ പ്രസ്സുകളിലാണ് അച്ചടിച്ചിറക്കുന്നത്. മലയാളത്തിലെ ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങൾ തീർച്ചയായും.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ്, പ്ലീസ് കൺക്ലൂഡ്. 38 മിനിട്ടായി.

ഡോ. എൻ. ജയരാജ്: സർ, ഞാൻ വളരെ പെട്ടെന്ന് നിറുത്താം. മലയാളത്തിലെ ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങൾ......

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് ചെയ്യുക. ഒരു നിയന്ത്രണം വേണ്ടതല്ലേ. ഡോ. എൻ. ജയരാജ്, ഒരു നിയന്ത്രണവും ഇല്ലാതെ ഇങ്ങനെ പോകാമോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ നിറുത്തുകയാണ്. പറഞ്ഞത് ഒന്ന് അവസാനിപ്പിച്ചോട്ടെ. മലയാളത്തിലെ ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങൾ തീർച്ചയായും മലയാള ഭാഷയുടെ അടിസ്ഥാനത്തിൽ കൊണ്ടുവരിക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രധാനപ്പെട്ട കാര്യം ശ്രദ്ധിക്കേണ്ടത്, മലയാള സർവ്വകലാശാലയെ കുറേ പുസ്തകങ്ങൾ പബ്ലിഷ് ചെയ്യുന്നതിനുള്ള ഒരു സ്ഥാപനമാക്കി മാറ്റരുത്. ഈ അടുത്ത കാലത്ത് അവിടെയും ഇവിടെയും സെമിനാറുകൾ നടത്തിയിട്ട് പുസ്തകങ്ങൾ ഇറക്കുന്ന രീതിയുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1968-ൽ എൻ.വി. കൃഷ്ണവാരിയർ.........

<u>ശ്രീ. ജി. സുധാകരൻ</u>: ബഹുമാനപ്പെട്ട സ്പീക്കർ വളരെ അജിറ്റേറ്റഡായ സ്ഥിതിക്ക് ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി തുടങ്ങിയവർ ഒന്നാന്തരം നിർദ്ദേശങ്ങളാണ് വയ്ക്കുന്നത്. ഞങ്ങളും നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. സംസാരിക്കാൻ അനുവദിച്ചാൽ ശ്രീ. രാജേഷിന്റെയൊക്കെ നല്ല അഭിപ്രായങ്ങൾ കേൾക്കാം. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറഞ്ഞ് രണ്ടു ദിവസം പ്രത്യേകം സമ്മേളനം വിളിച്ചുകൂട്ടി ഈ ബില്ലിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതാണ് നല്ലത്. അതിനുള്ള അവസരമുണ്ടാക്കുമോ? മലയാളഭാഷ ആയതുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ഡോ. എൻ. ജയരാജ്</u>: ഞാൻ സൂചിപ്പിച്ചത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1968-ൽ ആരംഭിക്കുന്നത് മലയാളത്തിൽ ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങൾ പബ്ലിഷ് ചെയ്യുക എന്നുള്ള വലിയ കാഴ്ചപ്പാടോടു കൂടിയായിരുന്നു. കേരളത്തിലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അങ്ങനെയാണ് ചെയ്യുന്നത്. അക്കാദമികളും സർവ്വകലാശാലകളും അവരുടേതായ പ്രവൃത്തി ചെയ്യുന്നുണ്ട്. അല്ലാതെ കേരളത്തിലെ

അക്കാദമികൾ ചെയ്യുന്ന ജോലികൾ ചെയ്യുന്നതിനാണ് സർവ്വകലാശാല എന്നുള്ള ആശയത്തോട് എനിക്ക് യോജിപ്പില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് ......... പ്ലീസ് കൺക്ലൂഡ്...

ഡോ. എൻ. ജയരാജ്: അക്കാദമിയിലും അങ്ങനെയുള്ള പ്രശ്നങ്ങളാണ്. കവിതയൊന്നും അവിടെ ഇറക്കുന്നില്ല. അക്കാദമി ചെയ്യുന്ന ജോലികളല്ല സർവ്വകലാശാല ചെയ്യേണ്ടത്. സർവ്വകലാശാലകളിൽ മലയാള സർവ്വകലാശാല എന്ന ആശയം പരിപൂർണ്ണമാകണമെങ്കിൽ മലയാള ഭാഷയുടെയും സംസ്ക്കാരത്തിന്റെയും അതോടൊപ്പം നമ്മുടെ ജൈവ ഭാഷാ സംസ്ക്കാരത്തെക്കൂടി പുഷ്ടിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായി സർവ്വകലാശാല മുന്നോട്ടു പോകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. ജയരാജ്........... പ്ലീസ് കൺക്ലൂഡ് ..........

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഇവിടെ ശ്രീ. ജി. സുധാകരൻ പറഞ്ഞത് പ്രത്യേകമായ രണ്ടു ദിവസങ്ങൾ സമ്മേളനം വിളിച്ചുകൂട്ടി ചർച്ച ചെയ്തതിനുശേഷം വേണം സർവ്വകലാശാലയുടെ ബിൽ പാസ്സാക്കാൻ എന്നു പറയുന്ന അഭിപ്രായത്തോട് അങ്ങയുടെ നിലപാട് എന്താണ്?

ഡോ. എൻ. ജയരാജ്: ഇവിടെയുള്ള പ്രശ്നമെന്താണെന്നു പറയുന്നത് കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുള്ളത് ആറു മലയാളിക്ക് നൂറു മലയാളമെന്നും അര മലയാളിക്ക് ഒരു മലയാളമെന്നും, ഒരു മലയാളിക്ക് മലയാളമില്ലെന്നും പറഞ്ഞതുപോലെ എത്ര ചർച്ച ചെയ്താലും തീരാത്ത ഒരു വിഷയമാണ് മലയാളഭാഷയെക്കുറിച്ചുള്ളത്. അതാണ് ഏറ്റവും വലിയ പരിമിതി എന്നു പറയുന്നത്. എങ്കിൽപ്പോലും പരിമിതിക്കുള്ളിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ വാക്കുകളെ മുഖവിലയ്ക്കെടുത്തുകൊണ്ട് എന്റെ സംസാരം കുറയ്ക്കുകയാണ്. ഞാൻ സൂചിപ്പിച്ചു വന്നത് മലയാളഭാഷയിൽ പഠനം എന്നുള്ളതിൽ

അധ്യായനം മാതൃഭാഷയിൽ എന്നു പറയുന്നത് പുതിയൊരു കാര്യമല്ല. 1936 –ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ വാർദ്ധാ സമ്മേളനത്തിൽ മഹാത്മജി കൊണ്ടുവന്ന അന്നത്തെ ഒരു നയത്തിന്റെ ഭാഗമെന്ന നിലയിലാണ് നമ്മുടെ മാതൃഭാഷയിൽ പഠനം എന്നുള്ള ആശയം കൊണ്ടുവന്നത്. തൊഴിൽ കൊടുക്കുന്ന വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ പറയുന്നുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ടുവന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ കേരളത്തിൽ വരുന്നത് ഏറ്റവും അവസാനമാണ്. കാരണം പല കാര്യങ്ങളിലും നാം പുറകോട്ടു പോകുന്നു എന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. ഇത് ഏഴാമത്തെ സർവ്വകലാശാലയാണ്. ഇൻഡ്യയിൽ ആദ്യം ഭാഷയ്ക്കുവേണ്ടി സർവ്വകലാ ശാല ഉണ്ടാക്കുന്നത് പഞ്ചാബി ഭാഷയിലാണ്. പഞ്ചാബും കർണ്ണാടകവും തമിഴ്നാടുമൊക്കെ സർവ്വകലാശാല കൊണ്ടുവന്നതിനുശേഷമാണ് മലയാള ത്തിന് സ്വന്തമായി ഒരു ഭാഷ അല്ലെങ്കിൽ സർവ്വകലാശാല എന്നുള്ള ഒരു ആശയം വന്നത്. തീർച്ചയായും ഇവിടെ പറഞ്ഞതുപോലെ പരിമിതികൾ ഒട്ടേറെ കാണും. ഒരു തുടക്കമെന്ന നിലയിൽ ആ പരിമിതികളെയൊക്കെ നമുക്ക് മറികടന്നുകൊണ്ട് മലയാള ഭാഷയുടെ നാളെകളിലേയ്ക്കുള്ള പരി പോഷണത്തിനുവേണ്ടി ഒരു കൂട്ടായ ശ്രമത്തിന്റെ ഭാഗമായി ഈ വിഷയത്തെ കാണണമെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എഴുത്തച്ഛന്റെ പേരിലാണ് ഈ സർവ്വകലാശാല ആരംഭിക്കുന്നത്. എനിക്ക് സൂചിപ്പിക്കുവാ നുള്ള പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. മലയാളം സർവ്വകലാശാല എന്നാണ് പേരിട്ടിരിക്കുന്നത്. മലയാളം ഒരു ദേശ ഭാഷയാണ്. ഒരു ദേശത്തിന്റെ കാഴ്ചപ്പാടാണ്. മലയാള സർവ്വകലാശാല ഉണ്ടാകുകയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഉൾപ്പെടെയുള്ള ആളുകൾ

ഇതിന്റെ കമ്മിറ്റിയിലേയ്ക്കും പ്രധാനപ്പെട്ട ബോഡികളിലേക്ക് വരികയും ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എഴുത്തച്ഛന്റെ പേര് ഈ സർവ്വകലാശാലയ്ക്ക് ഇട്ടതിൽ തീർച്ചയായും സന്തോഷമുണ്ടാകണം. ഭാഷാ പിതാവിനെ ഓർക്കാനായി കിട്ടിയ ഒരു സന്ദർഭമാണിത്. ഭാഷയിൽ എഴുത്ത ച്ഛൻ പറഞ്ഞത് ....കൂടുതൽ പറയാനുണ്ടെങ്കിലും സമയം വളരെ പ്രശ്നമായ തുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. എഴുത്തച്ഛൻ രാമായണത്തിൽ പറഞ്ഞിട്ടുണ്ട്

വാരിധിതന്നിൽ തിരമാലകളെന്നപോലെ

ഭാരതീപദാവലി തോന്നേണം കാലേ കാലേ

എനിക്ക് സൂചിപ്പിക്കുവാനുള്ളത് തിരമാലകൾപോലെ വരും കാലഘട്ടത്തിൽ മലയാള ഭാഷയുടെ പരിണാമത്തിനും വികാസത്തിനുമായി ഒട്ടേറെ നല്ല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സാധിക്കണം. രാമായണത്തിന്റെ അവസാനം എഴുത്തച്ഛൻ പറഞ്ഞതുപോലെ നമ്മുടെ പ്രകൃതിയും നമ്മുടെ ഭാഷയും പൂർണ്ണമായും സസ്യപരിപൂർണ്ണയായും മാറുവാൻ ഈ സർവ്വകലാ ശാല ബില്ലിന്റെ പ്രവർത്തനങ്ങൾ ഇടയാകട്ടെ എന്ന് ഒരിക്കൽക്കൂടി ആഗ്രഹി ച്ചുകൊണ്ട് അതിന് നേതൃത്വം നൽകിയ ഗവൺമെന്റിനെയും പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെയും സന്തോഷപൂർവ്വം ഈ കാര്യത്തിൽ ഒരിക്കൽക്കൂടി എന്റെ സന്തോഷം അവരോടൊപ്പം പങ്കുവച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മലയാള ഭാഷയ്ക്കുവേണ്ടി മലയാളത്തിൽ ഒരു സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള ഒരു നിയമനിർമ്മാണ പ്രക്രിയയിൽ വളരെ ഗൗരവത്തോടുകൂടിയാണ് നമ്മുടെ സഭയിലെ അംഗങ്ങളെല്ലാം പങ്കെടുത്തുകൊണ്ടിരിക്കുന്നത്. അപ്പം ചുട്ടെടുക്കുന്നതുപോലെ മലയാളത്തിനൊരു സർവ്വകലാശാല ഉണ്ടാക്കിയെടുക്കാൻ എളുപ്പമല്ല. അതുകൊണ്ട് സമയ നിബന്ധനയിൽ പിടിവാശി കാണിച്ച് ചരിത്ര പ്രസിദ്ധമായ ഒരു നിയമനിർമ്മാണത്തെ ചുരുക്കിക്കൊണ്ടുപോകാൻ ദയവുചെയ്ത് ചെയർ തയ്യാറാവരുത്. ഈ ഭാഷാ സർവ്വകലാശാല മലയാളത്തിനുവേണ്ടിയുള്ള സർവ്വകലാശാല എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ച് 'കേരള വികസനവും മലയാള സർവ്വകലാശാലയും ഒരു രൂപരേഖ' എന്ന പേരിൽ ശ്രീ. ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിലുള്ള മലയാള ഐക്യവേദി നമുക്കെല്ലാവർക്കും ഒരു പുസ്തകം അയച്ചുതന്നിട്ടുണ്ട്. മലയാള ഐക്യവേദിയുടെ നേതൃത്വത്തിലുള്ള ദീർഘകാലത്തുള്ള ചർച്ചകളുടെയും സംവാദങ്ങളുടെയും ആകെ തുകയാണ് ആ നിർദ്ദേശത്തിലാകെ വന്നിട്ടുള്ളത്. ഒ.എൻ.വി. കുറുപ്പ് അദ്ദേഹത്തിന്റെ സ്വപ്നഭംഗത്തിന്റെ ഭാഗമായി എഴുതിയ പ്രസിദ്ധമായ ഒരു കവിതയാണ് 'രോഗം'.

മതിലുകളെല്ലാംമിടിഞ്ഞ് മനസ്സിന്റെ
അതിരുകൾ ആകാശമാകുമെന്നും
മൊഴികൾതൻ തോടുടഞ്ഞതിന്നുള്ളിൽനിന്ന്
ഒരേ പൊരുളിന്റെ കിളിക്കുഞ്ഞുണരുമെന്നും
ഒടുവിലീഭൂമിയിൽ നാം ഒരുമിച്ചു

വിതയേറ്റി കതിർകൊയ്യും വയലേലയാകുമെന്നും
ഒരു പൊന്നൊലിയും ഒരു ഈന്തൽപനയും
അന്നൊരു ബോധിതനുവിൽ  സല്ലപിക്കേ
വെറുതെ ഈ ഭൂമി നമ്മുടെ ആവാസ കേന്ദ്രം
ഒരു സംഘ സംഗീതമാകുമെന്നും
വെറുതെ ഞാൻ ഓരോരോ സ്വപ്നങ്ങൾ
കാണുന്നു പറയാം സുഹൃത്തെ അതാണെന്റെ രോഗം.

അദ്ദേഹത്തിന്റെ സ്വപ്നഭംഗത്തിൽ നിന്നുണ്ടായ ഈ രോഗം എന്നു പറയുന്ന കവിത വീണ്ടും ഓർമ്മിക്കുന്നത് മതിലുകളും അതിരുകളും ഇടിഞ്ഞ് മലയാളത്തിന്റെ വിജ്ഞാനത്തിന്റെ ആകാശമാകുന്ന ഒരു സർവ്വകലാ ശാലയാണ് വരാൻ പോകുന്നു എന്നാണ് എല്ലാവരും പ്രതീക്ഷിച്ചതും ആഗ്ര ഹിച്ചതും. ഒ.എൻ.വി. കുറുപ്പ് ഉൾപ്പെടെയുള്ള മലയാള ഐക്യ പ്രസ്ഥാനം ആഗ്രഹിച്ചിരുന്നതും ഇതാണ്. മലയാള വിജ്ഞാനത്തിന്റെ അതിരുകൾ ആകാശംപോലെ വിസ്തൃതമാകുന്ന ഒരു സർവ്വകലാശാല രൂപീകരിക്കപ്പെട്ടു. പക്ഷേ, അത്തരമൊരു സങ്കല്പത്തിന്റെ അടുത്തുപോലും എത്താത്ത ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ഒരു ദീർഘവീക്ഷണവും ഒരു സർവ്വ കലാശാലയുടെ ഭാഗമായുണ്ടാകേണ്ട വിജ്ഞാന ഉല്പാദനത്തെ സംബന്ധി ച്ചുമുള്ള കാഴ്ചപ്പാടുകളൊന്നും ഈ ബില്ലിലില്ല. ഭാഷയ്ക്കുവേണ്ടിയുള്ള സർവ്വകലാശാലകളിൽ ഏറ്റവും ചരിത്ര പ്രസിദ്ധമായത് ഒരുപാട് അംഗങ്ങൾ വിശദീകരിക്കപ്പെട്ടത് 1918-ലുള്ള ഹീബ്രു സർവ്വകലാശാലയാണ്. ചരിത്രത്തി ന്റെ വിസ്മൃതിയിലേക്ക് പോയ ഒരു ഭാഷയെ തിരിച്ചുകൊണ്ടുവന്നത് കേവലം ഭാഷയും സംസ്ക്കാരവും പഠിപ്പിച്ചിട്ടല്ല, വിജ്ഞാനത്തിന്റെ ഒരു ഉപാധിയായി

ആ ഭാഷയെ മാറ്റി തീർത്തിട്ടാണ്. അങ്ങനെ ഹീബ്രു സർവ്വകലാശാലയുടെ മാതൃകയിൽ ഒരു വിജ്ഞാനത്തിന്റെ ഉപാധിയായി ഒരു ഭാഷയെ വികസിപ്പി ക്കുക എന്നതാണ് ലക്ഷ്യമെങ്കിൽ ആ ലക്ഷ്യത്തിന്റെ അടിത്തട്ടിൽപ്പോലും ഈ ബിൽ എത്തിചേർന്നിട്ടില്ല. ഇൻഡ്യയിൽ ഇതിനുമുമ്പും ഭാഷാ സർവ്വക ലാശാലകൾ ഉണ്ടായിട്ടുണ്ട്. ആ സർവ്വകലാശാലയുടെയൊന്നും മാതൃക സ്വീകാര്യമല്ലായിരുന്നു എന്നാണ് അനുഭവം തെളിയിക്കുന്നത്. 1962–ൽ പഞ്ചാബി ഭാഷയ്ക്കുവേണ്ടി പട്യാലയിലും 1981–ൽ തമിഴ് സർവ്വകലാശാല തഞ്ചാവൂരിലും ആരംഭിച്ചു. 9000 ഏക്കർ വിസ്തൃതിയുള്ള സർവ്വകലാശാല യിൽ ഇപ്പോഴും തമിഴ് ഭാഷയും സാഹിത്യവും സംഗീതവും ശില്പ നിർമ്മിതി യുൾപ്പെടെയുള്ള കാര്യങ്ങൾ മാത്രമാണ് പഠിപ്പിക്കുന്നത്. നാടകം, പരിഭാഷ, നിഘണ്ടു വിജ്ഞാനീയം തുടങ്ങിയവയും പഠിപ്പിക്കുന്നു. 1985–ൽ തെലുങ്കു സർവ്വകലാശാല ഹൈദ്രാബാദിൽ മൂന്ന് ഓഫ് ക്യാമ്പസുകളോടുകൂടി പ്രവർത്തനമാരംഭിച്ചു. കർണ്ണാടകയിലെ ഹംബിയിൽ കന്നഡ സർവ്വകലാ ശാല 1991–ൽ പ്രവർത്തനമാരംഭിച്ചു. അവിടെയും കന്നട ഭാഷ, സാഹിത്യം, സംസ്ക്കാരം, നാടോടി വിജ്ഞാനീയം തുടങ്ങിയ കാര്യങ്ങൾ മാത്രമാണ് പഠിപ്പിക്കുന്നത്. മൗലാനാ ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റി ഉറുദു ഭാഷ സാഹിത്യത്തിന് ഉത്തേജനം പകരുന്ന യൂണിവേഴ്സിറ്റിയായി പ്രവർത്തി ച്ചുകൊണ്ടിരിക്കുകയാണ്. ആന്ധ്രാപ്രദേശിലെ കുപ്പത്ത് ഒരു ദ്രാവിഡ സർവ്വകലാശാല പ്രവർത്തിക്കുന്നുണ്ട്. കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്ര ഗവൺമെന്റുകളുടെ സംയുക്ത സംരംഭമായിട്ടുള്ളത് ഭാഷാപരമായിട്ടു ള്ളതും പ്രചോദനത്തിന് പ്രവർത്തിക്കുന്ന ഒരു സർവ്വകലാശാലയാണ്. ഇവയൊന്നും കേവലമായ ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രചോദന

ത്തിനുതകുന്നു എന്നതിനപ്പുറത്ത് ഉദ്ദേശിച്ച നിലയിൽ വികസിച്ചിട്ടില്ല. ആ മാതൃകയിൽ ഒരു മലയാളം സർവ്വകലാശാല എന്ന സങ്കല്പമാണ് ഈ ബിൽ മുന്നോട്ടു വയ്ക്കുന്നത്. അത് ചരിത്രത്തിൽ ഒരു അബദ്ധമായി തീരും. ഭാഷ യ്ക്കുവേണ്ടിയുള്ള സർവ്വകലാശാല എന്നു പറഞ്ഞാൽ ഭൂതകാല ആവേശിത രായ കുറെ ആളുകളെ സൃഷ്ടിക്കുന്ന ഫോസ്സിലുകളുടെയും പുരാരേഖകളു ടെയും ഒരു സമാഹാരമായി മാറുകയാണ് മലയാള സർവ്വകലാശാല. പാരമ്പര്യം എന്നുപറയുന്നത് ഒരു അഭയ കേന്ദ്രമല്ല അത് ഒരായുധപുരയാണ്. പാരമ്പര്യത്തിലേക്ക് തിരിച്ചുനടക്കുവാനുള്ള പുറകോട്ട് തിരിഞ്ഞു നോക്കുന്ന ഒരു സർവ്വകലാശാലയായി ഈ സർവ്വകലാശാലയെ മാറ്റുന്നത് ശരിയല്ല. മലയാളം എന്തുകൊണ്ടും മലയാളത്തിനായി ഒരു സർവ്വകലാശാല വേണമെന്നുള്ളതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. മലയാളത്തിനുവേണ്ടി ഒരു .......

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള ഭാഷയുടെ എല്ലാമെല്ലാമാണ്. അങ്ങനെയുള്ള തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെ ഒരു സർവ്വകലാശാലയ്ക്കകത്ത് ഒതു ക്കിയതിനെക്കുറിച്ച് അങ്ങ് എന്ത് പറയുന്നു; അങ്ങനെ ആകാമോ; മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ അത്ര വലുതാണ്. ചെറുശ്ശേരി തുടങ്ങിയവരെയൊക്കെ പ്രത്യേകം പ്രത്യേകം കസേരകളിൽ ഇരുത്തണമെന്നു പറയുന്നതിനെക്കുറിച്ചുള്ള മെമ്പറുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, എഴുത്തച്ഛന് മുമ്പും ശേഷവും മലയാള ഭാഷയുണ്ട്. മലയാളത്തിനുവേണ്ടിയുള്ള ഒരു സർവ്വകലാശാലയ്ക്ക്

എഴുത്തച്ഛന്റെ പേരിടണമെന്ന് ഒരു നിർബന്ധവുമില്ല. ലോക ഭാഷകളിൽ 26–ാം സ്ഥാനമാണ് മലയാള ഭാഷയ്ക്കുള്ളത്. മലയാളത്തിനുവേണ്ടി ഒരു സർവ്വകലാശാല അല്ല മലയാളത്തിൽ ഒരു സർവ്വകലാശാല ആയിരിക്കണ മെന്ന് ചർച്ച ആരംഭിച്ചതുമുതൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കാരണം മാതൃഭാഷ എന്ന നിലയിൽ നോക്കുമ്പോൾ യൂറോപ്യൻ ഭാഷകൾ മലയാള ത്തെക്കാൾ പുറകിലാണ്. ഗ്രീക്ക് ഭാഷയെക്കാൾ മലയാളത്തിന് പ്രാധാന്യമുണ്ട്. നോർവെ, സ്വീഡൻ, ഫിൻലൻഡ്, ഐസ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങളിലെ ആകെ ജനസംഖ്യയെക്കാൾ കൂടുതലാണ് കേരളത്തിലെ ജന സംഖ്യ. അപ്പോൾ ഭാഷ എന്നുപറയുന്നത് സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനം കൂടിയാണ്. അതൊരു സ്വാതന്ത്ര്യ സമരം തന്നെയാണ്. രാഷ്ട്രീയ അധികാ രവും സാമൂഹികാധികാരവും ചേരുന്ന സ്വാതന്ത്ര്യം ഭാഷയിലൂടെയാണ് സ്ഥാപിച്ചെടുക്കുന്നത്. ബ്ലാക്ക് ലിൻഗ്വിസ്റ്റിക്– കറുത്ത ഭാഷാ ശാസ്ത്രം–ജന തയുടെ പൊതുവായ സ്വാതന്ത്ര്യബോധവുമായും വികാസവുമായും ഭാഷയെ ബന്ധിപ്പിക്കുന്ന ഒരു ഫിലോസഫി ലോകത്ത് ഉയർന്നുവരുന്നുണ്ട്. ഇംഗ്ലീഷ് നമ്മുടെ യജമാന ഭാഷയാണോ സഹോദര ഭാഷയാണോ? അത് നമ്മുടെ സഹോദര ഭാഷയാണ്. അതാണ് ഭാഷയുടെ ജനാധിപത്യവത്ക്കരണം എന്നുപറയുന്നത്. മലയാളികളെ ഒരു സമൂഹമായി നിലനിർത്തുന്ന ഭാഷ യാണ് മലയാളം. കേവലം കാല്പനികമായിട്ട് ആ ഭാഷ പഠിച്ചുകൊണ്ടിരി ക്കുക, വായിച്ചുകൊണ്ടിരിക്കുക, കവിത ചൊല്ലുക, നാടോടി വിജ്ഞാനീയം പഠിച്ചുകൊണ്ടിരിക്കുക എന്നു പറയുകയല്ല അതിനെ ഒരു വിജ്ഞാന ഭാഷ യാക്കി മാറ്റുകയാണ് വേണ്ടത്. ഡോ. രാജൻ ഗുരുക്കൾ പറഞ്ഞതുപോലെ ഭാഷ വെറുമൊരു പേച്ചുവഴക്കമല്ല. അഥവാ പറയുന്ന ശീലമല്ല. അതൊരു

ജ്ഞാനം കൂടിയാണ്. ഇങ്ങനെ ആയാൽ മാത്രമേ അത് വികസിക്കൂ. ഒരു ഭാഷയുടെ വളർച്ച ജ്ഞാനവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന താണ്. മലയാളം രൂപപ്പെട്ടതിന്റെ ചരിത്രം പരിശോധിച്ചാൽ അത് യാന്ത്രിക മായി ഉച്ചരിച്ചും പറഞ്ഞും രൂപപ്പെട്ടതല്ല എന്നുള്ളത് നമുക്കറിയാൻ കഴിയും. വേദം, ഇതിഹാസം, ശാസ്ത്രം, ദർശനം, കാവ്യം, നാടകാദികൾ, സംസ്കൃത ത്തിൽനിന്നും നമ്പൂതിരിമാരുടെ മാതൃകാ പേച്ചുവഴക്കത്തിലേയ്ക്ക് പ്രവേശി ച്ചപ്പോഴാണ് മണിപ്രവാളമുണ്ടായത്. സംസ്കൃതം പഠിക്കാൻ കഴിഞ്ഞ ശൂദ്ര ജാതിക്കാർ അധികാരവും ആഭിജാത്യവും ലക്ഷ്യംവച്ച് കൂടുതൽ വൈജ്ഞാ നിക വ്യവഹാരത്തിലേയ്ക്ക് വന്നപ്പോഴാണ് മലയാള ഭാഷ പിറവിയെടുത്തത്. ഭാഷയുടെ വികാസമെന്നുപറയുന്നത് വൈജ്ഞാനിക വികാസത്തിലൂടെ സംഭവിച്ച ഒന്നാണ്. അതുപോലെ നാടുവാഴികൾ, പണിക്കന്മാർ, ചക്കാലനാ യന്മാർ, ഈഴവർ എന്നിവരെക്കുറിച്ച് ഡോ. രാജൻ ഗുരുക്കൾ വിശദമായി പറഞ്ഞിട്ടുണ്ട്. ശൂദ്രരുടെ വിജ്ഞാന സമ്പാദനത്തിലൂടെ വികസിച്ച മലയാള ഭാഷയ്ക്ക് ഒരു നിശ്ശബ്ദ സാംസ്കാരിക വിപ്ലവത്തിന്റെ അകമ്പടിയും അടിത്തറയുമുണ്ട്. മലയാളഭാഷ രൂപപ്പെട്ടത് ഒരു സാംസ്കാരിക വിപ്ലവത്തി ലൂടെയാണ്. നിരണത്ത് പണിക്കന്മാർ മുതൽ ശ്രീനാരായണ ഗുരുവരെ അതീശ വിജ്ഞാനം, നവോത്ഥാന വിജ്ഞാനം ഇതെല്ലാം ഉപയോഗപ്പെടുത്തി............

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങിവിടെ ചർച്ചയിൽ പറഞ്ഞു, മലയാ ളത്തിനുവേണ്ടി ഒരു സർവ്വകലാശാല എന്നതിനുപകരം മലയാളത്തിൽ ഒരു സർവ്വകലാശാല ആകണമെന്ന് പറഞ്ഞു. അപ്പോൾ കേവലം ഗവേഷണ ങ്ങളും ഭാഷാപരമായ കാര്യങ്ങളെ സംബന്ധിച്ചും നാട്ടറിവുകളെ സംബന്ധിച്ചും നമ്മുടെ തനിമയിലേയ്ക്കുള്ള ഒരു യാത്ര– അതിനുവേണ്ടി

യുള്ള ഒരു ഗവേഷണം നടക്കാതെ പോയാൽ നമ്മുടെ വരും തലമുറയ്ക്ക് അല്ലെങ്കിൽ പുതുതലമുറയ്ക്ക് ഭാഷ അന്യംനിന്നുപോകുന്ന ഒരു പ്രതിസന്ധി നമ്മുടെ മുമ്പിലുണ്ടാവില്ലേ; ഈ സർവ്വകലാശാല അതിനുവേണ്ടിയാകണം അതോടൊപ്പംതന്നെ മലയാളത്തിൽ ഒരു സർവ്വകലാശാല ആകണം എന്ന് അങ്ങേയ്ക്ക് തോന്നിയിട്ടില്ലേ? അതുപോലെതന്നെ ഈ സർവ്വകലാശാല സ്ഥാപിക്കുമ്പോൾ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനോളം അല്ലെങ്കിൽ മലയാളത്തിന്റെ ആചാര്യനോളം ഇത്ര ഉചിതമായ ഒരു പേര്.........

ശ്രീ. എം. ചന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ................

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. എം. ചന്ദ്രൻ: സർ, സഭയിലെ ഒരംഗം സംസാരിക്കേണ്ടത് അദ്ദേഹത്തിന് നിശ്ചയിച്ച സീറ്റിലിരുന്നുകൊണ്ടുവേണം. അദ്ദേഹത്തിന്റെ സീറ്റിലല്ല ഇപ്പോൾ ഇരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ എന്റെ സീറ്റിൽത്തന്നെയാണ് ഇരിക്കുന്നത്. മുൻമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ പുറകിലോട്ട് വന്ന സാഹചര്യത്തിൽ, സീറ്റിൽ റീ-അറേഞ്ചുമെന്റ് വരുത്തിയപ്പോൾ ഞാൻ പുറകിലായിപ്പോയി. ഡോ. യാമിനി തങ്കച്ചി കാരണം എനിക്കാണ് ബുദ്ധിമുട്ടുണ്ടായത്. എന്റെ സീറ്റ് പുറകിലേയ്ക്കുപോയി. അപ്പോൾ ഞാൻ പറഞ്ഞുവന്നത് മലയാളം സർവ്വകലാശാല സ്ഥാപിക്കുമ്പോൾ തുഞ്ചത്ത് എഴുത്തച്ഛനോളം, ആചാര്യനോളം ഉചിതമായ മറ്റൊരു പേര് അതിനില്ല എന്ന എന്റെ അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ആ ഒരു പേര് വേണമെന്ന് നിർബന്ധമില്ലാത്ത ആളാണ് ഞാൻ. മലയാള ഭാഷ എഴുത്തച്ഛന് മുമ്പും അതിനു

ശേഷവുമുണ്ട്. അദ്ദേഹത്തിന് എല്ലാ ആദരവും കൊടുക്കുമ്പോൾത്തന്നെ മലയാള ഭാഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല മലയാളം സർവ്വകലാശാല എന്നുതന്നെ ആയാൽ മതി. മലയാള ഭാഷ അതിനെക്കാൾ വിസ്തൃതവും വിപുലവുമാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ പറയുന്നത് മലയാള ഭാഷ വികസിച്ചുവന്നത് കേവലമായ പേച്ചുവഴക്കത്തിലൂടെയല്ല, വൈജ്ഞാനീക മായ വളർച്ചയിലൂടെ തന്നെയാണ്. അപ്പോൾ വൈജ്ഞാനികമായ വളർച്ചയി ലേയ്ക്ക് മലയാളത്തെ വികസിപ്പിക്കാൻ ഒരു സർവ്വകലാശാലയ്ക്ക് സാധി ച്ചാൽമാത്രമേ ഭാഷയുടെ വികാസം സാധ്യമാകുകയുള്ളൂ. ഈ ഭാഷാപര മായ വിപ്ലവം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നിരണം പണിക്കർ മുതൽ ശ്രീനാരായണ ഗുരുവരെ നടത്തിയിട്ടുള്ള ഭാഷാപരമായ സംസ്കാ രിക വിപ്ലവത്തിലൂടെയാണ് മലയാളം ഒരു ഭാഷ എന്ന നിലയ്ക്ക് സ്വയം ഒരു വിപ്ലവകാരിയായിട്ട് സമൂഹത്തിൽ വളർന്നുവന്നത്. ഇത് മലയാളത്തിനുമാത്ര മുള്ള അനുഭവമല്ല. ഇന്നിപ്പോൾ നമ്മൾ യജമാന ഭാഷയെപ്പോലെ കണക്കാ ക്കുന്ന ഇംഗ്ലീഷ്ഭാഷയ്ക്കും ഒരു കാലഘട്ടത്തിൽ ഈ അനുഭവം ഉണ്ടായി ട്ടുണ്ട്. രണ്ട് നൂറ്റാണ്ടോളം ഫ്രഞ്ച് ആധിപത്യത്തിൻകീഴിലായിരുന്ന ഇംഗ്ലണ്ട് ഭാഷാപരമായ അധിനിവേശത്തെ ചെറുക്കാൻ വലിയ സമരങ്ങളും നീക്ക ങ്ങളും നടത്തിയിട്ടുണ്ട്. ഇംഗ്ലീഷ് കോടതികളിലെ ഭരണഭാഷ ഫ്രഞ്ചും ലാറ്റി നുമായിരുന്നു. കോടതി നടപടികൾ സാധാരണക്കാരുടെ മാതൃഭാഷയായ ഇംഗ്ലീഷിലേയ്ക്ക് മാറ്റാൻ അവർക്ക് സമരം ചെയ്യേണ്ടി വന്നിട്ടുണ്ട്. 1731– ൽ ജോർജ് രണ്ടാമൻ ഇംഗ്ലീഷ് അല്ലാത്ത ഭാഷ കോടതിയിൽ സംസാരിക്കുന്നവ ർക്ക് 50 പവൻ പിഴ ചുമത്തുകയുണ്ടായി. 1731–ന് മുമ്പുള്ള ഇംഗ്ലണ്ടിന്റെ സ്ഥിതിയാണ് ഇന്ന് നമുക്കുള്ളതെന്ന് ശ്രീ. രാജരാജവർമ്മ ‘ഭാഷയും ഭരണ

ഭാഷയും' എന്ന വിഖ്യാതമായ കൃതിയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഒരു പ്രശ്നം ഭാവിയുടെ സൂചകമായ വിവാഹത്തിന്റെ ക്ഷണക്കത്ത് നമ്മൾ ഇംഗ്ലീഷിൽ അടിക്കും. ഭൂതകാലമായി മാറിക്കഴിഞ്ഞ മരണാനന്തരച്ചടങ്ങിന്റെ ക്ഷണക്കത്ത് മലയാളത്തിലും അടിക്കും. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയ്ക്ക് ഇംഗ്ലീഷും ഭൂതകാലത്തെക്കുറിച്ച് ആലോചിക്കുമ്പോൾ മലയാളവുമാണ് നാം ഉപയോഗിക്കുന്നത്. ഈ ബില്ലിലും ഈ ഉള്ളടക്കമാണുള്ളത്. ഈ ബില്ലിന്റെ ഒരു കണ്ടെത്തൽ എന്നുപറയുന്നത് ഭൂതകാലം, പഴമ, നാടോടി വിജ്ഞാനീയം എന്നിവയെക്കുറിച്ച് പഠിക്കാൻ മലയാളവും ഭാവിയെക്കുറിച്ചും നവീന വിജ്ഞാനത്തെക്കുറിച്ചും പഠിക്കാൻ അന്യഭാഷകളും എന്ന സങ്കല്പം ഈ ബില്ലിൽ നില്ക്കുകയാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്. ഫോസിലുകളുടെ ഒരു സ്മാരകമല്ല, പഴമയെക്കുറിച്ച് അയവിറക്കുന്ന ഒരു അയവിറക്കൽ കേന്ദ്രമല്ല ഒരു സർവ്വകലാശാല. പഴയ കാലത്ത് അഭിരമിച്ചുകൊണ്ടിരിക്കുന്ന പാരമ്പര്യത്തിന്റെ അഭയകേന്ദ്രമായി കാണുന്ന ഒരു സമൂഹത്തെ വാർത്തെടുക്കലല്ല ഒരു സർവ്വകലാശാലയുടെ ലക്ഷ്യം. പാരമ്പര്യം എന്നുപറയുന്നത് ഒരു അഭയകേന്ദ്രമല്ല, അത് ഒരു ആയുധപ്പുരയാണ്. ആ ആയുധം ഉപയോഗപ്പെടുത്തി പുതിയ കാലത്തിലേയ്ക്ക് മുന്നേറുവാനുള്ള വിജ്ഞാനം വിതരണം ചെയ്യേണ്ട ഒരു കേന്ദ്രമായി മലയാള ഭാഷ മാറണം. മാതൃഭാഷയുമായുള്ള ബന്ധം എന്നുപറയുന്നത് സഹജമായിട്ടുള്ള ഒന്നായിരിക്കണം. ഒരു ജനതയ്ക്ക് മാതൃഭാഷയുമായി ചരിത്രപരമായ ജൈവബന്ധമുണ്ട് മാതൃഭാഷയിലുള്ള അധ്യയനം എന്നുപറയുന്നത് യഥാർത്ഥത്തിൽ സാമൂഹികമായ ഒരനുഭവം തന്നെയാണ്. നമ്മുടെ ബോധമണ്ഡലം മാത്രമല്ല ഉപബോധമണ്ഡലംതന്നെ രൂപം കൊള്ളുന്നത്, യഥാർത്ഥത്തിൽ

അതിന്റെ സൗന്ദര്യാത്മകത രൂപപ്പെടുത്തിയെടുക്കുന്നതെല്ലാം നമ്മുടെ മാതൃ ഭാഷയിലാണ്. മാധവിക്കുട്ടി ഇംഗ്ലീഷിൽ കവിതകളെഴുതുമ്പോൾ അവരെ സ്വാധീനിക്കുന്നത് മലയാളത്തിന്റെയും നീർമാതളം പൂത്ത പുന്നയൂർകുളത്തി ന്റെയും അനുഭവങ്ങളാണ്. അനിതാ നായരുടെ വിഖ്യാതമായ പുസ്തകളിൽ അവരെയും സ്വാധീനിച്ചിരിക്കുന്നത് മലയാളത്തിന്റെ സംസ്കൃതിയും ഭാഷ യുമാണ്. ശ്രീമതി അരുന്ധതി റോയ് പുസ്തകം എഴുതിയപ്പോൾ അവ രെയും സ്വാധീനിച്ചത് കേരളക്കരയുടെ വശ്യതയാർന്ന അനുഭവങ്ങളാണ്. അപ്പോൾ ജൈവ ബുദ്ധിജീവികൾ രൂപംകൊള്ളുന്നത് മാതൃഭാഷയിലൂടെ തന്നെയാണ്. മാതൃഭാഷ നഷ്ടപ്പെട്ട ജനതയ്ക്ക് തങ്ങളുടെ വികാസത്തിനാ വശ്യമായ വസ്തുനിഷ്ഠ ഘടകങ്ങൾ, നിർമ്മാണ ശേഷി ഇല്ലാത്ത സ്ഥിതിത ന്നെയുണ്ടാകും. ഒരു സർവ്വകലാശാലയെക്കുറിച്ച് രണ്ട് സങ്കല്പങ്ങളുണ്ട്. അതാണ് മലയാളത്തിന് ഒരു സർവ്വകലാശാലയാണോ മലയാളത്തിൽ ഒരു സർവ്വകലാശാലയാണോ വേണ്ടത് എന്നുള്ള കാര്യത്തെക്കുറിച്ച് ഞാൻ സൂചി പ്പിച്ചത്. ഒരു കാര്യം തീർച്ചയാണ്. മലയാളത്തിൽ ഒരു സർവ്വകലാശാല തന്നെയാണ് നമുക്ക് വേണ്ടത്. ചെറുകാടിന്റെ പ്രസിദ്ധമായ ചിന്തയാണ് 'എനിക്ക് എന്റെ ഇഷ്ടപ്പെട്ട മുരിങ്ങമരത്തിന്റെ ചുവട്ടിലിരുന്ന് എന്റെ ആകാശത്തിലെ നക്ഷത്രങ്ങളെ കാണാൻ സാധിക്കണം' എന്നത്. ചെറുകാട് സ്വപ്നം കണ്ടതുപോലെ, അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട മുരിങ്ങ മരത്തിന്റെ ചുവട്ടിൽ നിന്ന് ആകാശത്തിലെ നക്ഷത്രങ്ങളെ കാണാൻ പറ്റുന്ന തുപോലെ, മലയാളിക്ക് മലയാള ഭാഷയിലൂടെ ലോകത്തിന്റെ സർവ്വ വിജ്ഞാ നങ്ങളും വെട്ടിപ്പിടിക്കാനുള്ള ആകാശങ്ങൾ തുറക്കുന്ന ഒരു സ്ഥാപനമായി ഈ സർവ്വകലാശാലയെ മാറ്റുക എന്നതാണ് ഇതിൽ പ്രധാനമായും വേണ്ടത്.

ഇംഗ്ലീഷിൽ ഒതുങ്ങുന്ന വൈജ്ഞാനിക വിനിമയം മാത്രമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇംഗ്ലീഷിൽ മാത്രമാണ് വിജ്ഞാനമുളളത്. സ്പാനിഷ്, ജപ്പാൻ, ചൈന എന്നീ ഭാഷകളിൽ വിജ്ഞാനം ഇല്ലേ? ജപ്പാനിലും ചൈനയിലും സ്പാനിഷിലുമുളള വിജ്ഞാനവുമായുളള വിനിമയ സാധ്യത ഇന്ന് എന്താണ്? ഇംഗ്ലീഷ് ഭാഷയെക്കുറിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചിരുന്നു. കേരളത്തിൽ മലയാളത്തിനു ഒരു സർവ്വകലാശാലയ്ക്ക് വേണ്ടി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന അതേ സന്ദർഭത്തിലാണ് ഇനി 650 ഓളം വരുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുവാദം കൊടുക്കുന്നു എന്നാണ് വിദ്യാഭ്യാസ വകുപ്പ് തീരുമാനിക്കുന്നത്. ഒരു സി.ബി.എസ്.സി. സ്കൂളിലും മലയാളം പഠിപ്പിക്കേണ്ടതില്ലായെന്ന് അവർ കോടതി ഉത്തരവ് വാങ്ങി കഴിയുകയാണ്. കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാള ഭാഷ പഠിക്കാൻ ആവശ്യമായ സംവിധാനമില്ലാത്ത സ്ഥിതി വരികയാണ്. നമ്മുടെ ഇംഗ്ലീഷിനോടുളള ഒരു യജമാന മനോഭാവത്തിൽ അധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ ക്രമം ഒരുഭാഗത്ത് പഠിച്ചുയർത്തണമെന്നത് മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. യഥാർത്ഥത്തിൽ വിജ്ഞാനമെന്ന് പറയുമ്പോൾ..........

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്, മലയാളത്തിന് ഒരു സർവ്വകലാശാല എന്നുളള രീതിയിൽ ചിന്തിക്കണമെന്നാണ്. മറ്റ് രാഷ്ട്രങ്ങളിൽ പലതും അവരുടെ ഭാഷയ്ക്ക് വലിയ പ്രാമുഖ്യം നൽകുമ്പോൾ അവരുടെ രാഷ്ട്രങ്ങളെ മറ്റ് വിദേശ രാഷ്ട്രങ്ങൾ ആശ്രയിക്കേണ്ട ഒരു വിധാനത്തിലേയ്ക്ക് അവരൊക്കെ ഉയർന്നിട്ടുണ്ട്. നമുക്ക് അതുപോലെയുളള ഒരു സ്വയം പര്യാപ്തത പൂർണ്ണമായെങ്കിൽ

മാത്രമേ നമുടെ ഭാഷ മറ്റുള്ളവരും പഠിക്കട്ടെ എന്നുള്ള ധിക്കാരത്തിന്റെ ശൈലി നമുക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളൂവെന്നുള്ള കാര്യം അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ധിക്കാരത്തിന്റെ ശൈലിയല്ല. ഞാൻ പറഞ്ഞു വരുന്നത് മലയളത്തിനൊരു സർവ്വകലാശാലയുടെ ലക്ഷ്യമെന്താണ്? മലയാളം മാത്രം അറിയാവുന്ന മലയാള ഭാഷയിലൂടെതന്നെ ലോകത്തിന്റെ എല്ലാ വിജ്ഞാന ശാഖകളിലേയ്ക്ക് കടന്നുചെല്ലാൻ പറ്റുന്ന ഒരു അന്തരീക്ഷം അവിടെയുണ്ടാകണം. മറിച്ച് ഒരു ഭൂതകാലത്തെക്കുറിച്ചുള്ള സ്മരണകൾ അയവിറക്കിക്കൊണ്ട് കഴിഞ്ഞ കാലത്തെക്കുറിച്ച് പഠിക്കുന്ന ഒരു ഫോസിലുകളുടെ സ്ഥാപനമായി സർവ്വകലാശാല മാറിയിരിക്കുകയാണ്. മലയാളം സർവ്വകലാശാല ഒരു ഫോസിലാകരുത്. അതാണ് ഞാൻ ഉദ്ദേശിച്ചത്. ഈ ഒരു ബോധം നമുക്ക് ഉണ്ടായത് ഇംഗ്ലീഷ് ഒരു യജമാന ഭാഷയാണെന്ന ബോധ്യത്തിലാണ്. യഥാർത്ഥത്തിൽ ലോകത്ത് ഇംഗ്ലീഷിനേക്കാൾ വിജ്ഞാനത്തിന്റെ വിനിമയ സാധ്യത നടത്തേണ്ട മറ്റ് ഭാഷകളുണ്ട്. അവരുമായി നമ്മുടെ ബന്ധമെന്താണ്? ചൈനീസ്, ജാപ്പനീസ്, സ്പാനിഷ്, ഫ്രെഞ്ച് എന്നീ ഭാഷകളുമായി എന്ത് ബന്ധമാണുള്ളത്? നമുക്ക് ആ ബന്ധമുണ്ടാക്കാൻ കഴിയുന്നില്ല. ഇത് യഥാർത്ഥത്തിൽ പെട്രോളിയം മേഖലയിൽ പെട്രോഡോളർ വഴി ഉണ്ടാക്കുന്ന ആധിപത്യത്തിന് സമാനമാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് ഒപ്പെക് രാജ്യങ്ങളാണ്. അവർക്ക് അവരുടെ നാണയത്തിൽ അത് വിൽപ്പന നടത്താൻ പറ്റില്ല. നിങ്ങൾക്ക് കുവൈത്തിൽ പോയി പെട്രോൾ വാങ്ങണമെങ്കിൽ ദിനാറിൽ വാങ്ങാൻ പറ്റില്ല, ദിർഹത്തിൽ വാങ്ങാൻ പറ്റില്ല, റിയാലിലും വാങ്ങാൻ പറ്റില്ല. പെട്രോളേ വാങ്ങാൻ പറ്റുകയുള്ളു. എണ്ണ ഉൽപ്പാദിപ്പിക്കുന്നത് ഏതോ

രാജ്യങ്ങൾ, എന്നാൽ എണ്ണ വിൽക്കുന്നത് മറ്റേതോ രാജ്യങ്ങൾ, പക്ഷെ വാങ്ങണമെങ്കിൽ ഡോളർ വേണം. പെട്രോൾ ഡോളറിന്റെ ആധിപത്യത്തിൽ കെട്ടിപ്പൊക്കിയ സാമ്രാജ്യത്വത്തിന്റെ വിനിമയ തന്ത്രം സാമ്പത്തിക വിനിമയതന്ത്രം ഭാഷയിൽ കൊണ്ടുവരുന്നതിന്റെ സൂചകമാണ് ഇംഗ്ലീഷിനെത്തന്നെ വിനിമയോപാധിയാക്കി മാറ്റണമെന്ന പിടിവാശി. ആ ഇംഗ്ലീഷിന്റെ പുറകിൽ പോകുകയല്ല ഒരു ബഹുഭാഷ വിജ്ഞാനീയത്തിനുവേണ്ടി മലയാളിയെ കടത്തിവിടാനുള്ള കവാടമായി മലയാളം മാറണം. ഭാഷയിൽ പഠിക്കലല്ല, പഠിപ്പിക്കലാണ് വേണ്ടത്. ഇംഗ്ലീഷും ഫ്രഞ്ചും ചൈനയും അറബിയുമെല്ലാം പഠിപ്പിക്കുന്ന സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം. ഭാഷാ മൗലികവാദം നമുക്ക് ആവശ്യമില്ല. ബഹുമാന്യനായ പാലോട് രവിയുടെ നിരവധി ഭേദഗതികൾ കാണുകയുണ്ടായി. ഏതാണ്ട് 400 ഓളം വരുന്ന ഭേദഗതികളുണ്ട്. ഭാഷയുടെ വാക്കുകൾ കൊണ്ട് എന്തിനാണ് പിടിവാശി പിടിക്കുന്നത്? ചിരപരിചിതമായ വാക്കുകൾ ഏത് ഭാഷയിൽ നിന്നും ഉപയോഗിച്ചാൽ എന്താണ് പിശക്? നമ്മൾ എന്തിനാണ് അത്തരം പിടിവാശി പിടിക്കുന്നത്? ഭാഷ വാങ്ങാനും കൊടുക്കാനും സ്വാംശീകരിക്കാനും ഉള്ളതാണ്. ഭാഷ എന്ന് പറയുന്നത് സ്വാംശീകരണത്തിന്റേതാണ്.

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ ഒരു 10–300 വാക്കുകൾ എടുത്തിട്ടുണ്ട്. ഇതിൽ "ഫോക്‌ലോർ" എന്നുള്ളത് "നാടൻകല"യാണ്. ഇതിൽ "നാടൻകല" എന്ന് ഉപയോഗിച്ചുകൂടെ? ഈ ബില്ലിൽ "ആർട്ടിസ്റ്റ്" എന്ന വാക്ക് എത്ര സ്ഥലത്താണ് ഉപയോഗിച്ചിരിക്കുന്നത്? അതിൽ "കലാകാരൻ" എന്ന് ഉപയോഗിച്ചുകൂടേ. അങ്ങനെയുള്ളതുമാത്രമേ ഈ പറയുന്നതുപോലെ ബെഞ്ച് മാറ്റണം, കമ്പ്യൂട്ടർ മാറ്റണം, സ്വിച്ച് മാറ്റണം എന്നൊന്നും ഞാൻ

പറഞ്ഞില്ല. നമ്മുടെ മലയാള ഭാഷയ്ക്ക് വേണ്ടിയുള്ള ഒരു ബില്ല് അല്ലേ ഇത്. മലയാള ഭാഷയ്ക്കുള്ള ഒരു ബിൽ ആയതുകൊണ്ട്..... മലയാള ഭാഷയിൽ നമുക്ക് ഒരുപാട് പദങ്ങളുണ്ട്. ഇന്ന് ആ പദങ്ങളൊന്നും ഉപയോഗിക്കുന്നില്ല. "ഉത്തരവ്" എന്ന വാക്കിന് ഈ ബില്ലിൽ എന്താണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ബില്ലിൽ ഇംഗ്ലീഷ് പദം എന്തിനാണ് കൊണ്ടുവരുന്നത്? ഉത്തരവ് എന്ന വാക്ക് ഇവിടെ ഇല്ലേ? ഇത് മലയാള സർവ്വകലാശാല നിയമമായതുകൊണ്ട് അതിന് മാതൃകയായിരിക്കണം. നമ്മുടെ ഭാഷ അന്യം നിന്നുകൊണ്ടിരിക്കുക യാണ്. അത് ഉപയോഗിക്കണമെന്ന് മാത്രമേ പറഞ്ഞുള്ളു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഇത് രണ്ടുതലങ്ങളേയും യോജിപ്പിച്ച് കൊണ്ട് ഒരു സമന്വയത്തിന്റെ രീതിയിൽ കൊണ്ടുപോകേണ്ട വിഷയമാണ് എന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ? ഉദാഹരണമായി ഒരു ഭാഷ യിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്ക് കടന്നുവന്ന് ഏത് ഭാഷയാണോ സ്വീകരിച്ചത് അത് സ്വായത്തമാക്കിയ ചില പദങ്ങളുണ്ടാകും. ഒരു മലയാളി രാവിലെ അവന്റെ ജീവിതം തുടങ്ങുന്നത് പേസ്റ്റ് എടുത്ത്, ബ്രഷ് എടുത്ത്, പല്ല് തേച്ച്, സോപ്പ് തേച്ച്, രാത്രി സ്വിച്ച് ഓഫ് ആക്കി രാവിലെ തുടങ്ങുന്നത് ഇംഗ്ലീഷിലും വൈകുന്നേരം അവസാനിക്കുന്നത് ഇംഗ്ലീഷിലും ആണെന്ന് പറയാം. പക്ഷെ അങ്ങനെ പറയേണ്ട കാര്യമില്ല. ഈ പദങ്ങളൊക്കെ കാലാ കാലങ്ങളായി മലയാളീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അങ്ങനെ മലയാളീക രിക്കപ്പെട്ടുകഴിഞ്ഞ പദങ്ങളുടെ കാര്യത്തിൽ ഏത് ഭാഷയിൽ നിന്ന് വന്ന വാക്കുകളുടെ കാര്യത്തിലും തർക്കം ആവശ്യമില്ല. ധാരാളം പോർച്ചുഗീസ് പദങ്ങൾ നമ്മൾ മലയാളത്തിൽ ഉപയോഗിക്കുന്നുണ്ട്. അതേ സമയം ഭാഷ യിൽ ലഭ്യമായിട്ടുള്ള പദങ്ങളെ ഉപയോഗിക്കാതെ മാതൃഭാഷയിൽ ഒരു

വാചകം പറയുമ്പോൾ എന്റെ സുഹൃത്ത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ വളരെ പ്രധാനപ്പെട്ട വിഷയത്തിലേയ്ക്കാണ് ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. അതുകൊണ്ട് ഞാൻ പറയുകയാണ്. ഒരു വാക്ക് ഉപയോഗിക്കുകയാണെങ്കിൽ അതിലൊരു 80 ശതമാനത്തോളം പദങ്ങളും ഇംഗ്ലീഷിൽ നിന്നാണ്. എന്നിട്ട് മലയാള ഭാഷയെ നിസ്സാരമാക്കുകയും, പുച്ഛിക്കുകയും ചെയ്യുന്ന ഒരു ശൈലി ഇന്ന് വളർന്നുവരുന്നുണ്ട്. അത് വളരെ അനാരോഗ്യകരമാണ് എന്ന് താങ്കൾക്ക് അഭിപ്രായമില്ലേ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: അങ്ങ് പറഞ്ഞ ആ ശൈലി അനാരോഗ്യ കരമാണ്. പക്ഷെ നമ്മുടെ ചിരപരിചിതമായ പ്രയോഗങ്ങളിലൂടെയും ശീലങ്ങ ളിലൂടെയും നാം സ്വാംശീകരിച്ചുകഴിഞ്ഞ പദങ്ങൾക്ക് നിർബന്ധമായും നമ്മൾ പുതിയൊരു പദം കണ്ടെത്താനുള്ള പരിശ്രമം കൃത്രിമമാണ്. വൈദ്യു തഗമനാഗമന നിയന്ത്രണപുച്ഛമെന്ന് സ്വിച്ചിനെ ഇനി നമുക്ക് പറയാൻ സാധിക്കുകയില്ല. സ്വാഭാവികമായും അത്തരം ഒരു പിടിവാശിയിലേയ്ക്ക് പോകുന്ന മൗലികവാദം ഭാഷാ സർവ്വകലാശാലയുടെ പേരിൽ ഉയർത്തുന്നത് ശരിയല്ലായെന്നതാണ് ഞാൻ സൂചിപ്പിച്ചത്.

<u>ശ്രീ. എം. ചന്ദ്രൻ</u>: അങ്ങ് ഇവിടെ മലയാള ഭാഷയുടെ മഹത്വത്തെ സംബന്ധിച്ചാണ് ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങയുടെ പേര് നിയമസഭയിൽ തന്നെ പ്രദർശിപ്പിക്കുന്നത് ഇംഗ്ലീഷിലാണ്. മലയാള സർവ്വകാ ലശാല ബില്ലാണ് ചർച്ച ചെയ്യുന്നത്. നമ്മൾ എത്രത്തോളം അതിനോട് നീതി പുലർത്തുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമല്ലേ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: നേരത്തെ ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിയും ഈ വിഷയം സൂചിപ്പിച്ചിരുന്നു. ചർച്ചയുടെ ഭാഗമായി അത്

ചെയറിന്റെ ശ്രദ്ധയിൽ വരേണ്ട കാര്യമാണ്. ഭാവിയിലെ മാധ്യമങ്ങളെല്ലാം ഇംഗ്ലീഷ് മാത്രമായിരിക്കുമെന്ന ഒരു വാദം നേരത്തെ ഉന്നയിക്കപ്പെട്ടു. അതിപ്പോൾ പൂർണ്ണമായും തകർക്കപ്പെട്ടു. സ്റ്റാർ ടി.വി. യുടെ നക്ഷത്രങ്ങൾ യഥാർത്ഥത്തിൽ പ്രാദേശിക ഭാഷയിലേയ്ക്ക് ഇറങ്ങി വരികയാണ് ചെയ്തത്. ഞാൻ പ്രസംഗം കൂടുതൽ ദീർഘിപ്പിക്കുന്നില്ല. എനിക്ക് ശേഷം സംസാരിക്കേണ്ട ശ്രീ. സി.പി. മുഹമ്മദ് ലോകപ്രശസ്ത ശാസ്ത്രജ്ഞരെക്കുറിച്ച് സംസാരിക്കുമെന്ന് ഞാൻ കരുതുന്നു. ആൽബർട്ട് ഐൻസ്റ്റീന്റെ എല്ലാ അക്കാഡമിക് സംഭാവനകളുടെയും പേറ്റന്റ് ഹീബ്രു ഭാഷയിലാണ് വിതരണം ചെയ്തിരിക്കുന്നത്. ലോക പ്രശസ്ത മന:ശാസ്ത്രജ്ഞൻ ഹീബ്രു സർവ്വകലാശാലയിലെ ആദ്യത്തെ ഭരണസമിതി അംഗമായിരുന്നു സിഗ്മണ്ട് ഫ്രോയിഡ്. ലോകപ്രശസ്ത ഗണിത ശാസ്ത്രജ്ഞനായ എഡ്മണ്ട് ലാൻഡ് ഗണിത ശാസ്ത്രത്തിന്റെ ഒരു ഡിപ്പാർട്ടുമെന്റ്/ഇൻസ്റ്റിറ്റ്യൂട്ട് ഹീബ്രു ഭാഷയിൽ ആദ്യമായി ആരംഭിക്കുകയാണ് ചെയ്തത്. വിജ്ഞാന ഭാഷയും സാഹിത്യഭാഷയും തമ്മിലുള്ള ചർച്ചയും പ്രണയവുമാണ് ഊർജ്ജസ്വലമായ ഭാഷയുടെ ഒരു പിറവിയിൽ കലാശിക്കുന്നത്. വിജ്ഞാന ഭാഷയും സാഹിത്യഭാഷയും ലയിപ്പിച്ചുകൊണ്ട് വിജ്ഞാന ഉൽപ്പാദനത്തിന്റെ ഒരു കേന്ദ്രമാക്കി മാറ്റുകയെന്നുള്ള ആ ലക്ഷ്യം ഈ സർവ്വകലാശാലയുടെ ബില്ലിൽ ഇല്ല എന്ന വിമർശനമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. ഉന്നത വിദ്യാഭ്യാസം ഇംഗ്ലീഷിലായതിനാൽ വൈജ്ഞാനിക സാഹിത്യം വികസിക്കുന്നില്ല. ജ്ഞാനഭാഷ എന്നുള്ള നിലയിൽ ഇന്ന് മലയാളത്തിന്റെ ഒരു അവസ്ഥ എന്താണെന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. അത് ഇന്ത്യയിൽ തന്നെ വളരെ പുറകിലാണ്. ആധുനിക ലോക വിജ്ഞാനങ്ങളെ ഒന്നിനേയും അവയുടെ അടിസ്ഥാന പാഠങ്ങൾ ക്കപ്പുറം ഒന്നും ഇന്ന് മലയാള ഭാഷയിൽ ലഭ്യമല്ല.

ശ്രീ. ഇ. കെ. വിജയൻ: പ്രൊഫസർ ആൽബർട്ട് ഐൻസ്റ്റിനെ ഹീബ്രു സർവ്വകലാശാലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. 1923–ൽ തന്നെ സൂക്ഷ്മ ജീവശാസ്ത്രത്തെക്കുറിച്ചും രസതന്ത്രത്തെക്കുറിച്ചും ഹീബ്രു ഭാഷയിൽ പഠനം നടത്താനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. 90 വർഷം കഴിഞ്ഞിട്ടും നമ്മൾ ഇപ്പോൾ നമ്മുടെ വൈജ്ഞാനിക വിഷയങ്ങളെ ഒഴിവാക്കുകയും എന്നാൽ അശാസ്ത്രീയവും അന്ധവിശ്വാസത്തിന്റെ ലോകവും വാസ്തുവിദ്യാപഠനം ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നത് നമുക്ക് സ്വീകരിക്കാൻ കഴിയുന്നതാണോ? എന്താണ് ബഹുമാനപ്പെട്ട മെമ്പറുടെ ഈ കാര്യത്തിലുള്ള അഭിപ്രായം?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഞാൻ അതുകൊണ്ടാണ് നേരത്തെ സൂചിപ്പിച്ചത്, നമ്മുടെ ഭാഷയ്ക്ക് സർവ്വകലാശാല പാരമ്പര്യമെന്നുപറയുന്ന ഒരു അഭയകേന്ദ്രമല്ല. അതൊരു ആയുധപുരയാണ്. വാസ്തുശാസ്ത്രമുണ്ട്, ജ്യോതിശാസ്ത്രമുണ്ട്, ആ സയൻസിനെ ഉപയോഗപ്പെടുത്തുന്നതിനുപകരം നമ്മുടെ അന്ധവിശ്വാസങ്ങളുടേയും പ്രാചീന ധാരണകളുടേയും മുൻകാലങ്ങളിലേയ്ക്ക് തിരിച്ചു കൊണ്ടുപോകാനുള്ള ഒരു മേഖലയായി സർവ്വകലാശാലയെ മാറ്റാനുള്ള ലക്ഷ്യം ഒരിക്കലും ഉണ്ടാകാൻ പാടില്ലായെന്നാണ് എന്റെ അഭിപ്രായം.

ഡോ. എൻ. ജയരാജ്: പൂർണ്ണമായും നിഷേധിക്കുക എന്ന് പറയുന്നത് ശരിയല്ല. കാരണം വർത്തമാനകാലത്തിന്റെ മുഴുവൻ കരുത്തെന്ന് പറയുന്നത് പഴമയിൽ നിന്ന് ഊർജ്ജം ഉൾക്കൊള്ളുന്നുണ്ട്. വാസ്തുവിദ്യ എന്ന് പറയുന്നത് പൂർണ്ണമായും നിരാകരിക്കുക എന്നുള്ളതല്ല. കാരണം

അതിനകത്ത് ശാസ്ത്രമുണ്ട്. നമുക്ക് അറിയാൻ പാടില്ലാത്ത കാര്യങ്ങൾ പൂർണ്ണമായും നിഷേധിക്കുന്നത് ശരിയല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഇല്ല അങ്ങനെയല്ല പറഞ്ഞത്. ഞാൻ പറഞ്ഞ വാചകം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. പാരമ്പര്യം എന്ന് പറയുന്നത് ഒരു അഭയ കേന്ദ്രമല്ല അതൊരു ആയുധപുരയാണ് എന്നാണ് എന്റെ അഭിപ്രായം. നിങ്ങൾക്ക് പൂർണ്ണമായും അഭയം പ്രാപിക്കേണ്ട ഒരു സ്ഥലമല്ല. അതിൽ നിന്ന് എടുക്കാവുന്ന ഊർജ്ജങ്ങളും അനുഭവങ്ങളുമുണ്ട്. അത്രയുമാണ് ഉളളത്. ആ നിലയിലേയ്ക്ക് അതിനെ കാണുന്നതാണ്. ആധുനിക ലോക വിജ്ഞാനങ്ങളെ ഒന്നിനേയും അതിന്റെ അടിസ്ഥാന പാഠങ്ങൾക്കപ്പുറം ഒന്നും മലയാളത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ജ്ഞാനോൽപ്പാദന രംഗത്ത് സ്ഥാനമുറപ്പിക്കാൻ മലയാളത്തിന് കഴിയണം. ടെക്നോളജിയും സയൻസുമാണ് ഇന്ന് കോർപ്പറേറ്റ് മൂലധനം വ്യവസായമാക്കുന്നത്. ഇതിലൂടെ വരുന്ന കണ്ടുപിടിത്തങ്ങളാണ് ഇന്ന് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട വിൽപ്പനച്ചരക്കെന്ന് പറയുന്നത്. ലോക ത്തിന്റെ വ്യാവസായിക ലാഭത്തിന്റെ അഞ്ചിൽ നാല് ഭാഗവും ഇന്ന് ജ്ഞാനത്തെ ചരക്ക് ആക്കിയുളള വ്യവസായം വഴിയാണ്. ഇതാണ് നോളജ്ഡ് ഇക്കോണമിയുടെ വികാസത്തിന് അടിത്തറയെന്നു പറയുന്നത്. ഈ പുതിയ ജ്ഞാനത്തെയാണ് ഇന്ന് വിൽപ്പനച്ചരക്കാക്കാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോക രാഷ്ട്രങ്ങളുടെ ജി.ഡി.പി കണക്കാക്കുമ്പോൾ ജി.ഡി.ടി.പി (Gross Domestic Technology Product), ജി.ഡി.എസ്.പി (Gross Domestic Science Product) ഇവ വളരെ പ്രധാനമാ ണ്. ബൗദ്ധിക സ്വത്തവകാശം, പേറ്റന്റ് നിയമം ഇതൊക്കെ ഇതിന്റെ ഭാഗമായി

വരുന്നതാണ്. സർഗ്ഗാത്മകതയാണ് ഇന്ന് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചരക്ക്. അത് പിടിച്ചടക്കുവാനാണ് ഈ നിയമങ്ങളെല്ലാം കൊണ്ടുവരുന്നത്. ലോകത്തെ മികച്ച സർവ്വകലാശാലകൾ, ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇവ യെല്ലാം കോർപ്പറേറ്റുകൾ, അവരുടെ പിടിയിലൊതുക്കിക്കഴിഞ്ഞു. അന്താ രാഷ്ട്ര കോടതിയിൽ ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച കേസുകൾ കുമിഞ്ഞുകൂടുന്നതിന്റെ പിന്നിലും ഇതുതന്നെയാണ്. അമൂർത്തവും അദൃശ്യവും അമൂല്യവുമായ ചരക്കായി സർഗ്ഗാത്മകതയെ മാറ്റുമ്പോൾ അത് ചൂഷണം ചെയ്യാനാണ് ഇന്ന് കോർപ്പറേറ്റുകൾ മത്സരിക്കുന്നത്. ഇതാണ് വിജ്ഞാനമേഖലയിലുള്ള പിടിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള കാര ണം. ഭാഷാപരമായ ആധിപത്യം ഉറപ്പിക്കുവാനും സർവ്വകലാശാലകളെ ഉപ യോഗപ്പെടുത്തുന്നതിന്റെ പിന്നിൽ ഇതാണ്. ഇതിൽ ഒരു മറുചോദ്യമുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുപോലുള്ള സ്ഥാപനങ്ങൾ ലോക വിജ്ഞാനം മല യാളത്തിലേക്ക് ലഭ്യമാക്കാൻവേണ്ടിയുള്ള ചില പ്രവർത്തനങ്ങൾ നടത്തി ക്കൊണ്ടിരിക്കുന്നില്ലേ? കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർഗ്ഗാത്മകമായ വികാസംതന്നെയാണ് ഒരു സർവ്വകലാശാല വഴി സ്ഥാപിച്ചെടുക്കേണ്ടത്. ഡോ. രാജൻ ഗുരുക്കൾ പറയുന്നു, സസ്യങ്ങളുടെ ഔഷധഗുണം നമുക്കറി യാം, എന്നാൽ അവയുടെ തന്മാത്രാ ജൈവശാസ്ത്രമോ ജൈവ രസതന്ത്രമോ നമുക്കറിയില്ല. അതിന്റെ ഫലമായി കേരളത്തിലെ നാൽപ്പതിലധികം ഔഷധ സസ്യങ്ങളുടെ ജൈവതന്മാത്രാ രസതന്ത്രം പ്രയോഗജ്ഞാനമായി നൂറില ധികം പേറ്റന്റുകൾ ഇന്ന് യൂറോപ്പ് സ്വന്തമാക്കിക്കഴിഞ്ഞു. നമുക്ക് അതിന്റെ ഔഷധവീര്യം അറിയാമെങ്കിലും അതിന്റെ രസതന്ത്രം മലയാളത്തിൽ അറി യാത്തതിനാൽ ഇതിന്റെ പേറ്റന്റ് യൂറോപ്പ് കയ്യടക്കി. അതുകൊണ്ട് മോളിക്യു ലാർ ബയോളജി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി ഇവയെല്ലാം മല

യാളം സർവ്വകലാശാലയുടെ ഭാഗമായി പഠിക്കാൻ സാധിക്കണം. ബയോ ഫാർമക്കോളജി, ബയോ മെഡിസിൻ, അഗ്രോ ബയോ ടെക്നോളജി എന്നിവയെല്ലാം ഇന്നല്ലെങ്കിൽ നാളെ ഈ സർവ്വകലാശാലയിൽ പഠിക്കാനുള്ള സംവിധാനമുണ്ടാക്കണം. നാനോ ടെക്നോളജി, ബയോ ടെക്നോളജി, സിന്തറ്റിക് ബയോ എഞ്ചിനീയറിംഗ്, ബയോ ഇൻഫർമാറ്റിക്സ്, ജനറ്റിക്സ് എന്നിവയെല്ലാം ഒറ്റയടിക്ക് ഒരു സർവ്വകലാശാലയിൽ സ്ഥാപിതമാവുക എന്നതല്ല ഉദ്ദേശിക്കുന്നത്. വിജ്ഞാനത്തിന്റെ ഒരു കേന്ദ്രമായി, വിജ്ഞാനത്തിന്റെ ഉല്പാദനം ഭാഷയിലൂടെ ലഭ്യമാകുന്ന ഒരു സർവ്വകലാശാലയാണ് നമ്മൾ വിഭാവനം ചെയ്യുന്നതെങ്കിൽ ഇതെല്ലാം ഈ സർവ്വകലാശാലയിൽ സ്വാഭാവികമായും നടക്കണം. എല്ലാ വിജ്ഞാനങ്ങളും മലയാളത്തിൽ പഠിച്ചാൽ ആഗോളവൽക്കരണകാലത്ത് കമ്പോളത്തിൽ എത്തിപ്പെടാനാകുമോ; തൊഴിൽ തേടി പുറത്തുപോകാനുള്ള അവസരം നിഷേധിക്കപ്പെടുകയില്ലേ എന്നീ ചോദ്യങ്ങൾ ഈ സർവ്വകലാശാലയ്ക്കെതിരെ വാദമുന്നയിക്കുന്ന ആളുകൾ ചോദിക്കുന്നുണ്ട്. ഒരു സർവ്വകലാശാലയെങ്കിലും കേരള വികസനത്തിനായി ഉപയുക്തമാക്കാൻ നമുക്ക് സാധിക്കണം. ഒരു സർവ്വകലാശാലയിലെ കുട്ടികളെയെങ്കിലും മലയാള മണ്ണിനുവേണ്ടി ഉപയോഗപ്പെടുത്താമെന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. ബുദ്ധിമാൻമാരുടെ കാമ്പസ് റിക്രൂട്ട്മെന്റ് മലയാളത്തിനായി നടക്കട്ടെ. മലയാളം സർവ്വകലാശാലയിൽനിന്ന് പുറത്തുവരുന്ന പ്രാദേശിക സർഗ്ഗാത്മകതയുള്ള ജൈവ ബുദ്ധിജീവികളെ സർക്കാർ ഏറ്റെടുത്ത് അവർക്ക് ജോലി ഉറപ്പുവരുത്തണം. മലയാളം സർവ്വകലാശാലയിൽനിന്ന് മലയാളം ഭാഷയിൽ ജൈവ വിജ്ഞാനങ്ങളെല്ലാം പഠിച്ച് പുറത്തുവരുന്നവരെ ഗവൺമെന്റ് ഏറ്റെടുക്കുന്ന സ്ഥിതിയുണ്ടാകണം. അപ്പോൾ ബുദ്ധിമാൻമാരായ ആളുകൾ ഈ സർവ്വകലാശാലയിൽ പഠനത്തി

നെത്തുന്ന സ്ഥിതിവിശേഷം സ്വാഭാവികമായും ഉണ്ടാകും. എങ്ങനെയായിരിക്കണം ഈ സർവ്വകലാശാല എന്നുള്ള ചർച്ചയിൽ എന്റെ ഓർമ്മയിൽ വരുന്നത് മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ടിലെ കമ്പ്യൂട്ടർ ഹംസ എന്ന വ്യക്തിയെക്കുറിച്ചാണ്. ലോകത്തുള്ള ഏത് കാര്യത്തെ സംബന്ധിച്ചും, മലയാളത്തിലിറങ്ങിയത്, ഓർമ്മയിൽനിന്ന് കമ്പ്യൂട്ടർ ഹംസ പറയും. 1957–ലെ ഇ.എം.എസ് മന്ത്രിസഭയിൽ ഏറ്റവും ചുരുങ്ങിയ ഭൂരിപക്ഷമുള്ള ആൾ ആരായിരുന്നു എന്നും റായ്ബറേലിയിൽ ചിക്കമംഗ്ലൂരിൽ ഇന്ദിരാഗാന്ധി തോറ്റത് എത്ര വോട്ടിനാണെന്നും കമ്പ്യൂട്ടർ ഹംസ പറയും. മലയാള ഭാഷയിൽ ലഭ്യമായിട്ടുള്ള പത്രവാർത്തകളിലെ എല്ലാ കാര്യങ്ങളും ഓർമ്മശക്തിയിലൂടെ വിജ്ഞാനമാർജ്ജിക്കുന്ന നാലാം ക്ലാസ്സ് വരെ പഠിച്ച ഹംസ കരുവാരക്കുണ്ട് അങ്ങാടിയിലെ ഒരുത്ഭുതമാണ്. അതുപോലെ ആയിരക്കണക്കിന് കമ്പ്യൂട്ടർ ഹംസമാരുണ്ടാകണമെങ്കിൽ ഭാഷയിലൂടെ വിജ്ഞാനം ലഭ്യമാക്കുന്ന സ്ഥിതിയുണ്ടാകണം. മലയാളത്തിന് ശക്തമായ പിന്തുണ നൽകുന്ന, ഭാഷയിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒരു സർവ്വകലാശാലയായി ഇത് മാറണം. ആ നിലയിൽ ഭാഷയെ വിപുലപ്പെടുത്താനുള്ള പരിശ്രമമാണ് ഈ സർവ്വകലാശാലയ്ക്ക് സ്വാഭാവികമായും വേണ്ടത്. മലയാളം സർവ്വകലാശാലയുടെ ലക്ഷ്യങ്ങളെ സംബന്ധിച്ച് വളരെ ചുരങ്ങിയ കാര്യങ്ങൾ മാത്രമാണ് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത്. വകുപ്പ് അഞ്ചിൽ ആകെ അഞ്ച് കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. വിജ്ഞാനത്തിന്റെ സമ്പാദനത്തെക്കുറിച്ച് (ഡി) എന്ന ഉപവകുപ്പല്ലാതെ മറ്റൊന്നും പറഞ്ഞിട്ടില്ല. ഒരു ദീർഘവീക്ഷണവും ഇതിൽ പ്രകടിപ്പിച്ചിട്ടില്ല. ലോക വിജ്ഞാനമാർജ്ജിക്കാൻ സാധിക്കണം. കേരളത്തിന്റെ വികസന സാധ്യത ആരായുന്ന ഗവേഷണങ്ങൾ

അവിടെ സംഭവിക്കണം. കേരള പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യ സർവ്വകലാശാലയുടെ പഠനവിഷയമാക്കാൻ സാധിക്കണം. കേരളത്തിന്റെ ഭൂപ്രകൃതി, വൈവിധ്യം, സസ്യ-ജന്തു വൈവിധ്യം, ജലസമ്പത്ത് ഇവയെല്ലാം നിലനിർത്തിക്കൊണ്ടുള്ള ആസൂത്രണത്തിനുള്ള വിജ്ഞാനപരമായ അന്തരീക്ഷം ഈ സർവ്വകലാശാലയിലുണ്ടാകണം. കേരളത്തിൽ അവഗണിക്കപ്പെട്ടതും മൺമറഞ്ഞതുമായ വിവിധതരം പ്രകൃതി വിഭവങ്ങളെയും സാങ്കേതിക വിജ്ഞാനത്തെയും ഉപയുക്തമാക്കാനാകുന്ന തരത്തിൽ ഇത് വികസിപ്പിക്കണം. നാടൻഭക്ഷണം, നല്ല ഭക്ഷണ പ്രസ്ഥാനം, വിവിധ പ്രകൃതി ജീവനരീതികൾ, ഗൃഹവൈദ്യം എന്നിവയിലൊക്കെ ഗവേഷണങ്ങളും ഹ്രസ്വകാല ദീർഘകാല കോഴ്സുകളുമുണ്ടാകണം. സ്വാശ്രയ കേരളത്തിനുവേണ്ടിയുള്ള പ്രതീക്ഷ ഈ സർവ്വകലാശാല മുന്നോട്ടുവയ്ക്കണം. മലയാളം ഭാഷാശാസ്ത്രം, ദ്രാവിഡ ഭാഷകൾ, ഇന്ത്യൻ ഭാഷകൾ, പ്രകൃതി ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രങ്ങൾ, വിവര സാങ്കേതിക വിദ്യ, മാധ്യമ പഠനങ്ങൾ, സാമൂഹിക ശാസ്ത്രങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടുത്തുന്ന സ്ഥിതിയുണ്ടാകണം. ആ നിലയിലുള്ള വിപുലമായ സർവ്വകലാശാലയായി ഇത് കൊണ്ടുവരാൻ സാധിക്കണം. ഈ ബില്ലിന്റെ ഭാഗമായുള്ള ചില നിബന്ധനകൾ നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങളാണ്. ഇത്രയും ഉൾക്കാഴ്ചയോടുകൂടി മുന്നോട്ടുവയ്ക്കേണ്ട ഒരു സർവ്വകലാശാലയുടെ നിയമനിർമ്മാണം കേവലമായ കുറെ സമിതികളെ രൂപീകരിക്കുന്ന ഒരു ഏർപ്പാടാക്കി മാറ്റുകയെന്നുള്ളതാണ് അവിടെ സംഭവിച്ചത്. ജനാധിപത്യ വിരുദ്ധമായ രീതിയിലാണ് ബഹുഭൂരിപക്ഷം സമിതികളും സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ അതിന്റെ എല്ലാ വിശദാംശങ്ങളിലേക്കും പോകുന്നില്ല. ഈ ബില്ലിലെ ഖണ്ഡിക മൂന്നിൽ

സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി പാട്ടത്തിന് കൊടുക്കുന്നതിനോ വിൽക്കുന്നതിനോ അവകാശമുണ്ട് എന്നാണ് പറയുന്നത്. സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമി പാട്ടത്തിന് കൊടുക്കാൻ എന്താണ് അത്രയ്ക്ക് ബുദ്ധിമുട്ടുള്ളത്? ഒരു ബിൽ ഉണ്ടാക്കുമ്പോൾതന്നെ സർവ്വകലാശാലയുടെ ഭൂമി പാട്ടത്തിന് കൊടുക്കാനും വിൽക്കാനും അവകാശം കൊടുത്തുകൊണ്ട് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യമെന്താണ്; ആ വകുപ്പ് ഇതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. 4(3) വകുപ്പിൽ അഫിലിയേറ്റഡ് സർവ്വകലാശാല ആയിരിക്കില്ലെന്നും 4(2) വകുപ്പിൽ സ്കൂളിനോ ഫാക്കൽറ്റികൾക്കോ കീഴിൽ നിരവധി കേന്ദ്രങ്ങളാകാം എന്നും പറയുന്നു. ഇതിൽ വൈരുദ്ധ്യമുണ്ട്. ഒരു ഭാഗത്ത് അഫിലിയേറ്റഡ് സർവ്വകലാശാല ആയിരിക്കില്ലെന്ന് പറയുകയും മറുഭാഗത്ത് കേന്ദ്രങ്ങൾ ആരംഭിക്കാൻവേണ്ടിയുള്ള അവകാശം കൊടുക്കാനുള്ള നിലപാട് സ്വീകരിക്കുകയുമാണ്. മറ്റൊന്ന്, ഇതിലെ അധികാര സ്ഥാനങ്ങളെ സംബന്ധിച്ചാണ്. സ്ഥലം എം.എൽ.എ-യും എം.പി-യും ഭരണ സമിതിയിൽ അംഗങ്ങളാണ് എന്നുപറയുന്നതിൽ എന്ത് യുക്തിയാണുള്ളത്; കേരളത്തിലെ മലയാള ഭാഷയുടെ വികാസത്തിനും മലയാളത്തിൽ വിജ്ഞാനം വികസിപ്പിക്കുന്നതിനുംവേണ്ടി സംഘടിപ്പിക്കപ്പെടുന്ന ഒരു സർവ്വകലാശാലയുടെ ഭരണ സമിതിയിൽ ആ സർവ്വകലാശാല സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള എം.എൽ.എ.യും എം.പി.യുമാണ് വരേണ്ടത് എന്നുപറയുന്നതിൽ എന്ത് യുക്തിയാണുള്ളത്; ഈ സഭ തെരഞ്ഞെടുക്കുന്ന ഒരാളെ ഭരണസമിതിയിൽ അംഗമാക്കേണ്ടതല്ലേ? കോഴിക്കോട് സർവ്വകലാശാല പള്ളിക്കൽ ബസാറിലെ മുസ്ലീംലീഗിന്റെ കമ്മിറ്റിയാണ് നടത്തേണ്ടതെന്ന് ധരിക്കുന്ന ചില ആൾക്കാർ അവിടെയുണ്ട്. അതുപോലെ ഒരു സമീപനം സ്വീകരിക്കാമോ? ചില

ആളുകൾ സർവ്വകലാശാലയുടെ ആസ്ഥാനം ഞങ്ങളുടെ പോക്കറ്റിലെ ഏർപ്പാടാണെന്ന് ധരിക്കാൻ പാടുണ്ടോ? അങ്ങനെ ധരിക്കുന്നത് ശരിയാണോ? കേരളത്തിന്റെ ഭാഷാപരവും വൈജ്ഞാനികവുമായ വളർച്ച യ്ക്കുവേണ്ടി രൂപീകരിക്കപ്പെടുന്ന സർവ്വകലാശാലയിലെ ഭരണസമിതിയിൽ അംഗങ്ങളായി സ്ഥലം എം.എൽ.എ-യെയും എം.പി-യെയും ഉൾപ്പെടുത്തു ന്നതിൽ എന്ത് യുക്തിയാണുള്ളത്? നിയമസഭ തെരഞ്ഞെടുക്കുന്ന ആളായിരി ക്കണം സർവ്വകലാശാല ഭരണസമിതിയിൽ ഉണ്ടാകേണ്ടത് എന്ന നിലയിലേക്ക് പോകേണ്ടതാണ്. 11-ാം വകുപ്പിൽ പറയുന്നത് തർക്കം വന്നാൽ ചാൻസലർക്ക് വിടുമെന്നാണ്. ഇത്തരമൊരു സർവ്വകലാശാലയുടെ ആരംഭത്തിൽത്തന്നെ ഇങ്ങനെ പറയുന്നത് ജനാധിപത്യത്തിന്റെ ധ്വംസനമാണ്. വോട്ടെടുപ്പ് നടന്നാൽ എന്താണ് കുഴപ്പം? 13-ാം വകുപ്പിൽ നോമിനേഷന് മുൻതൂക്കമാണ്. 7 എക്സ്-ഒഫിഷ്യോ മെമ്പർമാരും 3 പേർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരും 3 പേർ തെരഞ്ഞെടുക്കപ്പെട്ടവരുമാണ്. തെരഞ്ഞെടുക്കപ്പെട്ട 3 പേരേയുള്ളൂ. നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ഭരണ സമിതിയാണ് സർവ്വകലാശാല ഭരിക്കേണ്ടതെന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്? അക്കാഡമിക് കൗൺസിലിലും ഗവേഷണ കൗൺസിലിലും നോമിനേഷനാണ്. കേരളത്തിൽ ഒരു സർവ്വകലാശാലയിലും ഇല്ലാത്ത രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. പഴയ ഫാക്കൽറ്റികളെയെല്ലാം ഇതിൽ കുത്തിനിറച്ചിരിക്കുകയാണ്. ജീവനക്കാരുടെ നിയമനം കരാറടി സ്ഥാനത്തിലാണെന്ന് നേരത്തെ സൂചിപ്പിക്കപ്പെട്ടു. മലയാളം സർവ്വകലാശാല യിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി-ക്ക് വിടണമെന്ന നിബന്ധന

യുണ്ടാക്കണം. ഞങ്ങളൊരു സർവ്വകലാശാല രൂപീകരിച്ചു എന്ന ഖ്യാതി നേടുന്നതിനുവേണ്ടി ഒരു ബിൽ പാസാക്കി പോകുന്നത് ശരിയല്ല. മലയാളത്തിന്റെ വികാസത്തിനും വിജ്ഞാനത്തിന്റെ വിപുലീകരണത്തിനും ആവശ്യമായ വിപുലമായ സാധ്യതകളുള്ള ഒരു മഹാപ്രസ്ഥാനമായി ഈ സർവ്വകലാശാലയെ മാറ്റാനുള്ള ഒരു നിർദ്ദേശവും ഇതിൽ ഇല്ലാത്തതുകൊണ്ട് ഇത് വീണ്ടും പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ള ഭേദഗതി ഒരിക്കൽകൂടി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, നമ്മുടെ സംസ്ഥാനത്തിന്റെയും അതുവഴി കേരള നിയമസഭയുടെയും ആരംഭത്തിന്റെയും നിലനിൽപ്പിന്റെയും ഒരു കാരണവും യുക്തിയുമാണ് മലയാള ഭാഷ. 1956–ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിച്ചതുകൊണ്ടാണ് കേരളം ഉണ്ടായത്. അതുവരെ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിനെ കേരളത്തോട് കൂട്ടിച്ചേർക്കുകയും തിരുവിതാകൂറിന്റെ ഭാഗമായ കന്യാകുമാരി, തിരുനെൽവേലി മുതലായ പ്രദേശങ്ങളെ തമിഴ്നാടിനോട് ചേർക്കുകയും ചെയ്തു. അതുകൊണ്ട് മലയാള ഭാഷയെന്ന അസ്ഥിത്വത്തിന്റെ മേലാണ് നമ്മുടെ സംസ്ഥാനമുണ്ടായതും ഈ നിയമസഭ ഉണ്ടായതും. ലോകത്തിലെ പ്രധാനപ്പെട്ട 35 ഭാഷകളിൽ മൂന്നിലൊന്ന് ഇൻഡ്യയിൽ നിന്നാണ്. ഇൻഡ്യയിലെ ഈ മൂന്നിലൊന്ന് ഭാഷകളിൽ നാല് ഭാഷകളിൽ പ്രധാനപ്പെട്ട ഭാഷയാണ് മലയാളം. ആ മലയാള ഭാഷയ്ക്ക് മാത്രമായി ഒരു സർവ്വകലാശാല എന്തിനെന്ന് ചോദിച്ചവരുണ്ട്. എല്ലാ ഭാഷയെയുംപോലെ ഒരു

ഭാഷയാണ് മലയാളിക്ക് മലയാളമെന്ന അധമചിന്തയാണ് ആ ചോദ്യത്തിന്റെ പിന്നിൽ. മാതൃഭാഷയുമായി ഒരു ജനതയ്ക്കുള്ള ജൈവബന്ധം വളരെ പ്രധാനമാണ്. മറ്റ് ഭാഷകൾ വ്യക്തിപരമായ തലത്തിലാണ് നമ്മെ സ്പർശിക്കുന്നതെങ്കിൽ നമ്മുടെ ഭാഷ നമ്മുടെ സമൂഹമെന്നുള്ള നിലയിലാണ് നമ്മെ സ്പർശിക്കുന്നത്. ലോകത്തിൽ 26–ാമത്തെ സ്ഥാനമുണ്ട് നമ്മുടെ ഭാഷയ്ക്ക്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പല കാര്യങ്ങളും ഇവിടെ പറഞ്ഞു. പല യൂറോപ്യൻ ഭാഷകളും മലയാളത്തെക്കാൾ പിറകിലാണ്. ഗ്രീക്ക് ഭാഷ സംസാരിക്കുന്നവരെക്കാൾ കൂടുതൽ, സ്വീഡനും ഫിൻലാന്റും ഐസ്‌ലാന്റും ആകെ ചേർന്നാലുള്ള ജനസംഖ്യയെക്കാൾ കൂടുതൽ മലയാളികളുണ്ട്. എന്നാൽ ഈ അംഗീകാരം കേരളീയ സമൂഹം നമ്മുടെ ഭാഷയ്ക്ക് നൽകിയിട്ടില്ല. യൂറോപ്പിൽ ഭാഷാ സർവ്വകലാശാലകൾ ഇല്ലെന്ന് പറയുന്നവരുണ്ട്. അവിടെ അതിന്റെ ആവശ്യമില്ല. യൂറോപ്പിൽ ഒരു കാലത്ത് ലത്തീൻ ഭാഷയിലാണ് എല്ലാം പഠിപ്പിച്ചിരുന്നത്. ജർമ്മനിയിലെ കോണിഗ്സ്ബർഗ് സർവ്വകലാശാലയിൽ ഇമ്മാനുവൽ ക്യാന്റ് ആണ് ആദ്യമായി ജർമ്മൻ ഭാഷയിൽ തത്വചിന്ത പഠിപ്പിക്കുന്നത്. ക്യാന്റ് അങ്ങനെ പഠിപ്പിച്ചതുകൊണ്ടാണ് തൊട്ടുപിന്നാലെ വന്ന ഹെഗലിന് തത്വചിന്ത ജർമ്മൻ ഭാഷയിൽ പഠിക്കാൻ സാധിച്ചത്. അങ്ങനെ ഹെഗൽ തത്വചിന്ത ജർമ്മൻ ഭാഷയിൽ പഠിച്ചതുകൊണ്ടാണ് ഹെഗലിന്റെ തത്വഗ്രന്ഥങ്ങളുടെ മാതൃഭാഷയിൽ മാർക്സ് പഠിക്കുന്നത്. ലത്തീൻ ഭാഷയിലാണ് മാർക്സ് പഠിച്ചതെങ്കിൽ മാർക്സിസം ഒരു തത്വചിന്തയെന്ന നിലയിൽ വികസിക്കുമായിരുന്നില്ല. മാർക്സ് വർഷങ്ങളോളം ബ്രിട്ടനിൽ താമസിച്ച് പഠിച്ച കൃതികൾ ഇംഗ്ലീഷിലായിട്ടും ജർമ്മൻ ഭാഷയിലാണ് അദ്ദേഹം കൃതികൾ രചിച്ചത്. നമ്മുടെ രാഷ്ട്ര പിതാവായ

മഹാത്മാഗാന്ധി 'ഹിന്ദുസ്വരാജ്' 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്നിവ എഴുതിയതും മാതൃഭാഷയായ ഗുജറാത്തിയിലാണ്. ഒരു വ്യക്തി യുടെ മൗലിക ചിന്ത കൂടുതൽ രൂപപ്പെടുന്നത് സ്വന്തം മാതൃഭാഷയിലാണെന്ന് ഇത് തെളിയിക്കുന്നു. 3.5 കോടിയാണ് കേരള ജനസംഖ്യ. ഇംഗ്ലീഷിന്റെ ഈറ്റില്ലമായ ബ്രിട്ടനിൽപ്പോലും മലയാളത്തെക്കാൾ കുറഞ്ഞ എണ്ണം ആളുകൾ സംസാരിക്കുന്ന വെൽഷ് എന്ന ഭാഷയിൽ ഉന്നത വിദ്യാഭ്യാസത്തി നുള്ള സൗകര്യമുണ്ട്. യു.എസ്.എ.–യിലെ പ്യൂരിട്ടോറിക്കയിൽ ഭരണവും വിദ്യാഭ്യാസവും ഇംഗ്ലീഷിലല്ല, സ്പാനിഷിലാണ്. ഇവിടെയുള്ള ഒരേയൊരു ഇംഗ്ലീഷ് പത്രം 2009–ൽ അടച്ചുപൂട്ടിയെന്ന് നമ്മൾ ഓർക്കണം. ഹിഗ്ഗ്സ് ബോസോൺ കണ്ടുപിടുത്തത്തിന് കാരണക്കാരനായ സത്യേന്ദ്രനാഥ് ബോസ് കൽക്കട്ട സർവ്വകലാശാലയിൽ ബംഗാളിയിലാണ് പഠിച്ചത്. അദ്ദേഹത്തിന് ഉന്നതനാവാൻ ഇംഗ്ലീഷ് മാധ്യമമായി പഠിക്കേണ്ടിവന്നില്ല. ഒരുകോടിയിൽ താഴെ ആളുകൾ സംസാരിക്കുന്ന ദാരി ഭാഷയിൽ ഡോക്ടർമാരും എഞ്ചിനീയർമാരും ധാരാളമുണ്ടായിട്ടുണ്ട്. 40 ലക്ഷം പേർ സംസാരിക്കുന്ന നോർവീജിയൻ ഭാഷയിൽ ശാസ്ത്രജ്ഞന്മാരും കമ്പ്യൂട്ടർ എഞ്ചിനീയർമാരും ധാരാളമുണ്ടായിട്ടുണ്ട്. ബ്രിട്ടന്റെ ചില കോളനികളിൽ ഒഴികെ എവിടെയും ഇംഗ്ലീഷ് ആവശ്യമില്ല. ഇംഗ്ലീഷ് അറിവല്ല, വിഷയത്തിലുള്ള അറിവാണ് അവിടങ്ങളിൽ പ്രധാനം. വിമാനം നിർമ്മിക്കുന്ന എയർ ബസ് കമ്പനിയുടെ ഷോപ്പിൽ ഭാഷ ഫ്രഞ്ചാണ്. മേഴ്സിഡസ് ബെൻസ് നിർമ്മിക്കുന്ന കമ്പനി യിലെ ഭാഷ ജർമ്മനാണ്. സാംസങ് കമ്പനി ഉപയോഗിക്കുന്ന ഭാഷ കൊറിയ നാണ്. വളരെ പ്രശസ്തമായ തോഷിബ കമ്പനി ഉപയോഗിക്കുന്നത് ജാപ്പനീസ് ഭാഷയാണ്. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയാക്കിയ രാജ്യങ്ങളിൽ

55 എണ്ണത്തിൽ 53–ഉം ബ്രിട്ടീഷ് കോളനികളാണെന്ന് മലയാളി ഓർക്കണം. ഹിബ്രൂ ഭാഷയ്ക്ക് പ്രാഥമിക വിദ്യാലയമുണ്ടാകുന്നത് 1889–ൽ ആണ്. ഇസ്രായേൽ പല കാര്യങ്ങളിലും നമുക്ക് മാതൃകയല്ല. പക്ഷേ, ഹിബ്രൂ സർവ്വകലാശാല സ്ഥാപിച്ചത് മലയാളിക്ക് മാതൃകയാണ്. 1918–ൽ ആ സർവ്വ കലാശാല സ്ഥാപിക്കാൻ മുന്നോട്ടുവന്നത് ആൽബർട്ട് ഐൻസ്റ്റീനെയും സിഗ്മണ്ട് ഫ്രോയിഡിനെയും പോലുള്ള പ്രതിഭാശാലികളാണ്. 10 വർഷത്തി നുള്ളിൽ 8 നൊബേൽ സമ്മാനമാണ് ആ സർവ്വകലാശാല കരസ്ഥമാക്കിയത്. കേരള ജനസംഖ്യയുടെ അഞ്ചിലൊന്നുപോലും ഇസ്രായേൽ ജനസംഖ്യയില്ല. ഐൻസ്റ്റീൻ തന്റെ പുസ്തകങ്ങളുടെ പകർപ്പവകാശം കൊടുത്തതുപോലും ഹിബ്രൂ സർവ്വകലാശാലയ്ക്കാണ്. കേരളത്തിന്റെ സമ്പന്നമായ ഗണിത ശാസ്ത്രം കാൽക്കുലസ്സിന്റെ കണ്ടെത്തലിലേക്ക് വഴിതെളിയിച്ച മാധവൻ–നീലകണ്ഠൻ പ്രതിഭകൾ ഇംഗ്ലീഷിലൂടെയല്ല അവ കൈവരിച്ചത്. അത് മലയാളത്തിലൂടെയാണെന്ന് നിർഭാഗ്യവശാൽ മലയാളികൾ വിസ്മരിച്ചു പോയിരിക്കുന്നു. കോൺഗ്രസ്സിന്റെ വാർത്താസമ്മേളനം മാതൃഭാഷയിൽ അദ്ധ്യയനം നടത്തണമെന്ന് പ്രമേയം പാസ്സാക്കി. കേവലം ഭാഷ പഠിപ്പിക്കൽ മാത്രമല്ല ഈ സർവ്വകലാശാല കൊണ്ട് ചെയ്യേണ്ടത്. ഇവിടെ ഈ സർവ്വകലാ ശാലയെക്കുറിച്ചുള്ള ചർച്ച കേട്ടപ്പോൾ കണ്ണുപൊട്ടൻ ആനയെ തപ്പിയതു പോലെ തോന്നിയാൽ അത്ഭുതമില്ല. തമിഴൻ കമ്പ്യൂട്ടറിനെ കാണിനിയെന്നും മൊബൈൽ ഫോണിനെ കൈപേശിയെന്നും പറയുന്നു. മനോഹരമായ മലയാള പദങ്ങൾ നിലനിറുത്തുവാനോ പുതിയവ കണ്ടെത്താനോ മലയാളി ശ്രമിക്കുന്നില്ല. Breakfast-നുപകരം ഇളമ്പോലമെന്ന് പണ്ട് തിരുവിതാം കൂറിൽ പറഞ്ഞിരുന്നു. “Water, water everywhere, not a drop to drink”

“വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാനില്ലത്ര” എന്ന പരിഭാഷ കേരളം ഉണ്ടായതുമുതൽ നാം കേട്ടുകൊണ്ടിരിക്കുകയാണ്. Torch–ന് ഞെക്കുവിളക്കെന്നും message–ന് സന്ദേശമെന്നും participant–ന് മത്സരാർത്ഥിയെന്നും school–ന് പള്ളിക്കൂടമെന്നും product–ന് ഉൽപ്പന്നമെന്നുംപറഞ്ഞാലും തെറ്റല്ല. പൗരാണിക കാലത്തുതന്നെ കേരളം മാതൃഭാഷയിലൂടെ ഔന്നത്യം പ്രാപിച്ചിട്ടുണ്ട്. മലയാളികൾ അതോർക്കുന്നില്ല. രണ്ടാം ചേരസാമ്രാജ്യ കാലത്ത് 9 മുതൽ 12–ാം നൂറ്റാണ്ട് വരെ കാന്തള്ളൂർ ശാല, തിരുവല്ല ശാല, പാർത്ഥിവപുരം ശാല, മൂഴിക്കുളം ശാല തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിപ്രശസ്തമായിരുന്നു. ഇതിൽ കാന്തള്ളൂർ ശാല ഒന്നാമത് നിൽക്കുന്നു. ചോളരാജാക്കന്മാരായ രാജരാജൻ ഒന്നാമൻ, രാജേന്ദ്രൻ ഒന്നാമൻ തുടങ്ങിയവർ കാന്തള്ളൂർ ശാലയെ കളമെറുത്തരുളി എന്നോ കലമറുപ്പ് നടത്തിയെന്ന പരാമർശങ്ങൾ പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. കാന്തള്ളൂർ ശാല ഒരു അന്തർദേശീയ വിദ്യാലയമായിരുന്നു. ഇത് തിരുവനന്തപുരത്ത് വലിയശാലയിലാണോ, വിഴിഞ്ഞത്താണോ, പൂവ്വാറിലാണോയെന്ന് ഇന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. കേരളത്തിൽ ആദ്യ സർവ്വകലാശാല ബ്രിട്ടീഷ് മാതൃകയിൽ വരുന്നതിനുമുമ്പ് തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിര തിരുന്നാൾ ബാലരാമവർമ്മ 1937–ൽ തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിച്ചു. അതിന്റെ വൈസ് ചാൻസലറായി നിയമിച്ചത്, കേരള ചരിത്രത്തിലെ ഏറ്റവും സ്വേച്ഛാധിപതിയാണെന്ന് നമ്മൾ വിശേഷിപ്പിക്കുന്ന സി.പി. രാമസ്വാമി അയ്യരെയായിരുന്നു. അദ്ദേഹം വൈസ് ചാൻസലർ സ്ഥാനമൊഴിഞ്ഞ് നാട്ടിൽ പോയതിനുശേഷം

ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയുടെയും അണ്ണാമല സർവ്വകലാശാലയുടെയും വൈസ് ചാൻസലറായി മാറിയത് നമുക്കറിയാം. പണ്ടത്തെ വിദ്യാഭ്യാസത്തിൽ തന്നെ കേരളീയർ ഗണിതം, ജ്യോതിശാസ്ത്രം, ജ്യോതിഷം, വാസ്തുവിദ്യ, കാവ്യമീമാംസ എന്നിവ പഠിപ്പിച്ചിരുന്നു. വിക്രമാദിത്യ സദസ്സിലെ മഹാപണ്ഡിതനായിരുന്ന വരരുചി, അദ്ദേഹം ഉജ്ജയിനിക്ക് സമീപമാണ് ജനിച്ചതെങ്കിലും കേരളവുമായുള്ള ബന്ധം നമുക്കാരും പറഞ്ഞുതരേണ്ട. പറയിപെറ്റ പന്തിരുകുലത്തിന്റെ പിതാവായ വരരുചി മലയാളിയെപ്പോലെ ജീവിച്ച് ധാരാളം ശാസ്ത്രം ലോകത്തിന് സംഭാവന ചെയ്ത വ്യക്തിയാണ്. ആര്യഭടൻ എന്ന ജ്യോതിശാസ്ത്രജ്ഞന്റെ ജന്മനാട് അശ്മകമെന്നാണ് പറയുന്നത്. അത് പൊന്നാനിയോ കൊടുങ്ങല്ലൂരോ ആകാനാണ് സാദ്ധ്യത. കൊടുങ്ങല്ലൂരാണോയെന്ന് ശ്രീ. റ്റി.എൻ. പ്രതാപനെപ്പോലുള്ളവർ പരിശോധിക്കമെന്നാണ് എന്റെ അഭ്യർത്ഥന. ശങ്കരാചാര്യർ, വില്വമംഗലം സാമിയാർ, മേൽപ്പത്തൂർ നാരായണഭട്ടതിരി എന്നിവർ ശാസ്ത്രത്തിലും തത്വചിന്തയിലും കാവ്യമീമാംസയിലും പ്രതിഭ തെളിയിച്ചവരാണ്. കടവല്ലൂർ ~~അന്യോന്യം~~ എന്നും സ്മരിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് മലയാളിയുടെ മഹത്തായ അഭിമാനമുള്ള ആ പൈതൃകം നമ്മൾ വിസ്മരിച്ചുവെന്നുള്ളതാണ് വാസ്തവം.

മഹാനായ ശ്രീനാരായണ ഗുരുദേവൻ കേരളത്തിൽ അഴിച്ചുവിട്ട സാമൂഹിക പരിവർത്തനത്തിന്റെ ദീപശിഖ കേരളത്തിലുണ്ടാക്കിയ മാറ്റം അവർണ്ണനീയമാണ്. ജാതിക്കും മതത്തിനുമതീതമായി കേരളത്തെ ഒന്നാക്കിത്തീർത്തത് മലയാളമാണ്. റവ. ജോർജ്ജ് മാത്തനും, സനാഹുള്ള മക്രി തങ്ങളും നൂറ്റാണ്ടുകൾക്കുമുമ്പ് മലയാളത്തെ ആ നിലയിൽ കണ്ടവരാണ്. 'നിങ്ങളുടെ

ഹൃദയത്തിൽ ഈമാനുണ്ടാവണമെങ്കിൽ ഖുറാൻ മലയാളത്തിൽതന്നെ മനസ്സിലാക്കണമെന്ന്' 150 കൊല്ലങ്ങൾക്കുമുമ്പ് മക്രി തങ്ങൾ പറയുക യുണ്ടായി. ആര്യനെഴുത്ത് പഠിക്കുന്നത് ഹറാമാണെന്ന് മുസ്ലീം പൗരോഹിത്യ ത്തിലെ ഒരുവിഭാഗം വാദിച്ച് ആധുനിക വിദ്യാഭ്യാസത്തിനും മലയാള ഭാഷയ്ക്കും എതിരുനിന്നപ്പോഴാണ് മക്രി തങ്ങളുടെ ഈ ധീരമായ പ്രഖ്യാപനം. മതാതീതമായ ഒരു സംസ്കാരം കേരളത്തിൽ വളർത്തിയെടു ക്കുന്നതിൽ കേരള പാണിനിയും റവ. ജോർജ്ജ് മാത്തനും മക്രി തങ്ങളും വഹിച്ച പങ്ക് ആർക്കും നിഷേധിക്കുവാൻ സാധിക്കുകയില്ല. തമിഴ്നാട്ടിൽ 1881–ൽ എം.ജി.ആർ. തമിഴ്നാട് സർവ്വകലാശാല സ്ഥാപിച്ചു. ആ സർവ്വകലാ ശാലയുടെ ചരിത്രം ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കൊളോണിയൽ സമൂഹം നൽകിയ അധമ ബോധം ഇപ്പോഴും നമ്മെ പിന്തുടരുകയാണ്. ആഗോളീകൃത ലോകത്തിലെ വിടെയും മലയാളിക്ക് അവന്റെ സ്വത്വം നിലനിർത്തിയും സാധ്യതകൾ പ്രയോജനപ്പെടുത്തിയും മുന്നേറാനുള്ള ഭാവി സജ്ജീകരണങ്ങൾക്ക് കളമൊരുക്കലാവണം മലയാള സർവ്വകലാശാല. മലയാളത്തിനും ഒരു സർവ്വ കലാശാലയുണ്ടായി എന്ന സംതൃപ്തിയല്ല വേണ്ടത്. മലയാള സർവ്വകലാ ശാല മലയാളിയെ ഇതുവരെ എത്തിപ്പെടാത്ത കാഴ്ചകളിലേക്കും എത്തി പ്പെടാത്ത ദൂരങ്ങളിലേക്കും എത്തിക്കാൻ സാധിക്കുന്നതാവണം. അന്നന്ന് കണ്ടതിനെ വാഴ്ത്തുകയും പ്രലോഭനത്തിനും ഭീഷണിക്കും മുന്നിൽ മുട്ടുമടക്കുകയും മിത്തുകളിൽ അഭിരമിക്കുകയും തനതായതിനോടൊക്കെ അവജ്ഞ പുലർത്തുകയും ചെയ്യുന്ന ശീലം മലയാളിക്കുണ്ട്. മലയാളിയുടെ ജീവിതവുമായി ബന്ധപ്പെട്ട സർവ്വജ്ഞാന മണ്ഡലങ്ങളേയും

ഉൾക്കൊള്ളുന്ന നിരവധി പഠനഗവേഷണാദി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കഴിയുന്ന ഉന്നത കേന്ദ്രമാകണം നമ്മുടെ സർവ്വകലാശാല. നമ്മുടെ ചരിത്രവും ദർശനവും ശാസ്ത്രവും സംസ്കാരവും മാത്രമല്ല, ആധുനിക വിജ്ഞാനംപോലും മലയാളത്തിൽ പഠിക്കാനും പഠിപ്പിക്കാനു മുള്ള സൗകര്യം വേണം. മലയാളം സർവ്വകലാശാലയെക്കുറിച്ച് രണ്ടുതരം സങ്കൽപ്പങ്ങളുണ്ട്. ഭാഗികമായി എന്റെ സ്നേഹിതൻ ശ്രീ. പി. ശ്രീരാമ കൃഷ്ണൻ ഇവിടെ പറഞ്ഞു. ഒന്ന്, ഭാഷാ ചരിത്രവും സാങ്കേതിക തലവും സാഹിത്യവും പഠിപ്പിക്കൽ, രണ്ട്, ശാസ്ത്രവും സാങ്കേതിക ശാസ്ത്രങ്ങളും ഉൾപ്പെട്ട എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന മട്ടിൽ മലയാള ഭാഷയെ വികസിപ്പിക്കൽ. ഈയിടെ ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ശ്രീ. മാധവൻ നായർ മെഡിക്കൽ വിദ്യാഭ്യാസം മലയാളത്തിലാ ക്കണമെന്ന് പറഞ്ഞു. ഞാനോ നിങ്ങളോ പറഞ്ഞാൽ അതൊരു പ്രാകൃതമായ ചിന്തയാണെന്ന് പറയും. പക്ഷെ, ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ശ്രീ. മാധവൻ നായർ പറഞ്ഞത് നമ്മൾ ഗൗരവത്തിലെടുക്കണം. ബഹുഭാഷാ ലോകം, വിവിധ ലോകഭാഷാ വിജ്ഞാനങ്ങൾ മലയാളത്തിലേക്കും മലയാള വിജ്ഞാനങ്ങൾ ലോകഭാഷകളിലേക്കും പരിഭാഷപ്പെടുത്തണം. എം. ടി. വാസുദേവൻ നായരുടെയും, തകഴി ശിവശങ്കരപ്പിള്ളയുടെയും, വൈക്കം മുഹമ്മദ് ബഷീറിന്റെയുമൊക്കെ പുസ്തകങ്ങൾ ഒരുപാട് ലോകഭാഷ കളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരുപക്ഷെ, വൈക്കം മുഹമ്മദ് ബഷീറിനും എം.ടി. വാസുദേവൻ നായർക്കും തകഴി ശിവശങ്കരപ്പിള്ളയ്ക്കു മൊക്കെ നോബൽ സമ്മാനം കിട്ടാത്തത് ഈ മലയാള ഭാഷയിൽ അതിന്റെ പരിധികൾ വികസിക്കാത്തതുകൊണ്ടാണോയെന്ന് നമ്മൾ ആലോചിക്കണം. ഇംഗ്ലീഷിന്റെ ഒറ്റവാതിലിലൂടെ മാത്രമല്ല അനേകം ഭാഷകളുടെ അനേകം

കവാടങ്ങളിലൂടെ വിവിധ ജനസമൂഹങ്ങളുമായി കേരളത്തിന് വൈജ്ഞാനിക ബന്ധം ഉറപ്പിക്കലാകണം ലക്ഷ്യം വയ്ക്കേണ്ടത്. ഉന്നത വിദ്യാഭ്യാസം മാതൃ ഭാഷയിൽ പാടില്ലെന്ന് പറയുന്നവർക്ക് എ.ആർ. രാജരാജവർമ്മ ചുട്ട മറുപടി നൽകിയിട്ടുണ്ട്. ഈ വക പദങ്ങളെ ഇംഗ്ലീഷിൽനിന്ന് തന്നെ നമുക്ക് കടം വാങ്ങാം. ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിക്കാൻ പറ്റുമോ പറ്റുകയില്ലയോയെ ന്നിവിടെ തർക്കമുണ്ടായി. ശുദ്ധമലയാളം ഒരു മൗലീക വാദമാക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. മലയാളത്തിൽ നിന്നുള്ള പദങ്ങളിൽ മഹാഭൂരി പക്ഷവും സംസ്കൃതത്തിൽ നിന്നുവന്നതാണ്. സംസ്കൃതവും മലയാളവും തമ്മിലുള്ള നാഭി–നാളീബന്ധം ആദ്യം നമ്മൾ മനസ്സിലാക്കണം. അറബിക്കിലൂ ടെയും ഇംഗ്ലീഷിലൂടെയും തെലുങ്കിലൂടെയും തമിഴിലൂടെയും ഒരുപാട് മലയാള പദങ്ങളുണ്ടായിട്ടുണ്ട്. അവയെല്ലാം ഇന്ന് ഉപേക്ഷിക്കുക സാധ്യമല്ല. പക്ഷെ മണിപ്രവാള ശൈലിയിൽ സംസാരിക്കുന്ന ഒരുപാട് ആളുകളുണ്ട്. 'എന്റെ സ്പീച്ചിൽ ഇംഗ്ലീഷ് വേഡ്സ് കടന്നുകൂടാതിരിക്കാൻ ഞാൻ ട്രൈ ചെയ്യാമെന്ന്' ബഹദൂർ പഴയ ഒരു മലയാള സിനിമയിൽ പറഞ്ഞത് നമുക്കറിയാം. സെക്രട്ടേറിയറ്റിലെ ഒരു ഉദ്യോഗസ്ഥൻ ഫയലിൽ നോട്ടെഴുതി, 'അഡ്മിനിസ്ട്രേഷന്റെ എല്ലാ ലെവലിലും മലയാളമാവണം ഒഫീഷ്യൽ ലാംഗ്വേജ്. അതിന് ഇപ്പോൾ നേരിടുന്ന ഡിഫിക്കൽറ്റീസും വേണ്ട കറക്ടീവ് മെഷേഴ്സും ലിസ്റ്റ് ചെയ്ത് ഫയൽ സബ്മിറ്റ് ചെയ്യുക'. ഇത്തരക്കാരെയാണ് കൈകാര്യം ചെയ്യേണ്ടത്. നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യം കിട്ടി 66 കൊല്ല മായിട്ടും നമുക്ക് ഭരണഭാഷ മലയാളമാക്കാൻ സാധിച്ചിട്ടില്ല. ഭരണത്തിന് നിയമനിർമ്മാണം നടത്തുന്ന ഈ ഭരണത്തെ നിയന്ത്രിക്കുന്ന നിയമസഭ യിൽപ്പോലും പല ബില്ലുകളും ഇപ്പോഴും ഇംഗ്ലീഷിലാണ് വരുന്നത്. ഈ

ഗവൺമെന്റ് വന്ന് ഒരുപാട് കാര്യങ്ങൾ ചെയ്തു. ക്ലാസ്സിക്കൽ ഭാഷയാക്കാൻവേണ്ടി അത്യധ്വാനം ചെയ്തു. മലയാളം നിർബന്ധമായി പാഠ്യപദ്ധതിയിലുൾപ്പെടുത്തി. പക്ഷെ, അതിനെ തകർക്കാൻ രാജ്യത്തെ സി.ബി.എസ്.ഇ. സ്കൂൾ മാനേജ്മെന്റുകളടക്കമുള്ളവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ കാര്യത്തിൽ അടിയന്തരമായി ഗവൺമെന്റ് ഒരു നിയമ നിർമ്മാണം നടത്തണം. മലയാള സർവ്വകലാശാല സ്ഥാപിച്ചതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ആ നിയമനിർമ്മാണമെന്ന് ഞാൻ പറയുകയാണ്. നമ്മുടെ റിയാലിറ്റി ഷോകളിൽ കണ്ടുവരുന്ന ഡെയിഞ്ചറസ് സോൺ, എലിമിനേഷൻ റൗണ്ട്, ഏത് സോങ്ങാണ് ഡെഡിക്കേറ്റ് ചെയ്യേണ്ടത് തുടങ്ങിയ പ്രയോഗങ്ങൾ അസഹനീയമായ വിധത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഇന്നത്തെ അടിയന്തര കർത്തവ്യം മലയാളത്തെ തിരിച്ചുപിടിക്കുകയെന്നതു കൂടിയാണ്. ആരോ എഴുതിയതുപോലെ ഭ്രാന്തുവന്നാൽ മനുഷ്യന് ആദ്യം നഷ്ടപ്പെടുന്നത് അവന്റെ ഭാഷയാണ്. ആ രോഗം മലയാളിക്ക് വന്നു കഴിഞ്ഞു. ഭാഷാവൈകൃതങ്ങൾ മകുടം ചാർത്തുന്ന ഒരുപാട് കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടന്നുവരികയാണ്. സ്വാതന്ത്ര്യം കിട്ടി 65 വർഷം കഴിഞ്ഞിട്ടും മലയാളം ഔദ്യോഗിക ഭാഷയാക്കാൻ സാധിച്ചില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലും നിയമസഭയിലും മലയാളം പരിപൂർണ്ണമാക്കാൻ സമയബന്ധിതമായി പരിപാടികളുണ്ടാക്കണം. അന്യസംസ്ഥാനക്കാരായ ഉദ്യോഗസ്ഥർ ഭൂരിഭാഗംപേരും മലയാളം പഠിക്കുവാൻ തയ്യാറാകുന്നവരും പഠിക്കുന്നവരുമാണ്. പണ്ട് കേരളത്തിൽ മലബാറിൽ ജോലിചെയ്തിരുന്ന ഉത്തർപ്രദേശ്കാരനായ ഒരു കളക്ടർ പത്രക്കാരോട് പറഞ്ഞു, 'എന്റെ ഭാര്യ പ്രസവിച്ചു, കുട്ടി ആനകുട്ടിയാണെന്ന്'.

ആൺകുട്ടിയാണെന്നാണുദ്ദേശിച്ചത്. പക്ഷെ ഉത്തർപ്രദേശിൽ നിന്നുവന്ന അദ്ദേഹം അങ്ങനെ പറയാനെങ്കിലും മലയാളം പഠിച്ചു. അതേസമയം, സിവിൽ സർവ്വീസ് എക്സാമിനേഷൻ പാസ്സാകുന്നവർ 6 മാസത്തിനുള്ളിൽ പ്രാദേശിക ഭാഷ പഠിക്കണമെന്ന് നിയമമുള്ള നമ്മുടെ രാജ്യത്ത് മലയാളി യായി ജനിച്ച് മലയാളിയായി ജീവിച്ച് ഐ.എ.എസ്സും ഐ.പി.എസ്സും നേടിയ പലർക്കും ശുദ്ധമലയാളത്തിൽ സംസാരിക്കാൻ കഴിയുന്നില്ലായെന്നുള്ള വിരോധാഭാസം നമ്മൾ കാണണം. നമ്മുടെ നാടൻ ധ്വരകളിൽ പലരും ഇംഗ്ലീഷ് പ്രേമമുള്ളവരും മലയാള വിരുദ്ധരുമാണ്. കേരളത്തിൽ കോടതി ഭാഷയും മാതൃഭാഷയിലാക്കണമെന്ന കാലം അതിക്രമിച്ചിരിക്കുന്നു. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽപോയി ലോക മലയാള സമ്മേളനമെന്ന കെട്ടു കാഴ്ച നടത്തിയതുകൊണ്ട് മലയാളം വളരാൻ പോകുന്നില്ല. പുതിയ....

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. സി. പി. മുഹമ്മദ് വളരെ നല്ല രീതിയിൽ ഇതിനെക്കുറിച്ചുള്ള ചർച്ച കളിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷിൽ നിന്നുള്ള ചില പദങ്ങൾ മലയാളത്തിന് സ്വീകരിക്കേണ്ടി വരുന്നതുപോലെതന്നെ ഇംഗ്ലീഷിലും മലയാളത്തിന് അനുയോജ്യമായ ചില പദങ്ങളില്ല. ഇപ്പോൾ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ചുട്ട മറുപടിയെന്ന് പറഞ്ഞു. അതിന് ഇംഗ്ലീഷിൽ grilled reply എന്നാണോ പറയുന്നത്. അപ്പോൾ ഇംഗ്ലീഷുമത്ര സമ്പന്നമൊന്നുമല്ല. അങ്ങയുടെ പ്രിയങ്കരനായ പുത്രൻതന്നെ ഐക്യരാഷ്ട്ര സഭയിലെ ഉദ്യോഗസ്ഥനെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മലയാളം മാത്രമായിരുന്നുവെങ്കിൽ ഇപ്പോൾ അദ്ദേഹം അഫ്ഗാനിസ്ഥാനിൽ എത്തുക

യില്ലല്ലോ. അപ്പോൾ പരസ്പരം ഒരു കൊള്ളക്കൊടുക്ക എന്നുള്ള കാര്യം അങ്ങ് അംഗീകരിക്കുന്നില്ലേ?

ശ്രീ. സി. പി. മുഹമ്മദ്: സർ, അത് യാഥാർത്ഥ്യമാണ്. പക്ഷെ ഇതൊരു മൗലികവാദമാക്കി മാറ്റേണ്ടതില്ലായെന്നാണ് എന്റെ അഭിപ്രായം. പിന്നെ മലയാളവും ഇംഗ്ലീഷും കൂടിച്ചേർത്ത് മലംഗ്ലീഷ് സംസാരിക്കുന്ന ധാരാളം ആളുകൾ രാജ്യത്തുണ്ട് എന്നുള്ളത് സത്യമാണ്. പുതിയ മലയാള സർവ്വകലാ ശാലയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാന കോശം, മലയാളം ലെക്സിക്കൺ, മാനുസ്ക്രിപ്റ്റ് ലൈബ്രറി, സാഹിത്യ സംഗീത അക്കാദമികൾ, ലളിതകല അക്കാഡമി ഇവയെല്ലാം ഏകോപിപ്പിക്കുവാൻ സാധിക്കണം. അക്കാഡമികളെ സ്വതന്ത്ര സ്ഥാപനങ്ങളാണ് എന്നുപറയാമെങ്കിലും മലയാള സർവ്വകലാശാലയുമായി അവയ്ക്ക് ബന്ധമുണ്ടാവണം. അതിന്റെ മേധാവി കളെ ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തിയത് തെറ്റാണെന്ന അഭിപ്രായം എനിക്കില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറെക്കൂടി ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇംഗ്ലീഷ് ലോകഭാഷയായതിനാൽ ഭാവി മാധ്യമങ്ങളുടെ ഭാഷ ഇംഗ്ലീഷാകുമെന്ന തെറ്റിദ്ധാരണയുണ്ടായിരുന്നു. ടെലിവിഷനും കമ്പ്യൂട്ടറും മലയാളംപോലുള്ള ഭാഷകളെ കൊല്ലുമെന്ന തെറ്റിദ്ധാരണയുണ്ടായിരുന്നു. സ്റ്റാർ ടി.വിയെ പ്പോലുള്ള ഭീമന്മാർ പ്രാദേശിക ഭാഷയിൽ സംപ്രേക്ഷണം തുടങ്ങുകയാണ് ചെയ്തത്. ബിൽ ഗേറ്റ്സ് കമ്പ്യൂട്ടറിന് മലയാളത്തിൽ വാതായനം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ നാം ഇംഗ്ലീഷ് കയറ്റി അയയ്ക്കാനാണ് ശ്രമിക്കുന്നത്. ഇവിടെ മാതൃഭാഷ നഷ്ടപ്പെട്ട സമൂഹങ്ങൾ തകരുന്നത് സാംസ്കാരികമായി മാത്രമല്ല, സാമ്പത്തികമായിക്കൂടിയാണ്. സാമ്പത്തികമായി ഉയർന്ന ജപ്പാനും

ചൈനയും അവരുടെ മാതൃഭാഷയിലാണ് ശാസ്ത്രമുൾപ്പെടെ എല്ലാ വിജ്ഞാന മേഖലകളിലും പഠനം നടത്തുന്നത്.

പിന്നോക്ക വിഭാഗങ്ങളിൽ നിന്നുവരുന്ന കുട്ടികൾ ശാസ്ത്ര വിഷയങ്ങളിൽ ഉപരിപഠനത്തിന് തോൽക്കുന്നത് ഗവേഷണപ്രബന്ധമടക്കം ഇംഗ്ലീഷിൽ എഴുതി ഫലിപ്പിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് ഇതൊരു സാമൂഹ്യനീതിയുടെ പ്രശ്നംകൂടിയാണ്. മലയാള ഭാഷയിലൂടെ ലോകവിജ്ഞാനം ആർജിക്കുന്നതോടൊപ്പം അതാത് മേഖലകളിൽ കേരളത്തിന്റെ വിഭവങ്ങൾ, വികസന സാധ്യതകൾ എന്തെന്ന് ആരായുന്ന ഗവേഷണങ്ങൾക്ക് പ്രമുഖ സ്ഥാനമുണ്ടാകണം. ബഹുമാന്യനായ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഒഫിഷ്യൽ ഗ്യാലറിയിൽ ഇരിക്കുന്നുണ്ട്. അദ്ദേഹം ഈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായതിൽ ഞാൻ ഇഷ്ടപ്പെടുന്നത് അദ്ദേഹം ഐ.എ.എസ്.കാരാനായതുകൊണ്ടല്ല, അദ്ദേഹം മലയാളത്തിലെ ഒരു കവിയും മലയാള ഭാഷയോട് സ്നേഹമുള്ള ഒരാളുമായതുകൊണ്ടാണ്. കഴിഞ്ഞ കുറേക്കാലമായി കേരളത്തിലെ പല യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെയും നിലവാരം നമ്മൾ കണ്ടിട്ടുണ്ട്. ഞാൻ ആരുടേയും പേരെടുത്തുപറഞ്ഞ് വിമർശിക്കുന്നില്ല. വിഷ്ണു സഹസ്രനാമവും വെങ്കിടേശ്വര സുപ്രഭാതവും ഇന്ത്യയിലെ കോടിക്കണക്കിന് ഭവനങ്ങളിലെത്തിച്ച എം.എസ്. സുബ്ബലക്ഷ്മിയുടെ സംഗീതാലാപനം കേട്ടപ്പോൾ ലോകപ്രശസ്ത പണ്ഡിതൻകൂടിയായ ഇന്ത്യയുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞത് അവരുടെ മുമ്പിൽ ഞാൻ ആരാണ് എന്നാണ്. ജവഹർലാൽ നെഹ്റു വിവക്ഷിച്ചത് ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനംപോലും എം. എസ്. സുബ്ബലക്ഷ്മിയുടെ സംഗീതാലാപനത്തോളം വലുതല്ലായെന്നാണ്. അദ്ദേഹം വിശ്വേശ്വരയ്യരെ കാണാൻ അങ്ങോട്ട് പോയിട്ടുണ്ട്. മഹാനായ

ഇ. എം. എസ് നമ്പൂതിരിപ്പാട് 1957–ൽ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ വൈസ് ചാൻസലറായ ജോൺ മത്തായിയെ കാണാൻ അങ്ങോട്ട് പോയിട്ടുണ്ട്. അത്തരം നിലവാരമുള്ള വൈസ് ചാൻസലർമാർക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിൽ മലയാള സർവ്വകലാശാലയ്ക്ക് അതിന്റെ പ്രാഥമിക ഘട്ടത്തിൽ ചീഫ് സെക്രട്ടറിയായി റിട്ടയർ ചെയ്ത മനുഷ്യത്വമുള്ള, ഭാഷയോട് സ്നേഹമുള്ള ഒരു ബ്യൂറോക്രാറ്റായതിനെ അംഗീകരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ കാലശേഷം ഇത് ഐ.എ.എസ്.കാർ റിട്ടയർ ചെയ്യുമ്പോഴുള്ള ഒരു സ്ഥിരം ലാവണമാക്കാൻ തീരുമാനിച്ചാൽ അത് സമ്മതിക്കരുത് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ സി. പി. മുഹമ്മദ് മലയാള സർവ്വകലാശാലയുടെ വൈസ് ചാൻസലറെക്കുറിച്ചു പറഞ്ഞു. റൂൾ പ്രകാരം ഗ്യാലറിയിലിരിക്കുന്നവരെക്കുറിച്ച് ഇങ്ങനെ പറയാൻ പാടില്ല. എന്നാലും ആ രീതിയിലല്ലല്ലോ സൂചിപ്പിച്ചത്. അദ്ദേഹത്തിന്റേതായ ഒരു വാചകം പത്രത്തിൽ അടുത്തകാലത്ത് കണ്ടിരുന്നു. വായനയും രചനയുമൊക്കെ പൂർത്തിയാക്കി രാത്രി ഒരു മണിക്ക് കുളിച്ച് പുതുവസ്ത്രങ്ങൾ എന്നുപറഞ്ഞാൽ അലക്കി തേച്ച ഷർട്ടും മുണ്ടുമെല്ലാമെടുത്തണിഞ്ഞ് സുഖമായി ഉറങ്ങാൻ കിടക്കുന്ന ആളാണ് ഞാൻ എന്ന് അദ്ദേഹം പ്രഖ്യാപിച്ചതായി പത്രങ്ങളിൽ കണ്ടിരുന്നു. ഏതാണ്ട് ഒരു ഗന്ധർവ്വ തുല്യമായ മാനസികാവസ്ഥയും ശാരീരിക സ്ഥിതിയും, ചന്ദനലേപ സുഗന്ധത്തിന്റെ ഉപജ്ഞാതാവായിട്ടുള്ള അദ്ദേഹം അത്തരത്തിൽ ഒരു മാനസികാവസ്ഥയും ശാരീരികസ്ഥിതിയും അർദ്ധരാത്രിയുടെ മധ്യയാമങ്ങളിൽപോലും സ്വയം ആർജ്ജിക്കുന്ന ഒരാളാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി. പി. മുഹമ്മദ്</u>: അത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് റൂൾ മറന്ന് റിക്കാർഡിൽ കിടക്കട്ടെയെന്നുവച്ച് ഞാൻ അദ്ദേഹത്തിന്റെ പേരുപറഞ്ഞത്. നമ്മുടെ വൈജ്ഞാനിക പാരമ്പര്യവും സാംസ്കാരിക വൈവിദ്ധ്യവും നാടോടി സംസ്കാരത്തിന്റെ തിരുശേഷിപ്പുകളും പഠനവിധേയമാക്കണം. തർജ്ജിമ, പ്രസിദ്ധീകരണ വിഭാഗം വേണം. ഫാക്കൽറ്റികളായി മലയാള ഭാഷാ ശാസ്ത്രം, ദ്രാവിഡ ഭാഷകൾ, പ്രാചീന ഇന്ത്യൻ ഭാഷകൾ, സംസ്കൃതം, പ്രാകൃതം, മറ്റ് ഇന്ത്യൻ ഭാഷകൾ, ഏഴ് യൂറോപ്യൻ ഭാഷകൾ, ആഫ്രിക്കൻ, തെക്കേ അമേരിക്കൻ ഭാഷകൾ, പ്രകൃതി ശാസ്ത്രങ്ങൾ, വിവര സാങ്കേതിക വിദ്യ ഇവയെല്ലാം ഈ സർവ്വകലാശാലയിൽ പഠനം വേണം. വിഭവ സ്കൂൾ, തർജ്ജിമ സ്കൂൾ.........

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അങ്ങ് മലയാള ഭാഷയ്ക്ക് വലിയ സംഭാവനകൾ അർപ്പിച്ച വ്യക്തികളെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ആരംഭിച്ചത്. എന്നുമാത്രമല്ല തർജ്ജിമയെക്കുറിച്ചും അങ്ങ് ഇപ്പോൾ ഇവിടെ സൂചിപ്പിച്ചു. 1947-ലെ സാഹിത്യ പരിഷത്ത് സമ്മേളനം കാസർഗോഡ് സംഘടിപ്പിക്കുകയും കാസർഗോഡ് വച്ച് കേരളത്തിലെ പ്രഗത്ഭരായ എല്ലാ സാഹിത്യകാരന്മാരുടെയും ആദരവുകൾ പിടിച്ചുപറ്റുകയും മലയാള ഭാഷയിലുള്ള ഒട്ടേറെ പുസ്തകങ്ങൾ കന്നഡയിലേയ്ക്കും കന്നഡയിലെ പുസ്തകങ്ങൾ മലയാളത്തിലേയ്ക്കും വിവർത്തനം ചെയ്യുകയും ചെയ്ത മലയാളത്തിലെ അറിയപ്പെടുന്ന കവികൂടിയായ ഉബൈദ് സാഹിബ്ബിനെക്കൂടി മലയാള ഭാഷാ സർവ്വകലാശാലയെക്കുറിച്ചുള്ള ചർച്ചയിൽ ഓർമ്മിക്കപ്പെടേണ്ടതാണെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ്: സർ, ഓർമ്മിക്കപ്പെടേണ്ടതാണ്. ഒരുപാട് കൈവഴികളിലൂടെ മലയാളഭാഷയെ പരിപോഷിപ്പിച്ചവരുണ്ട്. മാപ്പിളപ്പാട്ട്, നാടോടിപ്പാട്ട് തുടങ്ങി വിവിധ ശാഖകളിലുള്ളവരെക്കുറിച്ച് സമയക്കുറവു കൊണ്ട് ഞാൻ പറയുന്നില്ല എന്നേയുള്ളൂ. മലയാള സർവ്വകലാശാല കേരളത്തിലും തുടങ്ങി എന്നു വരുത്താനായിരിക്കരുത് ഈ സർവ്വകലാശാല. ഒരു സർവ്വകലാശാല തുടങ്ങി എന്നുള്ളതിനെക്കാളേറെ ആ സർവ്വകലാശാല കേരളത്തിന്റേയും മലയാളികളുടേയും അഭിമാനമായി മാറണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്. ലോകത്തിൽ ഏറ്റവും വലിയ മന്ദിരങ്ങൾ ഭാഷയിൽ പണിതതാണ്. 'യുദ്ധവും സമാധാനവും' എന്ന കൃതിയോളം ഉയരമില്ല വേൾഡ് ട്രേഡ് സെന്ററിന്. വേൾഡ് ട്രേഡ് സെന്ററിന് ഉയരമുണ്ടായിരിക്കാം, പക്ഷേ അതിരുകളില്ലാത്ത ആകാശത്തോളം 'യുദ്ധവും സമാധാനവും' എന്ന കൃതി ഉയർന്നുനിൽക്കുന്നുവെന്ന് നമ്മൾ ഓർക്കണം. യു.എൻ. വിശ്വമാതൃഭാഷാദിനം കൊണ്ടാടുന്നത് മാതൃഭാഷയുടെ പ്രാധാന്യം കണക്കിലെടുത്താണ്. കേരളത്തിൽ മലയാളം പഠിക്കാതെ ഡോക്ടറേറ്റ് എടുക്കാം. തമിഴ്നാട്ടിൽ തിരുക്കുറലിലെ പത്ത് വരികൾ അറിയാത്ത കുട്ടികളുണ്ടാവില്ല. പക്ഷേ കേരളത്തിൽ എഴുത്തച്ഛന്റെയോ ബഹുമാന്യനായ എം. പി. അബ്ദുസ്സമദ് സമദാനി പറഞ്ഞ പൂന്താനത്തിന്റെയോ നാലുവരികൾ ഉരുവിടാൻ കഴിയുന്ന വിദ്യാർത്ഥികളും വളർന്നുവരുന്ന തലമുറയും എത്രയുണ്ട് എന്ന് നമ്മൾ ആലോചിക്കണം. ഇലിയറ്റ് ആണോ കുമാരനാശാനാണോ വലിയ കവി എന്ന തർക്കത്തിൽ അർത്ഥമില്ല. കേരളീയന് ആശാനും ഇംഗ്ലീഷുകാരന് ഇലിയറ്റുമാണ് വലുത്. മൂന്നുവിധത്തിലാണ് ഭാഷ മരിക്കുന്നത് എന്ന് ഒരു ചിന്തകൻ പറയുകയുണ്ടായി. ഒരു ഭാഷ സംസാരിക്കുന്നവർ മുഴുവൻ മരി

ക്കുമ്പോൾ ആ ഭാഷ മരിക്കും. അധിനിവേശ ശക്തികൾ ഒരു രാജ്യത്ത് പിടി മുറുക്കുമ്പോൾ ആ ഭാഷ നശിപ്പിക്കുകയും അതുവഴി ആ ഭാഷ നശിക്കു കയും ചെയ്യും. ഈ ഭാഷകൊണ്ട് പ്രയോജനമില്ലായെന്ന് ഒരു സമൂഹത്തിന് തോന്നുമ്പോൾ ആ ഭാഷ മരിക്കും. മലയാളിക്ക് ഈ ഭാഷകൊണ്ട് പ്രയോജ നമില്ലായെന്ന് ഇടക്കാലത്ത് വളരെ കാര്യമായി തോന്നിയതുകൊണ്ടാണ് മലയാള ഭാഷയ്ക്ക് ഈ ഗതികേട് വന്നത്. ഒ. വി. വിജയൻ പറഞ്ഞത് എന്റെ സ്വത്വബോധമാണ് മലയാളം എന്നാണ്. എനിക്ക് പ്രപഞ്ചജാലകം തുറന്നു തന്നത് മലയാളമാണെന്ന് ശ്രീ. എം. ടി. വാസുദേവൻ നായർ പറഞ്ഞു. ഞാൻ കാണുന്ന ആകാശംപോലെ എന്റെ പാർപ്പിടം പോലെയാണ് എനിക്ക് മലയാളമെന്നുകൂടി ശ്രീ. എം. ടി. കൂട്ടിച്ചേർക്കുകയുണ്ടായി. ഇവിടെ മലയാള സർവ്വകലാശാല എന്നുവേണോ മലയാളം സർവ്വകലാശാല എന്നുവേണോ എന്നുള്ള തർക്കം ആദ്യമായി ഉന്നയിക്കുകയുണ്ടായി. എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ അതിവിടെ ഉന്നയിച്ചു. മലയാളം സർവ്വകലാശാല എന്ന പ്രയോഗം തെറ്റാണ്. അനുസ്വാരത്തിനുശേഷം വ്യഞ്ജനം വരി കയാണെങ്കിൽ അനുസ്വാരം ലോപിക്കാമെന്നുള്ളത് കേരളപാണിനി പറഞ്ഞു വച്ചിട്ടുണ്ട്. കേരളപാണിനിയോളം വലിയ ഒരു വ്യാകരണ പണ്ഡിതൻ മലയാള ഭാഷയിൽ ഉണ്ടായിട്ടില്ല. അതുകൊണ്ട് കേരള പാണിനിയുടെ അഭിപ്രായം കണക്കിലെടുത്ത് മലയാള സർവ്വകലാശാല എന്ന പേരുമതി. വൈസ് ചാൻസലർ തറക്കല്ലിടുന്ന ദിവസം അവിടെ വച്ചിരുന്ന ബാനർ ഞാൻ ശ്രദ്ധിച്ചു. അതിൽ മലയാള സർവ്വകലാശാല എന്നാണ് എഴുതിയിട്ടുള്ളത്. എന്നാൽ ഈ ബില്ലിന്റെ മുമ്പിൽ അച്ചടിച്ചിരിക്കുന്നത് മലയാളം സർവ്വകലാ ശാല എന്നാണ്. കേരള കൗമുദി, കേരള ഭൂമി, കേരള നിയമസഭ എന്നാണ് പറയാറുള്ളത്, അല്ലാതെ കേരളം കൗമുദി, കേരളം ഭൂമി, കേരളം നിയമസഭ

എന്ന് പറയാറില്ല. ഇവിടെ ഒരുപാട് സാഹിത്യകാരന്മാരുടെ പേരിൽ ചെയറുകൾ വേണമെന്ന് ആവശ്യപ്പെട്ടു. അവരെല്ലാപേരും പ്രധാനപ്പെട്ടവരാണ്. എന്റെ സ്നേഹിതൻ ഡോ.എൻ.ജയരാജ് അദ്ദേഹത്തിന്റെ കഴിവിന്റെ പരമാവധി ഒരുപാടുപേരുടെ പേര് ഇവിടെ ഉദ്ധരിച്ചു. എല്ലാപേരുടേയും പേരിൽ ചെയർ വയ്ക്കാൻ ഒരു സർവ്വകലാശാലയ്ക്ക് സാധിക്കുമെന്ന് ഞാൻ പറയുന്നില്ല. വിവിധ പേരിൽ ചെയറുകൾ ഏർപ്പെടുത്തി. എന്നാൽ കുഞ്ചൻ നമ്പ്യാരെ വിസ്മരിച്ചുപോയി. ദേശഭേദങ്ങൾക്കതീതമായി കേരളത്തെ ഒരു സംസ്കാരമായി കണ്ട, ഒരു വികാരമായി കണ്ട കവിയാണ് കുഞ്ചൻ നമ്പ്യാർ. നാടിന്റെ വർത്തമാനകാലം തിരുത്തിക്കുറിക്കുന്ന ഫലിതങ്ങളിലൂടെ, വിമർശനങ്ങളിലൂടെ ഒരു കാലഘട്ടത്തിന്റെ മനസ്സിൽ തീ കോരിയിടുകയും മലയാളികളുടെ ജാതകം തിരുത്തിക്കുറിക്കുകയും ചെയ്ത പ്രതിഭാശാലിയായിരുന്നു അദ്ദേഹം. അസംതൃപ്തവും അസന്തുഷ്ടവും അശാന്തവുമായ ജീവിതത്തെ ചിരിയിലൂടെ മലയാളിയെ ബോധ്യപ്പെടുത്തിയ അക്ഷരകലയുടെ പെരുമാളായിരുന്നു കുഞ്ചൻ നമ്പ്യാർ. പതിതവർഗ്ഗത്തിന്റെ പാട്ടുകാരനായി ആ കാലഘട്ടത്തിലെ വരേണ്യ വർഗ്ഗത്തിന്റെ പേടി സ്വപ്നമായി നവോത്ഥാനത്തിന് നാന്ദി കുറിച്ച കുഞ്ചൻ നമ്പ്യാർ മലയാള ഭാഷയുടെ വളർത്തച്ഛനാണ്. എഴുത്തച്ഛൻ മലയാള ഭാഷയുടെ പിതാവാണെങ്കിൽ കുഞ്ചൻ നമ്പ്യാർ മലയാള ഭാഷയുടെ വളർത്തച്ഛനാണ്. അദ്ദേഹത്തിന്റെ പല വരികളും ദർശന സമസ്യകളുടെ പീഠഭൂമിയാണ്.

"പടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയെന്നൊരു ചാരുകേരള

ഭാഷതന്നെ ചിതംവരു ”...... എന്നെഴുതിയ കുഞ്ചൻ നമ്പ്യാർക്ക് കസേര കൊടുത്തിട്ടില്ലെങ്കിൽ ആർക്കാണ് കസേര കൊടുക്കുകയെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഓർക്കണം. പുന്നശ്ശേരിനമ്പി ശ്രീനീലകണ്ഠ ശർമ്മ സംസ്കൃത പണ്ഡിതൻ എന്ന നിലയിലാണ് പ്രശസ്തിയെങ്കിലും മലയാള ഭാഷയിലെ നിരവധി മഹത് വ്യക്തികളെ വളർത്തിയെടുത്ത പണ്ഡിത രാജനാണ്. മഹാകവി പി. കുഞ്ഞിരാമൻ നായർ, വിമർശന കുല പതി കുട്ടികൃഷ്ണ മാരാർ, വേദശാസ്ത്ര വിശാരഥനും മഹാ പണ്ഡിതനുമായ കെ. പി. നാരായണ പിഷാരടി, ഡോ. കെ. എൻ. എഴുത്തച്ഛൻ തുടങ്ങിയ പ്രതിഭകൾക്ക് ജന്മം നൽകിയത് പുന്നശ്ശേരി കളരിയാണ്. സംസ്കൃതത്തിനും മലയാളത്തിനും ഒരുപോലെ പ്രാധാന്യം നൽകി മലയാളത്തിൽ വിദ്വാൻ കോഴ്സുകൾ ഗുരുനാഥൻ ആരംഭിക്കുകയുണ്ടായി. മലയാളം, ആയുർവ്വേദം, ജ്യോതിശാസ്ത്രം എന്നിവ അദ്ദേഹം ആയിരക്കണക്കിനുപേരെ പഠിപ്പിച്ചിട്ടുണ്ട്.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തി വാണിരുന്ന ഒരു കാലഘട്ടത്തിൽ ശ്രീനാരായണ ഗുരുവിനോട് സംസ്കൃതം പഠിക്കുവാൻ ഈഴവ വിദ്യാർത്ഥികളെ അയച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ട പുന്നശ്ശേരി ഗുരുനാഥൻ ആ കാലഘട്ടത്തിലെ ഒരു മഹാത്ഭുതമാണ്. സംസ്കൃത പണ്ഡി തന്മാരെക്കാൾ പുന്നശ്ശേരി കളരിയിൽനിന്നും പുറത്തുവന്നത് മലയാള സാഹി ത്യത്തിലെ മഹാപ്രതിഭകളാണ്. അദ്ദേഹത്തിന്റെ സ്മാരകമായി പട്ടാമ്പിയിൽ കോളേജുണ്ട് എന്നത് ശരിയാണ്. പക്ഷേ പുന്നശ്ശേരി ഗുരുനാഥന്റെ പേരിൽ ഒരു ചെയർ ഏർപ്പെടുത്തി പട്ടാമ്പി സംസ്കൃത കോളേജിനെ ഈ മലയാള

സർവ്വകലാശാലയുടെ ഒരു സബ്സെന്ററായി അംഗീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. വാസുദേവൻ മൂസ്സ്, സി. എസ്. നായർ, എൻ. പി. ശങ്കുണ്ണി നായർ, കല്ലന്മാർതൊടി രാവുണ്ണിമേനോൻ ആശാന്റെ സീതാകാവ്യത്തിന് അവതാരിക എഴുതിയ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർവരെ പുന്നശ്ശേരി ഗുരുനാഥന്റെ ശിഷ്യന്മാരാണ്. ഈ സർവ്വകലാശാലയ്ക്ക് ചുരുങ്ങിയത് 1000 ഏക്കർ സ്ഥലമെങ്കിലും അക്വയർ ചെയ്യണം. കോഴിക്കോട് സർവ്വകലാശാലയ്ക്ക് 800–ഓളം ഏക്കർ ഭൂമിയുണ്ട്. അലിഗഡ് സർവ്വകലാശാലയുടെ ഓഫ് കാമ്പസിന് 450–ഓളം ഏക്കർ ഭൂമിയുണ്ട്. 50–100 ഏക്കറിൽ തട്ടിക്കൂട്ടി സ്ഥാപിക്കേണ്ട ഒന്നല്ല മലയാള സർവ്വകലാശാല. ഏറ്റവും ചുരുങ്ങിയത് 1000 ഏക്കറിലെങ്കിലും ആ സ്ഥാപനം തുടങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കാണ് കൂടുതൽ പ്രയോജനമെന്നതിനാൽ വൻതോതിൽ ഫീസ് ഇളവും ആനുകൂല്യങ്ങളും ഈ സർവ്വകലാശാലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം. ഇതിനായി പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കണം. ഇത് നയിക്കേണ്ടത് മാതൃഭാഷയിൽ വിശ്വാസമുള്ളവരുടെ ഒരു കൂട്ടായ്മയാണ്. ഈ യൂണിവേഴ്സിറ്റി തിരൂരിൽ സ്ഥാപിച്ചു എന്നതുകൊണ്ട് ഈ സർവ്വകലാശാലയുടെ എക്സ് ഒഫിഷ്യോ എം.എൽ.എ. ആകുന്നതിൽ സന്തോഷമുള്ള ആളാണ് ഞാൻ. കാരണം കാർഷിക സർവ്വകലാശാലയിലെ ലോക്കൽ എം.എൽ.എ.–യ്ക്ക് സിൻഡിക്കേറ്റിൽ സംവരണമുണ്ട്. അത് കൊടുത്തതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ, കേരള നിയമസഭയിൽനിന്ന് മൂന്ന് എം.എൽ.എ.–മാരെ, പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു സംവരണമടക്കം, ഈ നിയസഭയിലെ അംഗങ്ങൾ വോട്ട് ചെയ്ത് ജയിപ്പിച്ച് വരുത്തണമെന്നാണ് എനിക്ക് പറയാനു

ള്ളത്. പിന്നെ വകുപ്പുവകുപ്പായുള്ള ചർച്ചകളിൽ ഞാൻ കൊടുത്ത ഭേദഗതികളെ സംബന്ധിച്ച് സംസാരിക്കാം. ഇപ്പോൾ സംസാരിച്ച് സമയം കളയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മലയാളഭാഷാ പരിണാമം, തമിഴ് പൈതൃകം, സംസ്കൃത പൈതൃകം, മലയാള ലിപി ചരിത്രം അടക്കമുള്ള ഹൈന്ദവ പൈതൃകം, ജൈന–ബുദ്ധ പൈതൃകം, ക്രൈസ്തവ പൈതൃകം, ഇസ്ലാമിക പൈതൃകം, സൗന്ദര്യ ദർശനം, ക്ലാസിക് കലകൾ, അനുഷ്ഠാന കലകൾ, ശിൽപ്പകലാ പാരമ്പര്യം, അതുപോലെ ശ്രീ. ബെന്നി ബെഹനാൻ ആദ്യം ഇതിന്റെ ചർച്ചയിൽ പറഞ്ഞ കേരളീയ നവോത്ഥാന ചരിത്രമടക്കം സബ്ജക്ട് കമ്മിറ്റി വേളയിൽ ഉൾപ്പെടുത്തി എന്നതിൽ ഞാൻ സന്തോഷിക്കുന്നു. പുരാവസ്തു ഗവേഷണം, രാഷ്ട്രീയ പാരമ്പര്യം – രാഷ്ട്രീയ പാരമ്പര്യമെന്നുപറഞ്ഞാൽ ഇന്നത്തെ രാഷ്ട്രീയമല്ല ഞാൻ പറയുന്നത്, കേരളത്തിന്റെ പൗരാണിക രാഷ്ട്രീയ പാരമ്പര്യം – സാമൂഹിക പരിണാമം, കേരളീയ നവോത്ഥാനം, നാട്ടുഭരണ സമ്പ്രദായം, ഭരണ നിർവ്വഹണം അടക്കമുള്ള നാടോടി പാരമ്പര്യം, ഗോത്ര സംസ്കൃതി, നാട്ടറിവുകൾ അടക്കമുള്ള എല്ലാ വിഷയങ്ങളും മലയാളത്തിന്റെ ചരിത്രവും ദർശനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം ലോകത്തിലെ മുഴുവൻ ശാസ്ത്രങ്ങളും മലയാളത്തിലൂടെ പഠിപ്പിക്കാൻ സംവിധാനമുണ്ടായിട്ടില്ലെങ്കിൽ ഈ സർവ്വകലാശാലകൊണ്ട് ഒരു പ്രയോജനവുമില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: സർ, ഈ സർവ്വകലാശാലാ നിയമത്തിൽ, സർവ്വകലാശാലയിൽ പഠിപ്പിക്കേണ്ട വിഷയങ്ങളെല്ലാം വിശദമാക്കേണ്ടതുണ്ടോ എന്നുള്ള കാര്യം ചർച്ച ചെയ്യേണ്ടതാണ്. ഏതായാലും അതിൽ പരാമർശിക്കപ്പെട്ട ചില വിഷയങ്ങൾ, ആദരണീയനായ സുഹൃത്ത് ശ്രീ. സി. പി. മുഹമ്മദ് വളരെ ആധികാരികമായി ഇവിടെ സംസാരിക്കുമ്പോൾ അദ്ദേ

ഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ പരാമർശിക്കപ്പെട്ട വിഷയങ്ങളുടെ കൂട്ടത്തിൽ നിരൂപണം വരുന്നുണ്ട്, പക്ഷേ, കഥയില്ല, കവിതയില്ല, നോവലില്ല. നിരൂപണം മാത്രമെടുത്ത് അതിൽ ഉൾപ്പെടുത്തിയ സ്ഥിതിക്ക്, അങ്ങനെ ചില വിഷയങ്ങൾ അതിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. നിരൂപണം വരുക, കഥയില്ല, കവിതയില്ല, നോവലില്ല. അതൊരു അപാകതയല്ലേ; തിരുത്തപ്പെടേണ്ടതല്ലേ?

ശ്രീ. സി. പി. മുഹമ്മദ്: സർ, എല്ലാം ഉൾക്കൊള്ളിക്കണം. അതെല്ലാം ഇവിടെ പറയാനുള്ള സമയമില്ലാത്തതുകൊണ്ടാണ് പരാമർശിക്കാത്തത്. ഏകദേശം 74-ഓളം വിഷയങ്ങൾ ഞാൻ കുറിച്ചുവച്ചതുതന്നെയുണ്ട്. എല്ലാം കൂടി വായിക്കുമ്പോൾ സമയം ഒരുപാട് വൈകും. ഇപ്പോൾത്തന്നെ ഈ ബിൽ പാസ്സാകുമ്പോഴേക്കും ഇരുട്ടാകുമെന്നാണ് തോന്നുന്നത്. എനിക്കു ശേഷം ശ്രീ. മുല്ലക്കര രത്നാകരൻ സംസാരിക്കേണ്ടതായിട്ടുണ്ട്. സമയം അപഹരിക്കേണ്ട എന്നുവച്ചാണ് മുഴുവനും പറയാതിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെതന്നെ മലയാള സർവ്വകലാശാല സ്ഥാപിക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഈ സഭയിൽ മുഖ്യമന്ത്രിയുടെ കസേരയിൽ ഇരുന്ന് മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്ന് ഞാൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞതാണ്. അത് എങ്ങനെ തകർന്നുവെന്നുള്ളത് ഞാൻ പറയുന്നില്ല. ആരുടെയും മനസ്സിനെ ഞാൻ നോവിക്കുന്നില്ല. പക്ഷേ, അന്നുതന്നെ അത് സാധിക്കുമായിരുന്നു. ബഹുമാന്യനായ ഉമ്മൻ ചാണ്ടി അധികാരത്തിൽ വന്നശേഷം, ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായതിനുശേഷം പ്രഥമ പരിഗണന കൊടുത്ത ഒരു വിഷയമാണ് മലയാള സർവ്വകലാശാല. അതിന്റെ ബാല്യദശ

യിലാണ് ഇപ്പോൾ. ബാലാരിഷ്ടതകൾ തീർന്ന് നിയമത്തിൽ പോരായ്മകളു ണ്ടെങ്കിൽ അതിന് ഭേദഗതിയെല്ലാം വരുത്തി മലയാള സർവ്വകലാശാല കേരള ത്തിന്റെ അഭിമാനമായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നിയമ വകുപ്പ് എഴുതിക്കൊടുക്കുന്ന ബില്ലിൽ ഒരു കുത്തോ കോമയോ ഭേദഗതി യായി ഞങ്ങൾ കൊടുക്കുന്നത് സ്വീകരിച്ചാൽ എന്തോ അഭിമാനക്ഷതം സംഭ വിക്കുമെന്ന് ചിന്തിക്കുന്ന മന്ത്രിമാർക്ക് പഞ്ഞമില്ലാത്ത ഈ സഭയിൽ......, ഞാൻ ഇപ്പോഴത്തെ ഗവൺമെന്റിനെക്കുറിച്ച് മാത്രമല്ല പറയുന്നത്. നെൽവ യൽ നീർത്തട സംരക്ഷണ നിയമത്തിന് രാത്രി രണ്ടുമണിവരെ ഇരുന്ന് ഭേദഗ തിയെല്ലാം നൽകി.........., ശ്രീ. എം. എ. ബേബി അവതരിപ്പിച്ച സ്വാശ്രയ കോളേജ് ബില്ലിലെല്ലാം ഒരു കുത്തും കോമയും വേണ്ടിടത്ത് അതുവേണ മെന്ന് പറഞ്ഞുകൊടുത്ത ഭേദഗതി പോലും സ്വീകരിക്കപ്പെട്ടിട്ടില്ല. ബഹുമാന ്യനായ പി. കെ. അബ്ദുറബ്ബ് ഒരു സർവ്വകലാശാല സ്ഥാപിച്ചുകൊണ്ട് ഈ കേരളം അംഗീകരിക്കപ്പെടുന്ന ഒരു ചരിത്രപുരുഷനാകണമെന്ന് ആഗ്രഹിക്കു ന്നുവെങ്കിൽ ഭരണകക്ഷിയിൽ നിന്നും പ്രതിപക്ഷത്തുനിന്നും ന്യായമായി നൽകിയ ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് ഈ നിയമത്തെ കുറ്റമറ്റതാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, മലയാളം സർവ്വകലാശാലയെന്ന പേരിൽ ഇവിടെ നിർദ്ദേശിച്ച ഈ സർവ്വകലാശാലാ ബില്ലുമായി ബന്ധപ്പെട്ടുകൊ ണ്ടുള്ള എന്റെ ഭേദഗതി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. എല്ലാ നല്ല കാര്യ ങ്ങളുമുണ്ടാകുന്നത് മനുഷ്യന്റെ ഏറ്റവും വലിയ ദുഃഖത്തിൽ നിന്നാണ്. വാല്മീകിയുടെ കണ്ണുനീരിൽ നിന്നാണ് രാമൻ ജനിച്ചത്, ശോകത്തിൽ നിന്നാണ് ശ്ലോകമുണ്ടായത് എന്നുപറയുന്നതുപോലെ മലയാളിയുടെ ദുഃഖ

ത്തിൽനിന്നാണ് ഈ സർവ്വകലാശാലയുണ്ടാകുന്നതെങ്കിൽ ഇത് വളരുകയും നിലനിൽക്കുകയും ചെയ്യും. അതല്ല, കേവലം ഒരു സർവ്വകലാശാലയുണ്ടാക്കാനുള്ള നമ്മുടെ ദുരഭിമാനത്തിൽ നിന്നാണ് ഇതുണ്ടാകുന്നതെങ്കിൽ ഒരു സാധാരണ സർവ്വകലാശാലയുടെ പൊക്കമേ ഇതിനുണ്ടാകൂ. ഒരു സാധാരണ സർവ്വകലാശാലപോലെ ഈ സർവ്വകലാശാല മാറുകയാണെങ്കിൽ അത് ഈ നിയമസഭയ്ക്കും നമ്മൾ വിനിയോഗിച്ച സമയത്തിനും സത്യത്തിൽ അപമാനമാകുന്ന നിലയിലായിരിക്കും. സാധാരണ സർവ്വകലാശാലയുടെ നിയമവ്യവസ്ഥകൾക്കും സംവിധാനത്തിനും അപ്പുറമായിരിക്കണം മലയാള സർവ്വകലാശാലയുടെ അടിത്തറയും നിലനിൽപ്പും പ്രവർത്തനവും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം. മലയാളം പഠിപ്പിക്കാനോ പരീക്ഷ നടത്താനോ ഏതെങ്കിലും തരത്തിലുള്ള ഡിഗ്രി സർട്ടിഫിക്കറ്റുകൾ കൊടുക്കാനോ ഒരു സർവ്വകലാശാല ആവശ്യമില്ല. അപ്പോൾ പിന്നെ എന്തിനാണ് മലയാള സർവ്വകലാശാല എന്ന ചോദ്യമുണ്ട്. മലയാളിയുമായി ബന്ധപ്പെട്ട എല്ലാ സാംസ്കാരിക കാര്യങ്ങളും ജീവിതപ്രവർത്തനവും സ്വഭാവവും കേരളത്തിൽ നഷ്ടപ്പെട്ടത് തിരിച്ചറിയാനും തിരിച്ചുപിടിക്കാനും മലയാളിയുടെ അന്തസ്സ് വീണ്ടെടുക്കാനുമുള്ള അഭിനിവേശത്തിൽനിന്ന് രൂപപ്പെടുന്നതായിരിക്കണം മലയാള സർവ്വകലാശാല. അങ്ങനെയാണെങ്കിൽ മാത്രമേ അത് നിലനിൽക്കൂ, അങ്ങനെവേണം അത് നിൽക്കാൻ. ഞാൻ ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോടെല്ലാം യോജിക്കുകയാണ്. എനിക്ക് അധികമായി ചില കാര്യങ്ങളാണ് പറയാനുള്ളത്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട ഒ. എൻ. വി. കുറുപ്പ് സാറും മലയാള ഭാഷാ സ്നേഹികളും ചേർന്ന് എല്ലാ ജനപ്രതിനിധികൾക്കും എത്തിച്ചുതന്ന ഒരു കൈപ്പുസ്തകമുണ്ട്. തീർച്ചയായും ആ കൈപ്പുസ്തകത്തിലെ കാര്യങ്ങളെല്ലാം ഇവിടെ വിശദീകരിച്ചിട്ടു

ണ്ട്. മാഹാത്മാ ഗാന്ധി 1916–ൽ ഭാഷയെക്കുറിച്ചും പ്രാദേശിക ഭാഷയെക്കുറിച്ചും ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് ഇങ്ങനെയാണ്. 'എനിക്കൊരു സ്വേച്ഛാധിപതിയുടെ അധികാരമുണ്ടായിരുന്നെങ്കിൽ നമ്മുടെ കുട്ടികൾക്ക് ഒരു വിദേശഭാഷവഴി നൽകുന്ന അഭ്യസനം ഇന്ന് തന്നെ അവസാനിപ്പിച്ച് എല്ലാ അദ്ധ്യാപകരോടും പ്രൊഫസർമാരോടും അവരെ ഡിസ്മിസ് ചെയ്യാതിരിക്കണമെങ്കിൽ തൽക്ഷണംതന്നെ മാറ്റം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടേനെ. പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ വേണ്ടി ഞാൻ തമസിക്കുകയില്ല. അവ മാറ്റത്തിന്റെ പിറകേ വന്നുകൊള്ളും. സത്വരമായ പരിഹാരം ആവശ്യമുള്ള ഒരു ദൂഷ്യമാണ്'. ഈ മനോഭാവം നമുക്കുണ്ടെങ്കിൽ മാത്രമേ ഈ സർവ്വകലാശാല കൊണ്ട് പ്രയോജനമുണ്ടാകൂ. മഹാത്മാഗാന്ധി 1916–ൽ പറഞ്ഞത് അനുസരിച്ചിരുന്നെങ്കിൽ ഇന്ത്യയുടെതന്നെ വൈജ്ഞാനിക മേഖല മുഴുവൻ വളർന്ന് വരുന്നത് സ്വന്തം മാതൃഭാഷയുടെ പഠനത്തിലൂടെയായിരിക്കും. മാതൃഭാഷ എന്തിന് എന്ന ചോദ്യം – നമുക്ക് പല ഭാഷയിലും വാക്ക് പഠിക്കാം വാക്കിന് അർത്ഥമുണ്ട് പക്ഷെ ഒരു വാക്കിൽ ഹൃദയം ചേർക്കപ്പെടണമെങ്കിൽ ഹൃദയം ചേർന്ന വാക്ക് മാതൃഭാഷയിലേയുള്ളൂ. മറ്റെല്ലാ വാക്കിലും ബുദ്ധിയിലോ അല്ലെങ്കിൽ ചിന്തയിലോ മാത്രമേ അത് പ്രവേശിക്കൂ. ഒരു വാക്ക് ഹൃദയത്തിൽനിന്ന് വരുന്നത് മാതൃഭാഷയിൽനിന്ന് മാത്രമായിരിക്കും. ഇംഗ്ലീഷുകാരന്റെ ഹൃദയഭാഷ ഇംഗ്ലീഷാണ് ഫ്രഞ്ചുകാരന്റേത് ഫ്രഞ്ചാണ് മലയാളിയുടേത് മലയാളമാണ് തമിഴന്റേത് തമിഴാണ്. നമ്മൾ അതിൽ മൗലികവാദിയാണോ തീവ്രവാദിയാണോ എന്ന് ചോദിച്ചിട്ട് കാര്യമില്ല. ഹൃദയം ചേർന്ന ഭാഷയിൽ മാത്രമേ യോജിക്കാൻ കഴിയൂ. ബുദ്ധികൊണ്ട് യോജിക്കാൻ കഴി

യില്ല. ബുദ്ധികൊണ്ട് കച്ചവടം നടത്താൻ മാത്രമേ കഴിയൂ. മലയാളി സത്യത്തിൽ ഇംഗ്ലീഷ് ഭാഷ അറിഞ്ഞ് ബുദ്ധി കൊണ്ട് കച്ചവടം നടത്തുന്ന വരും ഹൃദയംകൊണ്ട് അകന്നവരുമാണ്. ഹൃദയം കൊണ്ട് അടുക്കുന്ന തിനുവേണ്ടി വേണം മലയാള ഭാഷ പഠിക്കാനും മലയാള സർവകലാശാലയു ണ്ടാകാനും. പണ്ട് നമുക്ക് ഹൃദയമുണ്ടായിരുന്നു. മലയാള ഭാഷയ്ക്ക് ഒരു പാട് കാലത്തെ ചരിത്രമുണ്ട്. ആ ചരിത്രത്തിൽ മലയാള ഭാഷയെക്കുറിച്ച് തന്നെ ഗൗരവതരമായ ചർച്ച ഈ സഭയിൽ നടന്നതിന് ഇന്ന് നമ്മൾ ഓർക്കേണ്ട ഒരു പേര് ശ്രീ. ലോനപ്പൻ നമ്പാടന്റേതാണ്. അദ്ദേഹം 1983 മാർച്ച് മാസം 10-ാം തീയതി ഈ സഭയ്ക്കകത്ത് ഇംഗ്ലീഷ് ബിൽ കത്തിച്ചതു കൊണ്ടാണ് അന്നത്തെ സ്പീക്കറായിരുന്ന ശ്രീ. വി. എം. സുധീരന്റെ ഒരു ഉത്തരവ് വന്നത്. അതുവഴിയാണ് ബില്ലുകൾ മലയാളത്തിൽ വന്നുതുടങ്ങിയ ത്. ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ നമുക്ക് ഒരുപാട് പേരോട് ആദ രവ് പുലർത്തേണ്ടതുണ്ട്. അംഗീകരിക്കേണ്ടതുണ്ട്. ഗ്രാമീണഭാഷയുടെ ഭംഗി മുഴുവൻ മലയാളത്തിൽ നിറച്ചുവച്ചത് വൈക്കം മുഹമ്മദ് ബഷീറാണ്. അങ്ങ നെയൊരാൾ ഇന്ത്യയിലുണ്ടാകില്ല. വൈക്കം മുഹമ്മദ് ബഷീർ മലയാള ത്തിൽ ഒരുപാട് പ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രയോഗ മാണ് – ഒന്നും ഒന്നും ഇമ്മിണി വലിയ ഒന്ന്. അത് പരിഭാഷപ്പെടുത്താൻ കഴിയില്ല. വേറൊരു ഭാഷയിലേക്ക് കൊണ്ടു പോകാൻ കഴിയില്ല. അത് വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രയോഗമാണ്. അദ്ദേഹത്തിന്റെ മറ്റൊരു പ്രയോഗമാണ് 'മൊശകോടൻ'. മൊശകോടൻ എന്താണെന്ന് ആർക്കറിയാം. അതൊരു പ്രയോഗമാണ്. 'ബുദ്ദൂസ്', അദ്ദേഹത്തിന്റെ ഒരു പ്രയോഗമാണ്.

'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു'. എന്നുപറയുന്നത് മുഴുവൻ ഗ്രാമീണഭംഗി യുടെ അസാധ്യമായ സാദ്ധ്യതകൾ മുഴുവൻ ഒരു ഭാഷയിൽ പ്രയോഗിച്ച് അവതരിപ്പിച്ചതാണ്. ഇതെല്ലാം മനസ്സിലാക്കാനും പുറകെ സഞ്ചരിക്കാ നും......... ഒരു വാക്കിന്റെ പുറകെ മനുഷ്യന് സഞ്ചരിക്കാം. ഒരു വാക്കിന്റെ പുറകെ സഞ്ചരിക്കുമ്പോൾ ഒരു സംസ്കാരത്തിന്റെ പുറകെയാണ് സഞ്ചരി ക്കുന്നത്. മാതൃഭാഷയിലൂടെ മാത്രമേ ഒരു വാക്കിന്റെ പുറകേ ഒരു സംസ്കാ രത്തിന്റെ പുറകേയായി സഞ്ചരിക്കാൻ മനുഷ്യന് കഴിയൂ. ഒരു വാക്ക് നഷ്ട പ്പെടുമ്പോൾ ഒരു സാംസ്കാരിക പരിസരം നഷ്ടപ്പെടുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിച്ചിരുന്ന വാക്ക് അമ്മയെന്ന വാക്കാണ്. ഇന്ന് ഏറ്റവും കുറച്ച് ഉപയോഗിക്കുന്ന വാക്ക് അമ്മയെന്ന വാക്കാണ്. അമ്മയെന്ന വാക്ക് കുറച്ച് ഉപയോഗിക്കുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് ഒരു സാംസ്കാ രിക പരിസരമാണ്. ഈ അമ്മയും ഉമ്മയും കേരളത്തിൽ തീർത്തു തന്ന ഒരു സമ്പന്നമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സമ്പന്നമായ സാംസ്കാ രിക പരിസരം ആ വാക്ക് നഷ്ടപ്പെട്ടതിലൂടെ മലയാളിക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: ഭാഷാപരമായി നോക്കിയാലും ഇംഗ്ലീഷിനെ ക്കാളും വേഗം പെറ്റമ്മയെ വിളിക്കാവുന്ന ഭാഷ മലയാളമാണ്. കാരണം, അമ്മ രണ്ടക്ഷരമേയുള്ളു. 'Mother' എന്നതിന് ആറക്ഷരമാണ്. 'Mummy' രണ്ടിലേറെ അക്ഷരമാണ്. അതിനെക്കാൾ വേഗം പെറ്റയാളിനെ അമ്മയെന്ന് വിളിക്കാവുന്ന മനോഹരമായ ഭാഷയുണ്ടായിട്ടില്ല. മമ്മി, മമ്മി എന്ന് വിളി ക്കുന്ന ഇംഗ്ലീഷ് ഭാഷയോടുള്ള ആഭിമുഖ്യം ഒരു കൊളോണിയൽ താത്പര്യ മല്ലേ സാർ? വസ്തുതാപരമായി ഭാഷാപരമായിട്ടുള്ളതാണോ സാർ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: അതുകൊണ്ടാണ് ഭാഷയെക്കുറിച്ച് ശ്രീ. സുധാകരൻ മെമ്പർ പറഞ്ഞതുപോലെ വിനയ ചന്ദ്രൻ എഴുതിയ ഒരു ലേഖനമുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: അങ്ങ് ഇവിടെ വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് സൂചിപ്പിച്ചതു കൊണ്ട് പറയുകയാണ്. വൈക്കം മുഹമ്മദ് ബഷീറിന് യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് കൊടുത്തപ്പോൾ സർവ്വകലാശാല യിൽ നിന്ന് ഡോക്ടറേറ്റ് ഏറ്റു വാങ്ങിക്കൊണ്ട് അദ്ദേഹം ചെയ്ത പ്രസംഗം അവസാനിപ്പിച്ചതുപോലും 'കാതോർക്കുക അന്തിമകാഹളം' എന്ന് പ്രയോ ഗിച്ചുകൊണ്ടാണെന്ന കാര്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: തീർച്ചയായും ഞാൻ പറഞ്ഞത് എന്താ ണെന്നു വച്ചാൽ ഇതെല്ലാം ബിൽ തയ്യാറാക്കുമ്പോൾ, തയായറാക്കുന്ന ലാ ഡിപ്പാർട്ടുമെന്റും കാണുന്ന മന്ത്രിയും ഇതെല്ലാം പരിഗണിക്കണമായിരുന്നു. നേരത്തെ ഇവിടെ പറഞ്ഞു നമുക്ക് ഒരു കൊളോണിയൽ സംസ്കാരത്തിന്റെ കൂടെ നമ്മളെ അടിമപ്പെടുത്തിയതിൽ ഒരു ഭാഷയുമുണ്ടെന്ന്. ഇംഗ്ലീഷ് എതിർക്കപ്പെടേണ്ട ഭാഷയല്ല. പക്ഷേ ഇംഗ്ലീഷ് മലയാളത്തെ കൊല്ലുന്ന ഭാഷ യാകരുത്. ഇംഗ്ലീഷ് ഭാഷകൊണ്ട് മലയാളിക്ക് മലയാളിത്തം നഷ്ടപ്പെടരുത്. നമുക്കേത് ഭാഷയും പഠിക്കാം 1732–ൽ ഇംഗ്ലണ്ടിൽ ഒരു നിയമമുണ്ടായി. ഇംഗ്ലണ്ടിലെ ഒരു പ്രഭുവാണ് ആ നിയമം കൊണ്ടു വന്നത്. ആ നിയമം – ഇംഗ്ലണ്ടിൽ ഒരു ഉത്തരവ് ഇറങ്ങുമ്പോൾ ഇംഗ്ലീഷല്ലാതെ ഒരു വാക്കുപയോഗി ച്ചാൽ ആ വാക്കുപയോഗിക്കുന്ന ഉദ്യോഗസ്ഥന് 50 പവൻ പിഴ ശിക്ഷയുണ്ടാ യിരുന്നു. അത് ഇംഗ്ലീഷുകാർ കൊണ്ടു വന്നതാണ്. 1732–ലാണ്, ആ ഇംഗ്ലീഷുകാരാണ്........

ശ്രീ. പാലോട് രവി: ഇംഗ്ലീഷ് വാക്ക് സംസാരിച്ചില്ലെങ്കിൽ ഫൈൻ അടിക്കുന്ന പല സ്കൂളുകളും ഇന്ന് കേരളത്തിലുണ്ട് അങ്ങേയ്ക്കറിയാമോ?

ശ്രീ. സാജു പോൾ: ഇംഗ്ലീഷ് മീഡിയത്തിലേക്ക് ആളുകൾ കുട്ടികളെ അയക്കുന്നതിന്റെ ഒരു പ്രധാന കാരണം സിലബസ് ഏകീകരണം ഇല്ലാത്തതു കൊണ്ടാണ്. അദ്ധ്യാപകർ അവർ പഠിപ്പിക്കുന്ന സ്കൂളിൽ അവരുടെ മക്കളെ ചേർക്കില്ല. ഉന്നത രാഷ്ട്രീയക്കാർ സി.ബി.എസ്.ഇ. സ്കൂളിലും അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും കുട്ടികളെ ചേർക്കുന്നു. അതൊരു വലിയ സാമൂഹിക അംഗീകാരമായി ജനങ്ങൾ എടുത്തിരിക്കുകയാണ്. അവിടെയൊക്കെ അദ്ധ്യാപകരുൾപ്പെടെയുള്ളവർ പറയുന്നത് നിങ്ങൾ സിലബസ് ഏകീകരണം നടപ്പാക്കൂ. എല്ലാ സ്കൂളുകളിലും ഏകീകരിച്ച സിലബസാണ് പഠിപ്പിക്കുന്നതെങ്കിൽ അന്തസ്സിന്റെ ഭാഗമായി ഇത്തരം സ്കൂളുകളിലേക്ക് ആളുകൾ പോകില്ല. അത് രോഗലക്ഷണത്തെ മാത്രം കണ്ടുകൊണ്ട് ഇംഗ്ലീഷ് മീഡിയത്തോടുള്ള ആളുകളുടെ സ്നേഹത്തെക്കുറിച്ച് മാത്രം പറയാതെ യഥാർത്ഥ രോഗം വിദ്യാഭ്യാസ മേഖലയിലുള്ള ആ പ്രശ്നമാണ് എന്ന് തിരിച്ചറിയാനും........... എന്റെ മൂന്ന് കുട്ടികളെയും ഞാൻ സർക്കാർ സ്കൂളിലാണ് പഠിപ്പിച്ചത്... എനിക്ക് മൂന്ന് പെൺകുട്ടികളാണ്. മൂന്ന് പേരും ഏഴാം ക്ലാസ് വരെ ഗവൺമെന്റ് സ്കൂളിലാണ് പഠിച്ചത്. ഹൈസ്ക്കൂളിൽ എയ്ഡഡ് സ്കൂളിലാണ് പഠിക്കുന്നത്. എന്റെ പഞ്ചായത്തിൽ ഗവൺമെന്റ് ഹൈസ്ക്കൂൾ ഇല്ലാത്തതുകൊണ്ട്... ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാന് നേരിട്ടറിയാവുന്ന കാര്യമാണ്..... ഉന്നത രാഷ്ട്രീയ നേതാക്കൻമാരും അദ്ധ്യാപകസമൂഹവും ഇതിൽ മാതൃക കാണിക്കുകയും സിലബസ് ഏകീകരണം നടപ്പാക്കുകയും ചെയ്യാതെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ജനങ്ങളുടെ ആഭിമുഖ്യം ഒരു അന്തസായി കണക്കാക്കികൊണ്ട്

അങ്ങോട്ടുള്ള പാച്ചിൽ അവസാനിക്കില്ല എന്നുള്ള കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മുല്ലക്കര രത്നാകരൻ: ഈ പറഞ്ഞ അഭിപ്രായം വളരെ ശരിയാണ്. നേരത്തെ ശ്രീ. സുധാകരൻ മെമ്പർ സൂചിപ്പിച്ചപോലെ നമുക്കൊരു ദുരഭിമാനമുണ്ട്. ആ ദുരഭിമാനം ഒരു ഭാരമാണെന്നും ഒരു അപമാനമാണെന്നും മലയാളി തിരിച്ചറിഞ്ഞാൽ ആ തിരിച്ചറിയുന്ന നേരത്ത് മലയാളഭാഷ രക്ഷപ്പെടും.. മലയാളം ലോകത്ത് ഒന്നിന്റെയും പിന്നിലല്ല. ആരുടെയും മുന്നിൽ നിൽക്കേണ്ട. പക്ഷെ ഒപ്പം നിൽക്കാൻ കഴിയുന്ന പരസ്പരം സഹകരിക്കാൻ കഴിയുന്ന സമത്വബോധമുള്ള ഒരു മനസ്സും ഒരു ഭാഷയും മലയാളിക്കുണ്ടെന്ന് തിരിച്ചറിയുന്ന നേരത്ത് മലയാള ഭാഷ രക്ഷപ്പെടും. അങ്ങനെ മലയാള സർവ്വകലാശാലയുണ്ടായാൽ അത് മലയാള ഭാഷയ്ക്ക് ഒരു ഈടുവയ്പായിരിക്കും.

ശ്രീ. എം. ചന്ദ്രൻ: രാജ്യത്ത് എവിടെ ചെന്നാലും മാതൃഭാഷ പരസ്പരം സംസാരിക്കുന്നവരെയാണ് കണ്ടുമുട്ടാൻ കഴിയുന്നത്. പക്ഷേം കേരളീയർമാത്രമാണ് മലയാളി മാത്രമാണ് പരസ്പരം കണ്ടുമുട്ടുമ്പോൾ മാതൃഭാഷ സംസാരിക്കാത്ത ഒരു വിഭാഗം. അതുപോലെതന്നെ സ്വന്തം കുട്ടികൾക്ക് മലയാളം അറിയില്ലെന്ന് അന്തസ്സോടുകൂടി പറയുന്ന ഒരു വിഭാഗമായി നമ്മുടെ മലയാളികൾ മാറിയിട്ടുണ്ടെന്ന സത്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: അതു ശരിയാണ്. പല വലിയ വീടുകളിലേയും കുട്ടികൾ പറയുന്നത് കുരച്ച് കുരച്ച് മലയാളം അറിയാമെന്നാണ്. ഇത് വേറെ ഏതെങ്കിലും നാട്ടിലാണെങ്കിൽ കുട്ടിയെയും കുട്ടിയെ വളർത്തിയ അച്ഛനെയും അമ്മയെയും ശിക്ഷിക്കാനുള്ള നിയമം ഉണ്ടാകും. ഇവിടെ കുരച്ച് കുരച്ച് ... എന്ന് പറയുന്നത് ഒരഭിമാനമായി കരുതുന്ന അച്ഛനും

അമ്മയും കുട്ടികളും ദുരഭിമാനം പേറുന്ന സമൂഹമായി നിൽക്കുവോളും നമുക്കിതിനെ മുറിച്ചു കടക്കാൻ, ഈ വെല്ലുവിളിയെ അതിജീവിക്കാൻ പ്രയാസമാണ്.

മി. സ്പീക്കർ: നമ്മളൊക്കെ അടങ്ങുന്നതല്ലേ ഈ സമൂഹം.

ശ്രീ. മുല്ലക്കര രത്നാകരൻ: അതെ നമ്മളെല്ലാം അടങ്ങുന്നതാണ്. ഞാൻ 'നമ്മൾ ' 'നമ്മൾ ' എന്ന് പറഞ്ഞത് അതുകൊണ്ടാണ്. ഇത് നമ്മൾ നേരിടുന്ന പ്രയാസമാണ്. അന്തരിച്ച കവി ഡി. വിനയചന്ദ്രൻ എഴുതിയത് ഒന്നു വായിക്കാം. ഈസ്റ്റ്-ഇന്ത്യാ കമ്പനി കൊണ്ടുമാത്രമല്ല, ഇംഗ്ലീഷ് ഭാഷ കൊണ്ടുകൂടിയാണ് ബ്രിട്ടൻ കോളനികൾ സ്ഥാപിച്ചത്. ലോകത്ത് ഭൂരിപക്ഷം വരുന്ന നീഗ്രോകളുടേയും ആധുനിക സാഹിത്യഭാഷ ഇംഗ്ലീഷും ഫ്രഞ്ചുമായത് അധിനിവേശം കൊണ്ടാണ്. തമിഴരും ബംഗാളികളും ഹിന്ദിക്കാരും അവരുടെ ഭാഷകളിൽ അഭിമാനം പുലർത്തുന്നവരും അതിന്റെ നിലനിൽപ്പിനുവേണ്ടി പോരാടുന്നവരുമാണ്. അധിനിവേശ ഭാഷയിൽ ചിന്തി ക്കുന്നതും എഴുതുന്നതും അടിമത്തമാണ്. അദ്ദേഹം തന്നെ പറയുന്നുണ്ട്, ഡൽഹിയിൽ ചെന്ന് ഹിന്ദി അറിയാവുന്ന ഹിന്ദിക്കാരനോട് ഇൻലന്റോ കാർഡോ എന്ന് ചോദിച്ചാൽ, ഭാഷ ഇംഗ്ലീഷായതുകൊണ്ട് കേട്ടതായി ഭാവി ക്കില്ല. അവരവർക്ക് അവരവരുടെ ഭാഷ പരമപ്രധാനമാണെന്ന ബോധം; ആ ഭാഷ അടിമ ഭാഷയല്ല എന്ന ബോധം ആദ്യമുണ്ടാകേണ്ടതാണ്. അതു കൊണ്ട് അമ്മ എന്ന പദത്തിന്റെ സാംസ്കാരിക പരിസരം ഒരിക്കലും യൂറോ പ്പിന് മനസ്സിലാകില്ല. നമ്മുടെ കുടുംബം എന്നതും അവർക്ക് മനസ്സിലാകില്ല. കാരണം അവരുടെ കുടുംബ സങ്കല്പത്തിന്റെയും അമ്മ സങ്കല്പത്തിന്റെയും കുറച്ചുകൂടി ഉയർന്ന, ഏറ്റവും പാവനമായ, പവിത്രമായ തലത്തിലാണ് നമ്മൾ ആ വാക്കിനെ കാണുന്നത്, ആ വാക്കിന്റെ അർത്ഥം മനസ്സിലാക്കുന്നത്. ആ

വാക്കിന്റെ അർത്ഥം മദർ എന്ന വാക്കുകൊണ്ടു കിട്ടുകയില്ല. അത് ഹൃദയത്തിന്റെ ഭാഷയാവില്ല. ഹൃദയത്തിന്റെ ഭാഷ എന്നുപറയുന്നത് അമ്മ–ഉമ്മ എന്ന വാക്കാണെങ്കിൽ ആ അമ്മ–ഉമ്മ എന്ന ഹൃദയഭാഷ നഷ്ടപ്പെടുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് ഒരർത്ഥത്തിൽ നമ്മളെത്തന്നെയാണ്. നഷ്ടപ്പെടലിനെ തിരിച്ചറിയാൻ മലയാളിക്ക് കഴിയുമോ എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം ഈ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഈ ഭാഷ എങ്ങനെയാണ് രൂപപ്പെടുന്നത്, ഭാഷ എങ്ങനെയാണ് വളർന്നത്, ഭാഷ എങ്ങനെയാണ് ജനകീയമായത് എന്നൊക്കെ ചിന്തിക്കണം. എല്ലാ ഭാഷയുമുണ്ടാകുന്നത് കൃഷിക്കളത്തിൽ നിന്നും; നദീതീരത്തിൽ നിന്നും; അധ്വാനിക്കുന്ന മനുഷ്യന്റെ ഇടയിൽ നിന്നുമാണ്. ഇന്നും കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ; ചുമട്ടുകാരന്റെ; ഓട്ടോ ഡ്രൈവർമാരുടെ; അടുക്കളയുടെ; നാട്ടിൻപുറത്തെ കൂട്ടുകാരന്റെ; ആലിൻ ചുവട്ടിലെ; സിനിമ കാണുന്നവന്റെ ഭാഷ മലയാളമാണ്. എന്തിന് അധ്വാനിക്കുന്ന എല്ലാ മനുഷ്യരുടേയും അധ്വാനത്തിന്റെ ഭാഷ മലയാളമാണ്. പിന്നെ ഇംഗ്ലീഷ് എവിടെയാണ്? ഇവരുമായിട്ടൊന്നും ബന്ധമില്ലാത്ത; ഇവരുടെ ഭാഷ അറിഞ്ഞുകൂടാത്ത; അധികാരത്തിന്റെ ഇടയിലെ ഭാഷയാണ് ഇംഗ്ലീഷ്. ഈ അകലമാണ് മലയാളത്തെ ജനകീയ ഭാഷയല്ലാതാക്കുന്നത്; ഈ അകലമാണ് മലയാളത്തെ കൊല്ലുന്നത്. മലയാളത്തെ കൊല്ലുന്നത് അധികാരത്തിന്റെ ഭാഷയും, അധികാരത്തിലിരിക്കുന്നവന്റെ ഭാഷയും പാടത്ത് പണിയെടുക്കുന്നവന്റെ ഭാഷയും കേരളത്തിൽ രണ്ടാണ്. അത് ഒന്നാകുമ്പോഴാണ് ഒരു ഭാഷ നിലനിൽക്കുന്നത്. ബ്രിട്ടനിൽ എല്ലാവരുടേയും ഭാഷ ഇംഗ്ലീഷാണ്. ഫ്രാൻസിൽ എല്ലാവരുടേയും ഭാഷ ഫ്രഞ്ചാണ്. ജർമ്മനിയിൽ എല്ലാവരുടേയും ഭാഷ ജർമ്മനാണ്. ആന്ധ്രയിൽ എല്ലാവരുടേയും ഭാഷ തെലുങ്കാണ്, തമിഴ്നാട്ടിൽ തമിഴാണ്. നമുക്ക് അധികാ

രത്തിലുള്ള ഭാഷയും അധ്വാനിക്കുന്നവന്റെ ഭാഷയും രണ്ടാണ്. അധികാര ത്തിൽ നമുക്ക് ഒരു വരേണ്യ ഭാഷയുണ്ടായിരുന്നു. ആ ഭാഷയ്ക്ക് തിരുമേനി യെന്നും തമ്പുരാട്ടിയെന്നും തമ്പുരാനെന്നും പള്ളിക്കെട്ടെന്നും ചെങ്കോലു മൊന്നുമൊക്കെയായിരിന്നു. പക്ഷേ അതൊക്കെ മാറി. അതൊക്കെ മാറ്റിയത് കേരളത്തിന്റെ ഇംഗ്ലീഷ് കൊണ്ടല്ല. മലയാളി കേരളത്തിൽ അവന്റെ ഹൃദയ ഭാഷ കൊണ്ടു നടത്തിയ പോരാട്ടത്തിന്റെ പടവുകളിൽ ചൊരിഞ്ഞ ചോരയും അദ്ധ്വാനവും വിയർപ്പും കണ്ണുനീരും എല്ലാം തീർത്താണ് കേരളത്തിൽ മല യാള ഭാഷയുടെ വരേണ്യ സ്വഭാവത്തെ മാറ്റിയത്. ആ വരേണ്യ സ്വഭാവത്തിനു പകരം അധികാരത്തിൽ ഇംഗ്ലീഷ് പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ ഈ അധ്വാനിക്കുന്ന വർഗ്ഗവുമായി ഇപ്പോഴും ആ അകലം നിൽക്കുകയാണ്. അന്ന് അകലം തിരുമേനിയായിരുന്നുവെങ്കിൽ; അന്ന് അകലം തമ്പുരാട്ടി യായിരുന്നുവെങ്കിൽ; അന്ന് അകലം ചെങ്കോലും രാജാവുമൊക്കെ ആയിരു ന്നുവെങ്കിൽ ഇപ്പോൾ അകലം ഭാഷാപരമായി കൂടി അധികാരത്തിന് മറ്റൊരു പാട് സ്വരൂപങ്ങളുണ്ട്, ആ അകലം നിൽക്കുകയാണ്. എല്ലാ നല്ല ഭാഷയും ഉണ്ടാകുന്നത് വയലിൽ നിന്നാണ്. വയലിൽ നിന്നേ പാട്ടുണ്ടാകൂ, സംഗീതമു ണ്ടാകൂ, ഹൃദയഭാഷയുണ്ടാകൂ, ബന്ധങ്ങളുണ്ടാകൂ. മനുഷ്യന് മാത്രമല്ല, മനുഷ്യനും മൃഗങ്ങളും; മനുഷ്യനും പ്രകൃതിയും; മനുഷ്യനും പക്ഷിയും തമ്മിലുള്ള ബന്ധം ഏതു ഭാഷയിലും ഉണ്ടാകുന്നത് വയലിൽ നിന്നാണ്. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ മലയാളം ഭാഷ നിലനിൽക്കണമെങ്കിൽ വയലും കൃഷിയും കൂടി നിലനിൽക്കണം. അല്ലാതെ മലയാള ഭാഷ നില നിൽക്കുകയില്ല. മലയാളഭാഷ നിലനിൽക്കണമെങ്കിൽ വിയർക്കുന്ന; അദ്ധ്വാ നത്തിന്റെ ഭൂമിക നിലനിൽക്കണം. മലയാള ഭാഷ നിലനിൽക്കണമെങ്കിൽ നമ്മുടെ അടുക്കള നിലനിൽക്കണം; സായിപ്പിന്റെ വേഷമല്ലാത്ത മലയാളി

യുടെ വേഷം നിലനിൽക്കണം; മലയാളിയുടെ സാധാരണ ഗ്രാമീണ ജീവിത രീതി നിലനിൽക്കണം. ഇതെല്ലാം നിലനിർത്താൻ ഈ സർവ്വകലാശാലയ്ക്ക് കഴിയുമെങ്കിൽ മലയാള ഭാഷയും നിലനിൽക്കും. അങ്ങനെ മാത്രമേ ജനകീയമായ ഒരു ഭാഷ നിലനിൽക്കുകയുള്ളൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മലയാള ഭാഷയോടുള്ള അങ്ങയുടെ സ്നേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങനെയാണെങ്കിൽ സെൻട്രൽ കമ്മിറ്റി, പോളിറ്റ് ബ്യൂറോ എന്നൊക്കെ പറയുന്നതിനെ ഒന്ന് മാറ്റം വരുത്തിക്കൂടേ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നിങ്ങൾ ഇന്ത്യ മുഴുവനുള്ള കാര്യത്തെ മാറ്റണമെന്നൊക്കെ ആഗ്രഹിക്കാം, മാറ്റിക്കോളൂ. പക്ഷേ, കേരളത്തിനകത്ത് അങ്ങയുടെ കാസർഗോഡിന്റെയും, കാസർഗോഡിനപ്പുറം പോയാൽ പിന്നെ വേറൊരു ഭാഷയുണ്ട്. കാസർഗോഡും പാറശ്ശാലയ്ക്കുമിടയ്ക്കുള്ള ഒരു സംസ്ക്കാരത്തെയും ആ സംസ്ക്കാരം സംഭാവന ചെയ്ത രീതിയെയും; അതിന്റെ സ്വഭാവത്തെയും; അതിന്റെ ആഹാരം, വസ്ത്രം, വിശ്വാസപ്രമാണങ്ങളെയും; അതിന്റെ ബന്ധങ്ങളെയും; ആ ബന്ധം കൊണ്ടുണ്ടായ സ്നേഹത്തെയും; അത് കൈവരിച്ച ത്യാഗത്തെയെല്ലാം ചേർത്ത് ഈ കേരളത്തിനകത്തും, മലയാളി ഉള്ളയിടത്തും നിലനിൽക്കേണ്ട, പകർത്തേണ്ട ഒരു ഭാഷയെക്കുറിച്ചാണ്; അതിന്റെ സംസ്ക്കാരത്തെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്. തീർച്ചയായും അങ്ങ് പറയുന്ന കാര്യങ്ങളെല്ലാം....., അങ്ങ് കുറച്ച് വിശാലമായിട്ടാണ് ആലോചിക്കുന്നത്. ഇതിൽ മറ്റൊരു കാര്യമുള്ളത്. അത് ഈ നിയമത്തിൽ തന്നെയുണ്ട്. ഇതിൽ ധാരാളം ഇംഗ്ലീഷ് വാക്കുകൾ കടന്നുവന്നിട്ടുണ്ട്. തീർച്ചയായും ലഭ്യമായിട്ടുള്ള എല്ലാ മലയാളം വാക്കുകളും പകരം വയ്ക്കേണ്ടതാണ്. അതിൽ എനിക്ക് ഒരു കാര്യം കൂടിയുണ്ട്.

ഈ ഇംഗ്ലീഷുകാർ അവരെക്കുറിച്ച് പറയുന്നത്, ഓരോ വർഷവും അഞ്ഞൂറു വാക്കുകളെങ്കിലും ആ ഭാഷയ്ക്ക് പുത്തനായി അവർ സംഭാവന ചെയ്യും എന്നാണ്. അവർക്ക് അത് സംഭാവന ചെയ്യാൻ മാത്രമായി ലണ്ടനിൽ ഒരു ഗവേഷണ സംവിധാനമുണ്ട്. അത് നിരന്തരം പ്രവർത്തിക്കുകയാണ്. അവർ സംഭാവന ചെയ്യുന്നതെല്ലാം, അവരുണ്ടാക്കുന്ന പുതിയ വാക്കുകൾ മാത്രമല്ല മറ്റു ഭാഷകളിൽ നിന്ന് വാക്ക് സ്വീകരിച്ച് അതിനെ ഇംഗ്ലീഷ്‌വൽക്കരിച്ച് അവരുടേതാക്കി മാറ്റും. ഇത് മലയാളത്തിനും ബാധകമാക്കാം. അതായത് മലയാളത്തിന് വേറെ ഏതെങ്കിലും ഒരു ഭാഷ എടുത്തുകൂടെന്നോ, ഒരു ഭാഷ യിലെ വാക്ക് ഉൾക്കൊണ്ടു കൂടെന്നോ നമ്മൾ ഏതെങ്കിലും വാക്ക് അവർക്ക് കൊടുത്തുകൂടെന്നോ ഉള്ള അർത്ഥമൊന്നുമില്ല. പക്ഷേ നമുക്കിവിടെ സംഭ വിക്കുന്നതെന്താണ്? നമ്മുടെ നല്ല വാക്കുകൾ നമുക്ക് നഷ്ടപ്പെടുകയാണ്. അമ്മയെന്ന വാക്ക് നഷ്ടപ്പെട്ടു. അടക്കം, ഒതുക്കം എന്നുള്ളത് പണ്ട് നല്ല വാക്കുകളായിരുന്നു. നീ എങ്ങനെ അടങ്ങി, ഒതുങ്ങി......, കല്യാണത്തിനു പോലും, അടക്കമുണ്ടോ ഒതുക്കമുണ്ടോ എന്ന് ചോദിക്കും. ഇപ്പോൾ ഒരു ചെറുപ്പക്കാരനോട് ചോദിച്ചാൽ അടിപൊളിയായി ജീവിച്ചെന്നാണ് പറയുന്നത്. ഈ അടി എന്നു പറയുന്നതും പൊളി എന്നു പറയുന്നതും മോശപ്പെട്ട വാക്കാണ്. കേരളത്തിൽ ഇപ്പോൾ ഏറ്റവും ജനകീയമായ വാക്കു കളിൽ ഒന്ന് അടിപൊളിയാണ്; അടിച്ചുപൊളിച്ചുവെന്നാണ്. ഇതാണ് ഞാൻ പറഞ്ഞത് വയൽ നഷ്ടപ്പെടുമ്പോൾ; കൃഷി നഷ്ടപ്പെടുമ്പോൾ, അടുക്കള നഷ്ടപ്പെടുമ്പോൾ, തനതാഹാരം നഷ്ടപ്പെടുമ്പോൾ, തനത് വേഷം നഷ്ടപ്പെ ടുമ്പോൾ, സ്വഭാവരീതി നഷ്ടപ്പെടുമ്പോൾ നമുക്ക് വാക്കുകളും നഷ്ടമാകും. അങ്ങനെ നഷ്ടമാകുന്ന വാക്കുകൾ ധാരാളം നഷ്ടപ്പെട്ട് സത്യത്തിൽ മല യാളം മാത്രമല്ല; നമുക്ക് മലയാളം നഷ്ടപ്പെട്ടു എന്നതിനേക്കാൾ മലയാളിക്കു

ണ്ടായിരുന്ന മലയാളത്തോടൊപ്പം ചേർത്തുവയ്ക്കേണ്ട മിക്കവാറുമെല്ലാം നഷ്ടപ്പെട്ടു നിൽക്കുന്നവനാണ് മലയാളി. നമുക്ക് വയലില്ലാതായാൽ, കുറച്ചുകാലം കഴിഞ്ഞാൽ വയൽ എന്ന വാക്ക് നഷ്ടപ്പെടും. കാരണം വയലുണ്ടെങ്കിലേ വയൽ എന്ന വാക്കു നിൽക്കൂ, നെല്ലുണ്ടെങ്കിലേ നെല്ല് എന്ന വാക്ക് നിൽക്കൂ, പഴങ്കഞ്ഞിയുണ്ടെങ്കിലേ പഴങ്കഞ്ഞി എന്ന വാക്ക് നിൽക്കൂ, അമ്മയുണ്ടെങ്കിലേ അമ്മ എന്ന വാക്ക് നിൽക്കൂ, അടുക്കളയുണ്ടെങ്കിലേ അടുക്കള എന്ന വാക്ക് നിൽക്കൂ. അടുക്കളയേക്കാൾ ഇപ്പോൾ ഉപയോഗിക്കുന്നത് ഹോട്ടലാണ്. നമുക്കുള്ളതെല്ലാം നഷ്ടമാകുകയാണ്. അതെല്ലാം നഷ്ടമായാൽ മലയാളവും നഷ്ടമാകും, സർവ്വകലാശാല വന്നാലും നഷ്ടമാകും. സർവ്വകലാശാല കൊണ്ട് നഷ്ടമാകാതിരിക്കണമെങ്കിൽ സർവ്വകലാശാല എങ്ങനെ വ്യത്യസ്തമാകണമെന്ന് ചിന്തിക്കണം. ഒന്നാമത്തെ കാര്യം, ഇതിൽ എനിക്ക് തോന്നുന്നത് സാധാരണ സർവ്വകലാശാലയിലേയ്ക്ക് ഒരാൾ വരുന്നത് അറിവ് തേടിയാണ്. സർവ്വകലാശാലയ്ക്ക് ഒരു ഗേറ്റുണ്ടാകും. അകത്ത് ക്ലാസുണ്ടാകും, സംവിധാനമുണ്ടാകും. ഞാൻ പറയുന്നത് മലയാള സർവ്വകലാശാലയുടെ അകത്ത് നിന്ന് വയലുകളിലേയ്ക്കും സാധാരണ മനുഷ്യന്റെ ഇടയിലേയ്ക്കും ആദിവാസി കുടിലുകളിലേയ്ക്കും; എന്താണ് അറിവ് അവിടെയുള്ളത്; അവിടത്തെ മലയാളം എന്താണെന്ന് തിരിച്ചന്വേഷിക്കണം. മലയാളം എപ്പോഴും പ്രശ്നമാകുന്നത് താഴെത്തട്ടിലല്ല. താഴെത്തട്ടിൽ ഇപ്പോഴും മലയാളമുണ്ട്. നമ്മുടെ പ്രശ്നം മുകൾത്തട്ടിലാണ്. മലയാളം കേരളത്തിലില്ലാത്തത് അടുക്കളയിലല്ല, ആദിവാസിക്കുടിലിലല്ല, കുട്ടനാട് കർഷകത്തൊഴിലാളികൾക്കിടയിലല്ല, പാലക്കാടൻ കാർഷിക മേഖലയിലല്ല മലയാളം ഇല്ലാത്തത് മുകൾത്തട്ടിലാണ്. നമ്മൾ ഇരിക്കുന്ന അധികാരവുമായി ബന്ധപ്പെടുന്ന ആ തട്ടിലാണ് മലയാളത്തിന്റെ പ്രശ്നം. അതുകൊണ്ട്

മലയാള സർവ്വകലാശാല മലയാളം ഉള്ളിടത്തോട്ട് സഞ്ചരിക്കണം. അല്ലാതെ മലയാളം ഉള്ള മലയാളി അധികാരത്തിന്റെ സർവ്വകലാശാലയ്ക്ക് അകത്തോട്ടല്ല സഞ്ചരിക്കേണ്ടത്.

<u>ശ്രീ. പാലോട് രവി</u>: സർ, അങ്ങ് പറഞ്ഞത് വളരെ സത്യമാണ്. കേരളത്തിലുള്ള, 20 ശതമാനം ഗവൺമെന്റ് കോളേജുകളിൽ മാത്രമാണ് മലയാളം ബി.എ. ഉള്ളത്. കേരളത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ ........ ഇവിടെ ആരംഭിച്ച 20 ശതമാനം ഗവൺമെന്റ് കോളേജുകളിൽ പോലും മലയാളം ബി.എ. ഇല്ല. ഔദ്യോഗിക ഭാഷ കമ്മിറ്റി ഇതുസംബന്ധിച്ച് കണക്കെടുത്തതാണ്. കേരളത്തിലെ മൊത്തം കോളേജ് എടുത്താലും പല കോളേജിലും മലയാളം ബി.എ. ഇല്ല. ഇതിനുപരിഹാരം കാണാൻ മലയാളം സർവ്വകലാശാല ഉണ്ടാക്കുകയാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഈ പ്രശ്നം മാത്രമല്ല, 1966-ൽ കോത്താരി കമ്മീഷൻ, എന്ത് കാരണവശാലും പത്തുവർഷത്തിനുള്ളിൽ ഉന്നത വിദ്യാഭ്യാസരംഗം ഇംഗ്ലീഷിൽ നിന്ന് പ്രാദേശിക ഭാഷകളിലേയ്ക്ക് മാറണമെന്നുള്ള നിർദ്ദേശംവച്ചു. അന്ന് ഈ നിർദ്ദേശം കേരളം ഗൗരവമായി എടുത്തിരുന്നുവെങ്കിൽ, കേരളമൊഴികെ മറ്റ് പല സംസ്ഥാനങ്ങളും ഗൗരവമായി എടുത്തു. രവീന്ദ്രനാഥ ടാഗോർ പറഞ്ഞത് ലോകത്ത് മാതൃഭാഷയിൽ അല്ലാതെ വിദ്യാഭ്യാസം നടത്തുന്ന ഒരേയൊരു സ്ഥലം ഇന്ത്യയാണെന്നാണ്. സത്യത്തിൽ മാതാവിനെ മറന്നതുപോലെ ഇന്ത്യ നിൽക്കുകയാണ്. ഇത് മനസ്സിലാക്കിക്കൊണ്ടാണ് വൈഞ്ജാനിക മേഖലയുടെ വിദ്യാഭ്യാസം പ്രാദേശിക ഭാഷകളിൽത്തന്നെ നടത്തണമെന്ന് 1966-ൽ കോത്താരി കമ്മീഷൻ പറഞ്ഞത്. അങ്ങനെ നടത്തിയിരുന്നുവെങ്കിൽ കേരളത്തിലെ ഡോക്ടർമാർ ഗ്രാമ

ങ്ങളിൽപോയി ചികിത്സിക്കില്ലെന്ന് പറയുമോ; കേരളത്തിന് പറ്റിയ റോഡും വീടും ഡിസൈൻ ചെയ്യാൻ പറ്റാത്ത എഞ്ചിനീയറിംഗ് വിഭാഗം നമുക്കുണ്ടാകുമായിരുന്നോ; ലോകത്തേറ്റവും ഐശ്വര്യപൂർണ്ണമായ തരത്തിൽ ഗവേഷണം നടത്തുന്ന വലിയ ഗവേഷക സംവിധാനം ഈ കേരളത്തിൽ ഉണ്ടാകുമായിരുന്നോ? മഹാത്മാഗാന്ധി പറഞ്ഞത്, മെട്രിക്കുലേഷൻ പരീക്ഷ പാസ്സാകാൻ ഏഴ് കൊല്ലമെടുത്തുവെന്നാണ്. എന്നാൽ എന്റെ സ്വന്തം ഭാഷയിലാണ് ഞാൻ പഠിച്ചിരുന്നുവെങ്കിൽ പാസ്സാകാൻ ഒരു കൊല്ലം മതിയായിരുന്നുവെന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. മഹാത്മാഗാന്ധിതന്നെ ...........

ശ്രീ. എം.എ. ബേബി: വൈഞ്ജാനിക പഠനം മാതൃഭാഷയിൽ നടത്തുന്നതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സി.എസ്.ഐ.ആർ. ലാബോറട്ടറിയുണ്ട്. അതിൽ പ്രവർത്തിക്കുന്ന മലയാളി ശാസ്ത്രജ്ഞനായ ഡോ. അജയ്ഘോഷിന് ഇന്ത്യയിൽ ഇന്ന് നൽകുന്ന ഏറ്റവും വലിയ ശാസ്ത്ര പുരസ്കാരമായ, ഇൻഫോസിസ് നൽകുന്ന അമ്പത് ലക്ഷം രൂപയുടെ പുരസ്കാരത്തിന് അടുത്തകാലത്ത് അദ്ദേഹം അർഹനായി. അദ്ദേഹം കൊല്ലത്ത് വെള്ളിമൺ ഗവൺമെന്റ് സ്കൂളിൽ മലയാളം മീഡിയത്തിൽ പഠനം മുഴുവൻ പൂർത്തിയാക്കി നമ്മുടെ കോളേജിൽ പഠിച്ച് ലോക നിലവാരത്തിലുള്ള ശാസ്ത്ര ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ്. ശാസ്ത്രം പഠിക്കാൻ നമ്മുടെ നാട്ടിലുള്ള മാതൃഭാഷയും ഗവൺമെന്റ് സ്കൂളിലുള്ള പഠനവും മതിയെന്ന് തെളിഞ്ഞിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ  വിഞ്ജാനത്തിന്റെ സഞ്ചാരം ഒരു ഭാഷയിൽ തട്ടിപ്പൊട്ടിപ്പോകുന്നത് കേരളത്തിലെ ഒരുപാട് പ്രഗത്ഭമതികളായ, മലയാളം മാത്രം അറിയാവുന്ന

ഗ്രാമീണരായ കുട്ടികളുടെ പ്രശ്നമാണ്. പണ്ട് കുമാരനാശാൻ പറഞ്ഞത്, ‘എത്രയോ പെരുമക്കൾ ശങ്കരാചാര്യന്മാർ എത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും’ എന്നാണ്. അന്ന് ജാതിയുടെ ചൂടിൽ തട്ടിപ്പൊട്ടിപ്പോയെങ്കിൽ ഇപ്പോൾ ഭാഷയുടെ അതിരിൽ തട്ടി കേരളത്തിലെ ഒരുപാട് മിടുമിടുക്കന്മാരും മിടുമിടുക്കികളും ഗ്രാമത്തിലുള്ളവരും ഈ ഭാഷയെന്ന മതിലിൽ തട്ടിപ്പൊലിഞ്ഞു പോവുകയാണ്. ഈ പറഞ്ഞത് വളരെ ശരിയാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മുൻ വിദ്യാഭ്യാസ മന്ത്രികൂടിയായ ശ്രീ. എം.എ. ബേബി പറഞ്ഞത്, ഒരു സാർവ്വലൗകിക സത്യമാണ്. അതിനെപ്പറ്റി അങ്ങനെയാണോ ഇങ്ങനെയാണോയെന്ന് ഇപ്പോഴും കേരളത്തിൽ ചർച്ച നടക്കുന്നതാണ് നിർഭാഗ്യകരം. ആദ്യമായി ശൂന്യാകാശത്ത് പോയ ജീവി എന്നു പറയുന്നത് റഷ്യയിൽ നിന്നുള്ള പട്ടിയാണ്. ഏത് ഭാഷയിലാണ്, ഇംഗ്ലീഷ് ഭാഷയിലാണോ ആ പട്ടി കുരച്ചത്; അത് അയച്ച സിഗ്നൽ, റഷ്യയിൽ സാധാരണ കുരച്ച അതേ സിഗ്നലാണ് അയച്ചത്. ഞാൻ ഗൗരവമായിട്ട് പറയുകയാണ്. അതുകഴിഞ്ഞ് റഷ്യയിൽ നിന്ന് യൂറിഗഗാറിൻ പോയി. സായിപ്പിന്റെ ഭാഷയിലല്ല, സ്വന്തം മാതൃഭാഷയിലാണ് അദ്ദേഹം സിഗ്നൽ അയച്ചത്. അതിനുശേഷം റഷ്യയിൽ നിന്നുള്ള വാലന്റീന തെരഷ്ക്കോവയെന്ന വനിത പോയി. ആ സ്ത്രീ റഷ്യൻ ഭാഷയിലാണ് സിഗ്നൽ അയച്ചത്. അമേരിക്കക്കാരായ എഡ്വിൻ ആൾഡ്രിനും നീൽആംസ്ട്രോംഗും പോയി അവരും ഇംഗ്ലീഷിലാണ് സിഗ്നൽ അയച്ചത്. ഇതുവളരെ തെറ്റായിട്ട്, ഇല്ലാത്ത ഒരു സങ്കൽപ്പം ഉണ്ടെന്ന് പറഞ്ഞുകൊണ്ട്, ഇംഗ്ലീഷാണെങ്കിലേ ജോലി ലഭിക്കൂ, ഇംഗ്ലീഷാണെങ്കിലേ ശാസ്ത്രജ്ഞനാകാൻ പറ്റൂവെന്ന ധാരണയാണ് എല്ലാവർക്കുമുള്ളത്. ഇതെല്ലാം വെറും കള്ളത്തരമല്ലേ? ഈ കൊളോണിയൽ നുകം ഇന്നും നാണ

മില്ലാതെ ചുമക്കുന്ന കൊളോണിയൽ അടിമകളുടെ ശബ്ദത്തിന് വല്ല വിലയും ഇനിയും കൊടുക്കണമോ; നല്ല മലയാളത്തിൽ നമുക്ക് കാര്യങ്ങൾ സാധിച്ചുകൂടെ?

മി. സ്പീക്കർ: ശ്രീ. സി.പി. മുഹമ്മദ് അങ്ങ് ഒരുപാട് സമയം എടുത്ത് സംസാരിച്ചല്ലോ.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഈ അടുത്തകാലത്ത് തിരുമുറ്റക്കോട് യു.പി. സ്കൂളിന്റെ വാർഷികം ഞാനൊരു പ്രാദേശിക ചാനലിൽ കണ്ടു. അവിടത്തെ വി.ഐ.പി. ശ്രീ. ഇ. ശ്രീധരനായിരുന്നു. അദ്ദേഹം ലോകപ്രശസ്തനായ എഞ്ചിനയറായി ഈ പേരൊക്കെ എടുത്തത് തിരുമുറ്റക്കോട് നാടൻ പള്ളിക്കുടത്തിൽ പഠിച്ചാണ്. ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ ഇതൊക്കെയൊരു അന്ധവിശ്വാസമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അതിലൊരു അന്ധവിശ്വാസം മാത്രമല്ല. ഇതിനൊക്കെ തെളിവുമുണ്ട്. മലയാളം മീഡിയത്തിൽ പഠിച്ച് ഐ.എ.എസ്. എടുത്ത ഒരാളും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച് ഐ.എ.എസ്. എടുത്ത ഒരാളും അല്ലെങ്കിൽ ഡോക്ടറോ, എഞ്ചിനീയറോ ഇവരിൽ ആരായാലും തീർച്ചയായും സാമൂഹിക പ്രതിബന്ധതയും ഉത്തരവാദിത്വവും മനുഷ്യ സ്നേഹവുമുള്ളത് മലയാളം മീഡിയത്തിൽ പഠിച്ച ഗ്രാമീണനായ കുട്ടിക്ക് ആയിരിക്കുമെന്നതിന് ആയിരക്കണക്കിന് തെളിവുകൾ കേരളത്തിലുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവിടെ മലയാളം എല്ലായിടത്തും നിർബന്ധമായും കൊണ്ടുവരണം, എല്ലായിടത്തും എത്തണമെന്ന ചർച്ച വളരെ ഗൗരവമായി നടത്തിക്കൊണ്ടിരിക്കുകയാണ്. മന്ത്രിമാർക്ക് കൊടുക്കുന്ന നിവേദനത്തിൽ, അവർ നിർദ്ദേശം കുറിക്കുന്നത് ഇംഗ്ലീഷിലാണ്.

അങ്ങ് മന്ത്രി ആയിരുന്നപ്പോഴും അങ്ങനെയാണ് ചെയ്തിട്ടുള്ളത്. മന്ത്രിമാർക്ക് കൊടുക്കുന്ന നിവേദനത്തിന് മലയാളത്തിൽ നിർദ്ദേശം കുറിച്ച് കൊടുക്കാനും ഫയൽ നോട്ട് എഴുതുന്നതടക്കമുള്ള കാര്യങ്ങൾ മലയാള ത്തിലാക്കാനുമുള്ള തീരുമാനം ഈ ബില്ലിന്റെ ചർച്ചയുടെ ഭാഗമായിട്ടെടുക്ക ണമെന്ന നിർദ്ദേശം അങ്ങ് വയ്ക്കുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഈ ബില്ലിന്റെ മാത്രമല്ല, ഞാൻ കേന്ദ്ര ത്തിൽ കൊടുക്കുന്ന മറ്റ് കാര്യങ്ങളൊഴിച്ചാൽ, അതായത് ഇംഗ്ലീഷ് വായി ക്കുന്ന ആളുകൾക്ക് കൊടുക്കുന്നതൊഴിച്ചാൽ മറ്റുള്ളതെല്ലാം കുറിപ്പെഴുതി യത് മലയാളത്തിലായിരുന്നു. മലയാളത്തിൽ തന്നെ കുറിപ്പ് എഴുതണം. മല യാളത്തിൽ കുറിപ്പ് എഴുതുമ്പോൾ ഒരുകാര്യമുണ്ട്. ഇന്നത്തെ ചില ഭരണ ഉത്തരവുകളുണ്ട്. ആ ഉത്തരവ് ചില ഇംഗ്ലീഷ് മലയാളീകരിച്ച് പറയുന്നതാണ്. ആ ഉത്തരവ് വായിക്കുന്നത് ഇംഗ്ലീഷ് ഉത്തരവിനേക്കാൾ കടുപ്പമാണ്. അത് മലയാളവും ഇംഗ്ലീഷുമല്ലാത്ത ഒരുതരം പ്ലാസ്റ്റിക് മലയാളത്തിൽ എഴുതു ന്നതാണ്. അങ്ങനെ ചെയ്യരുത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് മലയാള സർവ്വകലാശാല ഉണ്ടായാൽ ഉത്തരവുകളിറക്കുന്ന ബന്ധപ്പെട്ടവർക്ക് ആദ്യം പച്ച മലയാളത്തിൽ ഉത്തരവിറക്കുന്നതിന് ഒരു പരിശീലന കളരി ഉണ്ടാക്കു കയും പച്ച മലയാളത്തിൽ ഉത്തരവിറക്കാനുള്ള സംവിധാനം ഉണ്ടാക്കു കയുമാണ് വേണ്ടത്. അത് ശ്രീ. പി. സി. വിഷ്ണുനാഥിന് ബോധ്യമായി കാണും. അങ്ങനെ വേണം ചെയ്യാൻ. അതുകൊണ്ട് മലയാളീകരിക്കുകയെന്ന് പറഞ്ഞാൽ നമ്മുടെ ജീവിതവുമായിക്കൂടി മലയാളീകരണത്തിന്റെ ബന്ധ പ്പെടൽ വരണം. മലയാളത്തിലുള്ള സസ്യങ്ങളൊന്നും.....വോൾഗോ നദീതീ രത്തും ബ്രസീലിയൻ നദീതീരത്തുമൊക്കെ ഉണ്ടെന്നല്ലാതെ ലോകത്ത് ഇംഗ്ലീ ഷിൽ അത്രയുമൊന്നുമില്ല. പണ്ട് നമുക്കിതിനെല്ലാം പേരുകളുണ്ടായിരുന്നു.

ആ പേരുകൾ പലതും നഷ്ടപ്പെട്ടു. ആദിവാസി കോളനികളിൽ പലയിടത്തും ആ പേര് അറിയാം. കേരളത്തിൽ, പാലക്കാട്ട് ഏതാണ്ട് 205 ഇനം വഴുതനങ്ങ ഉണ്ടായിരുന്നു. പാലക്കാട്ടുകാർക്ക് പോലും ഇപ്പോൾ 205 ഇനം വഴുതനങ്ങയുടെ പേര് അറിയില്ല. കേരളത്തിൽ 68–ഇനം നെല്ലിനങ്ങൾ വയനാട്ടിൽ മാത്രം ഉണ്ടായിരുന്നു. വയനാട്ടുകാർക്ക് പോലും 68–എണ്ണത്തിന്റെ പേര് അറിയില്ല. ഇത് മലയാളത്തിന്റെ മാത്രം സമ്പത്താണ്. നമ്മൾ ആ സമ്പത്ത് നഷ്ടപ്പെടുത്തിക്കൊണ്ട് വേറെ ഏതെങ്കിലും ഭാഷയെ..... ഭാഷയാണ് നമ്മുടെ ശത്രുവെന്ന് പറയരുത്, രണ്ടാമത്തെ ഒരുകാര്യം ഞാൻ പറഞ്ഞു വന്നത്, മലയാളഭാഷ പഠനത്തിന് നിശ്ചിത യോഗ്യതയുള്ളവർക്കുമാത്രമേ അവിടെ ഗവേഷണം നടത്താൻ അനുവാദമുള്ളൂവെന്ന നിബന്ധന വെയ്ക്കരുത്. കാരണം മലയാള ഭാഷയുടെ സമ്പന്നത മുഴുവൻ ഇപ്പോൾ നിൽക്കുന്നത് ആദിവാസി കോളനികളിലും കാട്ടിലും പിന്നെ വയലോരത്തുമൊക്കെയാണ്. അതുകൊണ്ട് നിശ്ചിത ഡിഗ്രിയുള്ളവർക്കുമാത്രമേ മലയാളം സർവ്വകലാശാലയിൽ പ്രവേശനമുള്ളൂവെന്നും ഗവേഷണമുള്ളൂവെന്നും പറഞ്ഞാൽ ആ സമ്പത്ത് നഷ്ടപ്പെട്ടുപോകും. ഏത് കർഷകത്തൊഴിലാളിക്കും അവന് ഇതിൽ പുതിയത് കണ്ടെത്താൻ, അന്വേഷണം നടത്താൻ പ്രാപ്തനാണെങ്കിൽ, മോഹമുള്ളവനാണെങ്കിൽ, സ്വപ്നമുള്ളവനാണെങ്കിൽ, അവിടെ ഗവേഷണം നടത്താൻ മലയാള സർവ്വകലാശാലയിൽ സൗകര്യം ഉണ്ടായിരിക്കണം. സർവ്വകലാശാലയുടെ പേരിനെക്കുറിച്ചാണ് അവസാനമായി എനിക്ക് പറയാനുള്ളത്. എഴുത്തച്ഛൻ എന്ന് പറയുന്നത് കേരളത്തിലെ ഒരു സമുദായമാണ്. തുഞ്ചത്ത് എഴുത്തച്ഛൻ എന്ന് പറഞ്ഞാൽ ആ വീട്ടിലുള്ള എല്ലാവരും അതിൽ ഉൾപ്പെടും അതുകൊണ്ട് ഈ സർവ്വകലാശാലയുടെ പേര് തുഞ്ചത്ത്

രാമാനുജൻ എഴുത്തച്ഛൻ എന്നുതന്നെയാകണം. അത് ഏതെങ്കിലും തരത്തിലുള്ള ചുരുക്കപ്പേരായി അല്ലെങ്കിൽ പിന്നെ അതിൽ ഇംഗ്ലീഷ് അക്ഷരങ്ങളൊന്നും വരാനും പാടില്ല. മഹാത്മാഗാന്ധി സർവ്വകലാശാല എം.ജി. സർവ്വകലാശാല എന്ന് പറയുന്നതുപോലെ ഇംഗ്ലീഷ് അക്ഷരങ്ങൾ ചേർക്കുന്ന തരത്തിലും വരാൻ പാടില്ല. എഴുത്തച്ഛൻ എന്ന് പറയുന്നത് കേരളത്തിലുള്ള എല്ലാവർക്കും അറിയാം. തുഞ്ചത്ത് എന്ന് പറയുന്നത് വീട്ടുപേരാണ്, തുഞ്ചത്ത് രാമാനുജൻ........

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് ടി. എം. ജേക്കബ് കൊടുത്ത പേര് ഗാന്ധിജി യൂണിവേഴ്സിറ്റിയെന്നാണ്. അന്ന് പറഞ്ഞ കാരണം മഹാത്മാ ഗാന്ധിയെന്നാക്കിയാൽ എം.ജി.യെന്ന ചുരുക്കപ്പേര് ഉപയോഗിക്കും. അതുകൊണ്ട് ഗാന്ധിജിയെന്ന് പേര് കൊടുത്തു. നിങ്ങൾ അതുമാറ്റി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയെന്നാക്കി. അത് എന്തിനാണ്? ഗാന്ധിജിയെന്ന് പറഞ്ഞാൽ സഞ്ചജയ് ഗാന്ധിയാകുമെന്ന് പറഞ്ഞുകൊണ്ട്. ചരിത്രം മറക്കരുത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, മഹാത്മാഗാന്ധിയെന്ന് പറയുന്നതാണ് ശരി. അതിനെ എം.ജി.യെന്ന് പറയുമ്പോഴാണ് തെറ്റാകുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഗാന്ധിജി യൂണിവേഴ്സിറ്റിയെന്ന് പേരിട്ടത് ഡോ. യു.ആർ. അനന്തമൂർത്തി വന്നപ്പോഴാണ്. മഹാത്മാഗാന്ധിയെ ബാപ്പൂവെന്നും മഹാത്മാജിയെന്നും മാത്രമേ ആളുകൾ വിളിച്ചിട്ടുള്ളൂ. ഗാന്ധിജിയെന്ന് ഒരിക്കലും വിളിച്ചിട്ടില്ല. അതുകൊണ്ടാണ് ആ പേര് അങ്ങനെ മാറ്റിയത്.

ശ്രീ. കെ.സി. ജോസഫ്: സർ, നിങ്ങളുടെ ഗവൺമെന്റാണ് പേര് മാറ്റിയത്. ഡോ. യു. ആർ. അനന്തമൂർത്തി വൈസ്-ചാൻസലറല്ലേ ആയുള്ളൂ; ഗവൺമെന്റല്ലേ പേര് മാറ്റിയത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അദ്ദേഹം വൈസ്-ചാൻസലറായിരുന്ന കാലത്തുണ്ടായ ഒരു സജഷന്റെ അടിസ്ഥാനത്തിലാണ് മാറ്റിയത്.

ശ്രീ. മുല്ലക്കര രത്നാകരൻ : അതുകൊണ്ട് എന്റെ അഭിപ്രായം.... മലയാള സർവ്വകലാശാല എന്നുള്ളത് ഒരു പൊതുസെൻസ് വന്നു എന്ന് എനിക്ക് തോന്നുന്നു, മലയാളം സർവ്വകലാശാലയല്ല, മലയാള സർവ്വകലാശാലയാണ്. രണ്ട്, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ സർവ്വകലാശാല എന്നുതന്നെവരണം. മൂന്ന്, അവിടെ സാധാരണ സർവ്വകലാശാലയ്ക്കുള്ളതുപോലെ അതിന്റെ അകത്തെ പ്രവേശനവും പരീക്ഷ നടത്തിപ്പുമൊന്നുമല്ല. എല്ലാ ഭാഷകളുമായും താരതമ്യപ്പെടുത്താനും വാക്കുകൾക്ക് പുറകെ അന്വേഷിക്കാനും ഒരു വാക്കിന്റെ സാംസ്കാരിക പരിസരം ഉൾപ്പെടെ കണ്ടെത്താനും സംസ്കൃതവും മലയാളവും തമ്മിലുള്ള ബന്ധവും മറ്റ് ഇതര സൗത്ത് ഇന്ത്യൻ ഭാഷകൾക്ക് ഇല്ലാത്തവണ്ണം അറബ് വാക്കാണെങ്കിലും സംസ്കൃത വാക്കുകളാണെങ്കിലും പോർട്ടുഗീസ് വാക്കുകളാണെങ്കിലും ഒരുപാട് വാക്കുകൾ ചേർന്നുവന്നത് നമ്മുടെ അക്കാലത്തെ എല്ലാം ഉൾക്കൊള്ളാനുള്ള മലയാളിയുടെ ഒരു മതേതരത്വ ജനാധിപത്യബോധംകൊണ്ടുകൂടിയാണ്. ആ മതേതരത്വ ജനാധിപത്യ ബോധത്തിന്റെ പുറത്താണ് ഈ ഭാഷ ഇങ്ങനെ നിന്നത്. പക്ഷേ ഈ ഭാഷ ഇടയ്ക്ക് മരവിക്കുകയും ഇംഗ്ലീഷ് കൊല്ലുകയും ഇപ്പോൾ നമ്മൾ കണ്ണീരൊഴുക്കുകയും നിലവിളിക്കുകയും ചെയ്യുന്ന അവസ്ഥയിൽ നിന്ന് ഈ ഭാഷയെ മാറ്റണമെങ്കിൽ മലയാളിക്ക് നഷ്ടപ്പെട്ട കൃഷിയും അടുക്കളയും

ആഹാരവും രൂപരേഖയും ചിന്തകളും കലകളും ഉൾപ്പെടെ സർവ്വതും വീണ്ടെടുക്കാൻ ലോകത്തിലെ എല്ലാ ഭാഷയും പഠിക്കാനും പഠിപ്പിക്കാനും താരതമ്യം നടത്താനും വാക്കുകളെക്കുറിച്ച് അന്വേഷിക്കാനും പുതിയ വാക്കുകൾ കണ്ടെത്താനും ഇംഗ്ലീഷ് വാക്കുകൾ പോലും മലയാളീകരിച്ചെടുക്കാനും കഴിയണം. അല്ലാതെ സ്വിച്ച് എന്ന വാക്ക് എടുക്കുന്നത് തെറ്റൊന്നുമല്ല. അങ്ങനെ ഇതിനെ സമ്പന്നമാക്കാൻ ഒപ്പം മലയാളത്തിന് നഷ്ടപ്പെട്ട അതിന്റെ ഭൂതകാല നന്മകളിൽ വേണ്ടതെല്ലാം ഇവിടെ സംരക്ഷിക്കാൻ മലയാള സർവ്വകലാശാലയ്ക്ക് കഴിയുമ്പോഴേ മലയാള സർവ്വകലാശാല മലയാളികളുടെ മലയാളത്തിന്റെ അഭിമാനമായ ഈ മലയാളത്തിൽ വയലിലും മറ്റെവിടെ നിൽക്കുന്നവനും ഇത് എന്റെ സർവ്വകലാശാലയാണെന്ന് അവന് നെഞ്ചത്ത് തട്ടി തോന്നുന്ന, അവന്റെ അമ്മയെപ്പോലെ തോന്നുന്ന സർവ്വകലാശാലയാകൂ. അതിനുവേണ്ടിയുള്ള അർത്ഥവത്തായ ഇടപെടലും ചിന്തകളും ആരോഗ്യകരമായ മാറ്റങ്ങളും ഈ ബില്ലിൽ ഉണ്ടാകണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രമേയം മൂവ് ചെയ്യുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് എന്തെങ്കിലും സംസാരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>): സർ, അവസാനം സംസാരിക്കാം.

<u>മി. സ്പീക്കർ</u>: ഡോ. എൻ. ജയരാജ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുളള 2013–ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2–ൽ "ആക്റ്റിൽ" എന്ന വാക്കിനു പകരം "നിയമത്തിൽ" എന്ന വാക്ക് ചേർക്കുക.

144. ഖണ്ഡം 2(എ)–യിൽ "അക്കാഡമിക് കൗൺസിൽ" എന്നീ

വാക്കുകൾ വരുന്നിടത്തെല്ലാം "പണ്ഡിത സഭ " എന്നീ വാക്കുകൾ ചേർക്കുക.

152. ഖണ്ഡം 2 (സി) യിൽ "പഠന ബോർഡ്" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം പകരം "പഠന വിഭാഗം" എന്നീ വാക്കുകൾ ചേർക്കുക.

158. ഖണ്ഡം (2) ഡി – ൽ "ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അധ്യക്ഷൻ" എന്നീ വാക്കുകളും "സർവ്വകലാശാലയുടെ ചാൻസലർ" എന്നീ വാക്കുകൾക്ക് പകരം "സർവ്വകലാശാലയുടെ അധ്യക്ഷൻ"എന്നീ വാക്കുകളും ചേർക്കുക.

162. ഖണ്ഡം 2 (ഇ) യിൽ "ഡീൻ" എന്ന വാക്ക് വരുന്നിടത്തെല്ലാം "വകുപ്പധികാരി" എന്ന വാക്കും ഫാക്കൽറ്റിയുടെ എന്ന വാക്കിനു പകരം "വൈജ്ഞാനികശാഖയുടെ" എന്നീ വാക്കുകളും ചേർക്കുക.

166. ഖണ്ഡം 2 (ജി) യിൽ "ഫാക്കൽറ്റി" എന്ന വാക്ക് വരുന്നിടത്തെല്ലാം "വൈജ്ഞാനികശാഖ" എന്ന വാക്ക് ചേർക്കുക.

171. ഖണ്ഡം 2(എച്ച്) ൽ " ഫാക്കൽറ്റി ഉപദേശക സമിതി " എന്നീ വാക്കുകൾക്കു പകരം " വൈഞ്ജാനികകശാഖ ഉപദേശകസമിതി " എന്നീ വാക്കുകളും " ഫാക്കൽറ്റിക്കുമുള്ള" എന്ന

വാക്കിനു പകരം "വൈഞ്ജാനികശാഖക്കുമുള്ള" എന്നീ വാക്കുകളും ചേർക്കുക.

177. ഖണ്ഡം 2(ഐ)–ൽ ''ജനറൽ കൗൺസിൽ'' എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം പകരം ''പൊതുസഭ'' എന്ന വാക്കുചേർക്കുക.

181. ഖണ്ഡം 2(കെ)–ൽ ''ആക്റ്റിലെ'' എന്നതിനുപകരം ''നിയമത്തിലെ'' എന്നും, ''V–ാം'' എന്നതിനുപകരം ''അഞ്ചാം'' എന്നും, ''സ്റ്റാറ്റ്യൂട്ടുകൾ'' എന്നതിനുപകരം ''ലിഖിതനിയമം'' എന്നും ചേർക്കുക.

184. ഖണ്ഡം 2 (എൽ) താഴെപ്പറയും പ്രകാരം മാറ്റുക.

(എൽ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ നിയമത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ലിഖിത നിയമത്താലോ, ഉത്തരവുകളാലോ നടപടിക്രമങ്ങളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;"

187. ഖണ്ഡം (2) (എം) – ൽ "പ്രോ – ചാൻസലർ" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം "ഉപാധ്യക്ഷൻ" എന്ന വാക്ക് ചേർക്കുക.

190. ഖണ്ഡം (2) (എൻ) – ഒഴിവാക്കുക.

196. ഖണ്ഡം 2(ഒ)–ൽ " രജിസ്ട്രാർ " എന്ന വാക്ക് വരുന്നിടത്തെല്ലാം " രേഖാധിപൻ" എന്ന വാക്ക് ചേർക്കുക.

200. ഖണ്ഡം 2(പി) യിൽ "ഗവേഷണ കൗൺസിൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം . "ഗവേഷണ സഭ" എന്നീ വാക്കുകൾ ചേർക്കുക.

203. ഖണ്ഡം 2(ക്യൂ) ൽ ‘സ്കൂൾ‘ എന്ന വാക്ക് വരുന്നിടത്തെല്ലാം ‘പഠനകേന്ദ്രം‘ എന്ന വാക്ക് ചേർക്കുക.

206. ഖണ്ഡം 2(എസ്)ൽ ‘സ്റ്റാറ്റ്യൂട്ടുകൾ‘ എന്ന വാക്കുകൾ വരുന്നിടത്തെല്ലാം ‘ലിഖിത നിയമങ്ങൾ‘ എന്നും ‘ഓർഡിനൻസുകൾ എന്ന വാക്ക് വരുന്നിടത്തെല്ലാം ‘ഉത്തരവുകൾ‘ എന്നും ‘റഗുലേഷനുകൾ‘ എന്ന വാക്ക് വരുന്നിടത്തെല്ലാം ‘നടപടിക്രമങ്ങൾ‘ എന്നും ‘ആക്റ്റിൻ കീഴിൽ‘ എന്നീ വാക്കുകൾക്കു പകരം ‘നിയമത്തിൻ കീഴിൽ‘ എന്നീ വാക്കുകളും ചേർക്കുക‘.

209. ഖണ്ഡം 2 (റ്റി)യിൽ “ഡിഗ്രി” എന്ന വാക്കിനുപകരം “ബിരുദം” എന്ന വാക്കും “ഡിപ്ലോമ” എന്ന വാക്കിനു പകരം “അവകാശപത്രം” എന്ന വാക്കും “അക്കാഡമിക്” എന്ന വാക്കിനുപകരം “പണ്ഡിത” എന്ന വാക്കും “കോഴ്സ” എന്ന വാക്കിനുപകരം “പാഠ്യപദ്ധതി” എന്ന വാക്കും ചേർക്കുക.

215. ഖണ്ഡം 2(യു)–ൽ (1) “മറ്റ്” എന്ന വാക്കിന് ശേഷമുള്ള “പ്രോജക്റ്റുകളോ” എന്ന വാക്ക് ഒഴിവാക്കുകയും “അദ്ധ്യാപകനെന്ന്” എന്ന വാക്കിനു ശേഷമുള്ള ‘സ്റ്റാറ്റ്യൂട്ടുകളാൽ’ എന്ന വാക്കിന് പകരം “ലിഖിത നിയമങ്ങളാൽ” എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

218. ഖണ്ഡം 2 (വി) ൽ

(1) “ആക്റ്റിലെ” എന്ന വാക്കിനു പകരം

"നിയമത്തിലെ" എന്ന വാക്ക് ചേർക്കുക.

(2) "സ്ഥാപിക്കപ്പെട്ടതും" എന്ന വാക്കിനു പകരം "സ്ഥാപിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക.

(3) "ഏകാംഗീകരിക്കപ്പെട്ടതുമായ" എന്ന വാക്ക് ഒഴിവാക്കുക."

221. ഖണ്ഡം 2 (ഡബ്ല്യൂ) യിൽ "വൈസ് –ചാൻസലർ" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം "സർവ്വകലാശാല അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2(എ)–യിൽ "അക്കാഡമിക് കൗൺസിൽ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "പണ്ഡിത സംഘ്" എന്നീ വാക്കുകൾ ചേർക്കുക.

153. ഖണ്ഡം 2(സി)–യിൽ " പഠന ബോർഡ് " എന്നീ വാക്കുകൾക്ക് പകരം "പഠന സമിതി" എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2 (ഡി) യിൽ "ചാൻസലർ" എന്ന വാക്കു വരുന്നടത്തെല്ലാം "മുഖ്യ അധിപതി" എന്നീ വാക്കുകൾ ചേർക്കുക.

163. ഖണ്ഡം 2 (ഇ) യിൽ "ഡീൻ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "മുഖ്യ ഉപദേഷ്ടാവ്" എന്നീ വാക്കുകൾ ചേർക്കുക.

173. ഖണ്ഡം 2 (ഐ) യിൽ "ജനറൽ കൗൺസിൽ" എന്നീ വാക്കു

കൾക്ക് പകരം “പൊതു ആലോചനാസമിതി” എന്നീ വാക്കുകൾ ചേർക്കുക.

185. ഖണ്ഡം 2 (എം) ൽ “പ്രോ–ചാൻസലർ” എന്ന വാക്കിനു പകരം “സർവ്വകലാശാലാ അധിപതി” എന്നീ വാക്കുകൾ ചേർക്കുക

194. ഖണ്ഡം 2(എൻ)–ൽ “പ്രോ–വൈസ് ചാൻസലർ ” എന്നതിനു പകരം “ഉപ സർവ്വകലാശാലാ അധിപതി ”എന്നാക്കി മാറ്റുക.

198. ഖണ്ഡം 2(ഒ) യിൽ “രജിസ്ട്രാർ” എന്ന വാക്ക് വരുന്നിട ത്തെല്ലാം “രേഖാധിപൻ” എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 2(ക്യൂ)–ൽ "സ്കൂൾ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "പാഠശാല" എന്ന വാക്കു ചേർക്കുക.

222. ഖണ്ഡം 2 (ഡബ്ല്യു) – യിൽ “വൈസ് –ചാൻസലർ” എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം “സർവ്വകലാശാല ഉപഅധി പതി” എന്നീ വാക്കുകൾ ചേർക്കുക.

ഒരു മലയാള സർവ്വകലാശാല രൂപവത്ക്കരിക്കുമ്പോൾ ചാൻസലർ, വൈസ്–ചാൻസലർ, പ്രോ–ചാൻസലർ ഇവയ്ക്കെല്ലാം നല്ല മലയാള പദങ്ങൾ മുഖ്യ സർവ്വകലാശാലാ അധിപതി, സർവ്വകലാശാലാ അധിപതി, ഉപ സർവ്വകലാശാലാ അധിപതി എന്നുമതി. അക്കാഡമിക് കൗൺസിലിന് പഠന സംഘമെന്നും പഠന ബോർഡിനെ പഠന സമിതിയെന്നും ജനറൽ കൗൺസിലിന് പൊതു ആലോചനാ സമിതിയെന്നും ഗവേഷണ

കൗൺസിലിനെ ഗവേഷണ സമിതിയെന്നും സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ.

<u>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2(എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(അ) "അക്കാദമിക സമിതി " എന്നാൽ 16-ാം വകുപ്പിൻ കീഴിൽ പ്രതിപാദിക്കുന്ന സർവ്വകലാശാലയുടെ അക്കാദമിക സംബന്ധ മായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സമിതി എന്ന് അർത്ഥമാകുന്നു ".

183. ഖണ്ഡം 2 (എൽ) എന്നത് "(ഒ)" എന്നാക്കി മാറ്റുകയും "സ്റ്റാറ്റ്യൂട്ടു കളാലോ, ഓർഡിനൻസുകളാലോ, റഗുലേഷനുകളാലോ" എന്നീ വാക്കു കൾക്കു പകരം "നിയമാവലികളാലോ, കൽപ്പനകളാലോ, ശാസനങ്ങ ളാലോ" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

<u>ശ്രീ. കെ.എം. ഷാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 ൽ (ബി) എന്നത് (ആ) എന്നാക്കി മാറ്റുകയും "വിനിർദ്ദേശിച്ചിട്ടുള്ള" എന്ന വാക്കിനു പകരം "വ്യക്തപ്പെടുത്തിയി ട്ടുള്ള" എന്ന വാക്ക് ചേർക്കുകയും ചെയ്യുക

<u>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2(സി) താഴെ പറയും പ്രകാരം മാറ്റുക.

"പഠന ബോർഡ് " എന്നാൽ സർവ്വകലാശാലയുടെ പഠന സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ബോർഡ് എന്നർത്ഥമാകുന്നു ".

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2(ഡി)-യിൽ "ചാൻസലർ എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "തലവൻ എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2 (ഇ) താഴെപ്പറയും പ്രകാരം മാറ്റുക.
"വകുപ്പു മേധാവി" എന്നാൽ സർവ്വകലാശാലയുടെ ഒരു പഠന വിഭാഗത്തിന്റെ മേധാവി എന്നർത്ഥമാകുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2 (ജി) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"ഫാക്കൽറ്റി" എന്നാൽ സർവ്വകലാശാലയുടെ ഒരു അദ്ധ്യയന വിഭാഗം എന്നർത്ഥമാകുന്നു; "

179. ഖണ്ഡം 2(ജെ)-യ്ക്കുശേഷം താഴെപ്പറയുന്നത് (കെ) ആയി ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക.

''(കെ)''ഹോസ്റ്റൽ'' എന്നാൽ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കു താമസിക്കാനായി സർവ്വകലാശാല

ഏർപ്പെടുത്തുന്നതും പരിപാലിക്കുന്നതുമായ താമസ സ്ഥലം എന്നർത്ഥമാകുന്നു;''

197. ഖണ്ഡം 2(ഒ) താഴെ പറയുംപ്രകാരം മാറ്റുക:

"(ക) "രജിസ്ട്രാർ" എന്നാൽ സർവ്വകലാശാലയുടെ ഭരണപരമായ കാര്യനിർവ്വഹണം നടത്തുന്ന അധികാരി എന്നർത്ഥമാകുന്നു;"

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 2(എച്ച്) നീക്കം ചെയ്യുക.

മി. സ്പീക്കർ: ശ്രീ. എം.വി. ശ്രേയാംസ് കുമാർ, അങ്ങയുടെ 170, 205, 210 എന്നീ ഭേദഗതികൾ അത്തരത്തിൽ മൂവ് ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം ''2(കെ)-യ്ക്കുപകരം ''2(ഒ)'' എന്നു ചേർക്കുകയും, ''വിനിർദ്ദേശിച്ചിട്ടുള്ള'' എന്ന വാക്കിനുപകരം ''വ്യക്തപ്പെടുത്തിയിട്ടുള്ള'' എന്ന വാക്കും, ''സ്റ്റാറ്റ്യൂട്ടുകൾ'' എന്ന വാക്കിനുപകരം ''നിയമാവലി'' എന്ന വാക്കും ചേർക്കുകയും ചെയ്യുക.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

182. ഖണ്ഡം 2 (കെ) യിൽ "കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഉദ്യോ

ഗസ്ഥനെന്ന് സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "വ്യക്തമാക്കിയിട്ടുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഉദ്യോഗസ്ഥനെന്ന് വ്യക്തമാക്കിയിട്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക

223. ഖണ്ഡം 2 (ഡബ്ല്യു) – ൽ "സർവ്വകലാശാലയുടെ വൈസ് – ചാൻസലർ" എന്നീ വാക്കുകൾക്ക് പകരം "സർവ്വകലാശാലയുടെ മുഖ്യ നിർവ്വഹണാധികാരി"എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം (2) (എം) – ന് ശേഷം താഴെപ്പറയുന്നവ ചേർക്കുകയും തുടർന്നുള്ളവ പുന:ക്രമീകരിക്കുകയും ഖണ്ഡം 2 (ഡബ്ല്യൂ) ഒഴിവാക്കുകയും ചെയ്യുക.

"(എൻ) വൈസ്–ചാൻസലർ എന്നാൽ "സർവ്വകലാശാലയുടെ വൈസ്–ചാൻസലർ' എന്നർത്ഥമാകുന്നു;"

സർ, ചാൻസലർ കഴിഞ്ഞ് വൈസ്–ചാൻസലർ വളരെ താഴെയാണ് കൊടുത്തിരിക്കുന്നത്. വൈസ്–ചാൻസലർ എന്നുള്ളത് ചാൻസലറിന് ശേഷം വരണമെന്നാണ് ഞാൻ കൊടുത്തിരിക്കുന്നത്. അത് എഴുതിയപ്പോൾ വന്ന മിസ്റ്റേക്കാണെന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ ക്രമീകരണം മാത്രമേയുള്ളൂ. ചാൻസലർ, പ്രോ–ചാൻസലർ കഴിഞ്ഞാണ് വൈസ്–ചാൻസലർ വരുന്നത്. അതുകൊണ്ട് ഒരു പുന:ക്രമീകരണം മാത്രം മതി.

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം (2) (എൻ) – ൽ "പ്രോ–വൈസ് ചാൻസിലർ" എന്നീ വാക്കുകൾക്ക് പകരം "പ്രോവൈസ് ചാൻസലർ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 2(പി) ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. "(പി) (എ), ഗവേഷണ വിദ്യാർത്ഥി എന്നാൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥി എന്നർത്ഥമാകുന്നു".

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. "(ങ) "നിയമാവലികൾ", "കല്പനകൾ", "ശാസനങ്ങൾ" എന്നാൽ യഥാക്രമം ഈ നിയമത്തിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സർവ്വകലാശാലയുടെ നിയമാവലികൾ, കല്പനകൾ, ശാസനങ്ങൾ എന്നർത്ഥമാകുന്നു;"

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 2–ൽ "റ്റി" ഉപവകുപ്പ് "ച" എന്നു മാറ്റുകയും 'ഡിഗ്രി' എന്ന വാക്കിനു പകരം 'ബിരുദം' എന്ന വാക്കും 'അക്കാഡമിക്' എന്ന വാക്കിനു പകരം 'അക്കാദമിക' എന്ന വാക്കും ചേർക്കുക.

<u>ശ്രീ. വി.റ്റി. ബൽറാം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 2(റ്റി)–യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (യു) ആയി ചേർത്ത് ശേഷിക്കുന്നവ പുന:രക്ഷരം ചെയ്യുക:

<u>ശ്രീ. പി.കെ. ബഷീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 2 (യു) –യിൽ "(യു)" എന്നത് "(ഛ്ല)" എന്നാക്കി മാറ്റുകയും "സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്കിനു പകരം "നിയമാവലിയാൽ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

<u>ശ്രീ. കെ.വി. വിജയദാസ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 2(യു)–ൽ "നിയമിച്ചതോ അംഗീകരിച്ചതോ ആയ" എന്നീ വാക്കുകൾക്ക് പകരം "നിയമിച്ച " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 2 (വി) താഴെപ്പറയും പ്രകാരം മാറ്റുക.

"സർവ്വകലാശാല" എന്നാൽ ഈ ആക്ടിലെ 3–ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട തുഞ്ചത്തെഴുത്തച്ഛൻ മലയാള ഭാഷാ സർവ്വകലാശാല എന്നർത്ഥമാകുന്നു;"

സർ, ഇത് ശീർഷകത്തിന്റെ ഭേദഗതിക്ക് അനുസൃതമായി വന്ന ഭേദഗതിയാണ്. അത് ഞാൻ ശീർഷകത്തിന്റെ ഭേദഗതിയുടെ സമയത്ത് പറയാം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. പാലോട് രവി അവതരിപ്പിച്ച 143, 144, 200 എന്നീ ഭേദഗതികളും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 151–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ശശി അവതരിപ്പിച്ച 191–ാം നമ്പർ ഭേദഗതിയും ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 192–ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

174–ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 2 (ഐ) യിൽ "(ഐ)" എന്നതിനു പകരം "(ഏ)" എന്നു ചേർക്കുകയും "ജനറൽ കൗൺസിൽ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം പകരം "പൊതുസഭ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

ശ്രീ. ജി. സുധാകരൻ : സർ, സഭ നിരാകരിച്ചതും സ്വീകരിച്ചതുമായ പല ഭേദഗതികളും ഒരേ സ്വഭാവത്തിലുള്ളതാണ്. വളരെ നല്ല മലയാള പദങ്ങൾ ഉണ്ടായിട്ടും കുറെയധികം ഇംഗ്ലീഷ് പദങ്ങൾ ഇതിൽ വന്നത് ഉപേക്ഷിക്കണമെന്ന ഭേദഗതികൾ വന്നിട്ടുണ്ട്, അത് നല്ലതാണ്. പക്ഷേ, ലെജിസ്ലേഷൻ പൊതു സമീപനമാണ് എടുക്കേണ്ടത്. അത് ചെയ്യാതെ ചിലത് എടുക്കുകയും ചിലത് എടുക്കാതിരിക്കുകയും ചെയ്യുമ്പോൾ (എടുത്തത് നല്ലതാണ്, എടുക്കാതിരുന്നവയും നല്ലതാണ്) അവ തമ്മിൽ distinguish ചെയ്യും. മന്ത്രിക്ക്

അത് അറിയില്ലെങ്കിൽ നിയമ വകുപ്പുമന്ത്രി പറഞ്ഞുകൊടുക്കണം. ഈ സമീപനം തെറ്റാണ്.

മി.സ്പീക്കർ : ശ്രീ. ജി. സുധാകരൻ, ഈ പ്രവണത ശരിയല്ല, മന്ത്രിക്ക് അറിയില്ല എന്ന് പറയുന്ന പരാമർശം ശരിയല്ല. അങ്ങ് മന്ത്രിയായിരുന്ന സമയത്ത് ബിൽ പൈലറ്റ് ചെയ്തപ്പോൾ ഞങ്ങളെല്ലാവരും ഇവിടെ ഉണ്ടായിരുന്നു. പലരും പല തരത്തിലുള്ളവരാണ്. ഗവൺമെന്റിന് സ്വീകരിക്കാവുന്ന ഭേദഗതികളാണ് ബിൽ പൈലറ്റ് ചെയ്യുന്ന മിനിസ്റ്റർ പറയുന്നത്.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സാജുപോൾ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതിയുടെ സമാന സ്വഭാവമുള്ളവ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സാജുപോൾ, മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജുപോൾ : 145, 163, 172, 173, 185, 194, 199, 204, 208, 222 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(അംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ 57

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം

38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. മുല്ലക്കര രത്നാകരൻ
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. ബി. സത്യൻ
49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ശ്രീ. പി. തിലോത്തമൻ
55. ഡോ. ടി. എം. തോമസ് ഐസക്
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ 70</u>:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. കെ. അച്ചുതൻ

6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. എം. മാണി

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. സി. മോയിൻകുട്ടി

38. ശ്രീ. മോൻസ് ജോസഫ്

39. ശ്രീ. സി. പി. മുഹമ്മദ്

40. ശ്രീ. ആര്യാടൻ മുഹമ്മദ്

41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

42. ഡോ. എം. കെ. മുനീർ

43. ശ്രീ. കെ. മുരളീധരൻ

44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

45. ശ്രീ. ഉമ്മൻ ചാണ്ടി

46. ശ്രീ. അടൂർ പ്രകാശ്

47. ശ്രീ. റ്റി. എൻ. പ്രതാപൻ

48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

50. ശ്രീ. പാലോട് രവി

51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. എൻ. ശക്തൻ

53. ശ്രീ. വി. ഡി സതീശൻ

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദ്ദീൻ

57. ശ്രീ. ആർ. സെൽവരാജ്

58. ശ്രീ. ഷിബു ബേബി ജോൺ

59. ശ്രീ. കെ. ശിവദാസൻ നായർ

60. ശ്രീ. വി. എസ്. ശിവകുമാർ

61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ

62. ശ്രീ. സണ്ണി ജോസഫ്

63. ശ്രീ. സി. എഫ്. തോമസ്

64. ശ്രീ. തോമസ് ഉണ്ണിയാടൻ

65. ശ്രീ. പി. ഉബൈദുള്ള

66. ശ്രീ. എം. ഉമ്മർ

67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

68. ശ്രീ. എം. എ. വാഹീദ്

69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

<u>മി.സ്പീക്കർ</u>: അനുകൂലിക്കുന്നവർ – 57

പ്രതികൂലിക്കുന്നവർ – 70

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

ശ്രീ. സാജുപോൾ അവതരിപ്പിച്ച 145, 163, 172, 173, 185, 194, 199, 204, 208, 222 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 143, 144, 200 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 151–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 191–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 192–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു

ശ്രീ. പാലോട് രവി അവതരിപ്പിച്ച 152, 158, 162, 166, 171, 177, 181, 184, 187, 190, 196, 203, 206, 209, 215,218,221 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 147,183 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 148–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 154–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 157–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 161–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 105,179,197 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 169–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. എം.വി. ശ്രേയാംസ്കുമാർ അവതരിപ്പിച്ച 170, 205, 210 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 176, 213 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 182, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 189–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 202–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ.റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 207–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 211–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 214–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.വി. വിജയദാസ് അവതരിപ്പിച്ച 182, 223 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ്കുറുപ്പ് അവതരിപ്പിച്ച 220–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3–ാം വകുപ്പ്</u>

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മ. ഖണ്ഡം 3 (1) ൽ ‘‘തുഞ്ചത്ത് എഴുത്തച്ഛൻ’’ എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. വി. ശശി</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 3 (1) ൽ ‘‘തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല’’ എന്നീ വാക്കുകൾക്ക് പകരം ‘‘തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല’’ എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 3 (1) ൽ ‘‘ആക്റ്റിൽ’’ എന്ന വാക്കിനു പകരം ‘‘നിയമത്തിൽ’’ എന്ന വാക്കും ‘‘ജനറൽ കൗൺസിൽ’’ എന്നീ വാക്കുകൾക്ക് പകരം ‘‘പൊതുസഭ’’ എന്ന വാക്കും ചേർക്കുക.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3 (1) ൽ ''ഒരു വൈസ് ചാൻസലർ'' എന്നീ വാക്കുകൾക്ക് ശേഷം ''ഒരു പ്രോ–വൈസ് ചാൻസലർ'' എന്നീ വാക്കുകൾ ചേർക്കുക.

242. ഖണ്ഡം 3(3)–ൽ ''സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും സർവ്വകലാശാലയുടെ ആവശ്യത്തിന് നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ'' എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

230. ഖണ്ഡം 3(1)–ൽ ''ഒരു വൈസ് ചാൻസലർ'' എന്നീ വാക്കുകൾക്ക് ശേഷം ''പ്രോ–വൈസ് ചാൻസലർ'' എന്നീ വാക്കുകൾ ചേർക്കുകയും 2, 3, 4 വരികളിൽ വരുന്ന ''ഒരു'' എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

234. ഖണ്ഡം 3 (1) – ൽ ''പഠനബോർഡുകൾ'' എന്നീ വാക്കുകൾക്ക് പകരം ''ബോർഡ് ഓഫ് സ്റ്റഡീസ്'' എന്നീ വാക്കുകൾ ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

233. ഖണ്ഡം 3 (1) – ൽ ''പഠനബോർഡുകൾ'' എന്നീ വാക്കുകൾക്ക് പകരം ''പഠന സമിതികൾ'' എന്നീ വാക്കുകൾ ചേർക്കുക.

243. ഖണ്ഡം 3(3)–ൽ ''ഏതൊരു വസ്തുവും പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ'' എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(1)–ൽ ''പഠന ബോർഡുകൾ'' എന്നീ വാക്കുകൾക്ക് ശേഷം വരുന്ന ''കൂടാതെ'' എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 3 (1) – ൽ ''മറ്റ് അധികാരസ്ഥാനങ്ങൾ'' എന്നീ വാക്കുകൾക്ക് പകരം ''മറ്റ് അധികാരികൾ'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

237.ഖണ്ഡം 3 (1) താഴെപ്പറയും പ്രകാരം മാറ്റുക.

" (1) ''തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല'' എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും അതിൽ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സർവ്വകലാശാല അദ്ധ്യക്ഷൻ, ഒരു സർവ്വകലാശാല ഉപാദ്ധ്യക്ഷൻ, ഒരു സർവ്വകലാശാല അധികാരി, ഒരു പൊതുസഭ, ഒരു നിർവ്വാഹകസമിതി, ഒരു പണ്ഡിതസഭ, ഒരു ഗവേഷണസഭ,

വൈജ്ഞാനിക ശാഖാ ഉപസമിതികൾ, പഠനവിഭാഗം കൂടാതെ മറ്റ് അധികാര സ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതുമാണ്. "

240. ഖണ്ഡം 3(2)–ൽ ''നികായം'' എന്ന വാക്കിനുപകരം ''സമൂഹം'' എന്ന വാക്കു ചേർക്കുക.

249. ഖണ്ഡം 3 (3)–ൽ "ഏകാംഗീകൃത നികായത്തിൽ" എന്നീ വാക്കുകൾക്ക് പകരം "ഏകീഭവിച്ച സമൂഹത്തിൽ" എന്നീ വാക്കുകളും, "ഫണ്ടുകളിൽ" എന്ന വാക്കിന് പകരം "നിക്ഷേപങ്ങളിൽ" എന്ന വാക്കും, "ഗ്രാന്റുകളോ" എന്ന വാക്കിന് പകരം "സഹായ ധനമായോ" എന്ന വാക്കും, "ആക്റ്റിന്റെ" എന്ന വാക്കിന് പകരം "നിയമത്തിന്റെ" എന്ന വാക്കും ചേർക്കുക.

251. "രജിസ്ട്രാർ" എന്ന വാക്കിനുപകരം "രേഖാധിപൻ" എന്ന വാക്കും, "പ്രോസസ്സുകളും" എന്ന വാക്കിനുപകരം "കോടതിനടപടികളും" എന്ന വാക്കും, " രജിസ്ട്രാർക്ക്" എന്ന വാക്കിനുപകരം "രേഖാധിപന്" എന്ന വാക്കും ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 3(2) – ൽ "ഏകാംഗീകൃത നികായം" എന്നീ വാക്കുകൾക്ക് പകരം "ഏകീകൃത സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 3(2)–ൽ ''ഏകാംഗീകൃത നികായം'' എന്നീ വാക്കുകൾക്കുപകരം ''സ്ഥാപനം'' എന്ന വാക്കു ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 3(3)–ന്റെ ആരംഭത്തിൽ താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

''ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ''.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 3 (3) ൽ "പാട്ടത്തിനു നൽകുന്നതിനോ വിൽക്കുന്നതിനോ, മറ്റു വിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "പാട്ടത്തിനു നൽകുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സാജു പോൾ : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 3 (3)–ൽ "പാട്ടത്തിനു നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റു വിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ" എന്നീ വാക്കുകൾക്കു പകരം "ക്രയവിക്രയം നടത്താതെ സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതിനും " എന്നീ വാക്കുകൾ ചേർക്കുക

253. ഖണ്ഡം 3 (5) താഴെ പറയും പ്രകാരം മാറ്റുക:

" (5) സർവ്വകലാശാലയുടെ ആസ്ഥാനം മലപ്പുറം ജില്ലയിലെ തിരൂർ ആയിരിക്കേണ്ടതും ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ സബ് സെന്റർ ഉണ്ടായിരിക്കേണ്ടതുമാണ്. "

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം 3 (3)–ൽ "പാട്ടത്തിനു നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റു വിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "സംരക്ഷിക്കുന്നതിന് " എന്ന വാക്ക് ചേർക്കുക

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 3 (3)–ൽ "ഏകാംഗീകൃത നികായത്തിൽ" എന്നീ വാക്കുകൾക്ക് പകരം "ഏകീകൃത സ്ഥാപനത്തിൽ" എന്നീ വാക്കുകളും "ഗ്രാന്റുകളോ" എന്നതിനു പകരം " ധനസഹായമോ" എന്നും "ആക്ടിന്റെ" എന്നതിനു പകരം "നിയമത്തിന്റെ" എന്നും "ക്ഷമത ഉണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "അധികാരമുണ്ടായിരിക്കുന്നതാണ്" എന്നും ചേർക്കുക

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 3 (3) – ൽ താഴെപ്പറയും പ്രകാരം മാറ്റുക :

" (3) സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി അതിനു സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും

സർവ്വകലാശാലയുടെ ആവശ്യത്തിന് സംസ്ഥാന സർക്കാരിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ നിയമപരമായി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും ധന കാര്യസ്ഥാപനങ്ങളിൽ നിന്നോ ഫണ്ടുകളിൽ നിന്നോ സഹായധനമോ വായ്പകളോ കൈപ്പറ്റുന്നതിനും ഇതിനായി കരാറിലേർപ്പെടുന്നതിനും അധി കാരമുണ്ടായിരിക്കുന്നതാണ്. ''

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പി ക്കുന്നു.

252. ഖണ്ഡം 3 (4) ൽ ''പ്രോസസ്സുകളും'' എന്ന വാക്കിനുപകരം ''നടത്തിപ്പുകളും'' എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. വി. ശശി അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ട ത്താണി അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവ തരിപ്പിച്ച 233-ാം നമ്പർ ഭേദഗതിയും ശ്രീ. പാലോട് രവി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റുള്ളവ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. ശശി അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 226-ാം നമ്പർ ഭേദ ഗതി സഭ അംഗീകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 227, 242 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 230, 234 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 240, 249, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.വി. വിജയദാസ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.ബി. അബ്ദുൾ റസാക്ക് അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 246, 253 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

<u>ശ്രീമതി കെ.എസ്. സലീഖ</u>: സർ, എന്റെ 247-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ താഴെ കാണുംപ്രകാരം പോൾ രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ : 57

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. ഹംസ

18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്

40. ശ്രീ. കെ. രാജു

41. ശ്രീ. രാജു എബ്രഹാം

42. ശ്രീ. മുല്ലക്കര രത്നാകരൻ

43. ശ്രീ. സി. കെ. സദാശിവൻ

44. ശ്രീ. സാജു പോൾ

45. ശ്രീമതി കെ. എസ്. സലീഖ

46. ശ്രീ. എസ്. ശർമ്മ

47. ശ്രീ. വി. ശശി

48. ശ്രീ. ബി. സത്യൻ

49. ശ്രീ. വി. ശിവൻകുട്ടി

50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

51. ശ്രീ. ജി. സുധാകരൻ

52. ശ്രീ. വി. എസ്. സുനിൽകുമാർ

53. ശ്രീ. കെ. സുരേഷ് കുറുപ്പ്

54. ശ്രീ. പി. തിലോത്തമൻ

55. ഡോ. ടി. എം. തോമസ് ഐസക്

56. ശ്രീ. ഇ. കെ. വിജയൻ

57. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u>: 67

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

5. ശ്രീ. കെ. അച്ചുതൻ

6. ശ്രീ. റ്റി. എ. അഹമ്മദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. കെ. ബാബു

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. ബെന്നി ബെഹനാൻ

16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

18. ശ്രീ. കെ. ബി. ഗണേഷ് കുമാർ

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. റ്റി. യു. കുരുവിള

30. ശ്രീ. ലൂഡി ലൂയിസ്

31. ശ്രീ. പി. എ. മാധവൻ

32. ശ്രീ. സി. മമ്മൂട്ടി

33. ശ്രീ. കെ. എം. മാണി

34. ശ്രീ. കെ. പി. മോഹനൻ

35. ശ്രീ. മോൻസ് ജോസഫ്

36. ശ്രീ. സി. പി. മുഹമ്മദ്

37. ശ്രീ. ആര്യാടൻ മുഹമ്മദ്

38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

39. ഡോ. എം. കെ. മുനീർ

40. ശ്രീ. കെ. മുരളീധരൻ

41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

42. ശ്രീ. ഉമ്മൻ ചാണ്ടി

43. ശ്രീ. അടൂർ പ്രകാശ്

44. ശ്രീ. റ്റി. എൻ. പ്രതാപൻ

45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

47. ശ്രീ. പാലോട് രവി

48. ശ്രീ. വി. പി. സജീന്ദ്രൻ

49. ശ്രീ. എൻ. ശക്തൻ

50. ശ്രീ. വി. ഡി സതീശൻ

51. ശ്രീ. ഷാഫി പറമ്പിൽ

52. ശ്രീ. കെ. എം. ഷാജി

53. ശ്രീ. എൻ. ഷംസുദ്ദീൻ

54. ശ്രീ. ആർ. സെൽവരാജ്

55. ശ്രീ. ഷിബു ബേബി ജോൺ

56. ശ്രീ. കെ. ശിവദാസൻ നായർ

57. ശ്രീ. വി. എസ്. ശിവകുമാർ

58. ശ്രീ. എം. വി. ശ്രേയാംസ്കുമാർ

59. ശ്രീ. സണ്ണി ജോസഫ്

60. ശ്രീ. സി. എഫ്. തോമസ്

61. ശ്രീ. തോമസ് ഉണ്ണിയാടൻ

62. ശ്രീ. പി. ഉബൈദുള്ള

63. ശ്രീ. എം. ഉമ്മർ

64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

65. ശ്രീ. എം. എ. വാഹീദ്

66. ശ്രീ. എം. പി. വിൻസെന്റ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

മി.സ്പീക്കർ: അനുകൂലിക്കുന്നവർ - 57

പ്രതികൂലിക്കുന്നവർ - 67

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

255. ഖണ്ഡം 4(1)–ൽ □പ്രാദേശിക□ എന്ന വാക്ക് നീക്കം ചെയ്യുക.

259. ഖണ്ഡം 4(2)–ൽ □പരിമിതമായ□ എന്ന വാക്കിനുപകരം □പ്രത്യേക□ എന്ന വാക്ക് ചേർക്കുക.

264. ഖണ്ഡം 4(3) താഴെ പറയുന്ന പ്രകാരം മാറ്റുക:

□(3) സർവ്വകലാശാലയുടെ അധികാരത്തിനു കീഴിൽ വരുന്ന സ്ഥാപനങ്ങളോടൊപ്പം എല്ലാ സ്കൂളുകളും ഗവേഷണവും പദ്ധതികളും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരും അധികാര സ്ഥാനങ്ങളുടെ പൂർണ്ണമായ നടത്തിപ്പിലും നിയന്ത്രണത്തിലുമുള്ള സർവ്വകലാശാലയുടെ ഘടകമായിരിക്കുന്നതും എന്നാൽ ഏതെങ്കിലും കോളേജുകളേയോ മറ്റ് സ്ഥാപനങ്ങളേയോ അഫിലിയേറ്റ് ചെയ്ത ഘടകമായി അംഗീകരിക്കുവാൻ പാടില്ലാത്തതും ആകുന്നു□.

നാലാം വകുപ്പിന്റെ മാർജിനൽ ശീർഷകം □പ്രാദേശിക പ്രവർത്തന പരിധി□ എന്നാണ്. പ്രാദേശിക പ്രവർത്തനപരിധിയെന്ന് കൊടുക്കുന്നതിനുപകരം □പ്രവർത്തനപരിധി□യെന്ന് കൊടുത്താൽ മതി. അതുപോലെതന്നെ ഖണ്ഡം 4(1)–ൽ വീണ്ടും □പ്രാദേശിക പ്രവർത്തന പരിധി സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതാണ്□ എന്നുപറയുന്നു. സർവ്വകലാശാലയുടെ പ്രവർത്തനപരിധി സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതാണെന്നാണ് എഴുതേണ്ടത്. ഖണ്ഡം 4(2)–ൽ □കേരളത്തിനുപുറത്തോ ഭാരതത്തിനുപുറത്തോ ഒരു പരിമിതമായ കാലയളവിലേയ്ക്ക്□ എന്നതിൽ □പരിമിതമായ കാലയളവ്□ എന്നുള്ളതിനുപകരം □നിശ്ചിതമായ കാലയളവ്□ എന്നാക്കണം. പരിമിതമായ കാലയളവ് എന്നുപറയുമ്പോൾ ചെറിയ കാലയളവെന്നാണ് മ ുലരശളശര ുലൃശീറ എന്നഅർത്ഥത്തിലാണ് അത് ഉപയോഗിച്ചിരിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് പ്രത്യേക കാലയളവ് എന്ന് പറയുന്നതായിരിക്കും ശരി. മറ്റൊന്ന് ഖണ്ഡം 4(3)–ൽ ഇത് സർവ്വകലാശാലയുടെ ആധികാരിക

തയ്ക്കും അധികാരത്തിൻകീഴിലും വരുന്ന മറ്റ് സ്ഥാപനങ്ങളോടൊപ്പം എല്ലാ സ്കൂളുകളും ഗവേഷണങ്ങളും പദ്ധതികളും സർവ്വകലാശാലയിലെ ഉദ്യോഗ സ്ഥരുടെയും അധികാര സ്ഥാനങ്ങളുടെയും ഉദ്യോഗസ്ഥരുടെ കീഴിലാണ് ഇതെല്ലാം വരുന്നതെന്നാണ് പറയുന്നത്. ഗവേഷണവും പദ്ധതികളും സർവ്വ കലാശാലയിലെ ഉദ്യോഗസ്ഥരും അധികാരസ്ഥാനങ്ങളുടെ പൂർണ്ണമായ നട ത്തിപ്പിലും നിയന്ത്രണത്തിലുമുള്ള സർവ്വകലാശാലയുടെ ഘടകമായിരിക്കും. ഇതിൽ ഉദ്യോഗസ്ഥരുടെ കീഴിലാണ് ബാക്കിയെല്ലാം വരുന്നതെന്നാണ് പറ ഞ്ഞിരിക്കുന്നത്. എന്റെ ഭേദഗതി ഉദ്യോഗസ്ഥരും ബാക്കികാര്യങ്ങളും അധി കാരസ്ഥാനങ്ങളുടെ കീഴിൽ വരുമെന്നാണ്. അതാണ് ഉദ്ദേശിച്ചിരിക്കുന്ന തെന്നും എനിക്ക് തോന്നുന്നു. ഉദ്യോഗസ്ഥരുടെ കീഴിൽ ഇതെല്ലാം വരുമെന്ന് പറയേണ്ട കാര്യമില്ല. ഉദ്യോഗസ്ഥരും ഈ അധികാര സ്ഥാനങ്ങളുടെ കീഴിൽ വരണം.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 4(1) താഴെ പറയുംപ്രകാരം മാറ്റുക:

□(1) സർവ്വകലാശാലയുടെ പ്രാദേശിക പ്രവർത്തന പരിധി ഇന്ത്യ മുഴു വനുമായിരിക്കുന്നതാണ്□

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കു ന്നു.

257. ഖണ്ഡം 4(2)–ൽ

(1) □സ്കൂളിനോ□ എന്ന വാക്കിന് പകരം □പഠന കേന്ദ്രത്തിനോ□ എന്നീ വാക്കുകളും

(2) □സ്കൂളുകൾക്കോ□ എന്ന വാക്കിന് പകരം □പഠനകേന്ദ്രങ്ങൾക്കോ□ എന്നീ വാക്കുകളും

(3) □ഫാക്കൽറ്റികൾക്കോ□ എന്ന വാക്കിന് പകരം □വൈജ്ഞാനിക ശാഖ കൾക്കോ□ എന്നീ വാക്കുകളും

(4) □അക്കാഡമിക□ എന്ന വാക്കിന് പകരം □പണ്ഡിത□ എന്ന വാക്കും ചേർക്കുക

262 (എ). ഖണ്ഡം 4(3)ൽ

(1) "സ്കൂളുകളും" എന്ന വാക്കിനു പകരം "പഠന കേന്ദ്രങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

(2) "കോളേജിനെയോ" എന്ന വാക്കിനു പകരം "ഉന്നത പഠന കേന്ദ്രത്തേയോ" എന്നീ വാക്കുകൾ ചേർക്കുക.

(3) "അഫിലിയേറ്റ് ചെയ്ത" എന്ന വാക്കുകൾക്കു പകരം "സംയോജിത" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 4(2)–ൽ "കേന്ദ്രങ്ങൾ" എന്ന വാക്കിനു പകരം "പഠന കേന്ദ്രങ്ങളോ, ഉപകേന്ദ്രങ്ങളോ" എന്നീ വാക്കുകളും "ഒരു പരിമിതമായ കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാല നിശ്ചയിക്കുന്ന കാലയളവിലേയ്ക്ക്" എന്നീ വാക്കുകളും ചേർക്കുക.

263. ഖണ്ഡം 4(3)ൽ (1) "പദ്ധതികളും" എന്ന വാക്കിനു ശേഷം "പഠന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

(2) “നിയന്ത്രണത്തിലുമുള്ള സർവ്വകലാശാലയുടെ” എന്നീ വാക്കുകൾക്കുശേഷം “അഫിലിയേറ്റ് ചെയ്ത ഘടകമായിരിക്കുന്നതുമാണ്” എന്നീ വാക്കുകൾ ചേർക്കുകയും തുടർന്നുള്ള വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

എല്ലാ സ്കൂളുകളും ഗവേഷണവും പദ്ധതികളും സർവ്വകലാശാല ഉദ്യോഗ സ്ഥന്മാരുടെയും അധികാരസ്ഥാനങ്ങളുടെയും പൂർണ്ണമായ നടത്തിപ്പെന്ന് പറ യുമ്പോൾ എല്ലാം ഗവേഷണ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിലേയ്ക്ക് വരുമെന്നുള്ള ഒരു പ്രശ്നമുണ്ടാകും. അതൊഴിവാക്കാനായി എല്ലാ സ്കൂളു കളും അവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും പദ്ധതികളുമെന്ന് മാറ്റു മ്പോൾ സ്കൂളുകളുടെ ഭാഗമായി ഗവേഷണം മാറും. അതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 4(2)-ൽ “പരിമിതമായ ” എന്ന വാക്കിന് പകരം “നിശ്ചിത” എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

261. ഖണ്ഡം 4(3)-ൽ “അധികാരികതയ്ക്കും അധികാരത്തിനും” എന്നീ വാക്കുകൾക്ക് പകരം “അധികാരത്തിന്” എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

262. ഖണ്ഡം 4(3)-ൽ "എല്ലാ സ്കൂളുകളും ഗവേഷണവും പദ്ധതികളും" എന്നീ വാക്കുകൾക്ക് പകരം "എല്ലാ സ്കൂളുകളും അവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും പദ്ധതികളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

265. ഖണ്ഡം 4(3) താഴെ പറയുന്ന പ്രകാരം മാറ്റുക:

"(3) എന്നാൽ (2)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിക്കുന്നതോ ഏറ്റെടുക്കുന്നതോ ആയ എല്ലാ സ്കൂളുകളും ഗവേഷണ പ്രോജക്ടുകളും സർവ്വകലാശാലയുടെ കീഴിലും അധികാരപരിധിയിലുമുള്ള മറ്റു സ്ഥാപനങ്ങളെന്നപോലെ സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ പൂർണ്ണനടത്തിപ്പിലും നിയന്ത്രണത്തിലുമുള്ള ഘടകങ്ങളായിരിക്കുമെങ്കിലും അവയെ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത ഘടകമായി അംഗീകരിക്കാൻ പാടില്ലാത്തതാകുന്നു."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. അബ്ദുസ്സമദ് സമദാനിയുടെ 256-ാം നമ്പർ ഭേദഗതി ഒഫീഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

256. ഖണ്ഡം 4(1) താഴെപ്പറയുംപ്രകാരം മാറ്റുക:

□ (1) സർവ്വകലാശാലയുടെ പ്രാദേശിക പ്രവർത്തന പരിധി ഇന്ത്യ മുഴുവനുമായിരിക്കുന്നതാണ്□

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 255, 259 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 256–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 257, 262 (എ) എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ. എ. ഖാദർ അവതരിപ്പിച്ച 258, 263 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 260–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 261–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 262–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 265–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 5-ൽ ഉപഖണ്ഡം (എ) ആയി താഴെപ്പറയുന്നവ ചേർക്കുകയും നിലവിലുള്ള ഉപഖണ്ഡങ്ങൾ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എ) മലയാളി സമൂഹത്തിൽ മാതൃഭാഷയെ സംബന്ധിച്ച അഭിമാനം വളർത്താനും, പഠനങ്ങൾ പ്രോത്സാഹിപ്പിക്കാനും ഉതകുന്ന വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക."

275. ഖണ്ഡം 5 (എ)-യിൽ "പ്രാദേശിക ഭാഷാപഠനം" എന്നതിനുശേഷം "കവിത, ചെറുകഥ, നോവൽ എന്നീ വിഭാഗങ്ങളുടെ പഠനം" എന്നീ വാക്കുകൾ ചേർക്കുക

305. ഖണ്ഡം 5 (ഡി) യിൽ "മലയാളം ലിപി" എന്നതിന് മുന്നിൽ "മലയാള പദങ്ങളുടെ ഉല്പത്തി, രൂപാന്തര ചരിത്രം എന്നിവ പഠന കോഴ്സുകളിൽ ഉൾപ്പെടുത്തുകയും" എന്നീ വാക്കുകൾ ചേർക്കുക.

എന്റെ 266-ാം നമ്പർ ഭേദഗതി ഏതെങ്കിലും അക്കാഡമികമായിട്ടുള്ള ഒരു പഠനം മാത്രം പോര എന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ, സർവ്വകലാശാലയുടെ ലക്ഷ്യങ്ങളെപ്പറ്റി വിശദമായി ഇതിൽ പറയുന്നുണ്ടെങ്കിലും ഇത്തരമൊരു

സർവ്വകലാശാല വരുമ്പോൾ അതിന്റെ വളരെ പ്രധാനപ്പെട്ടൊരു ലക്ഷ്യമായി ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരും സൂചിപ്പിച്ചൊരു കാര്യം മാതൃഭാഷയെ സംബന്ധിച്ച അഭിമാനം മലയാളികളിൽ പൊതുവായി ഉണ്ടാക്കുക എന്നതാണ്. 275-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത്, ഇതിൽ വിഷയങ്ങൾ പ്രത്യേകം എണ്ണിപ്പറഞ്ഞതുകൊണ്ടാണ്. അധ്യയനത്തിന് വിധേയമാക്കപ്പെടുന്ന വിഷയ ങ്ങൾ പ്രത്യേകമായി എണ്ണിപ്പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ പ്രശ്നമില്ല. അങ്ങനെ പറഞ്ഞകൂട്ടത്തിൽ നിരൂപണം പോലുള്ള വിഷയങ്ങൾ വന്നിട്ടുണ്ട്. പക്ഷേ, നിരൂപണം വരുന്നത് സാഹിത്യത്തിൽ സർഗ്ഗാത്മകമായിട്ടുള്ള രചനകൾ (കവിത, ചെറുകഥ, നോവൽ) പരാമർശിച്ചതിനുശേഷമാണ്. ഇതൊക്കെ അതിൽ ഉൾപ്പെടുത്തണമെന്നതാണ് ഭേദഗതി. 305-ാം നമ്പർ ഭേദഗതിയെന്നു പറയുന്നത് ഇതിൽ മലയാള ലിപിയെ സംബന്ധിക്കുന്ന ഒരു ഭാഗമുണ്ട്. അവിടെ മലയാളം പദങ്ങളുടെ ഉല്പത്തി, രൂപാന്തര ചരിത്രം, ലിപിയാന്തര പഠനം (ട്രാൻസ് ലിറ്ററേഷൻ) കൂടി ഉൾപ്പെടുത്തണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

267. ഖണ്ഡം 5 " (എ) " എന്നത് (5) " (അ) " എന്നാക്കി മാറ്റുക.

278. ഖണ്ഡം 5 (എ)-യിൽ "എപ്പിഗ്രാഫി, ആർക്കിയോളജി, മ്യൂസി യോളജിയും" എന്നീ വാക്കുകൾക്ക് പകരം "ശിലാലേഖവിദ്യ, പുരാവസ്തു ശാസ്ത്രവും പ്രദർശന ശാസ്ത്രവും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 5 (എ) – യിൽ "മലയാള സാഹിത്യത്തിന്റെയും" എന്നതിനു പകരം "മലയാളഭാഷയിലൂടെ രൂപംകൊണ്ട വിവിധങ്ങളായ സാഹിത്യശാഖകളുടെയും" എന്നുചേർക്കുക.

286. ഖണ്ഡം 5 (ബി) യിൽ "(ബി)" എന്നത് "(ആ)" എന്ന് മാറ്റുകയും "കേരള" എന്ന വാക്കിനു പകരം "മലയാളി" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

297. ഖണ്ഡം 5 (ബി)–യിൽ "ഫോക്‌ലോർ" എന്ന വാക്കിനു പകരം "പഴംപുരാണം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

271. ഖണ്ഡം 5 (എ)-യിൽ "മലയാള നിരൂപണപഠനം" എന്നതിനു ശേഷം "ഗവേഷണ പഠനം" എന്ന വാക്ക് ചേർക്കുക.

280. ഖണ്ഡം 5 (എ)-യിൽ "ആർക്കിയോളജിയും മ്യൂസിയോള ജിയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

293. ഖണ്ഡം 5 (ബി)-യിൽ "ശാസ്ത്രീയവും സമകാലീനവുമായ സംഗീതം" "കളരി " എന്നീ വാക്കുകൾ ഒഴിവാക്കുക.

കേരള നവോത്ഥാന ചരിത്രപഠനം സബ്ജക്ട് കമ്മിറ്റിക്ക് വിട്ടപ്പോൾ അംഗീകരിച്ചതിനുള്ള നന്ദി രേഖപ്പെടുത്തുകയാണ്. 271-ൽ "മലയാള നിരൂപണപഠന"ത്തോടൊപ്പം തന്നെ "ഗവേഷണപഠനം" കൂടി ഉൾപ്പെടുത്തണ മെന്നതാണ് എന്റെ ഭേദഗതി.

280-ാം ഭേദഗതി "ആർക്കിയോളജിയും മ്യൂസിയവും" നീക്കം ചെയ്യണമെന്നതാണ്. കാരണം, അത് ഈ സർവ്വകലാശാലയുടെ പരിധിയിൽ വരുന്നതല്ല, ഈ സർവ്വകലാശാലയ്ക്ക് യോജിക്കുന്നതുമല്ല. മറ്റ് ശാസ്ത്ര വിഷയങ്ങൾ കൂടി പഠിപ്പിക്കുന്ന സർവ്വകലാശാലയിലാണ് ആർക്കിയോള ജിയും മ്യൂസിയവുമൊക്കെ ഉൾപ്പെടുത്തേണ്ടത്. അത് മലയാള സർവ്വകലാ ശാലയിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല.

293-ാം ഭേദഗതി "ശാസ്ത്രീയവും സമകാലീനവുമായ സംഗീതം" "കളരി" ഇവ നീക്കം ചെയ്യണമെന്നതാണ്. ഇതൊക്കെ കലാമണ്ഡലം പോലെയുള്ള സർവ്വകലാശാലയെ ഏൽപ്പിക്കേണ്ടതാണ്. "ശാസ്ത്രീയവും

സമകാലീനവുമായ സംഗീതം" "കളരി" എന്നിവ കേരള കലാമണ്ഡലം സർവ്വകലാശാലയിൽ ഉൾപ്പെടുത്തുന്നതായിരിക്കും ഉചിതം. ഈ വക പഠന ഗവേഷണ കാര്യങ്ങൾ കലാമണ്ഡലം സർവ്വകലാശാലയുടെ ലക്ഷ്യമാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ കലാമണ്ഡലത്തെ ഏൽപ്പിക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

272. ഖണ്ഡം 5(എ)-യിൽ "മലയാള നിരൂപണ പഠനം" എന്നീ വാക്കുകൾക്ക് ശേഷം "ഭാഷാഭേദപഠനങ്ങൾ, സ്ത്രീപക്ഷ-പാരിസ്ഥിതിക പഠനങ്ങൾ, സാഹിത്യ ചരിത്ര പഠനങ്ങൾ, ദളിത സാഹിത്യ സമീപനങ്ങൾ, ശാസ്ത്ര സാഹിത്യ പഠനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

300. ഖണ്ഡം 5(സി)-യിൽ "മാധ്യമ പഠനങ്ങളിലും" എന്നീ വാക്കുകൾക്ക് പകരം "പത്ര-ദൃശ്യ-ശ്രാവ്യ-മാധ്യമ പഠനങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

സർവ്വകലാശാലയുടെ ലക്ഷ്യങ്ങളെ ഒന്ന് വിപുലീകരിച്ച് പറഞ്ഞില്ലെങ്കിൽ...... ഭാഷാഭേദപഠനങ്ങൾ, കേരളത്തിലെ പല സ്ഥലങ്ങളിലും പല രൂപത്തിലാണ് മലയാളം സംസാരിക്കുന്നത്. അത് പഠനവിഷയമാക്കേണ്ടതാണ്. സ്ത്രീപക്ഷ-പാരിസ്ഥിതിക പഠനങ്ങൾ വളരെ ഗൗരവമായി മലയാളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതാണ്. സാഹിത്യ ചരിത്ര പഠനങ്ങൾ, ദളിത് സാഹിത്യ പഠനങ്ങൾ, ശാസ്ത്ര സാഹിത്യ പഠനങ്ങൾ ഈ മേഖലകൾ കൂടെ ഉൾപ്പെടുത്തണമെന്നുള്ളതാണ് ഒരു നിർദ്ദേശം. മറ്റൊന്ന്, "മാധ്യമ പഠനങ്ങൾ" എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. മാധ്യമം എന്നുപറയുമ്പോൾ അവ്യക്തത നിൽക്കുന്നതുകൊണ്ടാണ് പത്ര-ദൃശ്യ-ശ്രാവ്യ-മാധ്യമ

പഠനങ്ങളിലൂടെ എന്ന് ചേർക്കുന്നത്. അങ്ങനെയാക്കിയാൽ കുറേക്കൂടി കൃത്യതയും വ്യക്തതയും വരുത്താൻ കഴിയുന്നതാണ്.

മി. സ്പീക്കർ: മാധ്യമം എന്നുപറഞ്ഞാൽ അതിൽ എല്ലാം ഉൾപ്പെട്ട് വരില്ലേ?

ഡോ. എൻ. ജയരാജ്: എല്ലാം ഉൾപ്പെടണമെന്നില്ല. മാധ്യമം എന്നു പറയുമ്പോൾ അതിൽ കൃത്യതയുടെ ഒരു പ്രശ്നമുണ്ട്. അതിൽ വ്യക്തതയുണ്ടാകേണ്ടതുണ്ട്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

272എ. ഖണ്ഡം 5(എ)-യിൽ "നിരൂപണ പഠനം" എന്ന വാക്കിനു ശേഷം "മലയാളഭാഷയും ഇതരഭാഷകളും തമ്മിലുള്ള സമച്ചയം ക്രയവിക്രയം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി.എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

274. ഖണ്ഡം 5(എ)-യിൽ "പുരാരേഖ" എന്നതിനു മുമ്പ് "മലയാള ഭാഷ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

276. ഖണ്ഡം 5(എ)-യിൽ "കേരള നവോത്ഥാന ചരിത്രപഠനം" എന്നതിനു ശേഷം "ശാസ്ത്ര സാങ്കേതിക ശാസ്ത്ര സാമൂഹിക ശാസ്ത്രം" എന്നീ വാക്കുകൾ ചേർക്കുക.

279. ഖണ്ഡം 5(എ)–യിൽ "എപ്പിഗ്രാഫി" എന്നതിനുശേഷം "ഇന്ത്യൻ ഭാഷ, വിദേശ ഭാഷ" എന്നീ വാക്കുകൾ ചേർക്കുക.

301. ഖണ്ഡം 5(സി)–യിൽ "മാധ്യമ പഠനങ്ങളിലും"എന്നതിനുശേഷം "ശാസ്ത്ര–സാങ്കേതിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നിവ യിലും" എന്നീ വാക്കുകൾ ചേർക്കുക.

276–ാം ഭേദഗതിയിൽ "കേരള നവോത്ഥാന ചരിത്രപഠനം" എന്നതിനു ശേഷം "ശാസ്ത്ര സാങ്കേതിക ശാസ്ത്ര സാമൂഹിക ശാസ്ത്ര" എന്നീ വാക്കു കൾ ചേർക്കേണ്ടതാണ്.

279–ാം ഭേദഗതിയിൽ "എപ്പിഗ്രാഫി" എന്നതിനുശേഷം "ഇൻഡ്യൻ ഭാഷ, വിദേശ ഭാഷ" എന്നിവ ചേർക്കേണ്ടതാണ്.

301–ാം ഭേദഗതിയിൽ "മാധ്യമ പഠനങ്ങളിലും" എന്നതിനുശേഷം "ശാസ്ത്ര സാങ്കേതിക – ശാസ്ത്രം സാമൂഹിക ശാസ്ത്രം എന്നിവയിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരി പ്പിക്കുന്നു:

277. ഖണ്ഡം 5(എ)–യിൽ "എപ്പിഗ്രാഫി" എന്ന വാക്കിനു പകരം "പുരാലിഖിതം" എന്ന വാക്കും "ആർക്കിയോളജിയും മ്യൂസിയോ ളജിയും" എന്നീ വാക്കുകൾക്കു പകരം "പുരാവസ്തുവും പ്രദർശന നിലയവും" എന്നീ വാക്കുകളും ചേർക്കുക.

296. ഖണ്ഡം 5 (ബി)–യിൽ "ഫോക്‌ലോർ" എന്ന വാക്കിനു പകരം "നാടൻ കല" എന്നീ വാക്കുകൾ ചേർക്കുക.

302. ഖണ്ഡം 5 (സി)–യിൽ "പഠനകോഴ്സുകൾ" എന്നതിനു പകരം "പഠനപാഠ്യപദ്ധതി" എന്നീ വാക്കുകൾ ചേർക്കുക.

309. ഖണ്ഡം 5(ഇ)–യിൽ "പ്രോജക്ടുകളുടെ" എന്ന വാക്കിനു പകരം "പദ്ധതികളുടെ" എന്ന വാക്ക് ചേർക്കുക.

277–ാം ഭേദഗതിയിൽ മലയാള സാഹിത്യത്തിന്റെയും മലയാള ഭാഷയുടെയും ഭാഷാശാസ്ത്രത്തിന്റെയും താരതമ്യ സാഹിത്യത്തിന്റെയും മലയാള നിരൂപണ പഠനം പുരാവസ്തു, പുരാരേഖ, ദക്ഷിണേന്ത്യൻ ഭാഷാ ലിപികളുടെ പരിണാമം, ലിപി ചരിത്രം, ഗോത്ര ഭാഷാ പഠനം, പ്രാദേശിക ഭാഷാ പഠനം, കേരള നവോത്ഥാന ചരിത്രം എന്നുകഴിഞ്ഞിട്ട് ഉടനെ ഇംഗ്ലീഷിലേയ്ക്ക് ചാടിയിരിക്കുകയാണ്. എപ്പിഗ്രാഫി, ആർക്കിയോളജി, മ്യൂസിയോളജി എന്നൊക്കെ ...ഇത്രയും നന്നായി പറഞ്ഞുവന്നിട്ട് ... എന്റെ ഭേദഗതി, എപ്പിഗ്രാഫിക്കുപകരം പുരാലിഖിതം എന്ന നല്ല മലയാള വാക്കും ആർക്കിയോളജിയും മ്യൂസിയോളജിയും എന്നുള്ളതിനു പകരം പുരാവസ്തുവും പ്രദർശന നിലയവും ഉപയോഗിക്കാവുന്നതാണ്. മ്യൂസിയം എന്നുവച്ചാൽ പ്രദർശന നിലയമാണ്. പുരാവസ്തുവും പ്രദർശന നിലയവും അതുപോലെ എപ്പിഗ്രാഫിക്കു പകരം പുരാലിഖിതം എന്നുകൂടി ചേർക്കുകയാണെങ്കിൽ അത് ഏറ്റവും നന്നായിരിക്കും. അത് ഞാൻ മൂവ് ചെയ്യുകയാണ്.

296–ാം ഭേദഗതിയിൽ ബാക്കി എല്ലാം പറഞ്ഞുവന്നിട്ട് ഫോക്ക്ലോർ എന്ന് എന്തിനാണ് പറയുന്നത്; നാടൻ കല എന്ന് പറയുന്നതല്ലേ നല്ലത്? ഫോക്ക്ലോർ എന്നുള്ളതിന് നാടൻ കല എന്നതാണ് ഞാൻ ഉന്നയിച്ചിരിക്കുന്നത്. ധാരാളം സ്ഥലത്ത് വന്നിരിക്കുന്ന ഭാഗമാണ് "പഠനപാഠ്യ പദ്ധതി"

എന്നുള്ളത്. നേരത്തെ വന്നപ്പോൾ അത് സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ അത് മൂവ് ചെയ്യുന്നു.

മി. സ്പീക്കർ: നമ്മളെല്ലാവരും ഇവിടെ മലയാളത്തിനുവേണ്ടി ഫൈറ്റ് ചെയ്യുകയാണ്. നമ്മുടെ വീട്ടിലുള്ള കുട്ടികളും മറ്റുമൊക്കെ ഇവിടെ വരുമ്പോൾ എപ്പിഗ്രാഫിയുടെ മലയാളവും മറ്റുമൊക്കെ നമ്മൾ പറഞ്ഞു കൊടുക്കണം. അവർ വീട്ടിൽ ഇതൊന്നും പഠിക്കുന്നില്ല. റൈറ്റ് റ്റു ഇൻഫർമേഷൻ ഉള്ള ഒരു കാലമാണ്. നമ്മുടെ വീടുകളിലെ കുട്ടികളൊക്കെ ഏത് സ്കൂളിൽ പഠിക്കുന്നുവെന്നും എവിടെ പഠിച്ചിരുന്നുവെന്നുമൊക്കെ നമ്മൾ അറിയണം. ഞാൻ ഒരു സത്യം പറഞ്ഞുവെന്നേയുള്ളൂ. നമ്മളെല്ലാം ഇവിടെ പ്രതികളെ തേടി പോകുകയാണ്. ശ്രീ. പാലോട് രവിയോട് മാത്ര മായി പറഞ്ഞതല്ല. ചർച്ചകൾക്കിടയിൽ മനസ്സിൽ വല്ലാതെ തട്ടിയ ഒരു കാര്യം ഇവിടെ പങ്കുവച്ചുവെന്നുമാത്രമേയുള്ളൂ.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

281. ഖണ്ഡം 5(എ)-യിൽ "മലയാളത്തിലേക്കും" എന്ന വാക്കിനു പകരം "മറ്റ് ഭാഷകളിലേക്കും" എന്നീ വാക്കുകൾ ചേർക്കുക.

ഇതിൽ മലയാളത്തിൽ നിന്നും മലയാളത്തിലേക്കുള്ള തർജ്ജമ എന്നാണ് പറഞ്ഞിട്ടുള്ളത്. അവിടെ മറ്റ് ഭാഷകളിലേക്കുംകൂടി എന്ന വാക്കു കൾ കൂട്ടിച്ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീമതി കെ.എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

283. ഖണ്ഡം 5(എ)-യിൽ "ബിരുദാനന്തര ബിരുദതലത്തിൽ വിദ്യാഭ്യാസം നൽകുക" എന്നീ വാക്കുകൾക്ക് പകരം "ബിരുദാ

നന്തര ബിരുദതലത്തിൽ വിദ്യാഭ്യാസം നൽകുകയും പ്രസ്തുത മേഖലകളിൽ അതിനുശേഷമുള്ള ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

ബിരുദാനന്തര ബിരുദം എന്നുകഴിഞ്ഞിട്ട് അതിനുപകരം ബിരുദാനന്തര ബിരുദതലത്തിൽ വിദ്യാഭ്യാസം നൽകുകയും പ്രസ്തുത മേഖലകളിൽ അതിനുശേഷമുള്ള ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യുക എന്നാക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

284. ഖണ്ഡം 5(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) മലയാള സാഹിത്യം, ഭാഷ, ഭാഷാശാസ്ത്രം, താരതമ്യ സാഹിത്യം, മലയാള നിരൂപണ പഠനം, പുരാവസ്തു, പുരാരേഖ, ദക്ഷിണേന്ത്യൻ ഭാഷാലിപികളുടെ പരിണാമം, ലിപി ചരിത്രം, ഗോത്ര ഭാഷാപഠനം, പ്രാദേശികഭാഷാപഠനം, എപ്പിഗ്രാഫി, ആർക്കിയോളജി, മ്യൂസിയോളജി, മലയാളത്തിൽ നിന്നും മലയാളത്തിലേയ്ക്കും ഉള്ള തർജ്ജമ എന്നീ വ്യത്യസ്ത മേഖലകളിൽ ബിരുദാനന്തര ബിരുദതലത്തിലും ഗവേഷണതലത്തിലും വിദ്യാഭ്യാസം നൽകുക; "

288. ഖണ്ഡം 5(ബി)-യിൽ "ദുർഗ്രഹമായ സാംസ്ക്കാരികഭാവാവിഷ്കാരങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

289. ഖണ്ഡം 5(ബി)-യിൽ "വിദ്യാഭ്യാസം" എന്ന വാക്കിനുപകരം "പരിശീലനവും വിദ്യാഭ്യാസവും" എന്നീ വാക്കുകൾ ചേർക്കുക.

284-ാം ഭേദഗതിയിൽ ശ്രീമതി കെ.എസ്. സലീഖ പറഞ്ഞതുപോലെ ബിരുദാനന്തര ബിരുദതലത്തിൽ വിദ്യാഭ്യാസം നൽകുക മാത്രമല്ലല്ലോ; അതിൽ ഗവേഷണവും കൂടി നടത്തണ്ടേ; അത് സ്പെസിഫിക്കായി ഇതിൽ

പറയണ്ടേ? ബിരുദാനന്തരബിരുദതലത്തിൽ മാത്രം കൊടുക്കുന്ന ഒരു സർവ്വ കലാശാലയാണോ? ഉപയോഗിച്ചിരിക്കുന്ന വാചകങ്ങൾ ഞാൻ തിരുത്തിയിട്ടുണ്ട്. അത് വായിക്കുന്നില്ല. ഇതാണ് പ്രധാനമായും. ഗവേഷണതലത്തിലും വിദ്യാഭ്യാസം നൽകുകയെന്നുള്ളത് വരണം.

5 (ബി)–യിൽ ദുർഗ്രഹമായ സാംസ്ക്കാരികഭാവാവിഷ്ക്കാരങ്ങൾ – അതെന്താണ്? അത് എന്താണെന്നുപറഞ്ഞാൽ ഞാൻ ഭേദഗതി പിൻവലിക്കാം. ദുർഗ്രഹമായ സാംസ്ക്കാരികഭാവാവിവിഷ്ക്കാരങ്ങൾ എന്നു പറയുന്നത് എന്ത് ഉദ്ദേശിച്ചാണ്; എന്തെങ്കിലും അതിനെക്കുറിച്ച് ആർക്കെങ്കിലും അറിയാമോ എന്നൊന്നുപറഞ്ഞുതന്നാൽ ആ ഭേദഗതി പിൻവലിക്കാം. കലകൾ, ഫോക്‌ലോർ പഠനം, കളരി എന്നീ മേഖലകളിൽ വിദ്യാഭ്യാസം നൽകുകയെന്നുള്ളത് പരിശീലനവും വിദ്യാഭ്യാസവും നൽകുകയും എന്നാക്കണമെന്നുള്ളതാണ് ഒരു ഭേദഗതി.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

285. ഖണ്ഡം 5(എ)–യ്ക്ക് ശേഷം താഴെപ്പറയുന്നത് പുതിയ ഉപഖണ്ഡമായി ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

“(ബി) മേൽപ്പറഞ്ഞ വിഷയങ്ങളിലും മേഖലകളിലും ഗവേഷണം പ്രോത്സാഹിപ്പിക്കുക”.

299. ഖണ്ഡം 5(ബി)–ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

“(സി) വൈജ്ഞാനിക–മാനവിക വിഷയങ്ങൾ ബിരുദതലം വരെ മലയാളത്തിൽ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരെയും

വിദ്യാർത്ഥികളെയും പര്യാപ്തമാക്കാൻ പോന്ന പഠനഗവേഷണ പ്രവർത്തനങ്ങൾ നടത്തുക".

303. ഖണ്ഡം 5(സി)–ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂട്ടി ച്ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഡി) മലയാളം നിർബന്ധഭാഷയായി പഠിച്ച് ശാസ്ത്ര മാനവിക വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട ശാസ്ത്ര മാനവിക വിഷയ ങ്ങളിലെ ഡിഗ്രി കോഴ്സകൾ നടത്തുക. "

312. ഖണ്ഡം 5(ഇ)–യ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(എഫ്) കേരളത്തിന്റെ സംസ്കാരം, പൈതൃകം, ഭാഷ എന്നിവയെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരി ക്കുക. "

285–ാം ഭേദഗതിയിൽ 5 (എ)–യ്ക്കുശേഷം ഒരു പുതിയ ഖണ്ഡം കൂടി ഉപഖണ്ഡമായി എഴുതിച്ചേർക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. അത് വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ സാധിക്കണമെന്നുള്ളതാണ്. മേൽപ്പറഞ്ഞ വിഷയങ്ങളിലും മേഖലകളിലും ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന ഭാഗം കൂട്ടിച്ചേർക്കണം. 299–ാം ഭേദഗതിയിൽ വൈജ്ഞാനിക മാനവിക വിഷയങ്ങൾ ബിരുദതലം വരെ മലയാളത്തിൽ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും പര്യാപ്തമാക്കാൻപോന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക എന്നു കൂടി (ബി)–ക്കുശേഷം ഉപഖണ്ഡം ചേർക്കുകയെന്നുള്ളതാണ് എന്റെ ഭേദഗതി.

303-ാം ഭേദഗതിയിൽ മലയാളം നിർബന്ധഭാഷയായി പഠിച്ച് ശാസ്ത്ര മാനവിക വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി ക്കഴിഞ്ഞാൽ അതിനുവേണ്ടിയുള്ള ആഗ്രഹങ്ങളോടെ പഠിക്കുന്നവർക്ക് ശാസ്ത്ര മാനവിക വിഷയങ്ങളിൽ ഡിഗ്രി കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യമുണ്ടാകണം. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്നത് മലയാളം നിർബന്ധ ഭാഷയായി പഠിച്ച് ശാസ്ത്രമാനവിക വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടാൻ ആഗ്രഹിക്കുന്നവർക്കുവേണ്ട ശാസ്ത്ര മാനവിക വിഷയങ്ങളിലെ ഡിഗ്രി കോഴ്സുകൾ നടത്തുക എന്നത് കൂട്ടി ച്ചേർക്കണം. കേരളത്തിന്റെ സംസ്കാരം, പൈതൃകം, ഭാഷ എന്നിവയെ ക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുകയെന്നുള്ളതാണ്. മലയാളത്തിന്റെ പ്രാമുഖ്യം വെളിപ്പെടുത്താൻ കഴിയത്തക്കനിലയിൽ ഇത്തര ത്തിലൊരു നിലപാട് സ്വീകരിക്കണം. അതുകൊണ്ട് ഖണ്ഡം 5 (ഇ)-ക്കു ശേഷം ഒരു ഉപഖണ്ഡം കൂട്ടിച്ചേർക്കണം. കേരളത്തിന്റെ സംസ്കാരം, പൈതൃകം, ഭാഷ എന്നിവയെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുകയെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(287) ഖണ്ഡം 5 (ബി)-യിൽ "നാടൻ കലകൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. അച്ചുതൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(290) ഖണ്ഡം 5 (ബി)-യിൽ "പാരമ്പര്യവാസ്തുവിദ്യ" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(291) ഖണ്ഡം 5 (ബി)-യിൽ "പാരമ്പര്യവാസ്തുവിദ്യ" എന്ന വാക്കുകൾക്ക് പകരം "പാരമ്പര്യനിർമ്മാണരീതികൾ" എന്ന വാക്ക് ചേർക്കുക.

(298) ഖണ്ഡം 5 (ബി)-യിൽ "കളരി" എന്ന വാക്കിന് പകരം "തനത് ആയോധന കലകൾ" എന്നീ വാക്കുകൾ ചേർക്കുക.

എന്റെ 291-ാം നമ്പർ ഭേദഗതി "പാരമ്പര്യവാസ്തുവിദ്യ" എന്നതിനു പകരം "പാരമ്പര്യനിർമ്മാണരീതികൾ" എന്ന വാക്ക് ഉപയോഗിക്കണമെന്നുള്ളതാണ്. കഴിഞ്ഞ ചർച്ചയിലും ചൂണ്ടിക്കാണിച്ചിരുന്നു. "വാസ്തുവിദ്യ" എന്നുപറയുന്നത് വലിയ രീതിയിൽ വിശ്വാസങ്ങളും അതിലേറെ അന്ധവിശ്വാസങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്.

<u>മി. സ്പീക്കർ</u>: അത് മലയാളപദമല്ലേ?

<u>ശ്രീ. വി. റ്റി. ബൽറാം</u>: അതത്ര മലയാള പദമല്ല. അതിന് മറ്റ് പല തരത്തിലുള്ള ഫൊണറ്റേഷൻസുമുണ്ട്. "പാരമ്പര്യനിർമ്മാണരീതികൾ" ആണ് പഠിപ്പിക്കുന്നത്. അതാണ് ശാസ്ത്രം. അതിൽനിന്നാണ് ഗുണപരമായ അറിവ് ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നത്. മറ്റേത് അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇടവരുത്തും. അതാണ് 291-ാമത് ഭേദഗതി.

298-ാമത് ഭേദഗതിയിൽ "കളരി" എന്ന വാക്കിനുപകരം "തനത് ആയോധന കലകൾ" എന്ന വാക്ക് ഉപയോഗിക്കണമെന്നുള്ളതാണ്. "കളരി" എന്നുള്ളത് കേരളീയ പശ്ചാത്തലത്തിലുള്ള ഒരുപാട് ആയോധനകലകളിൽ

ഒന്നുമാത്രമാണ്. "തനത് ആയോധന കലകൾ" എന്ന് ഉപയോഗിച്ചാൽ കുറേക്കൂടി സമഗ്രമാണ്. കുറേക്കൂടി കാര്യങ്ങൾ അതിൽ ഉൾപ്പെടുത്താൻ സാധിക്കും. ഈ രണ്ട് ഭേദഗതികളാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(292) ഖണ്ഡം 5 (ബി)-യിൽ "ശാസ്ത്രീയവും സമകാലീനവുമായ" സംഗീതം എന്നത് ഒഴിവാക്കുക.

ശ്രീ. വർക്കല കഹാർ: സർ, സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(294) ഖണ്ഡം 5(ബി)-യിൽ "അരങ്ങ്" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(304) ഖണ്ഡം 5 ഡി ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:

"(ഡി) കേരള സംസ്ക്കാരവും ഇതര സംസ്ക്കാരങ്ങളും പരസ്പരം ചെലുത്തുന്ന സ്വാധിനത്തെക്കുറിച്ചുള്ള പഠനവും ഗവേഷണവും നടത്തുക".

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(311) ഖണ്ഡം 5 (ഇ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(എഫ്) സർവ്വകലാശാലയ്ക്ക് അതത് സമയം ഉചിതമെന്ന് തോന്നുന്ന മറ്റേതെങ്കിലും തരത്തിലുള്ള കാര്യങ്ങൾക്ക്."

<u>മി. സ്പീക്കർ</u>: എനിക്ക് അറിയാത്തതുകൊണ്ട് ചോദിക്കുന്നതാണ്, ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ "കളരി" എന്നുപറയുന്നത് ആയോധന കലകളിൽ ഒന്ന് മാത്രമാണോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, അത് ചെയ്യുന്ന സ്ഥലത്തിനാണ് "കളരി" എന്നുപറയുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 266, 275 എന്നീ ഭേദഗതികളും ശ്രീ. വി. ശശി അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതിയും ശ്രീ. പാലോട് രവി അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതിയും ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 288-ാം ഭേദഗതി "ലിഖിതവും അലിഖിതവുമായ സാംസ്ക്കാരിക പൈതൃകം" എന്നാക്കി മാറ്റാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 266, 275 എന്നീ ഭേദഗതികളും ശ്രീ. വി. ശശി അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദ

ഗതിയും ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 288-ാം നമ്പർ ഭേദ ഗതിയും ശ്രീ. പാലോട് രവി അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതിയും ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതിയും അംഗീക രിക്കുന്നു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 267, 278 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 269, 286, 297 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 282, 306, 307, 308, 310-ാം നമ്പർ ഭേദഗ തികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 271, 280, 293 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 272, 300 എന്നീ നമ്പർ ഭേദഗതി കൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 272 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 279, 301 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 277, 302, 309 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 281–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 283–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 284, 289 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 285, 299, 303 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 287–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 290–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 291, 298 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 292–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, എന്റെ 271-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാന്റെ 271-ാം നമ്പർ ഭേദഗതി പിൻവലിക്കുന്നതിനെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്

40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. ടി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. പാലോട് രവി
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. എൻ. ശക്തൻ
53. ശ്രീ. വി. ഡി സതീശൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എം. ഷംസുദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. കെ. ശിവദാസൻ നായർ
59. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. തോമസ് ഉണ്ണിയാടൻ
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ഇ.പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. മുല്ലക്കര രത്നാകരൻ
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. ബി. സത്യൻ

49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ശ്രീ. കെ. സുരേഷ് കുറുപ്പ്
53. ശ്രീ. പി. തിലോത്തമൻ
54. ഡോ. ടി. എം. തോമസ് ഐസക്
55. ശ്രീ. ഇ. കെ. വിജയൻ
56. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ...... 68

പ്രതികൂലിക്കുന്നവർ..... 56

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 6 (1) ൽ "സർവ്വകലാശാലയിൽ" എന്ന വാക്കിന് പകരം "സർവ്വകലാശാലയിലെ വിവിധ കോഴ്സുകൾക്ക്" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 6 (1)-ൽ

(1) "ആക്റ്റിലെയും" എന്ന വാക്കിന് പകരം "നിയമത്തിലെയും" എന്ന വാക്കും "സ്റ്റാറ്റ്യൂട്ടുകളിലെയും" എന്ന വാക്കിനു പകരം "ലിഖിത നിയമങ്ങളിലെയും" എന്ന വാക്കും ചേർക്കുക.

323. ഖണ്ഡം 6(1) ൽ "അക്കാഡമിക" മാറ്റി "പണ്ഡിത" എന്നും ഏതെങ്കിലും കഴിഞ്ഞുള്ള "പഠന കോഴ്സിലേക്ക് " മാറ്റി "പഠന പാഠ്യ പദ്ധതിയിലേക്ക് " എന്നും " ഡിഗ്രിയോ " മാറ്റി "ബിരുദമോ "എന്നും "ഡിപ്ലോമയോ" മാറ്റി "അവകാശപത്രമോ" എന്നും "സർട്ടിഫിക്കറ്റോ" എന്നത് "സാക്ഷ്യപത്രമോ" എന്നും താഴ്ന്ന കഴിഞ്ഞുള്ള "അക്കാഡമിക് റിക്കാർഡുകളുള്ളതോ" എന്നത് "പണ്ഡിത രേഖകളുള്ളതോ" എന്നും "അക്കാഡമിക് കൗൺസിൽ" എന്നത് "പണ്ഡിത സഭ " എന്നും "പഠനകോഴ്സി

ലേക്ക് " എന്നത് "പഠനപാഠ്യ പദ്ധതിയിലേക്ക് " എന്നും മാറ്റേണ്ട താണ്.

316-ാം ഭേദഗതിയിൽ ആക്ട് എന്നുള്ളത് നിയമം എന്നുള്ളതാക്കുന്നത് അദ്ദേഹം അംഗീകരിച്ചതാണ്. അതുപോലെത്തന്നെ 323-ാം നമ്പർ ഭേദഗതി യിൽ അക്കാഡമിക്കും അക്കാഡമിക് കൗൺസിലും അദ്ദേഹം നേരത്തെ അംഗീകരിച്ചതാണ്. ഈ രണ്ടു ഭേദഗതികളും നേരത്തെ കൊടുത്തത് അംഗീകരിച്ചതാണ്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

317. ഖണ്ഡം 6 (1)-ൽ "വിധേയമായി" എന്ന വാക്കിനുശേഷം "യോഗ്യതയുള്ള" എന്ന വാക്ക് ചേർക്കുക.

324. ഖണ്ഡം 6 (2) - ൽ "വിഭാഗങ്ങളിലും പെടുന്നവർക്കും" എന്നീ വാക്കുകൾക്ക് ശേഷം "അതാത് കാലത്ത് സംവരണത്തിന് അർഹരെന്ന് സർക്കാർ നിശ്ചയിക്കുന്നവർക്കും" എന്നീ വാക്കുകൾ ചേർക്കുക.

326. ഖണ്ഡം 6 (2)-ന്റെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 6 (1) ൽ "എല്ലാ ആളുകൾക്കും" എന്നീ വാക്കുകൾക്കു പകരം "ഏതൊരാൾക്കും" എന്ന വാക്ക് ചേർക്കുക.

327. ഖണ്ഡം 6(2)–ന്റെ ക്ലിപ്ത നിബന്ധനയിൽ "അവനോ അവൾക്കോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. കെ. എം. ഷാജി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

319. ഖണ്ഡം 6(1) താഴെപ്പറയും പ്രകാരം മാറ്റുക.

" (1) സർവ്വകലാശാലയിൽ, നിയമത്തിലെയും, നിയമാവലികളുടെയും വ്യവസ്ഥകൾക്ക് വിധേയമായി പഠനാർഹരെന്ന് സർവ്വകലാശാലയുടെ അക്കാദമിക സമിതി കരുതുന്ന എല്ലാ ആളുകൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ് ".

320. ഖണ്ഡം 6 (1)–ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അക്കാഡമിക നിലവാരമില്ലാത്ത" എന്നീ വാക്കുകൾക്ക് പകരം "അക്കാദമിക് യോഗ്യതയില്ലാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ഇത് സർവ്വകലാശാലയിലേക്കുള്ള പ്രവേശനം സംബന്ധിച്ചാണ്. "എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ പ്രവേശനത്തിനുവേണ്ടതായി നിർണ്ണയിക്കപ്പെട്ട അക്കാഡമിക നിലവാരമില്ലാത്ത ഏതെങ്കിലും ആളെ" എന്നാണ് പറഞ്ഞിരിക്കുന്നത്. അക്കാഡമിക നിലവാരമല്ല അക്കാദമിക് യോഗ്യതയാണ് അടിസ്ഥാനപരമായി കണക്കാക്കേണ്ടത്. അതുകൊണ്ട്

"അക്കാഡമിക നിലവാരമില്ലാത്ത" എന്നതിനു പകരം "അക്കാദമിക് യോഗ്യത യില്ലാത്ത" എന്നു മാറ്റണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

322. ഖണ്ഡം 6(1) –ന്റെ ക്ലിപ്ത നിബന്ധനയിലെ "മറ്റു വിദ്യാർത്ഥിക ളുടെയോ, ജീവനക്കാരുടെയോ, അവകാശങ്ങൾക്കോ, പ്രത്യേകാവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്ന തരത്തിലുള്ള വ്യക്തിപരമായ പെരുമാറ്റമുള്ളതോ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

328. ഖണ്ഡം 6 (2) ന്റെ ക്ലിപ്ത നിബന്ധനയിൽ "അവനോ അവൾക്കോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 6–ന്റെ ഒന്നാം ഉപവകുപ്പിൽ സർവ്വകലാശാലയിൽ ഈ ആക്ടി ലേയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി എല്ലാ ആളുകൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ് എന്ന് പറഞ്ഞതിനുശേഷം മറ്റു വിദ്യാർത്ഥികളുടെയോ ജീവനക്കാരുടെയോ അവകാശങ്ങൾക്കോ പ്രത്യേക അവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്ന തരത്തിലുള്ള വ്യക്തി പരമായ പെരുമാറ്റമുള്ളതോ ആയ ഒരാളെ സർവ്വകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിറുത്തുന്നതിനോ, അതായത് അക്കാദമിക് യോഗ്യതയുള്ള ഒരു വിദ്യാർത്ഥിയെ മറ്റേതെങ്കിലും കാരണങ്ങൾ പറഞ്ഞ് പ്രവേശനം നിഷേധിക്കാൻ അധികാരം കൊടുക്കുന്ന ഒരു വകുപ്പാണിത്. പൂർണ്ണമായ അക്കാദമിക് യോഗ്യതയുള്ള വിദ്യാർത്ഥിക്ക് മറ്റെന്തെങ്കിലും കാരണങ്ങളുടെ പേരിൽ അധികാരസ്ഥാനങ്ങളിലിരിക്കുന്ന ആർക്കെങ്കിലും ഇഷ്ടപ്പെടാത്ത

കാര്യങ്ങളുണ്ടെങ്കിൽ ഈ വകുപ്പുപ്രകാരം അയാൾക്ക് പ്രവേശനം നിഷേധിക്കാം. ഇത് ഏറ്റവും ജനാധിപത്യവിരുദ്ധമായ ഒരു വകുപ്പാണ്. സർവ്വ കലാശാലയുടെ ഒരു ആക്ടിൽ ഇത്തരമൊരു കാര്യം ഉണ്ടാകാൻ പാടില്ലാത്ത താണ്. അത് നീക്കം ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതുപോലെ 6(1)–ലെ ക്ലിപ്ത നിബന്ധനയിൽ "എന്നാൽ അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള ആവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരം അവനോ അവൾക്കോ ഇല്ലാത്ത പക്ഷം സർവ്വകലാശാല യിൽ പ്രവേശനം ലഭിക്കുന്നതിന് അവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല." അതിൽ "അവനോ അവൾക്കോ" എന്നത് ആവശ്യമില്ലാത്ത ഒരു വാക്കാണ്. ആ വാക്ക് നീക്കം ചെയ്താലും ക്ലിപ്ത നിബന്ധനയുടെ ആശയത്തിനോ എന്തിനെങ്കിലുമോ ഭംഗം വരുന്നില്ല. "അവനോ അവൾക്കോ" എന്നത് അനാവശ്യമായ പദപ്രയോഗമാണ്. അത് നീക്കം ചെയ്യുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 6 (2) താഴെപ്പറയും പ്രകാരം മാറ്റുക.

" (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് കാലാകാലങ്ങളിൽ നിലനില്ക്കുന്ന സംവരണ തത്വമനുസരിച്ച് സംവരണ വിഭാഗങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ്''.

നമ്മുടെ നാട്ടിൽ നിയമപരമായി ലഭിക്കുന്ന ഒന്നാണ് വിദ്യാഭ്യാസ പ്രവേശനത്തിനുള്ള സംവരണം. അത് ഗവൺമെന്റിന് യൂണിവേഴ്സിറ്റിയോട് നിർദ്ദേശിക്കാവുന്നതാണെന്നാണ് എന്നാണ് ഖണ്ഡം 6(2)–ൽ പറഞ്ഞിരിക്കു

ന്നത്. അത് സംവരണവിഭാഗങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ് എന്ന് ഭേദഗതി അംഗീകരിക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം 6 (2) നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. "1–ഉം, 2–ഉം ഉപവകുപ്പുകളിലെ യാതൊരു വ്യവസ്ഥയും ഇന്ത്യാ ഗവൺമെന്റിന്റെ വ്യവസ്ഥകൾക്കനുസൃതമായി മലയാളഭാഷയെയോ പൈതൃകത്തെയോക്കുറിച്ച് പഠിക്കാനും ഗവേഷണം നടത്താനും തയ്യാറായിവരുന്ന അന്യ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ബാധകമാകുന്നതല്ല."

മലയാളത്തിൽ ആദ്യമായി ഒരു ഡിക്ഷണറി എഴുതിയത് മലയാളിയല്ല. ഗുണ്ടർട്ട് സായിപ്പാണ്. മലയാള ഭാഷയേയും അതുപോലെ കേരള സംസ്കാരത്തെയുംകുറിച്ച് പഠിക്കാൻ വരുന്ന വിദേശികളുടെ മുമ്പിൽ വാതിലുകൾ കൊട്ടിയടയ്ക്കപ്പെടുന്നു. ഇതുപോലെ സമാനമായത് ഫിഷറീസ് സർവ്വകലാശാല ആക്ടിലും വന്നിട്ടുണ്ട്. ഫിഷറീസ് സർവ്വകലാശാലയുടെ ഒന്നും രണ്ടും വകുപ്പുകളിൽ യാതൊന്നുംതന്നെ സർവ്വകലാശാലയെ ഭാരത സർക്കാരിന്റെ കാലാകാലങ്ങളിൽ നിഷ്ക്കർഷിക്കുന്ന ഉപാധികൾക്ക് വിധേയമായി മറ്റു രാജ്യങ്ങളിലുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് തടയുന്നതല്ല എന്ന് പറഞ്ഞിട്ടുള്ളതുപോലെ അന്യരാജ്യങ്ങളിൽ നിന്നുള്ളവർക്ക് നമ്മുടെ ഭാഷയേയും സംസ്കാരത്തേയും പഠിക്കാനുള്ള അവസരമുണ്ടാകണം. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. ജി. സുധാകരൻ, അങ്ങേയുടെ ഭേദഗതി മൂവ് ചെയ്യാൻ കഴിയില്ല. എന്തെങ്കിലും സംസാരിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കൂടുതലൊന്നും സംസാരിക്കുന്നില്ല. നിയമത്തെ സമ്പുഷ്ടമാക്കുന്നതിനാണ് ഭേദഗതികൾ അവതരിപ്പിക്കുന്നതും അത് സ്വീകരിക്കുന്നതും തള്ളുന്നതും. പക്ഷേ, നിർഭാഗ്യവശാൽ നല്ല ചിലതിനെ സ്വീകരിക്കുകയും അതുപോലെ നല്ലതിനെ തള്ളുകയും ചെയ്യുന്ന ഒരു വിവേചനം ഇവിടെ കണ്ടത് ഞാൻ ചൂണ്ടിക്കാണിച്ചത് ആരും സീരിയസ്സായി എടുത്തില്ല. അതുകൊണ്ട് ഞാനൊന്നും പ്രസ് ചെയ്യുന്നില്ല, ഒന്നും പറയുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും ശ്രീ. പാലോട് രവി അവതരിപ്പിച്ച 316 എന്നീ ഭേദഗതികളും ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതിയും ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും ശ്രീ. പാലോട് രവി അവതരിപ്പിച്ച 316 എന്നീ ഭേദഗതികളും ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതിയും

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 329–ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 330–ാം നമ്പർ ഭേദഗതിയും അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി വതരിപ്പിച്ച 323–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 317, 324, 326 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) അവതരിപ്പിച്ച 318, 327 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 320–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 322, 328 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്റെ 322–ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 322–ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

പ്രതികൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേഷ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. എൻ. ശക്തൻ
53. ശ്രീ. വി. ഡി സതീശൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. കെ. ശിവദാസൻ നായർ
59. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
60. ശ്രീ. സണ്ണി ജോസഫ്

61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. തോമസ് ഉണ്ണിയാടൻ
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. ഹംസ
17. ശ്രീമതി ജമീലാ പ്രകാശം
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. കെ. കെ. ജയചന്ദ്രൻ

21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. ശ്രീ. സി. കെ. സദാശിവൻ
43. ശ്രീ. സാജു പോൾ
44. ശ്രീമതി കെ. എസ്. സലീഖ
45. ശ്രീ. എസ്. ശർമ്മ
46. ശ്രീ. വി. ശശി
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. വി. എസ്. സുനിൽകുമാർ

51. ശ്രീ. കെ. സുരേഷ് കുറുപ്പ്
52. ശ്രീ. പി. തിലോത്തമൻ
53. ഡോ. ടി. എം. തോമസ് ഐസക്
54. ശ്രീ. ഇ. കെ. വിജയൻ
55. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ...... 55

പ്രതികൂലിക്കുന്നവർ..... 68

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 7-ാം വകുപ്പ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

331. ഖണ്ഡം 7(i)–ൽ ''മലയാളഭാഷയിലും സാഹിത്യത്തിലും'' എന്നീ വാക്കുകൾക്കുശേഷം ''ഇന്ത്യൻ ഭാഷയിലും വിദേശഭാഷയിലും'' എന്നീ വാക്കുകൾ ചേർക്കുക.

:

338. ഖണ്ഡം 7 (i) ൽ "മാധ്യമ പഠനങ്ങളിലും" എന്നീ വാക്കുകൾക്കു ശേഷം "ശാസ്ത്ര സാങ്കേതിക ശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവയിലും" എന്നീ വാക്കുകൾ ചേർക്കുക

:353. ഖണ്ഡം 7(viii)–ൽ "താരതമ്യ സാഹിത്യം" എന്ന വാക്കിനു ശേഷം "ഇന്ത്യൻ ഭാഷ, വിദേശ ഭാഷ" എന്നീ വാക്കുകൾ ചേർക്കുക.

376. ഖണ്ഡം 7 (xiv) ൽ "ഹെർമൻ ഗുണ്ടർട്ട്" എന്ന വാക്കുകൾക്ക് ശേഷം, "കലക്കത്ത് കുഞ്ചൻ നമ്പ്യാർ, പുന്നശ്ശേരി നമ്പി , ശ്രീ നീലകണ്ഠ ശർമ്മ" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 7(i)–ൽ ''മലയാളഭാഷയിലും സാഹിത്യത്തിലും'' എന്നീ വാക്കുകൾക്കുശേഷം ''ഭാഷാ ശൈലിയിലും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 7(i)–ൽ ''തർജ്ജമയിലും'' എന്ന വാക്കിനുപകരം ''തർജ്ജിമയിലും'' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 7(i)–ൽ ''നാടോടി, ശാസ്ത്രീയ, അനുഷ്ഠാന കലകളിലും'' എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

335. ഖണ്ഡം 7(i)–ൽ ''ഫോക്‌ലോർ'' എന്ന വാക്കിനുപകരം ''നാടൻകല'' എന്ന വാക്ക് ചേർക്കുക.

346. ഖണ്ഡം (7) (iv)ൽ "ഡിപ്ലോമകളും മറ്റ് അക്കാഡമിക" എന്നീ വാക്കുകൾക്ക് പകരം "അവകാശപത്രങ്ങളും മറ്റ് പണ്ഡിത" എന്ന വാക്കുകൾ ചേർക്കുക.

348. ഖണ്ഡം (7) (v)ൽ "പഠനകോഴ്സുകൾ എന്ന വാക്ക് വരുന്നിടത്തൊക്കെ "പഠന പാഠ്യ പദ്ധതികൾ" എന്ന വാക്കും "ഡിപ്ലോമകളും''എന്ന വാക്കിനു പകരം "അവകാശ പത്രങ്ങളും" എന്ന വാക്കും "അക്കാഡമിക ബഹുമതികളും" എന്നീ വാക്കുകൾക്ക് പകരം "പണ്ഡിത ബഹുമതികളും" എന്നീ വാക്കുകളും ചേർക്കുക.

350. ഖണ്ഡം (7) (vi) –ൽ "ഓണററി" എന്ന വാക്കിനു പകരം "ഉപചാര" എന്ന വാക്ക് ചേർക്കുക.

352. ഖണ്ഡം 7(viii)–ൽ "ഫാക്കൽറ്റികൾക്ക്" എന്ന വാക്കിനു പകരം വൈജ്ഞാനിക ശാഖകൾക്ക്" എന്ന വാക്ക് ചേർക്കുക.

359. ഖണ്ഡം 7(viii) - ൽ "പഠന സ്കൂളുകൾ" എന്നീ വാക്കുകൾക്കു പകരം "പഠനകേന്ദ്രങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക

362. ഖണ്ഡം 7 (ix) ൽ "പഠനകോഴ്സുകൾക്കും" എന്നീ വാക്കുകൾക്ക് പകരം "പഠനപാഠ്യ പദ്ധതികൾക്കും" എന്നീ വാക്കുകളും "ലൈബ്രറി" എന്ന വാക്കിനു പകരം "ഗ്രന്ഥശാല" എന്ന വാക്കും ചേർക്കുക.

367. ഖണ്ഡം 7(x) ൽ "മ്യൂസിയം" എന്ന വാക്കിനു പകരം "പ്രദർശനനിലയം" എന്ന വാക്ക് ചേർക്കുക.

368. ഖണ്ഡം (7)(xi) ൽ "അക്കാദമിക" എന്ന വാക്കിനു പകരം "പണ്ഡിത"എന്ന വാക്ക് ചേർക്കുക.

371. ഖണ്ഡം 7 (xiii) –ൽ "സ്റ്റാറ്റ്യൂട്ടുകൾ" എന്ന വാക്കിന് പകരം "ലിഖിത നിയമങ്ങൾ" എന്ന വാക്കും "ഫെല്ലോഷിപ്പുകളും" എന്ന വാക്കിനു പകരം "സൗഹൃദ ബഹുമതി" എന്ന വാക്കും "സ്കോളർഷിപ്പുകളും" എന്ന വാക്കിനു പകരം "വിദ്യാധന സഹായം" എന്ന വാക്കും ചേർക്കുക.

375. ഖണ്ഡം 7(xiv) – ൽ "സി.വി. രാമൻപിള്ള" എന്ന വാക്കിന് ശേഷം "ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, ഉണ്ണായി വാര്യർ" എന്നീ വാക്കുകളും അടയാളവും ചേർക്കുക.

381. ഖണ്ഡം(7)(xiv) ൽ " ചെയറുകളും " എന്ന വാക്ക് കാണുന്നിടത്തെല്ലാം അതിനു പകരം "പീഠങ്ങളും" എന്ന വാക്ക് ചേർക്കുക.

384. ഖണ്ഡം(7)(xv) ൽ " എൻഡോവ്മെന്റുകൾ " എന്ന വാക്കിനു പകരം " ധനാഗമ മാർഗ്ഗങ്ങൾ " എന്ന വാക്ക് ചേർക്കുക.

390. ഖണ്ഡം 7 (xvi) –ൽ"എമറേറ്റ്സ് പ്രൊഫസർമാരെ" എന്നീ വാക്കുകൾക്ക് പകരം "ബഹുമതിയുള്ള ആചാര്യന്മാരെ" എന്നും "അക്കാഡമിക" എന്ന വാക്കിന് പകരം "പണ്ഡിത" എന്നും "റൈറ്റർ/ആർട്ടിസ്റ്റ്/സ്കോളർ ഇൻ റസിഡൻസായും" എന്നീ വാക്കുകൾക്ക് പകരം "എഴുത്ത്/കല/ആസ്ഥാന പണ്ഡിതന്മാരായും" എന്നും ചേർക്കുക.

391. ഖണ്ഡം 7(xvii)-ൽ ''ഫീസും മറ്റു ചാർജ്ജുകളും'' എന്നീ വാക്കുകൾക്കുപകരം ''വേതനവും മറ്റു വിലകളും'' എന്നീ വാക്കുകൾ ചേർക്കുക.

335, 348, 368 എന്നീ ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചതാണ്.

375–ാമത്തെ ഭേദഗതിയിൽ പറയുന്ന കവികൾ ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്നവരാണ്. തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിൽ ഒരു സർവ്വകലാശാല ഉണ്ടാക്കുമ്പോൾ, 16–18 നൂറ്റാണ്ടുകളിൽ മലയാളഭാഷയ്ക്ക് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയവരാണ് ഇവർ. ഇവിടെ എടുത്തിരിക്കുന്ന മറ്റ് നിലവാരത്തിനെക്കുറിച്ചൊന്നും എനിക്ക് ആക്ഷേപമില്ല. മലയാളഭാഷയ്ക്ക് എന്നും ഓർക്കേണ്ടതായ, അന്ന് ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ചെറുശ്ശേരിയേയും കുഞ്ചൻ നമ്പ്യാരേയും ഉണ്ണായിവാര്യരേയും കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് 375–ൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

384–ാമത്തെ ഭേദഗതിയിലെ എൻഡോവ്മെന്റുകൾ എന്നു പറയുന്നത് ഓരോ സ്ഥാപനങ്ങളിലും ചേർക്കുന്ന ധനാഗമമാർഗ്ഗങ്ങളാണ്. ഞാനത് മൂവ് ചെയ്യുകയാണ്. സംസാരിക്കുന്നില്ല.

<u>ശ്രീ. വി. റ്റി. ബൽറാം</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

336. ഖണ്ഡം 7 (i) ൽ "കളരി" എന്ന വാക്കിന് പകരം "തനത് ആയോധന കലകൾ" എന്നീ വാക്കുകൾ ചേർക്കുക

343. ഖണ്ഡം 7 (iii) ൽ "മലയാള ലിപി കമ്പ്യൂട്ടർ ഉപയോഗത്തിന് കൂടുതൽ അനുയോജ്യമാക്കി തീർക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "മലയാളം ലിപി കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുമായി കൂടുതൽ പൊരുത്തപ്പെടുത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

357. ഖണ്ഡം 7(viii) ൽ "വാസ്തു വിദ്യയും" എന്നീ വാക്കുകൾക്ക് പകരം "പാരമ്പര്യ നിർമ്മാണ രീതികൾ" എന്നീ വാക്കുകൾ ചേർക്കുക.

358. ഖണ്ഡം 7(viii) ൽ "മാധ്യമ പഠനങ്ങൾ" എന്നീ വാക്കുകൾക്ക് ശേഷം "മലയാള സിനിമാ പഠനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

376. ഖണ്ഡം 7 (xiv) ൽ "ഹെർമ്മൻ ഗുണ്ടർട്ട്" എന്ന വാക്കുകൾക്ക് ശേഷം "ഒ. ചന്തുമേനോൻ, ജെ. സി. ഡാനിയേൽ" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

394. ഖണ്ഡം 7(xix)-ൽ ''അവരെ നിയന്ത്രിക്കുകയും'' എന്നീ വാക്കുകൾക്കുപകരം ''ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും'' എന്നീ വാക്കുകൾ ചേർക്കുക.

"മലയാള ലിപി കമ്പ്യൂട്ടർ ഉപയോഗത്തിന് കൂടുതൽ അനുയോജ്യമാക്കി തീർക്കുന്നതിനും" എന്നാണ് ഇപ്പോഴുള്ളത്. ഇതൊരു ലിപി പരിഷ്ക്കരണത്തിലേക്ക് നയിച്ചേക്കുമോ എന്നുള്ള ഒരു ആശങ്കയാണുള്ളത്. മലയാളത്തിന്റെ ഏറ്റവും വലിയ സൗന്ദര്യവും അതിന്റെ ശക്തി ഇപ്പോഴത്തെ ലിപിയാണ്. ആ ലിപി പരിഷ്ക്കരിച്ച് കമ്പ്യൂട്ടറിന് അനുയോജ്യമാക്കുന്നു എന്നുള്ള പേരിൽ വേറൊരു രിതിയിൽ ആക്കിതീർത്താൽ മലയാളത്തിന്റെ സൗന്ദര്യവും സ്വാഭാവികതയും നഷ്ടപ്പെടും. അതുകൊണ്ടുതന്നെ ഇപ്പോഴുള്ളത് മാറ്റി മലയാളം ലിപി കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുമായി കൂടു

തൽ പൊരുത്തപ്പെടുത്തുന്നതിന് എന്നാക്കുക. അല്ലാതെ മലയാളം ലിപി പരിഷ്ക്കരിക്കാനുള്ള ഒരു നിർദ്ദേശം അതിനുള്ള ഒരു അധികാരം ഈ സർവ്വ കലാശാലയ്ക്കും അതിന്റേ ഭാഗമായിട്ടുള്ള കാര്യങ്ങൾക്കും കൊടുത്താൽ വലിയ അപകടമുണ്ടാക്കും എന്നുളളതാണ് 343–ാമത്തെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

357 ൽ പറയുന്നത് "വാസ്തു വിദ്യയും" എന്നീ വാക്കുകൾക്ക് പകരം "പാരമ്പര്യ നിർമ്മാണ രീതികൾ" ഈ വാക്ക് സ്വികരിക്കുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. വാസ്തു വിദ്യ എന്നുള്ള സംസ്കൃത പദത്തിനെക്കാൾ എന്തു കൊണ്ടും പാരമ്പര്യ നിർമ്മാണ രീതികൾ എന്നുള്ളതുതന്നെയാണ് നല്ലത്. ട്രെഡീഷണൽ ആർക്കിടെക്ചർ എന്നുള്ളതിന്റെ ശരിയായ മലയാളവും അതുതന്നെയാണ്. അത് കൂടുതൽ ശാസ്ത്രീയവുമാണ്. അത് സ്വീകരിക്കാതിരിക്കുന്നതിന് കാരണമൊന്നും കാണുന്നില്ല.

358–ാമത്തെ ഭേദഗതിയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചതുപോലെ സിനിമ എന്നു പറയുന്നത് നമ്മുടെ സംസ്ക്കാരത്തെക്കുറിച്ചും നമ്മുടെ ചരിത്രത്തതെ ക്കുറിച്ചുമൊക്കെ വലിയ രീതിയിലുള്ള ഉൾക്കാഴ്ചകൾ പകർന്നു നൽകുന്നതിന് ഉപകരിക്കുന്ന ഒന്നാണ്. അതുവേണമെങ്കിൽ മലയാള സിനിമാ പഠനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേകമായിട്ടുള്ള ഒരു ശ്രദ്ധ ഇതിന്റെ ഭാഗമായിട്ടുണ്ടാകുകയാണെങ്കിൽ വളരെ നന്നായിരിക്കും. അതുകൊണ്ട് മലയാള സിനിമാ പഠനങ്ങൾ/ചലച്ചിത്ര പഠനങ്ങൾ എന്ന വാക്ക് ചേർക്കണം.

മലയാള പഠനങ്ങൾക്ക് ചെയർ രൂപികരിക്കുകയാണെങ്കിൽ അതിൽ ഏറ്റവും ഉചിതമായ പേര് ജെ. സി. ഡാനിയേലിന്റെ ആയിരിക്കും. മലയാള ചലചിത്രത്തിന്റെ പിതാവ് അദ്ദേഹമാണ്. ഒരു ചെയർ ജെ. സി. ഡാനിയേ

ലിന്റെ പേരിൽ രൂപീകരിക്കേണ്ടതാണ്. അതപോലെ മലയാളത്തിന്റെ ആദ്യത്തെ നോവലായ ഇന്ദുലേഖ എഴുതിയത് ഒ. ചന്തുമേനോനാണ്. അതു കൊണ്ടുതന്നെ അദ്ദേഹത്തിന്റെ പേരിലും ഒരു ചെയർ ആരംഭിക്കണമെന്നുള്ള താണ് 377–ാം ഭേദഗതി.

394–ാമത്തെ ഭേദഗതിയിൽ ''അവരെ നിയന്ത്രിക്കുകയും'' എന്നുള്ള വാക്കാണ് എഴുതിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ കാര്യമാണ് ഇവിടെ പറയുന്നത്. കുട്ടികളുടെ അച്ചടക്കത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ഭാഗമാണ്. വിദ്യാർത്ഥികളെ നിയന്ത്രിക്കുക എന്ന വാക്കിനു പകരം ''ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും'' എന്നുള്ള ഒരു മൃദുല സ്വഭാവത്തി ലേക്ക് അതിനെ മാറ്റണം. വിദ്യാർത്ഥികൾ അങ്ങനെ കർശനമായി നിയന്ത്രി ക്കപ്പെടേണ്ട ക്രിമിനൽ കുറ്റവാസനയുള്ള ആളുകളൊന്നുമല്ല. അതുകൊണ്ട് അതിലൊരു ചെറിയ ഒരു ഭേദഗതി അത് വളരെ ഉദാര മനസ്സോടുകൂടി സ്വീക രിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

337. ഖണ്ഡം 7 (i) ൽ "മാധ്യമ പഠനങ്ങളിലും" എന്നീ വാക്കുകൾക്ക് ശേഷം "മലയാള ഭാഷയുടെ വ്യാകരണം, ശൈലി, ഉച്ചാരണം എന്നിവയിലും" എന്നീ വാക്കുകൾ ചേർക്കുക.

370. ഖണ്ഡം 7(xii) ൽ "നിയമിക്കുകയും" എന്ന വാക്കിനു ശേഷം "ജോലിയുടെ സ്വഭാവവും, കടമകളും, ബാധ്യതകളും നിശ്ചയി ക്കുകയും, ആവശ്യമായിടത്ത് അച്ചടക്ക നടപടികൾ സ്വീകരിക്കു കയും" എന്നീ വാക്കുകൾ ചേർക്കുക.

ബില്ലിലെ ഏഴാം വകുപ്പിൽ സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും എന്ന ഭാഗത്ത് ഒന്നാം വകുപ്പിൽ (i) മലയാള ഭാഷയിലും സാഹിത്യത്തിലും തർജ്ജമയിലും താരതമ്യ സാഹിത്യത്തിലും കേരളത്തിലെ നാടോടി, ശാസ്ത്രീയ, അനുഷ്ഠാന കലകളിലും ഗോത്ര സംസ്കാരത്തിലും കേരളത്തിന്റെ പാരമ്പര്യ വിജ്ഞാന സമ്പ്രദായങ്ങളിലും നാടോടി കഥകളിലും ഫോക്‌ലോർ പഠനത്തിലും കളരി പഠനത്തിലും സാംസ്കാരിക പഠനങ്ങളിലും നൂതനസാങ്കേതികവിദ്യാപരിചയത്തോടെയുള്ള മാധ്യമ പഠനങ്ങളിലും എന്നു കഴിഞ്ഞിട്ട് എല്ലാം വിശദമായി പറഞ്ഞ സ്ഥിതിക്ക് 7(1)–ൽ 'മാധ്യമ പഠനങ്ങളിലും' എന്ന വാക്കുകൾക്കുശേഷം 'മലയാള ഭാഷയുടെ വ്യാകരണം, ശൈലി, ഉച്ചാരണം' എന്നിവയിലും എന്നുകൂടി ചേർക്കുക എന്നുള്ളതാണ് എന്റെ 337–ാമത്തെ ഭേദഗതി

സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും പറഞ്ഞ ഭാഗത്ത് 12–ാം ഉപവകുപ്പിൽ സർക്കാർ അംഗീകരിക്കുന്ന പ്രകാരം ഭരണപരമായ തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിൽ നിർണ്ണയിക്കപ്പെടുന്ന യോഗ്യതകളുള്ള ആളുകളെ നിയമിക്കുകയും ചെയ്യുക; എന്നാണ് പറഞ്ഞിട്ടുള്ളത്. സർവ്വകലാശാലയുടെ നിയമനാധികാരങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും നിയമനത്തിനുശേഷമുള്ള അച്ചടക്കനടപടികളെ കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് ഖണ്ഡം 7–ൽ 12–ാം ഉപവകുപ്പിൽ നിയമിക്കുകയും എന്ന വാക്കിനുശേഷം ജോലിയുടെ സ്വഭാവവും, കടമകളും, ബാധ്യതകളും നിശ്ചയിക്കുകയും, ആവശ്യമായിടത്ത് അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നത് സർവ്വകലാശാലയുടെ അധികാരത്തിന്റെ

ഭാഗമായിരിക്കണം. നിയമിക്കുന്നതുപോലെതന്നെ അച്ചടക്ക നടപടകൾ സ്വീകരിക്കുകയും വേണം എന്നുള്ളതാണ് എന്റെ 370-ാമത്തെ ഭേദഗതിയിൽ പറയുന്നത്. ഈ രണ്ട് ഭേദഗതികളും മൂവ് ചെയ്യുന്നു.

<u>ശ്രീ. വി. ശശി</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

340. ഖണ്ഡം 7 (ii) ൽ "വിഷയങ്ങൾ" എന്ന വാക്കിനു ശേഷം "മലയാള മാധ്യമത്തിലൂടെ വിവിധ വൈജ്ഞാനികവിഷയങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

344. ഖണ്ഡം 7 (iii) ൽ "പ്രകടിപ്പിക്കുന്നതിനായി" എന്ന വാക്കിന് പകരം "പ്രകടിപ്പിക്കുന്നതിനുമായി" എന്ന വാക്കുചേർക്കുക.

347. ഖണ്ഡം 7 (iv) - ന്റെ അവസാന ഭാഗത്ത് താഴെ പറയുന്നവ ചേർക്കുക.

"ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും സാമൂഹിക മാനവിക വിഷയങ്ങളിലും തൊഴിലധിഷ്ഠിത വിഷയങ്ങളിലും മലയാള മാധ്യമത്തിലും ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുക ഏതൊരു വിഷയത്തിലും പി. എച്ച്. ഡി ഉൾപ്പെടെയുള്ള ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിലെഴുതി സമർപ്പിക്കുന്നതിനും അവ മൂല്യനിർണ്ണയം നടത്തി ബിരുദങ്ങൾ നൽകുന്നതിനും അവസരമൊരുക്കുക."

340-ാമത്തെ ഭേദഗതി നേരത്തെ അംഗീകരിച്ചതുമായി ബന്ധപ്പെട്ടതാണ്.

ഖണ്ഡം 7 (iii) ൽ 'പ്രകടിപ്പിക്കുന്നതിനായി' എന്നുള്ളത് ശരിയല്ല. 'പ്രകടിപ്പിക്കുന്നതിനുമായി' എന്നു വരണം എന്നുള്ളതാണ് 344-ാമത്തെ ഭേദഗതി.

അതുപോലെ മലയാള സർവ്വകലാശാലയിലെങ്കിലും ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽത്തന്നെ തയ്യാറാക്കി സമർപ്പിക്കാൻ കഴിയണം. ഇപ്പോൾ കണ്ടുവരുന്ന പ്രവണത ഉണ്ണിയച്ചി ചരിതത്തെപ്പറ്റി ഗവേഷണം നടത്തിയാലും പ്രബന്ധം ഇംഗ്ലീഷിൽ നല്കണമെന്നാണ് പല യൂണിവേഴ്സിറ്റികളിലും നിലവിലുള്ള വ്യവസ്ഥ. ഈ യൂണിവേഴ്സിറ്റിയിലെങ്കിലും അതിന് മാറ്റം വരണമെന്നുള്ളതാണ് 347–ാമത്തെ ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

341.. ഖണ്ഡം 7 (ii) ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക

" (iii) ശുദ്ധമായ മലയാള ഭാഷയും വാക്കുകളുടെ കൃത്യമായ ഉച്ചാരണവും സംരക്ഷിക്കാനും സാർവത്രികമാക്കാനും ആവശ്യമായ പ്രവർത്തനം നടത്തുക ;

"(iv) കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രയോഗത്തി ലുള്ളതും, ഉണ്ടായിരുന്നതുമായ മലയാളത്തിന്റെ ഭാഷാഭേദങ്ങളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുകയും തത്സംബന്ധമായ വിഷയങ്ങൾ പഠനകോഴ്സുകളുടെ ഭാഗമാക്കുകയും ചെയ്യുക."

355.. ഖണ്ഡം 7(viii)–ൽ "തർജ്ജമ" എന്ന വാക്കിനു ശേഷം "മലയാള പദങ്ങൾ ഇതര ഭാഷകളിൽ എഴുതുമ്പോൾ പാലിക്കേണ്ട മൊഴിമാറ്റരീതി ശാസ്ത്രം" എന്നീ വാക്കുകൾ ചേർക്കുക.

378. ഖണ്ഡം 7 (xiv) ൽ "ഹെർമ്മൻ ഗുണ്ടർട്ട്" എന്ന വാക്കിനു ശേഷം "പൂന്താനം" എന്ന വാക്ക് ചേർക്കുക.

ഏത് ഭാഷയുടേയും നിലനില്പ്പിനും സുരക്ഷയിലും ഉച്ചാരണം വളരെ പ്രധാനമായതുകൊണ്ട് 341–ാമത്തെ ഭേദഗതി 7(iii) ആയി ചേർക്കണം എന്നാണ് ബഹു. മന്ത്രിയോടുള്ള അപേക്ഷ.

കേരളത്തിന്റെ പല ഭാഗത്തും പല മലയാളമാണ് ഉപയോഗിക്കുന്നത്. അത് അതിന്റെ ഒരു സൗന്ദര്യമാണ്. ആ വിഷയംകൂടി 7(iv) -ൽ ഉൾപ്പെടുത്തണമെന്നതാണ് 341-ലെ ഒരു ഭേദഗതി.

355-ാമത്തെ ഭേദഗതിയിൽ വിവർത്തനത്തെ കുറിച്ച് പറയുന്നുണ്ട്. തർജ്ജമ പോലെ തന്നെ പ്രധാനമാണ്. ഇതുകൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ബില്ലിന് പൂർണ്ണത വരികയുള്ളൂ എന്നാണ് എന്റെ എളിയ നിർദ്ദേശം.

ആരേയും പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ 378-ൽ ഞാൻ ഈ നിർദ്ദേശം കൊണ്ടുവരില്ലായിരുന്നു. ഭാഷയിലെ മഹാരഥന്മാരായ ചിലരെ ഇതിൽ സൂചിപ്പിക്കുന്നുണ്ട്. അക്കൂട്ടത്തിൽ പൂന്താനത്തിനുശേഷം പല പ്രമുഖന്മാരും വന്നു. പൂന്താനത്തെ വിട്ടുപോയത് വലിയൊരു കുറവാണ്. അത് പരിഹരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള അപേക്ഷ.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

342.. ഖണ്ഡം 7 (2) ന് ശേഷം താഴെപ്പറയുന്നവ (iii) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(iii) ഗ്രന്ഥശാലാ ശാസ്ത്രപഠനം, നാടൻപാട്ടുകൾ, പഴഞ്ചൊല്ലുകൾ, നാട്ടറിവുകൾ എന്നിവ പഠനവിധേയമാക്കു കയും ഗവേഷണം നടത്തുകയും ചെയ്യുക."

372. ഖണ്ഡം 7(xiv) - ൽ "എഴുത്തച്ഛൻ" എന്ന വാക്കിന് ശേഷം "കുഞ്ചൻ നമ്പ്യാർ", എന്ന വാക്കുകളും അടയാളവും ചേർക്കുക.

372എ. ഖണ്ഡം 7(xiv) – ൽ “ചെയറുകളും” എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം “പീഠങ്ങൾ”എന്ന വാക്ക് ചേർക്കുക.

ഏതൊരു ഭാഷയും സാഹിത്യവും സമാഹരിക്കപ്പെടുന്നത് ഗ്രന്ഥങ്ങളിലാണ്. ഗ്രന്ഥശാലാ ശാസ്ത്രപഠനവും അതുപോലെതന്നെ നാടൻ പാട്ടുകളും പഴഞ്ചൊല്ലുകളും നാട്ടറിവുകളും ഇല്ലാതെ ഒരു ഭാഷ പൂർണ്ണമാകുമോ; അതുകൊണ്ട് എന്റെ 342–ാമത്തെ ഭേദഗതി കൂടി ഉൾപ്പെടുത്തണം. അങ്ങ് അനുവദിക്കുമെങ്കിൽ കുറച്ച് നാടൻ പാട്ടുകളും പഴഞ്ചൊല്ലുകളും പറയാമായിരുന്നു. അതിനിപ്പോൾ അവസരമില്ലല്ലോ. അതുപോലെതന്നെ നോക്കെടാ നമ്മുടെ മാർഗ്ഗെ കിടക്കുന്ന മർക്കടാ.......

മി. സ്പീക്കർ: അതൊന്നും വേണ്ട. 60 വകുപ്പിൽ 7 വകുപ്പ് കഴിഞ്ഞിട്ടില്ല ശ്രീ. സാജു പോൾ.

ശ്രീ. സാജുപോൾ: സർ, കുഞ്ചൻ നമ്പ്യാരുടെ വഴി മുടക്കരുത് എന്നാണ് 372–ാം ഭേദഗതിയിലൂടെ പറഞ്ഞത്.

ചെയറുകളൊക്കെ പീഠങ്ങൾ എന്നാക്കി മാറ്റണം എന്നതാണ് 372 (എ) യിലുള്ള ഭേദഗതി.

ശ്രീമതി. കെ. എസ്. സലീഖ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

345. ഖണ്ഡം 7 (iv) ൽ “ബിരുദങ്ങളും ഡിപ്ലോമകളും” എന്നീ വാക്കുകൾക്ക് ശേഷം “ബിരുദാനന്തര ബിരുദങ്ങളും ഗവേഷണ ബിരുദങ്ങളും”” എന്നീ വാക്കുകൾ ചേർക്കുക.

364. .ഖണ്ഡം 7 (x) ൽ "ഒരു സാംസ്ക്കാരിക മ്യൂസിയം എന്നീ വാക്കുകൾക്ക് പകരം """ഒരു മലയാള സാംസ്ക്കാരിക മ്യൂസിയം""" എന്നീ വാക്കുകൾ ചേർക്കുക.

374. ഖണ്ഡം 7(xiv) – ൽ "സി.വി.രാമൻപിള്ള" എന്ന വാക്കിന് ശേഷം "എസ്.കെ.പൊറ്റക്കാട്, ചങ്ങമ്പുഴ, ഇടശ്ശേരി" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

നമുക്ക് ചരിത്ര മ്യൂസിയം, സയൻസ് മ്യൂസിയം, നിയമസഭാ മ്യൂസിയം, ഇംഗ്ലീഷ് സാഹിത്യം ഇതൊക്കെയുണ്ട്. അപ്പോൾ ഇതൊരു മലയാള സർവ്വകലാശാല എന്നുള്ളതുകൊണ്ട് മലയാള സാംസ്ക്കാരിക മ്യൂസിയം എന്നാക്കി മാറ്റണമെന്നുള്ള അഭിപ്രായമാണ് 364–ൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്.

യാത്രാ എഴുത്തുകാരനായ എസ്.കെ.പൊറ്റക്കാടിന്റെ നൂറാം ജന്മ വാർഷികം ആഘോഷിക്കുന്ന സമയത്താണ് നമ്മൾ ഈ ബില്ല് ചർച്ച ചെയ്യുന്നത്. അതുകൂടി ചേർക്കണം എന്നുള്ള നിർദ്ദേശമാണ് 374–ൽ മുന്നോട്ട് വയ്ക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

349. ഖണ്ഡം 7 (vi)–ൽ "ഓണററി" എന്ന വാക്കിനുപകരം ബഹുമതി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. എ. മാധവൻ:</u> സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 7 (viii)-ൽ "തർജ്ജമ" എന്ന വാക്കിനുപകരം "തർജ്ജിമ" എന്ന വാക്ക് ചേർക്കുക

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

356. ഖണ്ഡം 7(viii) ൽ "വാസ്തുവിദ്യയും" എന്ന വാക്ക് ഒഴിവാക്കുക.

387. ഖണ്ഡം 7 (xvi) ൽ "പ്രസിദ്ധരായ എഴുത്തുകാരെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

8-ാം ഉപവകുപ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ചാണ് പറയുന്നത്. ഞാൻ നേരത്തെ ഇവിടെ അഞ്ചാം വകുപ്പിൽ പറഞ്ഞതുപോലെ വാസ്തു വിദ്യ മലയാള സർവ്വകലാശാലയിൽ പഠിപ്പിക്കേണ്ടതല്ല. ടെക്നിക്കൽ സർവ്വ കലാശാലയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വരുന്നതാണ്. അത് അതിലേയ്ക്ക് മാറ്റണം. വാസ്തുവിദ്യയെക്കുറിച്ച് വളരെയധികം പഠനം നടത്താനും ഗഹനമായ ചിന്തകൾ നടത്തുകയും വേണം. അതൊക്കെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ വരുന്ന വിഷയങ്ങളാണ്. ഇതു സംബന്ധിച്ചാണ് 356-ാം ഭേദഗതിയിൽ പറയുന്നത്.

പ്രസിദ്ധരായ എഴുത്തുകാർ എന്നത്, പ്രസിദ്ധി എന്നുള്ളത് ആപേക്ഷിക മാണ്. അതുകൊണ്ട് പ്രസിദ്ധരായ എഴുത്തുകാർ എന്ന പദം നീക്കണം. പ്രസിദ്ധിയുടെ വലിപ്പം കൂടുകയും കുറയുകയും ചെയ്യും. അതല്ലാതെ അപ്രസിദ്ധരായ എഴുത്തുകാരില്ല. പ്രസിദ്ധരായ എഴുത്തുകാർ എന്നതുമാറ്റി എഴുത്തുകാർ എന്നാക്കണം എന്നുള്ളതാണ് 387-ാം ഭേദഗതി.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

360. ഖണ്ഡം 7(viii) ന്റെ അവസാന ഭാഗത്ത് താഴെപ്പറയുന്നവ കൂട്ടി ചേർക്കുക.
"പ്രിന്റ്-വിഷ്വൽ മീഡിയ, ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ മേഖലകളിലും പഠനസ്കൂളുകൾ സ്ഥാപിക്കുക".

361. ഖണ്ഡം 7(viii) നുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

(ix) "കേരളത്തിന്റെ ഭാഷയും, സംസ്ക്കാരവും, ഭാഷാചരിത്രവും പരിപോഷിപ്പിക്കാൻ ഉതകുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക.

(x) ബിരുദ, ബിരുദാനന്തര വൈജ്ഞാനിക ഗ്രന്ഥങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ ആവശ്യമായ പഠനഗവേഷണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക."

379. ഖണ്ഡം 7(xiv) – ൽ "ഹെർമ്മൻ ഗുണ്ടർട്ട്" എന്ന വാക്കുകൾക്ക് ശേഷം "പൂന്താനം, ഇടശ്ശേരി, ഉറൂബ്" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

388. ഖണ്ഡം 7(xvi) – ൽ "യോഗ്യതകൾ കണക്കിലെടുക്കാതെ" എന്നീ വാക്കുകൾക്ക് പകരം "യോഗ്യതകൾ കൂടി പരിഗണിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

360-ൽ വിവിധ പഠന സ്കൂളുകളെകുറിച്ച് നിർദ്ദേശിച്ച കൂട്ടത്തിൽ പ്രിൻ-വിഷ്വൽ മീഡിയ, ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ എന്നീ രണ്ട് സ്കൂളുകൾകൂടി വേണമെന്നുള്ള നിർദ്ദേശമാണുള്ളത്.

361-ൽ 7(viii)-നുശേഷം രണ്ട് ഉപവകുപ്പുകൾകൂടി ചേർക്കണമെന്നുള്ളതാണ്.

ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി ഇവിടെ സൂചിപ്പിച്ചതുപോലെ 379 –ാമത്തെ ഭേദഗതിയിൽ പൂന്താനം, ഇടശ്ശേരി, ഉറൂബ് എന്നീ മൂന്ന് പുതിയ ചെയറുകളാണ് പ്രൊപ്പോസ് ചെയ്യുന്നത്. ഇതിൽ പൂന്താനത്തെ നിർബന്ധ മായും ഉൾപ്പെടുത്തേണ്ടതാണ്.

പ്രസിദ്ധരായ എഴുത്തുകാരുടെ ഒരു യോഗ്യതകളും കണക്കിലെടു ക്കാതെ എന്നാണ് പറഞ്ഞിരിക്കുന്നത്. പ്രസിദ്ധരായ എഴുത്തുകാരുടെ അക്കാദമിക് ക്വാളിഫിക്കേഷനുകൾകൂടി പരിഗണിക്കുകയാണ് വേണ്ടത്. പ്രസിദ്ധരായ എഴുത്തുകാരുടെ അക്കാദമിക് ക്വാളിഫിക്കേഷനുകൾകൂടി പരി ഗണിച്ചുകൊണ്ട് എന്നാക്കി മാറ്റണം എന്നുള്ളതാണ് 388–ാമത്തെ ഭേദഗതി.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

363. ഖണ്ഡം 7 (ix) താഴെപ്പറയും പ്രകാരം മാറ്റുക.

> "(ix) സർവ്വകലാശാലയുടെ പഠന കോഴ്സുകൾക്കും ഗവേഷണ ത്തിനും ഉപയുക്തമായ സർവ്വകലാശാലയുടെ ഒരു പുസ്തകാ ലയം സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക;"

സർവ്വകലാശാലയുടെ പഠന കോഴ്സുകൾക്കും ഗവേഷണത്തിനും പ്രസക്തമായ ഒരു സർവ്വകലാശാല ലൈബ്രറി സ്ഥാപിക്കുകയും പരിപാലി ക്കുകയും ചെയ്യുക എന്നാണ് പറയുന്നത്. അതിനുപകരമായി സർവ്വകലാശാ ലയുടെ പഠന കോഴ്സുകൾക്കും ഗവേഷണത്തിനും ഉപയുക്തമായ സർവ്വക ലാശാലയുടെ ഒരു പുസ്തകാലയം സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നുമാറ്റണം എന്നാണ് 363 – ൽ നിർദ്ദേശിക്കുന്നത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

365. ഖണ്ഡം 7 (x) ൽ "ഒരു സാംസ്ക്കാരിക", എന്നീ വാക്കുകൾക്ക് ശേഷം. "ഭാഷാ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 7(x) ൽ "മ്യൂസിയം" എന്ന വാക്കിനു പകരം "പ്രദർശനാലയം" എന്ന വാക്കു ചേർക്കുക.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 7(xi) നു ശേഷം താഴെപറയുന്നവ ഖണ്ഡം 7(xii) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(xii) കേരളത്തിന്റെ സംസ്കാരം പൈതൃകം ഭാഷ എന്നിവയെക്കുറിച്ചും ശാസ്ത്ര മാനവിക വിഷയങ്ങൾ ബിരുദതലം വരെ മലയാളത്തിൽ പഠിക്കാൻ ഉതകും വിധമുള്ള വൈജ്ഞാനിക ഗ്രന്ഥങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കുക".

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

373. ഖണ്ഡം 7(xiv) – ൽ "വള്ളത്തോൾ" എന്ന വാക്കിന് ശേഷം "കുഞ്ചൻ നമ്പ്യാർ, എ.ആർ.രാജരാജവർമ്മ, ഉണ്ണായിവാര്യർ" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

ഇതിന്റെ അടിസ്ഥാനം കൃത്യമായി മനസ്സിലാകുന്നില്ല. കുഞ്ചൻ നമ്പ്യാർ എഴുത്തച്ഛനെപ്പോലെ പ്രാധാന്യമുള്ള ഒരാളാണ്. എ.ആർ. രാജരാജ

വർമ്മ നമ്മുടെ കേരള പാണിനി, ഭാഷയുടെ വ്യാകരണത്തിൽ ഏറ്റവും കൂടുതൽ സംഭാവന നല്കിയ ആളാണ്. അതുപോലെ ഉണ്ണായിവാര്യർ കഥകളിയുടെ ഏറ്റവും പ്രധാനപ്പെട്ട ആളായിരുന്നു. ഒരു മാനദണ്ഡം എന്ന നിലയിലാണ് ഇവരെ മൂന്നുപേരെയും ഉൾപ്പെടുത്തണമെന്ന് പറയുന്നത്. മാത്രമല്ല ചെറുകഥാ സാഹിത്യം ആരംഭിച്ച വേങ്ങയിൽ കുഞ്ഞിരാമൻ നായരാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ എഴുതിയത്. അദ്ദേഹ ത്തിന്റെ പേരിൽ ഒരു ചെയർപോലുമില്ല. അതുംകൂടി ഉൾപ്പെടുത്തണമെന്ന താണ് എന്റെ 373-ാമത്തെ ഭേദഗതിയിൽ പറയുന്നത്..

മി. സ്പീക്കർ: മലയാളത്തിലെ എല്ലാ സാഹിത്യകാരന്മാരെയും ചേർത്ത് ........... ഇത് മലയാള സർവ്വകലാശാല നിയമമാണ്. കാറ്റലോഗല്ല. ഞാൻ പറഞ്ഞു എന്നുമാത്രമേയുള്ളൂ. അങ്ങ് പറഞ്ഞതെല്ലാം ശരിയാണ്. വേങ്ങയിൽ കുഞ്ഞിരാമൻ നായരാണ് ചെറുകഥയുടെ തുടക്കക്കാരൻ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380. ഖണ്ഡം 7 (xiv) ൽ “ഹെർമൻ ഗുണ്ടർട്ട്” എന്നീ വാക്കുകൾക്ക് ശേഷം “ബഞ്ചമിൻ ബെയ്‌ലി” എന്നീ വാക്കുകൾ ചേർക്കുക.

മലയാളത്തിൽ ഹെർമ്മൻ ഗുണ്ടർട്ടിന് അനിഷേധ്യമായ സ്ഥാന മാണുള്ളത്. അതേപോലെ തന്നെയാണ് ബഞ്ചമിൻ ബെയ്‌ലിയുടേതും. ആദ്യത്തെ മലയാള പ്രിന്റിംഗ് പ്രസ്സ് സ്ഥാപിച്ചത് അദ്ദേഹമാണ്. 1824-ൽ അദ്ദേഹത്തിന്റെ ആദ്യത്തെ മലയാള ചെറുകഥാ സമാഹാരവും ചെറുപൈത ങ്ങൾക്ക് ഉപഹാരാർത്ഥം എന്ന പേരിൽ ബാലകഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ മലയാളത്തിൽ ആദ്യമായി ലിപി പരിഷ്ക്കാരങ്ങൾ

നടത്തിയതും അദ്ദേഹമാണ്. എത്രയോ കാലങ്ങൾ ഇതിനുശേഷം കേരളത്തിൽ അതിനുവേണ്ടി വളരെ ശാസ്ത്രീയമായ ഒരു സംരംഭമാണ് എൻ. വി. കൃഷ്ണ വാര്യരുടെ നേതൃത്വത്തിൽ തുടങ്ങിയത്. ഒരു വിദേശമിഷനറി കേരളത്തിൽ വന്ന് മലയാളം പഠിച്ചിട്ട് ചെയ്തതതാണ്. ആദ്യത്തെ മലയാളം-ഇംഗ്ലീഷ് ഡിക്ഷനറിയും ഇംഗ്ലീഷ്-മലയാളം ഡിക്ഷനറിയും അദ്ദേഹം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ കുട്ടികൾക്ക് രോഗം വന്ന് ചികിത്സാകിട്ടാതെ മരിക്കുകയും ചെയ്തു. അങ്ങനെയെല്ലാം മലയാള സാഹിത്യത്തിനും ഭാഷക്കും വേണ്ടി സേവനം അനുഷ്ഠിച്ച ഒരാൾ, ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ ഇത്രയും പേരുകൾപറഞ്ഞ സ്ഥിതിക്ക് ബെഞ്ചമിൻ ബെയ്‌ലിയുടെ പേരും ആ കൂട്ടത്തിൽ ഉൾപ്പെടുത്തണം. അല്ലെങ്കിൽ അതൊരു നന്ദികേടാണ്.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 7 (xiv) താഴെ പറയുംപ്രകാരം മാറ്റുക

> "(xiv) മലയാള ഭാഷയ്ക്കും, സാഹിത്യത്തിനും, കലയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകിയ മൺമറഞ്ഞ മഹാന്മാരുടെ പേരിൽ ചെയറുകൾ സ്ഥാപിക്കുക;"

383 മൂവ് ചെയ്യുകയാണ്. കാരണം ഈ നിയമത്തിനകത്ത് ഇന്നയിന്ന പേരുകൾ എന്ന് പറയുന്നതാണ് നല്ലത്. ഈ രംഗത്ത് മലയാള ഭാഷയുടെ വിവിധ മേഖലകളിൽ സേവനം ചെയ്ത ധാരാളം ആളുകൾ കലയ്ക്ക് മാത്രമല്ല വി. കെ. കൃഷ്ണമേനോൻ, വി.പി. മേനോൻ പോലെയുള്ള എത്രയോ ആളുകൾ വേറെ നിൽക്കുന്നു. അപ്പോൾ അതുകൊണ്ട് ഏതെങ്കിലും പേര് പറയാതെ ആ രീതിയിൽ അത് വരുന്നതാണ് നല്ലത്

എന്നാണ് എന്റെ ഒരു ഉറച്ച അഭിപ്രായം. അത് സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

385. ഖണ്ഡം 7 (xvi) – ൽ

(i) "എമററ്റ്സ്" എന്ന വാക്കിനു പകരം "വിരമിച്ച" എന്ന വാക്ക് ചേർക്കുക.

(ii) "റൈറ്റർ/ആർട്ടിസ്റ്റ്/സ്കോളർ ഇൻ എസിഡൻസായും" എന്നീ വാക്കുകൾക്കു പകരം "എഴുത്തുകാരൻ/കലാകാരൻ/ആസ്ഥാന വിദ്വാൻ എന്നീ നിലകളിൽ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

396. ഖണ്ഡം 7 (xx) താഴെപ്പറയുംപ്രകാരം മാറ്റുക :

"(xx) മുകളിൽ പ്രതിപാദിച്ചിട്ടുള്ള അധികാരങ്ങൾക്കോ ചുമതലകൾക്കോ അനുബന്ധിതമാണെങ്കിലും അല്ലെങ്കിലും സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്ക് ആവശ്യമായ വിധത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുക;"

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 335, 336, 343 എന്നീ ഭേദഗതികളും 358–ാമത്തെ ഭേദഗതിയിലെ 'മലയാള സിനിമ പഠനങ്ങൾ' എന്നുള്ളത് മാറ്റി 'മലയാള ചലച്ചിത്ര പഠനങ്ങൾ' എന്നാക്കി അംഗീകരിക്കുകയും ചെയ്യുന്നു. കൂടാതെ 341, 345, 347, 361, 383, 396 എന്നീ ഭേദഗതികളും അംഗീകരിക്കുന്നു. 339–ാം ഭേദഗതി ഒഫിഷ്യൽ അമന്റ്മെന്റായി മൂവ് ചെയ്യുന്നു.

339. ഖണ്ഡം 7 (ii) ൽ "മലയാള സാഹിത്യം" എന്നീ വാക്കുകൾക്കു ശേഷം "മലയാള ശൈലി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സാജുപോൾ</u>: സർ, എന്റെ 372 -ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. എം. ഹംസ
15. ശ്രീമതി ജമീലാ പ്രകാശം
16. ശ്രീ. ജെയിംസ് മാത്യു
17. ഡോ. കെ. ടി. ജലീൽ

18. ശ്രീ. കെ. കെ. ജയചന്ദ്രൻ

19. ശ്രീ. ജോസ് തെറ്റയിൽ

20. ശ്രീ. സി. കൃഷ്ണൻ

21. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

22. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

23. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

24. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

25. ശ്രീമതി കെ. കെ. ലതിക

26. ശ്രീ. മാത്യു റ്റി. തോമസ്

27. ശ്രീ. സി. കെ. നാണു

28. ശ്രീ. കെ. കെ. നാരായണൻ

29. ശ്രീ. എ. പ്രദീപ്കുമാർ

30. ശ്രീ. പുരുഷൻ കടലുണ്ടി

31. ശ്രീ. കെ. രാധാകൃഷ്ണൻ

32. ശ്രീ. പി. റ്റി. എ. റഹീം

33. ശ്രീ. കെ. രാജു

34. ശ്രീ. രാജു എബ്രഹാം

35. ശ്രീ. മുല്ലക്കര രത്നാകരൻ

36. ശ്രീ. സി. കെ. സദാശിവൻ

37. ശ്രീ. സാജു പോൾ

38. ശ്രീമതി കെ. എസ്. സലീഖ

39. ശ്രീ. എസ്. ശർമ്മ

40. ശ്രീ. വി. ശശി
41. ശ്രീ. വി. ശിവൻകുട്ടി
42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
43. ശ്രീ. വി. എസ്. സുനിൽകുമാർ
44. ശ്രീ. കെ. സുരേഷ് കുറുപ്പ്
45. ശ്രീ. പി. തിലോത്തമൻ
46. ഡോ. ടി. എം. തോമസ് ഐസക്
47. ശ്രീ. ഇ. കെ. വിജയൻ
48. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമ
   ദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

14. ശ്രീ. വി. റ്റി. ബൽറാം

15. ശ്രീ. പി. കെ. ബഷീർ

16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. ശ്രീമതി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേഷ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. എൻ. ശക്തൻ

53. ശ്രീ. വി. ഡി സതീശൻ

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദീൻ

57. ശ്രീ. ആർ. സെൽവരാജ്

58. ശ്രീ. കെ. ശിവദാസൻ നായർ

59. ശ്രീ. സണ്ണി ജോസഫ്

60. ശ്രീ. സി. എഫ്. തോമസ്

61. ശ്രീ. തോമസ് ഉണ്ണിയാടൻ

62. ശ്രീ. പി. ഉബൈദുള്ള

63. ശ്രീ. എം. ഉമ്മർ

64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

65. ശ്രീ. എം. എ. വാഹീദ്

66. ശ്രീ. എം. പി. വിൻസെന്റ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 48

പ്രതികൂലിക്കുന്നവർ – 67

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

ശ്രീ. സാജുപോളിന്റെ 372–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. 380–ാം നമ്പർ ഭേദഗതിയ്ക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീമതി പി. അയിഷാ പോറ്റി

3. ശ്രീ. കെ. അജിത്

4. ശ്രീ. എ. എം. ആരിഫ്

5. ശ്രീ. ബാബു എം. പാലിശ്ശേരി

6. ശ്രീ. എം. എ. ബേബി

7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

8. ശ്രീമതി ഇ. എസ്. ബിജിമോൾ

9. ശ്രീ. ഇ. ചന്ദ്രശേഖരൻ

10. ശ്രീ. വി. ചെന്താമരാക്ഷൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. ചിറ്റയം ഗോപകുമാർ

14. ശ്രീ. എം. ഹംസ

15. ശ്രീമതി ജമീലാ പ്രകാശം

16. ശ്രീ. ജെയിംസ് മാത്യു

17. ഡോ. കെ. ടി. ജലീൽ

18. ശ്രീ. കെ. കെ. ജയചന്ദ്രൻ

19. ശ്രീ. ജോസ് തെറ്റയിൽ

20. ശ്രീ. സി. കൃഷ്ണൻ

21. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

22. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

23. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

24. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

25. ശ്രീമതി കെ. കെ. ലതിക

26. ശ്രീ. മാത്യു റ്റി. തോമസ്

27. ശ്രീ. സി. കെ. നാണു

28. ശ്രീ. കെ. കെ. നാരായണൻ

29. ശ്രീ. എ. പ്രദീപ്കുമാർ

30. ശ്രീ. പുരുഷൻ കടലുണ്ടി

31. ശ്രീ. കെ. രാധാകൃഷ്ണൻ

32. ശ്രീ. പി. റ്റി. എ. റഹീം

33. ശ്രീ. കെ. രാജു

34. ശ്രീ. രാജു എബ്രഹാം

35. ശ്രീ. മുല്ലക്കര രത്നാകരൻ

36. ശ്രീ. സി. കെ. സദാശിവൻ

37. ശ്രീ. സാജു പോൾ

38. ശ്രീമതി കെ. എസ്. സലീഖ

39. ശ്രീ. എസ്. ശർമ്മ

40. ശ്രീ. വി. ശശി

41. ശ്രീ. വി. ശിവൻകുട്ടി

42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

43. ശ്രീ. വി. എസ്. സുനിൽകുമാർ

44. ശ്രീ. കെ. സുരേഷ് കുറുപ്പ്

45. ശ്രീ. പി. തിലോത്തമൻ

46. ഡോ. ടി. എം. തോമസ് ഐസക്

47. ശ്രീ. ഇ. കെ. വിജയൻ

48. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. ശ്രീമതി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേഷ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. എൻ. ശക്തൻ

53. ശ്രീ. വി. ഡി സതീശൻ

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദീൻ

57. ശ്രീ. ആർ. സെൽവരാജ്

58. ശ്രീ. കെ. ശിവദാസൻ നായർ

59. ശ്രീ. സണ്ണി ജോസഫ്

60. ശ്രീ. സി. എഫ്. തോമസ്

61. ശ്രീ. തോമസ് ഉണ്ണിയാടൻ

62. ശ്രീ. പി. ഉബൈദുള്ള

63. ശ്രീ. എം. ഉമ്മർ

64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

65. ശ്രീ. എം. എ. വാഹീദ്

66. ശ്രീ. എം. പി. വിൻസെന്റ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 48

പ്രതികൂലിക്കുന്നവർ – 67

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 380–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവിയുടെ 335 –ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. റ്റി. ബൽറാമിന്റെ 336, 343, 358 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിയുടെ 341 –ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീമതി കെ. എസ്. സലീഖയുടെ യുടെ 345 –ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ശശിയുടെ 347 –ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ 361 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി. എ. അഹ്മദ് കബീറിന്റെ 383 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാകിന്റെ 396 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി .പി. മുഹമ്മദിന്റെ 331, 338, 353, 376 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്ററുടെ 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായരുടെ 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരന്റെ 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാലോട് രവിയുടെ 346, 348, 350, 352, 359, 362, 367, 368, 371, 375, 381, 384, 390, 391 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. റ്റി. ബൽറാമിന്റെ 357, 377, 394 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദറിന്റെ 337, 370 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ശശിയുടെ 340, 344, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിയുടെ 355, 378 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോളിന്റെ 342, 372 എ  എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖയുടെ 364, 374 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീറിന്റെ 349-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. എ. മാധവന്റെ 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാന്റെ 356, 387 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ 360, 379, 388 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ളയുടെ  363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.പി. സജീന്ദ്രന്റെ 365-ാം നമ്പർ ഭേദതി സഭയുടെ അനുമതി യോടെ പിൻവലിച്ചു

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയുടെ 366-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. ടി. എം. തോമസ് ഐസക്കിന്റെ 369 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജിന്റെ 373-ാം നമ്പർ ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 386-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 392 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീറിന്റെ 395 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാകിന്റെ 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുളള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................
പ്രതികൂലിക്കുന്നവർ .....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## എട്ടാം വകുപ്പ്

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

399. ഖണ്ഡം 8 (i) താഴെപ്പറയും പ്രകാരം മാറ്റുക:
"(i) പൊതു ആലോചനാസമിതി"

407. ഖണ്ഡം 8(v) താഴെപ്പറയും പ്രകാരം മാറ്റുക:
"(v) വൈജ്ഞാനികശാഖാ ഉപദേശക സമിതികൾ"

409. ഖണ്ഡം 8(vi) താഴെപ്പറയും പ്രകാരം മാറ്റുക:
"(VI) വൈജ്ഞാനിക ശാഖകൾ."

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

400. ഖണ്ഡം 8 (i) താഴെപ്പറയും പ്രകാരം മാറ്റുക
"(i) പൊതുസഭ"

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

401. ഖണ്ഡം 8 (i) താഴെപ്പറയും പ്രകാരം മാറ്റുക
"(i) പൊതുസഭ"

403. ഖണ്ഡം 8(iii) താഴെപ്പറയും പ്രകാരം മാറ്റുക.
"(iii) പണ്ഡിത സഭ"

404. ഖണ്ഡം 8(iv) ൽ "കൗൺസിൽ" എന്ന വാക്കിനു പകരം "സഭ" എന്ന വാക്ക് ചേർക്കുക.

406. ഖണ്ഡം 8(v) ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം "വൈജ്ഞാനികശാഖ" എന്ന വാക്ക് ചേർക്കുക.

408. ഖണ്ഡം 8(vi) താഴെപ്പറയും പ്രകാരം മാറ്റുക:
"(vi) വൈജ്ഞാനികശാഖകൾ"

411. ഖണ്ഡം 8(vii) താഴെപ്പറയും പ്രകാരം മാറ്റുക:
"(vii) പഠനവിഭാഗങ്ങൾ"

413. ഖണ്ഡം 8(viii) ൽ "സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്കിനു പകരം "ലിഖിത നിയമങ്ങളാൽ" എന്നീ വാക്കുകളും "നികായങ്ങൾ" എന്ന വാക്കിനു പകരം "സമൂഹങ്ങൾ" എന്ന വാക്കും ചേർക്കുക.

403, 404 എന്നീ നമ്പർ ഭേദഗതികൾ നേരത്തേ ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 8(v) ഒഴിവാക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

412. ഖണ്ഡം 8(vii)-നുശേഷം താഴെപറയുന്നതു ചേർക്കുകയും ശേഷിക്കുന്നവ പുന:ക്രമീകരിക്കുകയും ചെയ്യുക:

"(VIII) അക്കൗണ്ട്സ് കമ്മിറ്റി"

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

415. ഖണ്ഡം 8(viii) താഴെപ്പറയും പ്രകാരം മാറ്റുക:

" (viii) സർവ്വകലാശാലയുടെ അധികാരികൾ ആയിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ നിശ്ചയിക്കുന്ന മറ്റ് സ്ഥാനീയർ".

മി. സ്പീക്കർ: 397, 398 എന്നീ നമ്പർ ഭേദഗതികൾ ക്രമാനുസൃതമല്ല. എങ്കിലും സംസാരിക്കാവുന്നതാണ്. ശ്രീ. വി. ശിവൻകുട്ടി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇല്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 400-ാം നമ്പർ ദേഭഗതിയും ശ്രീ. പാലോട് രവി അവതരിപ്പിച്ച 401, 403, 404 എന്നീ നമ്പർ ഭേദഗതികളും അംഗീകരിക്കുന്നു. ശ്രീ. എം. ഉമ്മറിന്റെ 414-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

414. ഖണ്ഡം 8(viii)-ൽ " നികായങ്ങൾ" എന്ന വാക്കിനുപകരം "സ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 401, 403, 404 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 399, 407, 409 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 406, 408, 411, 413 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി.പി. മുഹമ്മദ് അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. ടി.എം. തോമസ് ഐസക് അവതരിപ്പിച്ച 415-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒൻപതാം വകുപ്പ്

മി. സ്പീക്കർ: 416, 417, 418, 419, 420 എന്നീ നമ്പർ ഭേദഗതികൾ ക്രമാനുസൃതമല്ല. 468–ാം നമ്പർ ഭേദഗതി 469–ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 9 (എ) താഴെപറയും പ്രകാരം മാറ്റുക.
"(എ) അനൗദ്യോഗിക അംഗങ്ങൾ"

422. ഖണ്ഡം 9 (എ) (i)–ൽ "ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അദ്ധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

424. ഖണ്ഡം 9 (എ) (ii)–ൽ "പ്രോ–ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല ഉപാദ്ധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

426. ഖണ്ഡം 9 (എ) (iii)–ൽ "വൈസ്–ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

428. ഖണ്ഡം 9 (എ)(iv)ഒഴിവാക്കുക.

430. ഖണ്ഡം 9 (എ)(v)–ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്ക് പകരം "സർക്കാർ കാര്യദർശി" എന്നീ വാക്കുകൾ ചേർക്കുക.

431. ഖണ്ഡം 9 (എ)(vi)–ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്ക് പകരം "സർക്കാർ കാര്യദർശി" എന്നീ വാക്കുകൾ ചേർക്കുക.

432. ഖണ്ഡം 9 (എ)(vii)–ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്ക് പകരം "സർക്കാർ കാര്യദർശി" എന്നീ വാക്കുകൾ ചേർക്കുക.

433. ഖണ്ഡം 9 (എ)(viii)–ൽ "പാർലമെന്റ് അംഗം" എന്നീ വാക്കുകൾക്ക് പകരം "ലോക്സഭാംഗം" എന്ന വാക്കു ചേർക്കുക.

439. ഖണ്ഡം 9 (എ) (x)–ൽ "വൈസ്–ചാൻസലർ" എന്ന വാക്കിനു പകരം "സർവകലാശാല അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

440. ഖണ്ഡം 9(എ)(xi)–ൽ "അക്കാഡമിയുടെ പ്രസിഡന്റ്" എന്നീ വാക്കുകൾക്ക് പകരം "പണ്ഡിത സഭയുടെ അദ്ധ്യക്ഷൻ " എന്നീ വാക്കുകൾ ചേർക്കുക.

441. ഖണ്ഡം 9(എ)(xii)–ൽ "അക്കാഡമിയുടെ ചെയർമാൻ " എന്നീ വാക്കുകൾക്ക് പകരം "പണ്ഡിത സഭയുടെ അദ്ധ്യക്ഷൻ " എന്നീ വാക്കുകൾ ചേർക്കുക.

442. ഖണ്ഡം 9(എ)(xiii)–ൽ "അക്കാഡമിയുടെ ചെയർമാൻ" എന്നീ വാക്കുകൾക്കു പകരം "പണ്ഡിത സഭയുടെ അദ്ധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

443. ഖണ്ഡം 9(എ)(xiv)–ൽ "ഫോക്‌ലോർ എന്ന വാക്കിനു പകരം "നാടൻകല" എന്ന വാക്കും "അക്കാഡമി" എന്ന വാക്കിനു പകരം "പണ്ഡിതസഭ" എന്ന വാക്കും "ചെയർമാൻ" എന്ന വാക്കിനു പകരം "അദ്ധ്യക്ഷൻ" എന്ന വാക്കും ചേർക്കുക.

445. ഖണ്ഡം 9(എ)(xv)–ൽ "മലയാള മിഷൻ ഡയറക്ടർ" എന്നീ വാക്കുകൾക്കു പകരം "മലയാള പ്രചാരണനിർവാഹകൻ" എന്നീ വാക്കുകൾ ചേർക്കുക.

446. ഖണ്ഡം 9 (എ) (xvi) –ൽ "ഡയറക്ടർ" എന്ന വാക്കിനുപകരം "നിർവാഹകൻ" എന്ന വാക്ക് ചേർക്കുക.

447. ഖണ്ഡം 9 (എ) (xvii)–ൽ "ഡയറക്ടർ" എന്ന വാക്കിനുപകരം "നിർവാഹകൻ" എന്ന വാക്കു ചേർക്കുക.

449. ഖണ്ഡം 9 (എ) (xviii)–ൽ "ഫാക്കൽറ്റി ഉപദേശക സമിതിയുടെ ചെയർമാൻ" എന്നീ വാക്കുകൾക്ക് പകരം "വൈജ്ഞാനിക ശാഖാ ഉപദേശക സമിതിയുടെ അദ്ധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

450. ഖണ്ഡം 9 (എ) (xix)–ൽ "ഫാക്കൽറ്റി ഉപദേശക സമിതിയുടെ ചെയർമാൻ" എന്നീ വാക്കുകൾക്ക് പകരം "വൈജ്ഞാനിക ശാഖാ ഉപദേശക സമിതിയുടെ അദ്ധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

451. ഖണ്ഡം 9 (എ) (xx)–ൽ "ആർട്സ് ഫാക്കൽറ്റി" എന്നീ വാക്കുകൾക്കുപകരം "കലാവൈജ്ഞാനികശാഖ" എന്നീ വാക്കുകളും "ചെയർമാൻ" എന്ന വാക്കിനുപകരം "അദ്ധ്യക്ഷൻ" എന്ന വാക്കും ചേർക്കുക.

452. ഖണ്ഡം 9(എ)(xxi)-ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം "വൈജ്ഞാനിക ശാഖ" എന്ന വാക്കും " ചെയർമാൻ " എന്ന വാക്കിനു പകരം " അദ്ധ്യക്ഷൻ " എന്ന വാക്കും ചേർക്കുക.

453. ഖണ്ഡം 9(എ)(xxii)-ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം "വൈജ്ഞാനിക ശാഖ" എന്നീ വാക്കുകളും " ചെയർമാൻ " എന്ന വാക്കിനു പകരം "അദ്ധ്യക്ഷൻ" എന്ന വാക്കും ചേർക്കുക.

454. ഖണ്ഡം 9(എ)(xxiii)-ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം " വൈജ്ഞാനിക ശാഖ " എന്നീ വാക്കുകളും " ഡീൻ " എന്ന വാക്കിനു പകരം " വകുപ്പധികാരി " എന്ന വാക്കും ചേർക്കുക.

455. ഖണ്ഡം 9(എ)(xxiv)-ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം " വൈജ്ഞാനിക ശാഖ " എന്നീ വാക്കുകളും " ഡീൻ " എന്ന വാക്കിനു പകരം " വകുപ്പധികാരി " എന്ന വാക്കും ചേർക്കുക.

456. ഖണ്ഡം 9(എ)(xxv)- താഴെപ്പറയുംപ്രകാരം മാറ്റുക
"(xxv)- കലാ വൈജ്ഞാനിക ശാഖയുടെ വകുപ്പധികാരി "

457. ഖണ്ഡം 9(എ)(xxvi)-ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം "വൈജ്ഞാനിക ശാഖ " എന്നീ വാക്കുകളും " ഡീൻ " എന്ന വാക്കിനു പകരം " വകുപ്പധികാരി " എന്ന വാക്കും ചേർക്കുക.

458 ഖണ്ഡം 9 (എ) (xxvii) –ൽ "ഫാക്കൽറ്റി" എന്ന വാക്കിനു പകരം "വൈജ്ഞാനികശാഖ" എന്നീ വാക്കുകളും "ഡീൻ" എന്ന വാക്കിനു പകരം "വകുപ്പധികാരി" എന്ന വാക്കും ചേർക്കുക

461 ഖണ്ഡം 9 (എ) (xxviii)–ൽ "കൗൺസിലിന്റെ വൈസ് ചെയർമാൻമാർ" എന്നീ വാക്കുകൾക്കു പകരം "സഭയുടെ ഉപാധ്യക്ഷന്മാർ" എന്നീ വാക്കുകൾ ചേർക്കുക

480. ഖണ്ഡം 9 (സി) (iii)–ൽ " സ്കൂളുകളിലെ ഡയറക്ടർമാർ" എന്നീ വാക്കുകൾക്കു പകരം " പഠന കേന്ദ്രങ്ങളിലെ നിർവാഹകർ" എന്നീ വാക്കുകൾ ചേർക്കുക.

482. ഖണ്ഡം 9(സി)(iv)–ൽ ''ഫുൾടൈം'' എന്ന വാക്കിനുപകരം ''മുഴുവൻ സമയ'' എന്നീ വാക്കുകൾ ചേർക്കുക.

421–ൽ എക്സ്–ഒഫിഷ്യോ എന്നതിന് അനൗദ്യോഗികാംഗങ്ങൾ എന്ന ഭേദഗതിയാണ് ഞാൻ കൊണ്ടിവന്നിരിക്കുന്നത്. അതുപോലെ പ്രോ–വൈസ്ചാൻസലർ എന്നത് ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ഇതിൽ കോളേജുകൾക്ക് അഫിലിയേഷനില്ല. ഒരു ക്യാമ്പസിൽ ഒരു കോളേജാണ്. കേരളസർവ്വകലാശാലയിൽ നൂറ് കണക്കിന് കോളേജുകളാണ്. ഇതൊരു അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയല്ല. അതുകൊണ്ട് മറ്റ് സർവ്വകലാശാലകളിലുള്ള എല്ലാ പോസ്റ്റുകളും ഇതിൽ എഴുതിയിരിക്കുകയാണ്. ഇതൊരു ഗവേഷണ യൂണിവേഴ്സിറ്റി എന്ന നിലയിൽ ഇതൊഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ സെക്രട്ടറിമാർ എന്ന വാക്കിനു പകരം കാര്യദർശി എന്ന വാക്ക് കൊണ്ടുവന്നിട്ടുണ്ട്. മറ്റൊന്ന് അക്കാഡമി വന്ന വാക്കിന് ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അത് നേരത്തെ അംഗീകരിച്ചതാണ്. അത് ആവർത്തിച്ചുവന്നിട്ടുണ്ട്. അത് സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 9 (എ) (i) താഴെപ്പറയും പ്രകാരം മാറ്റുക:
"(i) സർവ്വകലാശാലാമുഖ്യ അധിപതി."

425. ഖണ്ഡം 9 (എ) (ii) താഴെപ്പറയും പ്രകാരം മാറ്റുക:
"(ii) സർവ്വകലാശാലാ അധിപതി."

427. ഖണ്ഡം 9 (എ) (iii) താഴെപ്പറയും പ്രകാരം മാറ്റുക:
"(iii) സർവ്വകലാശാലാ ഉപ അധിപതി."

429. ഖണ്ഡം 9 (എ)(iv) താഴെപ്പറയും പ്രകാരം മാറ്റുക:
"(iv) സർവ്വകലാശാലാ ഉപമുഖ്യഅധിപതി."

437. ഖണ്ഡം 9 (എ) (ix) നു ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:
"(X) നിയമസഭാ സാമാജികരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് എം.എൽ.എ. മാർ അവരിൽ ഒരാൾ വനിതയായിരിക്കേണ്ട താണ് ;"

459 ഖണ്ഡം 9 (എ) (xxvii)-നു ശേഷം താഴെ പറയുന്നവ ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.
"(xxviii) സംസ്ഥാനത്തെ തദ്ദേശഭരണ സമിതികളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്നും ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ"

465. ഖണ്ഡം 9(എ)(xxviii)-നു ശേഷം താഴെ പറയുന്നത് ചേർക്കുക:
" (xxix) സംസ്ഥാന ലൈബ്രറി കൗൺസിൽ അദ്ധ്യക്ഷൻ; "

472. ഖണ്ഡം 9 (ബി) (ii)-ൽ "രണ്ടു പൊതു പ്രവർത്തകർ" എന്നീ വാക്കുകൾക്ക് പകരം "ഓരോ ജില്ലയിൽ നിന്നും ഓരോ പൊതുപ്രവർത്തകനും, അതിൽ മൂന്നു പേർ വനിതകളും ഒരാൾ പട്ടികജാതി – പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽ നിന്നും ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

488. ഖണ്ഡം 9(സി)(ᐟ)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ കൂട്ടിച്ചേർക്കുക:

‘‘(vi) സംസ്ഥാനത്തെ ജില്ലാ കൗൺസിൽ മെമ്പർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേർ – അവരിൽ ഒരാൾ വനിതയും, ഒരാൾ പിന്നോക്കവിഭാഗത്തിൽ നിന്നും ആയിരിക്കേണ്ടതാണ്;

(vii) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും അഞ്ചുപേർ – അവരിൽ ഒരാൾ വനിതയും, ഒരാൾ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരും ആയിരിക്കേണ്ടതാണ്;’’

ഒരു കാര്യം എടുത്തുപറയാനുള്ളത് നമ്മുടെ എല്ലാ അക്കാഡമിയുടെയും ചെയർമാൻമാരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അദ്ധ്യക്ഷനെക്കൂടി ഉൾപ്പെടുത്തണം. അതാണ് 465–ാം നമ്പർ ഭേദഗതി.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

435. ഖണ്ഡം 9 (എ) (ix) യിൽ താഴെപ്പറയും പ്രകാരം മാറ്റുക :
“(ix) സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം; കൂടാതെ സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ നിയമസഭാംഗം; ”

469. ഖണ്ഡം 9(ബി)(i)- ൽ “ഒരാൾ വനിതയും” എന്നീ വാക്കുകൾക്കു പകരം “ രണ്ടു വനിതകൾ” എന്നീ വാക്കുകൾ ചേർക്കുക

435 ഖണ്ഡം 9 (എ) യിൽ സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം എന്നുണ്ട്. അത്

കൂടാതെ ജില്ലകളിൽനിന്ന് ഓരോ നിയമസഭാംഗങ്ങൾകൂടി എന്ന് ചേർക്കണമെന്നുള്ളതാണ് ഒരു നിർദ്ദേശം.

469 ഖണ്ഡം 9(ബി)(i)- ൽ "ഒരാൾ വനിതയും" എന്നീ വാക്കുകൾക്കു പകരം " രണ്ടു വനിതകൾ" എന്നീ വാക്കുകൾ ചേർക്കണം. മലയാള സാഹിത്യത്തിൽ വളരെയധികം കഴിവ് തെളിയിച്ചിട്ടുള്ള ഒട്ടേറെ വനിതകളുണ്ട്. അതുകൊണ്ട് രണ്ടു വനിതകൾ എന്നാക്കി മാറ്റണമെന്നുള്ള നിർദ്ദേശമാണുള്ളത്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഞാൻ തഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

436. ഖണ്ഡം 9 (എ) (ix) നു ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:
"(X) സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന നഗരസഭയുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ;" ;"

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438.ഖണ്ഡം 9 (എ) (X) ഒഴിവാക്കുക.

483. ഖണ്ഡം 9(സി)(iv)-ൽ ''ര ്'' എന്ന വാക്കിനുപകരം ''നാല്'' എന്ന വാക്കു ചേർക്കുക.

486. ഖണ്ഡം 9(സി)(v)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:
''(vi) നിയമസഭാസാമാജികരിൽ നിന്നും തെരഞ്ഞെടു ക്കുന്ന നാലുപേർ - അവരിൽ ഒരാൾ പട്ടികജാതിയും, ഒരാൾ പട്ടികവർഗ്ഗവും ആയിരിക്കേ താണ്;''

ഖണ്ഡം 9(എ) വൈസ് ചാൻസലർ കേരള കലാമണ്ഡലം എന്നുള്ളത് ഒഴിവാക്കുക. അദ്ദേഹം പ്രഗത്ഭനായ ആളാണ്. പക്ഷേ ഒരു വൈസ് ചാൻസലർ മറ്റൊരു യൂണിവേഴ്സിറ്റിയുടെ ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ പദവിക്ക് ചേർന്നതല്ല.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം 9(എ)(xvi)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളവ പുന:ക്രമീകരിക്കുകയും ചെയ്യുക:

" (XV) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ"

ജനറൽ കൗൺസിലിൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒഴികെ കേരള സാഹിത്യ അക്കാദമി, സംഗീത-നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്ക്ലോർ അക്കാദമി തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട ആളുകളെല്ലാമുണ്ട്. മൂവായിരത്തോളം വൈജ്ഞാനിക ഗ്രന്ഥങ്ങൾ മലയാളത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപീകരിച്ചത്. അതിന്റെ ഡയറക്ടർ ഇതിൽ ഇല്ലെന്ന് പറയുന്നത് നിയമത്തിന്റെ പോരായ്മയാണെന്ന് തോന്നുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ കൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

448. ഖണ്ഡം 9 (എ) (xvii) താഴെപ്പറയും പ്രകാരം മാറ്റുക.

"(xvii) ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ;"

463 ഖണ്ഡം 9 (എ) (xxviii)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക

"ചലച്ചിത്ര അക്കാദമി ചെയർമാൻ"

466. ഖണ്ഡം 9(ബി)(i)- ൽ "എട്ടുപേർ" എന്ന വാക്കിനു ശേഷം

" – " എന്ന ചിഹ്നം ചേർക്കുക.

475 ഖണ്ഡം 9 (സി) (i)–ൽ "രണ്ട്" എന്ന വാക്കിന് പകരം

"മൂന്ന് "എന്ന വാക്ക് ചേർക്കുക.

478. ഖണ്ഡം 9 (സി) (ii)–ൽ " രണ്ട് " എന്ന വാക്കിനു പകരം "മൂന്ന് " എന്ന വാക്ക് ചേർക്കുക.

ഇതിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ ഉൾപ്പെട്ടിട്ടില്ല. അതുൾപ്പെടുത്തണമെന്നാണ് ഒരു ഭേദഗതി. 463–ാം നമ്പർ ഭേദഗതിയിൽ 'ചലച്ചിത്ര അക്കാദമി ചെയർമാൻ' എന്നുകൂടി ഉൾപ്പെടുത്തേണ്ടതാണ്. 466–ാം നമ്പർ ഭേദഗതിയിൽ എട്ടുപേർ എന്നതിനുശേഷം "-" എന്ന ചിഹ്നം ചേർത്തെങ്കിൽ മാത്രമേ വാചകത്തിന് ഭംഗി വരികയുള്ളൂ. ധാരാളം നാമനിർദ്ദേശം ചെയ്യപ്പെട്ട ആളുകളുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. രണ്ടുപേർ മാത്രമാണ് വിദ്യാർത്ഥികളുടെ പ്രതിനിധികളായി വരുന്നത്. വിദ്യാർത്ഥി യുവജന സംഘടനാ രാഷ്ട്രീ

യത്തിലൂടെ വന്ന ആളുകളാണ് സഭയിൽ ബഹുഭൂരിപക്ഷം ആളുകളും. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്നതിന് പകരം രണ്ടുപേർ എന്നതിനുപകരം മൂന്ന് പേരെങ്കിലും ആക്കി മാറ്റണമെന്നാണ് 475–ാം നമ്പർ ഭേദഗതി. 478–ാം നമ്പർ ഭേദഗതിയിൽ ഗവേഷണ വിദ്യാർത്ഥികൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന രണ്ടുപേരെന്നുള്ളത് മൂന്ന് പേർ എന്നാക്കണം. ആകെയുള്ള 4 വിദ്യാർത്ഥി പ്രതിനിധികൾ 6 പേരെങ്കിലും ആക്കിയാലാണ് വിദ്യാർത്ഥികളുടെ വികാരം അവിടെ ശരിയായ രീതിയിൽ പ്രതിഫലിക്കുകയുള്ളു. അതൊന്ന് പ്രത്യേകമായി ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 9 (എ) (xxviii) നു ശേഷം താഴെപ്പറയുന്നത് ചേർക്കുക

"(xxix) സംസ്ഥാന പുരാരേഖാവകുപ്പ് ഡയറക്ടർ"

ശ്രീ. കെ. രാജു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

467. ഖണ്ഡം 9(ബി)(i)- ൽ " അവരിൽ " എന്ന വാക്കിനുശേഷം

" കുറഞ്ഞത് " എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. എ. ബേബി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

470. ഖണ്ഡം 9(ബി)(i)- താഴെപ്പറയും പ്രകാരം മാറ്റുക:

“ (i) കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ലളിത കലാ അക്കാഡമി, കേരള ഫോക്ക്‌ലോർ അക്കാഡമി, മലയാളം മിഷൻ, കേരള പൈതൃക പഠന കേന്ദ്രം, വാസ്തുവിദ്യാ ഗുരുകുലം എന്നിവയിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗങ്ങൾ ഇവരിൽ ഒരാൾ എങ്കിലും വനിതയും, ഒരാൾ എങ്കിലും പട്ടികജാതി–പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്;”

490. ഖണ്ഡം 9(സി) താഴെപ്പറയുംപ്രകാരം മാറ്റുക:

‘‘(സി) തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ

(i) നിയമസഭാംഗങ്ങൾ അവരുടെ ഇടയിൽ നിന്നു തെരഞ്ഞെടുക്കുന്ന ആറുപേർ – അതിൽ ഒരാൾ വനിതയും, ഒരാൾ പട്ടികജാതി–പട്ടികഗോത്രവിഭാഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്;

(ii) സർവ്വകലാശാലയിലെ സ്കൂളുകളിലെ ഡയറക്ടർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേർ;

(iii) സർവ്വകലാശാലയിലെ ഫുൾ–ടൈം അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേർ – ഇവരിൽ ഒരാൾ വനിതയും, ഒരാൾ പട്ടികജാതി–പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്;

(iv) സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാർ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന നാലുപേർ–ഇവരിൽ ഒരാൾ വനിതയും, ഒരാൾ പട്ടികജാതി–പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്;

(v) വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേർ–അവരിൽ ഒരാൾ വനിതയും, ഒരാൾ പട്ടികജാതി–പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്;

(vi) ഗവേഷണവിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേർ–അവരിൽ ഒരാൾ വനിതയും, ഒരാൾ പട്ടികജാതി–പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്;"

വിവിധ മേഖലകളിൽ നിന്നുള്ളവർ വേണമെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ വിവധ മേഖലകൾ കണക്കിലെടുത്തുകൊണ്ട് സ്ഥാപിച്ചിട്ടുള്ള അക്കാഡമിക ളാണ്, കൽപ്പിത സർവ്വകലാശാലയാണ്. അവയുടെ പ്രതിനിധികൾ എന്നു തന്നെ വരുന്നതായിരിക്കും ഉചിതമെന്നുള്ളതാണ് ഖണ്ഡം 9(ബി)(i)–ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അടുത്തത് ഖണ്ഡം 9(സി)–യിൽ വിദ്യാർത്ഥി പ്രതിനിധികൾ 8 പേർ വേണമെന്നുള്ളതാണ് എന്റെ ഭേദഗതി. വിദ്യാർത്ഥികൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേർ – അവരിൽ ഒരാൾ വിദ്യാർത്ഥിനിയും, ഒരാൾ പട്ടികജാതി– പട്ടിക

ഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണെന്നും ഗവേഷണവിദ്യാർത്ഥികൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേരും ചേർത്ത് 8 പേർ വേണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. എന്റെ സുഹൃത്ത് ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച ഭേദഗതിയിൽ 6 പേർ എന്നുപറഞ്ഞു. അതാണെങ്കിലും പരിഗണിക്കാവുന്നതാണ്. സർവ്വകലാശാലയുടെ ഗുണഭോക്താക്കൾ മുഖ്യമായും വിദ്യാർത്ഥി-വിദ്യാർത്ഥിനികളാണ്. അതുകൊണ്ടു തന്നെ അവരുടെ പ്രാതിനിത്യം ഉറപ്പാക്കണം. കൂടാതെ നിയമസഭാംഗങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറുപേർ വേണമെന്നുമാണ്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കാൻ ലക്ഷ്യവേദിയാക്കാൻ ഉപയോഗപ്പെടുമെന്ന അർത്ഥത്തിൽ ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

473. ഖണ്ഡം 9 (ബി) (ii)ന്റെ അവസാനം" അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;" എന്നീ ചിഹ്നവും വാക്കുകളും കൂട്ടി ചേർക്കുക.

477. ഖണ്ഡം 9 (സി) (i) ന്റെ അവസാനം "-അവരിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കേണ്ടതാണ്;" എന്നീ ചിഹ്നവും വാക്കുകളും കൂട്ടി ചേർക്കുക.

479. ഖണ്ഡം 9 (സി) (ii)–ന്റെ അവസാനം "–അവരിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കേണ്ടതാണ്;" എന്നീ ചിഹ്നവും വാക്കുകളും കൂട്ടി ചേർക്കുക..

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സാഹിത്യത്തിലും സാംസ്കാരിക കാര്യങ്ങളിലും തൽപ്പരരായ രണ്ട് പൊതു പ്രവർത്തകരെന്ന് പറയുന്നുണ്ട്. അതിൽ ഒന്ന് വനിത ആയിരിക്കണമെന്ന് നിർബന്ധമുണ്ട്. അതാണ് എന്റെ 473–ാം നമ്പർ ഭേദഗതി. മറ്റൊന്ന് വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുക്കുന്ന രണ്ട് പേർ എന്നതിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കണമെന്നതാണ് 477–ഉം 479–ഉം നമ്പർ ഭേദഗതികൾ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

476. ഖണ്ഡം 9 (സി) (i) താഴെ പറയും വിധം മാറ്റുക:

"(i) ഗവേഷക വിദ്യാർത്ഥികൾ ഒഴികേയുള്ള വിദ്യാർത്ഥികൾ അവർക്കിടയിൽനിന്നും തിരഞ്ഞെടുക്കുന്ന രണ്ടുപേർ; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്. ;"

484. ഖണ്ഡം 9 (സി) (iv)–ന്റെ അവസാനം താഴെപ്പറയുന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

" – അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;"

ശ്രീ. എം. ചന്ദ്രൻ മൂവ് ചെയ്ത ഭേദഗതിക്ക് സമാനമായതാണ്. ഖണ്ഡം 9 (സി) (i)–ൽ "ഗവേഷക വിദ്യാർത്ഥികൾ ഒഴികേയുള്ള വിദ്യാർത്ഥികൾ

അവർക്കിടയിൽനിന്നും തിരഞ്ഞെടുക്കുന്ന രണ്ടുപേർ; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്. ;" എന്നാണ്. വനിതാ പ്രാതിനിധ്യം ഒരിടത്തും പറയുന്നില്ല. അതുപോലെ ഖണ്ഡം 9 (സി) (iv)-ൽ സർവ്വകലാശാലയുടെ ഫുൾടൈം അദ്ധ്യാപകർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേരിൽ ഒരാൾ വനിതയായിരിക്കണം എന്നുള്ളതാണ്. വിദ്യാർത്ഥികളുടെയും ഫുൾടൈം അദ്ധ്യാപകരുടെയും ഇടയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ടാളുകളിൽ ഓരോരുത്തർ വനിതയായിരിക്കണമെന്ന് ചേർക്കണം. അത് സുപ്രധനമായ കാര്യമാണ്.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 9 (സി) (iv) – ൽ "ഫുൾടൈം" എന്ന വാക്കിനു പകരം "മുഴുവൻ സമയ " എന്നീ വാക്കുകൾ ചേർക്കുക.

ഫുൾടൈം അദ്ധ്യാപകരുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ടാളുകൾ എന്നതിനു പകരം മുഴുവൻ സമയ അദ്ധ്യാപകരുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ടാളുകൾ എന്നാക്കണം.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

485. ഖണ്ഡം 9(സി)(v)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:

''(vi) ആനുപാതികപ്രാതിനിധ്യനിയമമനുസരിച്ച് നിയമസഭാംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന

മൂന്നുപേർ – അവരിൽ ഒരാൾ എസ്.സിയോ, എസ്. റ്റിയോ ആയിരി ക്കേണ്ടതാണ്;''

നിയമസഭാംഗങ്ങളുടെ പ്രാതിനിധ്യം സർവ്വകലാശാലാ ആസ്ഥാനത്തുള്ള ഒരംഗത്തിനു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കേരളം മുഴുവനുള്ള ആളുകളുടെ പ്രാതിനിധ്യം ഇതിനകത്തുണ്ടാകേണ്ടതാണ്. അതുകൊണ്ട് നിയമസഭാംഗങ്ങളുടെ കാര്യത്തിൽ 9(സി)(v)-നുശേഷം (vi) ആക്കിക്കൊണ്ട് ആനുപാതിക പ്രാതിനിധ്യനിയമമനുസരിച്ച് നിയമസഭംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 3 പേരിൽ ഒരാൾ എസ്.സിയോ, എസ്.റ്റിയോ ആയിരി ക്കേണ്ടതാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 9(സി)(v)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:

''(vi) നിയമസഭാംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ – അവരിൽ ഒരാൾ പട്ടികജാതിയും, ഒരാൾ പട്ടികവർഗ്ഗവും ആയിരിക്കേണ്ടതാണ്;''

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

489. ഖണ്ഡം 9(സി)(v)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:

''(vi) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ അവർക്കിടയിൽ

നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു ജനപ്രതിനിധികൾ;

(vii) സംസ്ഥാനനിയമസഭാംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗങ്ങൾ;''

ലോകത്തിലെ ഏറ്റവും വലിയ സർവ്വകലാശാലയെന്നറിയപ്പെടുന്ന നളന്ദ സർവ്വകലാശാല നിലനിന്നത് 100 ഗ്രാമങ്ങളുടെ പിൻബലത്തിലാണ്. ഈ സർവ്വകലാശാലയിലും കേരളത്തിലെ ഗ്രാമങ്ങളും അതിന്റെ പ്രതിനിധി കളും പരസ്പര സഹായത്തോടെ നിലനിൽക്കേണ്ട സംവിധാനം വേണം. അതുകൊണ്ടാണ് ഗ്രാമങ്ങിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് തദ്ദേശ സ്വയംഭരണ പ്രതിനിധികൾ വേണമെന്ന് പറയുന്നത്. അതുപോലെ നിയമ സഭാ പ്രതിനിധികളുടെ പ്രാതിനിധ്യവും ഉണ്ടായിരിക്കണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അങ്ങയുടെ ഭേദഗതി ക്രമാനുസൃതമല്ല. അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, സംസാരിക്കുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. പാലോട് രവി അവതരിപ്പിച്ച 421, 482 എന്നീ നമ്പർ ഭേദഗതികളും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 444–ാം നമ്പർ ഭേദഗതിയും ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 463–ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. ബേബി അവതരിപ്പിച്ച 470–ാം നമ്പർ ഭേദഗതിയും ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 481–ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണിയുടെ **419, 420** എന്നീ നമ്പർ ഭേദഗതികളും ശ്രീ. ഇ.പി.

ജയരാജന്റെ **474**–ാം നമ്പർ ഭേദഗതിയും അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

419. ഖണ്ഡം 9–ന്റെ മാർജിനൽ ശീർഷകം താഴെപറയും പ്രകാരം മാറ്റുക.

"9.പൊതുസഭ".

420. ഖണ്ഡം 9 (എ) താഴെപറയും പ്രകാരം മാറ്റുക.

"(അ) ഔദ്യോഗികാംഗങ്ങൾ"

474. ഖണ്ഡം 9 (ബി) (ii)നുശേഷം താഴെ പറയുന്നത് ചേർക്കുക:

"(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അച്ചടി മാധ്യമരംഗത്തെ പ്രതിനിധീകരിക്കുന്ന ഒരാളും ദൃശ്യ–ശ്രാവ്യ മാധ്യമരംഗത്തെ പ്രതിനിധീകരിക്കുന്ന ഒരാളും".

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പാലോട് രവി: സർ, ഞാൻ അവതരിപ്പിച്ച 431–ാം നമ്പർ ഭേദഗതിയിൽ പാർലമെന്റ് അംഗം എന്നുപറയുന്നത് അവ്യക്തമാണ്. ആ സ്ഥലത്ത് രാജ്യസഭാംഗവും ലോകസഭാംഗവും ഉണ്ടെങ്കിൽ ആരെ എടുക്കും; രണ്ടുപേരും പാർലമെന്റ് മെമ്പർമാരാണ്. പാർലമെന്റ് അംഗം ഇതിൽ വരുമെന്നാണ് പറയുന്നത്. അതുകൊണ്ട് ലോകസഭാംഗം എന്ന് രേഖപ്പെടുത്തണമെന്നാണ് ഞാൻ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. നിയമസഭാംഗം എന്നതുപോലെ ലോകസഭാംഗം എന്നുപറഞ്ഞില്ലെങ്കിൽ രണ്ടുപേരേയും എടുക്കേണ്ടിവരും.

മി. സ്പീക്കർ: മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞല്ലോ.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 421, 482 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 463-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം.എ. ബേബി അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 422, 424, 426, 428, 430, 431, 432, 433, 439, 440, 441, 442, 443, 445, 446, 447, 449, 450, 451, 452, 453, 454, 455, 456, 457, 458, 461, 480 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോൾ: സർ, ചലച്ചിത്ര അക്കാഡമി പ്രസിഡന്റിനെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെയും എടുത്തു. ലൈബ്രറി കൗൺസിൽ പ്രസിഡന്റിനെയും കൂടി എടുക്കണം. അതൊരു പക്ഷപാതമല്ലേ. എന്റെ 465-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. എം. ഹംസ
15. ശ്രീമതി ജമീലാ പ്രകാശം
16. ശ്രീ. ജെയിംസ് മാത്യു
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. കെ. കെ. ജയചന്ദ്രൻ
19. ശ്രീ. ജോസ് തെറ്റയിൽ
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

22. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
23. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
24. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
25. ശ്രീമതി കെ. കെ. ലതിക
26. ശ്രീ. മാത്യു റ്റി. തോമസ്
27. ശ്രീ. സി. കെ. നാണു
28. ശ്രീ. കെ. കെ. നാരായണൻ
29. ശ്രീ. എ. പ്രദീപ് കുമാർ
30. ശ്രീ. പുരുഷൻ കടലുണ്ടി
31. ശ്രീ. കെ. രാധാകൃഷ്ണൻ
32. ശ്രീ. പി. റ്റി. എ. റഹീം
33. ശ്രീ. കെ. രാജു
34. ശ്രീ. രാജു എബ്രഹാം
35. ശ്രീ. മുല്ലക്കര രത്നാകരൻ
36. ശ്രീ. സി. കെ. സദാശിവൻ
37. ശ്രീ. സാജു പോൾ
38. ശ്രീമതി കെ. എസ്. സലീഖ
39. ശ്രീ. എസ്. ശർമ്മ
40. ശ്രീ. വി. ശശി
41. ശ്രീ. വി. ശിവൻകുട്ടി
42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
43. ശ്രീ. വി. എസ്. സുനിൽ കുമാർ

44. ശ്രീ. കെ. സുരേഷ് കുറുപ്പ്

45. ശ്രീ. പി. തിലോത്തമൻ

46. ഡോ. ടി. എം. തോമസ് ഐസക്

47. ശ്രീ. ഇ. കെ. വിജയൻ

48. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേശ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. എൻ. ശക്തൻ

53. ശ്രീ. വി. ഡി സതീശൻ

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദ്ദീൻ

57. ശ്രീ. ആർ. സെൽവരാജ്

58. ശ്രീ. കെ. ശിവദാസൻ നായർ

59. ശ്രീ. സണ്ണി ജോസഫ്

60. ശ്രീ. സി. എഫ്. തോമസ്

61. ശ്രീ. തോമസ് ഉണ്ണിയാടൻ

62. ശ്രീ. പി. ഉബൈദുള്ള

63. ശ്രീ. എം. ഉമ്മർ

64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

65. ശ്രീ. എം. എ. വാഹീദ്

66. ശ്രീ. എം. പി. വിൻസെന്റ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 48

പ്രതികൂലിക്കുന്നവർ - 67

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. സാജു പോൾ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 423, 425, 427, 429, 437, 459, 472, 488 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 435, 469 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 438, 483, 486 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 448, 466, 475, 478 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം ചന്ദ്രൻ അവതരിപ്പിച്ച 473, 477, 479 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 476, 484 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 489-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. ബേബി അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## പത്താം വകുപ്പ്

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

491. ഖണ്ഡം 10–ന്റെ മാർജിനൽ ശീർഷകത്തിൽ "ജനറൽ കൗൺസിലിന്റെ" എന്നീ വാക്കുകൾക്ക് പകരം "പൊതുസഭയുടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

495. ഖണ്ഡം 10(1)–ൽ "മൂന്നു വർഷം" എന്നീ വാക്കുകൾക്കു പകരം "അഞ്ചു വർഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

496. ഖണ്ഡം 10(1)–ൽ "മൂന്നു വർഷം" എന്നീ വാക്കുകൾക്കു പകരം "നാലു വർഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

497. ഖണ്ഡം 10(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഈ നിയമത്തിലെയും ലിഖിത നിയമങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി അനൗദ്യോഗിക അംഗങ്ങൾ ഒഴികെ

പൊതുസഭയിലെ ഓരോ അംഗവും പൊതുസഭയുടെ പുന:സംഘടന വരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്".

499. ഖണ്ഡം 10(2) ന്റെ ക്ലിപ്തനിബന്ധനയിൽ,–

(i) "നികായത്തിലെ" എന്ന വാക്കിനു പകരം "സമൂഹത്തിലെ" എന്ന വാക്ക് ചേർക്കുക.

(ii)"ജനറൽ കൗൺസിലിൽ" എന്നീ വാക്കുകൾക്കു പകരം "പൊതുസഭയിൽ" എന്നീ വാക്കുകൾ ചേർക്കുക.

505. ഖണ്ഡം 10 (3)–ൽ "ജനറൽ കൗൺസിലിലെ" എന്ന വാക്കിനു പകരം "പൊതുസഭയിലെ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

498. ഖണ്ഡം 10(2)–ൽ "ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും" എന്നീ വാക്കുകൾക്കു പകരം "ഈ നിയമത്തിലെയും നിയമാവലികളിലെയും" എന്നും "എക്സ് ഒഫിഷ്യോ" എന്ന വാക്കിനു പകരം "ഔദ്യോഗിക" എന്ന വാക്കും ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

500. ഖണ്ഡം 10(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നികായത്തിലെ "എന്ന വാക്കിനു പകരം "സ്ഥാപനത്തിലെ" എന്ന വാക്ക് ചേർക്കുക

501. ഖണ്ഡം 10(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അദ്ദേഹം അങ്ങനെ യുള്ള ഉദ്യോഗം വഹിക്കുന്ന ആൾ, അല്ലാതായി തീർന്നശേഷം" എന്നീ വാക്കുകൾക്കു പകരം "സ്ഥാപനത്തിലെ അംഗത്വത്തിൽ നിന്നോ, വഹിച്ചിരുന്ന ഉദ്യോഗത്തിൽ നിന്നോ വിടുതൽ ചെയ്ത ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

502. ഖണ്ഡം 10(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മുപ്പതു ദിവസം" എന്ന വാക്കുകൾക്കുപകരം "നാൽപ്പത് ദിവസം" എന്ന വാക്ക് ചേർക്കുക

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

503. ഖണ്ഡം 10(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മുപ്പതു" എന്ന വാക്കിനു പകരം "ഇരുപത്തിയഞ്ച്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

504. വകുപ്പ് 10(2)-ന്റെ ക്ലിപ്ത നിബന്ധന താഴെപറയും പ്രകാരം മാറ്റുക:

"എന്നാൽ ഒരു പ്രത്യേക സ്ഥാപനത്തിലെ അംഗമെന്ന നിലയ്ക്കോ പ്രത്യേക പദവി വഹിക്കുന്ന ആൾ എന്ന നിലയ്ക്കോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തെരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്ന അംഗം അങ്ങനെയുള്ള ആൾ അല്ലാതായി തീർന്നതിനുശേഷം പൊതുസഭയിൽ ഔദ്യോഗിക സ്ഥാനം വഹിക്കാൻ പാടില്ലാത്തതാണ്;

എന്ന് മാത്രമല്ല, തെരഞ്ഞെടുക്കപ്പെട്ടവർക്കും നാമനിർദ്ദേശം ചെയ്യപ്പെട്ടവർക്കും ഏത് സമയത്തും ചാൻസലർക്കു രാജി സമർപ്പിച്ച് സ്ഥാനം ഒഴിയാവുന്നതാണ്. "

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

506. ഖണ്ഡം 10 (3)–നു ശേഷം താഴെപറയുന്നവ ചേർക്കുക:

"ജനറൽ കൗൺസിലിലെ എക്സ് ഒഫിഷ്യോ അംഗങ്ങളുടെ കാലാവധി സംബന്ധിച്ച് സർക്കാരിന് തീരുമാനം എടുക്കാവുന്നതാണ് ".

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 491–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 495–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 497, 499, 505 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 498-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 500, 501 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 503-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

507. ഖണ്ഡം 11–ൽ "ജനറൽ കൗൺസിൽ" എന്ന വാക്ക് കാണപ്പെടുന്നിടത്തെല്ലാം അതിനു പകരം "പൊതുസഭ" എന്ന വാക്ക് ചേർക്കുക.

510. ഖണ്ഡം 11(1)–ൽ, (i) "ജനറൽ കൗൺസിൽ", എന്നീ വാക്കുകൾ കാണപ്പെടുന്നിടത്തെല്ലാം അതതു സംഗതിപോലെ "പൊതുസഭ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "അക്കാഡമിക് കൗൺസിൽ" എന്നീ വാക്കുകൾക്ക് പകരം "പണ്ഡിതസഭ" എന്നീ വാക്കുകൾ ചേർക്കുക.

(iii) "ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും അല്ലെങ്കിൽ റഗുലേഷനുകളിലേയും" എന്നീ വാക്കുകൾക്കു പകരം "നിയമത്തിലേയും ലിഖിതനിയമങ്ങളിലേയും ഉത്തരവുകളിലേയും അല്ലെങ്കിൽ നടപടിക്രമങ്ങളിലേയും" എന്നീ വാക്കുകൾ ചേർക്കുക.

517. ഖണ്ഡം 11 (1) – ൽ ക്ലിപ്ത നിബന്ധനയിൽ

(i) "അക്കാഡമിക് കൗൺസിലോ" എന്നീ വാക്കുകൾക്ക് പകരം "പണ്ഡിത സഭയോ" എന്നീ വാക്കുകൾ ചേർക്കുക.

(ii) “ചാൻസലർക്ക് റഫർ ചെയ്യേണ്ടതും” എന്നീ വാക്കുകൾക്ക് പകരം “ “സർവ്വകലാശാല അധ്യക്ഷന് കൈമാറേണ്ടതും എന്നീ വാക്കുകൾ ചേർക്കുക.

518. ഖണ്ഡം 11 (2) – ൽ, “ആക്ടിൽ” എന്ന വാക്കിന് പകരം “ നിയമത്തിൽ ” എന്ന വാക്കും “ ജനറൽ കൗൺസിലിന് ” എന്ന വാക്കിന് പകരം “പൊതുസഭക്ക് ” എന്ന വാക്കും ചേർക്കുക.

519. ഖണ്ഡം 11 (2) (എ) – യിൽ, “അക്കാഡമികവുമായ” എന്ന വാക്കിന് പകരം “ പണ്ഡിതോചിതവുമായ ” എന്ന വാക്ക് ചേർക്കുക.

522. ഖണ്ഡം 11(2) (ബി)–യിൽ “ ഡിപ്ലോമകളും ” എന്ന വാക്കിനു പകരം “അവകാശപത്രങ്ങളും ” എന്ന വാക്കും “ അക്കാഡമിക്” എന്ന വാക്കിനു പകരം “ പണ്ഡിതശ്രേഷ്ഠ ” എന്ന വാക്കും ചേർക്കുക.

525. ഖണ്ഡം 11(2) (സി)–യിൽ “ സ്റ്റാറ്റ്യൂട്ടുകൾ ” എന്ന വാക്കിന് പകരം “ ലിഖിത നിയമങ്ങൾ ” എന്ന വാക്ക് ചേർക്കുക

527. ഖണ്ഡം 11(2) (ഡി)–യിൽ,

"അക്കാഡമിക് കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "പണ്ഡിത സഭ" എന്നും "റഗുലേഷനോ" എന്ന വാക്കിനു പകരം "നടപടിക്രമങ്ങളോ" എന്ന വാക്കും ചേർക്കുക.

530. ഖണ്ഡം 11(2) (ഇ)–ൽ,

(i) "ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലെയും" എന്നീ വാക്കുകൾക്കു പകരം "ഈ നിയമത്തിലേയും ലിഖിതനിയമങ്ങളിലേയും ഇത്തരവുകളിലേയും നടപടിക്രമങ്ങളിലേയും" എന്നീ വാക്കുകൾ ചേർക്കുക.

534. ഖണ്ഡം 11(2) (എഫ്)–ൽ

(i) "ജവാ വക്കു ചേർക്കുക "ജനറൽ കൗൺസിൽ" എന്ന വാക്കിന് പകരം "പൊതുസഭ" എന്ന വാക്ക് ചേർക്കുക.

(ii) "പ്രൊഫസർമാർ, റീഡർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ" എന്നീ വാക്കുകൾക്കുപകരം യഥാക്രമം "സർവകലാശാല ആചാര്യൻമാർ, വായനക്കാർ, സർവകലാശാല ഉപആചാര്യൻമാർ" എന്നീ വാക്കുകൾ ചേർക്കുക.

536. ഖണ്ഡം 11(2) (ജി)–യിൽ,–

"വിസിറ്റർ, എമിറേറ്റ്സ് പ്രൊഫസർ, വിസിറ്റിംഗ് പ്രൊഫസർ, റൈറ്റർ ഇൻ റെസിഡൻസ്, ആർട്ടിസ്റ്റ് ഇൻ റസിഡൻസ്, സ്കോളർ ഇൻറസിഡൻസ് എന്നീ വാക്കുകൾക്കു പകരം യഥാക്രമം സന്ദർശകർ, വിരമിച്ച ശ്രേഷ്ഠാചാര്യന്മാർ, സന്ദർശകാചാര്യന്മാർ, ആസ്ഥാന എഴുത്തുകാർ, ആസ്ഥാന കലാകാരൻമാർ, ആസ്ഥാന പണ്ഡിതൻമാർ" എന്നീ വാക്കുകൾ ചേർക്കുക.

552. ഖണ്ഡം 11 (2) (കെ) യിൽ "ബഡ്ജറ്റ്" എന്ന വാക്കിനു പകരം "വരവ് ചെലവ് കാണിക്കുന്ന പ്രസ്താവന" എന്നീ വാക്കുകൾ ചേർക്കുക.

553. ഖണ്ഡം 11 (2) (എൽ)–ൽ "ഡിപ്ലോമയോ" എന്ന വാക്കിന് പകരം "അവകാശപത്രമോ" എന്ന വാക്ക് ചേർക്കുക.

555. ഖണ്ഡം 11 (2)–എം–ൽ

(i) "ജനറൽ കൗൺസിലിന്റേയും" എന്നീ വാക്കുകൾക്കു പകരം "പൊതുസഭയുടേയും" എന്ന വാക്കു ചേർക്കുക.

(ii) "ക്വാറവും ക്രമപ്പെടുത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ" എന്നീ വാക്കുകൾക്കു പകരം "നിശ്ചിത അംഗസംഖ്യയും ക്രമപ്പെടു ത്തുന്നതിന് ലിഖിത നിയമങ്ങൾ " എന്നീ വാക്കുകൾ ചേർക്കുക.

557. ഖണ്ഡം 11 (2) (എൻ)–ൽ "അക്കാഡമികവും" എന്ന വാക്കിന് പകരം "പാണ്ഡിത്യവും" എന്ന വാക്ക് ചേർക്കുക.

558. ഖണ്ഡം 11 (2) (ഒ)–യിൽ, "ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുക ളാലും" എന്നീ വാക്കുകൾക്ക് പകരം "നിയമത്തിനാലും ലിഖിത നിയമങ്ങളാലും" എന്നീ വാക്കുകൾ ചേർക്കുക.

510–ാം നമ്പർ ഭേദഗതിയിൽ അക്കാഡമിക് കൗൺസിലിനുള്ള ഭേദഗതി മന്ത്രി അംഗീകരിച്ചതാണെന്ന് ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്.

അതുപോലെ, 517, 518, 519, 527, 530 എന്നീ നമ്പർ ഭേദഗതികൾ അദ്ദേഹം അംഗീകരിച്ചതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

509. ഖണ്ഡം 11–ൽ "ജനറൽ കൗൺസിൽ", "ആക്റ്റ്", "സ്റ്റാറ്റ്യൂട്ട്", "ഓർഡിനൻസ്", "റഗുലേഷൻ" എന്നീ വാക്കുകൾ കാണപ്പെടുന്നിടത്തെല്ലാം അതിനു പകരം യഥാക്രമം "പൊതു സഭ","നിയമം", "നിയമാവലി", "കല്പന", "ശാസന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

511. ഖണ്ഡം 11(1)–ൽ "ഏതൊരു നടപടിയും പുന:പരിശോധിക്കാൻ" എന്നീ വാക്കുകൾക്ക് പകരം "ഏതൊരു നടപടിയും പുന:പരിശോധിക്കാനും അതിന്മേൽ ഉചിതമായി തീരുമാനമെടുക്കാനും" എന്നീ വാക്കുകൾ ചേർക്കുക.

516. ഖണ്ഡം II (1)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:

"എന്നാൽ അത്തരത്തിലുള്ള തീരുമാനത്തെ സംബന്ധിച്ച് തുടർന്നും ആക്ഷേപമുണ്ടാകുന്ന പക്ഷം, ആ തർക്ക വിഷയം

ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ”

511–ാം നമ്പർ ഭേദഗതിയിൽ ജനറൽ കൗൺസിലിന്റെ കർത്തവ്യങ്ങൾ പറയുന്ന ഭാഗത്ത് നിർവ്വാഹക സമിതിയുടെയും അക്കാഡമിക് കൗൺസിലിന്റെയും ഏതെങ്കിലും നടപടി നിയമപ്രകാരമല്ലെങ്കിൽ അത് പുനഃപരിശോധിക്കാനുള്ള അധികാരം ജനറൽ കൗൺസിലിനുണ്ട് എന്നുപറയുന്നുണ്ട്. അതിൽ കുറച്ചുകൂടി മോഡിഫിക്കേഷൻ വേണമെന്ന് തോന്നുന്നു. ഏതൊരു നടപടിയും പുനഃപരിശോധിക്കാനും അതിന്മേൽ ഉചിതമായ തീരുമാനമെടുക്കാനും ഉള്ള അധികാരമുണ്ടെങ്കിൽ മാത്രമേ ആ പുനഃപരിശോധന കൊണ്ട് കാര്യമുള്ളൂ. അതുപോലെതന്നെ 516–ാം നമ്പർ ഭേദഗതിയിൽ ഇതിന്റെ തൊട്ടടുത്ത പാരഗ്രാഫിൽ പറയുന്നത് “എന്നാൽ നിർവ്വാഹക സമിതിയോ അക്കാദമിക് കൗൺസിലോ അവയിൽ നിക്ഷിപ്തമായ അധികാരങ്ങൾക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലന്നോ ഉള്ള ഏതെങ്കിലും തർക്കവിഷയമുണ്ടാകുന്ന പക്ഷം ആ തർക്കവിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്” ഇത് ആദ്യത്തെ പാരഗ്രാഫിൽ പറയുന്ന കാര്യത്തിന്റെ നേരെ വിപരീതമായിട്ടുള്ള ഒരു കാര്യമാണ്. ആദ്യം ജനറൽ കൗൺസിലിന് അധികാരമുണ്ടെന്നും രണ്ടാമത്തെ പാരഗ്രാഫിൽ അങ്ങനെ പ്രത്യേകിച്ച് അധികാരമൊന്നുമില്ല, നേരെ ചാൻസലർക്ക് റഫർ ചെയ്യാനുള്ള അധികാരം മാത്രമെയുള്ളൂവെന്ന് പറയുന്നു. അപ്പോൾ ജനറൽ കൗൺസിലിന്റെ അധികാരം പൂർണ്ണമാകണമെങ്കിൽ രണ്ടാമത്തെ പാരഗ്രാഫ് ഈ രീതിയിലൊന്ന് മാറ്റം വരുത്തണം. എന്നാൽ അത്തരത്തിലുള്ള തീരുമാനം സംബന്ധിച്ച് തുടർന്നും ആക്ഷേപം ഉണ്ടാകുന്ന

പക്ഷം ആ തർക്കവിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കേണ്ടതുമാണ്. ഈയൊരു രീതിയിൽ വന്നാൽ മാത്രമേ അതുകൊണ്ട് ഉദ്ദേശിക്കുന്ന കാര്യത്തിൽ പൂർണ്ണമായും ആശയവ്യക്തത ഉണ്ടാവുകയുള്ളൂ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

512. ഖണ്ഡം 11 (1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

512-ാം നമ്പർ ഭേദഗതി 11(1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക എന്നുള്ളതാണ്. ജനറൽ കൗൺസിലും സർവ്വകലാശാലയുടെ പരമാധികാര സ്ഥാനമായിരിക്കുമെന്ന് പറയുന്നു. അതിനുശേഷം നിർവ്വാഹക സമിതിയുടെയോ അക്കാദമിക് കൗൺസിലിന്റെയോ ഏതെങ്കിലും നടപടി ഈ ആക്ടിലെ ഓർഡിനൻസുകളും റെഗുലേഷനുകളും വ്യവസ്ഥകളും അനുസരിച്ചല്ലാതെയാണെങ്കിൽ അപ്രകാരമുള്ള അധികാരസ്ഥാനങ്ങൾ സ്വീകരിച്ച യാതൊരു നടപടിയും പുനഃപരിശോധിക്കാൻ ജനറൽ കൗൺസിലിന് അധികാരമുണ്ടെന്നുപറഞ്ഞിട്ട് ക്ലിപ്ത നിബന്ധന പറയുന്നത് നിർവ്വാഹക സമിതിയോ അക്കാദമിക് കൗൺസിലോ അവയിൽ നിക്ഷിപ്തമായ അധികരാങ്ങൾക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലയോയെന്നുള്ള ഏതെങ്കിലും തർക്കവിഷയമുണ്ടാകുന്ന പക്ഷം ആ തർക്കവിഷയം ചാൻസലറർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കേണ്ടതുമാണ് എന്നാണ്. അപ്പോൾ ഈ തർക്കവിഷയമാണ് ജനറൽ കൗൺസിൽ തീരുമാനിക്കേണ്ടത്. അതിനുശേഷം പിന്നെ എങ്ങനെയാണ് ചാൻസലർക്ക് റഫർ ചെയ്യേണ്ടത്? അപ്പോൾ അതിനകത്ത് പരസ്പരവിരുദ്ധമായ ഒരു കാര്യ

മുണ്ട്. അതുകൊണ്ട് ആ ക്ലിപ്‌ത നിബന്ധന ഒഴിവാക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

513. ഖണ്ഡം 11(1)-ന്റെ ക്ലിപ്‌ത നിബന്ധനയിൽ "തർക്ക വിഷയം ചാൻസലർക്ക്" എന്നീ വാക്കുകൾക്ക് പകരം "തർക്ക വിഷയം പ്രോ-വൈസ് ചാൻസലർക്ക്" എന്നീ വാക്കുകൾ ചേർക്കുക.

521. ഖണ്ഡം 11 (2) (ബി)-യിൽ, " ബിരുദങ്ങളും " എന്ന വാക്കിനുശേഷം "ബിരുദാനന്തര ബിരുദങ്ങളും" എന്ന വാക്കുകൂടി ചേർക്കുക.

524. ഖണ്ഡം 11(2) (സി)-യിൽ " സ്വമേധയായോ " എന്ന വാക്കും അടയാളവും നീക്കം ചെയ്യുക.

526. ഖണ്ഡം 11(2) (ഡി)-യിൽ " ഏതെങ്കിലും ഉത്തരവോ " എന്നീ വാക്കുകൾക്ക് പകരം " എല്ലാ ഉത്തരവുകളും പരിശോധിക്കുകയും " എന്നീ വാക്കുകൾ ചേർക്കുക.

528. ഖണ്ഡം 11(2) (ഡി)-യിൽ,-

"ഏതെങ്കിലും റഗുലേഷനോ" എന്നീ വാക്കുകൾക്കു പകരം "എല്ലാ റഗുലേഷനും പരിശോധിക്കുകയും അവശ്യം വേണ്ടുന്നവ സ്വീകരിക്കുകയും അല്ലാതുള്ളവ" എന്നീ വാക്കുകൾ ചേർക്കുക.

532. ഖണ്ഡം 11(2)(ഇ) യ്ക്കു ശേഷം താഴെ പറയുന്ന ഉപഖണ്ഡം (എഫ്) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(എഫ്) സംസ്ഥാനത്ത് നിന്നും ജ്ഞാനപീഠം അവാർഡുൾപ്പെടെ വിവിധങ്ങളായ അവാർഡ് ജേതാക്കളെ ആദരിക്കുകയും അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ അവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക".

535. ഖണ്ഡം 11(2) (എഫ്)-ന്റെ അവസാനം "പബ്ലിക് സർവ്വീസ് കമ്മീഷൻ നിബന്ധനകൾ പ്രകാരം അവരുടെ തെരഞ്ഞെടുപ്പു പ്രക്രിയ പ്രകാരം ഏർപ്പെടുത്തുക" എന്നീ വാക്കുകൾ ചേർക്കുക

539. ഖണ്ഡം '11' (2) (ജി) യിൽ "എന്നീ സ്ഥാനങ്ങൾ"എന്നതിനു ശേഷം "ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പുവഴി സർവ്വകലാശാലയുടെ പൊതു ആലോചനാ സമിതി " എന്നീ വാക്കുകൾ ചേർക്കുക.

542. ഖണ്ഡം 11(2)(എച്ച്)-ൽ "ഉപാധികളും" എന്ന വാക്കിനുശേഷം "കെ. എസ്. ആർ, കെ. എസ് ആന്റ് എസ്. എസ്. ആർ എന്നിവ പ്രകാരം" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

543. ഖണ്ഡം 11(2)(ഐ)-യിൽ "നിർണ്ണയിക്കുകയും" എന്ന വാക്കിന് ശേഷം "ചെയ്യുന്നത് സംസ്ഥാന പേ റിവിഷൻ കമ്മീഷൻ തീരുമാനപ്രകാരം ആയിരിക്കും" എന്നീ വാക്കുകൾ ചേർക്കുക.

545. ഖണ്ഡം 11(2)(ഐ)-യ്ക്ക് ശേഷം "(ജെ)" ആയി താഴെപ്പറയുന്നവ ചേർക്കുകയും ശേഷമുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

" (ജെ) സർവ്വകലാശാലയിൽ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഒഴിവുകൾ കണക്കാക്കുകയും അവ യഥാസമയം നികത്താൻ പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക ".

551. ഖണ്ഡം 11(2)(കെ)-യിൽ "വാർഷിക ബഡ്ജറ്റ്" എന്നതിനു ശേഷം "വിശദമായി പരിശോധിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

514 ഖണ്ഡം 11 (1) ന്റെ ക്ലിപ്ത നിബന്ധനയിൽ "ചാൻസലർക്ക്" എന്ന വാക്കിനു ശേഷം "30 ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

515. ഖണ്ഡം 11 (1) ന്റെ ക്ലിപ്ത നിബന്ധനയുടെ അവസാനം "ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്കു പകരം "പൊതുസഭയിലെ എക്സ് ഒഫീഷ്യോ ഒഴികെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷമനുസരിച്ച് തീരുമാനിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

529. ഖണ്ഡം 11(2) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

'(ഡി) നിർവ്വാഹക സമിതി പാസ്സാക്കിയ ഉത്തരവുകളും അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ റെഗുലേഷനുകളും പരിശോധിക്കുകയും ആവശ്യമുള്ളവ പൊതുസഭയിലെ എക്സ്-ഒഫീഷ്യോ ഒഴികെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് തിരുത്താനോ റദ്ദാക്കാനോ ഉള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്'.

537. ഖണ്ഡം 11 (2) (ജി)ൽ "എമിറേറ്റ്സ്"എന്ന വാക്കിന് പകരം

"ഇമെരിറ്റസ് " എന്ന വാക്ക് ചേർക്കുക.

<u>ശ്രീമതി. കെ. എസ്. സലീഖ :</u> സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

523. ഖണ്ഡം 11(2) (ബി) താഴെ പറയും പ്രകാരം മാറ്റുക

"സർവ്വകലാശാല ഏതെല്ലാം ഡിപ്ലോമകളും, ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും, ഗവേഷണങ്ങളും, മറ്റ് അക്കാഡമിക് ബഹുമതികളുമാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുക;"

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

531. ഖണ്ഡം 11(2) (ഇ)യിൽ,

'രേഖകളും' എന്ന വാക്കിനു പകരം 'സാക്ഷ്യപത്രങ്ങളും' എന്നീ വാക്കുകൾ ചേർക്കുക.

(ii) 'ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും മെഡലുകളും' എന്നീ വാക്കുകൾക്കു പകരം 'സൗഹൃദ ബഹുമതികളും വിദ്യാധന സഹായ ങ്ങളും മുദ്രകളും ' എന്നീ വാക്കുകൾ ചേർക്കുക.

538. ഖണ്ഡം 11 (2) (ജി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ജി) കാലാകാലങ്ങളിൽ ആവശ്യമെന്നു കരുതുന്ന സന്ദർശകർ, വിരമിച്ച പ്രൊഫസർ, സന്ദർശക പ്രൊഫസർ, ആസ്ഥാന എഴുത്തു കാരൻ, ആസ്ഥാന കലാകാരൻ, ആസ്ഥാനവിദ്വാൻ, ഗുരുക്കന്മാർ എന്നീ സ്ഥാനങ്ങൾ ഏർപ്പെടുത്തുക ; "

ശ്രീ. ബെന്നി ബഹനാൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവത രിപ്പിക്കുന്നു.

540. ഖണ്ഡം 11 (2) (എച്ച്)-ൽ "ജീവനക്കാരുടെ" എന്ന വാക്കിനുപ കരം "അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ" എന്നീ വാക്കു കൾ ചേർക്കുക.

സർ, എന്റെ ഒരു ചെറിയ ഭേദഗതിയാണ്. സർവ്വകലാശാലയിലെ ജീവ നക്കാരുടെ സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും നിർണ്ണയി ക്കുക എന്നുള്ളത് സർവ്വകലാശാലയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവന ക്കാരുടെ എന്നാക്കി മാറ്റണം. അതിൽ 2-ാമത്തെ ക്ലാസിൽ അദ്ധ്യാപ കരെക്കുറിച്ച് പറയുന്നുണ്ട്. അവിടേയും അനദ്ധ്യാപകരെക്കുറിച്ച് പറയു ന്നില്ല. അതുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവ തരിപ്പിക്കുന്നു.

541. ഖണ്ഡം 11 (2) (എച്ച്)- ൽ "സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും" എന്നീ വാക്കുകൾക്ക്പകരം "സേവന-വേതന വ്യവസ്ഥകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. എ. ബേബി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 11(2)(ഐ) താഴെപ്പറയും പ്രകാരം മാറ്റുക.

" (ഐ) അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുക; ".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. സാജു പോൾ അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 523-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ബാക്കി ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 507, 522, 525, 534, 536, 552, 553, 555, 557, 558 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമുതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 511, 516 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 512–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 513, 524, 526, 528, 532, 535, 539, 542, 543, 545, 551 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സാജുപോൾ അവതരിപ്പിച്ച 521–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 537–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 515, 529 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ.എസ്.സലീഖ അവതരിപ്പിച്ച 523–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 531, 538 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 540–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 541–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം.എ. ബേബി അവതിരിപ്പിച്ച 544–ാം നമ്പർ ഭേദഗതി സഭയുടെ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11–.ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**12–ാം വകുപ്പ്**

ശ്രീ. സാജുപോൾ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

560. ഖണ്ഡം 12 (1) ൽ "കുറഞ്ഞത് നാലു മാസത്തിലൊരിക്കലെങ്കിലും" എന്നീ വാക്കുകൾക്കു പകരം "കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ" എന്നീ വാക്കുകൾ ചേർക്കുക

572 ഖണ്ഡം 12 (3) –ൽ "പത്തു അംഗങ്ങളെങ്കിലും" എന്നീ വാക്കുകൾക്കു പകരം "മൂന്നിൽ ഒന്നു അംഗങ്ങളെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 12 (1) ൽ "നാലു മാസത്തിലൊരിക്കലെങ്കിലും" എന്ന വാക്കുകൾക്ക് പകരം " അഞ്ചു മാസത്തിലൊരിക്കലെങ്കിലും " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

564. ഖണ്ഡം 12 ( 1) ൽ

(1) "വൈസ് ചാൻസലർ" എന്നത് "സർവ്വകാലാശാല അധികാരി" എന്നാക്കുക.

(2) "ജനറൽ കൗൺസിൽ" എന്നത് "പൊതുസഭ" എന്നാക്കുക.

(3) "ബഡ്ജറ്റ്" എന്നതിനുപകരം "വരവുചെലവുകാണിക്കുന്ന പ്രസ്താവന" എന്നു ചേർക്കുക

566. ഖണ്ഡം 12 ( 2) ൽ "ജനറൽ കൗൺസിൽ " എന്നത് "പൊതുസഭ " എന്നും "ക്വാറം "എന്നത് "നിശ്ചിത അംഗസംഖ്യ" എന്നും മാറ്റുക.

569. ഖണ്ഡം 12(2)– ന്റെ ക്ലിപ്ത നിബന്ധനയിൽ

(1) "ഡിഗ്രികളോ" എന്ന വാക്കിനു പകരം "ബിരുദങ്ങളോ" എന്ന വാക്ക് ചേർക്കുക.

(2) "ക്വാറം" എന്നത് "നിശ്ചിത അംഗസംഖ്യ" എന്നു മാറ്റുക.

571 ഖണ്ഡം 12 (3) –ൽ "വൈസ് ചാൻസലർ" എന്നത് "സർവ്വകലാശാല അധികാരി" എന്നും "ജനറൽ കൗൺസിലിലെ" എന്നത് "പൊതുസഭയിലെ" എന്നും "ജനറൽ കൗൺസിലിന്റെ" എന്നത് "പൊതുസഭയുടെ" എന്നും മാറ്റുക.

576. ഖണ്ഡം 12(4) ൽ 'ചാൻസലറുടെയും പ്രോ–ചാൻസലറുടേയും അഭാവത്തിൽ വൈസ് ചാൻസലർ ജനറൽ കൗൺസിൽ' എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാല അധ്യക്ഷന്റേയും ഉപാധ്യക്ഷന്റേയും അഭാവത്തിൽ സർവകലാശാല അധികാരി പൊതു സഭയുടെ" എന്നീ വാക്കുകൾ ചേർക്കുക.

സർ, ക്വാറം എന്നുള്ളതിനകത്ത് ഒരു നിശ്ചിത അംഗസംഖ്യ എന്നാക്കണമെന്നുള്ളതാണ് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ക്വാറം എന്ന് കുറേ സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. ക്വാറം എന്നുവരുന്ന സ്ഥലത്തെല്ലാം ഒരു നിശ്ചിത അംഗസംഖ്യ ആയിരിക്കണം എന്നാണ് എന്റെ ഒരു ഭേദഗതി. പിന്നെ വന്നിരിക്കുന്നത് നേരത്തെ അംഗീകരിച്ചതാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

565. ഖണ്ഡം 12 ( 1) ൽ "ജനറൽ കൗൺസൽ" എന്നതിനു പകരം "പൊതുസഭ" എന്ന് ചേർക്കുക.

567. ഖണ്ഡം 12 ( 2) ൽ "ക്വാറം " എന്നത് "ക്വോറം " എന്ന് മാറ്റുക.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 12 (3) –ൽ "പത്ത് അംഗങ്ങളെങ്കിലും" എന്നീ വാക്കുകൾക്കു പകരം "മൂന്നിൽ –രണ്ട് അംഗങ്ങളെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

സർ, 573 ഖണ്ഡം 12(3)-ൽ പത്ത് അംഗങ്ങളെങ്കിലും എന്നീ വാക്കുകൾക്കു പകരം മൂന്നിൽ-രണ്ട് അംഗങ്ങളെങ്കിലും എന്നാക്കി മാറ്റണമെന്നുള്ളതാണ് നിർദ്ദേശം.

ശ്രീ. ബി.ഡി. ദേവസ്സി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 12(3) ൽ "പത്ത് " എന്ന വാക്കിനു പകരം "ക്വോറം തികയാൻ വേണ്ട എണ്ണം " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

575. ഖണ്ഡം 12(3) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക.

"വൈസ് ചാൻസലർക്ക് യുക്തമെന്ന് അദ്ദേഹത്തിനു തോന്നുന്ന ഏതു സമയത്തും ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കാവുന്നതാണ്. ജനറൽ കൗൺസിലിലെ ഏറ്റവും കുറഞ്ഞത് പത്ത് അംഗങ്ങളെങ്കിലും ഒപ്പിട്ട ഒരു അർത്ഥനയിന്മേൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കേണ്ടതാണ്. പ്രത്യേക യോഗം ഏതു ആവശ്യത്തിനാണോ കൂടിയത് ആ വിഷയം ഒഴികെ മറ്റൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടില്ലാത്തതാണ് "

സർ, 12(3)-ൽ വൈസ് ചാൻസലർക്ക് ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാം. അതിന് ഏറ്റവും കുറഞ്ഞത് പത്ത് അംഗങ്ങളെങ്കിലും ഒപ്പിട്ട ഒരു അർത്ഥനയിന്മേൽ ഒരു പ്രത്യേക ആവശ്യ

ത്തിനു വേണ്ടി ജനറൽ കൗൺസിലിന്റെ യോഗം വിളിച്ചു ചേർക്കാവുന്നത്.... ചേർക്കാവുന്നതെന്നു പറഞ്ഞാൽ അദ്ദേഹം അത് ചേർക്കണമെന്നില്ല. അത് മാൻഡേറ്ററി ആക്കണം. അതായത് പത്ത് അംഗങ്ങൾ ആവശ്യപ്പെട്ടാൽ പ്രത്യേക യോഗം വിളിച്ച് ചേർക്കേണ്ടതാണ് എന്നുള്ളതാണ് ഭേദഗതി. ആ ഖണ്ഡം ഞാൻ റീ-റൈറ്റ് ചെയ്ത് മൂവ് ചെയ്യുകയാണ്. ആ യോഗത്തിൽ വേറൊരു വിഷയവും പരിഗണിക്കാൻ പാടുള്ളതല്ല. ജനറൽ കൗൺസിലിലെ പത്ത് അംഗങ്ങൾ ആവശ്യപ്പെട്ടാൽ ശഢ വെീൗഹറ യല ാമിറമീൃ്യ. വൈസ് ചാൻസലർ അത് വിളിച്ച് ചേർത്തിരിക്കണം.

<u>ശ്രീ. വി. റ്റി. ബൽറാം</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 12(4) ൽ "അദ്ധ്യക്ഷം" എന്ന വാക്കിന് പകരം

"ആദ്ധ്യക്ഷം" എന്ന വാക്ക് ചേർക്കുക.

സർ, ഇതിലൊരു വ്യാകരണ പിശകാണ് . അദ്ധ്യക്ഷം എന്നാണ് എഴുതിയിരിക്കുന്നത്. പ്രിന്റ് ചെയ്ത് വന്നതിലും ഒരു തെറ്റുണ്ട്. ആദ്ധ്യക്ഷ്യം എന്നാണ് ശരിയായ വാക്ക്. അദ്ധ്യക്ഷം എന്നതിനുപകരം ആദ്ധ്യക്ഷ്യം എന്നാക്കി മാറ്റുക. അതല്ലെങ്കിൽ അദ്ധ്യക്ഷത എന്ന് ഉപയോഗിക്കാവുന്നതാണ്. ഈയൊരു വ്യാകരണപിശക് തിരുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീമതി കെ. കെ. ലതിക</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

578. ഖണ്ഡം 12(4) ൽ " അദ്ധ്യക്ഷം " എന്നത് " അദ്ധ്യക്ഷത " എന്ന് മാറ്റുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 575-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.കെ. ലതിക അവതരിപ്പിച്ച 578-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 575-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.കെ. ലതിക അവതരിപ്പിച്ച 578-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 560, 572 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 566, 569 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 565, 567 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 574-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ................

12–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

13–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

579. ഖണ്ഡം 13–ൽ ''നികായം'' എന്ന വാക്കിനുപകരം ''സമൂഹം'' എന്ന വാക്കു ചേർക്കുക.

582. ഖണ്ഡം 13(എ)(ശ) താഴെപ്പറയുംപ്രകാരം മാറ്റുക:

''(i) സർവ്വകലാശാല അധികാരി;''

583. ഖണ്ഡം 13(എ)(ii)–ലെ ''പ്രോ–വൈസ് ചാൻസലർ'' എന്നീ വാക്കുകൾ ഒഴിവാക്കുക.

584 ഖണ്ഢം 13 എ (iii)– യിൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "സർക്കാർ കാര്യദർശി" എന്നീ വാക്കുകൾ ചേർക്കുക

585. ഖണ്ഢം 13 എ (iv)– യിൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "സർക്കാർ കാര്യദർശി" എന്നീ വാക്കുകൾ ചേർക്കുക

586 ഖണ്ഡം 13 എ (v)– യിൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "സർക്കാർ കാര്യദർശി" എന്നീ വാക്കുകൾ ചേർക്കുക

589. ഖണ്ഡം 13 എ (vi) താഴെപ്പറയും പ്രകാരം മാറ്റുക.

"(vi) ഒരു വർഷക്കാലയളവിലേക്ക് സർവ്വകലാശാല അധികാരി നാമനിർദ്ദേശം ചെയ്യുന്ന വൈജ്ഞാനികശാഖ ഉപദേശ സമിതിയുടെ രണ്ട് അദ്ധ്യക്ഷൻമാർ'

590. ഖണ്ഡം 13 എ(vii) താഴെപ്പറയും പ്രകാരം മാറ്റുക.

"(vii) ഒരു വർഷക്കാലയളവിലേക്ക് സർവ്വകലാശാല അധികാരി നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണ സഭയിലെ ഒരു ഉപാദ്ധ്യക്ഷൻ'

595. ഖണ്ഡം 13 (ബി) (i) താഴെ പറയും പ്രകാരം മാറ്റുക.

" (i) പൊതുസഭയിലെ പഠനകേന്ദ്രങ്ങളിലെ നിർവാഹകരിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം ;".

596. ഖണ്ഡം 13 (ബി) (ii) യിൽ "ജനറൽ കൗൺസിലിലെ" എന്നീ വാക്കുകൾ കാണുന്നിടത്ത് "പൊതുസഭയിലെ" എന്ന വാക്ക് ചേർക്കുക.

597. ഖണ്ഡം 13 (ബി) (iii) യിൽ "ജനറൽ കൗൺസിലിലെ" എന്നീ വാക്കുകൾ കാണുന്നിടത്ത് "പൊതുസഭയിലെ" എന്ന വാക്ക് ചേർക്കുക.

603. ഖണ്ഡം 13 (സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(സി) സർവ്വകലാശാല അധികാരി നാമനിർദ്ദേശം ചെയ്യുന്ന പൊതു സഭയിൽ അംഗങ്ങളായ മൂന്ന് ശ്രേഷ്ഠരായ എഴുത്തുകാരും കലാകാരൻമാരും പണ്ഡിതന്മാരും."

സർ, 581-ാം നമ്പർ ഭേദഗതി മിനിസ്റ്റർ നേരത്തെ സ്വീകരിച്ചതാണ്. എക്സ്- ഒഫിഷ്യോ അംഗങ്ങൾ എന്നുള്ളത് അനൗദ്യോഗിക അംഗങ്ങൾ എന്നാക്കണമെന്നത് നേരത്തെ സ്വീകരിച്ചതാണ്. മറ്റുള്ള ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വർക്കല കഹാർ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587 ഖണ്ഡം 13 എ (vi)- ൽ "രണ്ട് ചെയർമാന്മാർ " എന്നീ വാക്കുകൾക്കു പകരം "ഒരു ചെയർമാൻ" എന്നീ വാക്കുകൾ ചേർക്കുക

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588 ഖണ്ഡം 13 എ (vi) "ഒരു വർഷത്തേക്ക് വൈസ് ചാൻസലർ നാമിർദ്ദേശം ചെയ്യുന്ന രണ്ട് ഫാക്കൽറ്റി ഡീൻമാർ" എന്ന് മാറ്റുക

<u>ശ്രീ. പി. റ്റി. എ. റഹീം</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 13 (ബി)യിൽ 'ഒരംഗം' എന്ന് ആവർത്തിക്കുന്നിടത്തെല്ലാം പകരം 'രണ്ടംഗങ്ങൾ' എന്ന് ചേർക്കുക.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

593. ഖണ്ഡം 13(ബി)(i)ൽ 'ഒരംഗം' എന്ന വാക്കിനു പകരം 'മൂന്നംഗം' എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

594. ഖണ്ഡം 13 (ബി) (i) ആയി താഴെ പറയുന്നവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (i) കേരള നിയമസഭാ സാമാജികരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു എസ്.സി. പ്രതിനിധി അടക്കം മൂന്ന് (3) അംഗങ്ങൾ".

<u>ശ്രീ. വി. റ്റി. ബൽറാം</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

598; ഖണ്ഡം 13 (ബി) (iii) – ൽ "വിദ്യാർത്ഥികളിൽ" എന്ന വാക്കിന് പകരം "ഗവേഷണ വിദ്യാർത്ഥികളിൽ" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഇതിൽ ചെറിയൊരു കറക്ഷനുണ്ട്. ഞാൻ ഉദ്ദേശിച്ച കാര്യമല്ല ഇതിൽ പ്രിന്റുചെയ്ത് വന്നിരിക്കുന്നത്. വിദ്യാർത്ഥികളിൽ നിന്നും ജനറൽ കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരംഗം എന്നാണ് ഇതിൽ വന്നിരിക്കുന്നത്. പക്ഷെ വിദ്യാർത്ഥികളിൽ നിന്നും മാത്രമല്ല, രണ്ട് കോൺസ്റ്റിറ്റ്യൂവൻസിയായിട്ടാണ് വരുന്നത്. ഒന്ന്, വിദ്യാർത്ഥികൾ മറ്റൊന്ന് ഗവേഷണ വിദ്യാർത്ഥികൾ. ഈ രണ്ടിൽ നിന്നും രണ്ടുപേർ വീതം തെരഞ്ഞെടുക്കപ്പെട്ട് വരുന്നുണ്ട്. അതിൽ നിന്ന് ഒരാളെയാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും എന്ന ഒരു വാക്കു കൂടി അതിൽ ചേർക്കേണ്ടതാണ്. എന്നാൽ മാത്രമേ അതിനൊരു ക്ലാരിറ്റി വരികയുള്ളൂ. അതൊരു ഓറൽ അമന്റ്മെന്റായി മൂവു ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

602. ഖണ്ഡം 13 (സി) യുടെ അവസാനം താഴെപ്പറയുന്നത് ചേർക്കുക.

"അവരിൽ ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ വനിത ആയിരിക്കേണ്ടതും ആണ്."

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

604. ഖണ്ഡം 13 (സി)-യിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് ശേഷമുള്ള ഭാഗം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിൽ അംഗങ്ങളായ മൂന്നു ശ്രേഷ്ഠരായ എഴുത്തുകാരിൽ ഒരാൾ ജ്ഞാനപീഠം/തത്തുല്യമായ അവാർഡുജേതാവോ മറ്റു രണ്ടു പേർ സംസ്ഥാന അവാർഡുജേതാവും മലയാള ഭാഷാ പ്രചാര കരും കൂടിയായിരിക്കേണ്ടതാണ്."

ബില്ലിൽ പറഞ്ഞിരിക്കുന്നത് ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന ജന റൽ കൗൺസിൽ അംഗങ്ങളായ മൂന്നു ശ്രേഷ്ഠരായ എഴുത്തുകാരും കലാകാ രന്മാരും പണ്ഡിതന്മാരും എന്നാണ്. ജ്ഞാനപീഠ പുരസ്ക്കാര ജേതാക്കൾ രണ്ടുപേർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്. സരസ്വതി സമ്മാൻ കിട്ടിയവരും എഴു ത്തച്ഛൻ പുരസ്കാരം കിട്ടിയവരുമുണ്ട്. ഈ വ്യവസ്ഥ പ്രകാരം ഹെർമ്മൻ ഗുണ്ടർട്ട്, ശ്രീകണ്ഠേശ്വരം പി. കെ. നാരായണപിള്ള, ഡോ. കെ. എം. ജോർജ്, പ്രൊഫ. ഗുപ്തൻ നായർ, ഡോ. സുകുമാർ അഴീക്കോട് തുടങ്ങിയ അതിപ്രഗത്ഭരായ ആളുകൾ ഇപ്പോൾ ജീവിച്ചിരുന്നുവെങ്കിൽ ഇതിൽ വരികയില്ല. അതുകൊണ്ട് സ്പെസി ഫിക്കായിത്തന്നെ ജ്ഞാനപീഠ പുരസ്ക്കാരം പറയണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതിക ളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 579, 582, 583, 584, 585, 586, 589, 590, 595, 596, 597, 603 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 580–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 587–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 588–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 592–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 593–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 598–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 604–ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 594–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 14–ാം വകുപ്പ്

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

605. ഖണ്ഡം 14–ൽ ഉപഖണ്ഡം (1) (2) (3) എന്നീ ഉപഖണ്ഡങ്ങളിൽ "ഒരു വർഷക്കാലം" എന്നീ വാക്കുകൾക്ക് പകരം "മൂന്നു വർഷക്കാലം" എന്നീ വാക്കുകൾ ചേർക്കുക.

609. ഖണ്ഡം 14(3)–ൽ "ഒരു വർഷക്കാലത്തേയ്ക്ക്" എന്നീ വാക്കുകൾക്ക് പകരം "രണ്ടു വർഷക്കാലത്തേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

612. ഖണ്ഡം 14 (4)–ൽ "കാലാവധിയോടൊപ്പം" എന്ന വാക്കിനു പകരം "രണ്ടു വർഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

615. ഖണ്ഡം 14(5)–ൽ "രണ്ടുതവണയിൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്നു തവണയിൽ" എന്നീ വാക്കുകൾ ചേർക്കുക.

622. ഖണ്ഡം 14(6)–ൽ "ഒൻപത്" എന്ന വാക്കിനു പകരം "പതിനൊന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

606. ഖണ്ഡം 14(1)–ൽ "ഒരു വർഷക്കാലം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് വർഷക്കാലം" എന്നീ വാക്കുകൾ ചേർക്കുക.

621. ഖണ്ഡം 14(6)–ൽ "ഒൻപത്" എന്ന വാക്കിനു പകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

606–ൽ, "തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം" എന്നാണ് പറയുന്നത്. എന്നാൽപ്പിന്നെ തെരഞ്ഞെടുക്കേണ്ട കാര്യമില്ല. അത് മൂന്ന് വർഷക്കാലം ആക്കണം. ഒരു സർവ്വകലാശാലയുടെയും നിർവ്വാഹക സമിതിയിൽ അങ്ങനെയൊരു നിബന്ധനയില്ല. തെരഞ്ഞെടുക്കപ്പെടുന്ന അംഗം മൂന്ന് വർഷക്കാലം എന്നാക്കണം. 621–ൽ പറഞ്ഞിരിക്കുന്ന ക്വാറം ഒൻപതിൽ നിന്ന് ഏഴ് ആക്കണം. ഒൻപത് അംഗങ്ങളായിരിക്കണമെന്ന് നിബന്ധന ചെയ്താൽ സർക്കാർ നോമിനികളായിട്ടുള്ള അംഗങ്ങളിൽ പലരും വരില്ല. അതുകൊണ്ട് അത് ഏഴാക്കണം.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

607. ഖണ്ഡം 14(2)–ൽ "വൈസ് ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

608. ഖണ്ഡം 14(3)–ൽ "ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അദ്ധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

610. ഖണ്ഡം 14(4)-ൽ "ജനറൽ കൗൺസിലിന്റെ" എന്നീ വാക്കുകൾക്ക് പകരം "പൊതു സഭയുടെ" എന്നീ വാക്കുകൾ ചേർക്കുക.

614. ഖണ്ഡം 14(5)-ൽ "എക്സ്-ഒഫിഷ്യോ" എന്ന വാക്കിനു പകരം "അനൗദ്യോഗിക" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

613. ഖണ്ഡം 14(5) ഒഴിവാക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

611. ഖണ്ഡം 14(6)-ൽ ""ക്വാറം ഒൻപത് അംഗങ്ങളായിരിക്കുന്നതാണ്" എന്നതിനു പകരം "ക്വാറം അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ അവതരിപ്പിച്ച 605, 609, 612, 615, 622 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 606, 621 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 607, 608, 610, 614 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 611–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 613–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 15–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

623. ഖണ്ഡം 15(1)–ൽ,

(1) ''ആക്റ്റിലേയും'' എന്ന വാക്കിനുപകരം ''നിയമത്തിലെയും'' എന്ന വാക്കു ചേർക്കുക;

(2) ''സ്റ്റാറ്റ്യൂട്ടുകളിലേയും'' എന്ന വാക്കിനുപകരം ''ലിഖിതനിയമങ്ങളിലെയും'' എന്നീ വാക്കുകൾ ചേർക്കുക.

624. ഖണ്ഡം 15(2)–ൽ ''ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും'' എന്നീ വാക്കുകൾക്കുപകരം ''നിയമത്തിലെയും ലിഖിത നിയമങ്ങളിലെയും'' എന്നീ വാക്കുകൾ ചേർക്കുക.

625. ഖണ്ഡം 15(2)(എ)–യിൽ,

(1) ''ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡി നൻസുകളിലേയും റെഗുലേഷനുകളിലേയും'' എന്നീ വാക്കുകൾക്കുപകരം ''നിയമ ത്തിലെയും ലിഖിതനിയമങ്ങളിലെയും ഉത്തരവുകളിലെയും നടപടിക്രമങ്ങളിലെയും'' എന്നീ വാക്കുകൾ ചേർക്കുക;

(2) ''അക്കാഡമികവുമായ'' എന്ന വാക്കിനുപകരം ''പണ്ഡിതപര വുമായ'' എന്ന വാക്കു ചേർക്കുക.

628. ഖണ്ഡം 15(2) (സി)–യിൽ "ഓർഡിനൻസുകൾ" എന്ന വാക്കിനു പകരം "ഉത്തരവുകൾ" എന്ന വാക്ക് ചേർക്കുക

631. ഖണ്ഡം 15(2)(ഇ)–യിൽ "പദ്ധതികളുടെയോ പ്രോജക്ടുക ളുടേയോ" എന്നീ വാക്കുകൾക്ക് പകരം "പദ്ധതികളുടെ" എന്ന വാക്ക് ചേർക്കുക.

633. ഖണ്ഡം 15(2)(എഫ്)–ൽ "സ്കൂളുകളും ഗവേഷണ പ്രോജക്ടു കളും" എന്നീ വാക്കുകൾക്ക് പകരം "പഠനകേന്ദ്രങ്ങളും ഗവേ ഷണ പദ്ധതികളും"എന്നീ വാക്കുകൾ ചേർക്കുക.

636. ഖണ്ഡം 15(2)(എച്ച്)–ൽ "അക്കാഡമികമോ" എന്നവാക്കിനു പകരം "വിദ്യാഭ്യാസപരമോ" എന്ന വാക്ക് ചേർക്കുക.

640. ഖണ്ഡം 15(2)(ഐ)–യിൽ

(1) "സസ്പെന്റ്" " എന്ന വാക്കിനു പകരം "താത്കാലികമായി മാറ്റി നിർത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക

(2)"ഡിസ്മിസ് ചെയ്യുകയോ" എന്നീ വാക്കുകൾക്കു പകരം "പുറത്താക്കുകയോ" എന്ന വാക്ക് ചേർക്കുക

642. 15(2)(ജെ)–യിൽ "ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും" എന്നീ വാക്കുകൾക്കു പകരം "സൗഹൃദ ബഹുമതികളും വിദ്യാധന സഹായങ്ങളും" എന്നീ വാക്കുകൾ ചേർക്കുക

643. ഖണ്ഡം 15(2) (എൽ)–ൽ

(1) "ബഡ്ജറ്റ്" എന്ന വാക്കിനു പകരം "വരവും ചെലവും കാണിക്കുന്ന പ്രസ്താവന" എന്നീ വാക്കുകൾ ചേർക്കുക.

(2) """ജനറൽ കൗൺസിൽ" എന്നീ വാക്കുകൾക്കു പകരം "പൊതുസഭ" എന്ന വാക്ക് ചേർക്കുക.

(3) "ബഡ്ജറ്റിൽ" എന്ന വാക്കിനുപകരം "വരവും ചെലവും കാണിക്കുന്ന പ്രസ്താവനയിൽ" എന്നീ വാക്കുകൾ ചേർക്കുക.

644. ഖണ്ഡം 15(2) (എം)–ൽ

(1) "ആഡിറ്റ് ചെയ്യിക്കുകയും"എന്നീ വാക്കുകൾക്കു പകരം "പരിശോധിപ്പിക്കുകയും"എന്ന വാക്ക് ചേർക്കുക.

(2) “ആഡിറ്റ് ചെയ്ത” എന്നീ വാക്കുകൾക്ക് പകരം “പരിശോധിച്ച” എന്ന വാക്ക് ചേർക്കുക.

(3) “ജനറൽ കൗൺസിൽ” എന്നീ വാക്കുകൾക്ക് പകരം “പൊതുസഭ” എന്ന വാക്ക് ചേർക്കുക.

649. ഖണ്ഡം 15(2)(ഒ)-യിൽ “പഠന ബോർഡുകളിലെ” എന്നീ വാക്കുകൾക്ക് പകരം “പഠന വിഭാഗങ്ങളിലെ” എന്നീ വാക്കുകൾ ചേർക്കുക.

651-. ഖണ്ഡം 15(2)(ക്യൂ)-വിൽ “വൈസ് ചാൻസലർക്ക്” എന്നീ വാക്കുകൾക്ക് പകരം “സർവ്വകലാശാല അധികാരിക്ക്” എന്നീ വാക്കുകൾ ചേർക്കുക.

652. ഖണ്ഡം 15(2)(റ്റി)-യിൽ

(1) “എൻഡോവ്മെന്റുകളും” എന്ന വാക്കിനു പകരം “ ധനാഗമമാർഗങ്ങളും” എന്നീ വാക്കുകൾ ചേർക്കുക.

(2) “ജനറൽ കൗൺസിലിന്റെ” എന്നീ വാക്കുകൾക്ക് പകരം “പൊതുസഭയുടെ”എന്ന വാക്ക് ചേർക്കുക.

654. ഖണ്ഡം 15(2)(യു)-വിൽ “സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും റഗുലേഷനുകളാലും” എന്നീ വാക്കുകൾക്ക് പകരം “ലിഖിത നിയമങ്ങളാലും ഉത്തരവുകളാലും നടപടിക്രമങ്ങളാലും” എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

626. ഖണ്ഡം 15(2)(ബി)-യുടെ ആരംഭത്തിൽ "ചാൻസലറുടെ അനുമതിയോടെ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

627. ഖണ്ഡം 15(2)(ബി)-യുടെ അവസാനം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

"എന്നാൽ വസ്തുവകകൾ, സ്ഥാവരജംഗമ വസ്തുക്കൾ എന്നിവ പാട്ടത്തിന് നൽകുന്നതിനോ, വിൽക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ അധികാരമില്ലാത്തതുമാകുന്നു"

ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് സർവ്വകലാശാലയുടെ സ്വത്തും ഫണ്ടും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്, "എന്നാൽ വസ്തുവകകൾ, സ്ഥാവരജംഗമ വസ്തുക്കൾ എന്നിവ പാട്ടത്തിന് നൽകുന്നതിനോ, വിൽക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ സർവ്വകലാശാലാ അധികൃതർക്ക് അധികാരമില്ലാത്തതുമാകുന്നു" എന്ന വകുപ്പാണ്. അത് നിർബന്ധമായും ഉൾപ്പെടുത്തണം.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

629. ഖണ്ഡം 15(2)(സി)-ൽ "ഓർഡിനൻസുകൾ" എന്ന വാക്കിനു പകരം "സർവ്വകലാശാലയും നിയമ വകുപ്പും കൂടിയാലോചിച്ച് ഓർഡിനൻസുകൾ" എന്നീ വാക്കുകൾ ചേർക്കുക

632. ഖണ്ഡം 15(2)(ഇ)-യിൽ "നടത്തുന്നതിനുള്ള" എന്ന വാക്കിന് പകരം "നടത്തുവാനും കുറ്റക്കാർക്കെതിരെ കർശന നടപടി കൾക്കുള്ള" എന്നീ വാക്കുകൾ ചേർക്കുക.

635. ഖണ്ഡം 15(2)(ജി)-യിൽ "നിർണ്ണയിക്കുകയും" എന്ന വാക്കിനു ശേഷം "ഇവ നിയമപ്രകാരം നടത്തുന്നുവോ എന്നു പരിശോധി ക്കയും, വീഴ്ചവരുത്തുന്നവരെ കർശന നിയമനടപടികൾക്ക് വിധേയമാക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

638. ഖണ്ഡം 15(2)(എച്ച്)-ൽ "കാലയളവിലേക്കോ" എന്ന വാക്കിന് ശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനു മതി പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

630. ഖണ്ഡം 15(2)(സി)-ൽ "ഓർഡിനൻസുകൾ ഉണ്ടാക്കുകയും" എന്നീ വാക്കുകൾക്കു പകരം "ഉത്തരവുകൾ പുറപ്പെടുവിക്കു കയും" എന്നീ വാക്കുകൾ ചേർക്കുക.

ഓർഡിനൻസ് പുറപ്പെടുവിക്കാൻ യൂണിവേഴ്സിറ്റിക്ക് എന്താണ് അധികാരം? ഓർഡിനൻസ് ഭരണഘടനാപരമായ ഒരു പ്രൊവിഷനാണ്. പാർലമെന്റിന്റെ രണ്ട് സെഷന്റെ ഇടയ്ക്ക് പ്രസിഡന്റിന് പുറപ്പെടുവിക്കാം, 213 പ്രകാരം സംസ്ഥാന നിയമസഭ ചേരാത്ത അവസരത്തിൽ ഗവർണർക്ക് പുറപ്പെടുവിക്കാം. യൂണിവേഴ്സിറ്റിക്ക് ഓർഡിനൻസ് എങ്ങനെ പുറപ്പെടുവിക്കാൻ കഴിയും? അത് തികച്ചും നിയമവിരുദ്ധമായ ഒരു

പ്രൊവിഷനാണ്. "ഓർഡിനൻസിന്" എന്നതിനുപകരം "ഉത്തരവുകൾ പുറപ്പെടുവിക്കുകയും" എന്നാക്കി മാറ്റണം.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

634. ഖണ്ഡം 15(2)(ജി)-ൽ "കർത്തവ്യങ്ങൾ " എന്ന വാക്കിന് പകരം "ജോലികൾ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

637. വകുപ്പ് 15(2) (എച്ച്)-ൽ "വിനിർദ്ദേശിക്കുന്ന" എന്ന വാക്കിന് പകരം "നിർദ്ദിഷ്ട" എന്ന വാക്ക് ചേർക്കുക.

644. വകുപ്പ് 15(2)(എൽ)-ൽ "ജനറൽ കൗൺസിൽ" എന്നതിനുപകരം "പൊതുസഭ" എന്ന വാക്കുചേർക്കുക.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

639. ഖണ്ഡം 15(2)(ഐ)-യിൽ "അവരുടെ എതിർവാദത്തിന് മതിയായ അവസരം നല്കിയതിനുശേഷം സസ്പെന്റ് ചെയ്യുകയോ വിടുതൽ നൽകുകയോ ഡിസ്മിസ് ചെയ്യുകയോ അവർക്കെതിരായി" എന്നീ വാക്കുകൾക്ക് പകരം "എതിരെ നിയമാനുസൃത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

647. ഖണ്ഡം 15(2)(എം)-ൽ "അവതരിപ്പിക്കാൻ ഇടയാക്കുകയും" എന്നീ വാക്കുകൾക്കു പകരം "അവതരിപ്പിക്കുകയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

648. ഖണ്ഡം 15(2)(എൻ)-ൽ "നടത്തിപ്പിക്കുകയും" എന്ന വാക്കിനു പകരം "നടത്തുകയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

653. ഖണ്ഡം (2) 15 (റ്റി)-യിൽ "സ്ഥാവരമോ ജംഗമമോ ആയ" എന്നീ വാക്കുകൾക്ക് പകരം "ജംഗമ" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ ഏതെങ്കിൽ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ

22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. മുല്ലക്കര രത്നാകരൻ
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ

44. ശ്രീ. വി. ശശി

45. ശ്രീ. ബി. സത്യൻ

46. ശ്രീ. വി. ശിവൻകുട്ടി

47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

48. ശ്രീ. വി. എസ്. സുനിൽകുമാർ

49. ശ്രീ. കെ. സുരേഷ് കുറുപ്പ്

50. ശ്രീ. പി. തിലോത്തമൻ

51. ഡോ. ടി. എം. തോമസ് ഐസക്

52. ശ്രീ. ഇ. കെ. വിജയൻ

53. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. ടി. എ. അഹ്മദ് കബീർ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. കെ. ബാബു

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. ബെന്നി ബെഹനാൻ

16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

17. ശ്രീ. എ. റ്റി. ജോർജ്

18. ശ്രീ. പി. സി. ജോർജ്

19. ശ്രീ. ഹൈബി ഈഡൻ

20. കുമാരി പി. കെ. ജയലക്ഷ്മി

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. സി. ജോസഫ്

23. ശ്രീ. ജോസഫ് വാഴക്കൻ

24. {io. hÀ¡e IlmÀ

25. ശ്രീ. കെ. എൻ. എ. ഖാദർ

26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

27. ശ്രീ. റ്റി. യു. കുരുവിള

28. ശ്രീ. ലൂഡി ലൂയിസ്

29. ശ്രീ. പി. എ. മാധവൻ

30. ശ്രീ. സി. മമ്മൂട്ടി

31. ശ്രീ. കെ. എം. മാണി

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. സി. മോയിൻകുട്ടി

34. ശ്രീ. മോൻസ് ജോസഫ്

35. ശ്രീ. സി. പി. മുഹമ്മദ്

36. ശ്രീ. ആര്യാടൻ മുഹമ്മദ്

37. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

38. ഡോ. എം. കെ. മുനീർ

39. ശ്രീ. കെ. മുരളീധരൻ

40. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

41. ശ്രീ. ഉമ്മൻ ചാണ്ടി

42. ശ്രീ. അടൂർ പ്രകാശ്

43. ശ്രീ. റ്റി. എൻ. പ്രതാപൻ

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

45. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

46. ശ്രീ. രമേശ് ചെന്നിത്തല

47. ശ്രീ. പാലോട് രവി

48. ശ്രീ. വി. ഡി സതീശൻ

49. ശ്രീ. ഷാഫി പറമ്പിൽ

50. ശ്രീ. കെ. എം. ഷാജി

51. ശ്രീ. എൻ. ഷംസുദ്ദീൻ

52. ശ്രീ. ആർ. സെൽവരാജ്

53. ശ്രീ. ഷിബു ബേബി ജോൺ

54. ശ്രീ. കെ. ശിവദാസൻ നായർ

55. ശ്രീ. വി. എസ്. ശിവകുമാർ

56. ശ്രീ. സണ്ണി ജോസഫ്

57. ശ്രീ. സി. എഫ്. തോമസ്

58. ശ്രീ. പി. ഉബൈദുള്ള

59. ശ്രീ. എം. ഉമ്മർ

60. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

61. ശ്രീ. എം. എ. വാഹീദ്

62. {io. Fw. ]n. hn³skâv

63. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അനുകൂലിക്കുന്നവർ: 53

അനുകൂലിക്കുന്നവർ: 63

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീമതി കെ. കെ. ലതിക

30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. മുല്ലക്കര രത്നാകരൻ
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. ബി. സത്യൻ
46. ശ്രീ. വി. ശിവൻകുട്ടി
47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
48. ശ്രീ. വി. എസ്. സുനിൽകുമാർ
49. ശ്രീ. കെ. സുരേഷ് കുറുപ്പ്
50. ശ്രീ. പി. തിലോത്തമൻ
51. ഡോ. ടി. എം. തോമസ് ഐസക്

52. ശ്രീ. ഇ. കെ. വിജയൻ

53. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. എ. റ്റി. ജോർജ്
18. ശ്രീ. പി. സി. ജോർജ്
19. ശ്രീ. ഹൈബി ഈഡൻ

20. കുമാരി പി. കെ. ജയലക്ഷ്മി

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. സി. ജോസഫ്

23. ശ്രീ. ജോസഫ് വാഴക്കൻ

24. ശ്രീ. വർക്കല കഹാർ
25. ശ്രീ. കെ. എൻ. എ. ഖാദർ

26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

27. ശ്രീ. റ്റി. യു. കുരുവിള

28. ശ്രീ. ലൂഡി ലൂയിസ്

29. ശ്രീ. പി. എ. മാധവൻ

30. ശ്രീ. സി. മമ്മൂട്ടി

31. ശ്രീ. കെ. എം. മാണി

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. സി. മോയിൻകുട്ടി

34. ശ്രീ. മോൻസ് ജോസഫ്

35. ശ്രീ. സി. പി. മുഹമ്മദ്

36. ശ്രീ. ആര്യാടൻ മുഹമ്മദ്

37. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

38. ഡോ. എം. കെ. മുനീർ

39. ശ്രീ. കെ. മുരളീധരൻ

40. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

41. ശ്രീ. ഉമ്മൻ ചാണ്ടി

42. ശ്രീ. അടൂർ പ്രകാശ്

43. ശ്രീ. റ്റി. എൻ. പ്രതാപൻ

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

45. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

46. ശ്രീ. രമേശ് ചെന്നിത്തല

47. ശ്രീ. പാലോട് രവി

48. ശ്രീ. വി. ഡി സതീശൻ

49. ശ്രീ. ഷാഫി പറമ്പിൽ

50. ശ്രീ. കെ. എം. ഷാജി

51. ശ്രീ. എൻ. ഷംസുദ്ദീൻ

52. ശ്രീ. ആർ. സെൽവരാജ്

53. ശ്രീ. ഷിബു ബേബി ജോൺ

54. ശ്രീ. കെ. ശിവദാസൻ നായർ
55. ശ്രീ. വി. എസ്. ശിവകുമാർ
56. ശ്രീ. സണ്ണി ജോസഫ്

57. ശ്രീ. സി. എഫ്. തോമസ്

58. ശ്രീ. പി. ഉബൈദുള്ള

59. ശ്രീ. എം. ഉമ്മർ

60. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

61. ശ്രീ. എം. എ. വാഹീദ്

62. ശ്രീ. എം. പി. വിൻസെന്റ്
63. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അനുകൂലിക്കുന്നവർ: 53

അനുകൂലിക്കുന്നവർ: 63

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 623, 624, 625, 628, 631, 633, 636, 640, 642, 643, 645, 649, 651, 652, 654 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 626-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 629, 632, 635, 638 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 634-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 637, 644 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 639-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 647-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

15–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

15–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

656. ഖണ്ഡം 16(1)–ൽ ''അക്കാഡമിക് കൗൺസിലിൽ'' എന്നീ വാക്കുകൾക്കുപകരം ''പണ്ഡിതസഭയിൽ'' എന്ന വാക്ക് ചേർക്കുക.

657. ഖണ്ഡം 16(1)(എ) താഴെപ്പറയുംപ്രകാരം മാറ്റുക:

''(എ) സർവ്വകലാശാലാ അദ്ധ്യക്ഷൻ''.

658. ഖണ്ഡം 16(1)(ബി) താഴെപ്പറയുംപ്രകാരം മാറ്റുക:

''(ബി) വൈജ്ഞാനികശാഖയുടെ വകുപ്പധികാരി''.

659. ഖണ്ഡം 16(1)(സി) താഴെപ്പറയുംപ്രകാരം മാറ്റുക:

''(സി) ഗവേഷണസഭയുടെ ഉപാദ്ധ്യക്ഷൻ''.

660 ഖണ്ഡം 16 (1) (ഡി)–യിൽ "ഡയറക്ടർ" എന്ന വാക്കിനു പകരം "നിർവ്വാഹകൻ" എന്ന വാക്ക് ചേർക്കുക

661 ഖണ്ഡം 16 (1) (ഇ)–യിൽ "ലൈബ്രേറിയൻ" എന്ന വാക്കിനു പകരം "ഗ്രന്ഥശാലയുടെ ചുമതലക്കാരൻ" എന്നീ വാക്കുകൾ ചേർക്കുക

662. ഖണ്ഡം 16 (1) (എഫ്)–ൽ "മ്യൂസിയത്തിന്റെ ക്യൂറേറ്റർ" എന്നീ വാക്കുകൾക്ക് പകരം "പ്രദർശന നിലയത്തിന്റെ സംരക്ഷകൻ" എന്നീ വാക്കുകൾ ചേർക്കുക

663. ഖണ്ഡം 16 (1) ജി താഴെപ്പറയും പ്രകാരം മാറ്റുക "(ജി) പഠന കേന്ദ്ര ങ്ങളുടെ നിർവ്വാഹകന്മാർ"

664. ഖണ്ഡം 16 (1) (എച്ച്)-ൽ താഴെപ്പറയും പ്രകാരം മാറ്റുക "(എച്ച്) രേഖാധിപൻ"

665. ഖണ്ഡം 16 (1) (ഐ) – യിൽ "ചാൻസലർ" എന്ന വാക്കിന് പകരം "സർവ്വകലാശാല അധ്യക്ഷൻ " എന്നീ വാക്കുകൾ ചേർക്കുക.

670. ഖണ്ഡം 16 ( 2) –ൽ ''അക്കാഡമിക് കൗൺസിലിന് കോ–ഓപ്റ്റ് ചെയ്യാവുന്നതാണ്'' എന്നീ വാക്കുകൾക്ക് പകരം ''പണ്ഡിത സഭക്ക് ഉൾപ്പെടുത്താവുന്നതാണ്'' എന്നീ വാക്കുകൾ ചേർക്കുക.

673. ഖണ്ഡം 16 ( 3) ൽ ''അക്കാഡമിക് കൗൺസിലിന്റെ അംഗ സംഖ്യയുടെ മൂന്നിൽ ഒന്ന് അതിന്റെ യോഗത്തിന്റെ ക്വാറം ''എന്നീ വാക്കു കൾക്ക് പകരം ''പണ്ഡിതസഭയുടെ അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് അതിന്റെ യോഗത്തിന്റെ നിശ്ചിത അംഗസംഖ്യ '' എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

666 ഖണ്ഡം 16 (1) (ഐ) – യിൽ ''ഔന്നത്യമുള്ള'' എന്ന വാക്കിന് പകരം ''ശ്രേഷ്ഠമായ '' എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

667. ഖണ്ഡം 16 (1) (ഐ) – യിൽ "ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഔന്നത്യമുള്ള മൂന്നുപണ്ഡിതർ" എന്നീ വാക്കുകൾക്ക് ശേഷം" അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്." എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

668 ഖണ്ഡം 16 (1) (ഐ) – യിൽ "ഔന്നത്യമുള്ള" എന്ന വാക്കിന് പകരം "യശസ്വികളായ " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

669. ഖണ്ഡം 16( 2) ൽ ''വിവിധ'' എന്ന വാക്കിനുശേഷം ''കേരളീയ'' എന്ന വാക്ക് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

671. വകുപ്പ് 16(2)–ന്റെ അവസാനത്തിൽ താഴെപ്പറയുന്നത് ചേർക്കുക. ''അങ്ങനെ ചെയ്യപ്പെടുന്നവർ കഴിവതും വിവിധ കലാരൂപങ്ങളെ പ്രതിനിധാനം ചെയ്യപ്പെടുന്നവർ ആയിരിക്കുവാൻ നിഷ്കർഷിക്കേണ്ടതാണ്. ''

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

672. ഖണ്ഡം 16 (2) ന്റെ അവസാനം താഴെ പറയുന്നത് കൂട്ടി ചേർക്കുക. ''അവരിൽ ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ വനിത ആയിരിക്കേണ്ട തുമാണ്. ''

വിവിധ കലാരൂപങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരും അത് അഭ്യസിക്കുന്ന വരുമായ പത്തിൽ കുറയാതെയുള്ളവരെ അംഗങ്ങളായി അക്കാഡമിക് കൗൺസിലിന് കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്. എന്റെ ഭേദഗതി അവരിൽ ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ വനിത ആയിരിക്കേണ്ടതുമാണ്. ഇതിലൊന്നിനും പട്ടികജാതി പട്ടിക വർഗ്ഗ പ്രാതിനിധ്യവും വനിതാ പ്രാതിനിധ്യവും ഇല്ല. ഇത് ഔദാര്യം പോലെയാണ് ഒരു സ്ഥലത്ത് കൊണ്ടു വന്നിരിക്കുന്നത്. 10 ൽ കുറയാത്ത ആളുകളെയാണ് നോമിനേറ്റ് ചെയ്യുന്നത്. ഒരാൾ നിർബന്ധ മായും പട്ടികജാതി വിഭാഗത്തിൽ പെട്ടയാളായിരിക്കണം. ഒരാൾ വനിതയുമാ യിരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതികൾ 666, 671, 672 ഇവ അംഗീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 656, 657, 658, 659, 660, 661, 662, 663, 664, 665, 670 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 667-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 668-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 669-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>17-ാം വകുപ്പ്</u>

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

675. ഖണ്ഡം 17(1) ൽ

(1) 'അക്കാഡമിക് കൗൺസിലിന്, ഈ ആക്ടിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും' എന്നീ വാക്കുകൾക്കു പകരം 'പണ്ഡിതസഭയ്ക്ക്, ഈ നിയമത്തിലേയും ലിഖിതനിയമങ്ങളിലേയും' എന്നീ വാക്കുകൾ ചേർക്കുക.

(2) സർവ്വകലാശാലയുടെ എന്ന വാക്കിന് ശേഷമുള്ള 'അക്കാഡമിക്' എന്ന വാക്കിന് പകരം 'വിദ്യാഭ്യാസപരമായ' എന്ന വാക്ക് ചേർക്കുക.

(3) 'സ്റ്റാറ്റ്യൂട്ടുകളാൽ' എന്ന വാക്കിന് പകരം 'ലിഖിത നിയമങ്ങളാൽ' എന്നീ വാക്കുകൾ ചേർക്കുക.

(4) 'നിർവ്വഹിക്കുന്നതിനും' എന്ന വാക്കിന് ശേഷമുള്ള 'അക്കാഡമിക്' എന്ന വാക്കിന് പകരം 'വിദ്യാഭ്യാസ' എന്ന വാക്ക് ചേർക്കുക.

676 ഖണ്ഡം 17(2)ൽ

(1) 'ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലേയും' എന്നീ വാക്കുകൾക്കു പകരം 'നിയമത്തിലേയും ലിഖിത നിയമങ്ങളിലേയും' എന്നീ വാക്കുകൾ ചേർക്കുക.

(2) 'അക്കാഡമിക് കൗൺസിലിന്' എന്നീ വാക്കുകൾക്കു പകരം 'പണ്ഡിത സഭയ്ക്ക്' എന്നീ വാക്കുകൾ ചേർക്കുക.

677 ഖണ്ഡം 17(2) (എ)യിൽ:–

(1) 'അക്കാഡമിക്' എന്ന വാക്കിന് പകരം 'വിദ്യാഭ്യാസപരമായ' എന്ന വാക്ക് ചേർക്കുക.

(2) 'ജനറൽ കൗൺസലിനും' എന്ന വാക്കിന് പകരം 'പൊതു സഭയ്ക്കും' എന്ന വാക്ക് ചേർക്കുക.

679. ഖണ്ഡം 17(2) (ബി)–യിൽ

"റെഗുലേഷനുകൾ" എന്ന വക്കിന് പകരം □നടപടിക്രമങ്ങൾ□ എന്ന വാക്ക് ചേർക്കുക

680. ഖണ്ഡം 17(2) (സി)–യിൽ

"സ്കൂളുകളിലേയും കേന്ദ്രങ്ങളിലേയും പഠന കോഴ്സുകൾ" എന്നീ വാക്കുകൾക്കു പകരം "പഠന കേന്ദ്രങ്ങളിലെ പഠന പാഠ്യ പദ്ധതികൾ" എന്നീ വാക്കുകൾ ചേർക്കുക.

681. ഖണ്ഡം 17(2) (ഡി)–യിൽ

(ശ) "കൗൺസിൽ" എന്ന വാക്കിനു പകരം "സഭ" എന്ന വാക്കും "പ്രോജക്റ്റുകളും" എന്ന വാക്കിനുപകരം "പദ്ധതികളും" എന്ന വാക്കും ചേർക്കുക.

682. ഖണ്ഡം 17(2) (എഫ്)–ൽ

"കോഴ്സുകളിലേയ്ക്ക്" എന്ന വാക്കിനുപകരം 'പാഠ്യപദ്ധതികളിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

684. ഖണ്ഡം 17(2) (എച്ച്)ൽ :–

(1) ''ഫാക്കൽറ്റി''എന്ന വാക്കിനുപകരം ''വൈജ്ഞാനിക ശഖ'' എന്ന വാക്കും

(2)''പഠന ബോർഡുകളുടെ'' എന്നീ വാക്കുകൾക്ക് പകരം ''പഠന വിഭാഗങ്ങളുടെ'' എന്നീ വാക്കുകളും ചേർക്കുക

(3)''പഠന കോഴ്സുകൾക്കുള്ള'' എന്നീ വാക്കുകൾ ഒഴിവാക്കുക.

686. ഖണ്ഡം 17(2) (ഐ)യിൽ :–

(1) ''ചെയറിനു കീഴിൽ''എന്നീ വാക്കുകൾക്ക് പകരം ''പീഠത്തിനു കീഴിൽ''എന്നീ വാക്കുകളും ''അക്കാഡമിക'' എന്ന വാക്കിനു പകരം ''വിദ്യാഭ്യാസ'' എന്ന വാക്കും ചേർക്കുക.

688.ഖണ്ഡം 17(2) (ജെ)യിൽ :–

''ഡിഗ്രികളും ഡിപ്ലോമകളും മറ്റ് അക്കാഡമിക ബഹുമതികളും'' എന്നീ വാക്കുകൾക്ക് പകരം ''ബിരുദങ്ങളും അവകാശപത്രങ്ങളും മറ്റ് പണ്ഡിത ബഹുമതികളും'' എന്നീ വാക്കുകൾ ചേർക്കുക.

689. ഖണ്ഡം 17(2)(കെ) യിൽ ''ഫാക്കൽറ്റി'' എന്ന വാക്കിന് പകരം ''വൈജ്ഞാനിക ശാഖ'' എന്ന വാക്ക് ചേർക്കുക.

691. ഖണ്ഡം 17(2)(എൽ)–ൽ ''കോഴ്സുകൾക്കുള്ള'' എന്ന വാക്കിന് പകരം ''പാഠ്യപദ്ധതികൾക്കുള്ള'' എന്നീ വാക്കുകൾ ചേർക്കുക.

692. ഖണ്ഡം 17(2)(എം) ൽ ''ആക്റ്റ്, സ്റ്ററ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ'' എന്നീ വാക്കുകൾക്ക് പകരം ''നിയമം, ലിഖിത നിയമങ്ങൾ, ഉത്തരവുകൾ, നടപടി ക്രമങ്ങൾ'' എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

687. ഖണ്ഡം 17(2) (ഐ)യിൽ :–

''ഒരു ചെയറിനു കീഴിൽ'' എന്നീ വാക്കുകൾക്ക് പകരം ''ഓരോ ചെയറിനു കീഴിലും'' എന്നീ വാക്കുകൾ ചേർക്കുക

693. ഖണ്ഡം 17(2)(എം) നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

'' (എൻ) സർവ്വകലാശാലയുടെ വിവിധ പരീക്ഷകൾ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുക''.

ഒരു ചെയറിനു കീഴിൽ എന്നുള്ളത് ഓരോ ചെയറിനു കീഴിൽ എന്നു വേണം. നിരവധി ചെയറുകൾ സർവ്വകലാശാലയിൽ ഉള്ളപ്പോൾ ഓരോ

ചെയറിനു കീഴിലും എന്നു വേണം. ഇവിടെ ഒരു ചെയറിനു കീഴിൽ എന്നു മാത്രമേ കാണിക്കുന്നുള്ളൂ.

ശ്രീ. എം. എ. ബേബി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

690. ഖണ്ഡം 17(2)(കെ)-യിൽ ''ഫാക്കൽറ്റി ഉപദേശക സമിതികളുടെ'' എന്നീ വാക്കുകൾക്ക് പകരം ''ഫാക്കൽറ്റിയുടെ'' എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ശ്രീ. എ.കെ. ബാലന്റെ ഭേദഗതി 685 ഓറൽ അമെന്റ്മെന്റായി മൂവ് ചെയ്യുന്നു. ഖണ്ഡം 17(2) (എച്ച്)ൽ ''ഫാക്കൽറ്റി ഉപദേശക സമിതികൾ നൽകിയ ഉപദേശം പരിഗണിച്ചശേഷം ബന്ധപ്പെട്ട പഠന ബോർഡുകളുടെ ശുപാർശയിന്മേൽ'' എന്നീ വാക്കുകൾക്ക് പകരം ''ഫാക്കൽറ്റി നൽകിയ ഉപദേശം പരിഗണിച്ചശേഷം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശുപാർശയിന്മേൽ'' എന്നീ വാക്കുകൾ ചേർക്കുക. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 675, 676, 677, 679, 680, 681, 682, 684, 686, 688, 689, 691, 692 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 687, 693 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. ബേബി അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 18–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

696. ഖണ്ഡം 18(2) ൽ ''കൗൺസിലിന്'' എന്ന വാക്കിനു പകരം ''സഭയ്ക്ക്'' എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 696–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 19–ാം വകുപ്പ്

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

698. ഖണ്ഡം 19 (1) ൽ ''വൈസ് –ചാൻസലർ''എന്ന വാക്കിനു പകരം ''സർവ്വകലാശാല അധികാരി'' എന്നും ''ഗവേഷണ കൗൺസിലിന്റെ ചെയർമാൻ'' എന്ന വാക്കിനു പകരം ''ഗവേഷണ സഭയുടെ അധ്യക്ഷൻ''എന്നും ചേർക്കുക.

699. ഖണ്ഡ്ഡം 19 (1) (എ) താഴെപ്പറയും പ്രകാരം മാറ്റുക.

'' (എ) വൈജ്ഞാനിക ശാഖയുടെ അധികാരി; ''

700. ഖണ്ഡ്ഡം 19 (1) (ബി) താഴെപ്പറയും പ്രകാരം മാറ്റുക.
'' (ബി) പഠന കേന്ദ്രങ്ങളുടെ നിർവ്വാഹകർ; ''

701.ഖണ്ഡം 19 (1) (സി) യിൽ ''ചാൻസലർ'' എന്ന വാക്കിനു പകരം ''സർവ്വകലാശാല അദ്ധ്യക്ഷൻ'' എന്ന വാക്കും, ''പ്രൊഫസർമാർ'' എന്ന വാക്കിനു പകരം ''ആചാര്യൻമാർ''എന്ന വാക്കും ചേർക്കുക.

703. ഖണ്ഡം 19 (2) ൽ ''വൈസ് ചെയർമാൻ ഗവേഷണ കൗൺസിലിൽ'' എന്നീ വാക്കുകൾക്ക് പകരം ''ഉപാധ്യക്ഷൻമാർ ഗവേഷണസഭയിൽ'' എന്നീ വാക്കുകളും ''ചാൻസലർ'' എന്ന വാക്കിനു പകരം ''സർവ്വകലാശാല അധ്യക്ഷൻ'' എന്നീ വാക്കുകളും ചേർക്കുക

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ബെന്നി ബഹനാൻ, ചീ ശി വേല ലെമ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): ഭേദഗതി സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 698, 699, 700, 701, 703 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

20–ാം വകുപ്പ്

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

709. ഖണ്ഡം 20(2) – ൽ ''ഫാക്കൽറ്റി'' എന്നതിനു പകരം ''വൈജ്ഞാനിക ശാഖ'' എന്നും ''വൈസ്ചാൻസലറുടെ'' എന്നതിനു പകരം ''സർവ്വകലാശാല അധികാരിയുടെ'' എന്നും ''ചെയർമാനും'' എന്നതിനു പകരം ''അധ്യക്ഷനും''എന്നും ''ചാൻസലർ'' എന്നതിനു പകരം ''സർവ്വകലാശാല അദ്ധ്യക്ഷൻ''എന്നും''വൈസ് ചാൻസലർ'' എന്നതിനു പകരം ''സർവ്വകലാശാല അധികാരി'' എന്നും ''അക്കാഡമിക'' എന്നതിനു പകരം ''വിദ്യാഭ്യാസ'' എന്നീ വാക്കുകളും ചേർക്കുക.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

707. ഖണ്ഡം 20(2) ൽ ''അഭിനേതാക്കൾ'' എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

708. ഖണ്ഡം 20(2) – ൽ ''തർക്കമറ്റ'' എന്ന വാക്ക് ഒഴിവാക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

710. ഖണ്ഡം 20(2) – ൽ ''പ്രമുഖരായ'' എന്ന വാക്കിനു ശേഷവും ''പണ്ഡിതന്മാർ'' എന്ന വാക്കിനു മുൻപുമായി ''ഭാഷാ'' എന്ന വാക്കു ചേർക്കുക.

ഫാക്കൽറ്റി ഉപദേശക സമിതിയിൽ പ്രമുഖരായ പണ്ഡിതൻമാർ എന്നു പറയുന്നു. പണ്ഡിതൻമാർ എന്നത് ഏത് മേഖലയിലുമാകാം. പ്രമുഖരായ ഭാഷാ പണ്ഡിതർ എന്നു പറഞ്ഞില്ലെങ്കിൽ അവിടെയൊരു അവ്യക്തത നില നിൽക്കുന്നുണ്ട്. അതുകൊണ്ട് ഭാഷാ എന്ന വാക്കുകൂടി ചേർക്കണം.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

711. ഖണ്ഡം 20(2) – ൽ ''തർക്കമറ്റ ആധികാരികതയും ശ്രേഷ്ഠത യുമുള്ള എഴുത്തുകാർ'' എന്നീ വാക്കുകൾക്കു ശേഷം ''സംഗീതജ്ഞർ'' എന്ന വാക്കു ചേർക്കുക.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

712. ഖണ്ഡം 20(2)–ൽ ''തർക്കമറ്റ ആധികാരികതയും ശ്രേഷ്ഠതയുമുള്ള'' എന്നീ വാക്കുകൾക്കു പകരം ''മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവന നൽകിയ ശ്രേഷ്ഠരായ'' എന്നീ വാക്കുകളും ''ആധികാരികതയ്ക്കുമായിരിക്കേണ്ടതാണ്'' എന്ന വാക്കിനു പകരം ''ഭാഷയ്ക്കു നൽകിയ സംഭാവനകൾക്കുമായിരിക്കേണ്ടതാണ്'' എന്നീ വാക്കുകളും ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

713. ഖണ്ഡം 20(2) – ൽ ''അക്കാഡമിക് യോഗ്യതയെക്കാൾ ഊന്നൽ നൽകേണ്ടത് അവരുടെ ശ്രേഷ്ഠതയ്ക്കും ആധികാരികതയ്ക്കുമായിരിക്കേണ്ടതാണ്''എന്നീ വാക്കുകൾക്കു പകരം''അക്കാഡമിക് യോഗ്യതയോടൊപ്പം അവരുടെ ശ്രേഷ്ഠതയും ആധികാരികതയും പരിഗണിക്കേണ്ടതാണ്'' എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 20(2) ൽ ഫാക്കൽറ്റി ഉപദേശക സമിതി രൂപീകരിക്കുമ്പോൾ അക്കാദമിക് യോഗ്യതയെക്കാൾ ഊന്നൽ നൽകേണ്ടത് അവരുടെ ശ്രേഷ്ഠതയ്ക്കും ആധികാരികതയ്ക്കുമാകേണ്ടതാണെന്നാണ്. അക്കാദമിക് യോഗ്യതയോടൊപ്പം അവരുടെ ശ്രേഷ്ഠതയും ആധികാരികതയും പരിഗണിക്കേണ്ടതാണ്. അക്കാദമിക് യോഗ്യതയൊട്ടുമില്ലാത്തൊരാളെ ഒരു സർവ്വകലാശാലയിലെ ഇത്തരമൊരു സമിതിയിലേക്ക് നോമിനേറ്റ് ചെയ്യുക എന്നു പറയുന്നത് അങ്ങനെയൊരു നിയമം ഈ നിയമസഭ പാസ്സാക്കിയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.... ചീദേ ശി വേല ലെമേ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 707-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 709-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 710-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 712-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 21-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

717. ഖണ്ഡം 21(1)-ൽ,

(1) ''ഫാക്കൽറ്റികളിൽ തുടങ്ങുന്ന കോഴ്സുകൾ'' എന്നീ വാക്കുകൾക്കു പകരം ''വൈജ്ഞാനിക ശാഖകളിൽ തുടങ്ങുന്ന പാഠ്യപദ്ധതികൾ'' എന്നീ വാക്കുകൾ ചേർക്കുക;

(2) ''ഫാക്കൽറ്റി'' എന്ന വാക്കു വരുന്നിടത്തെല്ലാം പകരം ''വൈജ്ഞാനികശാഖ'' എന്ന വാക്കു ചേർക്കുക;

(3) ''ബോർഡുകളിലും'' എന്ന വാക്കിനുപകരം ''വിഭാഗങ്ങളിലും'' എന്ന വാക്കു ചേർക്കുക;

(4) ''അക്കാഡമിക് കൗൺസിലിലും'' എന്നീ വാക്കുകൾക്കുപകരം ''പണ്ഡിതസഭയിലും'' എന്ന വാക്കു ചേർക്കുക;

(4) ''നികായങ്ങളിലും'' എന്ന വാക്കിനുപകരം ''സമൂഹങ്ങളിലും'' എന്ന വാക്കു ചേർക്കുക.

719. ഖണ്ഡം 21(2)-ൽ,

(1) ''വിസിറ്റിംഗ് ഫാക്കൽറ്റി'' എന്നീ വാക്കുകൾക്കു പകരം ''സന്ദർശകവൈജ്ഞാനികശാഖയുടെ അധികാരി'' എന്നീ വാക്കുകൾ ചേർക്കുക;

(2) ''റൈറ്റർ/ആർട്ടിസ്റ്റ്/സ്കോളർ ഇൻ റസിഡൻസ് അല്ലെങ്കിൽ എമറേറ്റ്സ് പ്രൊഫസർ'' എന്നീ വാക്കുകൾക്കുപകരം ''എഴുത്ത്/കല/ ആസ്ഥാന പണ്ഡിതർ അല്ലെങ്കിൽ വിരമിച്ച ആചാര്യൻ'' എന്നീ വാക്കുകൾ ചേർക്കുക;

(3) ''ഫാക്കൽറ്റി'' എന്ന വാക്കിനുപകരം ''വൈജ്ഞാനികശാഖ'' എന്ന വാക്കു ചേർക്കുക;

(4) ''ഡീൻ'' എന്ന വാക്കിനുപകരം ''വകുപ്പധികാരി'' എന്ന വാക്കു ചേർക്കുക;

i ''വൈസ് ചാൻസലറുടെ'' എന്നീ വാക്കുകൾക്കു പകരം ''സർവ്വകലാശാലാ അധികാരി'' എന്നീ വാക്കുകൾ ചേർക്കുക.

722. ഖണ്ഡം 21(3)-ൽ,

(1) ''ചെയർമാനും'' എന്ന വാക്കിനുപകരം ''അദ്ധ്യക്ഷനും'' എന്ന വാക്കു ചേർക്കുക;

(2) ''ഫാക്കൽറ്റി'' എന്ന വാക്കു വരുന്നിടത്തെല്ലാം പകരം ''വൈജ്ഞാനികശാഖ'' എന്ന വാക്കു ചേർക്കുക;

(3) ''ക്വാറം'' എന്ന വാക്കിനുപകരം ''നിശ്ചിത അംഗസംഖ്യ'' എന്നീ വാക്കുകൾ ചേർക്കുക;

(4) ''ചെയർമാന്'' എന്ന വാക്കിനുപകരം ''അദ്ധ്യക്ഷന്'' എന്ന വാക്കു ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

718. ഖണ്ഡം 21(2)-ൽ ''അഭിനേതാവ്, കലാകാരൻ'' എന്നീ വാക്കുകൾ ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

720. ഖണ്ഡം 21(2)-ൽ ''ഉപയോഗപ്രദമെന്ന്'' എന്ന വാക്ക് ഒഴിവാക്കുക.

പ്രൊഫസർമാരെ, ഉപയോഗപ്രദമെന്ന വാക്കുപയോഗിക്കുന്നത് ഭാഷയ്ക്കു തന്നെ ഭംഗിയുള്ളതല്ല. ഉപയോഗിക്കുക എന്ന വാക്ക് ഒഴിവാക്കണം.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

721. ഖണ്ഡം 21(2) താഴെപ്പറയുംപ്രകാരം മാറ്റുക:

''(2) ഫാക്കൽറ്റി ഉപദേശകസമിതി, വിദ്യാർത്ഥികളുടെ പഠനത്തിന് ഉപകാരപ്രദമാകുമെന്നുകണ്ട് ഏതെങ്കിലും പ്രശസ്തകലാകാരൻ, അവതരണകലാകാരൻ, പണ്ഡിതൻ, എഴുത്തുകാരൻ അല്ലെങ്കിൽ ഇതിൽപ്പെടാത്ത മറ്റൊരാൾ ഇവരിൽ ആരെയെങ്കിലും സന്ദർശക അദ്ധ്യാപകൻ, ഗുരുസ്ഥാനീയൻ, എഴുത്തുകാരൻ, കലാകാരൻ, ആസ്ഥാനപണ്ഡിതൻ അല്ലെങ്കിൽ വിരമിച്ച അദ്ധ്യാപകൻ എന്നീ നിലകളിൽ

ക്ഷണിച്ചുകൊണ്ടു വരണമെന്നു നിർദ്ദേശിക്കുമെങ്കിൽ ആ നിർദ്ദേശം വൈസ് ചാൻസലറുടെ അനുമതിയോടെ ഡീൻ നടപ്പാക്കേണ്ടതാണ്.''

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

723. ഖണ്ഡം 21(3)-ൽ ''ഏതെങ്കിലും വിദഗ്ദ്ധരെ'' എന്നീ വാക്കുകൾക്കുപകരം ''ആ വിഷയവുമായി ബന്ധപ്പെട്ട രണ്ടിൽക്കവിയാത്ത വിദഗ്ദ്ധരെ'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

724. ഖണ്ഡം 21(3)-ൽ ''ഏതെങ്കിലും വിദഗ്ദ്ധരെ'' എന്നീ വാക്കുകൾക്കുപകരം ''ഭാഷാവൈദഗ്ദ്ധ്യമുള്ളവരെ'' എന്ന വാക്കു ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 717, 719, 722 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 720-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 721-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 723–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 724–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

21 –ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 22–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

726.ഖണ്ഡം 22(1)–ൽ “ഫാക്കൽറ്റികൾ ”എന്ന വാക്കിനുപകരം “വൈജ്ഞാനിക ശാഖകൾ” എന്ന വാക്ക് ചേർക്കുക.

737.ഖണ്ഡം 22(2) താഴെപ്പറയും പ്രകാരം മാറ്റുക.

“ (2) ഓരോ വൈജ്ഞാനിക ശാഖയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പഠന മേഖലകളിൽ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും ഒരോ പഠന കേന്ദ്രത്തിനും പഠന കേന്ദ്രത്തിന്റെ കാര്യങ്ങൾ നോക്കി നടത്തുന്നതിന് ഒരു നിർവ്വാഹകൻ ഉണ്ടായിരിക്കേണ്ടതും ആണ്.”

738. ഖണ്ഡം 22(3)–ൽ "സ്കൂളും" എന്ന വാക്കിനു പകരം "പഠന കേന്ദ്രവും" എന്ന വാക്കും, "പഠനകോഴ്സുകൾ" എന്ന വാക്കിനു പകരം "പഠനപാഠ്യപദ്ധതികൾ" എന്ന വാക്കുകളും ചേർക്കുക.

739. ഖണ്ഡം 22(4)–ൽ "ഡീൻ" എന്ന വാക്ക് വരുന്നിടത്തെല്ലാം "വകുപ്പധികാരി" എന്നും "ഫാക്കൽറ്റിയുടെ ചെയർമാൻ" എന്നത് "വൈജ്ഞാനികശാഖയുടെ അധ്യക്ഷൻ" എന്നും "ഫാക്കൽറ്റിയിലെ സ്കൂളുകളിലെ" എന്നത് "വൈജ്ഞാനിക ശാഖകളിലെ പഠനകേന്ദ്രങ്ങളിലെ" എന്നും "ഫാക്കൽറ്റിയുടെയും" എന്നത് "വൈജ്ഞാനിക ശാഖയുടേയും", "സ്കൂളുകളിലെ" എന്നത് "പഠനകേന്ദ്രങ്ങളിലെ" എന്നും "അക്കാഡമികവും" എന്നത് "വിദ്യാഭ്യാസപരവും" എന്നും മാറ്റേണ്ടതാണ്.

740. ഖണ്ഡം 22(5)–ൽ "ഡീനിന്റെ ഫാക്കൽറ്റിയിലുള്ള അക്കാഡമിക ജോലിയും" എന്ന വാക്കുകൾക്കു പകരം "വകുപ്പധികാരിയുടെ വൈജ്ഞാനിക ശാഖയിലുള്ള വിദ്യാഭ്യാസപരമായ ജോലിയും" എന്നും "കൗൺസിലും" എന്ന വാക്കിനു പകരം "സഭയും" എന്ന വാക്കും ചേർക്കുക.

സർ, ഫാക്കൽറ്റി എന്നത് വൈജ്ഞാനിക ശാഖയാണ്. അതു സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് വന്നിരിക്കുന്ന വാക്കുകൾക്കുള്ള ഭേദഗതികളാണ്. ഞാൻ അത് മൂവ് ചെയ്യുന്നു. സംസാരിക്കുന്നില്ല.

ഡോ. എൻ. ജയരാജ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

730 ഖണ്ഡം 22(1)(iv)-ൽ "പൈതൃത" എന്ന വാക്കിനു പകരം "പൈതൃക" എന്ന വാക്കു ചേർക്കുക

സർ, ബില്ലിനകത്തുണ്ടായ അക്ഷരപ്പിശകാണ്. പൈതൃക പഠന ഫാക്കൽറ്റി എന്നുള്ളതിന് പൈതൃത പഠന ഫാക്കൽറ്റി എന്നാണ് വന്നിരിക്കുന്നത്. അത് തിരുത്തി പൈതൃക പഠന ഫാക്കൽറ്റി എന്നാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 730–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 730–ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 726, 737, 738, 739, 740 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 22–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള 22–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 22–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 23–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

745.ഖണ്ഡം 23(2)–ൽ "അക്കാഡമിക് കൗൺസിലിന്റെ" എന്നതിനു പകരം "പണ്ഡിത സഭയുടെ" എന്നും "ബോർഡും" എന്നതിനു പകരം "വിഭാഗം" എന്നും ചേർക്കുക.

സർ, അക്കാഡമിക് കൗൺസിൽ ബഹുമാനപ്പെട്ട മന്ത്രി നേരത്തെ അംഗീകരിച്ചതാണ്. മറ്റുള്ള ഭേദഗതികളൊന്നും ഞാൻ മൂവ് ചെയ്യുന്നില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

746. ഖണ്ഡം 23(3)–ൽ "സാധാരണയായി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

748 ഖണ്ഢം 23(4)–ൽ " അവതരിപ്പിക്കാൻ ഇടയാക്കേണ്ടതുമാണ് " എന്നീ വാക്കുകൾക്കു പകരം "അവതരിപ്പിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.സി. വിഷ്ണുനാഥ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

751. ഖണ്ഢം 23(5)–ൽ " ആറ് " എന്ന വാക്കിന് പകരം " മൂന്ന് " എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

752. ഖണ്ഢം 23–നു ശേഷം താഴെ പറയുന്ന ഖണ്ഢം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക :

"24. അക്കൗണ്ട്സ് കമ്മിറ്റി:– അക്കൗണ്ട്സ് കമ്മിറ്റിയിലേക്ക് നിർണ്ണയിക്കപ്പെടാവുന്നരീതിയിൽ വൈസ് ചാൻസലർ അഞ്ച് പേരെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 745–ാം ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 746–ാം ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 748–ാം ഭേദഗതി സഭയുടെ അനുമതി യോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 751–ാം ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 752–ാം ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 24–ാം വകുപ്പ്

ശ്രീ. എം. ഹംസ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

753 ഖണ്ഡം 24(1)–ൽ "സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളിലെ യാതൊരു ഒഴിവും" എന്നീ വാക്കുകൾക്ക് പകരം "സർവ്വകലാശാലയിലെ ഒരു പദവിയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

755 ഖണ്ഡം 24(2)–ൽ "അംഗത്തിനെ" എന്ന വാക്കിന് പകരം "അംഗത്തെ" എന്ന വാക്കു ചേർക്കുക.

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

756 ഖണ്ഡം 24 (2) ൽ "ജനറൽ കൗൺസിലിന്" എന്ന വാക്കിന് പകരം "പൊതുസഭയ്ക്ക്" എന്ന വാക്കു ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

757. ഖണ്ഡം 24(2) ൽ "ജനറൽ കൗൺസിലിന് നീക്കം ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "ജനറൽ കൗൺസിൽ നീക്കം ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 24(2)–ൽ സർവ്വകലാശാലയിലെ ഏതെങ്കിലും അധികാര സ്ഥാനത്തിലെ ഒരു അംഗത്തിനെ, സാന്മാർഗിക അധ:പതനത്തിനോ അഴിമതിക്കോ ക്ഷമതയുള്ള കോടതിയാലോ അധികാരിയാലോ കുറ്റം സ്ഥാപിക്കപ്പെട്ട് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഇങ്ങനെ ഒരു കാര്യത്തിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം ജനറൽ കൗൺസിലിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ് എന്നുള്ളതിനുപകരം ജനറൽ കൗൺസിൽ നീക്കം ചെയ്യേണ്ടതാണ്. അത് മാൻഡേറ്ററിയാണ്. അത് മാൻഡേറ്ററിയായി വയ്ക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

758. ഖണ്ഡം 24(2) –ൽ "അയാൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം ജനറൽ കൗൺസിലിന് നീക്കം

ചെയ്യാവുന്നതാണ്'' എന്നതിനുപകരം ''പ്രസ്തുത അംഗത്തിനെ ജനറൽ കൗൺസിൽ നീക്കം ചെയ്യേണ്ടതാണ്'' എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 753-ാം ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 756-ാം ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 757-ാം ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 758-ാം ഭേദഗതി സഭയുടെ അനുമതിയാടു കൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 25–ാം വകുപ്പ്

ശ്രീ. സി. കെ. സദാശിവൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

761 ഖണ്ഡം 25 (1) ൽ "അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ " എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും അധികാരിയുടെയോ സമിതിയുടെയോ" എന്നീ വാക്കുകൾ ചേർക്കുക

767. ഖണ്ഡം 25(3)ൽ "അധികാരസ്ഥാനമോ നികായമോ" എന്നീ വാക്കുകൾക്ക് പകരം "അധികാരിയോ സമിതിയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

765 ഖണ്ഡം 25(3) "ആക്റ്റിൽ" മാറ്റി "നിയമത്തിൽ" എന്നും "നികായമോ" മാറ്റി "സമൂഹമോ" എന്നും "ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകൾക്കോ, ഓർഡിനൻസുകൾക്കോ, റഗുലേഷനുകൾക്കോ"

എന്നതിനു പകരം "നിയമങ്ങൾക്കോ, ലിഖിത നിയമങ്ങൾക്കോ, ഉത്തരവുകൾക്കോ, നടപടിക്രമങ്ങൾക്കോ" എന്നും ചേർക്കുക.

769. ഖണ്ഡം 25(4) താഴെപ്പറയും പ്രകാരം മാറ്റുക.

"ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ, ഓർഡിനൻസുകളോ റെഗുലേഷനുകളോ" എന്നത് "നിയമമോ ലിഖിത നിയമങ്ങളോ, ഉത്തരവുകളോ, നടപടിക്രമങ്ങളോ" എന്നും "ജനറൽ കൗൺസിൽ" എന്നത് "പൊതുസഭ" എന്നും " പ്രോസിക്യൂഷനോ" വരുന്നിടത്തെല്ലാം "കോടതി നടപടിയോ" എന്നും "ചാൻസലറുടെ" എന്നത് "സർവ്വകലാശാലാ അദ്ധ്യക്ഷന്റെ" എന്നും "വൈസ് ചാൻസലർക്ക് എതിരായി" എന്നത് "സർവ്വകലാശാല അധികാരിക്ക് എതിരായി" എന്നും മാറ്റി ചേർക്കുക.

770. ഖണ്ഡം 25(5)ൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. കെ. സദാശിവൻ അവതരിപ്പിച്ച 761, 767 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 765, 769, 770 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

25–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 26–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

778. ഖണ്ഡം 26(4)-ൽ

(1) "ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അധ്യക്ഷൻ" എന്നീ വാക്കുകൾ ചേർക്കുക.

(2) "ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ" എന്നീ വാക്കുകൾക്കു പകരം "നിയമമോ ലിഖിത നിയമങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 778–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

26–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

26–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 27-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 28-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

787. "അദ്ധ്യായം V" എന്ന വാക്കിനു പകരം "അദ്ധ്യായം അഞ്ച്" എന്നീ വാക്കുകൾ ചേർക്കുകയും ഖണ്ഡം 28(i) താഴെപ്പറയും പ്രകാരം മാറ്റുകയും ചെയ്യുക.

    "(i) സർവ്വകലാശാല അധികാരി"

788. "ഖണ്ഡം 28(ii) ഒഴിവാക്കുക.

789. ഖണ്ഡം 28(iii) താഴെപ്പറയും പ്രകാരം മാറ്റുക.

    "(iii) രേഖാധിപൻ"

790. ഖണ്ഡം 28(iv) - ൽ "കൺട്രോളർ" എന്ന വാക്കിനു പകരം "നിയന്ത്രകൻ" എന്ന വാക്കു ചേർക്കുക.

791. ഖണ്ഡം 28(v) താഴെപ്പറയും പ്രകാരം മാറ്റുക.

"(v) ധനകാര്യ ഉദ്യോഗസ്ഥൻ"

792. ഖണ്ഡം 28(vi) താഴെപ്പറയും പ്രകാരം മാറ്റുക.

"(vi) വൈജ്ഞാനികശാഖയുടെ വകുപ്പധികാരികൾ"

793. ഖണ്ഡം 28(vii) താഴെപ്പറയും പ്രകാരം മാറ്റുക.

"(vii) പഠനകേന്ദ്രങ്ങളുടെ നിർവ്വാഹകർ"

794. ഖണ്ഡം 28(viii) – ൽ "ലൈബ്രേറിയൻ" എന്ന വാക്കിനു പകരം "ഗ്രന്ഥശാലാ ചുമതലക്കാരൻ" എന്നീ വാക്കുകൾ ചേർക്കുക.

795. ഖണ്ഡം 28(ix) – ൽ "മ്യൂസിയത്തിന്റെ ക്യൂറേറ്റർ" എന്നീ വാക്കുകൾക്കു പകരം "പ്രദർശന നിലയത്തിന്റെ സംരക്ഷകൻ" എന്നീ വാക്കുകൾ ചേർക്കുക.

796. ഖണ്ഡം 28(x) – ൽ "സ്റ്റാറ്റ്യൂട്ടുകളാൽ" എന്ന വാക്കിനു പകരം "ലിഖിത നിയമങ്ങളാൽ" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 787, 788, 789, 790, 791, 792, 793, 794, 795, 796 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

28–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

28–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 29–ാം വകുപ്പ്

ശ്രീ. പാലോട് രവി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

815. ഖണ്ഡം 29(8)–ൽ

1. "വൈസ് ചാൻസലറുടെ" എന്ന വാക്കിനു പകരം " സർവ്വകലാശാല അധികാരിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

2. " ചാൻസലർ" എന്ന വാക്കിനു പകരം " സർവ്വകലാശാല അദ്ധ്യക്ഷൻ " എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

800. ഖണ്ഡം 29 (2)–ൽ താഴെപ്പറയും പ്രകാരം മാറ്റുക.

"സർക്കാരിന്റെ ഒരു പ്രതിനിധി, യു.ജി.സി. യുടെ ഒരു പ്രതിനിധി ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു ജനറൽ കൗൺസിൽ അംഗം എന്നിവർ ഉൾക്കൊള്ളുന്ന ഒരു സമിതിയുടെ ഉപദേശത്തിൻമേൽ ചാൻസലർ, വൈസ് ചാൻസലറെ നിയമിക്കേണ്ടതും

സർക്കാരിന്റെ പ്രതിനിധി തിരഞ്ഞെടുപ്പു സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതുമാണ്.''

വൈസ് ചാൻസലറെ നിയമിക്കുന്നതിൽ ചാൻസലറെ നിയമിക്കുകയും ആ സമിതിയിൽ ചാൻസലറുടെ ഒരു നോമിനി വരുകയും ചെയ്യുക. അതെങ്ങനെയാണ് ശരിയാകുക? എന്റെ ഭേദഗതി സർക്കാരിന്റെ ഒരു പ്രതിനിധി, യു.ജി.സി.യുടെ ഒരു പ്രതിനിധി, ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു ജനറൽ കൗൺസിൽ അംഗം എന്നിവർ ഉൾക്കൊള്ളുന്ന ഒരു സമിതിയുടെ ഉപദേശത്തിൻമേൽ ചാൻസലർ, വൈസ് ചാൻസലറെ നിയമിക്കേണ്ടതും സർക്കാരിന്റെ പ്രതിനിധി തിരഞ്ഞെടുപ്പു സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതുമാണ്. ചാൻസലർ അദ്ദേഹത്തിന്റെ ഒരു പ്രതിനിധിയെ നിയമിച്ച് ആ പ്രതിനിധി ചെയർമാനാകുക, അവർ ചേർന്ന് ചാൻസലർക്ക് ഒരു പേര് കൊടുക്കുക, അതെങ്ങനെയാണ് ശരിയാവുക? ചാൻസലറാണ് അവസാനമായി തീരുമാനിക്കേണ്ടത്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

805.ഖണ്ഡം 29 (4) ൽ ''അഞ്ച്'' എന്ന വാക്കിനു പകരം ''നാല്'' എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

807.ഖണ്ഡം 29(5)–ൽ ''അഞ്ചു വർഷക്കാലത്തേക്ക്'' എന്നീ വാക്കുകൾക്ക് പകരം ''നാലു വർഷക്കാലത്തേക്ക്'' എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

808. ഖണ്ഡം 29 (5) ൽ "ഒരു തവണ കൂടി പുനർനിയമനത്തിന് അർഹനായിരിക്കുന്നതും ആണ്" എന്നീ വാക്കുകൾക്കു പകരം "ഒരു തവണ കൂടി പുനർനിയമനത്തിന് അർഹതയില്ലാത്തതും ആകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

810. ഖണ്ഡം 29 (5) നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (6) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(6) ഔദ്യോഗിക കാലാവധി പൂർത്തിയാക്കിയോ അല്ലാതെയോ സ്ഥാനമൊഴിയുന്ന വൈസ് ചാൻസലർക്ക് പുനർ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല."

<u>ഡോ. എൻ. ജയരാജ്</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

818. ഖണ്ഡം 29(9) നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:–

"(10) വൈസ് – ചാൻസലർ ഭാഷാപഠന രംഗത്തോ, കലാ–പൈതൃക പഠന രംഗത്തോ, പാരമ്പര്യ വിജ്ഞാന സമ്പ്രദായ രംഗത്തോ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള അനുയോജ്യനായ വ്യക്തിയായിരിക്കണം. "

യോഗ്യതയെ സംബന്ധിച്ചാണ്; ഒന്നുകിൽ ഭാഷാപഠനരംഗത്തോ, കലാ പൈതൃക പഠനരംഗത്തോ, പാരമ്പര്യ വിജ്ഞാന സമ്പ്രദായ രംഗത്തോ പ്രവർത്തിച്ചിട്ടുള്ള ഒരാളായിരിക്കണം സർവ്വകലാശാലയുടെ വൈസ്

ചാൻസലർ. ഈ മേഖലയുമായി ബന്ധപ്പെട്ട ഒരാളായിരിക്കണം എന്നതാണ് എന്റെ ഭേദഗതി.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി കൾ അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 816–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അങ്ങയുടെ 800–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 805–ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 807–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 808–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 810–ാം നമ്പർ ഭേദ ഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 818–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

29–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

29–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 30–ാം വകുപ്പ്

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ മാത്രം അവതരിപ്പിക്കുന്നു.

(821) ഖണ്ഡം 30 (1) ൽ "വൈസ് ചാൻസലർ" എന്ന വാക്കിനു പകരം "സർവ്വകലാശാല അധികാരി" എന്നീ വാക്കുകളും "അക്കാഡമിക" എന്ന വാക്കിനു പകരം "പണ്ഡിത ശ്രേഷ്ഠ" എന്നീ വാക്കുകളും "അക്കാഡമിക് കൗൺസിലിന്റേയും എക്സ് ഒഫീഷ്യോ ചെയർമാനും" എന്നീ വാക്കുകൾക്കു പകരം "പണ്ഡിത സഭയുടേയും അനൗദ്യോഗിക അധ്യക്ഷനും " എന്നീ വാക്കുകളും "ചാൻസലറുടേയും പ്രോ–ചാൻസലറുടേയും" എന്നീ വാക്കുകൾ "സർവ്വകലാശാല അധ്യക്ഷന്റേയും ഉപാധ്യക്ഷന്റേയും" എന്നീ വാക്കുകളും "ജനറൽ കൗൺസിലിന്റെ" എന്നീ വാക്കുകൾക്കു പകരം "പൊതു സഭയുടെ" എന്നീ വാക്കുകളും ചേർക്കുക

(824) ഖണ്ഡം 30 (4)–ൽ "ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റെഗുലേഷനുകളിലേയും " എന്നീ വാക്കുകൾക്കു പകരം "നിയമത്തിലേയും ലിഖിത നിയമങ്ങളിലേയും ഉത്തരവുകളിലേയും നടപടി ക്രമങ്ങളിലേയും " എന്നീ വാക്കുകളും "വൈസ് ചാൻസലർ" എന്ന

വാക്കിന് പകരം "സർവ്വകലാശാല അധികാരി" എന്നീ വാക്കുകളും ചേർക്കുക.

(832) ഖണ്ഡം 30(10)–ൽ ''വൈസ്–ചാൻസലർ ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും'' എന്നീ വാക്കുകൾക്കു പകരം ''സർവ്വകലാശാലാ അധികാരി ഈ നിയമത്തിലേയും ലിഖിതനിയമങ്ങളുടെയും'' എന്നീ വാക്കുകൾ ചേർക്കുക.

(838) ഖണ്ഡം 30(14)–ൽ "ആക്റ്റിന്റെ" എന്ന വാക്കിന് പകരം "നിയമത്തിന്റെ " എന്ന വാക്കും "വൈസ് ചാൻസലർ " എന്ന വാക്കിന് പകരം "സർവ്വകലാശാല അധികാരി " എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(820) ഖണ്ഡം 30(1) ൽ "ജനറൽ കൗൺസിലിന്റെ" എന്നീ വാക്കുകൾക്ക് പകരം "പൊതുസഭയുടെ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(831) ഖണ്ഡം 30(10)–ൽ ''വൈസ്–ചാൻസലർ'' എന്ന വാക്കിനുപകരം ''പബ്ലിക് സർവ്വീസ് കമ്മീഷൻ'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(836) ഖണ്ഡം 30 (12) താഴെ പറയും പ്രകാരം മാറ്റുക:

"(12) വൈസ്-ചാൻസലർ, അദ്ധ്യാപകർക്കിടയിലെയും ഉദ്യോഗസ്ഥർക്കിടയിലെയും, വിദ്യാർത്ഥികൾക്കിടയിലെയും അച്ചടക്കത്തിന്റെ മേൽനോട്ടവും നിയന്ത്രണവും കൈകാര്യം ചെയ്യേണ്ടതാണ്."

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദുറബ്ബ്)</u> : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 821, 824, 832, 838 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 820-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 830-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 836-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

31–ാം വകുപ്പ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(842) ഖണ്ഡം 31(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) പ്രോ–വൈസ് ചാൻസലറുടെ നിയമന കാലാവധി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷമായിരിക്കുന്നതാണ്. എന്നാൽ അറുപത്തിയാറു വയസ്സു പൂർത്തിയാകുന്ന ദിവസം ഔദ്യോഗിക സ്ഥാനത്തു നിന്ന് വിരമിക്കേണ്ടതാണ്. "

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(843) ഖണ്ഡം 31(5) നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

" (6) പ്രോ–വൈസ് ചാൻസലർക്ക് ഒരു തവണ കൂടി പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന പ്രോ–വൈസ് ചാൻസലർ അദ്ദേഹത്തിന് അറുപത്തി അഞ്ച് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഔദ്യോഗിക സ്ഥാനം ഒഴിയേണ്ടതാണ്. "

" (7) പ്രോ–വൈസ് ചാൻസലർക്ക് ചാൻസലറെ രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്. "

" (8) പ്രോ–വൈസ് ചാൻസലറുടെ രാജി ചാൻസലർ സ്വീകരിച്ച് കർത്തവ്യങ്ങളിൽനിന്നും ചുമതലകളിൽനിന്നും അദ്ദേഹത്തെ വിടുതൽ ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്. "

സർ, ഒരുവാക്ക് മാത്രമേ പറയാനുള്ളൂ. പ്രോ–വൈസ് ചാൻസലർക്ക് ഒരു ടേംകൂടി കൊടുക്കുന്നതും അദ്ദേഹത്തിന്റെ രാജിയെ സംബന്ധിക്കുന്നതുമാണ്. അത് സ്വീകരിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 842–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 843–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

31–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

31–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

32–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(847) ഖണ്ഡം 32 (3) ൽ –

"രജിസ്ട്രാർ, ജനറൽ കൗൺസിലിന്റെയും" എന്നീ വാക്കുകൾക്ക് പകരം "രേഖാധിപൻ, പൊതുസഭയുടെയും" എന്നീ വാക്കുകളും "അക്കാഡമിക് കൗൺസിലിന്റെയും എക്സ്-ഒഫീഷ്യോ സെക്രട്ടറി" എന്നീ വാക്കുകൾക്ക് പകരം "പണ്ഡിതസഭയുടെയും അനോദ്യോഗിക അദ്ധ്യക്ഷൻ" എന്നീ വാക്കുകളും ചേർക്കുക

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 847-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 33-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(853) ഖണ്ഡം 33–ന്റെ മാർജിനൽ ശീർഷകത്തിൽ ‘‘കൺട്രോളർ’’ എന്ന വാക്കിനു പകരം ‘‘നിയന്ത്രകൻ’’ എന്ന വാക്ക് ചേർക്കുക.

(854) ഖണ്ഡം 33(1) – ൽ ‘‘കൺട്രോളർ’’ എന്നതിനു പകരം ‘‘നിയന്ത്രകൻ’’ എന്നും ‘‘സ്റ്റാറ്റ്യൂട്ടുകളിൽ’’ എന്നതിനു പകരം ‘‘ലിഖിത നിയമങ്ങളിൽ’’ എന്നും ‘‘വൈസ് ചാൻസലർ’’ എന്നതിനു പകരം ‘‘സർവ്വകലാശാല അധികാരി’’എന്നും ചേർക്കുക.

(855) ഖണ്ഡം 33(2)–ൽ ‘‘മാർക്ക് ഷീറ്റുകളും ബിരുദ സർട്ടിഫിക്കറ്റുകളും’’ എന്നതിനു പകരം ‘‘മൂല്യ പേപ്പറുകളും ബിരുദ സാക്ഷ്യപത്രങ്ങളും’’ എന്നും ‘‘കൺട്രോളർ’’ എന്നതിനു പകരം ‘‘നിയന്ത്രകൻ’’ എന്നും ചേർക്കുക.

(857) ഖണ്ഡം 33(3)–ൽ ‘‘കൺട്രോളറുടെ’’ എന്നത് ‘‘നിയന്ത്രകന്റെ’’ എന്നാക്കുക.

(858) ഖണ്ഡം 33(4)–ൽ ‘‘റിക്കാർഡുകൾ’’ എന്നതിനു പകരം ‘‘രേഖകൾ’’ എന്നും ‘‘ഫാക്കൽറ്റികളുടെ ഡീനുകൾക്ക്’’ എന്നതിനു പകരം ‘‘വൈജ്ഞാനികശാഖകളുടെ വകുപ്പധികാരിക്ക്’’ എന്നും ‘‘കൺട്രോളർ’’ എന്നതിനു പകരം ‘‘നിയന്ത്രകൻ’’എന്നും മാറ്റുക.

(859) ഖണ്ഡം 33(5) – ൽ ‘‘കൺട്രോളറെ’’ എന്നതിനു പകരം ‘‘നിയന്ത്രകനെ’’ എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(856) ഖണ്ഡം 33(3)-ൽ "പുറമേ നിന്നുള്ള" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാനത്തിനകത്ത് നിന്നുള്ള" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഖണ്ഡം 33(3)-ൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് "പുറമേ നിന്നുള്ള" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാനത്തിനകത്ത് നിന്നുള്ള" എന്നാക്കി മാറ്റണമെന്നാണ് എന്റെ നിർദ്ദേശം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(860) ഖണ്ഡം 33(5)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:-

"എന്നാൽ അമ്പത്തിയാറു വയസ്സു പൂർത്തിയാകുന്ന ദിവസം ഔദ്യോഗിക സ്ഥാനത്ത് നിന്ന് വിരമിക്കേണ്ടതാണ്"

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 853, 854, 855, 857, 858, 859 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി. കെ.എസ്. സലീഖ അവതരിപ്പിച്ച 856-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ അവതരിപ്പിച്ച 860-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

34-ാം വകുപ്പ്

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(865) ഖണ്ഡം 34(4) ൽ :-

(1) "ഫൈനാൻസ് ഓഫീസർ " എന്നീ വാക്കുകൾക്ക് പകരം "ധന കാര്യ അധികാരി " എന്നീ വാക്കുകൾ ചേർക്കുക.

(2) "ആഡിറ്റ് " എന്ന വാക്കിനു പകരം " കണക്ക് പരിശോധന " എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 865-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

34–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

34–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

35–ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(876) ഖണ്ഡം 35(6)–ൽ

1. “ അക്കാഡമിക ” എന്ന വാക്കിനു പകരം “ വിദ്യാഭ്യാസ ” എന്ന വാക്ക് ചേർക്കുക.

2. “ ഡീനുകൾ ”എന്ന വാക്കിനു പകരം “ വകുപ്പധികാരികൾ ” എന്ന വാക്ക് ചേർക്കുക.

സർ, 876–ാം നമ്പർ ഭേദഗതിയിലെ ഒരുഭാഗം നേരത്തേ അംഗീകരിച്ചതാണ്. മറ്റൊന്നും ഞാൻ മൂവ് ചെയ്യുന്നില്ല.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(875) ഖണ്ഡം 35(6)-ൽ "സർവ്വകലാശാലയിലെ ഓരോ വിദ്യാർത്ഥി യുടെയും" എന്നീ വാക്കുകൾക്കു പകരം " സർവ്വകലാശാലയിലെ തന്റെ ഫാക്കൽറ്റിയുടെ കീഴിലുള്ള ഓരോ വിദ്യാർത്ഥിയുടെയും " എന്ന് മാറ്റുക.

സർ, സർവ്വകലാശാലയിലെ ഫാക്കൽറ്റിയുടെ കീഴിലുള്ള ഡീനുമായി ബന്ധപ്പെട്ട കാര്യമാണ്. ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത് "സർവ്വകലാ ശാലയിലെ ഓരോ വിദ്യാർത്ഥിയുടെയും ഗവേഷണ വിദ്യാർത്ഥിയുടെയും അക്കാഡമിക പ്രകടനങ്ങളുടെ വിവരങ്ങൾ മറ്റ് എല്ലാ പ്രസക്ത വിവരങ്ങളോ ടൊപ്പം ഒരു സമഗ്ര രേഖയായി ഡീനുകൾ സൂക്ഷിക്കേണ്ടതാണ്" എന്നാണ്. ഒരു ഫാക്കൽറ്റിയുടെ കീഴിൽ ഒരു ഡീൻ കാണും. ആ ഡീനിന്റെ കീഴിലുള്ള വിദ്യാർത്ഥികളുടെ മാത്രം അദ്ദേഹം സൂക്ഷിച്ചാൽ മതി. ഓരോ വിദ്യാർത്ഥിയു ടെയും ഗവേഷണ വിദ്യാർത്ഥിയുടെയും അക്കാഡമിക പ്രകടനങ്ങളുടെ വിവരങ്ങൾ മറ്റ് എല്ലാ പ്രസക്ത വിവരങ്ങളോടൊപ്പം ഒരു സമഗ്ര രേഖയായി ഡീനുകൾ സൂക്ഷിക്കേണ്ടതാണ് എന്നുപറയുമ്പോൾ മനസ്സിലാകുന്ന കാര്യം, ഒരു ഫാക്കൽറ്റിയുടെ കീഴിൽ ഒരു ഡീൻ കാണും, ആ ഡീനിന്റെ കീഴിലുള്ള വിദ്യാർത്ഥികളുടെ മാത്രം അദ്ദേഹം സൂക്ഷിച്ചാൽ മതിയെന്ന അർത്ഥത്തിലാണ് ഞാൻ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സർവ്വകലാശാല യിലെ തന്റെ ഫാക്കൽറ്റിയുടെ കീഴിലുള്ള ഓരോ വിദ്യാർത്ഥിയുടേയും എന്ന് തിരുത്തണമെന്നാണ് ഞാൻ അഭ്യർത്ഥിച്ചത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഭേദഗതിക ളൊന്നും സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 876–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 875–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

35–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

35–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>36–ാം വകുപ്പ്</u>

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(881) ഖണ്ഡം 36(4)–ലെ ''ഫാക്കൽറ്റി'' എന്ന വാക്കിനുപകരം ''വൈജ്ഞാനികശാഖ'' എന്ന വാക്കും, ''ഡയറക്ടർ'' എന്ന വാക്കിനുപകരം ''നിർവ്വാഹകൻ'' എന്ന വാക്കും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദുറബ്ബ്)</u> : ഭേദഗതി സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 881–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

36–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

36–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

37–ാം വകുപ്പ്

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(887).ഖണ്ഡം 37(3) "ജേർണലുകളും" എന്നത് മാറ്റി "പ്രസിദ്ധീകരണങ്ങളും " എന്നും "ലൈബ്രറിയുടെ " എന്നത് "ഗ്രന്ഥശാലയുടെ " എന്നും "ലൈബ്രേറിയൻ " എന്നത് "ഗ്രന്ഥശാലാചുമതലക്കാരൻ " എന്നും മാറ്റുക.

സർ, ഇതിനകത്ത് ഞാൻ പറഞ്ഞിരിക്കുന്നത് "ജേർണലുകളും" എന്നത് മാറ്റി "പ്രസിദ്ധീകരണങ്ങളും" എന്ന് ചേർക്കണമെന്നാണ് പറഞ്ഞിരിക്കുന്നത് അതുമാത്രം മതി.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(886).ഖണ്ഡം 37(3) ൽ "പ്രസക്തമായ " എന്ന വാക്കിനു പകരം "പ്രസക്തമായതും സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ സഫലീകൃതമാകുന്നതിന് ഉതകുന്നതുമായ " എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 887–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 886–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

37–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

37–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 38-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

888. ഖണ്ഡം 38 – ന്റെ മാർജിനൽ ശീർഷകത്തിൽ, "മ്യൂസിയത്തിന്റെ ക്യൂറേറ്റർ" എന്നീ വാക്കുകൾക്ക് പകരം "പ്രദർശന നിലയത്തിന്റെ സംരക്ഷകൻ" എന്നീ വാക്കുകൾ ചേർക്കുക.

889. ഖണ്ഡം 38(1) – ൽ "മ്യൂസിയത്തിന്റെ ക്യൂറേറ്റർക്ക്" എന്നത് "പ്രദർശന നിലയത്തിന്റെ സംരക്ഷകന്" എന്നും "സ്റ്റാറ്റ്യൂട്ടു

കളാൽ" എന്നത് "ലിഖിത നിയമങ്ങളാൽ" എന്നും "വൈസ്–ചാൻസലർ" എന്നത് "സർവ്വകലാശാല അധികാരി" എന്നും മാറ്റുക.

890. ഖണ്ഡം 38(2) – ൽ, "മ്യൂസിയം" എന്നത് "പ്രദർശന നിലയം" എന്നും "മ്യൂസിയം ക്യൂറേറ്റർ" എന്നത് "പ്രദർശന നിലയത്തിന്റെ സംരക്ഷകൻ" എന്നും മാറ്റുക.

891. ഖണ്ഡം 38(3) – ൽ "ക്യൂറേറ്റർ" എന്നത് "സംരക്ഷകൻ" എന്ന് മാറ്റുക.

892. ഖണ്ഡം 38(4) – ൽ "അക്കാഡമികമോ" എന്നത് "വിദ്യാഭ്യാസ പരമോ" എന്നും "ക്യൂറേറ്റർ ഡീനുകളേയും ഡയറക്ടർമാരേയും" എന്നത് "സംരക്ഷകൻ വകുപ്പധികാരികളേയും നിർവ്വാഹക രേയും" എന്നും മാറ്റുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.പി.കെ. അബ്ദുറബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 888, 889, 890, 891, 892 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: 38–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

38–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38 –ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 39-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

893. ഖണ്ഡം 39 (1)–ൽ “ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും” എന്നീ വാക്കുകൾക്കു പകരം “നിയമത്തിലേയും ലിഖിത നിയമങ്ങളിലേയും” എന്നീ വാക്കുകളും “വൈസ് ചാൻസലർ” എന്നീ വാക്കുകൾക്കു പകരം “സർവ്വകലാശാല അധികാരി” എന്നീ വാക്കുകളും ചേർക്കുക.

896. ഖണ്ഡം 39 (2)–ൽ “ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും” എന്നീ വാക്കുകൾക്കു പകരം “നിയമത്തിലും ലിഖിത നിയമങ്ങളിലും” എന്നീ വാക്കുകൾ ചേർക്കുക.

901. ഖണ്ഡം 39(3)–ൽ "ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും" എന്നീ വാക്കുകൾക്കു പകരം "അനദ്ധ്യാപകരുടെ നിയമനം പി.എസ്.സി വഴി ആയിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

സർ, 893, 896, 901 എന്നീ ഭേദഗതികൾ മാത്രമേ ഞാൻ മൂവ് ചെയ്യുന്നുള്ളൂ.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

894. ഖണ്ഡം 39 (1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണ്".

സർ, സർവ്വകലാശാലകളുടെ നിയമനങ്ങളെ സംബന്ധിച്ച് എല്ലാ കാലങ്ങളിലും വലിയ ആക്ഷേപങ്ങൾ ഉയർന്നുവരുന്ന വിഷയമാണ്. അതുകൊണ്ട് അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നുള്ളതാണ് എന്റെ ഭേദഗതി. അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണ് എന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 39 (1) താഴെപ്പറയും പ്രകാരം മാറ്റുക

"(1) സർവ്വകലാശാലയിലെ അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും തെരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്തം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കേണ്ടതും അവർ നിയമനത്തിന് ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ വൈസ്-ചാൻസലർ നിയമിക്കേണ്ടതുമാണ്."

<u>ശ്രീ. കെ. ദാസൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

899. ഖണ്ഡം 39 (3) ഒഴിവാക്കുക

905. ഖണ്ഡം 39(4)ൽ "അറുപത്" എന്ന വാക്കിനു പകരം "അമ്പത്തിയാറ്" എന്ന വാക്ക് ചേർക്കുക.

906. ഖണ്ഡം 39(5) ൽ "വൈസ് -ചാൻസലറും പ്രോ-വൈസ്-ചാൻസലറും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളവരും" എന്നീ വാക്കുകൾക്കു പകരം "വൈസ് ചാൻസലർ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

900. ഖണ്ഡം 39(3)-ൽ "ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും" എന്നീ വാക്കുകൾക്കു പകരം "അനദ്ധ്യാപകരുടെ നിയമനം പി.എസ്.സി വഴി ആയിരിക്കുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

സർ, ശ്രീ. ഇ.പി. ജയരാജനും ശ്രീ. ബി.ഡി. ദേവസ്സിയുമൊക്കെ പറഞ്ഞതുപോലെ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന വാക്കുകൂടി ചേർക്കണം. കാരണം സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടേണ്ടത് വളരെ നല്ല ആവശ്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്ത ഒരു തീരുമാനമാണത്.

പുതിയതായി വരുന്ന ഈ സർവ്വകലാശാലാ നിയമത്തിലുണ്ടാകണം. സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാത്തതിന്റെ പേരിൽ ഒട്ടേറെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റിയിൽ നടന്ന ക്രമക്കേടുകൾ പോലെ സർവ്വകലാശാലയ്ക്ക് യോജിക്കാത്ത തരത്തിൽ സർവ്വകലാശാലാ നിയമനങ്ങളിൽ നടന്ന ഒട്ടേറെ ക്രമക്കേടുകൾ സംബന്ധിച്ച് പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. ഹൈക്കോടതിയിൽപ്പോലും അതിനെക്കുറിച്ചുള്ള പരാമർശം ഉണ്ടായി. അതുകൊണ്ട് നമ്മൾ നടത്തുന്ന ഈ പുതിയ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം. പി.എസ്.സി.ക്ക് വിട്ട പാരമ്പര്യമുണ്ട്. സഹകരണമേഖല പോലും പി.എസ്.സി. ക്ക് വിട്ട സാഹചര്യത്തിൽ ഈ നിയമം പാസ്സാക്കുമ്പോൾ അത് പി.എസ്.സി.ക്ക് വിടണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട ഗവൺമെന്റ് അംഗീകരിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി.പി. മുഹമ്മദ്, അങ്ങയുടെ 903 ഭേദഗതി ക്രമാനുസൃതമല്ലാത്തതുകൊണ്ട് മൂവ് ചെയ്യാൻ കഴിയില്ല. അങ്ങേയ്ക്ക് വേണമെങ്കിൽ സംസാരിക്കാം.

ശ്രീമതി കെ.എസ്. സലീഖയുടെ 904 ഭേദഗതി മൂവ് ചെയ്യാൻ കഴിയില്ല. അങ്ങേയ്ക്ക് വേണമെങ്കിൽ സംസാരിക്കാം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ശ്രീ. ബെന്നി ബെഹനാന്റെ 900-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ശ്രീ. ഇ.പി. ജയരാജന്റെ 894-ാം നമ്പർ ഭേദഗതിയും അതുതന്നെയാണ്. അതാണ് ആദ്യം മൂവ് ചെയ്തത്. അതെന്തുകൊണ്ടാണ് അംഗീകരിക്കാത്തത്?

ശ്രീ. പി.കെ. അബ്ദു റബ്ബ്: സർ, ശ്രീ. ഇ.പി. ജയരാജന്റെ 894-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

ശ്രീ. ബി.ഡി. ദേവസ്സി: എന്റെ ഭേദഗതിയും അതുതന്നെയാണ്.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജന്റെയും ശ്രീ. ബി.ഡി. ദേവസ്സിയുടേയും ഭേദഗതികൾ ഒരേ സെൻസ് തന്നെയായതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി, ഏതൊക്കെ ഭേദഗതികളാണ് അംഗീകരിക്കുന്നത്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : രണ്ട് ഭേദഗതികളും തമ്മിൽ വ്യത്യാസമുണ്ട്. ശ്രീ. ബെന്നി ബെഹനാന്റെ 900-ാം നമ്പർ ഭേദഗതി നോൺ ടീച്ചിംഗ് സ്റ്റാഫിനെ സംബന്ധിച്ചാണ്. ശ്രീ. ഇ.പി. ജയരാജന്റെയും ശ്രീ. ബി.ഡി. ദേവസ്സിയുടേയും ഭേദഗതികളിൽ രണ്ടും ഉൾപ്പെടുന്നുണ്ട്.

ശ്രീ. പി.കെ. അബ്ദു റബ്ബ്: സർ, നോൺ ടീച്ചിംഗ് സ്റ്റാഫിനെ ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞത്. ടീച്ചിംഗ് സ്റ്റാഫ് അതിൽ വരുന്നില്ല. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ബെന്നി ബെഹനാന്റെ ഭേദഗതി അംഗീകരിച്ചാലും മതി. രണ്ട് ഭേദഗതികളും ഒരുപോലെ തന്നെയാണ്.

ശ്രീ. പി.കെ. അബ്ദു റബ്ബ്: ഖണ്ഡം 39(3)-ൽ ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും എന്നീ വാക്കുകൾക്കു പകരം അനദ്ധ്യാപകരുടെ നിയമനം പി.എസ്.സി വഴി ആയിരിക്കുന്നതും എന്നീ വാക്കുകൾ ചേർക്കാനാണ്. അതാണ് അംഗീകരിച്ചത്.

മി. സ്പീക്കർ: അത് ശരിയാണ്, അതുതമ്മിൽ വ്യത്യാസമുണ്ട്. അങ്ങ് 900-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ശ്രീ. ബെന്നി ബെഹനാന്റെ ഭേദഗതിയും ശ്രീ. ഇ.പി. ജയരാജന്റെ ഭേദഗതിയും അംഗീകരിച്ചു എന്നാണ്.

ശ്രീ. പി.കെ. അബ്ദു റബ്ബ്: ഞാൻ അങ്ങനെ പറഞ്ഞു എന്നുള്ളത് ശരിയാണ്, അങ്ങനെ പറയാൻ കാരണം അതേ ഭേദഗതി തന്നെയാണ് ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ചത് എന്നുപറഞ്ഞതുകൊണ്ടാണ്. ആ ഭേദഗതികൾ തമ്മിൽ വ്യത്യാസമുണ്ട്. ശ്രീ. ബെന്നി ബെഹനാന്റെ ഭേദഗതി അംഗീകരിക്കുന്നു. ബാക്കിയുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാന്റെ 900-ാം നമ്പർ ഭേദഗതി സഭ അംഗീകരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 893, 896, 901 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 899, 905, 906 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 894-ാം നമ്പർ ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

<u>ശ്രീ. ഇ.പി. ജയരാജൻ</u>: സർ, ഞാൻ എന്റെ 894-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ -41

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. അജിത്
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. ചിറ്റയം ഗോപകുമാർ
13. ശ്രീമതി ജമീലാ പ്രകാശം

14. ശ്രീ. കെ. കെ. ജയചന്ദ്രൻ

15. ശ്രീ. ഇ. പി. ജയരാജൻ

16. ശ്രീ. ജോസ് തെറ്റയിൽ

17. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

18. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

19. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

20. ശ്രീ. കോവൂർ കുഞ്ഞുമോൻ

21. ശ്രീമതി കെ. കെ. ലതിക

22. ശ്രീ. സി. കെ. നാണു

23. ശ്രീ. എ. പ്രദീപ്കുമാർ

24. ശ്രീ. പുരുഷൻ കടലുണ്ടി

25. ശ്രീ. പി. റ്റി. എ. റഹീം

26. ശ്രീ. കെ. രാജു

27. ശ്രീ. രാജു എബ്രഹാം

28. ശ്രീ. മുല്ലക്കര രത്നാകരൻ

29. ശ്രീ. സി. കെ. സദാശിവൻ

30. ശ്രീ. സാജു പോൾ

31. ശ്രീമതി കെ. എസ്. സലീഖ

32. ശ്രീ. എസ്. ശർമ്മ

33. ശ്രീ. വി. ശശി

34. ശ്രീ. ബി. സത്യൻ

35. ശ്രീ. വി. ശിവൻകുട്ടി

36. ശ്രീ. വി. എസ്. സുനിൽകുമാർ

37. ശ്രീ. കെ. സുരേഷ് കുറുപ്പ്

38. ശ്രീ. പി. തിലോത്തമൻ

39. ഡോ. ടി. എം. തോമസ് ഐസക്

40. ശ്രീ. ഇ. കെ. വിജയൻ

41. ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ – 66

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

15. ശ്രീ. വി. ടി. ബൽറാം

16. ശ്രീ. പി. കെ. ബഷീർ

17. ശ്രീ. ബെന്നി ബെഹനാൻ

18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. ശ്രീമതി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. ജോസഫ് വാഴക്കൻ

26. ശ്രീ. വർക്കല കഹാർ

27. ശ്രീ. കെ. എൻ. എ. ഖാദർ

28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

29. ശ്രീ. റ്റി. യു. കുരുവിള

30. ശ്രീ. ലൂഡി ലൂയിസ്

31. ശ്രീ. പി. എ. മാധവൻ

32. ശ്രീ. സി. മമ്മൂട്ടി

33. ശ്രീ. കെ. പി. മോഹനൻ

34. ശ്രീ. സി. മോയിൻകുട്ടി

35. ശ്രീ. മോൻസ് ജോസഫ്

36. ശ്രീ. സി. പി. മുഹമ്മദ്

37. ശ്രീ. ആര്യാടൻ മുഹമ്മദ്

38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

39. ഡോ. എം. കെ. മുനീർ

40. ശ്രീ. കെ. മുരളീധരൻ

41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

42. ശ്രീ. ഉമ്മൻ ചാണ്ടി

43. ശ്രീ. അടൂർ പ്രകാശ്

44. ശ്രീ. റ്റി. എൻ. പ്രതാപൻ

45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

46. ശ്രീ. രമേഷ് ചെന്നിത്തല

47. ശ്രീ. പാലോട് രവി

48. ശ്രീ. വി. പി. സജീന്ദ്രൻ

49. ശ്രീ. എൻ. ശക്തൻ

50. ശ്രീ. വി. ഡി സതീശൻ

51. ശ്രീ. ഷാഫി പറമ്പിൽ

52. ശ്രീ. കെ. എം. ഷാജി

53. ശ്രീ. എൻ. ഷംസുദീൻ

54. ശ്രീ. ആർ. സെൽവരാജ്

55. ശ്രീ. ഷിബു ബേബി ജോൺ

56. ശ്രീ. കെ. ശിവദാസൻ നായർ

57. ശ്രീ. വി. എസ്. ശിവകുമാർ

58. ശ്രീ. സണ്ണി ജോസഫ്

59. ശ്രീ. സി. എഫ്. തോമസ്

60. ശ്രീ. തോമസ് ഉണ്ണിയാടൻ

61. ശ്രീ. പി. ഉബൈദുള്ള

62. ശ്രീ. എം. ഉമ്മർ

63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

64. ശ്രീ. എം. എ. വാഹീദ്

65. ശ്രീ. എം. പി. വിൻസെന്റ്

66. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 41

പ്രതികൂലിക്കുന്നവർ : 66

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

ശ്രീ. ഇ. പി. ജയരാജന്റെ 894-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## **40**-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## **41**-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## **42** - ാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

923. ഖണ്ഡം 42 ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയുന്ന വിധത്തിൽ മാറ്റുക.

"എന്നാൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും പെൻഷൻ, ഇൻഷ്വറൻസ്, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ വ്യവസ്ഥകൾ നിർണ്ണയിക്കുമ്പോൾ സർവ്വകലാശാലയിലെ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സംഘടനാ പ്രതിനിധികളുമായും, 42–ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള ധനകാര്യ കമ്മിറ്റിയുമായും ആലോചിക്കേണ്ടതാണ്. "

ഖണ്ഡം 42–ന്റെ ക്ലിപ്ത നിബന്ധന മാറ്റണമെന്നുള്ളതാണ്. അതായത് പ്രോവിഡന്റ് ഫണ്ടിന്റെ നിക്ഷേപം എന്നാൽ സർവ്വകലാശാലയ്ക്ക് 42–ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ധനകാര്യകമ്മിറ്റിയുമായി ആലോചിച്ച് അത് തീരുമാനിക്കുന്ന രീതിയിൽ പ്രോവിഡന്റ് ഫണ്ട് തുക നിക്ഷേപിക്കുന്നതിന് അധികാരമുണ്ടായിരിക്കുമെന്നാണ്. എന്റെ ഭേദഗതി സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനാ പ്രതിനിധികളുമായും 42–ാം വകുപ്പുപ്രകാരം രൂപികരിച്ചിട്ടുള്ള ധനകാര്യ കമ്മിറ്റിയുമായി ആലോചി ക്കേണ്ടതാണെന്നുള്ളതാണ്. കാരണം ഇവരുടെ പ്രോവിഡന്റ് ഫണ്ട് തുക നിക്ഷേപിക്കേണ്ടത് എങ്ങനെയാണെന്നുള്ളത് ആ സംഘടനകളുടെ റെപ്രസെ ന്റേറ്റീവ്സുമായി ആലോചിച്ച് അവരുടെ നിർദ്ദേശങ്ങളും കൂടി കണക്കിലെടുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): ഭേദഗതി സ്വീകരിക്കുന്നില്ല. ഞാൻ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു

"42–ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ 42–ാം വകുപ്പുപ്രകാരം എന്നതിന് പകരം 43–ാം വകുപ്പുപ്രകാരം എന്ന് ചേർക്കേണ്ടതാണ്"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു

ശ്രീ. കെ. സുരേഷ്കുറുപ്പ് അവതരിപ്പിച്ച 923-ാം ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള 42 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 43 - ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

924. ഖണ്ഡം 43(1) ൽ "ഔദ്യോഗിക അംഗങ്ങളിൽ" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 924-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 924-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗികരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 43 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 44 - ാം വകുപ്പ്

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ അങ്ങ് ഭേദഗതി അവതരിപ്പിക്കേണ്ടതില്ല. അങ്ങേയ്ക്ക് സംസാരിക്കാം

ശ്രീ. കെ. കെ. ജയചന്ദ്രൻ: സംസാരിക്കുന്നില്ല

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

932. ഖണ്ഡം 44(3) താഴെപ്പറയുംപ്രകാരം മാറ്റുക:

''(3) കണക്കുകൾ പരിശോധനയ്ക്കുശേഷം അച്ചടി ക്കേണ്ടതും, അവയുടെ പകർപ്പുകൾ കണക്കു പരിശോധനാ

അറിയിപ്പോടുകൂടി സർവ്വകലാശാലാ അധികാരി പൊതുസഭയ്ക്കും നിർവ്വാഹക സമിതിക്കും സർവ്വകലാശാലാ അദ്ധ്യക്ഷനും സമർപ്പിക്കേണ്ടതുമാണ്.''

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 932–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

44 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 45 - ാം വകുപ്പ്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

939. ഖണ്ഡം 45(സി) താഴെ പ്പറയും പ്രകാരം മാറ്റുക:

"(സി) പൊതുസഭയിലെയും മറ്റ് സമിതികളിലെയും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും ഈ സമിതികളെ സംബന്ധിച്ചു വ്യവസ്ഥ ചെയ്യുന്നതിന് ആവശ്യമോ അഭികാമ്യമോ ആയിരിക്കാവുന്ന അങ്ങനെയുള്ള മറ്റെല്ലാ കാര്യങ്ങളും "

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച 939–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

45 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 46 - ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

948. ഖണ്ഡം 46–ന്റെ മാർജിനൽ ശീർഷകത്തിൽ " സ്റ്റാറ്റ്യൂട്ടുകൾ" എന്ന വാക്കിനു പകരം "ലിഖിത നിയമങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

949. ഖണ്ഡം 46(1)–ൽ "ജനറൽ കൗൺസിലിന്" എന്നീ വാക്കുകൾക്കു പകരം "പൊതുസഭയ്ക്ക്" എന്ന വാക്ക് ചേർക്കുക.

951. ഖണ്ഡം 46(2)–ൽ:–
   1. "സ്റ്റാറ്റ്യൂട്ടിന്റെയും" എന്ന വാക്കിനു പകരം "ലിഖിത നിയമത്തിന്റേയും " എന്നീ വാക്കുകൾ ചേർക്കുക.
   2. "ജനറൽ കൗൺസിൽ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "പൊതുസഭ " എന്ന വാക്കു ചേർക്കുക.

952. ഖണ്ഡം 46(3)–ൽ:–

1. “ജനറൽ കൗൺസിലിന് സ്റ്റാറ്റ്യൂട്ടിന്റെ” എന്നീ വാക്കുകൾക്കു പകരം “ പൊതു സഭയ്ക്ക് ലിഖിത നിയമത്തിന്റെ ” എന്നീ വാക്കുകൾ ചേർക്കുക.

2. “ജനറൽ കൗൺസിൽ” എന്നീ വാക്കുകൾക്ക് പകരം “പൊതുസഭ ” എന്ന വാക്ക് ചേർക്കുക.

953. ഖണ്ഡം 46 (4)–ൽ “ജനറൽ കൗൺസിൽ” എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം “പൊതുസഭ” എന്ന വാക്ക് ചേർക്കുക.

954. ഖണ്ഡം 46 (5)–ൽ

(1) “ജനറൽ കൗൺസിൽ” എന്നീ വാക്കുകൾക്ക് പകരം “പൊതുസഭ” എന്ന വാക്ക് ചേർക്കുക.
(2) “സ്റ്റാറ്റ്യൂട്ട്” എന്ന വാക്ക് വരുന്നിടത്തെല്ലാം “ലിഖിത നിയമം” എന്നീ വാക്കുകൾ ചേർക്കുക.
(3)“ചാൻസലർക്ക്” എന്ന വാക്കിന് പകരം “സർവ്വകലാശാല അധ്യക്ഷൻ” എന്നീ വാക്കുകൾ ചേർക്കുക.
(4)“ജനറൽ കൗൺസിലിന്” എന്നീ വാക്കുകൾക്ക് പകരം “പൊതുസഭ” എന്ന വാക്ക് ചേർക്കുക.
(5)“റഫർ ചെയ്യുകയോ” എന്നീ വാക്കുകൾക്ക് പകരം “സമർപ്പിക്കുയോ” എന്ന വാക്ക് ചേർക്കുക.

955. ഖണ്ഡം 46 (6)–ൽ

(1) “ജനറൽ കൗൺസിൽ” എന്നീ വാക്കുകൾക്ക് പകരം “പൊതുസഭ” എന്നീ വാക്കുകൾ ചേർക്കുക.
(2) “സ്റ്റാറ്റ്യൂട്ട് ചാൻസലർ” എന്നീ വാക്കുകൾക്ക് പകരം “ലിഖിത നിയമവും സർവ്വകലാശാല അധ്യക്ഷൻ” എന്നീ വാക്കുകൾ ചേർക്കുക.

956. ഖണ്ഡം 46 (7)–ൽ “സ്റ്റാറ്റ്യൂട്ടിന്റെ” എന്ന വാക്കിനു പകരം “ലിഖിത നിയമത്തിന്റെ” എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 948, 949, 951, 952, 953, 954, 955, 956 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

46 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 47 - ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

960.(എ)ഖണ്ഡം 47(ഇ)യിൽ "ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ" എന്നീ വാക്കുകൾക്ക് പകരം "നിയമത്തിലെയോ ലിഖിത നിയമങ്ങളിലെയോ" എന്നീ വാക്കുകളും "ഓർഡിനൻസുകളാൽ" എന്ന വാക്കിനു പകരും "ഉത്തരവുകളാൽ" എന്ന വാക്കും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 960–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

47 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

470-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**48 - ാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 48 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

48 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**49 - ാം വകുപ്പ്**

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

968. ഖണ്ഡം 49–ൽ "ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും" എന്നീ വാക്കുകൾക്ക് പകരം "ഈ നിയമത്തിലേയും ലിഖിത നിയമങ്ങളിലേയും" എന്നീ വാക്കുകളും "അക്കാഡമിക് കൗൺസിലിന് റഗുലേഷനുകൾ" എന്നീ വാക്കുകൾക്ക് പകരം "പണ്ഡിത സഭയ്ക്ക് നടപടിക്രമങ്ങൾ" എന്നീ വാക്കുകളും ചേർക്കുക.

973. ഖണ്ഡം 49 (എഫ്) ൽ "ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും" എന്നീ വാക്കുകൾക്കു പകരം "നിയമത്തിലെയും ലിഖിത നിയമങ്ങ

ളിലെയും" എന്നീ വാക്കുകളും "റഗുലേഷനുകൾ മൂലം" എന്നീ വാക്കുകൾക്ക് പകരം "നടപടിക്രമങ്ങൾ മൂലം" എന്നീ വാക്കുകളും ചേർക്കുക

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 968, 973 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

49 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 50 – ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

975. ഖണ്ഡം 50(1) ൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്കും "റഗുലേഷനുകൾക്കും അക്കാഡമിക് കൗൺസിൽ" എന്നീ വാക്കുകൾക്ക് പകരം "നടപടിക്രമങ്ങൾക്കും പണ്ഡിത സഭ" എന്നീ വാക്കുകളും "റെഗുലേഷനും ജനറൽ കൗൺസിൽ" എന്നീ വാക്കുകൾക്ക് പകരം "നടപടിക്രമവും പൊതുസഭ" എന്നീ വാക്കുകളും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 975–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

50 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കിമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

50 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>51 - ാം വകുപ്പ്</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

**977.** ഖണ്ഡം 51–ൽ ''ജനറൽ കൗൺസിൽ'' എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം പകരം ''പൊതുസഭ'' എന്ന വാക്കു ചേർക്കുക.

<u>ശ്രീ. ബി. സത്യൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

**978.** ഖണ്ഡം 51(1)–ൽ ''നികായങ്ങളുടെയും'' എന്ന വാക്കിനുപകരം ''സ്ഥാപനങ്ങളുടെയും'' എന്ന വാക്കു ചേർക്കുക;

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

**979.** ഖണ്ഡം 51(1) താഴെപ്പറയുംപ്രകാരം മാറ്റുക:

''(1) നിർവ്വാഹകസമിതിക്ക്, ഈ നിയമത്തിലെയോ ലിഖിത നിയമങ്ങളിലെയോ ഉത്തരവുകളിലെയോ നടപടി ക്രമങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള വിഭാഗങ്ങളുടെയും സമിതികളുടെയും മറ്റു

> സമൂഹങ്ങളുടെയും മാർഗ്ഗനിർദ്ദേശത്തിനും നടത്തിപ്പിനും വേണ്ടിയും, പൊതുസഭ ഒഴികെയുള്ള സർവ്വകലാ ശാലയുടെ മറ്റ് അധികാര സ്ഥാനങ്ങളുടെ യോഗങ്ങളിലെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനു വേണ്ടിയും വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കാൻ അധികാര മുണ്ടായിരിക്കുന്നതാണ്.''

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദ ഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാപോറ്റി അവതരിപ്പിച്ച 977–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. ബി സത്യൻ അവതരിപ്പിച്ച 978–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. പാലോട് രവി അവതരിപ്പിച്ച 979–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 52 - ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി.സ്പീക്കർ: 52 - ാം ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

52 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

52 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**53 – ാം വകുപ്പ്**

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

983. ഖണ്ഡം 53 (2)–ൽ

1) "നോട്ടീസ്" എന്ന വാക്കിനു പകരം "പ്രസ്താവന" എന്ന വാക്ക് ചേർക്കുക.
2) "വൈസ് ചാൻസലർക്ക്" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "സർവ്വകലാശാല അധിപന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

984. ഖണ്ഡം 53 (6)–ൽ "5–ാം ഉപവകുപ്പിൻകീഴിൽ" എന്നവാക്കുകൾക്ക് പകരം "(5)–ാം ഉപവകുപ്പിൽ" എന്നീ വാക്കുകൾ ചേർക്കുക.

987. ഖണ്ഡം 53 (9)–ൽ "8–ാം ഉപവകുപ്പ്" എന്ന വാക്കുകൾക്ക് പകരം "(8)–ാം ഉപവകുപ്പ്" എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 987–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. അതോടൊപ്പംതന്നെ "6–ാം ഉപവകുപ്പിൽ 5 എന്ന അക്കം ബ്രാക്കറ്റിൽ ഇടേണ്ടതാണ്" എന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 987–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 983–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 984–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 53 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 53 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 53 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>54 ാം വകുപ്പ്</u>**

(ഭേദഗതി അവതരിപ്പിച്ചില്ല)

<u>മി. സ്പീക്കർ</u>: 54 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കിമെന്ന പ്രശ്നത്തെ .........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

54 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 55 – ാം വകുപ്പ്

ശ്രീ. ബി സത്യൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

990. ഖണ്ഡം 55–ൽ " ജനറൽ കൗൺസിൽ " എന്ന വാക്ക് വരുന്നിടത്തെല്ലാം " പൊതുസഭ " എന്ന വാക്ക് ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

994. ഖണ്ഡം 55(2)–ൽ "നിയമസഭ മുമ്പാകെ വയ്പ്പിക്കേണ്ടതുമാണ്" എന്നതിനു പകരം " നിയമസഭയിൽ വയ്ക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 990–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 994–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

55 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

55 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീക രിച്ചു.

55 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**56 - ാം വകുപ്പ്**

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു

995. ഖണ്ഡം 56–ൽ
"ആക്റ്റിൽ" എന്നത് "നിയമത്തിൽ" എന്നും "ആക്റ്റ് ഗസറ്റിൽ" എന്നത് "നിയമം സർക്കാർ പത്രികയിൽ" എന്നും "ചാൻസലർ" എന്നത് "സർവ്വകലാശാല അദ്ധ്യക്ഷൻ" എന്നും "ആക്റ്റിലെ" എന്നത് "നിയമത്തിലെ" എന്നും മാറ്റുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവത രിപ്പിക്കുന്നു

997. ഖണ്ഡം 56 ൽ "പ്രസ്തുത അധികാരസ്ഥാനങ്ങൾ" എന്നതിന് പകരം "പ്രസ്തുത സമിതികൾ" എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 995–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 997–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

56 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

56 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57 – ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**999.** ഖണ്ഡം 57 – ൽ "ജനറൽ കൗൺസിലിന്, ഈ ആക്റ്റ് പ്രകാമോ, സ്റ്റാറ്റ്യൂട്ടുകൾ" എന്നീ വാക്കുകൾക്ക് പകരം "പൊതുസഭയ്ക്ക് ഈ നിയമപ്രകാരമോ ലിഖിത നിയമങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. അബ്ദുൾഖാദർ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**1000.** ഖണ്ഡം 57 – ൽ "ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള" എന്നതിന് പകരം "ഏതെങ്കിലും അധികാരിക്കോ സമിതിക്കോ നിശ്ചിതമായ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**1001.** ഖണ്ഡം 57 നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. "എന്നാൽ ഈ സ്റ്റാറ്റ്യൂട്ടുകൾക്ക് സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ പുതിയ സ്റ്റാറ്റ്യൂട്ടുകൾ അംഗീകരിക്കുന്നതുവരെയോ അല്ലെങ്കിൽ ഒരു വർഷത്തേക്കോ മാത്രമേ പ്രാബല്യം ഉണ്ടാവുകയുള്ളൂ".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 999–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 1000–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. കെ.സുരേഷ് കുറുപ്പ് അവതരിപ്പിച്ച 1001–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

57 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

57 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 58 – ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1002. ഖണ്ഡം 58–ൽ "ആക്റ്റിൽ" എന്നതിനു പകരം "നിയമത്തിൽ" എന്ന വാക്കും " സ്റ്റാറ്റ്യൂട്ടുകൾ " എന്ന വാക്കിനു പകരം "ലിഖിത നിയമങ്ങൾ" എന്ന വാക്കും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 1002–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

58 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

58 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

58 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>58 – ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1003. ഖണ്ഡം 58 നു ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"58 (എ). <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം–</u>

1. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടി, സർക്കാരിന് ഗസറ്റ് വിജ്ഞാപനം മൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

2. ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാ

> വുന്ന ആകെ പതിനാലു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനു ശേഷം അതതു സംഗതി പോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്. ”

ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം ഗവൺമെന്റിന് നൽകണമെന്നുള്ളതാണ് എന്റെ ഭേദഗതി. കേരള സർവ്വകലാശാല, വെറ്റിനറി സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല തുടങ്ങിയ സർവ്വകലാശാലകളുടെ ബിൽ പരിശോധിച്ചപ്പോൾ അതിലെ ആക്ടുകളിൽ ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാണെന്ന് പ്രത്യേകം പരാമർശിക്കുന്നുണ്ട്. അത് ഇതിൽ വിട്ടുപോയിട്ടുണ്ട്. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1003–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58 - ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 58 - ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58 - ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

**59 – ാം വകുപ്പ്**

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1004. ഖണ്ഡം 59(1)–ൽ ''ആക്റ്റിലെ'' എന്ന വാക്കു വരുന്നിടത്തെല്ലാം ''നിയമത്തിലെ'' എന്ന വാക്കും, ''ഗസറ്റിൽ'' എന്ന വാക്കിനുപകരം ''സർക്കാർ പത്രികയിൽ'' എന്ന വാക്കും, ക്ലിപ്തനിബന്ധനയിൽ ''ആക്റ്റ്'' എന്ന വാക്കിനുപകരം ''നിയമം'' എന്ന വാക്കും ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 1004-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

59 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .............

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

59 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 60-ാം വകുപ്പ്

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1005. ഖണ്ഡം 60(2)-ൽ ''ആക്റ്റ്'' എന്ന വാക്കിനുപകരം ''നിയമം'' എന്ന വാക്ക് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

60 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

60 – ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ "മലയാളം" എന്ന വാക്കിനു പകരം "മലയാള" എന്ന വാക്ക് ചേർക്കുക.

132. ഖണ്ഡം 1(1)–ൽ "തുഞ്ചത്ത്" എന്ന വാക്കിനുശേഷം "രാമാനുജൻ" എന്ന വാക്കു ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"തുഞ്ചത്ത് എഴുത്തച്ഛൻ മലയാളഭാഷാ സർവ്വകലാശാല ബിൽ–2013"

115. ദീർഘശീർഷകം താഴെപറയും പ്രകാരം മാറ്റുക

"മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്കാരത്തിന്റേയും, പഠനം, ഗവേഷണം, പ്രചരണം എന്നിവയ്ക്കുവേണ്ടി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടയുള്ള ഒരു ബിൽ"

126. പീഠിക താഴെപറയും പ്രകാരം മാറ്റുക

"മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്കാരത്തിന്റേയും, പഠനം, ഗവേഷണം, പ്രചരണം എന്നിവയ്ക്കായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് യുക്തമായിരിക്കയാൽ ; "

140. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ഈ ആക്റ്റിന് തുഞ്ചത്ത് എഴുത്തച്ഛൻ മലയാള ഭാഷാ സർവ്വകലാശാലാ ആക്റ്റ് – 2013 എന്ന് പേരു പറയാം."

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ "മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്കാരത്തിന്റേയും" എന്നീ വാക്കുകൾക്കു പകരം "മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്കാരത്തിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

119. പീഠികയിൽ "മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്ക്കാരത്തിന്റേയും" എന്നീ വാക്കുകൾക്ക് പകരം "മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്ക്കാരത്തിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

137. ഖണ്ഡം 1(1)–ൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. ശശി</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ ''മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും കേരളസംസ്ക്കാരത്തിന്റെയും'' എന്നീ വാക്കുകൾക്കു ശേഷം ''മലയാളമാധ്യമത്തിൽ മാനവിക–ശാസ്ത്ര–സാങ്കേതികവിഷയങ്ങളുടെയും'' എന്നീ വാക്കുകൾ ചേർക്കുക.

118. പീഠികയിൽ ''മലയാളഭാഷയുടെയും സാഹിത്യത്തി ന്റെയും കേരളസംസ്ക്കാരത്തിന്റെയും'' എന്നീ വാക്കുകൾക്കു ശേഷം ''മലയാളമാധ്യമത്തിൽ മാനവിക–ശാസ്ത്ര–സാങ്കേതിക വിഷയങ്ങളുടെയും'' എന്നീ വാക്കുകൾ ചേർക്കുക.

134. ഖണ്ഡം 1(1)–ൽ "മലയാളം" എന്ന വാക്കിന് പകരം "മലയാള" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ ''പ്രോത്സാഹിപ്പിക്കുന്നതിന്'' എന്ന വാക്കിനു പകരം ''പ്രോത്സാഹിപ്പിക്കുന്നതിനും, കേരളമാതൃഭാഷാ വിജ്ഞാനത്തിന് ഊന്നൽ നൽകുന്നതിനും, കേരളത്തിന്റെ സ്വാശ്രയത്തിനും വികസനത്തിനും'' എന്നീ വാക്കുകൾ ചേർക്കുക.

124. പീഠികയിൽ ''പ്രോത്സാഹിപ്പിക്കുന്നതിന്'' എന്ന വാക്കിനു പകരം ''പ്രോത്സാഹിപ്പിക്കുന്നതിനും, കേരളമാതൃഭാഷാ വിജ്ഞാനത്തിന് ഊന്നൽ നൽകുന്നതിനും, കേരളത്തിന്റെ സ്വാശ്രയത്തിനും വികസനത്തിനും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ ''സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും'' എന്നീ വാക്കുകൾക്കുപകരം ''സ്ഥാപിക്കുന്നതിന്'' എന്ന വാക്കു ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകം താഴെപ്പറയുംപ്രകാരം മാറ്റുക.''മലയാളഭാഷ, സാഹിത്യം, മലയാളിസംസ്ക്കാരം എന്നിവയുടെ സംയുക്തപഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു ബിൽ''.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകം താഴെപ്പറയുംപ്രകാരം മാറ്റുക.

''മലയാളഭാഷ, സാഹിത്യം, കല, മലയാളിസംസ്ക്കാരം എന്നിവയുടെ സംയോജിതപഠനവും ഗവേഷണവും പ്രചാരണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു ബിൽ''.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

"മലയാള ഭാഷയുടെയും, സാഹിത്യത്തിന്റെയും മലയാളി സംസ്ക്കാരത്തിന്റെയും സംയോജിത പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് യുക്തമായിരിക്കയാൽ; "

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. പീഠികയിൽ "പ്രോത്സാഹിപ്പിക്കുന്നതിന്" എന്ന വാക്കിനു പകരം "മുഖാന്തിരം ദ്രാവിഡഭാഷാകുടുംബത്തിൽപ്പെടുന്ന മലയാള ഭാഷയെ ക്ലാസ്സിക്കൽ ഭാഷാപദവിയ്ക്ക് അർഹമാക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ "പ്രോത്സാഹിപ്പിക്കുന്നതിന്" എന്ന വാക്കിനു പകരം "പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷണവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. പീഠിക താഴെപറയും പ്രകാരം മാറ്റുക

"മാതൃഭാഷയായ മലയാളം, മലയാള സാഹിത്യം, കേരള സംസ്കാരം, കേരള കലകൾ തുടങ്ങിയവയുടെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ മലയാള ഭാഷയ്ക്ക് ശ്രേഷ്ടഭാഷാപദവി അലങ്കരിയ്ക്കാൻ കഴിയും വിധം മാതൃഭാഷ ഉന്നതിയിലെത്താൻ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതും ഏകാംഗീകരിക്കുന്നതും യുക്തമായിരിക്കയാൽ ; "

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക "മലയാളഭാഷ, സാഹിത്യം, കല, മലയാളി സംസ്കാരം എന്നിവയുടെ സംയോജിക പഠനവും, ഗവേഷണവും, പ്രചാരണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് യുക്തമായിരിക്കയാൽ ; "

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. പീഠിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക

"മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്കാരത്തിന്റേയും പഠനവും ഗവേഷണവും പ്രസിദ്ധീകരണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് യുക്തമായിരിക്കയാൽ ; "

130. ഖണ്ഡം (1)-ൽ ''ആക്റ്റിന്'' എന്ന വാക്കിന് പകരം "നിയമത്തിന്" എന്ന വാക്കും "ആക്റ്റ്" എന്ന വാക്കിന് പകരം "നിയമം" എന്ന വാക്കും ചേർക്കുക.

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 1(1)-ൽ "തുഞ്ചത്ത് എഴുത്തച്ഛൻ"എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 1(1) താഴെപ്പറയുംപ്രകാരം മാറ്റുക:-

"(1) ഈ നിയമത്തിന് 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലാ നിയമം എന്ന പേരായിരിക്കും"

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 1(1) താഴെപ്പറയുംപ്രകാരം മാറ്റുക:–

"(1) ഈ നിയമത്തിന്റെ പേര് 2013–ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല എന്നായിരിക്കും"

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 1(2) ന് ശേഷം താഴെ പറയുന്ന പുതിയ ഉപഖണ്ഡം ചേർക്കുക.

"(3) ഈ നിയമപ്രകാരം രൂപീകരിക്കപ്പെടുന്ന സർവ്വകലാശാലയെ "തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല" എന്ന പേരിൽ മാത്രമേ സംബോധന ചെയ്യാൻ പാടുള്ളൂ"

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 106–ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 111, 119, 137 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പാലോട് രവിയുടെ 130–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ശശിയുടെ 134–ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 106–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 111, 119, 137 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 130–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 134–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 109, 115, 126, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 112, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി.പി. മുഹമ്മദ് അവതരിപ്പിച്ച 113, 124 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 114–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 116–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 117–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.ബി. അബ്ദുൾ റസാക്ക് അവതരിപ്പിച്ച 121–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 122–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ ജയരാജ് അവതരിപ്പിച്ച 123–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 127–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 128–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 129–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 131–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 132–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 138–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 139–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 142–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഈ സർവ്വകലാശാലയുടെ പേരിനെപ്പറ്റിയുണ്ടായിരുന്ന ചില ആശങ്കകൾ ഈ ചർച്ചയിലൂടെ പരിഹരിച്ചിരിക്കുകയാണ്. മലയാള സർവ്വകലാശാല എന്നുള്ള പ്രയോഗം ഭാഷാപരമായി ശരിയല്ലെന്നുള്ളതുകൊണ്ട് മലയാളം സർവ്വകലാശാല എന്നാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതികളാണ് ഇവിടെ വന്നിരിക്കുന്നത്. മാത്രമല്ല, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നതിലെ രാമാനുജൻ എന്ന പദം സ്വീകരിക്കേണ്ടതില്ലെന്ന ഭാഷാ വിദഗ്ദ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയെന്ന് നാമകരണം ചെയ്യാൻ തീരുമാനിച്ചത്. ഈ ബില്ലിൽ ഉൾപ്പെട്ടിട്ടുള്ള ഇംഗ്ലീഷ് പദങ്ങളെല്ലാം മലയാളീകരിക്കണമെന്നുള്ള ആവശ്യമുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട് മിക്കവാറും എല്ലാ ഭേദഗതികളും അംഗീകരിച്ചിട്ടുണ്ടെങ്കിലും "ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ, ഡീൻ, ഫാക്കൽറ്റി, കോഴ്സ്, രജിസ്ട്രാർ, സ്റ്റാറ്റ്യൂട്ട് തുടങ്ങിയവ ഇംഗ്ലീഷാണെങ്കിലും മലയാള

മായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാക്കുകൾ അങ്ങനെത്തന്നെ ഉപയോഗിക്കുന്നതാണ് ഉത്തമമെന്നതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഇവിടെ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഫാക്കൽറ്റി ഉപദേശകസമിതികളെക്കുറിച്ചും പഠന ബോർഡുകളെക്കുറിച്ചും പരാമർശിക്കുകയുണ്ടായി. ഇവ രണ്ടും തമ്മിൽ വ്യത്യാസമുണ്ട്, കാരണം ഫാക്കൽറ്റി ഉപദേശകസമിതികൾക്ക് അഡ്വൈസറി നേച്ചറുള്ള അധികാരം മാത്രമേയുള്ളൂ. തീരുമാനമെടുക്കാനുള്ള അധികാരം അക്കാഡമിക് കൗൺസിലിന് തന്നെയാണ്. അതുപോലെ സാംസ്കാരിക പ്രാധാന്യമുള്ള വിഷയങ്ങൾ പഠിപ്പിക്കുന്ന സാഹചര്യത്തിൽ അക്കാഡമിക് യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രം പ്രഗത്ഭരെ കണ്ടെത്താൻ കിഴിയില്ല. പ്രഗത്ഭരായിട്ടുള്ള കലാകാരന്മാരെ സിലബസ് തീരുമാനിക്കുന്ന പ്രക്രിയയിൽ പങ്കാളികളാക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അങ്ങനെയൊരു വകുപ്പ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപോലെതന്നെ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ മലയാള ഭാഷയിൽ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും സാധിക്കുന്ന നിലയിൽ മലയാളഭാഷയെ സജ്ജമാക്കുക എന്നത് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ ഒന്നായി അംഗീകരിക്കണം. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ഇംഗ്ലീഷിലായതുകൊണ്ടുതന്നെ മലയാളത്തെ വൈജ്ഞാനിക പഠനത്തിന് സജ്ജമാക്കുക എന്നുള്ള ലക്ഷ്യം നേടുന്നത് വളരെ ശ്രമകരമായൊരു ജോലിയാണ്. അതാണ് ഈ ബില്ലിന്റെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇവിടെ പല ആളുകളുടെയും പേരിൽ ചെയറുകൾ വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് പൊതുവായൊരു ഭേദഗതി അംഗീകരിച്ചുകൊണ്ട് പ്രശസ്തരായ വ്യക്തികളുടെ പേരിൽ ചെയർ തുടങ്ങാനുള്ള പൂർണ്ണമായൊരു സ്വാതന്ത്ര്യം യൂണിവേഴ്സിറ്റിക്ക് നൽകുന്ന രീതിയിലുള്ള ഒരു നിയ

മമാണ് ഇവിടെ അംഗീകരിച്ചിട്ടുള്ളത്. മലയാളികൾക്ക് എക്കാലവും അഭിമാനിക്കാവുന്ന മലയാള സർവ്വകലാശാലയുടെ ബില്ലിന്മേൽ ഇന്നു നടന്ന ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടും ആദരവും നന്ദിയും അറിയിക്കുന്നു. ഈ സർവ്വകലാശാലയുടെ ജനനത്തോടെ കേരളം പുതിയ ചരിത്രമെഴുതിക്കഴിഞ്ഞിരിക്കുന്നു. സർവ്വകലാശാലയെ ലോകമെമ്പാടുമുള്ള ഭാഷാപ്രേമികൾ ആഹ്ലാദത്തോടുകൂടിയാണ് സ്വാഗതം ചെയ്യുന്നത്. മലയാളികളുടെ സ്വത്വബോധത്തിൽ മലയാളികൾക്ക് ഒരു സർവ്വകലാശാല വേണമെന്ന ആഗ്രഹത്തിന് വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും അത് സാധ്യമാക്കാൻ ഈ സർക്കാരിനാണ് സാധിച്ചത്. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും നവോത്ഥാനത്തിന് ഈ സർക്കാർ മുമ്പെങ്ങുമില്ലാത്തവിധം താൽപ്പര്യമാണ് കാണിക്കുന്നത്. അതിന്റെ പ്രതിഫലനങ്ങളിൽപ്പെട്ടതാണ് ഈ സർവ്വകലാശാല. കേരളീയരുടെ ഹൃദയത്തിന്റെ ഭാഷയും നന്മയും ഉൾപ്പെടെ സർവ്വതും വരുംതലമുറയ്ക്കായി പകർത്തി നൽകാനും ഭാഷയുടെ മേലുള്ള അഭിമാനം വർദ്ധിപ്പിക്കാനും നമ്മുടെ മലയാളഭാഷയെ ലോകോത്തരമായി കൊണ്ടാടാനും നടത്തിയ ശ്രമത്തിന്റെ പരിണിതഫലമാണ് മലയാള സർവ്വകലാശാല സ്ഥാപിതമായതോടെ കൈവന്നിരിക്കുന്നത്. നമ്മുടെ പ്രാചീന പാരമ്പര്യത്തിന്റെ ഗരിമ, പൈതൃകത്തിന്റെ ഉദാത്തത, സാഹിത്യത്തിന്റെ നവോത്ഥാന പരിണാമങ്ങൾ, ഗ്രന്ഥാലയങ്ങൾ, വിവർത്തനങ്ങൾ, ദർശന പാരമ്പര്യം, ദേശീയോദ്ഗ്രഥനത്തിൽ മലയാളം വഹിക്കുന്ന പങ്ക് തുടങ്ങിയവയൊക്കെ സ്വതന്ത്രമായിത്തന്നെ പഠിക്കാനും വിലയിരുത്താനുമുള്ളതാണെന്ന് കണ്ടെത്തലുകളുടെ ഫലംകൂടിയാണ് ഈ സർവ്വകലാശാല. ഇതൊരു മഹാസർവ്വകലാശാലയായി വളരുമെന്ന കാര്യത്തിൽ ആരും തർക്കിക്കേണ്ടതില്ല. അത്രമേൽ ദാഹിച്ചിരിക്കുമ്പോഴാണ് ഈ സർക്കാർ സർവ്വകലാശാല പ്രഖ്യാപിച്ചതും നടപ്പിലാ

ക്കിയതും. മലയാളഭാഷയുടെ ഭാവി സുരക്ഷിതമാക്കാനും നാടിന് അഭിമാന മാകുവാനും ഭാഷനേരിടുന്ന ലോകോത്തര വെല്ലുവിളികൾ നേരിടാനും തക്ക വണ്ണം കരുത്തുപ്രകടിപ്പിക്കത്തക്ക രീതിയിലാണ് ഈ മഹാകലാശാലയുടെ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഭാഷയും വ്യാകരണവും അതിന്റെ സാഹിത്യവും അതിശയിപ്പിക്കുന്ന സംവിധാനവുമെല്ലാം ഒരു കുടക്കീഴിൽ പഠന–മനന വിധേയമാക്കുന്നതിൽ സഭ പ്രകടിപ്പിക്കുന്ന ഉത്സാഹം കേരള ജനതയുടെ ഉത്സാഹത്തിന്റെ പ്രതിസ്ഫുരണം തന്നെയാണ്. മലയാള സർവ്വകലാശാല ബിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായകമായ നിലപാടെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വളരെ വൈകിയാണെങ്കിലും ഒരു മലയാള സർവ്വകലാശാല രൂപീകരിക്കാൻ സാധിച്ചുവെന്നത് ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് അഭിമാനം നൽകുന്ന ഒരുകാര്യമാണ്. അതിൽ പങ്കാളികളാകാൻ സാധിച്ചുവെന്നത് ഒരു ചരിത്ര മുഹൂർത്തമായാണ് കണക്കാക്കപ്പെടുന്നത്. കന്നട, തമിഴ്, തെലുങ്ക് എന്നീ ഭാഷാസർവ്വകലാശാലകൾ നേരത്തെതന്നെ സ്ഥാപിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിലുള്ള ഈ ഭാഷകൾക്കെല്ലാം സർവ്വകലാശാലകൾ നിലവിൽ വന്നിട്ടുപോലും മലയാള ഭാഷയ്ക്കുമാത്രം ഒരു സർവ്വകലാശലയുണ്ടായില്ല. ഒരാൾപോലും സംസാരിക്കാത്ത സംസ്കൃത ഭാഷയ്ക്കുപോലും ഇവിടെയൊരു സർവ്വകലാശാലയുണ്ടായി. മാത്രമല്ല, തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകൾ ക്ലാസിക് പദവി നേടിയ ഈ സാഹചര്യത്തിൽ മലയാള ഭാഷയ്ക്ക് ഇതുവരെ ക്ലാസിക് പദവി നേടാൻ സാധിച്ചില്ലെന്നത് വളരെ ഗൗരവമായി പരിഗണിക്കേണ്ടൊരു പ്രശ്നമാണ്. ഉന്നതനിലവാരത്തിലുള്ള സാഹിത്യ കൃതികളും സജീവമായൊരു

ഭാഷാ സംസ്കാരവും അവകാശപ്പെടാവുന്ന മലയാളത്തിന് ക്ലാസിക് പദവി ലഭിക്കാത്തത് മലയാളത്തോട് കാണിച്ചിട്ടുള്ള വിവേചനമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനും വിദ്യാഭ്യാസ വകുപ്പുമന്ത്രി സഖാവ് എം. എ. ബേബിയും പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും ഡൽഹിയിൽ പോവുകയും ഇക്കാര്യത്തിൽ വളരെ സജ്ജീവമായി ഇടപെടുകയും ചെയ്തകാര്യം ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. എൽ.ഡി.എഫ്.–യു.ഡി.എഫ്. ഭേദമില്ലാതെ ഈ കാര്യത്തിൽ നടത്തിയിട്ടുള്ള പരിശ്രമം ഇനിയും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. തുടർന്നും ഈ കാര്യത്തിലുള്ള ശ്രമം നടത്തേണ്ടതുണ്ട്. മലയാളത്തിനു വേണ്ടി നാം എന്ത് ചെയ്തുവെന്ന ചോദ്യം ഓരോ മലയാളിയും സ്വയം ചോദിക്കേണ്ട ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ കടമെടുത്താൽ ബ്രിട്ടീഷുകാരെക്കാൾ നന്നായി ഇംഗ്ലീഷ് പറയാനും ഫ്രഞ്ചുകാരെക്കാൾ മെച്ചപ്പെട്ട നിലയിൽ ഫ്രഞ്ച് സംസാരിക്കാനും ഇറ്റലിക്കാരെക്കാൾ മെച്ചപ്പെട്ട രീതിയിൽ ഇറ്റാലിയൻ ഭാഷ സംസാരിക്കാനും ആഗ്രഹിക്കുന്ന മലയാളിയാണ് ഏറ്റവും മോശം മലയാളം പറയുന്നവരായി മാറിക്കൊണ്ടിരിക്കുന്നുവെന്ന പ്രശ്നം പരക്കെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ്. യഥാർത്ഥത്തിൽ മലയാളി ആഗോള മലയാളിയായി വളർന്നപ്പോഴും മലയാള ഭാഷ വളർന്നില്ല. എന്നാൽ ഈ സർവ്വകലാശാല നിലവിൽ വന്ന സാഹചര്യത്തിൽ വിവിധ കോഴ്സുകൾ ഇവിടെ ആരംഭിക്കാൻ പോവുകയാണ്. പ്രയോജനപ്രദമായ കോഴ്സുകളായിരിക്കണം ഇവിടെ ആരംഭിക്കേണ്ടത്. ഈ കോഴ്സുകൾക്ക് പഠിച്ചാൽ ആ പഠനം കൊണ്ട് ഗുണമുണ്ടെന്ന് വന്നാൽ മാത്രമേ ഈ സർവ്വകലാശാലയുടെ കോഴ്സുകൾ ആകർഷകമാകാൻ സാധിക്കുകയുള്ളൂ. പഠനത്തിനുശേഷം

തൊഴിൽ ലഭിക്കുന്നമെന്നുള്ള സാഹചര്യം സൃഷ്ടിച്ചാൽ മാത്രമേ ഈ കോഴ്സുകൾ ആകർഷകമാവുകയുള്ളൂ. എം.എ.. (മലയാളം) കോഴ്സിൽ കവിത, നോവൽ ഇതിനെസംബന്ധിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബിരുദാനന്തര കോഴ്സുകൾ കൗതുകത്തിനുവേണ്ടിമാത്രം ആരും പഠിക്കാൻ പോകുന്നില്ല. പുതുതായി അഞ്ച് കോഴ്സുകൾ അവിടെ ആരംഭിക്കാൻ പോവുകയാണെന്നുള്ള വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. ഇങ്ങനെയുള്ള കോഴ്സുകൾ ആരംഭിച്ചാൽ നിലവിലുള്ള വിവിധതരം അധ്യാപക തസ്തികകളിലേയ്ക്ക് ഈ കോഴ്സുകൾ പഠിക്കുന്നവരെ പരിഗണിക്കണം. അങ്ങനെ പരിഗണിക്കുന്ന സ്ഥിതിയില്ലെങ്കിൽ ഈ കോഴ്സ് പഠിക്കാൻ, മലയാളത്തെ നന്നാക്കാൻ വേണ്ടി മാത്രമായി ഈ കോഴ്സുകൾ പഠിക്കാൻ ആരും തയ്യാറാവില്ല. അതുകൊണ്ട് ഇപ്പോൾ ഇവിടെ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ പി.എസ്.സി. (പബ്ലിക് സർവ്വീസ് കമ്മീഷൻ) യോഗ്യതാചട്ടങ്ങളിൽ ഉൾപ്പെടുത്തണം. ഈ സർവ്വകലാശാലയിൽ ആരംഭിക്കുന്ന അഞ്ച് കോഴ്സുകളിൽ പഠനം പൂർത്തീകരിക്കുന്നവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ യോഗ്യതാ ചട്ടങ്ങളിൽ ആവശ്യമായിട്ടുള്ള ഭേദഗതി വരുത്തുന്നില്ലെങ്കിൽ ഈ കോഴ്സുകൾ ആകർഷകമാവില്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്ന അവസരത്തിൽ ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇല്ലെങ്കിൽ ഈ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വാഭാവികമായും അവരുടെ ഭാവിയെന്താണ്, അവർക്ക് ഇതുകൊണ്ട് എന്ത് പ്രയോജനം ലഭിക്കുമെന്നുള്ള എന്നുള്ള ആശങ്ക ഉയർന്നുവരികയും അത് ഈ കോഴ്സ് ആകർഷകമല്ലാതാക്കുകയും ചെയ്യും. അതുകൊണ്ട് ഈ കാര്യത്തിൽ സർക്കാർ അടിയന്തര ഇടപെടൽ നടത്തേണ്ടതുണ്ട്. അതുപോലെതന്നെ പൈതൃകം, പഴമ

ഇതൊക്കെ കാത്തുസൂക്ഷിക്കേണ്ടതാണ്. പൈതൃകത്തിന്റെയും പഴമയുടെയും പേരിൽ കപടശാസ്ത്രങ്ങളും അന്ധവിശ്വാസങ്ങളും പ്രോത്സാഹിപ്പിക്കാതിരിക്കാൻ പ്രത്യേകമായ ജാഗ്രത സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടാകണം. നവോത്ഥാന കാലഘട്ടത്തിൽ നമ്മുടെ പൂർവ്വികർ എതിർത്ത് പരാജയപ്പെടുത്തിയ അനാചാരങ്ങളിലേയ്ക്കു കപട ചിന്തകളിലേയ്ക്കും പുതുതലമുറയെ തള്ളിവിടാതിരിക്കാനുള്ള ജാഗ്രത സർവ്വകലാശാലയുടെ എല്ലാ പ്രവർത്തനത്തിലും ഉണ്ടാകുമെങ്കിൽ മാത്രമേ ഈ മലയാള സർവ്വകലാശാലകളുടെ നേട്ടം ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് എത്തിക്കുവാനും ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള ഒരു സർവ്വകലാശാലയാക്കി മാറ്റാനും സാധിക്കുകയുള്ളൂ. അതിനനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ഇപ്പോൾ ഈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി ചുമതല ഏറ്റെടുത്തിട്ടുള്ള ശ്രീ. കെ. ജയകുമാറിനും അദ്ദേഹത്തിന്റെ ടീമിനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല, ഈ സർവ്വകലാശാലയ്ക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാവിധ സഹായങ്ങളും നൽകണം. ഈ സർവ്വകലാശാലയ്ക്ക് സജീവമായി പ്രവർത്തനങ്ങളിൽ ചില പ്രയാസങ്ങൾ നേരിടുന്നുണ്ട്. പ്രത്യേകിച്ച് യു.ജി.സി. ധനസഹായം ലഭിച്ചാൽമാത്രമേ സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കാനുള്ള സാമ്പത്തികമായ കഴിവുണ്ടാവുകയുള്ളൂ. അതുകൊണ്ട് സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ 12(ബി) അംഗീകാരം അടിയന്തരമായി നേടിയെടുക്കണം. എങ്കിൽ മാത്രമേ സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കാനാവശ്യമായിട്ടുള്ള ധനസഹായം യു.ജി.സി.യിൽനിന്ന് ലഭ്യമാവുകയുള്ളൂ. മലയാളഭാഷയെ അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ യു.ജി.

സി.യുടെ അംഗീകാരം നേടിയെടുക്കണം. യു.ജി.സി.യുടെ അംഗീകാരം നേടിയെടുക്കുന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് കൂടുതൽ സഹായം കൊടുക്കേണ്ടതായി വരും; സംസ്ഥാന ഗവൺമെന്റിന്റെ സഹായമില്ലെങ്കിൽ ഈ സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കാൻ സാധിക്കുകയില്ല.

ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇല്ല. ഈ വർഷത്തെ ബഡ്ജറ്റിൽ കുറച്ച് തുക മാത്രമേ നീക്കിവച്ചിട്ടുള്ളൂ. ആ തുക കൊണ്ട് മാത്രം ഈ സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് മലയാള സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനായി കൂടുതൽ സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൊടുക്കണം. യു.ജി.സി. യുടെ മാനദണ്ഡമനുസരിച്ച് ഒരു സ്കൂൾ സ്ഥാപിക്കണമെങ്കിൽ 7 ആദ്ധ്യാപകന്മാരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ യു.ജി.സി. യുടെ അംഗീകാരം കിട്ടുകയുള്ളൂ. അങ്ങനെ രൂപീകരിക്കപ്പെടുന്ന ഫാക്കൽറ്റികൾക്കെല്ലാം തന്നെ ഓരോ കോഴ്സുകൾക്കും ആവശ്യമായ അദ്ധ്യാപകന്മാരെ അടിയന്തരമായി നിശ്ചയിക്കണം. ഇല്ലെങ്കിൽ യു.ജി.സി. യുടെ അംഗീകാരം കിട്ടുന്നതിൽ കാലതാമസമുണ്ടാകും. ഇത് നടക്കണമെങ്കിൽ ഗവൺമെന്റ് ധനസഹായം കൊടുക്കണം. ആദ്യത്തെ ഒരു സർവ്വകലാശാലയ്ക്കുണ്ടാകുന്ന പ്രതിസന്ധി ഈ സർവ്വകലാശാലയ്ക്ക് വരാൻ പാടില്ല. ഇന്ന് സംസ്ഥാനത്തെ പല സർവ്വകലാശാലകളും സാമ്പത്തിക പ്രതിസന്ധി കൊണ്ട് ബുദ്ധിമുട്ടുകയാണ്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, പ്രതിസന്ധി കാരണം അവിടത്തെ പിരിഞ്ഞുപോയ ജീവനക്കാർക്ക് ശമ്പളം പോലും കൊടുക്കാൻ കഴിയാത്തതുകൊണ്ട് ആ സർവ്വകലാശാലയുടെ 30 ഏക്കർ ഭൂമി 30 കോടി രൂപയ്ക്ക് വിൽപ്പന നടത്താനായി തീരുമാനി

ച്ചുവെന്നുള്ള വാർത്ത വന്നിട്ടുണ്ട്. സർവ്വകലാശാലയുടെ സ്ഥലം വിറ്റ് സർവ്വ കലാശാല ജീവനക്കാരുടെ ആനുകൂല്യം കൊടുക്കേണ്ട സ്ഥിതിവന്നാൽ സർവ്വകലാശാല എത്ര കാലം പ്രവർത്തിക്കും? ഈ സർവ്വകലാശാലയ്ക്ക് ആ ഗതികേട് ഉണ്ടാകാതിരിക്കാനായി ആവശ്യമായ ധനസഹായം കൊടുത്ത് ഈ സർവ്വകലാശാല പ്രവർത്തനസജ്ജമാക്കാൻ സഹായിക്കണം. പശ്ചാത്ത ലസൗകര്യങ്ങളിൽ വളരെ പ്രധാനപ്പെട്ടത് നല്ലൊരു കാമ്പസ്സ് വേണമെന്നുള്ള താണ്. തിരൂരിൽ ഇതിനാവശ്യമായ കാമ്പസ്സ് ഒരുക്കുന്നതിന് കഴിഞ്ഞിട്ടില്ല. താൽക്കാലികമായി ചില സംവിധാനങ്ങൾ ഉണ്ടായി എന്നുമാത്രമേയുള്ളൂ. കൂടുതൽ സ്ഥലം ലഭ്യമാക്കിക്കൊണ്ട്....... ഒരു കാമ്പസ്സ് യൂണിവേഴ്സിറ്റിയായ തുകൊണ്ട് ഇത് പല സ്ഥലത്തേയ്ക്കും പറിച്ചുനടാൻ സാധിക്കുന്ന രീതിയി ലല്ല വിഭാവനം ചെയ്തിട്ടുള്ളത്. ഒരു പ്രദേശത്തുതന്നെ ആവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കണം. അതിന് തിരൂരിൽത്തന്നെ ആവശ്യമായ സ്ഥലം കണ്ടെത്തി, ഒരു കാമ്പസ്സ് യൂണിവേഴ്സിറ്റി എന്ന നിലയിൽ വേണ്ടുന്ന എല്ലാ സൗകര്യങ്ങളും നമുക്കുണ്ടാക്കിക്കൊടുക്കാൻ കഴിയണം. കാമ്പസ്സ് യൂണി വേഴ്സിറ്റിയെന്നു പറയുമ്പോൾ മറ്റ് സർവ്വകലാശാല കാമ്പസ്സ് പോലെ ഇതി നെ കാണാൻ പാടില്ല. മലയാള സർവ്വകലാശാല കാമ്പസ്സ് എന്നുപറയു മ്പോൾ കേരളത്തിന്റെ അഭിമാനമുള്ള ഒരു സ്ഥാപനമായി ലോകത്തെമ്പാടുമു ള്ള മലയാളികൾക്കും മറ്റ് ഭാഷകൾ പഠിക്കുന്ന ആളുകൾക്കും ഇവിടെ വരുമ്പോൾ...... ശാന്തിനികേതനിൽ അങ്ങ് പോയതാണല്ലോ? ബഹുമാനപ്പെട്ട എം.എ. ബേബി അവിടെ സന്ദർശിച്ചതായി എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അങ്ങനെയുള്ള സർവ്വകലാശാലകൾ സന്ദർശിക്കുന്ന സന്ദർഭത്തി ലുണ്ടാകുന്ന ഒരു അനുഭൂതി അത് മലയാള സർവ്വകലാശാലയിലേയ്ക്ക് വരു മ്പോൾ കേരളത്തെക്കുറിച്ച് നമ്മുടെ മലയാള ഭാഷയെക്കുറിച്ച് പഠിക്കാൻ

വരുന്ന ആളുകൾക്ക് ഒരു കാമ്പസ്സ് യൂണിവേഴ്സിറ്റിയിലുണ്ടാകേണ്ട പശ്ചാത്തലസൗകര്യങ്ങൾ അവിടെ ഒരുക്കിക്കൊടുക്കണം. വിഭവങ്ങൾ ഇല്ലെങ്കിൽ ഇതിന് പ്രയാസമുണ്ടാകും. ഗവൺമെന്റ് ഈ ബില്ല് പാസ്സാക്കപ്പെട്ട സാഹചര്യത്തിൽ അടിയന്തരമായി ചെയ്യേണ്ട ഒരു കാര്യമായാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്. അതോടൊപ്പം തന്നെ ഇവിടെ എല്ലാവരും ഇപ്പോൾ കമ്പ്യൂട്ടർ യുഗത്തിലാണ് ജീവിക്കുന്നത്. മലയാളം കമ്പ്യൂട്ടർ, കമ്പ്യൂട്ടറിന് വിധേയമാകുന്ന സ്ഥിതിയാണ് നമുക്കുള്ളത്. നമ്മൾ കമ്പ്യൂട്ടറിലേയ്ക്ക് മാറുന്നില്ലെങ്കിൽ, പഠന സൗകര്യങ്ങൾ കൊടുക്കുന്നില്ലെങ്കിൽ ലോകത്തുണ്ടായിട്ടുള്ള ഈ മാറ്റങ്ങൾ നമുക്ക് വേണ്ടത്ര ഉൾക്കൊള്ളാൻ സാധിക്കാത്ത സ്ഥിതി ഇതിന്റെ ഭാഗമായി വന്നുചേരും. ഇപ്പോൾത്തന്നെ മലയാളം ടൈപ്പിംഗുണ്ട്, മലയാളം കമ്പ്യൂട്ടിംഗുണ്ട്. ഇതൊക്കെ ഇപ്പോൾ സാധ്യമായിരിക്കുകയാണ്. അതിനനുസരിച്ച് ഈ സർവ്വകലാശാലയും കമ്പ്യൂട്ടർ സൗഹൃദമായ ഒരു മലയാളം ലിപി വികസിപ്പിച്ചെടുക്കണം. ഈ സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ഉദ്ദേശമായി അടിയന്തരമായി ചെയ്യേണ്ടത് കമ്പ്യൂട്ടർ സൗഹൃദമായ ഒരു മലയാളം ലിപി കമ്പ്യൂട്ടർ വഴി വികസിപ്പിച്ചെടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. അതിനുള്ള സാങ്കേതിക വിദഗ്ദ്ധന്മാർ ഈ സർവ്വകലാശാലയിലുണ്ടാകണം. മലയാളത്തിന്റെ പ്രൊഫസർമാരെ മാത്രം വച്ചുകൊണ്ട് ഇത് നടത്താൻ സാധിക്കില്ല. അതിനനുസരിച്ചുള്ള സൗഹൃദത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അതോടൊപ്പം ശ്രദ്ധിക്കേണ്ട ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ, വിവർത്തനശാഖ. ഇതിനായി ഒരു പ്രത്യേക സ്കൂൾ തന്നെ ഇവിടെ സ്ഥാപിക്കണം. ഇക്കാര്യം ബില്ലിൽ എഴുതിച്ചേർത്തിട്ടുണ്ട്. തമിഴ് ഭാഷ ഇക്കാര്യത്തിൽ വളരെയധികം മുന്നേറിയിട്ടുണ്ട്.

ഇംഗ്ലീഷിന് സമാനമായ സ്വന്തം പദങ്ങൾ തമിഴിൽ വളരെയധികം വികസിപ്പി ച്ചെടുത്തിട്ടുണ്ട്. തമിഴ് ഭാഷയിൽ പോലീസിനെ കാവൽ എന്നാണ് അറിയപ്പെ ടുന്നത്. കമ്മ്യൂണിറ്റി പോലീസിംഗ് കേരളത്തിൽ കൊണ്ടുവന്നപ്പോൾ ജന മൈത്രീ സുരക്ഷ എന്നൊരു പേര് കൊടുത്തു. മലയാളത്തിൽ തമിഴിലുണ്ടാ ക്കിയതുപോലുള്ള ഒരു പേര് പോലീസിൽ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇങ്ങനെ ഓരോ വാക്കുകൾ നോക്കിയാലും തമിഴ് ഭാഷയുണ്ടാക്കിയിട്ടുള്ള മാറ്റം നമുക്ക് മലയാളത്തിലുണ്ടാക്കാൻ സാധിച്ചില്ല. തുടർന്ന് ശ്രദ്ധിക്കേണ്ട കാര്യം, മൂന്നാം വായനയിൽ അതാണല്ലോ പറയുന്നത്, അക്കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. കലാപഠനത്തിന് പ്രത്യേകമായ പ്രാധാന്യമുണ്ടാകു മെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. അതുപോലെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് സിനിമ. മലയാള ഭാഷയ്ക്ക് സിനിമ വഴി വളരെയധികം സംഭാവന നൽകി യിട്ടുണ്ട്. മലയാള സിനിമയുടെ തിരക്കഥ, ചലച്ചിത്രഗാനങ്ങൾ ഇവയെല്ലാം തന്നെ മലയാള ഭാഷയെ സമ്പന്നമാക്കിയിട്ടുണ്ട്. മലയാള സർവ്വകലാശാല അത് വിട്ടുപോകരുത്. പി. ഭാസ്കരൻ, തോപ്പിൽ ഭാസി, പത്മരാജൻ, എം.ടി. വാസുദേവൻ നായർ ഇവരുടെയെല്ലാം തിരക്കഥകൾ ഉന്നത സാഹിത്യ നില വാരം പുലർത്തുന്നതാണെന്ന് അങ്ങേയ്ക്ക് നന്നായി അറിയാമല്ലോ? വയലാ റിന്റെയും ഒ.എൻ.വി. യുടെയും ചലച്ചിത്രഗാനങ്ങൾ – ഇതെല്ലാം കവിതകൾ തന്നെയാണ്. ഇങ്ങനെയുള്ള ധാരാളം പേരുകളുണ്ട്. എല്ലാ പേരുകളും ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകിച്ച് എടുത്തുപറയേണ്ടതായിട്ട് ഇല്ല. ഇങ്ങനെ മലയാള ഭാഷയ്ക്ക് സിനിമ വഴി സംഭാവന നൽകിയിട്ടുള്ള, തിരക്കഥക ളിൽക്കൂടി ചലച്ചിത്രഗാനങ്ങളിൽക്കൂടി സംഭാവന ചെയ്തിട്ടുള്ളത് മലയാള ഭാഷയെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. മലയാള സർവ്വകലാശാലകളിൽ അതിന് ഒരു സ്ഥാനം കൊടുക്കുന്നില്ലെങ്കിൽ അത് സിനിമാ രംഗത്ത് കാണിക്കുന്ന

വലിയൊരു അവഗണനയായി മാറും. അതുകൊണ്ട് ഗവേഷണം, ഇത്തരം കാര്യങ്ങളെല്ലാം നമുക്ക് ശക്തിപ്പെടുത്തണം. അതോടൊപ്പം ഒരു കാര്യം കൂടി എനിക്ക് സൂചിപ്പിക്കാനുള്ളത്, സ്കൂളുകളിലുള്ള പഠനം മലയാളത്തിലാക്കുന്നില്ലെങ്കിൽ ഉപരിതലത്തിൽ ഒരു സർവ്വകലാശാല മാത്രം ഉണ്ടാക്കിയതുകൊണ്ട് മലയാള ഭാഷ സമ്പന്നമാകാൻ പോകുന്നില്ല. സി.ബി.എസ്.ഇ. സ്കൂളുകൾ, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് ചോദിച്ചവർക്കെല്ലാം അംഗീകാരം കൊടുക്കാൻ ഹൈക്കോടതി വിധിച്ചു. അതിനെതിരായി ഗവൺമെന്റ് അപ്പീൽ പോലും പോയില്ല. ഇത് ഈ സംസ്ഥാന ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്ന ഒരു കാര്യമാണ്. കോടതി ഭാഷ ഇപ്പോഴും മലയാളത്തിലല്ല. ഭരണഭാഷ മലയാളത്തിലാണെന്ന് നമ്മൾ പ്രഖ്യാപിച്ചിട്ടുണ്ട്. മലയാളത്തെ രക്ഷിക്കാനായി നമ്മൾ ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ നമ്മുടെ ഭാഗത്തുനിന്ന് തുടർന്നുമുണ്ടാകണം. ഇപ്പോൾ ഭേദഗതി വഴി അനദ്ധ്യാപക നിയമനം പി.എസ്.സി. ക്ക് വിടാൻ തീരുമാനിച്ചു. പി.എസ്.സി. ക്ക് വിടാൻ തീരുമാനിച്ച മറ്റ് സർവ്വകലാശാലകളിലൊക്കെ ഇനിയും പി.എസ്.സി. വഴിയുള്ള നിയമനം ആയിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ഇവിടെ തീരുമാനിച്ചതുകൊണ്ടുമാത്രമായില്ല, അടിയന്ത നടപടി സ്വീകരിക്കണം. അടിയന്തര നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ഇതിങ്ങനെ വർഷങ്ങളായി നീണ്ടുനീണ്ട് പോകും. ഈ സർവ്വകലാശാലയ്ക്ക് ആ ഗതിയുണ്ടാകാതിരിക്കാൻ, ഇതിനുള്ള അടിയന്തര നടപടി ഗവൺമെന്റ് ഭാഗത്തുനിന്നും സർവ്വകലാശാലയുടെ ഭാഗത്തുനിന്നും സ്വീകരിക്കണം. ഭാഷാഭിമാനത്തേക്കാൾ ഭാഷാവബോധം ശക്തിപ്പെടുത്താൻ കഴിയുന്ന ഒരു സർവ്വകലാശാലയായി ഈ മലയാളം സർവ്വകലാശാല മാറണം. ഏതായാലും ഈ ബില്ലിന്റെ ചർച്ച ഇവിടെ നന്നായി സംഘടിപ്പിക്കാൻ നമുക്ക് സാധിച്ചു. വള

രെയധികം പ്രശ്നങ്ങളൊക്കെയുണ്ടായപ്പോഴും ഞങ്ങൾ ഇതുമായി സഹകരിക്കാൻ തീരുമാനിച്ചതുതന്നെ, സർവ്വകലാശാല പോലുള്ള ഒരു ചർച്ചയ്ക്കകത്ത് ഞങ്ങൾ മാറിനിൽക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടാണ്. ഇവിടെ അപ്പുറത്തും ഇപ്പുറത്തുമായി കുറെയധികം ഭേദഗതികൾ അവതരിപ്പിച്ചു. 900 ഭേദഗതികളുണ്ടായി. അതിൽ 400 ഭേദഗതികൾ അവതരിപ്പിച്ച ശ്രീ. പാലോട് രവിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അപ്പുറത്തും ഇപ്പുറത്തുമുണ്ടായിരുന്ന കുറെയധികം പേർ ഈ ബില്ലിന്റെ ചർച്ചയിൽ സജീവമായി പങ്കെടുത്തു. ബഹുമാനപ്പെട്ട മന്ത്രിയും കുറെയധികം ഭേദഗതികൾ, പതിവിൽ നിന്ന് വ്യത്യസ്തമായി അദ്ദേഹം അംഗീകരിക്കാനും തയ്യാറായി. അതെല്ലാം കൊണ്ട് ഈ ബില്ലിന്റെ ചർച്ച നല്ല നിലയിൽ നടത്താൻ നമുക്ക് സാധിച്ചു. അതുകൊണ്ട് മലയാളികൾക്കാകെ അഭിമാനം നൽകുന്ന ഈ പാസ്സാക്കിയ ബില്ലിന്റെ വകുപ്പുകൾ നടപ്പിലാക്കാനുള്ള ശുഷ്കാന്തി ഗവൺമെന്റിനുണ്ടാകണം. അതിനനുസരിച്ചുള്ള തുടർ പ്രവർത്തനങ്ങൾ നടത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മലയാളത്തിനൊരു സർവ്വകലാശാല നമുക്ക് ഇപ്പോഴെങ്കിലുമുണ്ടായതിൽ അഭിമാനം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ലോകത്തെവിടെയുമുള്ള മലയാളികൾ ആഹ്ലാദത്തോടുകൂടിയാണ് ഇന്ന് ഉറങ്ങുന്നത്. നമ്മുടെ നിയമസഭയിൽ ഏറ്റവും അഭിമാനകരമായ അവിസ്മരണീയമായ ഒരു നിയമമാണ് നമ്മളെല്ലാവരുംകൂടി പാസ്സാക്കിയിരിക്കുന്നത്. വികാരനിർഭരമായ ഒരു രംഗമാണ് ഈ സഭയിലുള്ളത്. മലയാള ഭാഷയുടെ നിർണ്ണായകമായ പുരോഗതിക്ക് വലിയ

സംഭാവനകൾ ചെയ്യാൻ കഴിഞ്ഞ നിയമസഭയിലെ അംഗങ്ങളായിരുന്നു നമ്മളെന്ന് നാളെ ചരിത്രത്തിലെഴുതാൻ പോകുകയാണ്. ആ ചരിത്രസംഭവത്തിനാണ് നമ്മളെല്ലാം സാക്ഷ്യം വഹിച്ചത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ആദ്യം അഭിനന്ദിക്കുന്നു. ഞങ്ങൾ ഇതിൽ വലിയ ശ്രമങ്ങളൊക്കെ നടത്തിയെങ്കിലും നിങ്ങളുടെ കാലത്ത് ഇത് പരിപൂർണ്ണമായി വിജയിത്തിലെത്തിക്കാൻ കഴിഞ്ഞതിൽ അങ്ങയെ പ്രത്യേകം ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ ഞങ്ങളുടെ സഹപ്രവർത്തകനായ ശ്രീ. പാലോട് രവി, ഇതിന്റെ ഓരോ വരിയിലും ഓരോ വാക്കിലും ഇടപെട്ട് നിയമനിർമ്മാണത്തിൽ കാണിക്കേണ്ട ശുഷ്ക്കാന്തി കാണിച്ചു. ഞങ്ങൾ എല്ലാവരും അതുപോലെ കാണിച്ചുവെങ്കിൽ ഇന്ന് ഇവിടെ പിരിയാൻ പറ്റുകയില്ലായിരുന്നു. അതുകൊണ്ട് അങ്ങ് കാണിച്ചതിനെയെല്ലാം ഞങ്ങൾ സ്വാഗതം ചെയ്യുകയാണ് ചെയ്തത്. ഈ കാര്യത്തിൽ ഒരു കാര്യം എനിക്ക് പറയുവാനുള്ളത് ഇവിടെ പറഞ്ഞതുപോലെ, ഭാഷയുടെ വളർച്ചയുടെ അടിസ്ഥാനപരമായ കാര്യം ലോകത്ത് ഇന്ന് മാറിക്കൊണ്ടിരിക്കുന്ന വിസ്മയകരമായ ഈ ശാസ്ത്ര സാങ്കേതിക വിജ്ഞാനം മുഴുവൻ മലയാളഭാഷയ്ക്ക് ഉൾക്കൊള്ളുവാൻ കഴിയുമോയെന്നുള്ളതാണ് ഈ യൂണിവേഴ്സിറ്റിയുടെ മുമ്പിൽ വരുന്ന ഏറ്റവും വലിയ വെല്ലുവിളി. ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ ശാസ്ത്ര സാങ്കേതികമായിട്ടുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുവാൻ കഴിയുന്ന തരത്തിൽ മഹത്തായ ഒരു ഭാഷയായി ഇതിനെ പരിപോഷിപ്പിച്ച് കൊണ്ടുവരികയെന്നുള്ളത് ഈ യൂണിവേഴ്സിറ്റിയുടെ ചുമതലയേറ്റെടുക്കുന്ന ശ്രീ. ജയകുമാർ അടക്കമുള്ള ആളുകളുടെ മുന്നിൽ വരാൻപോകുന്ന ഏറ്റവും വലിയ ഗുരുതരമായ വെല്ലുവിളിയാണ്. ലോകത്തെവിടെയുമുള്ള മലയാളികൾക്ക് കൂടുതൽ കൂടുതൽ

അഭിമാനം തോന്നുന്ന, തീർച്ചയായും ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടു വന്ന ഈ നിയമത്തിൽ കലവറ കൂടാതെ ഏകകണ്ഠമായിത്തന്നെ ഞങ്ങൾ ഇതിനകത്ത് സഹകരിക്കുകയാണ്. ഇത് കേരളത്തിന്റെ അഭിമാനമാണ്. വിദ്യാഭ്യാസ രംഗത്തെ ഏറ്റവും അവിസ്മരണീയമായ ഒരു സംഭാവനയാണ്. അതിന് ബന്ധപ്പെട്ട എല്ലാവരേയും അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മലയാള യൂണിവേഴ്സിറ്റി നിയമം പാസ്സാക്കുന്ന ഈ മുഹൂർത്തം ലോകത്തെമ്പാടുമുള്ള മലയാളികളുടെ ഒരു അഭിമാന മുഹൂർത്തമാണ്. അതൊരു ചിരകാല അഭിലാഷമാണ്. മലയാളത്തെ സ്നേഹിക്കുന്ന ഓരോ കേരളീയനും മലയാളത്തിന്റെ ഉയർച്ചയും വളർച്ചയുമൊക്കെ ലക്ഷ്യമിടുമ്പോൾ ഒരു സർവ്വകലാശാലയും അവരുടെ മനസ്സിലുണ്ടായിരുന്നു. കഴിഞ്ഞ കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തീയതി മലയാള യൂണിവേഴ്സിറ്റിക്ക് തുടക്കം കുറിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ആ ദിവസംതന്നെ ഒരു ഓർഡിനൻസുവഴി അതിന് തുടക്കം കുറിച്ചു. അതിനേറ്റവും പറ്റിയ സാരഥിയായ വൈസ് ചാൻസിലറേയും കണ്ടെത്തി. ആറുമാസം തികയുന്നതിനുമുമ്പ് ആ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി നിയമം ഇവിടെ അവതരിപ്പിച്ച് ഇന്ന് പാസ്സാക്കുകയാണ്. അതിനോട് പ്രതിപക്ഷം സഹകരിച്ചതിൽ വളരെയധികം നന്ദിയുണ്ട്. ഇന്നലെ എല്ലാവരും ഒരു വലിയ ആശങ്കയിലായിരുന്നു. ഇന്നലെയായിരുന്നു ഇത് ലിസ്റ്റ് ചെയ്തിരുന്നത്. പക്ഷേ ഇന്നലെത്തെ സാഹചര്യമുണ്ടാക്കിയ ആശങ്ക മലയാളം യൂണിവേഴ്സിറ്റി ചർച്ചയിലൂടെ ഒരുമയോടുകൂടി പാസ്സാക്കണമെന്നുള്ള ആ ഒരു ആഗ്രഹം ഇന്ന് സഫലമായതിൽ എല്ലാവരും സന്തോഷിക്കുന്നു. ഈ സഭയിലെ അംഗങ്ങൾ മാത്രമല്ല, മലയാളികൾ എല്ലാ

വരും അതിൽ സന്തോഷിക്കുന്നു. മലയാളത്തെ ഒന്നാം ഭാഷയാക്കി, മലയാള പഠനം നിർബന്ധിതമാക്കി, ഭരണഭാഷ മലയാളമാക്കി. വളരെ വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയാണ് നമ്മൾ മുന്നോട്ടുനീങ്ങുന്നത്. നമ്മൾ ഒരിക്കലും ഭാഷാഭ്രാന്തൻമാരായിട്ടില്ല, ആകുകയുമില്ല, ആകാനും പാടില്ല. പക്ഷേ ഭാഷാസ്നേഹികളാണ്. ലോകം മുഴുവനുമുള്ള മലയാളികൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരവും അതുതന്നെയാണ്. നമ്മൾ യാഥാർത്ഥ്യബോധത്തോടുകൂടി പ്രായോഗികമായ സമീപനം എല്ലാ കാലത്തും സ്വീകരിച്ചിട്ടുണ്ട്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠപദവി ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുടെ അവസാനഘട്ടത്തിലെത്തി നിൽക്കുകയാണ്. ഏറ്റവും വേഗത്തിൽ അതുസംബന്ധിച്ചുള്ള തീരുമാനമുണ്ടാകും. അത് മലയാളഭാഷയ്ക്ക് ലഭിക്കാൻ പോകുന്ന ഏറ്റവും വലിയൊരു അംഗീകാരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സർവ്വകലാശാലയുടെ പ്രവർത്തനത്തിന് സാമ്പത്തികമായ പരിമിതികളെക്കുറിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. നിശ്ചയമായും ഈ യൂണിവേഴ്സിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് സാമ്പത്തികനില ഒരിക്കലും ഒരു തടസ്സമാകുകയില്ലെന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നവംബർ ഒന്നാം തീയതി അതിന്റെ ഉദ്ഘാടനത്തിന് തിരൂരിൽ പോയപ്പോൾ കണ്ടത്, അത് നമ്മളെ കോൾമയിർ കൊള്ളിക്കുന്ന ഒരു അനുഭവമായിരുന്നു. മലയാളികളുടെ ഒരു ഉത്സവം, ആർത്തുവിളിക്കുന്ന ഒരു വലിയ സന്തോഷപ്രകടനം അവിടെ കാണാൻ സാധിച്ചു. തിരൂരിൽ അന്ന് നേരിട്ട് കണ്ടുവെങ്കിൽ ലോകത്തെമ്പാടുമുള്ള മലയാളികളുടെ മനസ്സിന്റെ സന്തോഷത്തിന്റെ ഒരു പ്രതിഫലനമായിട്ടുകൂടിയാണ് ഞാൻ അതിനെ കാണുന്നത്. ഈ ഗവൺമെന്റ് ഇന്നിപ്പോൾ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് മലയാള മിഷനാണ്. ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ

മലയാള മിഷന്റെ പ്രവർത്തനങ്ങൾ ഏറ്റവും സജീവമായി നടക്കുകയാണ്. ഇന്ന് വിദേശരാജ്യങ്ങളിൽനിന്നാണ് ആ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിനുവേണ്ടി ശക്തമായിവരുന്നത്. മലയാളികൾ ലോകത്തിന്റെ എവിടെയാണെങ്കിലും മാതൃഭാഷയോടുള്ള സ്നേഹവും പ്രാധാന്യവും വൈകാരികമായിട്ടുള്ള മനോഭാവവും മലയാള മിഷന് ഇന്ന് ഇന്ത്യയൊട്ടാകെ, ലോകമൊട്ടാകെ കിട്ടുന്ന അംഗീകാരത്തിൽനിന്നും പ്രതികരണത്തിൽനിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. പുതിയ തലമുറയിലെ മഹാഭൂരിപക്ഷം ആളുകളും കേരളത്തിന് പുറത്ത് ജനിച്ച് വളർന്നവരാണ്. പുതിയ തലമുറയെ മലയാളം പഠിപ്പിക്കുക, മലയാളികളാക്കി വളർത്തുക എന്നിവ രക്ഷകർത്താക്കളുടെ വലിയൊരു സ്വപ്നമാണ്. ആ കാര്യത്തിൽ മലയാള മിഷന്റെ പൂർണ്ണമായ സഹകരണമുണ്ടാകുമെന്ന് പറയാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ഏറ്റവും സുഗമമായി മുന്നോട്ടുപോകുന്നതിന് ഇന്ന് ഇവിടെ കാണിച്ചതുപോലെയുള്ള സഹകരണവും പരസ്പര വിശ്വാസത്തോടുകൂടിയുള്ള പ്രവർത്തനവുമുണ്ടാകണമെന്ന് ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ഈ നിയമം ഐകകണ്ഠേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബന്ധപ്പെട്ട എല്ലാവരേയും ചെയർ അഭിനന്ദിക്കുകയാണ്. 60 വകുപ്പും 1005 ഭേദഗതിയും അടങ്ങുന്ന ബൃഹത്തായ ഒരു ബിൽ, യഥാർത്ഥത്തിൽ നിയമനിർമ്മാണത്തിന്റെ ഏറ്റവും മനോഹരമായ ഒരു ഭാഗമാണ് നമ്മൾ ഇന്ന് ഇവിടെ കണ്ടത്. എല്ലാവരുടെയും യോജിച്ചുള്ള നിലപാടുകളും നിയമനിർമ്മാണത്തിൽ എല്ലാവരും ഒരുമിച്ച് കാണിച്ച

ഒത്തൊരുമയും താൽപ്പര്യവുംകൊണ്ടാണ് ഈ പ്രധാനപ്പെട്ട ബിൽ നമുക്ക് നിയമമാക്കാൻ ഇന്ന് കഴിഞ്ഞത്. ഞാൻ ആരുടെയും പേരുകളെടുത്ത് പറയുന്നില്ല. എല്ലാവരും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഇതിനോട് സഹകരിച്ച എല്ലാവരോടും ചെയറിനുള്ള, നിയമസഭാ സെക്രട്ടേറിയറ്റിനുള്ള ആത്മാർത്ഥമായ കൃതാർത്ഥത ഞാൻ അറിയിക്കുന്നു.

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഒരു കാര്യം കൂടി പറയാനുണ്ട്. എല്ലാവരുമായി സംസാരിച്ചു, ഇന്ന് രണ്ടു ബില്ലുകൾകൂടി എടുക്കേണ്ടതുണ്ടായിരുന്നു. അത് മാറ്റിവയ്ക്കുകയാണ്. നാളെയുള്ളതെല്ലാം ചെറിയ ബില്ലുകളാണ്. അതുകൊണ്ട് അതിന്റെ ഷെഡ്യൂൾ സഭയുടെ അംഗീകാരത്തിനായി വയ്ക്കുകയാണ്. മറ്റൊന്നുള്ളത് ഹൗസ് നേരത്തെ അഡോപ്റ്റ് ചെയ്തിട്ടുള്ള നാളത്തെ ബില്ലുകളിൽ അവസാനമായി ലിസ്റ്റ് ചെയ്തിരുന്ന 2012-ലെ കേരള സിവിൽ കോടതി (രണ്ടാം ഭേദഗതി) ബില്ല് സാങ്കേതികമായ കാര്യമുള്ളതുകൊണ്ട് ആദ്യമെടുക്കണമെന്ന നിർദ്ദേശം കൂടി സഭയുടെ മുമ്പിൽ വയ്ക്കുന്നു. നാളത്തെ ഷെഡ്യൂൾ ആറ് ബില്ലുകളാണ്. ഇന്നത്തെ രണ്ടും പിന്നെയുള്ള നാലും ചേർത്താണ്. സാധാരണ ബിൽ സിസ്റ്റമനുസരിച്ച് ക്ലോസുകൾ ധാരാളമുണ്ട്. പക്ഷെ എല്ലാം ചെറിയ ബില്ലുകളാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആറു ബില്ലുകൾ ഒരു ദിവസമെടുക്കുന്നത് തെറ്റായ കീഴ്വഴക്കങ്ങളുണ്ടാക്കും. ആറു ബില്ലുകൾ ഒരു ദിവസമെടുക്കുക എന്നത് ആളുകൾ കേട്ടാൽതന്നെ മോശമല്ലേ. അത്യാവശ്യമില്ലാത്തതാണെങ്കിൽ മാറ്റിവയ്ക്കണം. ഓർഡിനൻസല്ലേ, ഒന്നുംകൂടി ഓർഡിനൻസ് പുറപ്പെടുവിച്ചാൽ മതിയാകില്ലേ.

മി. സ്പീക്കർ: ഒരു കാര്യം, നേരത്തെ ലിസ്റ്റ് ചെയ്തു തന്നിട്ടുണ്ടല്ലോ. അത് പിന്നീട് ആലോചിച്ച് നാളെ പറയാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബിസിനസ് അഡ്വൈസറി മീറ്റിംഗിൽ പാസ്സാക്കാൻ തീരുമാനിച്ച ബില്ലുകളെയുള്ളൂ. അല്ലാതെ പുതുതായി ഒന്നും കൊണ്ടുവന്നിട്ടില്ല. ആകെയുള്ളത് ഇന്നലെ എടുക്കേണ്ടിയിരുന്ന ഈ ബില്ല് ഇന്നത്തേയ്ക്ക് മാറ്റി. അപ്പോൾ ഇന്ന് ഉണ്ടായിരുന്ന രണ്ടു ബില്ലുകൾ കൂടി നാളത്തേയ്ക്ക് മാറുന്നു. ആ സാഹചര്യം മനസ്സിലാക്കണം. ഈ സഭയിൽ ബഡ്ജറ്റ് കഴിഞ്ഞതിനുശേഷം നിയമങ്ങൾ പാസ്സാക്കാൻ സമയമെടുത്തിരുന്നു. അപ്പോൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും റിക്വസ്റ്റുവന്നു. ഞങ്ങൾ അത് ഒരു തടസ്സവും കൂടാതെ അംഗീകരിച്ചു. അംഗീകരിക്കുന്ന അവസരത്തിൽ നമ്മൾ പൊതുവായ ഒരു ധാരണയിലെത്തി. ഇതിനേക്കാൾ കൂടുതൽ ബില്ലുകൾ വേണമെന്നാണ് ഭരണഭാഗത്തുനിന്ന് ഉന്നയിച്ചിരുന്നത്. പക്ഷേ, പ്രതിപക്ഷവും കൂടി അംഗീകരിച്ച അത്രയും ബില്ലുകൾ മാത്രമാണ് നമ്മൾ എടുക്കാൻ തീരുമാനിച്ചത്. അത്രയും മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. ഇന്നലെ എടുക്കേണ്ടിയിരുന്ന മലയാളം സർവ്വകലാശാല ബിൽ ഇന്നത്തേയ്ക്ക് മാറിയതാണ് ഇതിൽ പ്രശ്നമായി വന്നത്. അതുകൊണ്ട് സഹകരിക്കണം. ചെറിയ തോതിലുള്ള അമെന്റ്മെന്റുകളാണുള്ളത്. വളരെ പെട്ടെന്ന്

എടുക്കാൻ സാധിക്കും. 10-ാം തീയതി സമ്മേളനം അവസാനിക്കുമ്പോൾ പാസ്സാക്കാമെന്ന് നമ്മളെല്ലാവരും കൂടി യോജിച്ചെടുത്തതല്ലാതെ പുതിയതായി ഒന്നും കൊണ്ടുവന്നിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു ദിവസം സഭയിൽ സ്തംഭനാവസ്ഥയുണ്ടായതുകൊണ്ടാണ്, കഴിഞ്ഞ ദിവസമല്ല, അതിന് മുമ്പൊരു ദിവസമാണ് ഈ ബില്ല് എടുക്കേണ്ടിയിരുന്നത്. അന്നത്തെ പ്രത്യേക സാഹചര്യം കൊണ്ട് ഇങ്ങനെ മാറ്റുകയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. ഞങ്ങൾ അതിനോട് വിയോജിച്ചിട്ടില്ല. ഇന്ന് എല്ലാവർക്കുംകൂടി സൗകര്യമുള്ള നിലയിൽ മലയാളം സർവ്വകലാശാല ബില്ല് പാസ്സാക്കാൻ കഴിഞ്ഞു എന്നത് നല്ലതുതന്നെയാണ്. ആറ് ബില്ല് ഒരേ ദിവസം പാസ്സാക്കി എന്നു പറഞ്ഞാൽ അത് ചരിത്രത്തിൽ ഇടം പിടിക്കും. പിന്നെ ഭരണപക്ഷം ആറ് ബില്ല് എടുക്കുന്നത് പ്രാക്ടീസാക്കി മാറ്റും. മുമ്പ് ഇവിടെ രണ്ട് ബില്ലായിരുന്നു, അത് മൂന്ന് ബില്ലായി, നാല് ബില്ലായി. ഇങ്ങനെ പപ്പടം ചുടുന്നതുപോലെ ബില്ല് ചുട്ടുചുട്ടെടുക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: അങ്ങനെ ചുടുന്നില്ല. ചർച്ച ചെയ്തു തന്നെയാണ് പോകുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആറ് ബില്ലുകൾ എടുക്കുന്നത് ശരിയല്ല. നിങ്ങൾക്ക് ഭൂരിപക്ഷമുണ്ട്, പത്ത് ബില്ലുകൾ നിങ്ങൾ ഒരുമിച്ച് പാസ്സാക്കികൊള്ളൂ. പക്ഷേ, സഭയുടെ പൊതു അഭിപ്രായമെടുത്തുകൊണ്ടാണെങ്കിൽ ഞങ്ങൾക്ക് അതിനോട് യോജിപ്പില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 10-ാം തീയതി സഭ തീരുമ്പോൾ ഇത്ര നിയമങ്ങൾ പാസ്സാക്കുക എന്നത് നമ്മൾ ഒന്നിച്ചിരുന്ന്

ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. ഞങ്ങൾ പുതുതായി ഒന്നും കൊണ്ടുവന്നിട്ടില്ല. കൂടുതൽ ബില്ലുകൾ പാസ്സാക്കണമെന്ന് ഞങ്ങൾ പറഞ്ഞു. പക്ഷേ, നിങ്ങൾ എഗ്രി ചെയ്തത് മാത്രമാണ് അംഗീകരിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഷെഡ്യൂൾ ചെയ്ത രണ്ടു ബില്ലുകൾ കൂടി ഇന്ന് എടുക്കാനാണെങ്കിൽ ഞങ്ങൾ ഇരിക്കാം. ഞങ്ങൾക്ക് പ്രശ്നമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെയാണെങ്കിൽ അങ്ങനെയിരിക്കാം. പക്ഷേ, മലയാളം സർവ്വകലാശാല ആക്ട് രാവിലെ മുതൽ ചർച്ച ചെയ്ത് പാസ്സാക്കി നല്ല ഒരു അന്തരീക്ഷത്തിൽ ഇന്ന് പിരിഞ്ഞ് നാളെ കിട്ടുന്ന അവസരം പ്രയോജനപ്പെടുത്താം എന്നുള്ളത് മാത്രമേയുള്ളൂ.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നാളെ ആറ് ബില്ലുകൾ പാസ്സാക്കുകയെന്നത് പ്രായോഗികമായി നടക്കുന്നതാണോ; നടക്കുന്നതല്ല. പരമാവധി നോക്കിയാലും ഒന്നോ രണ്ടോ ബില്ലുകൾ മാറ്റിവയ്ക്കേണ്ടിവരും. പ്രായോഗികമായിട്ടുള്ള കാര്യം ആലോചിക്കാതെ ബി.എ.സി. തീരുമാനിച്ചു എന്നു പറഞ്ഞാൽ അതിനുശേഷം അനിയന്ത്രിതമായ ചില സംഭവങ്ങളുണ്ടായി, അത് അങ്ങേയ്ക്കും അറിയാം. ആ സംഭവങ്ങൾകൊണ്ടാണ് ഇത് മാറ്റി വയ്ക്കേണ്ടിവന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: രണ്ടു ബില്ലുകൾകൂടി പൂർത്തിയാക്കാം. അങ്ങനെയാകട്ടെ.

മി. സ്പീക്കർ: ഇന്ന് ലിസ്റ്റ് ചെയ്തിരിക്കുന്നത് എടുക്കാൻ കഴിയില്ലെന്ന പറയാൻ കഴിയില്ലല്ലോ. യെസ്... യെസ്....

## (2) 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് സംസാരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ചർച്ച കഴിഞ്ഞ് സംസാരിക്കാം.

ശ്രീ. കെ. വി. വിജയദാസ്: സർ, കേരളത്തിലെ സിനിമാ റിലീസിംഗ് തീയറ്ററുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. പക്ഷേ അതിനേക്കാൾ ഏറെ പരിതാപകരമായ കാര്യം തീയറ്ററുകളിൽ പോയി സിനിമ കാണാനുള്ള ജനങ്ങളുടെ താല്പര്യം ഇപ്പോൾ വളരെ കുറഞ്ഞുവരുന്നു എന്നുള്ളതാണ്. ഈ സമയത്ത് അഡീഷണലായി ഒരു സെസ് കൂടി ചുമത്തുന്നത് പ്രായോഗികമാണോ എന്നതിനെ സംബന്ധിച്ച് ഒരു പരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാത്രമല്ല ഇതെല്ലാം പരിശോധിക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതി അതിലേറെ പരിതാപകരമാണ്. പഞ്ചായത്തുകളിലായാലും മുനിസിപ്പാലിറ്റികളിലായാലും നികുതി പിരിക്കാൻ ആളില്ല എന്നുള്ള കാര്യം ഒരു യാഥാർത്ഥ്യമാണ്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഇതുകൊണ്ടുണ്ടാകുന്നത്. മൂന്നു വർഷത്തിനകം നികുതി പിരിച്ചിട്ടില്ലെങ്കിൽ അത് നഷ്ടപ്പെടുമെന്നുള്ള സ്ഥിതിവിശേഷമുണ്ടായിരിക്കെ അത്

പിരിച്ചെടുക്കാനുള്ള യാതൊരു നടപടികളും മുനിസിപ്പാലിറ്റികളോ കോർപ്പറേഷനുകളോ പഞ്ചായത്തുകളോ സ്വീകരിക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 1983–ലെ സ്റ്റാഫ് പാറ്റേൺ അടിസ്ഥാനമാക്കിയാണ് നിലവിൽ പഞ്ചായത്തുകളും മറ്റും പ്രവർത്തിക്കുന്നത്. അതിനുശേഷം ധാരാളം ജോലിഭാരം കൂടി. 19 തസ്തികകളിലെ ജോലികളെല്ലാം തന്നെ പഞ്ചായത്തിന്റെ കീഴിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. ഇതിന്റെയൊക്കെ ഭാഗമായി യാതൊരു പ്രവർത്തനങ്ങളും പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും നടക്കുന്നില്ല എന്നതാണ് സത്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജോലികളിൽ ഇപ്പോൾ വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു. ജോലികൾ സ്വകാര്യമേഖലകളിലേയ്ക്ക് കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നു. അത്തരത്തിൽ ഒരു തീരുമാനമെടുത്തത് ഒരാഴ്ച മുമ്പാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പല ജോലികളും നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുത്തിരുന്നു, അതൊരു ആശ്വാസമായിരുന്നു. സ്വകാര്യ കോൺട്രാക്ടർമാർ കൊള്ളലാഭമുണ്ടാക്കുന്നതിൽ നിന്ന് അല്പമെങ്കിലും ഒരു മോചനമുണ്ടായത് നിർമ്മിതി കേന്ദ്രങ്ങൾ വഴിയായിരുന്നു. ആ കാര്യങ്ങൾക്കും ഇപ്പോൾ മാറ്റം വന്നിരിക്കുന്നു. കരാർ നിരക്കിൽ 25 ശതമാനം വർദ്ധനവ് വന്നതോടുകൂടി സ്വകാര്യ കരാറുകാർ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും മറ്റും ജോലിയിൽ വലിയ താല്പര്യം പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് മനസ്സിലാക്കികൊണ്ടുതന്നെ ഇപ്പോൾ പഞ്ചായത്തുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മരാമത്ത് പണികൾ നിർമ്മിതികേന്ദ്രത്തിന് കൊടുക്കേണ്ടതില്ല എന്ന തീരുമാനമെടുത്തിരിക്കുന്നു.

അതിന്റെ ഉദ്ദേശ്യമെന്താണെന്ന് എത്ര ചിന്തിച്ചിട്ടും ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഗൗരവമുള്ള ഒരു വ്യതിയാനമായി ഞങ്ങൾ അതിനെ കാണുകയാണ്. യഥാർത്ഥത്തിൽ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നമ്മുടെ സംസ്ഥാനത്ത് പാളിപ്പോയി. പദ്ധതി നിർവ്വഹണത്തിനായി സ്വകാര്യ ഏജൻസികളെക്കൂടി ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് വളരെ സീരിയസ്സായ കാര്യമാണ്. ഇപ്പോൾ ടെൻഡറോ ക്വട്ടേഷനോ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജോലി അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കെല്ലാം ക്ലിയറായി ചെയ്ത് മുന്നോട്ടു പോകും, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 80 ശതമാനത്തിനു മുകളിൽ വർക്ക് തീർക്കും എന്നൊക്കെയാണ് നിങ്ങൾ നിയമസഭയിൽ പറഞ്ഞത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 30–35 ശതമാനം മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ബാക്കി ഫണ്ട് മുഴുവൻ ലാപ്സായി. നാട്ടിൽ വികസന പ്രവർത്തനം നടക്കുന്നില്ല. പാവപ്പെട്ട ആളുകൾ താമസിക്കുന്ന വീട് ചോർന്നൊലിച്ചാലും അവർക്ക് വീട് കെട്ടിക്കൊടുക്കാൻ സാധിക്കുന്നില്ല. സാധാരണക്കാർ താമസിക്കുന്ന സ്ഥലങ്ങളിലേക്ക് റോഡ് വെട്ടാൻ കഴിയുന്നില്ല. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നല്ല നിലയ്ക്ക് പോകുന്നതിനായി വകുപ്പിനെ മൂന്നാക്കി തിരിച്ചു. പഞ്ചായത്തിന് ഒരു മന്ത്രി, ബ്ലോക്കിന് ഒരു മന്ത്രി, മുൻസിപ്പൽ കോർപ്പറേഷന് ഒരു മന്ത്രി എന്നിങ്ങനെ കേട്ടുകേൾവി പോലുമില്ലാത്ത രീതിയിൽ മൂന്നു മന്ത്രിമാരെ ഉൾപ്പെടുത്തി. എന്നാൽ എന്തെങ്കിലും ഗുണമുണ്ടായോ? പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കഴിവുള്ള മന്ത്രിയാണ്, ഇപ്പോൾ

പഞ്ചായത്തുമാത്രമേ മന്ത്രിക്കുള്ളൂ. എന്നിട്ടും പഞ്ചായത്തിന് എന്തെങ്കിലും ഗുണപരമായ മാറ്റം ഉണ്ടായോ; പഞ്ചായത്തിന് എന്ത് നേട്ടമാണുണ്ടായത്? ഒരു മാറ്റവുമുണ്ടായില്ല, ഒരു ഗുണവുമുണ്ടായില്ല. കോർപ്പറേഷനുകൾക്കു മാത്രമായി ഒരു മന്ത്രിയെ കൊണ്ടു വന്നു. കേരളത്തിൽ ഇദംപ്രഥമ മായിട്ടാണ് അങ്ങനെയൊരു പരീക്ഷണം നടത്തുന്നത്. എന്നിട്ടും കോർപ്പറേ ഷന് എന്തെങ്കിലും മാറ്റമുണ്ടായോ? ചപ്പുചവറുകൾ പോലും ഇവിടെ ശരി യായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുന്നില്ല, നഗരങ്ങളിൽ ദുർഗന്ധം വമിക്കുന്നു. കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ തുടങ്ങിയ എല്ലാ നഗരങ്ങളും മാലിന്യക്കൂമ്പാരങ്ങളായി മാറിയിരിക്കുന്നു. കോർപ്പറേഷനുകൾ മാത്രം ഒരു മന്ത്രിക്ക് ഏൽപ്പിച്ചു കൊടുത്തതുകൊണ്ട് എന്താണ് ഗുണം? ഗ്രാമ വികസനവകുപ്പിനുമാത്രം ഒരു മന്ത്രിയുണ്ട്. എന്തെങ്കിലും കാര്യമുണ്ടോ? ഐ.എ.വൈ. ഫണ്ട് 24 ശതമാനമാണ് ചെലവഴിച്ചത്. കേന്ദ്ര വിഹിതം കിട്ടി യിട്ടും സംസ്ഥാന ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം .......

<u>മി. ചെയർമാൻ</u> : ബില്ലിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കുമെങ്കിൽ നന്നായിരുന്നു.

<u>ശ്രീ. കെ. വി. വിജയദാസ്</u> : ഇവിടെ ഗ്രാമവികസന വകുപ്പിന് ഒരു മന്ത്രി യുണ്ടായിട്ടും ഐ.എ.വൈ ഫണ്ടുപയോഗിച്ചുള്ള ഭവനനിർമ്മാണം പൂർത്തി യാക്കുന്നില്ല. ഒരു വീടിന് നൽകുന്ന ധനസഹായം രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടും നാടിന് ഗുണമുണ്ടായോ; പാവപ്പെട്ട ആളുകൾക്ക് വീട് കിട്ടിയോ? അതാണ് വിഷയം. ഇവിടെ പാവപ്പെട്ട ആളുകൾക്ക് വീട് കിട്ടു ന്നില്ല, സാധാരണക്കാർക്ക് റോഡ് കിട്ടുന്നില്ല, സാധാരണക്കാരുടെ വിക സനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്

ഉണ്ടാകുന്നില്ല. ഇതെല്ലാമാണ് യാഥാർത്ഥ്യം. പഞ്ചായത്തിനും ഗ്രാമത്തിനും ബ്ലോക്കിനുമെല്ലാംകൂടി മൂന്നു മന്ത്രിമാരെ വച്ചപ്പോൾ പറഞ്ഞത് കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കുമെന്നാണ്. ആ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് മുഖ്യമന്ത്രി നേതൃത്വം കൊടുക്കുകയും കൃത്യമായി കമ്മിറ്റി കൂടുകയും പരിശോധിക്കുകയും ചെയ്യുമെന്നാണ് പറഞ്ഞത്. അങ്ങനെയാണോ കോ-ഓർഡിനേഷൻ കമ്മിറ്റി കൂടുന്നത്? ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രിയായ ഡോ. എം. കെ. മുനീർ മാത്രമാണ് കമ്മിറ്റിയിൽ പങ്കെടുക്കുന്നത്. മറ്റൊരു മന്ത്രിമാരും, മുഖ്യമന്ത്രിപോലും പങ്കെടുക്കുന്നില്ല. ഈ വിഷയം വളരെയധികം വിവാദമായിരിക്കുകയാണ്. കോ-ഓർഡിനേഷൻ ഇല്ലാത്ത ഒരു കമ്മിറ്റിയായി കോ-ഓർഡിനേഷൻ കമ്മിറ്റി മാറിയിരിക്കുകയാണ്. കമ്മിറ്റിയുടെ ഒരു തീരുമാനംപോലും ഉത്തരവായി ഇറങ്ങുന്നില്ല. ഇതിൽനിന്നും വ്യക്തമാകുന്നത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം യാതൊരു പുരോഗതിയുമില്ല എന്നതാണ്. പി.ഡബ്ല്യു.ഡി. നിരക്ക് 25 ശതമാനം വർദ്ധിച്ചിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂട്ടിയില്ല. എന്നുമാത്രമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷം 3388 കോടി രൂപ എന്നുള്ളത് 3225 കോടി രൂപയായി വെട്ടിച്ചുരുക്കി. പഞ്ചായത്തുകളെ സഹായിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽ വർദ്ധനവ് വരുത്തിയിട്ടില്ല. നികുതികൾ പിരിക്കാതെയായി, പഞ്ചായത്തിലെ തനതു വരുമാനംതന്നെ ഇല്ലാതായി. ബ്ലോക്ക്, ഗ്രാമ, മുനിസിപ്പാലിറ്റികൾ മന്ത്രിമാർക്ക് വേർതിരിച്ചുകൊടുത്തതുകൊണ്ട് നാടിന് ഗുണമുണ്ടായില്ലെന്ന് മാത്രമല്ല ഓരോ പദ്ധതിക്കും ഇത്ര രൂപ മാറ്റിവയ്ക്കണമെന്നു പറഞ്ഞുകൊണ്ട് ഇപ്പോൾ മന്ത്രിമാർ പഞ്ചായത്തുകൾക്ക് ഉത്തരവ് കൊടുക്കുകയാണ്. നിർബ

ന്ധിത പ്രോജക്ടുകൾക്കായി നിബന്ധന കൊണ്ടുവരുന്നു. ഇതെല്ലാംതന്നെ ഗുരുതരമായ സ്ഥിതിയാണ് ഉണ്ടാക്കിയിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നു. വളരെയധികം പ്രവർത്തന ദൂഷ്യങ്ങളും ഇപ്പോൾ നിഴലിച്ചിരിക്കുന്നു. എന്തിനാണ് ഈ മൂന്നു മന്ത്രിമാരുടെ ആവശ്യം? ഇത്തരം ഗുരുതരമായ ഒരു സ്ഥിതി നിലനിൽക്കു മ്പോഴാണ് 25 ശതമാനം സെസ് പിരിക്കണമെന്നും വിനോദ നികുതി കൂട്ട ണമെന്നുമൊക്കെ പറയുന്നത്. ഇതിലെന്താണ് അർത്ഥമുള്ളത്? കേരളത്തിലെ ജനങ്ങൾക്ക് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങൾക്കോ അതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനോ സാധ്യമാ യില്ല എന്നതാണ് യഥാർത്ഥ പ്രശ്നം. അതൊന്നും കാണാതെ സെസ് ചുമ ത്തി നാട്ടുകാരെ ദ്രോഹിക്കുന്ന നിലപാടിലേക്ക് കടക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുണ്ടാക്കും എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, ടാക്സ് ചുമത്തുന്നതിന് പല നിയമ ങ്ങളുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതിയും സെസ്സുമൊക്കെ ചുമത്താനുള്ള അധികാരവും അവകാശവും ഇപ്പോൾത്ത ന്നെയുണ്ട്. പക്ഷേ, അതൊന്നും ശരിയായ രീതിയിൽ പിരിച്ചെടുക്കുവാൻ പ്രായോഗികമായ ഒരു സംവിധാനം ഇന്നില്ല, അത് നടക്കുന്നില്ല എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇപ്പോൾ ഗ്രന്ഥശാലാ സംഘത്തിന്റെ സെസ് പിരിച്ചെടുക്കാനുള്ള വ്യവസ്ഥയുണ്ട്, അത് പിരിച്ചെടുക്കുന്നുമുണ്ട്. പക്ഷേ, ഉദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ അത് ഉപയോഗപ്പെടുത്തുന്നതിന് പഞ്ചാ

യത്തുകൾ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. നികുതി പിരിച്ചെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ കൃത്യവിലോപമാണ് കാണിക്കുന്നതെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. പ്ലാൻ ഫണ്ട് ലഭിക്കുന്നതുകൊണ്ട് മറ്റൊരു വരുമാനവും ഉണ്ടാക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആഗ്രഹിക്കുന്നില്ല. പല വിഷയങ്ങളിലും അഴിമതിയിൽ മുങ്ങിക്കുളിച്ചാണ് പല പഞ്ചായത്തുകളും ഇന്ന് നിൽക്കുന്നതെന്നതാണ് ദു:ഖകരമായ ഒരു വസ്തുത. നമുക്കിവിടെ എന്ത് പ്രസംഗിക്കാനും സംരക്ഷണമുണ്ട്. പക്ഷേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വിമർശിക്കുവാൻപോലും സാധിക്കാത്ത ഒരു സാഹചര്യം ഇന്ന് ഉണ്ടായിരിക്കുന്നു. പ്രത്യേകിച്ച്, വനിതാ സംക്ഷണ നിയമം വന്നതോടുകൂടി എല്ലാ കാര്യത്തിലും പീഡനകേസുകൾ എടുക്കുകയാണ്. എന്റെ നാട്ടിൽ, അഴിമതികൾ വാർത്തയാക്കിയ ഒരു ലേഖകനെതിരെ പീഡനക്കേസ് എടുത്തത് സംബന്ധിച്ച് ഇന്ന് മാധ്യമം പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. ഒരു കാർഷിക ഉല്പന്നം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, പതിനേഴര രൂപയാണ് എല്ലാ പഞ്ചായത്തിലും വില നിശ്ചയിച്ച് കൊടുത്തത്. പക്ഷേ, കൊടുവള്ളി പഞ്ചായത്തിൽ അത് 38 രൂപയാണ്. അതിനാവശ്യമായ സർട്ടിഫിക്കറ്റ് കൃഷി ഓഫീസർ കൊടുത്തില്ല. ആ കൃഷിവകുപ്പ് ഓഫീസറെ ബഹുമാനപ്പെട്ട മന്ത്രി അവിടെ നിന്നും ട്രാൻസ്ഫർ ചെയ്തു. പക്ഷേ ആ പ്രശ്നത്തിൽ ഘടക കക്ഷികളിൽപ്പെട്ട ചില ആളുകൾ ഇടപെട്ടപ്പോൾ ട്രാൻസ്ഫർ നടപടി തല്ക്കാലത്തേയ്ക്ക് നിറുത്തിവച്ചിരിക്കുകയാണ്. അവിടെ ശുദ്ധമായ അഴിമതികൾ നടക്കുകയാണ്. ഈ വിഷയങ്ങൾ പ്രതിപാദിച്ച് മലയാള മനോരമയുടെ ലേഖകൻ ഫിർദൗസ് വളരെ വ്യക്തമായി പത്രത്തിൽ ഒരു വാർത്ത

പ്രസിദ്ധീകരിച്ചതിന്റെ പേരിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ദേഹത്തിനെതിരായി പീഡനക്കേസ് കൊടുക്കുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുകയുമാണ്. ഐ.പി.സി. 446, 353, 384, തുടങ്ങിയ വകുപ്പുകൾ പ്രകാരം സ്ത്രീ പീഡനമനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഗുരുതരമായ സ്ഥിതിവിശേഷമാണ് അവിടെ ഉണ്ടായിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം, എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ഒരു ബോധവും ഇല്ലാത്ത അവസ്ഥയിലാണ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പോലീസാണെങ്കിൽ ഇതിന് അനുകൂലമായ സമീപനം സ്വീകരിക്കുകയാണ്. അഴിമതി നടക്കുന്നത് പുറത്തു പറയാൻ സാധിക്കുന്നില്ല, അത് പത്രക്കാർക്ക് എഴുതാൻ സാധിക്കുന്നില്ല. പത്രക്കാരുടെ പിന്നാലെ പോലീസ് നടക്കുകയാണ്. ഇതുപോലുള്ള ഗുരുതരമായ വിഷയങ്ങളാണ് ഇപ്പോൾ പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ സെസ്സുകൾ കൂടുതലായി ഏർപ്പെടുത്തുക മാത്രം പോരാ, അത് ഫലപ്രദമായും അഴിമതി രഹിതമായും ഉപയോഗിക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തമാക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ.കെ. വിജയൻ</u>: സർ, ഒരു നീണ്ട പോരാട്ടത്തെത്തുടർന്നാണ് തൊഴിലിനോടൊപ്പം 8 മണിക്കൂർ വിനോദത്തിനും 8 മണിക്കൂർ വിശ്രമത്തിനുമുള്ള ഒരു സാഹചര്യം ലോകതൊഴിലാളികൾ നേടിയെടുത്തത്. ഇത് ബഹുമാനപ്പെട്ട ചെയറിനുൾപ്പെടെ അറിയാവുന്ന വിഷയമാണ്. മെയ് ദിനം കടന്നുവരികയാണ്. കേരളത്തിന്റെ ഇന്നത്തെ സമ്പദ്ഘടന പരിശോധിക്കുമ്പോൾ കാർഷിക മേഖല തകർന്ന് തരിപ്പണമായിരിക്കുകയാണെന്ന് കാണാൻ

കഴിയും. സാധാരണക്കാരായ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. നാളികേരത്തിന് തീരെ വിലയില്ല. നാട്ടിൻപുറങ്ങളിൽ കർഷകത്തൊഴിലാളികൾക്ക് ജോലിയില്ല. ഇടത്തരക്കാരനും പാവപ്പെട്ട ജനവിഭാഗങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. നിർമ്മാണ മേഖല സ്തംഭിച്ചിരിക്കുകയാണ്. സിമന്റിന്റേയും കമ്പിയുടേയും വീട് നിർമ്മാണത്തിനുവേണ്ട മറ്റ് സാമഗ്രികളുടെയും വില ഗണ്യമായി കൂടിയിരിക്കുന്ന ഈയവസരത്തിൽ ആത്മഹത്യയെക്കുറിച്ച് മനുഷൻ ആലോചിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ വിനോദത്തിനുള്ള അവസരങ്ങളെയല്ലേ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്? വിനോദനികുതി വർദ്ധിപ്പിക്കുന്നതിലൂടെ വിനോദങ്ങളിൽ നിന്നും പിന്തിരിയേണ്ട അവസ്ഥയാണ് സംജാതമാകുന്നത്. ജനങ്ങളെ സഹായിക്കുന്നതിനുള്ള സമീപനമാണ് ഒരു ജനാധിപത്യ സംവിധാനത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉയർന്നുവരേണ്ടത്. വകുപ്പിന് ഒരു മന്ത്രി കൂടി എന്നതിന്റെ അടിസ്ഥാനത്തിൽ ആ ബാധ്യത ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ പാടില്ല. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിതന്നെ സിനിമാരംഗത്ത് അറിയപ്പെടുന്ന ഒരു മാന്യദേഹമാണ്. കലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനങ്ങളുടെ മേൽ അമിതഭാരം അടിച്ചേല്പിക്കുന്ന സമീപനം സ്വീകരിക്കാൻ പാടില്ല. പഞ്ചായത്ത് ഭരണസംവിധാനവുമായി ബന്ധപ്പെട്ട് ഇന്ന് ജനങ്ങളെ അലട്ടുന്ന പ്രശ്നങ്ങൾ എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ മെമ്പർ കെ.വി. വിജയദാസ് ഇവിടെ സൂചിപ്പിച്ചു. ഗ്രാമീണ മേഖലയുടെ അവസ്ഥ വളരെ പരിതാപകരമാണ്. പ്രത്യേകിച്ച്, മലബാർ മേഖലയിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് കഴിയുന്നില്ല. മഹാത്മാ ഗാന്ധി സ്വപ്നം കണ്ടതാണ് ഗ്രാമങ്ങളുടെ പുനരുദ്ധാരണം. ഗ്രാമീണ മേഖലയിൽ വലിയ

തോതിലുള്ള പ്രതിസന്ധിയാണ് ലോക്കൽ ബോഡികൾ അഭിമുഖീകരിക്കുന്നത്. തീർച്ചയായും അതിന് സഹായകരമായൊരു സമീപനം ഇവിടെ സൂചിപ്പിച്ചതുപോലെ ബഡ്ജറ്റിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല. വലിയ റോഡുകൾ, ദേശീയ പാതകളും സ്റ്റേറ്റ് ഹൈവേകളും വന്നതുകൊണ്ട് ഗ്രാമീണമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല. ഇത് വരൾച്ചയുടെ കാലമാണ്. അതിരൂക്ഷമായ വരൾച്ചയിലേയ്ക്ക് കേരളം നീങ്ങുമ്പോൾ അതിന് പരിഹാര നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ വന്നിരുന്നില്ല. ഗ്രാമീണ മേഖലയിലെ ജനങ്ങൾ, പ്രത്യേകിച്ച് അമ്മമാർ അത്രയേറെ പ്രയാസമനുഭവിക്കുന്ന സാഹചര്യത്തിൽ അവർക്ക് വിനോദത്തിനുവേണ്ടിയുള്ള സമയത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. തീർച്ചയായും അതിനൊരു പരിഹാരമാണ് യഥാർത്ഥത്തിൽ ഉണ്ടാക്കിയെടുക്കേണ്ടത്. അതോടൊപ്പം ഇവിടെ സൂചിപ്പിച്ചതുപോലെ, മണ്ഡലവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ബഡ്ജറ്റിന് ആനുപാതികമായ വർദ്ധനവ് ഈ ബഡ്ജറ്റിലൂടെ നമ്മൾ പ്രതീക്ഷിച്ചതാണ്. കാർഷിക മേഖലയിൽ കൃഷിക്കാരെ സഹായിക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപനം നടത്തി. യഥാർത്ഥത്തിൽ ധനിക കൃഷിക്കാരെ, ഈ രാജ്യത്തിലെ കുബേരന്മാരെ സഹായിക്കാനുള്ള പദ്ധതികൾ മാത്രമാണ് ബഡ്ജറ്റിലുള്ളത്. കൃഷിക്കാരുടെ ആത്മഹത്യ ഇല്ലാതാക്കാനുള്ള സമീപനത്തിന്റെ ഭാഗമായി കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നു എന്ന പ്രഖ്യാപനങ്ങൾ നടത്തി. പൂർണ്ണമായും മുതലടയ്ക്കുന്നവർക്കാണ് പലിശ എഴുതിത്തള്ളുന്നത് എന്ന് പ്രഖ്യാപിക്കുമ്പോൾ കേരളത്തിലെ ഒരു കൃഷിക്കാരനും ആ പണം അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് അംഗീകരിച്ചുകൊടുക്കാൻ നമുക്ക് കഴിയുമോ? ഇപ്പോൾത്തന്നെ

നമ്മുടെ നാട്ടിലെ സാധാരണ തിയേറ്ററുകളും ടാക്കീസുകളുമൊക്കെ മുന്നോട്ടുപോകാൻ കഴിയാതെ അടച്ചുപൂട്ടിക്കഴിഞ്ഞു. ഇങ്ങനെയൊരു വിനോദ നികുതി വർദ്ധനവുകൂടി കടന്നുവന്നാൽ ആ വ്യവസായ മേഖല പൂർണ്ണമായും തകരുന്ന സ്ഥിതിവിശേഷം ഉണ്ടാകില്ലേ എന്ന ആശങ്ക തീർച്ച യായും നമ്മുടെ മുമ്പിലുണ്ട്. ഈയൊരു സാഹചര്യത്തിൽ ഇത്തരമൊരു ബിൽ നമുക്ക് ആവശ്യമില്ല. അങ്ങനെ ടാക്സ് വർദ്ധിപ്പിക്കുന്ന സമീപനത്തി ലേയ്ക്ക്, വിനോദത്തിന് നികുതി വസൂലാക്കുന്ന സമീപനത്തിലേയ്ക്ക് വരാൻ പാടില്ല. ഇത്രയേറെ പ്രയാസങ്ങൾ അനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാനുള്ള സമീപനം സ്വീകരിച്ച് അവൻ ആത്മഹത്യയിലേയ്ക്ക് നീങ്ങാത്ത സാഹ ചര്യമുണ്ടാക്കി, വിനോദത്തിന് അവസരമൊരുക്കാ നുള്ള പദ്ധതികളാണ് നമ്മൾ ചെയ്യേണ്ടത് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യ ണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ആദ്യമായി ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. രണ്ട് കാര്യങ്ങളാണ് ഈ ബില്ലിലൂടെ സാധ്യമാകുന്നത്. ഇലക്ട്രോണിക് ടിക്ക റ്റിംഗ് വരുന്നതോടുകൂടി നമ്മുടെ നഗരസഭകളിലെ തിയേറ്ററുകൾ വിനോദ നികുതി നല്കാതെ നടത്തിക്കൊണ്ടിരുന്ന വലിയൊരു തട്ടിപ്പ് തടയാൻ കഴി

യുകയും സർക്കാരിലേയ്ക്ക് ലഭ്യമാകേണ്ട നികുതി കൃത്യമായി ലഭിക്കുകയും ചെയ്യുമെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം ഇങ്ങനെ ലഭിക്കുന്ന അധികവരുമാനം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലെ അംഗങ്ങളായ അവശ കലാകാരന്മാരുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുന്നു. ഇങ്ങനെ രണ്ടുകാര്യങ്ങൾ, ഒന്ന് – തട്ടിപ്പ് തടയുന്നു, വരുമാനമുണ്ടാക്കുന്നു, രണ്ട് – ആ വരുമാനം ഒരു നല്ല കാര്യത്തിനുവേണ്ടി വിനിയോഗിക്കുന്നു ഈ ബില്ലിലൂടെ സാധ്യമാകുന്നു. ഇവിടെ ശ്രീ. ഇ.കെ. വിജയൻ അടക്കമുള്ളവർ ഇങ്ങനെ അധികമായി ടാക്സ് ഈടാക്കുന്നത് ശരിയല്ല എന്നുപറയുമ്പോൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന 2010–ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ മൂന്നാമത്തെ സെക്ഷനിൽ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ എട്ടാമതായി പറയുന്നത് 25 രൂപയിൽ കവിയുന്ന സിനിമാ ടിക്കറ്റ് വിലയിൽനിന്നാണ് ഇതിലേയ്ക്കുള്ള അധിക ധനസമാഹരണം നടത്തേണ്ടത് എന്നാണ്. അപ്പോൾ ഇതൊരു പുതിയ കാര്യമല്ല. ഗവൺമെന്റുകൾ തുടർച്ചയാണ്. ശ്രീ. സാജു പോൾ പ്രൊഫഷണൽ നാടക കലാകാരന്മാർക്കുവേണ്ടി സമാന രൂപത്തിൽ ഒരു പ്രൈവറ്റ് ബില്ലും ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അത്തരത്തിൽ നിയമസഭയിൽ നിരവധി സാമാജികർ കൊണ്ടുവന്ന നിർദ്ദേശമാണ്. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ആക്ടിൽ വന്നതാണ് 25 രൂപയിൽ കവിയുന്ന സിനിമാ ടിക്കറ്റ് വിലയിൽനിന്നും സമാഹരിക്കുന്ന തുക ഈ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്നുള്ളത്. അപ്പോൾ അതുമാത്രം വച്ചുകൊണ്ടാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിട്ടുള്ളത്. തീർച്ചയായും ഈ ബില്ലിനെ ആത്മാർത്ഥമായി സ്വാഗതം ചെയ്യു

ന്നു.  സിനിമാ രംഗത്ത് പ്രവർത്തിച്ച് പരിചയമുള്ള  ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് നന്നായി നടപ്പിലാക്കാൻ കഴിയട്ടെ എന്നുകൂടി ആശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സാജു പോൾ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ  കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പത്മശ്രീ ജയറാം തുടങ്ങി ഒരു വലിയ നിര സിനിമാതാരങ്ങൾ, നിർമ്മാതാക്കൾ, സംവിധായകർ.... ഇവരെക്കുറിച്ചൊന്നും സമയക്കുറവുമൂലം ഞാൻ വിശദീകരിക്കുന്നില്ല.   ഇവിടെ ശ്രീ. ഇ.കെ. വിജയൻ സൂചിപ്പിച്ചതുപോലെ ചിക്കാഗോ തെരുവീഥിയിൽ തൊഴിലാളികൾ രക്തം ചിന്തി 8 മണിക്കൂർ തൊഴിൽ, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ  വിനോദം എന്ന അവകാശം നേടിയെടുത്തു. കല, സ്പോർട്സ്, സിനിമ, നാടകം എന്നിവയുൾപ്പെടെ നിരവധി കാര്യങ്ങൾ  വിനോദോപാധികളായി വന്നു. നാടകത്തിന്റെ അവസ്ഥ അറിയാമല്ലോ;  "അടുത്ത ഒരു ബെല്ലോടുകൂടി നാടകം സമാരംഭിക്കും, വേദിയുടെ പുറത്തുള്ള എല്ലാ വിളക്കുകളും അണച്ചുതരണ"മെന്ന് വിളിച്ചുപറഞ്ഞിരുന്ന സ്ഥാനത്ത് ഇപ്പോൾ വേദിയിൽ  വെളിച്ചമെത്തിക്കാൻ കഴിയുന്നില്ല.  അതാണ് നാടകത്തിന്റെ ഇപ്പോഴത്തെ സ്ഥിതി. എല്ലാകാലത്തും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ സ്പോർട്സും എന്റർടെയ്ൻമെന്റുംകൂടി ചേർന്ന് സ്പോർട്ടടെയ്ന്റ്മെന്റാണ്.  ഷോപ്പിംഗും എന്റർടെയ്ൻമെന്റും ചേർന്ന് ഷോപ്പർടെയ്ന്റ്മെന്റാണ്. അതുകൊണ്ടാണ് ഷോപ്പിംഗ് മാളുകളിൽ സിനിമയും മറ്റ് കലാപരിപാടികളും മറ്റും വന്നിട്ടുള്ളത്. സ്പോർട്സിന്റെ ഭാഗ

മായി ചിയർഗേൾസുണ്ട്. ക്രിക്കറ്റ് കളി ആളുകളെ കാണിപ്പിക്കാൻ വേണ്ടി ചിയർഗേൾസിനെ വച്ചിരിക്കുകയാണ്. ഇതെല്ലാം ഇപ്പോൾ പണമുള്ളവർക്ക് വേണ്ടിയുള്ള വിനോദങ്ങളായി മാറിയിരിക്കുകയാണ്. മലയാളത്തിന്റെ ചന്തവും മാധുര്യവും മാതൃഭാഷയുടെ ആഭിമുഖ്യമൊന്നും ഇതിലില്ല എന്നുള ളതാണ് വേറൊരു പ്രശ്നം. അത് നമുക്ക് വളരെ പ്രത്യക്ഷത്തിൽ കാണാവു ന്നതാണ്. സിനിമയിലെ കഥാപാത്രങ്ങളെ തന്നെയെടുക്കാം. ഇന്നിപ്പോൾ സിനിമയിൽ ആഡംബരപ്രിയരായ കഥാപാത്രങ്ങളെയല്ലാതെ അധ്വാനശീലരാ യവരെ നമുക്ക് കാണാൻ പറ്റില്ല. അതിന്റെ ഉദാഹരണങ്ങൾ നിരവധിയുണ്ട്.

മി. സ്പീക്കർ: ശ്രീ. സാജുപോൾ അഭിനയിച്ചത് ഏത് കഥാപാത്രമായിട്ടാണ്?

ശ്രീ. സാജുപോൾ: സർ, അത് കഥാപാത്രമല്ല. ബഹുമാന്യനായ പുരു ഷൻ കടലുണ്ടി പറഞ്ഞതനുസരിച്ച് ഞങ്ങൾ ഒരു പാട്ടുപാടാൻ പോയി. 7 പേർ ചേർന്ന് നന്നാലുവരി പാടുന്ന ഒരു പാട്ടാണ്. അവർ ഞങ്ങൾക്ക് ഈ പാട്ട് ചെവിയിൽ കേൾപ്പിച്ചുതന്നു. അത് ഞങ്ങൾ ഏറ്റു പാടി, അത്രയേയുള്ളു. അപ്പോഴേയ്ക്കും ഞങ്ങളെ സിനിമയിലെടുത്തു എന്ന് പറഞ്ഞു. ഞങ്ങൾ ആർക്കും ഒരു ഭീഷണിയല്ല, ഞങ്ങൾ ഒരു കുഴപ്പവും ഉണ്ടാക്കില്ല. ഇന്നത്തെ സിനിമാതാരങ്ങൾക്കുവേണ്ടിയുള്ള തിരക്കഥയാണ്. അതിൽ ജീവിതഗന്ധി യായ കാര്യങ്ങളൊന്നുമില്ല. കഥയുമായിട്ടൊന്നും ഒരു ബന്ധവുമില്ലാത്ത ഒരുതരം തട്ടുപൊളിപ്പൻ പരിപാടികളാണ്. നമ്മൾ പഴയകാല ചലച്ചിത്ര ഗാന ങ്ങളും നാടക ഗാനങ്ങളും എടുത്താൽ, "മരിക്കാൻ ഞങ്ങൾക്ക് മനസ്സില്ല" എന്നു തുടങ്ങി "നഷ്ടപ്പെടാൻ വിലങ്ങുകൾ............, മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു............., പെരിയാറെ, സ്വപ്നങ്ങളെക്കുറിച്ച്............, കൽപ്പാന്തകാല

ത്തോളം......., താമസമെന്തേവരുവാൻ............., സ്വർണ്ണചാമരം വീശി.........., സന്യാസിനി നിൻപുണ്യാശ്രമത്തിൽ.............., ആത്മവിദ്യാലയമേ..........., മധുരിക്കും ഓർമ്മകളേ, മലർമഞ്ചൽ കൊണ്ടുവരൂ..........., താമസമെന്തേ വരുവാൻ........., കരയുന്നോ പുഴ ചിരിക്കുന്നോ............" അങ്ങനെ എത്രയെത്ര ഗാനങ്ങൾ! ഇപ്പോൾ അതിൽനിന്നൊക്കെ ഒരുപാട് മാറിപ്പോയി. കഥാപാത്ര ങ്ങളും ചലച്ചിത്ര, നാടക ഗാനങ്ങളും കഥാസന്ദർഭങ്ങളുമൊക്കെ പരിശോധി ച്ചുകഴിഞ്ഞാൽ ഈ വ്യത്യാസം മനസ്സിലാകും. ഒരു വിനോദോപാധി എന്നുള്ള നിലയ്ക്ക് സിനിമയെ ജനങ്ങളോട് കൂടുതലടുപ്പിക്കാൻ അതിൽ അധ്വാനത്തിന്റെ മഹത്വം വിളിച്ചോതത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങ ളൊന്നും ഈ മേഖലയിൽ നടക്കാത്തതുകൊണ്ട് കൂടിയാണ് ഞാൻ ഇത്തര ത്തിലൊരു ഭേദഗതി അവതരിപ്പിച്ചത്. ഞാൻ അവസാനിപ്പിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഡിസന്റ് നോട്ട്സ് എഴുതിയ എന്റെ മാന്യ സുഹൃത്തുക്കളായ ശ്രീ. കെ. വി. വിജയദാസ്, ശ്രീ. പി. ടി. എ. റഹീം, ശ്രീ. ഇ. കെ. വിജയൻ എന്നിവർ പറഞ്ഞത് ഹൈക്കോടതിയുടെ സ്റ്റേ ഉണ്ട്, ഇത് സബ്ജുഡീസ് ആണ്, ഈ ബിൽ പാസാകുകയാണെങ്കിൽത്തന്നെ ഇത് പ്രാവർത്തികമാക്കാനും പറ്റില്ലെന്നാണ്. ഒരു തിയേറ്റർ ഉടമ തൊട്ടുമുമ്പുള്ള മാസം വരെയുള്ള വിനോദനികുതി അടയ്ക്കാത്ത പക്ഷം സിനിമാ തിയേ റ്ററിന്റെ ലൈസൻസോ പെർമിറ്റോ പുതുക്കി നൽകാതിരിക്കരുതെന്ന് മാത്ര മാണ് ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. ഓർഡിനൻസിലെ വ്യവസ്ഥകളൊന്നും ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. 2010-ൽ കഴിഞ്ഞ ഗവൺമെന്റ് പാസാക്കിയ കേരള കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫയർ ഫണ്ട് ആക്ടിൽ പറഞ്ഞ കാര്യ

ങ്ങളാണ് ഇവിടെ ചെയ്യുന്നത്. ഇത് കഴിഞ്ഞ പ്രാവശ്യത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ബേബിയാണ്. ഞങ്ങൾ അതിനെ കുളിപ്പിച്ച് കുറച്ച് പൗഡറൊക്കെ ഇട്ട് വൃത്തിയാക്കി ഒക്കത്തുവയ്ക്കുന്നുവെന്ന് മാത്രമേയുള്ളു. 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റിന് 3 രൂപ വരെ സെസ്സ് വാങ്ങാമെന്ന് അതിൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ഞങ്ങളും പറയുന്നത്. ഇപ്പോൾ ആഡ് ചെയ്തത് ഇലക്ട്രോണിക് ടിക്കറ്റിംഗ് മാത്രമാണ്. അത് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വളരെ വലിയൊരു സഹായകമായിരിക്കും. കാരണം ഇപ്പോൾ കളക്ഷന്റെ 33 ശതമാനംപോലും എന്റർടൈയിൻമെന്റ് ടാക്സ് കിട്ടുന്നില്ല. അതുകൊണ്ട് മാത്രമാണ് പെട്ടെന്ന് ഇത് നടപ്പിലാക്കണമെന്ന് പറഞ്ഞത്. 3 രൂപ എന്നുള്ളത് ചിലപ്പോൾ കൂടുതലായിരിക്കാം എമൗണ്ട് ഫിക്സ് ചെയ്തിട്ടില്ല. അതിന്റെ റൂൾസ് ഉണ്ടാക്കുന്ന സമയത്ത് വേണമെങ്കിൽ അഡ്ജസ്റ്റ് ചെയ്യാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഈ ഓർഡിനൻസ് വന്നിട്ട് കുറച്ചുനാൾ ആയല്ലോ. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ എവിടെയെങ്കിലും 3 രൂപ പിരിച്ചിട്ടുണ്ടോ? ഇപ്പോൾ ഹൈക്കോടതി സ്റ്റേ ഉണ്ട്. ഏപ്രിൽ 3-ാം തീയതി സ്റ്റേയുടെ കാലാവധി രണ്ട് മാസം കൂടി എക്സ്റ്റന്റ് ചെയ്തു. ഇതുപ്രകാരം രണ്ടുമാസം കഴിഞ്ഞിട്ടേ സെസ് പിരിക്കാൻ പാടുള്ളു എന്നാണ് ജസ്റ്റീസ് സുരേന്ദ്ര മോഹന്റെ ഉത്തരവ്. ഓർഡിനൻസ് സ്റ്റേ ചെയ്തിട്ടില്ല എന്നത് ശരിയാണ്. സെസ് പിരിക്കുന്നത് കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ ഇപ്പോൾ എവിടെയും സെസ് പിരിക്കുന്നില്ലല്ലോ? ഇനി ഓർഡിനനൻസ് ചോദ്യം ചെയ്തേക്കാം. പക്ഷേ ഇപ്പോഴത്തെ അവസ്ഥയിൽ നികുതി പിരിക്കാൻ പറ്റുമോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സെസ് പിരിക്കുന്നതിനെ കോടതി സ്റ്റേ ചെയ്തിട്ടില്ല. ഒരു തിയേറ്ററിന്റെ ഉടമസ്ഥൻ തൊട്ടുമുമ്പത്തെ മാസം വരെയുള്ള വിനോദനികുതി അടയ്ക്കാത്ത പക്ഷം സിനിമാതീയേറ്ററിന്റെ ലൈസൻസോ പെർമിറ്റോ തദ്ദേശാധികാരസ്ഥാനം പുതുക്കി നൽകാൻ പാടില്ലയെന്നാണ് ഓർഡിനൻസിലുള്ളത്. അത് ശരിയല്ല, അത് പുതുക്കി നൽകണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. സ്റ്റേ ചെയ്തിരിക്കുന്നത് ഇത് മാത്രമാണ്.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: കോടതി വിധി WP(C) No. 4795/2013-ൽ പറയുന്നത് – "..........to stay the collection of levy pursuing to the ordinance or otherwise pending disposal of the above writ petition.........." എന്നാണ്. ഏപ്രിൽ മാസം 3-ാം തീയതി ഓർഡർ "...Interim Order is extended by 2 months......." എന്നും പറഞ്ഞ് ഉത്തരവിറക്കിയിട്ടുണ്ട്. പിന്നെ പിരിവ് നടത്തുന്നതിന് സ്റ്റേയില്ലെന്ന് അങ്ങ് പറയുന്നത് ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ്?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: Interim Order is extended by 2 months എന്നാണ്. ഒർജിനൽ ഓർഡറിൽ പറഞ്ഞിട്ടുള്ളത് ലൈസൻസ് റിന്യൂ ചെയ്ത് കൊടുക്കാതിരിക്കരുതെന്ന് മാത്രമാണ്. അതല്ലാതെ സെസ്സ് പിരിക്കരുതെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഇതൊക്കെ ഞങ്ങൾ വളരെയധികം ശ്രദ്ധിച്ചിട്ടുള്ള കാര്യമാണ്. ഇതുവരെ സെസ് പിരിക്കാൻ തുടങ്ങിയിട്ടില്ലെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് സത്യമാണ്. അതിന് ഇലക്ട്രോണിക് മെഷീൻ ഇൻട്രോഡ്യൂസ് ചെയ്യണം. അത് ഈ നിയമം പാസ്സാക്കിയതിനു

ശേഷം ചെയ്യാമെന്നുള്ള നിലയിലാണ് വച്ചിട്ടുള്ളത്. ഒരു സംശയവുമില്ല, ഈ നിയമം പാസ്സാക്കിയ ഉടൻ തന്നെ ഇലക്ട്രോണിക് മെഷീൻ സ്ഥാപിച്ചു കൊണ്ട് സെസ് കളക്ഷനുള്ള ഏർപ്പാടുകൾ ചെയ്യും. അത് മൂന്ന് രൂപയാണോ രണ്ട് രൂപയാണോ ഒരു രൂപയാണോ എന്നതൊക്കെ വീണ്ടും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം.

(ഭേദഗതികൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ പ്രസ്സ് ചെയ്തില്ല.)

<u>മി. സ്പീക്കർ</u> : ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേഗദതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>Smt P. Aisha Potty</u> : Sir, I move the following amendment,

107. In section 3C(1) proposed to be inserted in the principal Act by clause 2, after the word "cess" insert the words, "named the Kerala Cultural Activists Welfare Cess".

Shri Joseph Vazhackan : Sir, I move the following amendments,

108. In section 3C(1) proposed to be inserted in the principal Act by clause 2 for the words "such rate not exceeding three rupees on each admission to cinema, the price of admission to which exceed twenty five rupees" substitute the words "at the rate of two rupees on each admission to cinema costing rupees fifty or below and at the rate of three rupees for each admission to cinema costing above rupees fifty".

114. In Section 3C(1) proposed to be inserted in the Principal Act by Clause 2, for the words “twenty five rupees”, substitute the words “Ninteen rupees”.

Shri M. Hamsa: Sir, I move the following amendments,

111. In Section 3 C (1) proposed to be inserted in the Principal Act by clause 2, for the words " three rupees " substitute the words " five rupees".

131. In section 3C (4) proposed to be inserted in the Principal Act by clause (2), for the words “one and a half” substitute the word “four”.

Shri Purushan Kadalundi : Sir, I move the following amendment,

119. In Section 3 C(2) proposed to be inserted in the Principal Act by clause 2, for the words "along with the tax on each price for admission to cinema" substitute the words "on each admission to cinema".

Shri. Kodiyeri Balakrishnan : Sir, I move the following amendment,

122. In Section 3C(2) proposed to be inserted in the principal Act, by clause (2), add the following at the end." Before notifying the rate of tax Government shall take steps to amend section 6 of the said Act to widen the said fund so as to receive the cess into the fund as contribution."

Smt. K. S. Saleekha : Sir, I move the following amendment,

123. Section 3C(3) proposed to be inserted in the principal Act by clause 2 shall be deleted.

Shri T. A. Ahammed Kabeer : Sir, I move the following amendments,

124. In Section 3 C (3) proposed to be inserted in the Principal Act by clause 2, after the words and figure “sub section(2)” insert the words “ less collection charges”.

134. കി ലെരശേീ 3ഇ (5) ൂ്യീുീലെറ ീ യല ശിലെ്യേലറ ശി വേല ൃുശിരശുമഹ അരേ യ്യ രഹമൗലെ (2), ളീൃ വേല ംീൃറ െ□ൃുലശെറലിേ ീൃ വേല രവമശൃുലൃ്യീി ംവലൃല്ലൃ ശേ ീരരൗൃെ□, വേല ംീൃറ □രമവെശലൃ□ വെമഹഹ യല ൌയശെേശൗലേറ.

Shri M. A. Vaheed : Sir, I move the following amendment,

126. In Section 3C(4) proposed to be inserted in the principal Act by clause 2, for the words “one and a half per cent” substitute the words “two per cent.”

Shri K. Muraleedharan : Sir, I move the following amendment,

127. In Section 3C(4) proposed to be inserted in the principal Act by clause 2, for the words “one and a half per cent” substitute the words “two and a half per cent.”

Shri K. Suresh Kurup: Sir, I move the following amendment,

133. In section 3C (5) proposed to be inserted in the principal Act by clause (2), delete the words “and the President or the Chairperson” wherever it occurs.

സെക്ഷൻ 3 സി(5)–ൽ കളക്ട് ചെയ്യുന്ന വിനോദ നികുതി ഗവൺമെന്റി ലേയ്ക്ക് ഒരു കാലാവധിക്കുള്ളിൽ അടയ്ക്കണമെന്നും അല്ലാത്തപക്ഷം അതിന്റെ പിഴയടക്കം സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും അല്ലെങ്കിൽ ചെയർപേഴ്സന്റെയും പക്കൽനിന്നും ഈടാക്കുമെന്നുമാണ് പറഞ്ഞിരിക്കുന്ന ത്. അതൊരു ജനാധിപത്യവിരുദ്ധമായ ക്ലാസാണ്. പഞ്ചായത്തിൽ ഉദ്യോഗ സ്ഥർ വീഴ്ച വരുത്തുന്നൊരു കാര്യത്തിന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെമേൽ പിഴ ചുമത്തുകയെന്ന് പറഞ്ഞാൽ പാർലമെന്റ് മുഖ്യമ ന്ത്രിയുടെമേൽ പിഴ ചുമത്തുന്ന ഒരു നിയമം പാസ്സാക്കുന്നതുപോലെയാണ്. അത് തികച്ചും ജനാധിപത്യവിരുദ്ധമായ ക്ലാസാണ്. ആ ക്ലാസ് മാറ്റണം. “പഞ്ചായത്ത് പ്രസിഡന്റ് ഓർ ചെയർപേഴ്സൺ” എന്നുള്ളത് മാറ്റണം.

Shri. James Mathew : Sir, I move the following amendment,

135. In section 3 C(5) proposed to be inserted in the Principal Act by clause 2, for the words “for all belated payments” substitute the words, “ for the delay in payments”

Shri. A. M. Arif : Sir, I move the following amendment,

136. In section 3 C (5) proposed to be inserted in the principal Act, by clause 2, for the word “penalty” substitute the word, “ interest ”

Shri Babu M. Palissery : Sir, I move the following amendment,

137. In section 3C (5) proposed to be inserted in the principal Act, by clause 2, after the word " realised" the word "equally " shall be inserted.

Shri V. Chenthamarakshan : Sir, I move the following amendment,

138. In section 3C (5) proposed to be inserted in the principal Act, by clause 2, for the words "such secretary and president or chairperson" substitute the words "the secretary and the president or the chairperson."

ശ്രീ. മഞ്ഞളാംകുഴി അലി: ശ്രീ. എ. കെ. ബാലന്റെ 121 അമന്റ്മെന്റ് മൂവ് ചെയ്തിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നത് "to be specified by the Government by notification in the Gazette from time to time" എന്നതിൽ to be specified എന്നുള്ളത് മാറ്റി "as may be specified by the Government by notification in the Gazette from time to time." എന്ന വ്യത്യാസം വരുത്തിക്കൊണ്ട് ഞാൻ ഓറൽ അമന്റ്മെന്റായി മൂവ് ചെയ്യുകയാണ്.

121. In Section 3C(2) proposed to be inserted in the principal Act by clause (2), for the words “Sepecified by the Government” substitute the words “as may be specified by the Government by notification in the Gazette from time to time.”

ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 133–ാം അമെന്റ്മെന്റിൽ “and the president or the chairperson” എന്ന് പറയാൻ പറ്റില്ല. കാരണം ഇത് കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കുമുള്ളതാണ്. അവിടെ പ്രസിഡന്റ് ഇല്ല ചെയർപേഴ്സൺ മാത്രമാണ് ഉള്ളത്. മറ്റു ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ അമെന്റ്മെന്റ് സഭ അംഗീകരിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 107–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 108, 114 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 111, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 119–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 122–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 124, 134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജെയിംസ് മാത്യൂ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>3–ാം വകുപ്പ്</u>

<u>Shri K. Suresh Kurup</u>: Sir, I move the following amendment.

140. Delete clause 3 (c)

ഈ ക്ലോസ് പ്രകാരം ഈ ഇൻസ്ട്രമെന്റ് ഇൻസ്റ്റാൾ ചെയ്യുന്നതിന്റെ ചാർജ്, ടിക്കറ്റിനോടൊപ്പം സർവീസ്ചാർജായി ജനങ്ങളുടെ കൈയിൽനിന്ന് ഈടാക്കണമെന്നാണ്. അത് എത്രകാലം ഈടാക്കും; എങ്ങനെ ഈടാക്കും; അനന്തമായി അത് തുടരുമോ; അതുമാത്രമല്ല, അത് ഇൻസ്റ്റാൾ ചെയ്യുന്നതിന്റെ ചാർജ് ടിക്കറ്റിനോടൊപ്പം ഈടാക്കുന്നത് ശരിയാണോ? ഇത് എല്ലാ ഭാരവും ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന നടപടിയാണ്. ആ ക്ലാസ് ഡിലീറ്റ് ചെയ്യണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ടിക്കറ്റിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്യുന്നതിന് ഒരു ടിക്കറ്റിന് 25 പൈസയാണ് ചാർജ് ചെയ്യുന്നത്. മൂന്ന് രൂപ ചാർജ് ചെയ്യണമെന്നുണ്ടെങ്കിൽ അതിൽനിന്ന് കൊടുക്കാം. അതിന് അഡീഷണലായി ചാർജ് ചെയ്യേണ്ട കാര്യമില്ല. എന്നിരുന്നാലും അത് വീണ്ടും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നുണ്ട്.

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റി കഴിഞ്ഞല്ലോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, റൂൾസ് ഉണ്ടാക്കുന്നുണ്ട്. അപ്പോൾ ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 140-ാം നമ്പർ ഭേദഗതി അങ്ങ് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ...............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

## 4-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ...............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri Raju Abraham: Sir, I move the following amendments.

146. In section 11(2)(c) proposed to be inserted in the principal Act by clause 5, delete the words; "and paid towards installation and maintenance of hardware and software applications for generating tickets in the electronic form under sub-section (3) of Section 5"

147. After section 11(2)(c) proposed to be inserted in the principal Act by clause 5, add the following namely;
"(d) for fixing the rate of collection charges."

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീന്റെ 144-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 145-ാം നമ്പർ ഭേദഗതിയും മൂവ് ചെയ്യാൻ കഴിയില്ല, സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ക്ലാസ് 5 ഡിലീറ്റ് ചെയ്യണമെന്നാണ് പറയാനുള്ളത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 146, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ...............

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ...............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സിനിമ കാണുന്ന ആളുകളെല്ലാം മൂന്ന് രൂപ കൊടുക്കണമെന്നുപറഞ്ഞാൽ......... തുടക്കത്തിൽ ഒരു രൂപ വയ്ക്കാവുന്നതാണ്. മൂന്ന് രൂപയായതുകൊണ്ട് ഞങ്ങൾക്ക് ഇതിനെ അനുകൂലിക്കാൻ കഴിയില്ല. പൊതു അഭിപ്രായസമന്വയം ഇതിൽ ഉണ്ടായിട്ടില്ല. സിനിമാതീയറ്ററിൽ പോകുന്നവർ മൂന്ന് രൂപ ലെവി കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇതിൽ upto three rupees എന്നാണ് പറഞ്ഞിട്ടുള്ളത്. മൂന്ന് രൂപ എന്ന് ഫിക്സ് ചെയ്തിട്ടില്ല.

മി. സ്പീക്കർ: 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ...............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. എം. ഹംസ
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. കെ. കെ. ജയചന്ദ്രൻ
15. ശ്രീ. ജോസ് തെറ്റയിൽ
16. ശ്രീ. സി. കൃഷ്ണൻ
17. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
18. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
19. ശ്രീ. കോവൂർ കുഞ്ഞുമോൻ
20. ശ്രീമതി കെ. കെ. ലതിക
21. ശ്രീ. മാത്യു റ്റി. തോമസ്
22. ശ്രീ. സി. കെ. നാണു

23. ശ്രീ. എ. പ്രദീപ്കുമാർ
24. ശ്രീ. പുരുഷൻ കടലുണ്ടി
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ശ്രീ. പി. റ്റി. എ. റഹീം
27. ശ്രീ. ആർ. രാജേഷ്
28. ശ്രീ. റ്റി. വി. രാജേഷ്
29. ശ്രീ. രാജു എബ്രഹാം
30. ശ്രീ. മുല്ലക്കര രത്നാകരൻ
31. ശ്രീമതി കെ. എസ്. സലീഖ
32. ശ്രീ. ബി. സത്യൻ
33. ശ്രീ. വി. ശിവൻകുട്ടി
34. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
35. ശ്രീ. ജി. സുധാകരൻ
36. ശ്രീ. വി. എസ്. സുനിൽ കുമാർ
37. ശ്രീ. കെ. സുരേഷ് കുറുപ്പ്
38. ശ്രീ. പി. തിലോത്തമൻ
39. ശ്രീ. ഇ. കെ. വിജയൻ

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്

3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. റ്റി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ശ്രീ. എ. റ്റി. ജോർജ്
18. ശ്രീ. പി. സി. ജോർജ്
19. ശ്രീ. ഹൈബി ഈഡൻ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. ജോസഫ് വാഴക്കൻ
23. ശ്രീ. വർക്കല കഹാർ
24. ശ്രീ. റ്റി. യു. കുരുവിള

25. ശ്രീ. ലൂഡി ലൂയിസ്

26. ശ്രീ. പി. എ. മാധവൻ

27. ശ്രീ. സി. മമ്മൂട്ടി

28. ശ്രീ. കെ. എം. മാണി

29. ശ്രീ. കെ. പി. മോഹനൻ

30. ശ്രീ. സി. മോയിൻകുട്ടി

31. ശ്രീ. മോൻസ് ജോസഫ്

32. ശ്രീ. സി. പി. മുഹമ്മദ്

33. ശ്രീ. ആര്യാടൻ മുഹമ്മദ്

34. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

35. ഡോ. എം. കെ. മുനീർ

36. ശ്രീ. കെ. മുരളീധരൻ

37. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

38. ശ്രീ. ഉമ്മൻ ചാണ്ടി

39. ശ്രീ. അടൂർ പ്രകാശ്

40. ശ്രീ. ടി. എൻ. പ്രതാപൻ

41. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

42. ശ്രീ. പാലോട് രവി

43. ശ്രീ. വി. പി. സജീന്ദ്രൻ

44. ശ്രീ. എൻ. ശക്തൻ

45. ശ്രീ. വി. ഡി സതീശൻ

46. ശ്രീ. ഷാഫി പറമ്പിൽ

47. ശ്രീ. കെ. എം. ഷാജി

48. ശ്രീ. എൻ. ഷംസുദ്ദീൻ

49. ശ്രീ. ഷിബു ബേബി ജോൺ

50. ശ്രീ. കെ. ശിവദാസൻ നായർ

51. ശ്രീ. വി. എസ്. ശിവകുമാർ

52. ശ്രീ. സണ്ണി ജോസഫ്

53. ശ്രീ. സി. എഫ്. തോമസ്

54. ശ്രീ. പി. ഉബൈദുള്ള

55. ശ്രീ. എം. ഉമ്മർ

56. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

57. ശ്രീ. എം. എ. വാഹീദ്

58. ശ്രീ. എം. പി. വിൻസെന്റ്

| | | |
|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | – 58 |
| | പ്രതികൂലിക്കുന്നവർ | – 39 |
| | നിഷ്പക്ഷത പാലിക്കുന്നവർ | – ആരുമില്ല |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസായിരിക്കുന്നു.

### 3) 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം.കെ. മുനീർ: സർ, എല്ലാം ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയി തിരിച്ചുവന്നിരിക്കുകയാണ്. കൂടുതലായി അവസാനം സംസാരിക്കാം.

മി. സ്പീക്കർ: ഇതിൽ 4 പേർ വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ 2 പേർ പ്രസംഗിക്കാനുമുണ്ട്. എന്താണ് വേണ്ടതെന്ന് നിങ്ങൾ തീരുമാനിക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, 5 കാരണങ്ങൾ കൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങളിതിനോട് വിയോജിച്ചത്. ആ 5 കാരണങ്ങൾ 5 മിനിറ്റ് കൊണ്ട് പറഞ്ഞവസാനിക്കാം. ഒന്ന്, നികുതി വർദ്ധനവ് ഏക പക്ഷീയമായി 25 ശതമാനം ബില്ലിൽ അടിച്ചേൽപ്പിക്കുകയാണ്. ഇത് അപ്രായോഗികമായ നികുതി വർദ്ധനവാണ്. കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് കൊടുക്കേണ്ടതുണ്ട്. ആ സ്ഥാപനങ്ങളെ നല്ല നിലയിൽ സാമ്പത്തികമായി സഹായിക്കാൻ ബാദ്ധ്യതയുള്ള ഗവൺമെന്റ് ആ ഉത്തരവാദിത്തത്തിൽനിന്ന് പിന്മാറി പകരം ഇങ്ങനെയൊരു നികുതിവർദ്ധനവ് അടിച്ചേൽപ്പിക്കുന്നത് ശരിയല്ലെന്നാണ് ഞങ്ങളുടെ നിലപാട്. പഞ്ചായത്തുകളും പൊതുജനങ്ങളും തമ്മിലുള്ള ശണ്ഠ വർദ്ധിപ്പിക്കുന്ന സംവിധാനമായി ഇത് മാറും. കെട്ടിടങ്ങൾക്കും വീടുകൾക്കും വസ്തുക്കൾക്കും ഒക്കെ കാലപ്പഴക്കം വരാനിടയുണ്ട്. കാലപ്പഴക്കം ഒന്നുപോലും പരിഗണിക്കാതെ ഏകപക്ഷീയമായി എല്ലാ 5 വർഷം കൂടുമ്പോഴും 25 ശതമാനം വർദ്ധനവ് എന്നുള്ളത് പ്രായോഗികമായ നിർദ്ദേശമല്ല, അത് യാന്ത്രികമായ നിർദ്ദേശമാണ്. വൻകിട കെട്ടിട നിർമ്മാതാക്കൾക്കും ഫ്ളാറ്റ് നിർമ്മിക്കുന്നവർക്കുമൊക്കെ വലിയ തോതിലുള്ള ഇളവ് ഈ ഗവൺമെന്റ് വരുത്തിക്കൊടുക്കുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളെല്ലാം പറയാൻ തയ്യാറായിട്ടാണ് വന്നത്. സമയം വൈകിയതുകൊണ്ട് ഞാൻ അത് പറയുന്നില്ല. നാഷണൽ ബിൽഡിംഗ് റൂൾ അനുസരിച്ച് ബഹുനില കെട്ടിടങ്ങൾ പണിയുമ്പോൾ ഉയരത്തിന് ആനുപാതികമായി ചുറ്റുഭാഗത്തും സ്ഥലം ഒഴിച്ചിടമെന്നുണ്ട്.

ഇന്നലെ അരൂരിൽ ഒരപകടമുണ്ടായി. നാഷണൽ ബിൽഡിംഗ് റൂൾ അനുസരിച്ച് ബഹുനില കെട്ടിടത്തിന്റെ നാലുഭാഗത്തും 5 മീറ്റർ വീതിയിൽ റോഡ് പണിയണം, തീപിടുത്തമുണ്ടായാൽ ഫയർഎഞ്ചിന് പ്രവേശിക്കാനും ആളുകളെ സുരക്ഷിതമായി ഒഴിപ്പിക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങ ളുമുണ്ട്. ഇതെല്ലാം മുനിസിപ്പൽ നിയമത്തിൽ ഇപ്പോൾ ദേഭഗതി ചെയ്തു. ഞാൻ പറഞ്ഞുവന്നത് വൻകിട കെട്ടിട നിർമ്മാതാക്കൾക്കും ഫ്ളാറ്റ് നിർമ്മാതാക്കൾക്കും സഹായകരമായ നിരവധി ഇളവുകൾ ഒരുഭാഗത്ത് നൽകുക, മറുഭാഗത്ത് പാവപ്പെട്ട പഴയ കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് ആനുപാതികമായി യാതൊരു പരിഗണനയുമില്ലാതെ ഏകപക്ഷീയമായി നികുതി അടിച്ചേൽപ്പിക്കുകയെന്നുള്ളതാണ് ഈ നിർദ്ദേശത്തിൽ വന്നിട്ടു ള്ളത്. അത് ഒരുകാരണവശാലും ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. രണ്ടാമതായി, അബ്കാരി ബില്ലിൽ കാതലായ ഒരു മാറ്റം വന്നിരിക്കുകയാണ്. അബ്കാരി ഷോപ്പുകൾക്ക് അനുമതി നൽകാനുള്ള അധികാരം സർക്കാർ കയ്യൊഴിഞ്ഞ് പഞ്ചായത്തുകൾക്ക് നൽകാനാണ് വ്യവസ്ഥ ചെയ്തിരി ക്കുന്നത്. യഥാർത്ഥത്തിൽ ഇത് അഴിമതിയെ വികേന്ദ്രീകരിക്കുന്ന ഏർപ്പാടാ യാണ് മാറാൻ പോകുന്നത്. ഇന്നലെപ്പോലും എക്സൈസ് വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് ദൃശ്യമാധ്യമങ്ങളിലൂടെ സംസാരിക്കുന്നുണ്ടായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അബ്കാരി ലൈസൻസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് അധികാര ദുർവിനിയോഗവും അഴിമതിയും നടത്തിക്കൊണ്ടിരി ക്കുകയാണ്. കെ.സി.ബി.സി.യുടെ (കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ) ചർച്ചയിൽ എക്സൈസ് വകുപ്പുമന്ത്രി പങ്കെടുത്തപ്പോൾ, നിങ്ങൾക്ക് ഉത്തമ ബോദ്ധ്യമുണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കുക

യോ, അന്വേഷണം നടത്തുകയോ ചെയ്യുമോയെന്ന് ആവർത്തിച്ച് ചോദിച്ചപ്പോൾ മന്ത്രിക്ക് മറുപടി പറയാൻ സാധിച്ചില്ല. കേരളത്തിന്റെ എക്സൈസ് വകുപ്പുമന്ത്രിപോലും ഇത് വലിയ അധികാര ദുർവിനിയോഗത്തിനും അഴിമതിക്കും വഴിവെയ്ക്കുമെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിലാണ് ഈ ഭേദഗതി വരുന്നത്. അഴിമതിയെ വികേന്ദ്രീകരിക്കാനുള്ള നിർദ്ദേശമായാണ് ഇത് സംഭവിക്കാൻ പോകുന്നത്. ചില ഒറ്റപ്പെട്ട തുരുത്തുകൾ കേരളത്തിൽ ഉണ്ടാകും. കേരളത്തിൽ മദ്യം ധാരാളമായി കിട്ടുന്ന ചില പഞ്ചായത്തുകളും മദ്യം കിട്ടാത്ത ചില പഞ്ചായത്തുകളുമുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ഒരു പോളിസി നടപ്പാക്കുന്നതിനുപകരം പ്രാദേശികമായി വികേന്ദ്രീകരിച്ചുകൊടുത്ത് പഞ്ചായത്ത് മാറിയാൽ ബാർ ലൈസൻസ് ഉണ്ടാകുന്ന സ്ഥിതിവിശേഷം കേരളത്തിലെ സാമൂഹിക ജീവിതത്തിൽ വലിയ പ്രയാസങ്ങളുണ്ടാക്കും. കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് പോകുന്നതിനിടയിൽ മാഹിയിൽ എത്തിയാൽ മദ്യത്തിന്റെ ഒഴുക്കാണെന്ന് നമുക്കറിയാം. മാഹി ഒരു മദ്യഗ്രാമമായി നമ്മുടെ സംസ്ഥാനത്തിനകത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിരവധി മദ്യഷോപ്പുകൾ അവിടെ പ്രവർത്തിക്കുന്നു. മയ്യഴിക്ക് സമാനമായിട്ടുള്ള നിരവധി മയ്യഴി ഗ്രാമങ്ങൾ കേരളത്തിൽ ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോവുകയാണ്. ‘മയ്യഴിപ്പുഴയുടെ തീരങ്ങൾ’ എന്ന എം. മുകുന്ദന്റെ നോവലിന് സമാനമായ നിലയിൽ മദ്യപ്പുഴയുടെ തീരങ്ങൾ എന്നുപറയാവുന്ന നിലയിലുള്ള ചില മദ്യഗ്രാമങ്ങളെ ഉണ്ടാക്കാൻ സഹായിക്കുമെന്നല്ലാതെ ഇതുകൊണ്ട് ഒരു മാറ്റം ഉണ്ടാകാൻ പോകുന്നില്ല. ചിലർക്ക് ലൈസൻസ് കൊടുക്കുകയും ചിലർക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്ന രീതിയിൽ കേരളത്തിലൊരു സമാനമായ

നിയമനിർമ്മാണം ഇല്ലാത്ത സ്ഥിതിവിശേഷമുണ്ടാകും. മാത്രമല്ല, തർക്കമുള്ളിടത്ത് ഇടപെടാൻ ഈ നിയമത്തിൽ അധികാരമില്ല. യഥാർത്ഥത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഏതെങ്കിലും മദ്യശാലകളെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഇടപെടാനോ അതിനുമുകളിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനോ നിലവിൽ അധികാരം കൊടുക്കുന്ന യാതൊന്നും ഈ നിയമത്തിലില്ല. കേരളത്തിന്റെ മദ്യനിരോധനം ഉൾപ്പെടുന്ന മദ്യഉപഭോഗം കുറയ്ക്കുവാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള നിയമമായി ഇതിനെ പരിഗണിക്കാൻ പറ്റില്ല. അഴിമതിയുടെ വികേന്ദ്രീകരണമാണ് ഇതിന്റെ ഭാഗമായി സംഭവിക്കാൻ പോകുന്നത്. മൂന്നാമത്തെ നിർദ്ദേശം, പുറമ്പോക്കെല്ലാം കയ്യേറുന്ന ആളുകൾക്ക് പിഴ ഈടാക്കി നിയമനാസൃതമാക്കി കൊടുക്കാനുള്ള നിർദ്ദേശമാണ്. പുറമ്പോക്ക് കയ്യേറുന്ന ആളുകളോട് അങ്ങനെയൊരു സമീപനം സ്വീകരിക്കുമ്പോൾ..... രണ്ടുതരത്തിലുള്ള കയ്യേറ്റമുണ്ട്. തെരുവിൽ കിടന്നുറങ്ങുന്ന ജീവിക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ടവരായ ആളുകൾ പുറമ്പോക്കിൽ താമസിക്കുന്നവരുണ്ടാകാം. അതുപോലെ പൊതുസ്വത്ത് കയ്യടക്കി അവിടെ കെട്ടിടങ്ങളുണ്ടാക്കിയും വ്യവസായ സ്ഥാപനങ്ങൾ പടുത്തുയർത്തിയും നടത്തുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളുമുണ്ട്. ഇതുരണ്ടും രണ്ടായി തരംതിരിച്ച് നിലപാട് സ്വീകരിക്കുന്നതിനുപകരം പുറമ്പോക്ക് കയ്യേറുന്നവർക്കെല്ലാം ഒരേ തരത്തിലുള്ള നിയമാനുസൃതമാക്കി അവരെ അംഗീകരിച്ചുകൊടുക്കുന്ന ഒരു നിർദ്ദേശം ഇതിൽ വന്നിട്ടുണ്ട്. പഞ്ചായത്തിലും നഗരത്തിലും ഇത് ഏതു രീതിയിൽ വരുമെന്നുള്ളത് ഈ ഭേദഗതിയിൽ വ്യക്തമല്ലാത്തുകൊണ്ട് കയ്യേറ്റക്കാർക്ക് സഹായകരമായ, ഇന്നലെ വരെ കയ്യേറിയത് ശരിയാണെന്ന് തോന്നിക്കുന്ന നിലയിലുള്ള നിർദ്ദേശമാണ് വന്നിട്ടുള്ളത്. അതും യാതൊരു

കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ വിയോജിക്കുന്നത്. മറ്റൊന്ന്, ഗ്രാമസഭകൾ നമ്മുടെ ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും ഏറ്റവും അടിസ്ഥാനപരമായ ഒരു കരുത്താണ്. ആ ഗ്രാമസഭ കൂടുവാനുള്ള  സമയം ഓരോ സമ്മേളനം വരുമ്പോഴും താഴെത്തട്ടിലുള്ള സമ്മർദ്ദംകൊണ്ട് നീട്ടിക്കൊടുക്കുകയാണ്. ഗ്രാമസഭകൾ ചേരാതിരിക്കുകയെന്നുപറഞ്ഞാൽ അതിന്റെ അർത്ഥം അധികാരവികേന്ദ്രീകരണത്തെ  തകർക്കുകയെന്നാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ദീർഘമായി പോകുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ഇല്ല. ഞാൻ അവസാനിപ്പിക്കുകയാണ്. 5 മിനിട്ടാണ് ഞാൻ പറഞ്ഞിരുന്നത്. അത് ആകുന്നതേയുള്ളു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 6 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ഇല്ല.  5 മിനിട്ട് 45 സെക്കന്റാണ് ആയത്. 5 പോയിന്റിൽ 4 പോയിന്റ് ഞാൻ ഇതിനകം പറഞ്ഞുകഴിഞ്ഞു. ഗ്രാമസഭകൾ ചേരുന്നതിനാവശ്യമായ സഹായങ്ങളും സാമ്പത്തിക പിന്തുണയും കൊടുത്ത് ഗ്രാമീണ കുടുംബ സംഗമങ്ങളാക്കി അതിനെ വിപുലീകരിച്ച് അത് ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുപകരം ഗ്രാമസഭകൾ നിങ്ങൾ ചേരണ്ട എന്നുപറയുകയാണ്. ചേരേണ്ട സമയം വീണ്ടുംവീണ്ടും നീട്ടിക്കൊടുക്കുക യാണ്. ആദ്യം ഒരു തവണ, പിന്നീട് രണ്ടു തവണ, മൂന്നു തവണ. അതായത് ഒന്നോ രണ്ടോ മൂന്നോ വർഷം കൂടിയാൽ മതിയെന്ന നിർദ്ദേശം വരുമ്പോൾ അടുത്ത ഭേദഗതി. അങ്ങനെയല്ല അതിനെ കൈകാര്യം ചെയ്യേണ്ടത്. ഗ്രാമസഭ ചേരാനാവശ്യമായ സാമ്പത്തിക സഹായം കൊടുക്കണം. അതിനെ ഗ്രാമീണ

കുടുംബ–മതേതര സംഗമങ്ങളാക്കി വളർത്തിയെടുക്കാനാവശ്യമായ നിർദ്ദേശ ങ്ങൾ കൊടുക്കണം. അങ്ങനെ ഗ്രാമസഭകൾ ചേരുന്നുണ്ടെന്ന് ഉറപ്പുവരു ത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെടുത്തുവാനുള്ള ഏറ്റവും നല്ല ആയുധമായ ഗ്രാമസഭയെ ദുർബലപ്പെടുത്തുന്ന ഈ നിർദ്ദേശം അംഗീകരിക്കാൻ സാദ്ധ്യമല്ല. അതു കൊണ്ട് ഞങ്ങൾ വിയോജനക്കുറിപ്പ് എഴുതിയിട്ടുണ്ട്. മറ്റൊന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചില ഇളവുകൾ ഈ ഭേദഗതിയിൽ പറയുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന പൊതുപ്പട്ടികയിൽ അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾകൂടി കടന്നുവരികയാണ്. കുട്ടികളിൽനിന്ന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്ന, ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളിൽ നിന്ന് നല്ല ഫീസ് ഈടാക്കുന്ന അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് സർക്കാർ സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും കൊടുക്കു ന്നതുപോലുള്ള ആനുകൂല്യം കൊടുക്കുന്നത് എന്തിന്റെ അടിസ്ഥാനത്തി ലാണ്; യഥാർത്ഥത്തിൽ മുമ്പ് അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങ ളേയും കുട്ടികളിൽനിന്ന് ഫീസ് ഈടാക്കുന്നവരേയും ഒഴിവാക്കിയാണ് നിർദ്ദേശം വന്നിരുന്നത്. അതുമാറ്റി അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥപന ങ്ങൾക്കുകൂടി ആനുകൂല്യം കൊടുക്കുന്നത് കേരളത്തിന്റെ പൊതു വിദ്യാഭ്യാസത്തെ തകർക്കുവാനും വിദ്യാഭ്യാസക്കച്ചവടത്തെ സഹായി ക്കാനും വേണ്ടിയുള്ള ഏർപ്പാടാണ്. അതുകൊണ്ട് ഇതും യാതൊരു കാരണ വശാലും അംഗീകരിക്കാൻ കഴിയില്ല. ഈ 5 കാരണങ്ങളാൽ ഈ ഭേദഗതിയെ ഞങ്ങൾ ശക്തമായി എതിർത്തുകൊണ്ടാണ് വിയോജനക്കുറിപ്പ് എഴുതിയത്. ആ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ ദേഭഗതികളോടുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. 5 വിഷയങ്ങൾ വച്ചുകൊണ്ടാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയതെന്ന് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. അതിൽ ഒന്ന്, വസ്തുനികുതി 25 ശതമാനം വർദ്ധിപ്പിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് വീടില്ലാത്ത ആയിര ക്കണക്കിന് മനുഷ്യർ ഇപ്പോഴും റോഡരികിലും മറ്റും നിവസിക്കുന്നത് നമുക്ക് കാണാൻ കഴിയും. അങ്ങനെ എല്ലാ ശ്രമങ്ങളും നടത്തി ഒരു വീട് നിർമ്മിച്ച് താമസിക്കുന്ന കുടുംബങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പി ക്കുന്ന ഒരു സമീപനമാണ് യഥാർത്ഥത്തിൽ വരുന്നത്. ഘട്ടംഘട്ടമായി 5 വർഷംകൊണ്ട് 25 ശതമാനം വർദ്ധിപ്പിക്കാനുള്ള ഒരു ബ്ലാങ്ക് ചെക്ക് ഈ ബിൽ അവതരണത്തിലൂടെ നമ്മൾ നൽകുകയാണ്. യഥാർത്ഥത്തിൽ ഓരോ വർഷംകഴിയുംതോറും വീടിന് ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുന്നു. അതനുസരിച്ച് വീട്ടുനികുതിയിൽ കുറവാണ് വരേണ്ടത്. പക്ഷേ ഇവിടെയത് എല്ലാ വർഷവും വർദ്ധിപ്പിച്ചുപോകുന്ന സാഹചര്യമാണ് ഉയർന്നുവരുന്നത്. ഇനിയുള്ളകാലം ഒരു വീട് ആ കുടുംബ ത്തിനുണ്ടാക്കാൻ കഴിയില്ല. അത്രയേറെ പ്രയാസമേറിയ രീതിയിലാണ് വീട് നിർമ്മാണ രംഗത്ത് കേരളം മുന്നോട്ടുപോകുന്നത്. മണലും സിമന്റും കിട്ടാനില്ല. ഉള്ള സമ്പാദ്യമെന്ന നിലയ്ക്ക് വീടിന്റെ നികുതി വർദ്ധിപ്പിക്കുന്ന സാഹചര്യം പാടില്ല. അതോടാപ്പം ഗവൺമെന്റിന്റെ പോളിസിയനുസരിച്ച് വലിയ ഫ്ളാറ്റുകൾക്ക് ഇളവനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഇന്നും ഒരു ഫ്ളാറ്റ് തകർന്നുവീണതിന്റെ മരണസംഖ്യ എത്രയെന്ന് ഇനിയും പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല. അതിങ്ങനെ

കൂടിക്കൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് പരിശോധിക്കാൻപോലും ഒരു സംവിധാനമില്ല. ഒരു തീപിടുത്തമുണ്ടായാൽ ഫയർ സർവ്വീസിന് കടന്നുചെല്ലാനുള്ള സാഹചര്യം ഒരുക്കിക്കൊണ്ടായിരുന്നു നേരത്തെ ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് അനുമതി കൊടുത്തിരുന്നതെങ്കിൽ, അതിന് ഇളവ് കൊടുക്കാനാണ് ഇപ്പോൾ പുതിയ ബില്ലിൽ ഭേദഗതികളോടെ നമ്മൾ അംഗീകരിച്ചിട്ടുള്ളത്. ഫ്ളാറ്റുകളുമായി ബന്ധപ്പെട്ട് വലിയ പ്രയാസങ്ങൾ കേരളത്തിൽ ഉയർന്നുവരുന്നു. ഗ്രാമ നഗര വ്യത്യാസമില്ലാതെ ഫ്ളാറ്റുകളുടെ സമുച്ചയം ഉയർന്നുവരികയാണ്. ആരാണ് ഇതിന്റെ നിർമ്മാതാക്കൾ എന്നുപോലും നമുക്കറിയില്ല. കാണാത്ത ദൈവത്തെപ്പോലെ ഇത് ഉയർന്നുവരികയാണ്. ഇതിന്റെ നിർമ്മാതക്കളെ നമ്മൾക്കറിയില്ല, പക്ഷെ അതിനൊക്കെ ഇളവുനൽകാനുള്ള ഒരു സാഹചര്യം നമ്മൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. എന്നാൽ പാവപ്പെട്ട വീട്ടുടമകളിൽനിന്ന് ഇതുപോലെയൊരു നികുതി വസൂലാക്കുന്ന സമീപനത്തിൽനിന്ന് പുറകോട്ടുപോകണം എന്ന കാഴ്ചപ്പാടാണ് ഈ വിയോജനക്കുറിപ്പിലൂടെ രേഖപ്പെടുത്തിയിട്ടുള്ളത്. അബ്കാരി സമീപനത്തെക്കുറിച്ച് സൂചിപ്പിച്ചു. യു. ഡി.എഫ്.നോടൊപ്പം നിൽക്കുന്ന അല്ലെങ്കിൽ അപ്പുറത്ത് നിൽക്കുന്ന എല്ലാ പേരും ഇത് അംഗീകരിച്ചുകൊടുക്കുമോ? കേരളത്തിൽ കഴിഞ്ഞ കുറച്ചു മാസങ്ങളെടുത്തു പരിശോധിച്ചാൽ മദ്യ ഉപയോഗത്തിന്റെ അളവ് എത്രയോ ലിറ്റർ വർദ്ധിച്ചിരിക്കുകയാണ്. വരുമാനംതന്നെ അതാക്കി മാറ്റാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഘട്ടംഘട്ടമായി അത് കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപനം നടത്തിയിട്ട് കാര്യമില്ലല്ലോ. എന്നാൽ വലിയ തോതിൽ നമ്മുടെ നാട്ടിൻപുറങ്ങളിലുൾപ്പെടെ വലിയ അഴിമതിയുടെ കൂത്തരങ്ങായി അബ്കാരി മേഖലയെ മാറ്റുവാനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് ഇന്ന് അധികാരവികേന്ദ്രീകരണത്തിന്റെ കാലയളവിൽ അബ്കാരി വികേന്ദ്രീകരണം

പഞ്ചായത്തുകളെ ഏൽപ്പിച്ചുകൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടക്കാൻ പോകുന്നത്. തീർച്ചയായും അതുകൊണ്ടാണ് ഞങ്ങൾ ശക്തിയായി അതിനെ തിരെയുള്ള വിയോജനക്കുറിപ്പ് ഇവിടെ രേഖപ്പെടുത്തിയത്. പുറംമ്പോക്കുകൾ നമുക്ക് ഉള്ളത് പുഴകളും നദികളുമുള്ള മേഖലയിലാണ്. പുറംമ്പോക്കുകൾ വ്യാപകമായ തോതിൽ, നേരത്തെ ബഹുമാന്യനായ മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഒന്ന് അന്തിയുറങ്ങാൻ, ഒരു വീടുകെട്ടാൻ ഒരു സെന്റോ രണ്ട് സെന്റോ ഭൂമി കൈയേറിയവർ കാണാം. എന്നാൽ എല്ലാറ്റിനെയും ഒരു പോലെ കണ്ടുകൊണ്ട് വളരെ വ്യാപകമായി പുറംമ്പോക്കുകൾ കൈയേറിയ ഭൂസാമിമാരെപ്പോലും സംരക്ഷിക്കാവുന്ന തരത്തിലേക്ക് അതിനൊരു നിയമ സാധുത നൽകുന്ന സമീപനമാണ് പുറംമ്പോക്ക് കൈയേറിയവരിൽനിന്ന് പിഴ ഈടാക്കി അവരെ ഒഴിവാക്കാനുള്ള ഈ സമീപനം. രേഖാമൂലം കേരളത്തിൽ ആകമാനം നടന്ന പുഴ, പുറംമ്പോക്ക് അതുപോലുള്ള മേഖലകളിലെ കൈയേറ്റങ്ങളെ പ്രോത്സാഹിപ്പിക്കാനും അതിന് സംരക്ഷണം നൽകാനുമുള്ള ഈ സമീപനത്തോട് ശക്തമായി വിയോജിപ്പുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. കെട്ടിട നികുതികളുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ എന്നീ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ നമുക്ക് നികുതിയിൽനിന്ന് ഇളവുകൊടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ, 5 മിനിട്ട് കഴിഞ്ഞു.

ശ്രീ. ഇ. കെ. വിജയൻ: സർ, അവസാനിപ്പിക്കാം. വലിയ തോതിൽ ഫീസുകൾ വാങ്ങുന്ന സ്ഥാപനങ്ങളെ യാതൊരു കാരണവശാലും നികുതിയിൽനിന്ന് ഒഴിവാക്കാൻ പാടില്ല. മാന്യമായ ശമ്പളം അവിടെയുള്ള

അദ്ധ്യാപകർക്ക് കൊടുക്കുന്നില്ല. ക്വാളിഫിക്കേഷൻ പരിശോധിക്കുന്നില്ല. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് അവിടെ ഫീസിളവ് നൽകുന്നത്? തികച്ചും വിദ്യാഭ്യാസ കച്ചവടം നടത്തുന്ന സ്ഥാപനമായി അതിനെ കണ്ടുകൊണ്ട് അവിടെ നിന്ന് ഫീസ് വസൂലാക്കണമെന്ന സമീപന മുള്ളതുകൊണ്ടാണ് ഞങ്ങൾ അത്തരമൊരു വിയോജനക്കുറിപ്പ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് സൂചിപ്പിച്ചുകൊണ്ടും മേൽപ്പറഞ്ഞ കാരണ ങ്ങൾകൊണ്ട് ഈ ബില്ലിനെ അംഗീകരിക്കാൻ കഴിയില്ലായെന്നതിന്റെ അടിസ്ഥാനത്തിലുമാണ് ഈ വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടിവന്നത് എന്നറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ ഈ വിയോജനക്കുറിപ്പ് എഴുതാ നുള്ള പ്രധാനപ്പെട്ട ഒരു കാരണം 279-ാം വകുപ്പിനുശേഷം പുതിയ ഒരു വകുപ്പ് ചേർത്തതുമായി ബന്ധപ്പെട്ടാണ്. 279 (എ) എന്നുപറയുന്ന ഒരു പുതിയ വകുപ്പ് ചേർത്തിട്ട് അതിൽപറയുന്നത് "ലൈസൻസ് കൂടാതെ പുറമ്പോക്ക് കൈവശപ്പെടുത്തൽ- പഞ്ചായത്തിന്റെ വകയായതോ അതിൽ നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി, അതിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുകയാണെങ്കിൽ, അങ്ങനെ കൈവശം വച്ചത് സംബന്ധിച്ച് അതാതു കാലങ്ങളിൽ പിഴ എന്ന നിലയിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന ഒരു തുക നിർണ്ണയിക്കപ്പെടാവുന്ന പരിധികൾക്ക് വിധേയമായി, കൊടുക്കുവാൻ അങ്ങനെ ഭൂമി കൈവശം വച്ചിട്ടുള്ള ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് ". ഏറ്റവും രസകരമായ ഒരു കാര്യം ഇതിനുശേഷം വരുന്ന (ബി)-യിൽ പറയു ന്നത് "ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന

ആൾക്കോ അയാളുടെ ഏജന്റിനോ നോട്ടീസ് ലഭിച്ചശേഷം ന്യായമെന്ന് സെക്രട്ടറി കരുതുന്ന സമയത്തിനുള്ളിൽ ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കുകയും അങ്ങനെയുള്ള നോട്ടീസ് അനുസരിച്ച് അയാൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം അത് ഒഴിഞ്ഞുകൊടുക്കുവാൻ വിസമ്മതിക്കുന്ന ഏത് ആളെയും നീക്കംചെയ്യുകയോ അല്ലെങ്കിൽ നീക്കം ചെയ്യുവാൻ ഒരു കീഴ് ഉദ്യോഗ സ്ഥനെ നിയോഗിക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള ഏതൊരാളെയും നീക്കം ചെയ്യുന്ന ഉദ്യോഗസ്ഥനെ ആരെങ്കിലും എതിർക്കുകയോ തടസ്സപ്പെടു ത്തുകയോ ചെയ്യുകയാണെങ്കിൽ സെക്രട്ടറിക്ക് ആ വസ്തുത കളക്ടർക്ക് റിപ്പോർട്ട് ചെയ്യാവുന്നതും അങ്ങനെ ചെയ്താൽ കളക്ടർ ആ കേസ് സംബന്ധിച്ച് സമ്മറി എൻക്വയറി നടത്തേണ്ടതും എതിർപ്പോ തടസ്സമോ തുടർന്നുകൊണ്ടിരിക്കുകയാണെന്ന് ബോധ്യമാകുന്ന പക്ഷം പ്രസ്തുത ആളെ അറസ്റ്റുചെയ്യുവാൻ ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതും അയാൾ ഹാജരാകുമ്പോൾ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലുള്ള ഒരു വാറണ്ടോടു കൂടി അയാളെ അങ്ങനെയുള്ള തടസ്സമോ എതിർപ്പോ തുടരുന്നത് തടയുവാൻ ആവശ്യമായേക്കാവുന്നതും മുപ്പത് ദിവസത്തിൽ കവിയാത്തതുമായ കാലത്തേക്ക് തടവുശിക്ഷയ്ക്കായി സിവിൽ ജയിലിൽ അയയ്ക്കാവുന്നതു മാണ്" എന്നാണ് പറയുന്നത്. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന് നിയമാനുസൃതം ഒരു നടപടിയെടുക്കാൻവേണ്ടി, അയാളെ ചുമതലപ്പെടുത്തി യതനുസരിച്ച് നടപടിയെടുക്കാൻ ചെല്ലുന്ന ആളെ തടസ്സപ്പെടുത്തുന്ന ഒരു സംഗതിയുണ്ടായാൽ അത് പഞ്ചായത്തിലെ ഉദ്യോഗസ്ഥൻ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും അദ്ദേഹം അതിലൊരു ഹിയറിംഗ് നടത്തിയതിനു

ശേഷം അയാളെ 30 ദിവസത്തിൽ കവിയാത്ത കാലത്തേക്ക് സിവിൽ ജയിലിൽ അയയ്ക്കേണ്ടതുമാണ് എന്നാണ് പറയുന്നത്. സിവിൽ ജയിലിൽ ഒരാളെ അയയ്ക്കണമെങ്കിൽ ഉണ്ടാകുന്ന ചെലവ് പഞ്ചായത്ത് വഹിക്കണം, അതിന്റെ ഫലമെന്താണെന്നുചോദിച്ചാൽ കൈയേറിയ സ്ഥലം ഒരിക്കലും ഒഴിപ്പിക്കപ്പെടുകയില്ല എന്നുള്ളതാണ്. ആരാണ് ഇത് ഡ്രാഫ്റ്റ് ചെയ്തെന്ന് എനിക്കറിയില്ല. ഈ പുതിയ വ്യവസ്ഥയനുസരിച്ച് ഒരു കാര്യവുംകൂടി ഇതിൽ പറയുന്നുണ്ട്. "എന്നാൽ ഈ വകുപ്പുപ്രകാരം അങ്ങനെ തടവു ശിക്ഷയ്ക്ക് അയയ്ക്കപ്പെടുന്ന യാതൊരാളെയും (അതായത് കളക്ടർ സിവിൽ ജയിലിലേക്ക് അയയ്ക്കുന്ന യാതൊരാളെയും) അതേ വസ്തുതകൾ സംബന്ധിച്ച് 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 183, 186, 188 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കുവാൻ പാടില്ലാത്തതാണ്" എന്നാണ് പറയുന്നത്. ഇങ്ങനെ വ്യവസ്ഥചെയ്താൽ ഇത് അത്ഭുതകരമായ ഒരു നിയമനിർമ്മാണമായിപ്പോകും. ഇൻഡ്യാ രാജ്യത്ത് നില വിലുള്ള ഒരു നിയമമനുസരിച്ച് ഒരു സർക്കാർ ഉദ്യോഗസ്ഥനെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചാലുണ്ടാകുന്ന വകുപ്പുകളെ സംബന്ധിച്ച് ഐ.പി.സി.യിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിയമാ നുസൃതമായ അധികാരപ്രകാരം വസ്തു എടുക്കുന്നതിനെ ഒരു പബ്ലിക് സർവ്വന്റിനെ ചെറുക്കുന്നത് ഐ.പി.സി. 183-ാം വകുപ്പ് പ്രകാരം Non-cognizable offence ആണ്. ഏതെങ്കിലും പബ്ലിക് സർവ്വന്റ്സിനെ നിയമാ നുസൃതമായ വസ്തു എടുക്കുന്നതിനോ അയാൾ അങ്ങനെയുള്ള പബ്ലിക് സർവ്വന്റാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായിട്ടോ

ചെറുക്കുന്ന യാതൊരാളും 6 മാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ 1000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. യഥാർത്ഥത്തിൽ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ഓഫീസറെ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിൽ തടസ്സപ്പെടുത്തുന്ന ഒരാൾക്ക് 6 മാസം സാധാരണ ജയിലിൽതന്നെ കിടക്കാനുള്ള വകുപ്പ് നിലനിൽക്കെയാണ് അത് അട്ടിമറിച്ചുകൊണ്ട് ഇതിൽ ഇങ്ങനെ ചെയ്യാൻ പാടില്ല, കളക്ടർക്ക് അയാളെ പഞ്ചായത്ത് പണം കെട്ടിവച്ച് മൃഷ്ടാനഭോജനവും ചെലവുംവരെ കൊടുത്ത് 30 ദിവസം കിടത്തിയാൽ മതിയെങ്കിൽ ഒരു സ്ഥലവും പഞ്ചായത്തിന് ഒഴിപ്പിച്ചെടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഇതുമൂലമുണ്ടാകും.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഈ ബിൽ പ്രകാരം അങ്ങനെ തടവുശിക്ഷയ്ക്ക് അയയ്ക്കപ്പെടുന്ന യാതൊരാളെയും അതേ വസ്തുതകൾ സംബന്ധിച്ച് ഇൻഡ്യൻ പീനൽ കോഡിലെ 183, 186, 188 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാനടപടികൾക്ക് വിധേയനാക്കാൻ പാടില്ല എന്നുപറയുന്നുണ്ട്. ഇതിൽ നിർദ്ദേശിച്ചിട്ടുള്ള ശിക്ഷ സിവിൽ ശിക്ഷയാണ്. ഐ.പി.സി. നിർദ്ദേശിച്ചിട്ടുള്ളത് ക്രിമിനൽ ശിക്ഷയാണ്. ഐ.പി.സി.യിൽ പറയുന്നതനുസരിച്ച് 6 മാസം ശിക്ഷിക്കാവുന്ന വകുപ്പാണ് 183. വീണ്ടും 3 മാസത്തേയ്ക്ക് ശിക്ഷിക്കാവുന്ന വകുപ്പാണ് 186. വീണ്ടും 6 മാസത്തേക്കുകൂടി ശിക്ഷിക്കാവുന്ന വകുപ്പാണ് 188. ഇത്തരത്തിൽ 6 മാസം വരെ ശിക്ഷിക്കാൻ കഴിയാവുന്ന ഇൻഡ്യൻ പീനൽ കോഡിന്റെ വകുപ്പ് supersede ചെയ്തുകൊണ്ട് ഗവൺമെന്റ് ഓഫ് ഇൻഡ്യ പാസ്സാക്കിയിട്ടുള്ള ഇൻഡ്യൻ

പീനൽ കോഡിനെ overriding effect-ൽ ഒരു സിവിൽ ലാ ആക്കി മാറ്റി ചുരുക്കി അത് ലഘൂകരിക്കുകയും തന്നെയുമല്ല ഐ.പി.സി.യെ നോക്കുകുത്തിയാക്കുകയും ചെയ്യുന്നത് ഭരണഘടനാപരമായാണോ; അതൊരു ultravires അല്ലേ എന്നുള്ളതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. റ്റി. എ. റഹീം, അഞ്ച് മിനിട്ട് കഴിഞ്ഞു.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഇത് അഞ്ച് മിനിട്ടിന്റെ ഒരു വിഷയമല്ല. കാരണം, ഓരോ പഞ്ചായത്തിലും കയ്യേറിയ ഭൂമി ഒഴിപ്പിക്കാൻ പോകുന്ന പഞ്ചായത്ത് സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നവർ ഇന്ത്യൻ പീനൽ കോഡിന്റെ 183, 186, 188 എന്നീ വകുപ്പുകൾ പ്രകാരം ആറുമാസം തടവു ശിക്ഷയ്ക്ക് അർഹരാണ്. മാത്രമല്ല, ഇതിൽ നോൺ-കോംപൗണ്ടബിളായിട്ടുള്ള ഒരു ഒഫൻസ് നിലനിൽക്കുകയാണ്. ഇന്ത്യാ രാജ്യത്ത് എല്ലായിടത്തും ബാധകമായ ഒരു നിയമത്തെ അട്ടിമറിച്ചുകൊണ്ട്, ഭൂമി കയ്യേറുന്ന ആളിന് ഐ.പി.സി. ബാധകമാക്കാതെ, മുപ്പത് ദിവസം സിവിൽ ജയിലിൽ പാർപ്പിച്ചാൽ മതി എന്നുള്ള ഈ അമെന്റ്മെന്റ് നിലനിൽക്കാത്തതാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് കടകവിരുദ്ധമായി, അതായത് ആറുമാസം ക്രിമിനൽ ജയിലിൽ പാർപ്പിക്കേണ്ട കുറ്റം ചെയ്തയാളെ പഞ്ചായത്ത് പണം കെട്ടിവച്ചതിനുശേഷം കളക്ടർ സിവിൽ ജയിലിലേയ്ക്ക് അയയ്ക്കണം. അയാൾക്കുള്ള ഭക്ഷണത്തിന്റെ പണംവരെ പഞ്ചായത്ത് കെട്ടിവയ്ക്കണം. 30 ദിവസം ജയിലിൽ കിടന്നാൽ മതി. ജയിലിൽനിന്നും തിരിച്ചുവന്നാൽ വീണ്ടും ആ ഭൂമി ഒഴിഞ്ഞുകൊടുക്കാതിരിക്കാം. ഇത് വളരെ തന്ത്രപൂർവ്വം തയ്യാറാക്കിയിട്ടുള്ള, മാനിപ്പുലേറ്റ് ചെയ്തിട്ടുള്ള ഒരു നിയമമാണ്. ഇത്

അംഗീകരിക്കാൻ സാധിക്കുകയില്ല എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ വിയോജനം രേഖപ്പെടുത്തിയിട്ടുള്ളത്. മദ്യഷാപ്പുകളെ സംബന്ധിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ഇന്നത്തെ സാഹചര്യത്തിൽ, മാഹിയിൽ ഉണ്ടായതുപോലെയുള്ള സാഹചര്യം കേരള സംസ്ഥാനത്തിന്റെ പല ഭാഗത്തും ഉണ്ടാകും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. കെ. ബാബു തന്നെ അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ബില്ലിലെ 232(4)-ാം വകുപ്പിൽ, പൊതുസമാധാനത്തിന്റെയോ സന്മാർഗ്ഗത്തിന്റെയോ താൽപ്പര്യത്തിനോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരി ഷാപ്പ് ഒരു സ്ഥലത്തുനിന്നും, ഇതിനായി നിർദ്ദേശിക്കാവുന്ന 15 ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ, മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ ഒരു ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്നാണ് പറയുന്നത്. ഇതു കേട്ടാൽ വലിയ കാര്യമാണെന്ന് തോന്നും. പക്ഷെ, 2012 നവംബർ 25-നുശേഷമുള്ളതിനേ ഈ നിയമം ബാധകമാകൂ എന്നാണ് ഇതിൽ പറയുന്നത്. ഇപ്പോൾ നിലവിലുള്ള, പ്രയാസകരമായ ഒരു സാഹചര്യത്തിലാണ് ഈ രാജ്യത്ത് ഇതുസംബന്ധമായ സമരവും മറ്റുമെല്ലാം നടന്നുവന്നത്. പക്ഷേ ആ ആവശ്യങ്ങളെയെല്ലാം മാറ്റിനിറുത്തിക്കൊണ്ടും അവഗണിച്ചുകൊണ്ടുമുള്ള ഒരു പ്രൊവിഷനാണിത്. 2012 നവംബർ 25 വരെയുള്ളതിനൊന്നും ഈ നിയമം ബാധകമല്ല എന്നുപറയുന്നത് വലിയൊരു വെള്ളം ചേർക്കലാണ് എന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഈ നിയമം പാസ്സാക്കിയാലും പഞ്ചായത്തുകൾക്ക് ഒരു ഗുണവും ലഭിക്കാൻ പോകുന്നില്ല. ഇപ്പോഴുള്ള ഒരു വിഷയത്തിനും ഈ നിയമം പരിഹാരമാകാൻ പോകുന്നില്ല എന്നുള്ളതാണ് വസ്തുത. ഈ നിയമം എൻഫോഴ്സ് ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇതുമൂലമുണ്ടായി

രിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ആരോ പ്രകടനപത്രികയിൽ പറഞ്ഞുവെന്നുള്ളതുകൊണ്ട് ഒരു പറ്റിക്കൽ സംവിധാനമെന്ന നിലയിൽ കൊണ്ടുവന്ന ഒരു പ്രൊവിഷനാണിത്. ഇത് വളരെ ഗൗരവം കുറഞ്ഞ ഒരു കാര്യമാണ്. അതുപോലെതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഹോസ്റ്റൽ ഫീസ് വാങ്ങി കുട്ടികളെ താമസിപ്പിക്കുന്ന ആളുകൾക്ക് എന്തിനാണ് നികുതി ഇളവ് നൽകുന്നത്? ഹോസ്റ്റലിൽ കുട്ടികളെ താമസിപ്പിക്കുന്നതിന് നല്ല ഫീസ് വാങ്ങുന്നുണ്ട്. പഠിപ്പിക്കുന്നതിനും ഹോസ്റ്റലിൽ താമസിപ്പിക്കുന്നതിനും ഭക്ഷണത്തിനും ഫീസ് വാങ്ങുന്നുണ്ട്. ഒരു ഓർഫനേജിനെ നികുതിയിൽനിന്ന് ഒഴിവാക്കിയാൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ, ഫീസ് വാങ്ങി ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്ന അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് എന്തടിസ്ഥാനത്തിലാണ് നികുതി ഒഴിവാക്കിക്കൊടുക്കുന്നത് എന്നുള്ളത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഈ കാര്യങ്ങൾകൊണ്ട് ഞാൻ വിയോജനക്കുറിപ്പിൽ ഉറച്ചുനിൽക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ അഞ്ച് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് 2013-ലെ കേരളാ പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. ഈ ബിൽ പൊതു താൽപ്പര്യങ്ങളെ യാതൊരുവിധത്തിലും സംരക്ഷിക്കുന്ന ഒന്നല്ല. ഓരോ അഞ്ച് വർഷം കൂടുമ്പോഴും അടിസ്ഥാന വസ്തു നികുതി 25% വർദ്ധിപ്പിക്കണമെന്ന ഈ ബില്ലിലെ വ്യവസ്ഥ ഏറ്റവും ജനദ്രോഹകരമാണ് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. സ്ഥിരവരുമാനമില്ലാത്ത, കൂലിവേല ചെയ്തുജീവിക്കുന്ന സാധാരണക്കാരായ കർഷകത്തൊഴിലാളികളെയും തുച്ഛവരുമാനക്കാരായ ജനങ്ങളെയുമെല്ലാം ബുദ്ധിമുട്ടിലാക്കുന്ന 25% അടിസ്ഥാന

വസ്തു നികുതി വർദ്ധിപ്പിക്കുന്ന വ്യവസ്ഥ ഈ ബില്ലിൽനിന്ന് ഒഴിവാക്കുവാൻ ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽത്തന്നെ അഭ്യർത്ഥിച്ചതാണ്. അതുപോലെതന്നെ ഇപ്പോൾ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അബ്കാരി ഷാപ്പുകൾക്കുള്ള അനുമതി നൽകുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ബന്ധപ്പെട്ടവരുമായി യാതൊരു ചർച്ചയും നടത്താതെ എക്സൈസ് നിയമങ്ങൾതന്നെ കാറ്റിൽ പറത്തിക്കൊണ്ട് പഞ്ചായത്ത് ഭരണ സമിതികൾക്ക് ഇത്തരത്തിലുള്ള അധികാരങ്ങൾ കൈമാറുന്നത് നമ്മുടെ സംസ്ഥാനത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ ക്രമസമാധാനവും ഇവിടത്തെ വീട്ടമ്മമാരുടെ മനഃസമാധാനവും ഈ ബില്ലിന്റെ ഈ പിന്തിരിപ്പൻ വ്യവസ്ഥ കാരണം ആകെ താറുമാറാകുമെന്നതിൽ തർക്കമില്ല. അതുപോലെ ഈ ബില്ലിലുള്ള മറ്റൊരു പ്രധാനപ്പെട്ട വ്യവസ്ഥ, സർക്കാർ പുറമ്പോക്ക് കയ്യേറുന്നവരിൽനിന്നുള്ള പിഴ ഈടാക്കൽ വ്യവസ്ഥയാണ്. ഇതനുസരിച്ച് ഒരാൾ സർക്കാർ ഭൂമി കയ്യേറി ഉപയോഗിച്ചാൽ അയാൾ നാമമാത്രമായ തുക പിഴയടച്ചാൽമതി എന്ന വിചിത്രമായ വ്യവസ്ഥയാണ് നിലവിലുള്ളത്. സർക്കാർ ഭൂമി കയ്യേറുവാൻ പ്രോത്സാഹനം നൽകുകയാണ് ഈ വ്യവസ്ഥയിലൂടെ ചെയ്യുന്നത്. സർക്കാർ ഭൂമി കയ്യേറുവാൻ പ്രോത്സാഹനം നൽകി കിട്ടുന്ന പിഴയിൽനിന്നുള്ള തുകകൊണ്ട് സർക്കാർ ഖജനാവ് നിറയ്ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതുപോലെതന്നെ ജനങ്ങളുടെ അവകാശത്തിൽ കൈ കടത്തുന്ന മറ്റൊരു വികലമായ വ്യവസ്ഥയാണ് ഗ്രാമസഭ വിളിച്ചുചേർക്കുവാനുള്ള സമയപരിധി വർദ്ധിപ്പിച്ച നടപടി. സാധാരണക്കാരായ ജനങ്ങൾക്ക് അവരവരുടെ ആവശ്യങ്ങളും അവകാശങ്ങളും ഉന്നയിക്കുവാനുള്ള ഏറ്റവും താഴെത്തട്ടിലുള്ള

സംവിധാനമാണ് ഗ്രാമസഭ. ഗ്രാമസഭകൾ വിളിച്ചുചേർക്കുവാനുള്ള സമയ പരിധി ദീർഘിപ്പിച്ചതിലൂടെ ജനങ്ങളുടെ അവകാശങ്ങൾക്കുനേരെയുള്ള കട ന്നുകയറ്റമാണ് ഈ ബില്ലിലൂടെ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത്. അൺ–എയ്ഡഡ് മേഖലയിലെ സ്കൂളുകൾ, കോളേജുകൾ, പ്രൊഫഷണൽ കോളേ ജുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കിക്കൊടുക്കുന്ന വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയോടും യാതൊരുവിധത്തിലും യോജിക്കാൻ കഴിയുകയില്ല. വിദ്യാർത്ഥിക ളിൽനിന്നും പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജ്മെന്റ് തോന്നിയതുപോലെ നിശ്ചയിക്കുന്ന ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസുമാണ് ഈടാക്കുന്നത്. ഇത്തരത്തിലുള്ള അൺ–എയ്ഡഡ് സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കി ക്കൊടുക്കുന്നതിലെ യുക്തി എത്ര ആലോചിച്ചിട്ടും മനസ്സിലാക്കുവാൻ കഴിയു ന്നില്ല. അതുകൊണ്ടുതന്നെ ഈ ബില്ലിലെ പ്രസ്തുത വ്യവസ്ഥയോട് യോജി ക്കുവാൻ കഴിയുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി വെട്ടിമുറിച്ച് മൂന്ന് വകുപ്പാക്കി മൂന്ന് മന്ത്രിമാർക്ക് നൽകിയതിലൂടെ ഈ വകുപ്പിന്റെ പ്രസക്തിതന്നെ നഷ്ടപ്പെട്ട സ്ഥിതിയാണുണ്ടായിരിക്കുന്നത്. ഗ്രാമപഞ്ചായ ത്തുകൾക്ക് ഒരു മന്ത്രി, ബ്ലോക്ക് പഞ്ചായത്തിനും ജില്ലാപഞ്ചായത്തിനും ഒരു മന്ത്രി, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും മറ്റൊരു മന്ത്രി എന്ന രീതിയിൽ വകുപ്പ് നിശ്ചയിച്ചതോടെ സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പു കളിലൊന്നായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം അവതാളത്തിലാ ക്കിയിരിക്കുകയാണ്. 2013 ജനുവരി മാസത്തെ കണക്കനുസരിച്ച് നഗരസഭാ പദ്ധതികൾക്ക് കേന്ദ്ര ഫണ്ടിൽ നിന്നും ലഭിച്ചിട്ടുള്ള തുകയുടെ 30% മാത്ര മാണ് പദ്ധതി നടത്തിപ്പിനായി ചെലവഴിക്കുവാൻ സാധിച്ചത്. ജൻറം, കെ. എസ്.യു.ഡി.പി. തുടങ്ങിയ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച

2500 കോടി രൂപയിൽ 25% പോലും ചെലവഴിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച മാറ്റങ്ങൾ ആശങ്കാജനകമാണ്. കെട്ടിടങ്ങളുടെ സുരക്ഷിതത്വം അനുദിനം വഷളായിക്കൊണ്ടിരിക്കുന്നു, ഗതാഗതക്കുരുക്കുകൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, അതുപോലെതന്നെ നിർമ്മാണ രംഗത്ത് പെരുകി വരുന്ന അഴിമതി, ക്രമക്കേടുകൾ ഇവയൊന്നും കണക്കിലെടുക്കാതെയാണ് സർക്കാർ മാറ്റങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനെന്ന പേരിലാണ് ബഹുമാനപ്പെട്ട ശ്രീ. മഞ്ഞളാംകുഴി അലി ഈ നിലയിലുള്ള പ്രഖ്യാപനങ്ങൾ നടത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമ ഭേദഗതികൊണ്ട് യാതൊരു ഗുണവുമുണ്ടാകാൻ പോകുന്നില്ല. പാവങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിയമഭേദഗതിയാണിത്. അതിനാൽ ഈ ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സഭയുടെ വികാരം മാനിച്ചുകൊണ്ട് വളരെ ചുരുക്കമായി ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. നമ്മുടെ ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തിയേ മതിയാകൂ. സാമ്പത്തികമായി അവയ്ക്ക് പ്രവർത്തിക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നതിനായി ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 40% കൊടുക്കുന്നതുപോരാ എന്നൊരു കാഴ്ച്ചപ്പാട് ജനങ്ങൾക്കുണ്ട്.

അതുകൊണ്ട് നികുതി ഏർപ്പെടുത്താതെ മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിനാൽ അതിനെ കുറ്റപ്പെടുത്താൻ കഴിയുകയില്ല എന്ന തുതന്നെയാണ് എന്റെ അഭിപ്രായം. കള്ളുഷാപ്പുകൾക്കും അബ്കാരി ഷാപ്പു കൾക്കും ലൈസൻസ് കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ശ്രീ. പി. ശ്രീരാ മകൃഷ്ണനും ആദ്യം ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ശ്രീ. വി. എസ്. സുനിൽ കുമാറും പറഞ്ഞത് ഈ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ അഴിമതിയുണ്ടാകുമെന്നാണ്. അത് അഴിമതി വികേന്ദ്രീകരിക്കു ന്നതാവും എന്ന അഭിപ്രായവും ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറയുകയുണ്ടായി. നമ്മുടെതന്നെ ജനപ്രതിനിധികളാണ് ഗ്രാമപഞ്ചായത്തു കൾ ഭരിക്കുന്നത്. അവരെല്ലാം അഴിമതിക്കാരെന്നുപറയുന്നത് മര്യാദയാണോ; അത് നമ്മൾ സ്വയം ചർച്ച ചെയ്യേണ്ട കാര്യമാണ്. അവർ അഴിമതിക്കാരാ ണെന്ന തോന്നലുണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിനെത്തന്നെ എതിർത്തുപറ യേണ്ടി വരും. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതനുസരിച്ചാണെങ്കിൽ, ഇപ്പോൾ നിലവിലുള്ള പഞ്ചായത്തുകൾക്കും അധികാരം കൊടുക്കേണ്ടേ എന്നുചോദിച്ച അതേ വാചകത്തിൽതന്നെയാണ് പഞ്ചായത്തിന് അധികാരം കൊടുത്താൽ അഴിമതിയുണ്ടാകുമെന്ന് പറയുന്നത്. അപ്പോൾ രണ്ടുരീതി യിലും സംസാരിച്ചുവെന്നതാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ കാണിച്ച തെറ്റെന്ന് എന്റെ മനഃസാക്ഷിക്ക് തോന്നുന്നു. പക്ഷെ എന്റെ അഭി പ്രായത്തിൽ പഞ്ചായത്ത് നിയമവിരുദ്ധമായി ലൈസൻസ് നൽകാൻ തീരുമാ നിച്ചാൽ അവിടെ ജനങ്ങൾ ഓടിക്കൂടി അവരെക്കൊണ്ട് ശരി ചെയ്യിക്കാൻ കഴിയും. പക്ഷേ മന്ത്രിയെ ഓടിച്ചിട്ട് പിടിക്കാൻ ജനങ്ങൾക്ക് കിട്ടുകയില്ല. അപ്പോൾ പഞ്ചായത്തിന് അധികാരം കൊടുത്താലുള്ള ഗുണമെന്താണെന്ന് ചോദിച്ചാൽ, അവിടെ ജനങ്ങളുണ്ട്, അവർ ജനങ്ങളുമായി ബന്ധപ്പെടുന്നവരാ

ണ്. അനധികൃതമായി പഞ്ചായത്ത് കമ്മിറ്റി ഒരു ഷാപ്പിന് ലൈസൻസ് കൊടുക്കണമെന്നുപറഞ്ഞാൽ അവിടത്തെ ജനങ്ങൾ അതിനെ നേരിടാൻ തയ്യാറാകും. അതുകൊണ്ട് ആ വകുപ്പ് ചേർക്കേണ്ടതാണ്. പഞ്ചായത്തിന് അധികാരം കൊടുക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യവും ഘട്ടം ഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കും എന്നതു തന്നെയാണ്. മദ്യം നിരോധിക്കുക എന്നത് സ്വാഭാവികമായി നടക്കാൻപോകുന്ന കാര്യമല്ലല്ലോ? ഘട്ടംഘട്ടമായി മദ്യ ഉപഭോഗത്തിൽ നിന്നും ജനങ്ങളെ രക്ഷിച്ചെടുക്കാനേ കഴിയൂ. കഴിഞ്ഞ വർഷങ്ങളിലെല്ലാം മദ്യത്തിന്റെ വിനിയോഗം 20% മുതൽ 25% വരെ വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് അഭിമാനിക്കാൻ വകയുണ്ട്, കാരണം ഈ വർഷത്തെ വർദ്ധനവ് വെറും 16% മാത്രമാണ്. സാധാരണ എല്ലാ വർഷവും 20% മുതൽ 25% വരെ മദ്യത്തിന്റെ വിനിയോഗം വർദ്ധിക്കുന്നതാണ്. പക്ഷേ ഈ വർഷം അത് 16%-മായി ചുരുക്കാൻ കഴിഞ്ഞുവെന്നത് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും നേട്ടമാണെന്ന് പറയാതിരിക്കാൻ കഴിയുകയില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, പഞ്ചായത്തുകൾക്ക് അധികാരം കൊടുത്താൽ മദ്യം വ്യാപകമാകുമെന്നുള്ള പ്രചരണം ശരിയല്ല. എന്റെ നിയോജകമണ്ഡലമായ താനൂർ മദ്യഷാപ്പുകളുമില്ലാത്ത നിയോജകമണ്ഡലമായി മാറിയിരിക്കുന്നു. പഞ്ചായത്തുകൾ തന്നെ ബോധവൽക്കരണം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കഴിഞ്ഞ തവണ നടന്ന ലേലത്തിൽ പങ്കെടുക്കേണ്ടതില്ലായെന്ന് എല്ലാവരും തീരുമാനമെടുത്തത്. ഇന്നലെ താനൂർ ബ്ലോക്ക് പഞ്ചായത്തും ആ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്; സർ, അദ്ദേഹം പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ, എനിക്ക് തിരിച്ചും ഒരു അനുഭവമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിൽ ചെന്നു. അവിടത്തെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റും പറഞ്ഞത് ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റ് അവിടെ ആരംഭിക്കണമെന്നാണ്. ഞാൻ അതുകഴിഞ്ഞ് അവിടത്തെ നാട്ടുകാരുമായി സംസാരിച്ചപ്പോൾ ജനങ്ങളുടെ മൊത്തം അഭിപ്രായം ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റ് അവിടെ ആരംഭിച്ചാൽ കള്ളച്ചാരായം നിൽക്കുമെന്നുള്ളതാണ്. അത് ഫോറസ്റ്റ് ഏരിയയാണ്. അവിടെ ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റ് കൊണ്ടുവരണമെന്ന അഭിപ്രായം ജനങ്ങൾ മുഴുവനും പറയുകയുണ്ടായി. ആയിരത്തോളം പേരുള്ള ഒരു യോഗത്തിൽ ഞാൻ പങ്കെടുത്തപ്പോൾ അതിൽ പങ്കെടുത്ത സ്ത്രീകൾ ഉൾപ്പെടെ പറഞ്ഞത് ബിവറേജസ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റ് അവിടെ തുടങ്ങണമെന്നാണ്. ഞാൻ ഇക്കാര്യം പരസ്യമായി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് പറയുകയും ചെയ്തു. അതുകൊണ്ട് രണ്ട് അഭിപ്രായമുണ്ട്. ഒരു പഞ്ചായത്ത് കമ്മിറ്റി കൂടിക്കൊണ്ട് മദ്യത്തിൽനിന്നും ജനങ്ങളെ മോചിപ്പിച്ചെടുക്കാൻ നടത്തുന്ന ശ്രമം.........., മദ്യപിക്കുന്ന പിതാവ് കുടുംബത്തിന്റെ ശത്രുവാണ്. മദ്യം വിഷമാണ്, ഒരു സംശയവുമില്ല. മദ്യത്തിൽനിന്നും ജനങ്ങളെ മോചിപ്പിച്ചേ മതിയാകൂ എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ഗ്രാമസഭകളെ ശക്തിപ്പെടുത്തുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. നമ്മൾ ഇതെല്ലാം പറയാറുണ്ട്. പക്ഷേ ഗ്രാമസഭകളിൽ പങ്കെടുക്കുന്ന ജനങ്ങളുടെ എണ്ണം കുറഞ്ഞുകുറഞ്ഞുവരികയാണ്. എന്താണ് അതിനുകാരണം എന്നതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഗ്രാമസഭകളിൽ എം.എൽ.എ.-മാർ

കൂടി പങ്കെടുക്കുന്നുവെന്ന് പറഞ്ഞാൽ ഗ്രാമസഭകൾ സജീവമാകാറുണ്ട്. അതാണ് എന്റെ അനുഭവം. 500–600 ആൾക്കാർവരെ പങ്കെടുത്ത ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനുള്ള ഭാഗ്യം എനിക്ക് കിട്ടിയിട്ടുണ്ട്. എം.എൽ.എ.–മാർ അൽപ്പമൊന്ന് ശ്രദ്ധിച്ചാൽ ഗ്രാമസഭകളെ കൂടുതൽ സജീവമാക്കാൻ കഴിയുമെന്ന അഭിപ്രായം രേഖപ്പെടുത്താൻ എനിക്ക് മടിയില്ല. എന്റെ അനുഭവം കൊണ്ടാണ് പറയുന്നത്. ആ നിലയിൽ അതിനുവേണ്ടിയൊരു നീക്കം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്, അൺ–എയ്ഡഡ് സ്കൂൾ എന്നുകേൾക്കുമ്പോൾ ഒരു വലിയ ഹാലിളക്കം. ഒരു കാര്യവുമില്ല. ഇതാ എം.എ. ബേബി സഖാവ് ഇവിടെ ഇരിക്കുന്നു. ::::::::: +പ്രിയങ്കരനായ ജനനേതാവാണ് സഖാവ് എം.എ. ബേബി. അപ്പോൾപിന്നെ അൺ–എയ്ഡഡ് സ്കൂളുകൾക്കെതിരെ വഴക്കുണ്ടാക്കുന്നത് എന്തിനാണ്? അൺ–എയ്ഡഡ് സ്കൂളുകൾ വിദ്യാഭ്യാസ സേവനമാണ് ചെയ്യുന്നത്. ആ സേവനത്തെ ബഹുമാനിക്കണ്ടേ? അൺ–എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കാനുള്ള മാനസികനില ഒരു ഗവൺമെന്റ് കാണിക്കുന്നുവെങ്കിൽ അത് ശരിയാണ് എന്ന അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ വികാരം മാനിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു, നന്ദി.

ശ്രീ. എം. എ. ബേബി: സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞാൻ അൺ–എയ്ഡഡ് സ്കൂളുകൾ വാരിക്കോരിക്കൊടുത്തുവെന്നുള്ള ശ്രീ. പി. സി. ജോർജിന്റെ അസംബന്ധ പ്രസ്താവന രേഖകളിൽ നിന്നും നീക്കം ചെയ്യണം.

---

+ രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് അനുമതി നൽകിയത്. ...... (മൈക്ക് ഓഫ്) ...... ഇതു സംബന്ധി ച്ചുള്ള പരാമർശങ്ങളൊന്നും സഭാ രേഖകളിൽനിന്നും നീക്കം ചെയ്യേണ്ടതില്ല.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാനത്ത് പുതുതായി മദ്യഷാപ്പുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള മുൻകൂർ അനുവാദം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഭേദഗതി. ഇത് വളരെ വർഷങ്ങളായി കേരളത്തിലെ പൊതുസമൂഹം ആവശ്യ പ്പെടുന്നതാണ്. യു.ഡി.എഫ്.-ന്റെ പ്രഖ്യാപിത നയമെന്നുപറയുന്നത്, കോൺഗ്രസ്സിന്റെ പ്രഖ്യാപിത നയമെന്നുപറയുന്നത് ഘട്ടംഘട്ടമായി മദ്യ ത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ്. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ ഇക്കാര്യം പറയുകയും ചെയ്തിരുന്നു. കേരളത്തിലെ എല്ലാ സാമൂഹ്യ പ്രവർത്തകന്മാരും സാംസ്കാരിക പ്രവർത്തകന്മാരും മതാ ദ്ധ്യക്ഷന്മാരുമെല്ലാം നിരവധി വർഷങ്ങളായി പറയുന്നതാണിത്. നേരത്തേ യു.ഡി.എഫ്. ഗവൺമെന്റ് ഇത്തരത്തിലൊരു തീരുമാനം പഞ്ചായത്ത്രാജ് ബിൽ കൊണ്ടുവന്നപ്പോൾ കൊണ്ടുവന്നതുമായിരുന്നു. പിന്നീടുവന്ന എൽ. ഡി.എഫ്. ഗവൺമെന്റാണ് അത് എടുത്തുകളഞ്ഞത്. ഇതിന്റെ പശ്ചാത്തല ത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ മദ്യഷാപ്പുകൾ അനുവ ദിക്കുന്നതിനും നിലവിലുള്ള മദ്യഷാപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുംവേണ്ടി

യുള്ള അനുമതി കൊടുക്കാനുള്ള അവസരം കൊടുക്കുന്നത് തീർച്ചയായും ഒരു സാമൂഹ്യ ഇടപെടലിന് വിധേയമാകുമെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നത്. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ, കഴിഞ്ഞ 2–3 മാസത്തിനുള്ളിൽ ഈ ഭേദഗതി ഓർഡിനൻസ് വന്നതിനു ശേഷം സംസ്ഥാനത്ത് പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ബാറുകൾ ആരംഭിക്കുന്നതിന് അനുമതി കൊടുത്തു എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. അത് ഈ ബില്ലിന്റെ സദുദ്ദേശത്തെ പൂർണ്ണമായും ഇല്ലാതാക്കുന്നതാണ്. ചില മുനിസിപ്പാലിറ്റികൾ കൊടുത്തു, കൊച്ചിൻ കോർപ്പറേഷൻ കൊടുത്തു, പത്തനംതിട്ട മുനിസിപ്പാലിറ്റി കൊടുത്തു, ചേലക്കര ഗ്രാമപഞ്ചായത്ത്, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരത്തെ പൂവ്വാർ ഗ്രാമപഞ്ചായത്ത്, കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്, ഹരിപ്പാട് ഗ്രാമപഞ്ചായത്ത്, മുളംകുളം ഗ്രാമപഞ്ചായത്ത്, പറളി ഗ്രാമപഞ്ചായത്ത് ഉൾപ്പടെയുള്ള പല ഗ്രാമപഞ്ചായത്തുകളും......., ബാർ തുടങ്ങുന്നതിന് അനുമതി കൊടുക്കാൻവേണ്ടി. ഭരണകക്ഷിയും പ്രതിപക്ഷവുംകൂടി പഞ്ചായത്തുതലത്തിൽ ഒരുമിക്കുകയാണ്. ബഹുമാനപ്പെട്ട നമ്മുടെ എക്സൈസ് വകുപ്പുമന്ത്രി മാധ്യമങ്ങളോട് പറഞ്ഞ ഒരു കാര്യം ഈയൊരു സന്ദർഭത്തിൽ ശ്രദ്ധേയമാണ്. ഇത്തരത്തിൽ ബാറുകൾക്കും മദ്യഷാപ്പുകൾക്കും അനുമതി കൊടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ എടുക്കുന്ന തീരുമാനത്തിൽ രാഷ്ട്രീയ വ്യത്യാസമില്ലാതെ ഭരണകക്ഷിയും പ്രതിപക്ഷവും ഒറ്റക്കെട്ടായി നിൽക്കുകയാണ്. ബാർ അനുവദിക്കുന്നതിലുണ്ടായ ചില അഴിമതിക്കഥകൾ ഇന്നലെ മാതൃഭൂമി ചാനലും മാതൃഭൂമി പത്രവുമെല്ലാം പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. ഇതിന് രാഷ്ട്രീയ ഇച്ഛാശക്തി കാണിക്കണം. യു.ഡി.എഫ്.–ഉം എൽ.ഡി.എഫ്.–ഉം ഉൾപ്പെടെയുള്ള കേരളത്തിലെ മുഖ്യധാരാ പ്രസ്ഥാന

ങ്ങൾ ഈ കാര്യത്തിൽ ഒരു രാഷ്ട്രീയ ഇച്ഛാശക്തി കാണിച്ച് സാമൂഹ്യമായ ഒരു ഇടപെടൽ എന്ന നിലയിൽ ഈ നിയമത്തിന്റെ പൂർണ്ണത കൈവരിക്കാൻവേണ്ടിയുള്ള സത്വരമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള അവസരം കൊടുത്തതിന്റെ പേരിൽ മദ്യവിൽപ്പന വ്യാപകമാകുമെന്ന ധാരണവേണ്ട. കൊടുങ്ങല്ലൂരിലെ എസ്.എൻ. പുരം ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് സി.പി.ഐ.(എം.) ആണ്. സി.പി.ഐ.(എം.)-ന്റെ പഞ്ചായത്ത് പ്രസിഡന്റും അവിടെയുള്ള യു.ഡി.എഫ്. അംഗങ്ങളും സി.പി.ഐ. അംഗങ്ങളും കൂടി ഒരുമിച്ചുചേർന്നുകൊണ്ട് ആ പഞ്ചായത്തിൽ ബാർ വേണ്ട എന്നുതീരുമാനിച്ചു. അവിടെ ബാർ പണിത ഹോട്ടലിന് ബാർ അനുവദിക്കാതിരിക്കാൻവേണ്ടിയുള്ള നടപടിയുണ്ടായി. അതുകൊണ്ട് ഈ ഭേദഗതി വളരെയേറെ സ്വാഗതാർഹമാണ്. ഈ ഭേദഗതി ഗൗരവത്തോടുകൂടി നടപ്പിലാക്കാൻവേണ്ടിയുള്ള ഇടപെടലുകളാണ് വേണ്ടത്. അതോടൊപ്പം കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവരുടെ സ്വന്തം അണികൾക്കും താഴെയുള്ളവർക്കും ഈ കാര്യത്തിൽ കുറച്ചുകൂടി നിർദ്ദേശം കൊടുക്കാൻ തയ്യാറാകണം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അനാഥശാലകൾ ഉൾപ്പെടെയുള്ളവയ്ക്കും പഞ്ചായത്തിന്റെ നികുതി ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ഗവൺമെന്റിന്റെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവയ്ക്കുകൂടി ഇത്തരത്തിലുള്ള ഇളവ് കൊടുക്കുന്ന വിഷയം പരിഗണിക്കണം. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് മാനദണ്ഡം പാലിക്കാതെയാണ് നിയമനങ്ങൾ നടത്തുന്നത്. നാമമാത്രമായ ശമ്പളം മാത്രമാണ് അവിടെയുള്ള അദ്ധ്യാപകർക്ക് നൽകുന്നത്. സർക്കാർ മാനദണ്ഡ

ങ്ങളും, സർക്കാർ നിർദ്ദേശവും, കോടതി നിർദ്ദേശങ്ങൾ പോലും മാനിക്കാതെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്ക് നാമമാത്രമായ പൈസ കൊടുത്തുകൊണ്ട് അവരെ ചൂഷണം ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ നികുതി ആനുകൂല്യം നൽകാത്ത വിധത്തിൽ ക്ലോസ് വച്ചുകൊണ്ട് ആനുകൂല്യം നൽകുന്നതിനുള്ള അനുമതി കൊടുക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): സർ, മൂന്ന് പോയിന്റ് സംബന്ധിച്ച വിശദീകരണം കൊടുത്താലേ ക്ലിയറാകൂ. ഒന്ന്, സർക്കാർ പ്രോപ്പർട്ടി ടാക്സ് 25 ശതമാനമാക്കി ആളുകളെ ബുദ്ധിമുട്ടിച്ചു എന്നാണ് പറയുന്നത്. 2009-ലെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് മുൻ സർക്കാർ 14-01-2011-ന് ഗസറ്റ് വഴി ചട്ടങ്ങൾ പുറപ്പെടുവിച്ചു. അത് പ്രകാരമാണ് വാസഗൃഹങ്ങൾക്ക് 60 ശതമാനം വരെ ജനങ്ങൾ നികുതി നൽകേണ്ടി വരുമെന്ന് തീരുമാനിച്ചത്. അത് 25 ശതമാനമാക്കി കുറയ്ക്കുകയാണ് ചെയ്തത്. രണ്ട്, ഞങ്ങൾ പുറമ്പോക്കിന്റെ കാര്യത്തിൽ എന്തോ വലിയ അപകടം ചെയ്തുവെന്ന് പറയുന്നു. 1994-ലെ മുനിസിപ്പാലിറ്റി ആക്ടിൽ 376-ാം വകുപ്പ് അനുസരിച്ച് ഒരു ക്ലോസ് ഉണ്ട്. 1994 മുതൽ ഇന്ന് ഞാൻ ഇവിടെ നിൽക്കുന്നതുവരെ ആ ക്ലോസ് നിലനിൽക്കുന്നുണ്ട്. ഈ പറയുന്ന എല്ലാ സംഭവങ്ങളും അതിലുണ്ട്. 30 ദിവസത്തിൽ കവിയാത്ത കാലത്തേയ്ക്ക് തടവുശിക്ഷ നൽകി സിവിൽ ജയിലിൽ അയയ്ക്കുന്നതുമാണ്. എന്നാൽ ഈ വകുപ്പ് പ്രകാരം അങ്ങനെ തടവുശിക്ഷയ്ക്ക് അയയ്ക്കപ്പെടുന്ന യാതൊരു ആളുടേയും അതേവസ്തുക്കൾ സംബന്ധിച്ച്..... എന്നുതുടങ്ങി ഇപ്പോൾ ഇവിടെ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും 1994-ലെ മുനിസിപ്പാലിറ്റി

ആക്ടിലുണ്ട്. അതിനിടയിൽ എത്ര പ്രവാവശ്യം ഇടതുപക്ഷ ഗവൺമെന്റ് വന്നിട്ടുണ്ട്. എന്തുകൊണ്ട് നിങ്ങൾ അതൊന്നുനോക്കി ഈ ജനവിരുദ്ധമായ ക്ലോസ് മാറ്റാൻ ഒരു അമെന്റ്മെന്റ് ഇതുവരെ കൊണ്ടുവന്നില്ല. ഇതിപ്പോൾ ഞങ്ങൾ കൊണ്ടുവരാൻ കാരണം മുനിസിപ്പാലിറ്റി ആക്ടിൽ അങ്ങനെയൊരു ക്ലോസ് ഉണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ അങ്ങനെയൊരു ക്ലോസ്സില്ല. അതുകൊണ്ട് ഫിനാൻസ് കമ്മീഷനടക്കം ഈ ക്ലോസ് പഞ്ചായത്ത് രാജ് ആക്ടിൽകൂടി ഉൾച്ചേർക്കണമെന്ന് പറഞ്ഞതുകൊണ്ട് രണ്ടും തമ്മിൽ വ്യത്യാസമില്ലാത്ത രീതിയിൽ അതേ ക്ലോസെടുത്ത് ഇതിലേയ്ക്ക് ചേർക്കുകയാണ് ചെയ്തത്. ഗ്രാമസഭ വിളിച്ചുകൂട്ടുന്നത് സംബന്ധിച്ച് തത്കാലമായി സംഭവിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സമയത്ത് തിരഞ്ഞെടുപ്പ് ചട്ട ലംഘനമാകും എന്ന് കരുതി പല ഗ്രാമ പഞ്ചായത്തുകളും അത് പ്രതിപക്ഷം–ഭരണപക്ഷം എന്നില്ല, അവർ വിളിച്ചു കൂട്ടാത്തതിന്റെ പേരിൽ എല്ലാ മെമ്പർമാരെയും അയോഗ്യരാക്കാൻ വേണ്ടി ഇലക്ഷൻ കമ്മീഷൻ തീരുമാനിച്ചു. രണ്ട് ഗ്രാമപഞ്ചായത്തുകൾ പിരിച്ചു വിട്ടു. അതിൽ ഒന്ന് എൽ.ഡി.എഫ്.–ന്റെതും ഒന്ന് യു.ഡി.എഫ്–ന്റെതുമാണ്. അതുകൊണ്ട് ആ പ്രത്യേക സാഹചര്യം കണക്കിലെടുത്തുമാത്രം കൊണ്ടുവന്നതാണ്. അല്ലാതെ ഗ്രാമസഭയെ ദുർബ്ബലപ്പെടുത്താനല്ല, ശക്തിപ്പെടുത്താൻ തന്നെയാണ്. ഗ്രാമസഭകൾ അയോഗ്യതയിൽനിന്നും മാറി വന്നു കഴിഞ്ഞാൽ അമെന്റ്മെന്റിലൂടെ കൂടുതൽ ശക്തമാകും. ഇതൊക്കെയാണെങ്കിലും ഗ്രാമസഭ പിരിച്ചുവിടാൻ നിർവ്വാഹമില്ല. പക്ഷേ ഓൺ ദ സ്പോട്ട് ഗ്രാമസഭ പിരിച്ചുവിടാൻ കഴിയുന്ന രീതിയിലേയ്ക്ക് വരുംകാലത്തിലെ അമെന്റ്മെന്റിലൂടെ നമുക്കതിന്റെ നിയമത്തെ കർശനമാക്കാം എന്നതാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. അബ്കാരി കാര്യത്തിൽ, അബ്കാരി വിഷയം ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് വന്നതു

കൊണ്ട്, വികേന്ദ്രീകരണം വന്നതുകൊണ്ട് അഴിമതി ഉണ്ടാകും എന്നുപറയുമ്പോൾ നമ്മൾ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകളെ അവിശ്വസിക്കുകയാണ്. അങ്ങനെയാണെങ്കിൽ ബിൽഡിംഗ് റൂൾസ് അടക്കമുള്ള കാര്യങ്ങളിൽ എങ്ങനെ നമ്മൾ അവരിൽ വിശ്വാസം അർപ്പിക്കും?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അധികാര ദുർവിനിയോഗം നടത്തുന്നുണ്ടെന്നും അവിടെ അഴിമതി നടക്കുന്നുണ്ടെന്നും എക്സൈസ് വകുപ്പുമന്ത്രിയാണ് പറഞ്ഞത്. ഇന്നലെ വൈകുന്നേരം അദ്ദേഹം ദൃശ്യമാധ്യമങ്ങളോട് പറയുന്നത് കേട്ടു.

ഡോ. എം. കെ. മുനീർ: ഇതിൽ ഒരു കാര്യം പറയാം. നമ്മൾ സദുദ്ദേശത്തിലാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ എന്നുപറഞ്ഞാൽ സാധാരണ താഴെത്തട്ടിലുള്ള ആളുകളുമായി ഇടപഴകുന്ന ഭരണകൂടങ്ങളാണ്. നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടുകൂടിത്തന്നെയാണ് നമ്മൾ ഇത് കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ കൊടുക്കുക എന്ന ഉദ്ദേശത്തോടെ ചില സ്ഥലങ്ങളിൽ കൊടുത്തുവന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളോട് എനിക്ക് പറയാനുള്ളത്, നിയന്ത്രിക്കാൻ കൂടിയാണ് നിങ്ങൾക്ക് ഈ അധികാരം തന്നിട്ടുള്ളത്. ഇതുകൊണ്ടുള്ള ഗുണം, ഇവിടെ പറഞ്ഞല്ലോ അമ്മമാരും സഹോദരിമാരും അവർ ഇനി ഓരോ ആവശ്യത്തിനും തിരുവനന്തപുരത്തേയ്ക്ക് വരേണ്ടതില്ല. അത്തരം പ്രശ്നങ്ങളുണ്ടായാൽ ഗ്രാമത്തിൽ തന്നെ സമരം ചെയ്ത് അത് നിർത്തലാക്കാൻ അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമായി തന്നെ സമരം ചെയ്യാനുള്ള അവസരം ഇതിലൂടെ ഉണ്ടാകുന്നു എന്നത് ഗുണകരമായി കാണണമെന്ന് മാത്രമാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്. അതോടൊപ്പം പരസ്യമായി തന്നെ പറയുന്നു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത് ദുർവിനിയഗം ചെയ്യാനല്ല ഇത് വളരെ സദുദ്ദേശത്തിൽ വളരെയധികം

ആലോചനകൾക്കുശേഷം എടുത്തിട്ടുള്ളതാണ്. മദ്യമെന്ന ദുരന്തത്തിൽ നിന്നും രാജ്യത്തെ രക്ഷപ്പെടുത്താനുള്ള ബാധ്യത ആ സ്ഥാപനങ്ങളുടെ മേൽ ഉണ്ട് എന്ന ഉത്തരവാദിത്തബോധത്തോടുകൂടി ആയിരിക്കണം ഇത്തരത്തിലു ള്ള കാര്യങ്ങളിൽ അവർ ഇടപെടേണ്ടത് എന്ന കാര്യം പറഞ്ഞുകൊള്ളുന്നു. അടുത്ത ഭേദഗതികളിലേയ്ക്ക് പോകാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അങ്ങ് കൈകാണിച്ചതുകൊണ്ട് പറയുന്നതാണ്. ഇത് ഭേദഗതി ബില്ലാണ്. ഭേദഗതി ബില്ലിൽ രണ്ടുപേരേ വിളി ക്കാറുള്ളൂ. ആദ്യത്തേത് ശ്രീ. പി. സി. ജോർജായിരുന്നു അദ്ദേഹത്തെ വിളിച്ചു. രണ്ടാമത് ശ്രീ.തോമസ് ചാണ്ടി, സ്ഥലത്തില്ല. മൂന്നാമത്തെയാൾ ശ്രീ. കെ. മുരളീധരനാണ്. മുരളീധരൻ ശ്രീ. റ്റി. എൻ. പ്രതാപന് ആതറൈസേഷൻ കൊടുത്തു. അങ്ങയുടെ പേര് നാലാമത് മാത്രമാണ്. അതുകൊണ്ടാണ് വിളി ക്കാതിരുന്നത്. ഇതിൽ ചട്ടവിരുദ്ധമായി ഒന്നുമില്ല. ഇത് ഭേദഗതി ബില്ലാണ്. അല്ലാത്തതാണെങ്കിൽ നാലു പേർക്ക് കൊടുക്കും.

ശ്രീ. പി. സി. ജോർജ് അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

ശ്രീ. പി. സി. ജോർജ്: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

ശ്രീ. റ്റി. എൻ. പ്രതാപൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരി ക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013 –ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>2–ാം വകുപ്പ്</u>

<u>ശ്രീ. എം. ഹംസ</u> :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(1) (പി) – യിൽ "മൂന്ന് തവണ" എന്നതിന് പകരം "നാല് തവണ" എന്ന് ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(1) (പി) – യിൽ "മൂന്ന് തവണ" എന്നതിന് പകരം "അഞ്ചു തവണ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>:, ശ്രീ. ആർ രാജേഷ്, ശ്രീമതി കെ.എസ്. സലീഖ, ശ്രീ. പി. എ. മാധവൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ ക്രമാനുസൃതമല്ലാത്തതിനാൽ മൂവ് ചെയ്യേണ്ടതില്ല. സംസാരിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): ഭേദഗതികൾ സ്വീകാര്യമല്ല

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 115–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 118–ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

2–ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3–ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവ തരിപ്പിക്കുന്നു.

119. ഖണ്ഡം 3(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 203 (4)ൽ "പ്രാബല്യത്തിൽ വരുന്ന തീയതി" എന്നതിന് പകരം "പ്രാബല്യത്തിൽ വരുന്ന വർഷത്തെ ഏപ്രിൽ 1–ാംതീയതി" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദ ഗതികൾ അവതരിപ്പിക്കുന്നു.

130. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 203(4)–ൽ, "ഓരോ വർഷവും അഞ്ച് ശതമാനം എന്ന

നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം അഞ്ചു വർഷക്കാലയളവ് പൂർത്തിയാകുമ്പോൾ ഇരുപത്തി അഞ്ച് ശതമാനം'' എന്നീ വാക്കുകൾക്കു പകരം ''അഞ്ചു വർഷ കാലയളവു പൂർത്തിയാക്കുമ്പോൾ പതിനഞ്ചു ശതമാനം'' എന്നീ വാക്കുകൾ ചേർക്കു-I.

145. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 203(4) (ബി)യിൽ,

"ഇരുപത്തി അഞ്ച് ശതമാനം ' എന്നീ വാക്കുകൾക്കുപകരം 'പതിനഞ്ച് ശതമാനം ' എന്നീ വാക്കുകൾ ചേർക്കുക

(146, 147, 148 എന്നീ നമ്പർ ഭേദഗതികൾ 145–ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(4)–ൽ, ''അഞ്ച് ശതമാനം'' എന്നതിനു പകരം ''രണ്ട് ശതമാനം'' എന്നും ''ഇരുപത്തി അഞ്ചു ശതമാനം'' എന്നതിനു പകരം ''പത്ത് ശതമാനം'' എന്നും ചേർക്കുക.

143. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(4)(ബി)യിൽ ''ഇരുപത്തി അഞ്ച് ശതമാനം'' എന്നതിനു പകരം ''പത്ത് ശതമാനം'' എന്നു ചേർക്കുക.

ശ്രീ. പി. റ്റി. എ. റഹീം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിയ്ക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203 (4) (എ) യിൽ, "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്നതിനു പകരം "ചട്ടത്തിൽ അനുശാസിക്കും പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140 ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിയ്ക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203 (4) (എ) യിൽ, "നികുതി നിശ്ചയിക്കേണ്ടതും" എന്നതിന് ശേഷം "ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം " എന്നീ വാക്കുകൾ ചേർക്കുക.

161. ഖണ്ഡം 3 (ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(10)-ൽ "മുപ്പത്" എന്നതിനു പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിയ്ക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203 (4) (ബി) യിൽ "അടുത്തു വരുന്ന പഞ്ചവാർഷിക നികുതി" എന്നതിനു പകരം "തുടർന്നു വരുന്ന അഞ്ചു വർഷം പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്ന വാർഷിക നികുതി" എന്ന് ചേർക്കുക.

154. ഖണ്ഡം 3(ബി)-യിൽ ''(ശശശ), (ശഃ)'' എന്നീ ഇനങ്ങൾ ഒഴിവാക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 3(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 203 (4) (ബി)യിൽ "ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ്" എന്നതിന് പകരം "പത്ത് ശതമാനം വർദ്ധനവ്" എന്ന് ചേർക്കുക

**158. ഖണ്ഡം 3 (സി) ഒഴിവാക്കുക.**

163. ഖണ്ഡം 3 (ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(10)-ൽ "മുപ്പത് ദിവസത്തിനുള്ളിൽ" എന്നതിനു പകരം "തൊണ്ണൂറു ദിവസത്തിനുള്ളിൽ" എന്നു ചേർക്കുക.

(ശ്രീമതി കെ.എസ് സലീഖയുടെ 132-ാം നമ്പർ ഭേദഗതി 131-നും 166-ാം നമ്പർ ഭേദഗതി 165 നും 168-ാം നമ്പർ ഭേദഗതി 167-നും തുല്യമായതിനാലും 156-ാം നമ്പർ ഭേദഗതി 154-ൽ ഉൾപ്പെട്ടതിനാലും അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 203 (4) (ബി) - യിൽ "ഇരുപത്തിയഞ്ച് ശതമാനം" എന്നീ വാക്കുകൾക്ക് പകരം "ഇരുപത് ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(4)(ബി)-യിൽ ''ഇരുപത്തി അഞ്ച് ശതമാനം വർദ്ധനവ്'' എന്നീ വാക്കുകൾക്കുപകരം ''ഇരുപത്തിയഞ്ചു ശതമാനത്തിൽ അധികരിക്കാത്ത തുകവർദ്ധനവ്'' എന്നീ വാക്കുകൾ ചേർക്കുക.

165. ഖണ്ഡം 3 (ഇ) ഒഴിവാക്കുക.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(4)(ബി)-യിൽ ''അതനുസരിച്ച് അടുത്ത അഞ്ച് വർഷത്തേയ്ക്കുള്ള ഡിമാന്റ് നോട്ടീസ് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് നല്കേണ്ടതുമാകുന്നു'' എന്നീ വാക്കുകൾക്കുപകരം ''അതു കെട്ടിട ഉടമയെ രേഖാമൂലം അറിയിക്കേണ്ടതുമാകുന്നു'' എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 3 (എഫ്) ഒഴിവാക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(4) താഴെപ്പറയുംപ്രകാരം മാറ്റുക:

''(4) 2–ാം ഉപവകുപ്പുപ്രകാരം സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്കു വിധേയമായി 3–ാം ഉപവകുപ്പുപ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതിനിരക്കുകൾ അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചുവർഷക്കാലയളവിലേയ്ക്കു പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതും,ഓരോ അഞ്ചു വർഷകാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചുവർഷക്കാലയളവിലേയ്ക്കു പ്രാബല്യത്തിൽ വരത്തക്കവിധം നിലവിലുള്ള അടിസ്ഥാനവസ്തു നികുതിയുടെ പരിധികളിലും നിരക്കുകളിലും യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും ഇരുപത്തിയഞ്ചു ശതമാനം വർദ്ധനവു വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും, അപ്രകാരം നികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതനുസരിച്ചു നികുതി നിർണ്ണയം നടത്തുമ്പോൾ പുതിയതും പുതുക്കിപ്പണിതതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.''

155. ഖണ്ഡം 3 (ബി)–ൽ '(ശശ), (ശഃ)''എന്നിവ ഒഴിവാക്കുക

**157. ഖണ്ഡം 3 (സി) ഒഴിവാക്കുക.**

162. ഖണ്ഡം 3 (ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(10)–ൽ "മുപ്പത് ദിവസത്തിനുള്ളിൽ" എന്നതിനു പകരം "എഴുപതു ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

സർ, ഇതിൽ ഓരോ വർഷവും അഞ്ചു ശതമാനം വീതം വർദ്ധനവ് വരുത്തി അപ്രകാരം അഞ്ചു വർഷക്കാലയളവ് പൂർത്തിയാക്കുമ്പോൾ ഇരുപത്തിയഞ്ചു ശതമാനം വർദ്ധനവെന്ന് പറയുമ്പോൾ അതിനേക്കാൾ കൂടുതൽ വരും. അതുകൊണ്ട് ഓരോ വർഷത്തിന് പകരം ഓരോ അഞ്ചു വർഷം കൂടുമ്പോൾ പുതുക്കി നിശ്ചയിക്കുക എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

159. ഖണ്ഡം 3 (ഡി) ഒഴിവാക്കുക.

(160-ാം നമ്പർ ഭേദഗതി 159 ന് തുല്യമായതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ. ശ്രീ. പി.സി. വിഷ്ണുനാഥ്, ശ്രീ. വി. ഡി. സതീശൻ, ശ്രീ. ജോസഫ് വാഴക്കൻ, ശ്രീ. സണ്ണി ജോസഫ്, ശ്രീ. കെ. മുരളീധരൻ, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. പി. കെ. ബഷീർ, ശ്രീ. എം. എ വാഹീദ്, ശ്രീ. വി. ശശി, ശ്രീ. വർക്കല കഹാർ, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, ശ്രീ. സി. മമ്മൂട്ടി, ശ്രീ. പി. എ. മാധവൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ശ്രീ. കെ. കെ. ജയചന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ ക്രമാനുസൃതമല്ലാത്തതിനാൽ മൂവ് ചെയ്യേണ്ടതില്ല. സംസാരിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): സർ, ശ്രീ. എ. പ്രദീപ് കുമാറിന്റെ 141-ാം നമ്പർ ഭേദഗതി ചെറിയ ഭേദഗതിയോടുകൂടി അംഗീകരിക്കുന്നു. അതായത് അഞ്ചുവർഷം കാലയളവിലേയ്ക്കുള്ള വാർഷിക വസ്തു നികുതി എന്ന ഭേദഗതിയോടെ അംഗീകരിക്കാം. മറ്റുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള ശ്രീ. എ. പ്രദീപ്കുമാറിന്റെ 141-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. കെ. എൻ. എ ഖാദർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 130, 145 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 131, 143 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.റ്റി.എ. റഹീം അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 140, 161 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി. കെ. എസ്. സലീഖ അവതരിപ്പിച്ച 144, 158, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമനിക് പ്രസന്റേഷൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 150, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 151, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 153, 155, 157, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ യെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 4-ാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 207 (ബിഎ)-യിൽ "സർക്കാരിന്റെ അംഗീകാരം ഉള്ള" എന്നീ വാക്കുകൾക്കു പകരം "സർക്കാരിന്റെ അംഗീകാരമുളളതും അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതും ആയ" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 4 പ്രകാരം അൺ–എയ്ഡഡ് സ്കൂളുകൾക്കെല്ലാം അവരുടെ കെട്ടിടങ്ങൾക്കും ബാക്കി കാര്യങ്ങൾക്കുമെല്ലാം നികുതി ഒഴിവാക്കി കൊടുക്കുകയാണ്. എന്ത് അടിസ്ഥാനത്തിലാണ് ഇത് ഗവൺമെന്റ് ചെയ്യുന്നതെന്ന് മനസ്സിലാകുന്നില്ല. എന്റെ ഭേദഗതി എന്നു പറയുന്നത് സർക്കാരിന്റെ അംഗീകാരമെന്ന വാക്കുകൾക്ക് പകരം സർക്കാരിന്റെ അംഗീകാരമുള്ളതും അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായ എന്ന് ചേർക്കണം. അങ്ങനെയുള്ള സ്കൂളുകൾക്ക് കൊടുക്കണം. ഈ സ്കൂളുകളെല്ലാം വൻതോതിൽ ഫീസ് പിരിക്കുകയും വൻതോതിൽ ക്യാപിറ്റേഷൻ ഫീസ് വാങ്ങിക്കുകയും ചെയ്തിട്ട് അദ്ധ്യാപകർക്ക് നാമമാത്രമായ ശമ്പളം കൊടുക്കുന്നു. ഇങ്ങനെയെല്ലാമുള്ള സ്കൂളുകളുടെ നികുതി സർക്കാർ ഒഴിവാക്കിക്കൊടുക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

174(എ). ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 207(ബിഎ)–യിൽ "സർക്കാരിന്റെ അംഗീകാരം ഉള്ള" എന്നീ വാക്കുകൾക്കു ശേഷം "അൺഎയിഡഡ് ഒഴികെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഹംസ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 207(ബിഎ)–യിൽ "ഹയർസെക്കൻഡറി തലം"

എന്നീ വാക്കുകൾക്കു പകരം "കോളേജ് തലം" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖയുടെ 171-ാം ഭേദഗതിയും ശ്രീ. കെ. കെ. ജയച്ചന്ദ്രന്റെ 172-ാം ഭേദഗതിയും ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. എങ്കിലും സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ: സർ, നേരത്തെ പറഞ്ഞതുപോലെ സ്വകാര്യ സ്ഥാപനങ്ങളെ അംഗീകരിക്കുന്ന രീതിയിലുള്ള വകുപ്പ് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. കാരണം സ്വകാര്യ സ്ഥാപനങ്ങൾ, പൊതുവിദ്യാലയങ്ങളുടെ തകർച്ചയിലേയ്ക്കാകും നയിക്കുക എന്നുള്ളതുകൊണ്ട് ആ ഖണ്ഡം ഒഴിവാക്കണമെന്നുള്ള ഒരു അഭിപ്രായമാണ് അക്കാര്യത്തിലുള്ളത്.

ഡോ. എം. കെ. മുനീർ: സർ, ഭേദഗതികൾ സ്വീകാര്യമല്ല. പക്ഷേ ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞിട്ടുള്ള നിർദ്ദേശം വളരെ നല്ലതാണ്. ഇന്നത്തെ സാഹചര്യത്തിൽ സ്കൂളുകൾ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് നോക്കാനുള്ള സംവിധാനം പഞ്ചായത്തുകളിലില്ല. എനിക്ക് പറയാനുള്ളത്, വരും നാളുകളിൽ ഇത് വളരെ പ്രസക്തമാണ്. മറ്റൊരു ഭേദഗതി വരുന്ന സമയത്ത് ഈ സംവിധാനം ഉണ്ടാക്കിയശേഷം ഈ ഒരു ക്ലോസ് ഗൗരവമായി എടുക്കാം. ഇന്നത്തെ സാഹചര്യത്തിൽ ഇത് എടുക്കാൻ സാധിക്കില്ല.

ശ്രീ. എം. എ. ബേബി: സർ, ഇവർക്ക് നൽകേണ്ട ശമ്പളത്തെക്കുറിച്ചുള്ള ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. അത് പത്രങ്ങളിലെല്ലാം വന്നിട്ടുള്ളതാ

ണ്. വളരെ സെൻസിബിളായിട്ടുള്ള ഒരു ഭേദഗതിയാണ് ശ്രീ. കെ. സുരേഷ് കുറുപ്പ് മൂവ് ചെയ്തിട്ടുള്ളത്.

മി. സ്പീക്കർ: അതിനെക്കുറിച്ച് മിനിസ്റ്റർ അഭിപ്രായം പറഞ്ഞു കഴിഞ്ഞു. അത് ഗവൺമെന്റിന്റെ അഭിപ്രായമാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. എം. എ. ബേബി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. എം. ഹംസ
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. കെ. കെ. ജയചന്ദ്രൻ
15. ശ്രീ. ഇ. പി. ജയരാജൻ
16. ശ്രീ. ജോസ് തെറ്റയിൽ
17. ശ്രീ. സി. കൃഷ്ണൻ
18. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

19. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
20. ശ്രീ. കോവൂർ കുഞ്ഞുമോൻ
21. ശ്രീമതി കെ. കെ. ലതിക
22. ശ്രീ. മാത്യു റ്റി. തോമസ്
23. ശ്രീ. സി. കെ. നാണു
24. ശ്രീ. എ. പ്രദീപ്കുമാർ
25. ശ്രീ. പുരുഷൻ കടലുണ്ടി
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ശ്രീ. പി. റ്റി. എ. റഹീം
28. ശ്രീ. ആർ. രാജേഷ്
29. ശ്രീ. റ്റി. വി. രാജേഷ്
30. ശ്രീ. രാജു എബ്രഹാം
31. ശ്രീ. മുല്ലക്കര രത്നാകരൻ
32. ശ്രീ. സി. കെ. സദാശിവൻ
33. ശ്രീമതി കെ. എസ്. സലീഖ
34. ശ്രീ. ബി. സത്യൻ
35. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
36. ശ്രീ. വി. എസ്. സുനിൽകുമാർ
37. ശ്രീ. കെ. സുരേഷ് കുറുപ്പ്
38. ശ്രീ. പി. തിലോത്തമൻ
39. ഡോ. ടി. എം. തോമസ് ഐസക്
40. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. പാലോട് രവി
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. എൻ. ശക്തൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. സണ്ണി ജോസഫ്
60. ശ്രീ. സി. എഫ്. തോമസ്
61. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. എ. വാഹീദ്

65. ശ്രീ. എം. പി. വിൻസെന്റ്
66. ശ്രീ. പി. സി. വിഷ്ണുനാഥ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | : | 40 |
| | പ്രതികൂലിക്കുന്നവർ | : | 66 |
| | നിക്ഷ്പക്ഷത പാലിക്കുന്നവർ | : | 0 |

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 174(എ) ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 175-ാം ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

4ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

178. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(2)-ൽ ''(1077-ലെ 1)'' എന്നത് ഒഴിവാക്കുക.

189. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(5) ന്റെ വിശദീകരണത്തിൽ 1077–ലെ എന്നത് ഒഴിവാക്കുകയും "അബ്കാരി ആക്ടും" എന്നീ വാക്കുകൾക്ക് ശേഷം "(1077ലെ–1)" എന്നത് ചേർക്കുകയും ചെയ്യുക..

ശ്രീ. കെ. ദാസൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ ''പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താൽപര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ'' എന്നീ വാക്കുകൾക്കുപകരം ''പൊതുസമാധാന സംരക്ഷണാർത്ഥം'' എന്നീ വാക്കുകൾ ചേർക്കുക.

188. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(5) ഒഴിവാക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ ''സൻമാർഗ്ഗത്തിന്റേയോ'' ''പതിനഞ്ച് ദിവസത്തിൽ കവിയാത്ത'' എന്നീ വാക്കുകളും ഒഴിവാക്കുക.

190. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(5) താഴെപ്പറയും പ്രകാരം മാറ്റുക;

“(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012–ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ഓർഡിനൻസ് (2012–ലെ 63) പ്രാബല്യത്തിൽ വന്ന 2012 നവംബർ 25–ാം തീയതി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന യാതൊരു അബ്കാരി ഷാപ്പുകൾക്കും പ്രസ്തുത തീയതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള അതിരുകൾക്ക് ഉള്ളിലുള്ള പ്രദേശത്ത് നിലവിലുള്ള എല്ലാ നിയമവ്യവസ്ഥകൾക്കും വിധേയമായി മാറ്റി സ്ഥാപിക്കുന്നതിനും ബാധകമായിരിക്കുന്നതല്ല.

വിശദീകരണം :– “അബ്കാരി ഷാപ്പ്” എന്നാൽ 1977–ലെ അബ്കാരി ആക്ടും അതിൽ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരമുള്ള ഒരു കള്ളുഷാപ്പ്, ഒരു വിദേശ മദ്യ ഷാപ്പ്, ഒരു വിദേശ മദ്യ ചില്ലറ വിൽപന സ്ഥാപനം എഫ്എൽ9 ലൈസൻസുള്ള ഒരു സ്ഥാപനം അല്ലെങ്കിൽ ഒരു ബാർ ഹോട്ടൽ എന്നർത്ഥമാകുന്നു”

ഖണ്ഡം 5–ൽ 232–ാം വകുപ്പിനുള്ള ഭേദഗതിയാണ്. പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റേയോ ... എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. പതിനഞ്ചുദിവസത്തിൽ കവിയാത്ത....., പതിനഞ്ചു ദിവസം കൊണ്ട് ഒരു ഷാപ്പ് ഒരിടത്തോട്ടും മാറ്റി വയ്ക്കാൻ സാധിക്കില്ല. ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തോട്ടു കൊണ്ടുപോകുന്നതു തന്നെ വലിയ ബുദ്ധിമുട്ടാണ്. സൻമാർഗ്ഗം എന്നു പറയുന്ന വളരെ വേഗായിട്ടുള്ള ഒരു കാര്യം

ചേർത്തിരിക്കുന്നു. പതിനഞ്ചു ദിവസം എന്നുള്ള പരിധി. ഇതുരണ്ടും മാറ്റണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

181 ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)-ൽ "സൗകര്യമോ" എന്ന വാക്ക് ഒഴിവാക്കുകയും "ശല്യമോ" എന്ന വാക്കിന് പകരം "ശല്യം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

182 ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)-ൽ "ഒരു സ്ഥലത്ത് നിന്നും" എന്നീ വാക്കുകൾക്ക് പകരം "അത് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

183 ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)-ൽ "ഇതിനായി നിർദ്ദേശിക്കാവുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുകയും "സമയ പരിധിക്കുള്ളിൽ" എന്ന വാക്കിന് ശേഷം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

<u>ശ്രീ. എം. ഹംസ</u>: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

184 ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ "പതിനഞ്ച്" എന്ന വാക്കിനു പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

185 ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ "മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടയ്ക്കുവാനോ" എന്നീ വാക്കുകൾക്ക് പകരം "സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാൻ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ "മറ്റൊരുസ്ഥലത്തേക്ക്" എന്ന വാക്കിനുശേഷം "പ്രവർത്തനം നിർത്തിവയ്ക്കുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക. "അടയ്ക്കുവാനോ" എന്ന വാക്ക് ഒഴിവാക്കുകയും ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ "മാറ്റുവാനോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖയുടെ 176–ാം ഭേദഗതി ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ആവശ്യമുണ്ടെങ്കിൽ സംസാരിക്കാം.

ശ്രീമതി കെ. എസ്. സലീഖ: സംസാരിക്കുന്നില്ല.

ഡോ. എം. കെ. മുനീർ: സർ, ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 182–ാം ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 187–ാം ഭേദഗതിയും അംഗീകരിച്ചിരിക്കുന്നു. മറ്റുള്ള ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 178, 189 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 179, 188 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 180, 190 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 181–ാം ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 183–ാം ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 184–ാം ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 185–ാം ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 186–ാം ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ യെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ:.......

പ്രതികൂലിക്കുന്നവർ .........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ

10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. റ്റി. യു. കുരുവിള
30. ശ്രീ. ലൂഡി ലൂയിസ്
31. ശ്രീ. പി. എ. മാധവൻ
32. ശ്രീ. സി. മമ്മൂട്ടി
33. ശ്രീ. കെ. എം. മാണി
34. ശ്രീ. കെ. പി. മോഹനൻ
35. ശ്രീ. സി. മോയിൻകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്

39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ. എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. പാലോട് രവി
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. എൻ. ശക്തൻ
51. ശ്രീ. വി. ഡി സതീശൻ
52. ശ്രീ. ഷാഫി പറമ്പിൽ
53. ശ്രീ. കെ. എം. ഷാജി
54. ശ്രീ. എൻ. ഷംസുദീൻ
55. ശ്രീ. ആർ. സെൽവരാജ്
56. ശ്രീ. കെ. ശിവദാസൻ നായർ
57. ശ്രീ. വി. എസ്. ശിവകുമാർ
58. ശ്രീ. സണ്ണി ജോസഫ്
59. ശ്രീ. സി. എഫ്. തോമസ്
60. ശ്രീ. പി. ഉബൈദുള്ള
61. ശ്രീ. എം. ഉമ്മർ
62. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
63. ശ്രീ. എം. എ. വാഹീദ്
64. ശ്രീ. എം. പി. വിൻസെന്റ്
65. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. എം. എ. ബേബി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. എം. ഹംസ
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. കെ. കെ. ജയചന്ദ്രൻ
15. ശ്രീ. ഇ. പി. ജയരാജൻ
16. ശ്രീ. ജോസ് തെറ്റയിൽ
17. ശ്രീ. സി. കൃഷ്ണൻ
18. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
19. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
20. ശ്രീ. കോവൂർ കുഞ്ഞുമോൻ
21. ശ്രീമതി കെ. കെ. ലതിക
22. ശ്രീ. മാത്യു റ്റി. തോമസ്
23. ശ്രീ. സി. കെ. നാണു
24. ശ്രീ. എ. പ്രദീപ്കുമാർ
25. ശ്രീ. പുരുഷൻ കടലുണ്ടി
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ശ്രീ. ആർ. രാജേഷ്
28. ശ്രീ. റ്റി. വി. രാജേഷ്
29. ശ്രീ. രാജു എബ്രഹാം
30. ശ്രീ. മുല്ലക്കര രത്നാകരൻ
31. ശ്രീ. സി. കെ. സദാശിവൻ

32. ശ്രീമതി കെ. എസ്. സലീഖ
33. ശ്രീ. വി. ശശി
34. ശ്രീ. ബി. സത്യൻ
35. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
36. ശ്രീ. വി. എസ്. സുനിൽകുമാർ
37. ശ്രീ. കെ. സുരേഷ് കുറുപ്പ്
38. ശ്രീ. പി. തിലോത്തമൻ
39. ഡോ. ടി. എം. തോമസ് ഐസക്
40. ശ്രീ. ഇ. കെ. വിജയൻ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ : 65

പ്രതികൂലിക്കുന്നവർ : 40

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 6–ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ.ക്ക് ശേഷം താഴെപ്പറയുന്നത് (1) ആയി ചേർത്ത് ശേഷിക്കുന്ന ഉപവകുപ്പുകൾ പുനരക്കം ചെയ്യുക.

"(1) പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്ന എല്ലാ പുറമ്പോക്ക് ഭൂമികളും അളന്ന് തിട്ടപ്പെടുത്തി പൊതു സ്വത്താണെന്ന് അടയാളപ്പെടുത്തി വയ്ക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയായിരിക്കുന്നതും;"

സർ, "പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ പുറമ്പോക്ക് ഭൂമികളും അളന്ന് തിട്ടപ്പെടുത്തി പൊതുസ്വത്താണെന്ന് അടയാളപ്പെടുത്തി വയ്ക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയായിരിക്കെ എന്നുള്ളത്" 279 (എ) –ക്ക് ശേഷം കൊടുക്കുന്നത് ആ വകുപ്പിന്റെ വ്യക്തതയ്ക്ക് നല്ലതായിരിക്കും. പഞ്ചായത്തിന്റെ ചുമതലയാണെന്നതുകൂടി അതിനകത്ത് ഉണ്ടാകുന്നത് വ്യക്തതയ്ക്ക് നല്ലതായിരിക്കും.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

192. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (1)ൽ "ആരെങ്കിലും" എന്ന വാക്കിനുശേഷം വരുന്ന വാക്കുകൾ ഒഴിവാക്കി പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

"കൈവശം വയ്ക്കുകയാണെന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് ബോധ്യമായാൽ 60 ദിവസത്തിനകം മാറാനുള്ള നോട്ടീസ് നൽകി നടപടി സ്വീകരിക്കേണ്ടതാണ്."

198. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (2) ഒഴിവാക്കുക.

200. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ(3)(എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) (എ) ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശം വയ്ക്കുകയും അങ്ങനെ കൈവശം വച്ച ഭൂമിയിൽ കൃഷി ചെയ്ത ഏതെങ്കിലും വിളയോ, മറ്റുല്പന്നമോ കണ്ടുകെട്ടലിന് വിധേയമാകുന്നതും അതിൽ ഉണ്ടാക്കിയ ഏതെങ്കിലും കെട്ടിടമോ അഥവാ നിഷേധിക്കപ്പെട്ട ഏതെങ്കിലും സാധനമോ ന്യായമെന്ന് സെക്രട്ടറി കരുതുന്ന

രേഖാമൂലമായ നോട്ടീസ് നൽകിയശേഷവും അയാൾ നീക്കം ചെയ്യാത്ത പക്ഷം കണ്ടുകെട്ടലിന് വിധേയമാകുന്നതും അപ്രകാരം കണ്ടുകെട്ടിയ ഏതൊരു വസ്തുവും പഞ്ചായത്ത് നിർദ്ദേശിക്കാവുന്ന നടപടി ക്രമമനുസരിച്ച് കയ്യൊഴിയേണ്ടതും തുടർന്ന് അയാളെ കൈവശഭൂമിയിൽ നിന്നും പുറത്താക്കി നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.''

ഡോ എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ(1)ൽ ''ആരെങ്കിലും'' എന്ന വാക്കിനുശേഷം വരുന്ന വാക്കുകൾ ഒഴിവാക്കി താഴെപ്പറയുന്നത് ചേർക്കുക.

''ബോധപുർവ്വം മാറ്റങ്ങൾ വരുത്തുകയോ കൈവശം വയ്ക്കുകയോ ആണെങ്കിൽ അങ്ങനെ മാറ്റം വരുത്തിയതോ കൈവശം വച്ചതോ സംബന്ധിച്ച് അതാതു കാലങ്ങളിൽ പിഴ എന്ന നിലയിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന ഒരു തുക, നിർണ്ണയിക്കപ്പെടാവുന്ന പരിധികൾക്ക് വിധേയമായി, കൊടുക്കുവാൻ അങ്ങനെ ബോധപൂർവ്വം മാറ്റങ്ങൾ വരുത്തിയതോ കൈവശം വച്ചതോ ആയ ആൾ ബാധ്യസ്ഥനായിരിക്കുന്നതാണ്.''

202. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (3) (ബി) യിൽ ''ന്യായമെന്ന് സെക്രട്ടറി കരുതുന്ന'' എന്നീ വാക്കുകൾക്കു ശേഷം ''മുപ്പതു ദിവസമെന്ന'' എന്നീ വാക്കുകൾ ചേർക്കുക.

(207) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (3) (ബി) യിൽ "മുപ്പതു ദിവസത്തിൽ കവിയാത്തതു മായ" എന്നീ വാക്കുകൾക്ക് പകരം "ഒരു വർഷത്തിൽ കുറയാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ(1)ൽ "കൈവശം വയ്ക്കുകയാണെങ്കിൽ" എന്നീ വാക്കു കൾക്ക് പകരം "കൈവശം വയ്ക്കുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടാലുടൻ അങ്ങിനെ കൈവശം വച്ചിട്ടുള്ള ഭൂമി ഉടനടി ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പുറമേ" എന്നീ വാക്കുകൾ ചേർക്കുകയും ക്ലിപ്തനിബ ന്ധന ഒഴിവാക്കുകയും ചെയ്യുക.

199. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ(3)യിൽ "പിഴ കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യുന്ന"എന്നീ വാക്കുകൾക്ക് പകരം " പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പുറമേ" എന്നീ വാക്കുകൾ ചേർക്കുക.

സർ, പഞ്ചായത്തിന്റെ ഭൂമി കൈവശംവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പിഴ ഈടാക്കുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. എന്റെ ഭേദഗതി കൈവശം വയ്ക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടാലുടൻ അങ്ങനെ കൈവശം വച്ചിട്ടുള്ള ഭൂമി ഉടനടി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പിഴ ഈടാക്കുകയും അതോടൊപ്പം ഉടൻ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (1)–ൽ ''പിഴ എന്ന നിലയിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന ഒരു തുക'' എന്നീ വാക്കുകൾക്ക് പകരം ''പിഴ എന്നതിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന അങ്ങനെയുള്ള തുക'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

196. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (1)–ൽ ''ആവശ്യപ്പെടുന്ന'' എന്ന വാക്കിനു ശേഷം ''അതാതു കാലത്തെ ഭരണസമിതി നിശ്ചയിക്കുന്ന'' എന്നീ വാക്കുകൾ ചേർക്കുക.

197. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (1)–ന്റെ ക്ലിപ്ത നിബന്ധനയിൽ ''അയാൾക്ക്'' എന്ന വാക്കിനു ശേഷം ''പതിനഞ്ച് ദിവസത്തിൽ കുറയാത്ത'' എന്നീ വാക്കുകൾ ചേർക്കുക.

203. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279–എ(3) (ബി)യിൽ ഒരു നോട്ടീസ്'' എന്നീ വാക്കുകൾക്കു ശേഷം '' പതിനഞ്ച് ദിവസത്തിനകം'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

201. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (3) (ബി)യിൽ "ന്യായമെന്ന് സെക്രട്ടറി കരുതുന്ന സമയത്തിനുള്ളിൽ" എന്നീ വാക്കുകൾക്ക് പകരം "പത്തു ദിവസത്തിനകം സെക്രട്ടറിക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ (3) (ബി) യിൽ "മുപ്പതു ദിവസത്തിൽ" എന്നതിനു പകരം "അറുപതു ദിവസത്തിൽ" എന്നാക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

206. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 279 എ താഴെപ്പറയും പ്രകാരം മാറ്റുക.

"279 എ. അനധികൃത ഭൂമികൈയ്യേറ്റം ഒഴിപ്പിക്കൽ

പഞ്ചായത്തിന്റെ വകയായതോ അതിൽ നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഭൂമി ആരെങ്കിലും അനധികൃതമായി കൈവശം വയ്ക്കുകയാണെങ്കിൽ അതു നിയമാനുസൃതം ഉടനടി ഒഴിപ്പിക്കേണ്ടതാണ്. ആ ഭൂമിയിലുള്ള വിളയോ മറ്റുല്പന്നങ്ങളോ കണ്ടുകെട്ടേണ്ടതും

കെട്ടിടമോ മറ്റ് നിർമ്മാണങ്ങളോ പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്.''

സർ, പഞ്ചായത്തിന്റെ വകയായ ഭൂമി അനധികൃതമായി കയ്യേറുന്ന സ്ഥിതി വിശേഷം ഇപ്പോഴുമുണ്ട്. അതുകൊണ്ടാണ് പഞ്ചായത്തിന്റെ വകയായതോ അതിൽ നിക്ഷിപതമായതോ അതിന്റെ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഭൂമി ആരെങ്കിലും അനധികൃതമായി കൈവശം വയ്ക്കുകയാണെങ്കിൽ അത് നിയമാനുസൃതം ഉടനടി ഒഴിപ്പിക്കേണ്ടതാണ് എന്നുകൂടി ഈ ബില്ലിന്റെയകത്ത് കൊണ്ടുവരണമെന്ന് പറഞ്ഞത്. ആ ഭൂമിയിലുള്ള.....

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, അഞ്ച് സെന്റ് ഭൂമിയുള്ളവരെ വെറുതെ വിടണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അഞ്ച് സെന്റ് ഭൂമിയുള്ളവർക്കെല്ലാം കയ്യേറാമെന്നുള്ളത് യു.ഡി.എഫ്.ന്റെ നയമാണോ? ഗവൺമെന്റ് ചീഫ് വിപ്പ് പറയുന്നത് അഞ്ച് സെന്റ് കയ്യേറാമെന്നാണ്. അങ്ങനെ ഉണ്ടെങ്കിൽ നമുക്ക് നിയമത്തിൽ ചേർക്കാം.

മി. സ്പീക്കർ: അങ്ങനെയൊരു നിയമമൊന്നുമില്ല. ഇതൊന്നും രേഖയിൽ ഉണ്ടാകില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അഞ്ച് സെന്റ് ഭൂമി വീതം കയ്യേറിയിട്ടാണ് വ്യാപകമായ കയ്യേറ്റമായി മാറുന്നത്.

ശ്രീ. സി. ദിവാകരൻ: ഇത് ഗവൺമെന്റിന്റെ അഭിപ്രായമാണോ ചീഫ് വിപ്പ് പറഞ്ഞത്.

മി. സ്പീക്കർ: ഗവൺമെന്റിന്റെ അഭിപ്രായം മുഖ്യമന്ത്രി പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഭരണകക്ഷിയിൽ നിന്നുത്തന്നെ അഞ്ച് സെന്റ് ഭൂമി കയ്യേറിക്കൂടെയെന്ന് ചോദിച്ചാൽ, നമ്മൾ അഞ്ച് സെന്റുകാർക്ക് എതിരും അവരൊക്കെ അഞ്ചുസെന്റിന്റെ ആളുകളായി മാറുന്ന സ്ഥിതി വേണ്ടായെന്ന് വച്ചുകൊണ്ട് നയം വ്യക്തമാക്കിയാൽ നമുക്കൊരു നിലപാട് എടുക്കാം എന്നുള്ളതുകൊണ്ട് പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ആ ഭൂമിയിലുള്ള വിളയോ മറ്റുല്പന്നങ്ങളോ കണ്ടുകെട്ടണം. അതോടൊപ്പംതന്നെ കെട്ടിടമാണെങ്കിൽ, ആ കെട്ടിടവും അതിൽ നിർമ്മാണം ചെയ്തിരിക്കുന്നതൊക്കെത്തന്നെ പഞ്ചായത്തിൽ നിക്ഷിപ്തമാക്കണം. അല്ലെങ്കിൽ ഇത് കണ്ടില്ലെന്ന് നടിക്കുന്ന അവസ്ഥ വന്നുകഴിഞ്ഞാൽ കയ്യേറ്റം വ്യാപകമാകും. പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ പോലും കയ്യേറുന്ന സ്ഥിതി അനുവദിക്കാൻ പാടില്ല. അത് നിയമത്തിൽതന്നെ ഒരു വ്യവസ്ഥ വേണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് കൊണ്ടുവന്നത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചുത്തന്നെ കയ്യേറ്റം ചെയ്തവരെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ താഴോട്ട് വരുമ്പോൾ വരുന്നുണ്ട്. 3(എ)-ൽ വരുമ്പോൾ ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശംവയ്ക്കുകയും അങ്ങനെ കൈവശംവച്ചത് സംബന്ധിച്ച് ഒന്നാം ഉപവകുപ്പ് പ്രകാരം പിഴ കൊടുക്കാൻ ബാധ്യസ്ഥനായിരിക്കുകയും ചെയ്യുന്ന ഏതൊരു ആളിനെയും സെക്രട്ടറിക്ക് കയ്യോടെ ഒഴിപ്പിക്കാവുന്നതും.......... എന്നൊക്കെ പറഞ്ഞ് മുഴുവനായി പറയുന്നുണ്ട്. അത് 3 (എ)-ആയി വരുന്നതുകൊണ്ട്. അതിൽ എല്ലാ അടങ്ങിയിരിക്കുന്നുണ്ട്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 191–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീമതി. കെ. എസ്. സലീഖ അവതരിപ്പിച്ച 192, 198, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 193, 202, 207 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 194, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 195–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 201–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

.ശ്രീ. എം. ഹംസ അവതരിപ്പിച്ച 196, 197, 203 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 205–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 206–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7–ാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതിയില്ല.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1–ാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖയുടെ 107–ാം നമ്പർ ഭേദഗതി മൂലനിയമത്തിന്റെ പേരുമായി യോജിച്ചുപോകാത്തതായതിനാൽ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല. എങ്കിലും വെണമെങ്കിൽ ശ്രീമതി കെ. എസ്. സലീഖയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ: സംസാരിക്കുന്നില്ല.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. പീഠികയിൽ "ഇതിനു ശേഷം കാണുന്ന" എന്നീ വാക്കുകൾക്കു പകരം "ഇനി പറയുന്ന" എന്നീ വാക്കുകൾ ചേർക്കുക.

സർ, "ഇതിനുശേഷം കാണുന്ന" എന്നൊക്കെ വളച്ചുകെട്ടി പറയുന്നത് "ഇനി പറയുന്ന"എന്നാക്കി ചുരുക്കിയാൽ നല്ലതായിരിക്കും. ബഹുമാനപ്പട്ട മന്ത്രി ഇത് സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ഖണ്ഡം 1(1)–ൽ "ആക്റ്റ് എന്ന് പേര് പറയാം" എന്നീ വാക്കുകൾക്കുപകരം "നിയമം എന്ന പേരിൽ അറിയപ്പെടും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 1(1) ചുവടെ ചേർക്കുംപ്രകാരം മാറ്റുക:

" (1) ഈ നിയമത്തിന് 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം എന്ന് പേരു പറയാം. "

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ഖണ്ഡം 1(1) ചുവടെ ചേർക്കുംപ്രകാരം മാറ്റുക:

"(1) ഈ നിയമം അറിയപ്പെടുന്നത് 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം എന്നായിരിക്കും. "

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 1(2) താഴെപ്പറയുംപ്രകാരം മാറ്റുക:

"(2) ഈ ആക്റ്റ് 2012 നവംബർ 25–ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കപ്പെടേണ്ടതാണ്. "

1–ാം വകുപ്പും പീഠികയുംപേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

1–ാം വകുപ്പും പീഠികയുംപേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

മി. സ്പീക്കർ: ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ, അങ്ങേയ്ക്ക് 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഇതുസംബന്ധിച്ച് പ്രധാനപ്പെട്ട ഭേദഗതികൾ അനിവാര്യമായതുകൊണ്ടാണ് ഈ ഘട്ടത്തിൽ ബിൽ കൊണ്ടുവന്നത്. അതിന്റെ അനിവാര്യത വിശദീകരിച്ച് കഴിഞ്ഞ സാഹചര്യത്തിൽ കൂടുതലായി സംസാരിക്കുന്നില്ല. അതുകൊണ്ട് 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീ. എ. റ്റി. ജോർജ്

21. ശ്രീ. പി. സി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ

23. കുമാരി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. ആര്യാടൻ മുഹമ്മദ്

39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

40. ശ്രീ. കെ. മുരളീധരൻ

41. ശ്രീ. സി. പി. മുഹമ്മദ്

42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. ടി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. പാലോട് രവി
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. എൻ. ശക്തൻ
51. ശ്രീ. വി. ഡി സതീശൻ
52. ശ്രീ. ആർ. സെൽവരാജ്
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദ്ദീൻ
56. ശ്രീ. ഷിബു ബേബി ജോൺ
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. സണ്ണി ജോസഫ്
60. ശ്രീ. സി. എഫ്. തോമസ്
61. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. പി. വിൻസെന്റ്

65. ശ്രീ. പി. സി. വിഷ്ണുനാഥ്

66. ശ്രീ. എം. എ. വാഹിദ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. എം. എ. ബേബി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. എം. ഹംസ
14. ശ്രീ. ജെയിംസ് മാത്യു
15. ശ്രീ. കെ. കെ. ജയചന്ദ്രൻ
16. ശ്രീ. ഇ.പി. ജയരാജൻ
17. ശ്രീ. ജോസ് തെറ്റയിൽ
18. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

19. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. കോവൂർ കുഞ്ഞുമോൻ
22. ശ്രീമതി കെ. കെ. ലതിക
23. ശ്രീ. മാത്യു റ്റി. തോമസ്
24. ശ്രീ. മുല്ലക്കര രത്നാകരൻ
25. ശ്രീ. സി. കെ. നാണു
26. ശ്രീ. എ. പ്രദീപ്കുമാർ
27. ശ്രീ. പുരുഷൻ കടലുണ്ടി
28. ശ്രീ. കെ. രാധാകൃഷ്ണൻ
29. ശ്രീ. പി. റ്റി. എ. റഹീം
30. ശ്രീ. ആർ. രാജേഷ്
31. ശ്രീ. റ്റി. വി. രാജേഷ്
32. ശ്രീ. രാജു എബ്രഹാം
33. ശ്രീ. സി. കെ. സദാശിവൻ
34. ശ്രീമതി കെ. എസ്. സലീഖ
35. ശ്രീ. ബി. സത്യൻ
36. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
37. ശ്രീ. വി. എസ്. സുനിൽ കുമാർ
38. ശ്രീ. കെ. സുരേഷ് കുറുപ്പ്
39. ഡോ. ടി. എം. തോമസ് ഐസക്
40. ശ്രീ. പി. തിലോത്തമൻ

41. ശ്രീ. ഇ. കെ. വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ– 66

പ്രതികൂലിക്കുന്നവർ– 41

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി പാസ്സാക്കിയതനുസരിച്ച് നാളത്തെ ലിസ്റ്റ് അതുപോലെത്തന്നെയാണ്. കേരള സിവിൽ കോടതി (ഭേദഗതി) ബിൽ നാലാമതായിട്ടാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. അത് ഒന്നാമതായി എടുക്കണമെന്ന് മുഖ്യമന്ത്രി ഒരു റിക്വസ്റ്റ് വച്ചിട്ടുണ്ട്. ഇപ്പോൾ സമയം 10.52 ആയി. വളരെ ഗൗരവമായി നിയമനിർമ്മാണ കാര്യങ്ങളിൽ സഭാംഗങ്ങൾ പങ്കെടുത്തതിൽ ഒരിക്കൽ കൂടി ചെയറിന്റെ സന്തോഷവും അഭിനന്ദനവും രേഖപ്പെടുത്തുന്നു.

ഓർഡർ.......ഓർഡർ........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 08.30– ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(2013 ഏപ്രിൽ മാസം 10–ാം തീയതി ബുധനാഴ്ച രാവിലെ 08.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 10.53–ന് പിരിഞ്ഞു.)

------------